# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ജൂലൈ 30, വെള്ളി

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

93/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യം പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം ഗ്രാമവികസനം എക്സൈസ്, വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ- ഭവനനിർമ്മാണം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസം തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 73

**II ശ്രദ്ധ ക്ഷണിക്കൽ**

പുനരുദ്ധാരണ പാക്കേജ്

—ശ്രീമതി കെ. കെ. ശൈലജ ടീച്ചർ .. 390

**III സബ്മിഷൻ**

(1) സ്പെഷ്യൽ ഫീസ് ഒഴിവാക്കുന്നതിന് നടപടി

—ഡോ. കെ. ടി. ജലീൽ .. 393

(2) ചുരം റോഡ് വികസനം

—ശ്രീ. ഇ. കെ. വിജയൻ .. 395

(3) കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

—ശ്രീ. ഐ. ബി. സതീഷ് .. 396

**IV ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ചെറുകിട വ്യാപാരി-വ്യവസായികൾക്കുണ്ടായ
സാമ്പത്തിക പ്രതിസന്ധി

—ധനകാര്യ വകുപ്പുമന്ത്രി
(ശ്രീ. കെ. എൻ. ബാലഗോപാൽ) .. 398

**V അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
സമിതിയുടെ രണ്ടാമത് റിപ്പോർട്ട് .. 402

(2) സാമാന്യമായി പൊതുതാത്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(i) പുതിയ വിദ്യാഭ്യാസ നയ രൂപീകരണം

—ശ്രീ. എം. വിജിൻ .. 402

(ii) സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ കടന്നുകയറ്റം

—ശ്രീമതി കെ. കെ. ശൈലജ ടീച്ചർ .. 421

**അനുബന്ധം** .. 435

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ജൂലൈ 30, വെള്ളി*


വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7


നിയമസഭ 2021 ജൂലൈ മാസം 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ *181. ശ്രീ. ഐ. സി. ബാലകൃഷ്ണൻ...

(ശ്രീ. ഐ. സി. ബാലകൃഷ്ണൻ സീറ്റിലുണ്ടായിരുന്നില്ല.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, (...ബഹളം...)

മി. സ്പീക്കർ: ഇത് ചോദ്യോത്തരവേളയാണ്. ചോദ്യോത്തരവേളയിൽ മറ്റൊന്നും അനുവദിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അക്കാര്യം നന്നായിട്ടറിയാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ചോദ്യോത്തരവേളയ്ക്ക് മുമ്പ് സംസാരിക്കുന്ന കീഴ്വഴക്കമുണ്ട്. ഇതിനുമുമ്പും അങ്ങനെ അനുവദിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ദയവായി ചോദ്യോത്തരവേളയോട് സഹകരിക്കണം. ... (ബഹളം)... ശ്രീ. പി. ടി. തോമസ്, അങ്ങയുടെ ചോദ്യമാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള അവസരം നൽകിയതിനുശേഷമേ ഞാൻ സംസാരിക്കുന്നുള്ളൂ. പ്രതിപക്ഷനേതാവിന് അവസരം കൊടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ ചോദ്യം ചോദിക്കുന്നില്ല. പ്രതിപക്ഷനേതാവിന് അവസരം കൊടുക്കാമെങ്കിൽ ചോദ്യം ചോദിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എല്ലാ സമയങ്ങളിലും അവസരം കൊടുത്തിട്ടുള്ളതാണ്. അദ്ദേഹം ദീർഘകാലമായി നിയമസഭയിലുള്ള ആളാണ്. ചോദ്യോത്തരവേളയിൽ സാധാരണ മറ്റ് പ്രശ്നങ്ങൾ ഉന്നയിക്കാറില്ല. അതിനുശേഷം ശൂന്യവേളയുണ്ട്; ചോദ്യോത്തരവേളയോട് ദയവായി സഹകരിക്കണം. ശ്രീ. പി. ടി. തോമസ്, അങ്ങ് ചോദ്യം ഉന്നയിക്കുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാൻ ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് .....

(ശ്രീ. ടി. സിദ്ദിഖ് സീറ്റിലുണ്ടായിരുന്നില്ല.)

മി. സ്പീക്കർ: ശ്രീ. റോജി. എം. ജോൺ, അങ്ങേയ്ക്ക് ചോദ്യം ചോദിക്കാവുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഇതിനുമുമ്പ് കഴിഞ്ഞ നിയമസഭയിലൂൾപ്പെടെ നിരവധി തവണ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ചോദ്യോത്തരവേളയിൽ സംസാരിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് വളരെ ഗൗരവതരമായൊരു വിഷയം സഭയിൽ ഉന്നയിക്കാനുണ്ട്. അതിനുള്ള അവകാശം പ്രതിപക്ഷത്തിനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള അവസരം നൽകണം.

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ സുപ്രധാനമായൊരു സുപ്രീംകോടതിവിധിയുടെ പശ്ചാത്തലത്തിലാണ് ഈ സഭ സമ്മേളിക്കുന്നത്. വിചാരണയ്ക്ക് വിധേയനാകണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഞങ്ങൾ ഇന്നലെ റൂൾ 50 അവതരിപ്പിച്ചു. അതിന് നിഷേധാത്മകമായ മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. ഈ രാജ്യത്തെ പരമോന്നത നീതിപീഠമായ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി Law of the Land ആണ്, ഈ രാജ്യത്തെ നിയമമാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി

വിധിക്കെതിരായുള്ള പരാമർശമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നടത്തിയത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കെതിരായ പരാമർശം നടത്താൻ ഇന്ത്യയിലെ ഒരു പൗരനും അനുവാദമില്ല. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി രാജിവയ്ക്കണമെന്നുള്ള നിലപാടിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ ഇന്നലെ തന്നെ സമീപനം വ്യക്തമാക്കിയതാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഈ കേസ് പോലീസിനെ ഏൽപ്പിക്കാൻ പാടില്ലായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഇതുസംബന്ധിച്ച് നിയമസഭയിൽവച്ചുതന്നെ തീരുമാനിക്കേണ്ടതായിരുന്നു. ഈ കേസിൽ പ്രതികളായി കണക്കാക്കുന്ന ശ്രീ. ഇ. പി. ജയരാജനും ഡോ. കെ. ടി. ജലീലും കഴിഞ്ഞ നിയമസഭയിൽ മന്ത്രിമാരായിരുന്നു. ശ്രീ. ഇ. പി. ജയരാജൻ ഇത്തവണ നിയമസഭാംഗമല്ല, ഡോ. കെ. ടി. ജലീൽ മന്ത്രിയല്ല. ഇപ്പോഴത്തെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഈ കേസിൽ പ്രതിയാണ്. ഈ കേസ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ അപേക്ഷയിന്മേലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നത്. വിചാരണ അതിന്റെ വഴിക്ക് നടക്കുകയാണ്. കേസിൽ പ്രതിയായി എന്നതുകൊണ്ടുമാത്രം ഒരാൾ മന്ത്രിയാകാൻ പാടില്ലെന്ന നിലപാട് യു.ഡി.എഫ്.-നുണ്ടെന്നുള്ളത് അങ്ങേയറ്റം ആശ്ചര്യകരമായ കാര്യമാണ്. അത്തരമൊരു നിലപാട് പൊതുവിൽ നമ്മുടെ നാട് അംഗീകരിച്ചിട്ടില്ല. ഇത് തെറ്റായ കീഴ്‌വഴക്കം സൃഷ്ടിച്ചതുകൊണ്ടുണ്ടായ ഒരു കേസാണെന്നതുകൊണ്ടുതന്നെ അതുസംബന്ധിച്ച് ഇന്നലെ വ്യക്തമാക്കിയതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി നമ്മുടെ രാജ്യത്തെ പരമോന്നത കോടതിയാണ്. ആ കോടതിയുടെ വിധി അന്തിമമാണ്. അതനുസരിക്കാൻ നാമെല്ലാം ബാദ്ധ്യസ്ഥരാണെന്നും ഞാൻ തുടക്കത്തിൽത്തന്നെ പറഞ്ഞതാണ്. അതിനെ വക്രീകരിച്ച്, സുപ്രീംകോടതി വിധിയെ ഗവൺമെന്റ് ചോദ്യം ചെയ്യുകയാണെന്ന മട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ ഇവിടെ പറയുകയുണ്ടായി. ഈ നിയമസഭയിലുണ്ടായ ഒരു പ്രശ്നം ഇവിടെവച്ചുതന്നെ തീർപ്പാക്കാൻ തയ്യാറാകാതെ പോലീസിനെ ഏൽപ്പിച്ച യു.ഡി.എഫ്. സർക്കാരിന്റെ നിലപാടുകളും നടപടികളും തെറ്റാണെന്നാണ് ഞാൻ പറഞ്ഞത്. ആ നിലപാടിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. അത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ ചോദ്യംചെയ്യലല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി അന്തിമമാണെന്നും അതനുസരിക്കാൻ നാമെല്ലാം ബാദ്ധ്യസ്ഥരാണെന്നും ഇന്നലെ എന്റെ സംസാരത്തിന്റെ ആമുഖത്തിലും അവസാനത്തിലും ഞാൻ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. കേസ് നിയമപരമായി നേരിടാനുള്ള നടപടികൾ സ്വീകരിക്കും. അതുകൊണ്ട് രാജിവയ്ക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്നലെ പ്രസംഗത്തിന്റെ ആമുഖത്തിലും അവസാനത്തിലും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ അനുസരിക്കുമെന്ന് അദ്ദേഹം പറഞ്ഞുവെങ്കിലും അതിനിടയിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും സുപ്രീംകോടതി വിധിക്കെതിരായിട്ടാണ്.

മി. സ്പീക്കർ: ഇക്കാര്യങ്ങളെല്ലാം നമ്മൾ ഇന്നലെ വിശദമായി സംസാരിച്ചതാണ്. ഇന്നലെ ചർച്ച ചെയ്ത കാര്യങ്ങളിലേയ്ക്ക് പോകേണ്ടതില്ല. അത് വീണ്ടും ആവർത്തിക്കുന്നതിൽ അർത്ഥമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വസ്തുതാപരമായ ചില തെറ്റുകൾ പറഞ്ഞു. അക്കാര്യം ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം പറഞ്ഞത് കേരള നിയമസഭയിലോ അല്ലെങ്കിൽ ഇന്ത്യയിലെ ഏതെങ്കിലും നിയമസഭയിലോ ഇതുപോലെയുള്ള കേസ്സുകളുണ്ടായപ്പോൾ അത് നിയമസഭയ്ക്കകത്ത് മാത്രമാണ് തീർത്തിട്ടുള്ളത്, പുറത്തേയ്ക്ക് കേസ് കൊടുത്ത ചരിത്രമില്ലെന്നാണ്. 1970-ൽ ഈ സഭയിൽ സ്പീക്കറായിരുന്ന ദാമോദരൻ പോറ്റി ആക്രമിക്കപ്പെട്ട കേസിൽ ഒരു സി.ഐ.യെ ഈ സഭയിൽവച്ച് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. അതുസംബന്ധിച്ച് കേസുകൊടുക്കാൻവേണ്ടി അന്നത്തെ സ്പീക്കർ അനുമതി കൊടുക്കുകയും ആ കേസ് കോടതിയിൽ നടക്കുകയും ചെയ്തിട്ടുണ്ട്.

അങ്ങ് മറ്റ് സംസ്ഥാനങ്ങളിലെ കാര്യങ്ങൾ പറഞ്ഞു. മഹാരാഷ്ട്ര നിയമസഭയിൽ സ്പീക്കറുടെ മൈക്ക് തട്ടിയെറിഞ്ഞ അംഗത്തെ എക്സ്പെൽ ചെയ്തതുകൂടാതെ കോടതി അദ്ദേഹത്തെ ഐ.പി.സി. പ്രകാരം ആറ് മാസത്തെ തടവിന് ശിക്ഷിക്കുകയും ചെയ്തു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ന്യായങ്ങൾ ഒന്നും നിലനിൽക്കുന്നവയല്ല. (...ബഹളം...) വിചാരണ നേരിടണമെന്ന് കോടതി നിർദ്ദേശിച്ച ആൾ കേസിൽ കുറ്റക്കാരനായി ശിക്ഷിക്കപ്പെട്ടിട്ടില്ല എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങേയ്ക്ക് അവസരം നൽകണമെന്ന് പറഞ്ഞു. അവസരം നൽകി.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമസഭയിൽ എന്തിനാണ് സമരവും ബഹളവുമുണ്ടായത്? അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണിക്കെതിരെ ഒരു കേസിൽ എഫ്.ഐ.ആർ. എടുത്തു എന്നതിന്റെ പേരിലാണ് ഇവിടെ ബഹളമുണ്ടായത്. എഫ്.ഐ.ആർ. എടുത്തതിന്റെ പേരിൽ മന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ സഭയിൽ അതിക്രമം കാണിച്ച ഒരു പാർട്ടിയുടെ മുഖ്യമന്ത്രി ഇപ്പോൾ പറയുന്ന ശ്രീ. വി. ശിവൻകുട്ടി കുറ്റക്കാരനല്ല

എന്ന്. ശ്രീ. വി. ശിവൻകുട്ടിക്കെതിരായ കുറ്റപത്രം റദ്ദാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സർക്കാർ കോടതിയിൽ പോയെങ്കിലും വിചാരണ കോടതിയും ഹൈക്കോടതിയും സുപ്രീംകോടതിയും അത് തള്ളുകയുണ്ടായി. വിചാരണയ്ക്ക് വിധേയനായി പ്രതിക്കൂട്ടിൽ കയ്യുംകെട്ടി നിൽക്കേണ്ട കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സംരക്ഷിക്കാനുള്ള നിലപാടിനെതിരെ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. അദ്ദേഹം രാജിവയ്ക്കണമെന്നുള്ള നിലപാടിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്.

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. ചോദ്യകർത്താക്കൾ 181-ാം നമ്പർ ചോദ്യം ചോദിക്കാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

<u>മി. സ്പീക്കർ</u>: നക്ഷത്രചിഹ്നമിട്ട 182-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 197-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് ഉത്തരം പറയാവുന്നതാണ്.

**പട്ടികഗോത്ര-പട്ടികജാതി വിഭാഗങ്ങൾക്ക് ആധുനിക വിദ്യാഭ്യാസം**

1 (*182) <u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>:
<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികഗോത്രങ്ങളിലും പട്ടികജാതികളിലും പെട്ടവരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിനുള്ള മുന്നുപാധിയായ മികച്ച ആധുനിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷാ പരിശീലനത്തിനായി ഇവർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനും പഠന നിലവാരം ഉയർത്താനും പ്രത്യേകം പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) സംസ്ഥാനത്ത് പട്ടികഗോത്ര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിനുള്ള മുന്നുപാധിയായി ആധുനിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി Model Residential School-കൾ സ്ഥാപിച്ചിട്ടുണ്ട്. (...ബഹളം...)

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. ചോദ്യോത്തരവേളയിൽ ദയവായി സഹകരിക്കണം. പ്രതിപക്ഷനേതാവിന് അവസരം കൊടുത്തു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങൾ ഒഴിവാക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് ഉന്നത പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും നൽകുന്നു. ഇതോടൊപ്പംതന്നെ നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പിലാക്കി തൊഴിൽ ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്നും താഴെപ്പറയുന്ന പദ്ധതികൾ ഇവർക്കായി നടപ്പിലാക്കുന്നു.

1. പ്ലസ് ടു പഠനത്തിനോടൊപ്പമുള്ള 2 വർഷത്തെ എൻട്രൻസ് കോച്ചിംഗ്.

2. പ്ലസ് ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ്.

പട്ടികവർഗ്ഗ വികസന വകുപ്പ് പ്ലസ് ടു സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ പ്ലസ് ടു കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടുനിൽക്കുന്ന ഒരു റിപ്പീറ്റിംഗ് കോഴ്സ് എന്നിവ നടത്തുന്നു.

(സി) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനുമായി എഞ്ചിനീയറിംഗ് കോഴ്സിന് പരാജയപ്പെടുന്ന വിദ്യാർത്ഥികൾക്കും പഠനം പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ അനുബന്ധ സ്ഥാപനമായ മോഡൽ ഫിനിഷിംഗ് സ്കൂളും ചേർന്ന് "സമുന്നതി" (Remedial coaching) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ പഠന നിലവാരം ഉയർത്തുന്നതിന് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും നൽകിവരുന്നു. ...(ബഹളം)...

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

2 (*197) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്നവരുടെ എണ്ണം ആപേക്ഷികമായി കൂടുതലാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണങ്ങൾ ദാരിദ്ര്യവും മറ്റ് സാമൂഹിക ചുറ്റുപാടുകളുമായതിനാൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുകൊണ്ടുള്ള പഠനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോസ്റ്റലുകളുടെ സ്ഥിതിയും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ പുതിയവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, (എ) പരിശോധിച്ചിട്ടുണ്ട്. പഠനം നിർത്തിപ്പോകുന്നവരുടെ എണ്ണം ആപേക്ഷികമായി കൂടുതലല്ല.

(ബി) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പ് എല്ലാ വർഷവും സർവ്വെ നടത്തി സ്കൂളുകളിൽ ചേരാത്തതോ കൊഴിഞ്ഞുപോയതോ ആയ കുട്ടികളെ കണ്ടെത്തി സ്പെഷ്യൽ ട്രെയിനിംഗ് സെന്റർ മുഖേന ബ്രിഡ്ജ് കോഴ്സ് നടത്തി വയസ്സിനനുസൃതമായ ക്ലാസുകളിൽ ചേർക്കുന്നു. ബ്രിഡ്ജ് കോഴ്സ് നടത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെ ഈ സ്റ്റുഡന്റ് സ്റ്റഡി സെന്ററുകളുമായി ബന്ധപ്പെട്ട് 121 എഡ്യുക്കേഷണൽ വോളന്റിയേഴ്സ് പ്രവർത്തിക്കുന്നു.

<u>പട്ടികജാതി വികസന വകുപ്പ്</u>

1. ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

2. മോഡൽ റസിഡൻഷ്യൽ സ്കൂൾ

3. പ്രീ-മെട്രിക് സ്കോളർഷിപ്പ്

4. സബ്സിഡൈസ്ഡ് ഹോസ്റ്റൽ

5. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്

6. അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ്മെന്റ്

7. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

8. പ്രൈവറ്റ് അക്കോമഡേഷൻ

9. പ്രത്യേക പ്രോത്സാഹന സമ്മാനം

10. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ

11. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

12. പ്ലസ് ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ്

13. പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്

14. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

15. സ്റ്റെതസ്കോപ്പ് വിതരണം

16. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

17.ബിരുദ/ബിരുദാനന്തര ബിരുദകലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന, പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1. സാമൂഹ്യ പഠനമുറി

2. ഗോത്രബന്ധു

3. ഗോത്രസാരഥി

4. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം

5. സ്കോളർഷിപ്പ്/ഗ്രാന്റ്

6. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്

7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

(സി) പട്ടികജാതി പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ താമസ, ഭക്ഷണ സൗകര്യം നൽകിവരുന്നു. ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മാനസികശേഷി വർദ്ധനവ്, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ വിവിധ വിഷയങ്ങൾക്കായി പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുകൊണ്ടുള്ള പഠനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോസ്റ്റലുകളുടെ സ്ഥിതിയും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി വകുപ്പിന് കീഴിൽ പ്രീമെട്രിക് ഹോസ്റ്റൽ/എം.ആർ.എസ്/മൾട്ടി പർപ്പസ് ഹോസ്റ്റൽ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയും പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ ഘട്ടങ്ങളിൽ കെട്ടിടങ്ങൾ വാടകയ്ക്കെടുത്തും ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നുണ്ട്. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസ്-കൾ എന്നിവിടങ്ങളിലെ മെനു കാലാകാലങ്ങളിൽ ശാസ്ത്രീയമായി പരിഷ്കരിക്കുകയും ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസ ഭക്ഷണച്ചെലവ് ഹൈസ്കൂൾ തലംവരെ 3,000 രൂപ, ഹൈസ്കൂളിന് മുകളിൽ 3,450 രൂപ എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പ്രതിമാസ ഭക്ഷണച്ചെലവിന് തുല്യമായ തുക കുട്ടികളുടെ രക്ഷിതാക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നുണ്ട്. ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസികോല്ലാസത്തിനായി ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി 74 പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനവും സി.സി.ടി.വി.യും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ചവ്യാധികൾ

വ്യാപിക്കുന്നത് തടയുന്നതിനായി 114 ഹോസ്റ്റലുകളിൽ ബയോഹസാർഡ് സ്പിൽകിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിന് ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാചകം ചെയ്യുന്നതിന്റെ സമയം കുറയ്ക്കുന്നതിനുമായി ആദ്യഘട്ടത്തിൽ 30 ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. (...ബഹളം...)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഹകരിക്കണം. നമ്മുടെ സമൂഹത്തിലെ അധഃസ്ഥിത ജനവിഭാഗത്തെ സംബന്ധിച്ച പ്രധാനപ്പെട്ട ചോദ്യമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അനുമതി വേണമെന്നാണ് ആദ്യം ആവശ്യപ്പെട്ടത്. അത് അനുവദിച്ചശേഷവും സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് നിർഭാഗ്യകരമാണ്. സാധാരണയായി ചോദ്യോത്തരവേള തടസ്സപ്പെടുത്താറില്ല, ഇതുവരെ പാലിച്ചുവരുന്ന കീഴ്‌വഴക്കമാണത്. ഇതുസംബന്ധിച്ച് സർക്കാരിൽനിന്നുമുള്ള ഉത്തരങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനും ആവശ്യമല്ലേ? ദയവായി സഹകരിക്കണം. ......(ബഹളം).......

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടൊരു വിഭാഗത്തിന്റെ ജീവൽ പ്രധാനമായിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള അവസരമാണ് പ്രതിപക്ഷം ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നത്. അവർ അഭിമുഖീകരിക്കുന്ന ചിന്താ ദാരിദ്ര്യവും ആശയ ദാരിദ്ര്യവും കാരണമാണ് ഒരേ മുദ്രാവാക്യംതന്നെ വിളിച്ച് എല്ലാ ദിവസവും ഈ പ്രകടനം കാഴ്ചവച്ചു കൊണ്ടിരിക്കുന്നത്. പട്ടികഗോത്ര-പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക, സാമ്പത്തിക പുരോഗതിക്ക് പ്രധാന തടസ്സം വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവർക്ക് ഗുണമേന്മയുള്ളതും ആധുനികവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന വ്യക്തമായ നയസമീപനമാണ് ഈ മേഖലയിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന സമഗ്രമായ ഓരോ ഇടപെടലുകളും. പ്രീ-പ്രൈമറി മുതൽ ബിരുദാനന്തര ബിരുദംവരെയുള്ള ഘട്ടം, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗം, സിവിൽ സർവ്വീസ് കോച്ചിംഗ് ഉൾപ്പെടെയുള്ള മേഖലകളിൽ ശ്രദ്ധേയവും അഭിനന്ദനാർഹവുമായ ഇടപെടലുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ നേരിടുന്ന മുഖ്യപ്രതിസന്ധി നെറ്റ് കണക്ഷന്റെ അഭാവമാണ്. അതതു സ്ഥലങ്ങളിൽ നെറ്റ് ലഭ്യമാക്കുന്ന ടവറിന്റെ ബൂസ്റ്റർ വർദ്ധിപ്പിക്കുകയോ കോളനികളിലുള്ള കമ്മ്യൂണിറ്റി ഹാളിൽ സൗജന്യ Wi-Fi ഏർപ്പെടുത്തുകയോ ചെയ്യേണ്ടതുണ്ട്.

മി. സ്പീക്കർ: രണ്ട് ചോദ്യമുണ്ട്. ബാക്കി അടുത്തതിൽ ചോദിക്കാം.

ശ്രീ. എം. രാജഗോപാലൻ: സർ, ടാബുകൾക്ക് നെറ്റ് കണക്ഷൻ കൊടുക്കുന്നതിനും ചാർജ്ജിംഗ് പ്രശ്നം പരിഹരിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യപുരോഗതിക്കു വേണ്ടി ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം കൊടുക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിന്റെ ഭാഗമായിട്ടാണ് പ്രീ-പ്രൈമറിതലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്കടക്കം എല്ലാതരത്തിലുമുള്ള വിദ്യാഭ്യാസ പ്രോത്സാഹന നടപടികളും സ്വീകരിച്ചുവരുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. കേരളത്തിലെ 34-ഓളം വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഇപ്രാവശ്യത്തെ എസ്.എസ്.എൽ.സി/പ്ലസ് ടു റിസൾട്ടുകളിൽ 100% വിജയം കരസ്ഥമാക്കാൻ കഴിഞ്ഞുവെന്നത് ആഹ്ലാദകരമായ കാര്യമാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും അനുബന്ധ സ്കൂളുകളിലേയും സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻവേണ്ടിയുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ പ്രയാസം കോവിഡ് മഹാമാരി കാരണം വിദ്യാർത്ഥികൾക്ക് സ്കൂളിൽപ്പോയി പഠിക്കാനുള്ള സൗകര്യമില്ലെന്നതാണ്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് സമൂഹത്തിലെ എസ്.സി./എസ്.ടി. വിഭാഗങ്ങളെയാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക്/ പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ അതിനുള്ള സൗകര്യം കുറവാണ്. നേരിട്ട് പഠിക്കാനുള്ള സൗകര്യമില്ലാത്തതിനാൽ അവർക്ക് പഠനം നടത്താനുള്ള ഒട്ടേറെ സംവിധാനങ്ങൾ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഡിജിറ്റൽ വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ഷനില്ലാത്ത എല്ലാ പ്രദേശങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള വിവിധ പരിപാടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിലെ എല്ലാ ട്രൈബൽ വിദ്യാർത്ഥികൾക്കും ഈ മാസം തന്നെ ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുകയാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കേരളത്തിലെ സർവ്വകലാശാലകൾക്ക് കീഴിലെ കോളേജുകളിലെ വിവിധ കോഴ്സുകൾ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് വിവരങ്ങൾ നൽകുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്ത സീറ്റുകളിൽ യോഗ്യരും താല്പര്യമുള്ളവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ എത്തിക്കുന്നതിനും അവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി യൂണിവേഴ്സിറ്റികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഒരു ലെയ്സൺ ഓഫീസറെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഉന്നതവിദ്യാഭ്യാസത്തിലേയ്ക്ക് കുട്ടികൾക്ക് കടന്നുവരാനുള്ള എല്ലാ സൗകര്യങ്ങളും അടിസ്ഥാനപരമായി ചെയ്തു കൊണ്ടിരിക്കുന്നു. കുട്ടികൾക്ക് യൂണിവേഴ്സിറ്റികളിലും പ്രൊഫഷണൽ കോഴ്സുകൾക്കും പോകുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. കേരളത്തിലെ കോഴ്സുകൾക്കുപുറമെ ഇതര സംസ്ഥാനങ്ങളിലും വിദേശത്തും എസ്.സി./ എസ്.ടി. കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. യൂണിവേഴ്സിറ്റിയിൽ പ്രത്യേകം ലെയ്സൺ ഓഫീസർ വേണമെന്നുള്ള കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. അക്കാര്യം പിന്നീട് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും ഇന്റർനെറ്റ് റീചാർജ്ജ് തുകയും നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെറ്റ്വർക്ക് ദാതാക്കളുടെ യോഗം വിളിച്ചുകൊണ്ട് നെറ്റ്വർക്ക് എല്ലാവർക്കും എത്തിക്കുന്നതിനുള്ള ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി നെറ്റ്വർക്കില്ലാത്ത സ്ഥലങ്ങളിൽ റെക്കോർഡ് ചെയ്ത വീഡിയോ സ്കൂൾ അദ്ധ്യാപകർ മുഖേന എത്തിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ കേരളത്തിലെ 1034 കോളനികളിലാണ് ഇന്റർനെറ്റ് കണക്ടിവിറ്റി പൂർണ്ണമായും ഇല്ലാത്തത്. ആ പ്രദേശങ്ങളിലെല്ലാം ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റ് കണക്ഷനില്ലാത്ത പ്രദേശങ്ങളിലെ കുട്ടികൾക്ക് പഠിക്കാനായി മറ്റ് പഠന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരോ കുട്ടിയെയും പഠിപ്പിക്കാനും അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കാനുമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പാവപ്പെട്ട കുട്ടികൾക്ക് ഡിജിറ്റൽ പഠനം നിഷേധിക്കപ്പെടുന്ന അവസ്ഥ ഒരു കാരണവശാലും കേരളത്തിലുണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ കഴിയും.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിലെ പട്ടികവർഗ്ഗ മേഖലകളിലുള്ള വിദ്യാർത്ഥികളുടെ പഠനം വലിയ വെല്ലുവിളി നേരിടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കി. ഡിജിറ്റൽ പഠനത്തിന് സ്വന്തമായി ഡിവൈസ് ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സംസ്ഥാനത്ത് എത്രപേരാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് ഡിജിറ്റൽ വിദ്യാഭ്യാസവും ഡിജിറ്റൽ ഡിവൈസുകളും ലഭിക്കുന്നതിനുവേണ്ടിയുള്ള എന്ത് മാർഗ്ഗമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിലെ മുഴുവൻ എസ്.ടി. വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതിനായി ലോക്കൽ ബോഡികൾക്ക് സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുത്ത സംഖ്യയും ഓൺ ഫണ്ടും ഉപയോഗിച്ച് കുട്ടികൾക്ക് ലാപ് ടോപ്പ്/ടാബ്/മൊബൈൽ വാങ്ങിക്കൊടുക്കാനുള്ള ഉത്തരവ് കഴിഞ്ഞ മാസം 23-ാം തീയതി ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പിൽനിന്നും ഇറക്കിയിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ഉന്നത പഠനത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം സർക്കാർ പദ്ധതി പ്രകാരം സാമ്പത്തിക സഹായമായി എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ; ഏതെല്ലാം ഇനം ചെലവുകൾക്കാണ് പ്രസ്തുത തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിവിധ വിദേശ യൂണിവേഴ്സിറ്റികളിലെ അംഗീകൃത കോഴ്സുകളുടെ പഠനത്തിന് സംസ്ഥാന ഗവൺമെന്റ് എല്ലാ സഹായവും നൽകുന്നുണ്ട്. വിദേശ പഠനത്തിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന കാര്യത്തിന് പ്രത്യേക ചോദ്യത്തിലൂടെ മാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ടായിരത്തോളം കുടുംബങ്ങളുണ്ട്. ഈ കുടുംബങ്ങളിലുള്ള വിദ്യാർത്ഥികൾ നെടുമങ്ങാട്, കോട്ടൂർ, പാലോട് എന്നിവിടങ്ങളിലുള്ള ഹോസ്റ്റലുകളിൽ താമസിച്ചാണ് പഠനം നടത്തിവരുന്നത്. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് അവർക്ക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കാനാകുന്നില്ല. പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളിലുള്ള കുട്ടികൾക്ക് അവരുടെ നാട്ടിൽത്തന്നെ അമ്പൂരി കേന്ദ്രമാക്കി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ പണിതുകൊടുത്താൽ അവർക്ക് വിദ്യാഭ്യാസം തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകാനാകും. അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഏകദേശം 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുമുണ്ട്. ഇത്തരം ഹോസ്റ്റലുകളുടെ പ്രവർത്തനം പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ട്രൈബൽ കുട്ടികൾ താമസിച്ചുപഠിക്കുന്ന ഹോസ്റ്റലുകളിൽ അവർക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തിരുന്നു. എവിടെയാണ് ഇനിയും വേണ്ടതെന്നുള്ളത് സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ സ്ഥലങ്ങളിൽ പ്രീ-മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കാവുന്നതാണ്. ആ സന്ദർഭത്തിൽ അന്നൂരിയിലും പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഉപരിപഠനത്തിന് വിദേശത്തും സ്വദേശത്തുമുള്ള മികച്ച സ്വകാര്യ സ്ഥാപനങ്ങളിൽ മെരിറ്റിൽ പ്രവേശനം ലഭിക്കുന്ന എസ്.സി. വിദ്യാർത്ഥികൾ ഫീസ് നൽകാൻ പണമില്ലാത്തതുകാരണം ബുദ്ധിമുട്ടുന്ന സ്ഥിതിയുണ്ട്. സ്വത്തുവകകളുടെ പ്രമാണം ദേശസാൽകൃത ബാങ്കുകളിൽ ഈടായി സമർപ്പിച്ചാൽ അതിന് മതിപ്പുവില കാണാതെ ഇത്തരം വിദ്യാർത്ഥികളെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. ഇത് പരിഹരിക്കാൻ എസ്.സി. വികസന കോർപ്പറേഷൻ തയ്യാറാകുമോ? എന്റെ മണ്ഡലത്തിലെ എടപ്പാളിലെ ഒരു എസ്.സി. വിദ്യാർത്ഥിയുടെ കേസ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന് ഉടൻ പരിഹാരം ഉണ്ടാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, എസ്.സി./എസ്.ടി. കുട്ടികൾക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സൗകര്യമൊരുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. മെറിറ്റ് ലിസ്റ്റിൽ നിയമനം ലഭിക്കുന്ന കുട്ടികൾക്കാണ് ഇപ്പോൾ വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നത്. ഇതര സംസ്ഥാനങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും നൽകുന്നുണ്ട്. എന്നാൽ വിദേശത്ത് ഗവൺമെന്റ് തലത്തിൽ നടത്തുന്ന യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമാണ് ഇപ്പോൾ പഠനസഹായം നൽകുന്നത്. എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗത്തിലുള്ള കുട്ടികൾക്ക് പഠനത്തിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്ന് തന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അതിനായി സംസ്ഥാന ഗവൺമെന്റ് കൂടുതൽ ഫണ്ട് അനുവദിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ ഫണ്ട് ആവശ്യപ്പെട്ടിട്ടുമുണ്ട്. പണമില്ലാത്തതിനാൽ പഠിക്കാൻ കഴിയാത്ത അവസ്ഥ കേരളത്തിൽ ഉണ്ടാകുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ കുട്ടിക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കും.

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് ജില്ലയിലെ പത്താംക്ലാസ്സ് കഴിഞ്ഞ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവിനനുസരിച്ചുള്ള കോഴ്സുകളുടെ ലഭ്യതക്കുറവുകാരണം തുടർപഠനം സാധ്യമാകുന്നില്ല. പ്ലസ് വൺ, പ്ലസ് ടു തലങ്ങളിൽ നടക്കുന്ന കൊഴിഞ്ഞുപോക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് ഇടപെടുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. അതിന്റെയടിസ്ഥാനത്തിൽ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. .... (ബഹളം).... പാവപ്പെട്ട ആളുകളുടെ കാര്യമാണ് ചർച്ച ചെയ്യുന്നത്. ഏറ്റവും പാവപ്പെട്ട നിർദ്ധനരായ ആളുകളുടെ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ സഭയിൽ ഇങ്ങനെ ബഹളമുണ്ടാക്കരുത്....(ബഹളം).... സമാധാനപരമായി നിങ്ങൾക്ക് പ്രതിഷേധിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ ഇരുന്നുകൊണ്ട് പ്രതിഷേധിക്കുക, ബഹളമുണ്ടാക്കാതിരിക്കുക.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ രാജി ആവശ്യപ്പെടാത്തതിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെ മുഖ്യമന്ത്രി അവഹേളിച്ച് സംസാരിച്ചതിലും പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ സഭാ നടപടികൾ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷം സഭാ നടപടികൾ ബഹിഷ്കരിച്ചു.)

ശ്രീമതി ശാന്തകുമാരി കെ.: സർ, നമ്മുടെ സമൂഹത്തിലെ ഏറ്റവും പിന്നണിയിലുള്ളവരാണ് എസ്.സി./എസ്.ടി. വിഭാഗം. അവരുടെ പ്രാഥമികമായ ആവശ്യങ്ങളും അതോടൊപ്പം സെക്കൻഡ് ജനറേഷന്റെ ഇഷ്യൂസും ഏറ്റെടുത്ത് മുന്നോട്ടുപോകേണ്ട ഒരു സാഹചര്യമാണ് ഇന്നത്തെ ഗവൺമെന്റിനുള്ളത്. പി.എച്ച്.ഡി.ക്കും ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഫെലോഷിപ്പുൾപ്പെടെയുള്ള കാര്യങ്ങൾക്കും അഡ്മിഷൻ നൽകുന്നതിന് എസ്.സി./എസ്.ടി. വിഭാഗത്തിൽ പ്പെടുന്ന കുട്ടികൾക്ക് നിഷ്കർഷിച്ചിരിക്കുന്ന 36 വയസ്സെന്ന പ്രായപരിധിയിൽ റിലാക്സേഷൻ നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിരവധി കുട്ടികൾ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. റിസർച്ച് നടത്തുന്നതിനുള്ള പ്രായപരിധി ജനറൽ വിഭാഗത്തിന് 33 വയസ്സും എസ്.സി./എസ്.ടി. വിഭാഗത്തിന് 36 വയസ്സുമാണ്. അതിൽ മാറ്റം വരുത്തുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 45 വയസ്സുവരെയാണ് കോളേജുകളിലെ ലക്ചറർ പോസ്റ്റിന് അപേക്ഷ കൊടുക്കാനുള്ള പ്രായപരിധി. അതുകൊണ്ടുതന്നെ പ്രായപരിധിയിൽ ഇളവ് നൽകുന്നത് നല്ലതായിരിക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാം.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, കേരളത്തിലെ ജുഡീഷ്യറി സർവ്വീസുകളിലേയ്ക്ക് നടത്തുന്ന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള എന്തെങ്കിലും നടപടികൾ വകുപ്പ് സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ജുഡീഷ്യറി സർവ്വീസിലേയ്ക്ക് എസ്.സി./ എസ്.ടി. വിഭാഗങ്ങൾ കടന്നുവരുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ല. ഇവിടെ ധാരാളം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും ഐ.എ.എസ്. കോച്ചിംഗ് സെന്ററുകളുമുണ്ട്. ജുഡീഷ്യൽ സർവ്വീസിലേയ്ക്ക് ഈ വിഭാഗത്തെ ഉയർത്തിയെടുക്കുന്നതിന് ശക്തമായ ഇടപെടൽ വേണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന് എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, വളരെയേറെ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ ജനവിഭാഗമാണ് കാസർഗോഡ് ജില്ലയിലെ കൊറഗർ. അവരുടെ സാമ്പത്തിക സാമൂഹിക നിലവാരം വളരെ പരിതാപകരമാണ്. ഒന്നാം പിണറായി സർക്കാർ ഉദുമ മണ്ഡലത്തിൽ അവർക്കുവേണ്ടി Ashram School തുടങ്ങിയിട്ടുണ്ട്. രണ്ട് വർഷമായി വാടകക്കെട്ടിടത്തിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. 10 ഏക്കർ ഭൂമി ഇതിനകം വകുപ്പിന് കൈമാറിയിട്ടുണ്ട്. ആ സ്കൂളിന് കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുവാനുള്ള തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പട്ടികവർഗ്ഗ വിഭാഗത്തിൽത്തന്നെ വിദ്യാഭ്യാസപരമായും സാമൂഹികമായും ഏറ്റവും പിന്നിൽ നിൽക്കുന്ന കൊറഗ വിഭാഗത്തെ വിദ്യാഭ്യാസരംഗത്ത് ഉയർത്തിയെടുക്കാൻ വേണ്ടിയാണ് ഉദുമ മണ്ഡലത്തിൽ പ്രസ്തുത സ്കൂൾ സ്ഥാപിക്കാൻ തീരുമാനമെടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എത്രയും പെട്ടെന്ന് Ashram Model Residential School സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. ജോയി</u>: സർ, എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് നിലവിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളുണ്ട്. അതിനെക്കാളുപരി അവരുടെ പഠനത്തിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് പഠന മുറികൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് വ്യാപകമായി കൊടുത്താൽ ഒരു പരിധിവരെ അവരുടെ വിദ്യാഭ്യാസത്തെ സഹായിക്കാൻ കഴിയില്ലേ; അത് വ്യാപകമായി നൽകാൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പഠന മുറികൾ സംസ്ഥാനത്ത് വ്യാപകമായി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുകൊണ്ട് ഗുണമുണ്ടെന്നുതന്നെയാണ് പട്ടികജാതി വകുപ്പ് കണ്ടെത്തിയിരിക്കുന്നത്. വ്യാപകമായി പഠന മുറികൾ കൊടുക്കുന്നത് കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ട്. സാമൂഹിക പഠന മുറികളും വീടുകളോട് ചേർന്നുള്ള പഠന മുറികളും സ്ഥാപിച്ചുകൊണ്ട് കുട്ടികളുടെ പഠന നിലവാരം ഉയർത്താൻവേണ്ടിയുള്ള ഇടപെടലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും പഠന മുറികൾ കൂടുതൽ വ്യാപിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിജിൻ: സർ, സംസ്ഥാന സർക്കാർ അംഗീകരിച്ചതും കണ്ണൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതുമായ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2020-21 വർഷത്തിനുമുമ്പുവരെ പട്ടികജാതി/ പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. 2009-ലെ 50/2009 നമ്പർ ഉത്തരവ് പ്രകാരമാണ് ഈ ആനുകൂല്യം അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ 2020-21 വർഷം മുതൽ ആനുകൂല്യം ലഭിക്കാത്തതുമൂലമുള്ള പ്രയാസം ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ നേരിടുന്നുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നേരത്തെ പാരലൽ കോളേജുകളിൽ പഠിച്ചിരുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുത്തിരുന്നു. പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കിയതോടുകൂടി പാരലൽ വിദ്യാഭ്യാസത്തിന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. സഹകരണ മേഖലകളിൽ അത്തരം കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. അത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നിർത്തലാക്കാൻ നേരത്തെ തീരുമാനിച്ചിരുന്നു. അത് പുനഃസ്ഥാപിക്കാൻവേണ്ടി എന്താണ് ചെയ്യേണ്ടതെന്ന് വകുപ്പ് പരിശോധിച്ച് വേണ്ട തീരുമാനമെടുക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പലവിധ കാരണങ്ങളാൽ ആദിവാസിക്കുട്ടികൾ പഠനം നിർത്തിപ്പോകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. അത്തരം വിദ്യാർത്ഥികളുടെ കാര്യത്തിൽ തുടർ പഠനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻവേണ്ടി ഒട്ടേറെ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും പ്രത്യേകമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി കൊഴിഞ്ഞുപോക്കിന്റെ റേഷ്യോ കുറഞ്ഞുവരുന്നുണ്ട്. ജനറൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും എസ്.സി./ എസ്.ടി. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ അത് വലിയ വ്യത്യാസമില്ലാത്ത രീതിയിലേയ്ക്ക് പോകുന്നുണ്ട്. കൂടുതൽ കുട്ടികൾ കൊഴിഞ്ഞുപോകാതിരിക്കാൻ വേണ്ടിയുള്ള സംവിധാനങ്ങളാണ് നമ്മൾ ഉണ്ടാക്കേണ്ടത്. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ മോഡൽ സ്കൂളുകളിലും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലും പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പഠിച്ചിരുന്ന കുട്ടികളാണ്. ആ കുട്ടികൾക്ക് അവിടെനിന്ന് പഠിക്കാൻ കഴിയുന്നില്ല. കോവിഡിന്റെ ഈ കാലഘട്ടത്തിൽ കൊഴിഞ്ഞുപോക്കിന്റെ അളവ് വർദ്ധിക്കുമോ എന്നൊരു സംശയമുണ്ട്. മലയോര പ്രദേശങ്ങളിലൊക്കെ താമസിക്കുന്ന കുട്ടികൾ അവരുടെ വീട്ടിലേയ്ക്ക് പോയിക്കഴിഞ്ഞാൽ തിരിച്ച് സ്കൂളിലേയ്ക്കോ അല്ലെങ്കിൽ ഹോസ്റ്റലിലേയ്ക്കോ വരാൻ മടി കാണിക്കാൻ തുടങ്ങിയിട്ടുണ്ട്. പ്രത്യേകിച്ച് കുട്ടികൾ ജോലിക്ക് പോകുന്ന സ്ഥിതി വന്നിട്ടുണ്ട്. അത് സംബന്ധിച്ചൊരു പരിശോധന നടത്തിയപ്പോൾ കുട്ടികളെല്ലാം പലതരത്തിലുള്ള ജോലിക്ക് പോകുകയാണ്. കാസർഗോഡ്, പാലക്കാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലെ കുട്ടികൾ തോട്ടം മേഖലകളിലും മറ്റ് സംസ്ഥാനങ്ങളിലുമടക്കം പലതരം ജോലികൾക്കായി പോകുകയാണ്. അങ്ങനെ ജോലിക്ക് പോകുന്ന കുട്ടികളിൽ തിരിച്ചുവരാനുള്ള സന്നദ്ധത കുറഞ്ഞുവരും. അതുകൊണ്ടുതന്നെ മോഡൽ സ്കൂളുകളിലും പോസ്റ്റ്-മെട്രിക് / പ്രീ-മെട്രിക് ഹോസ്റ്റലുകളിലുംനിന്ന് പഠിച്ചിരുന്ന കുട്ടികളെ ഈ പ്രത്യേക സാഹചര്യത്തിൽ എങ്ങനെ തിരിച്ചുകൊണ്ടുവന്ന് പഠിപ്പിക്കാൻ കഴിയുമെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഈ മഹാമാരിയുടെ വ്യാപനത്തിന്റെ തോത് കുറയുന്നതിനനുസരിച്ച് എത്രയും പെട്ടെന്ന് ഈ കുട്ടികളെ തിരിച്ച് സ്കൂളുകളിൽ എത്തിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീമതി ഒ. എസ്. അംബിക: സർ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് മുൻസർക്കാർ നടപ്പിലാക്കിയ സ്വയംതൊഴിൽ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാണോ; ചില കോളനികളിലെങ്കിലും ഇത്തരം പദ്ധതികൾ നഷ്ടത്തിലാവുകയും ഉദ്ദേശിച്ച ഗുണം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാവപ്പെട്ട സ്ത്രീകൾക്ക് കൂടുതൽ തൊഴിലും വരുമാനവുമുണ്ടാക്കാൻ വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. അതിന്റെ ആരംഭത്തിലുണ്ടായിരുന്ന പ്രവർത്തനങ്ങൾ പിന്നീടുണ്ടായിട്ടില്ലെന്നുള്ളത് പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും അത് പുനഃസംവിധാനം ചെയ്ത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് നിയോജകമണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പിന്നാക്ക വിഭാഗക്കാരുള്ളത്, പ്രത്യേകിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർ. സ്കൂളുകളുമായി ബന്ധപ്പെട്ട് എല്ലാ പഞ്ചായത്തുകളിലും ആവശ്യത്തിനുള്ള ഫണ്ടുണ്ടെന്ന് പറഞ്ഞു. കുട്ടികൾക്ക് ലാപ്ടോപ്, മൊബൈൽ ഫോൺ എന്നിവ കൊടുക്കാനുള്ള സംവിധാനം ഒരുക്കണമെന്ന് മുമ്പും പറഞ്ഞിരുന്നതാണ്. അങ്ങനെയൊരു നിർദ്ദേശം ഇതുവരെ ലഭിച്ചിട്ടില്ലെന്നാണ് ഇന്നലെയും അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ വിളിച്ചുപറഞ്ഞത്. അത്തരത്തിൽ എന്തെങ്കിലും തീരുമാനം പഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പഞ്ചായത്തുകൾക്ക് കൊടുത്ത ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും തുക ഉപയോഗിച്ചുകൊണ്ട് ലാപ്ടോപ്പും ഡിജിറ്റൽ പഠനോപകരണങ്ങളും വാങ്ങിക്കൊടുക്കാൻ തീരുമാനിച്ചത് ട്രൈബൽ കുട്ടികൾക്കാണ്. എസ്.സി. കുട്ടികളുടെ കാര്യം സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. സ്കൂൾ പി.ടി.എ. കമ്മിറ്റികൾ, പഞ്ചായത്തുകൾ, സന്നദ്ധ സംഘടനകൾ, സ്വകാര്യ വ്യക്തികൾ എന്നിവരൊക്കെത്തന്നെ ഡിജിറ്റൽ പഠനത്തിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ഈ വരുന്ന 31-ാം തീയതിയോടുകൂടി ഓരോ സ്കൂളിലും ഇനി ഡിജിറ്റൽ ഉപകരണങ്ങൾ ലഭിക്കാത്ത കുട്ടികളുടെ കണക്ക് കൃത്യമായി ലഭിക്കും. ആഗസ്റ്റ് 15 ആകുമ്പോഴേയ്ക്കും കേരളത്തിലെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്താനുള്ള ഇടപെടൽ നടത്തുകയാണ്. 31-ാം തീയതിയോടുകൂടി ഓരോ സ്കൂളിലും പഠിക്കുന്ന എത്ര കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലെന്നുള്ള കണക്കെടുക്കും. വിവിധ സന്നദ്ധ സംഘടനകളും മറ്റും ലാപ്ടോപ്പും ടാബും മൊബൈലുമെല്ലാം കൊടുത്തുകഴിഞ്ഞതിനുശേഷം അവശേഷിക്കുന്ന കുട്ടികൾക്കുകൂടി പഠനോപകരണങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ പല കാര്യങ്ങളും കാര്യക്ഷമമായി ചെയ്യുന്നുണ്ട്. അവരിൽ കലാപരവും കായികപരവുമായ കഴിവുകൾ അധികമാണ്. ആ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലും പരിശീലന പരിപാടി നടത്തുന്നതിന് ആലോചനയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. കലാപരമായും കായികപരമായും നല്ല ശേഷിയുള്ള കുട്ടികളുണ്ട്. അവർക്ക് കൃത്യമായ അവസരങ്ങൾ ലഭിക്കുന്നില്ലെന്നുള്ളത് ശരിയാണ്. അത് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സ്പോർട്സ് രംഗത്ത് കൂടുതൽ മുന്നോട്ടുവരാൻവേണ്ടി കേരളത്തിൽ ആദ്യമായി മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ വെള്ളായണിയിൽ ആരംഭിച്ചത്. ആ സ്കൂളിലൂടെ ധാരാളം കുട്ടികൾ ദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കുന്ന വിജയങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. അവരെ വിദ്യാഭ്യാസ രംഗത്ത് ഉയർത്തുന്നതുപോലെതന്നെ കലാ-കായിക രംഗത്തും ഉയർത്തിയെടുക്കാൻവേണ്ടിയുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അത് ഫലപ്രദമായി നടപ്പാക്കാൻ കൂടുതൽ ഇടപെടൽ നടത്തുന്നതാണ്.

ഡോ. എൻ. ജയരാജ്: എൽ.ബി.എസ്. സെന്റർ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യമായിട്ടാണോ നടപ്പാക്കുന്നത്; കോട്ടയം ജില്ലയിൽ പാമ്പാടിയിലാണ് ഇത്തരത്തിലുള്ള ഒരു സ്ഥാപനമുള്ളത്. എന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള മേഖലകളിൽ ധാരാളം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുണ്ട്. കൂടുതൽ എൽ.ബി.എസ്. സെന്ററുകൾ ആരംഭിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എൽ.ബി.എസ്. സെന്ററുകൾ കൂടുതൽ വ്യാപിപ്പിക്കുവാൻ കഴിയുമോയെന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പാണ് പറയേണ്ടത്. നിലവിൽ 44 ഐ.ടി.ഐ.കൾ എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കീഴിലുണ്ട്. ഇത്തരം ഐ.ടി.ഐ.കളിൽ കാലാനുസൃതമായിട്ടുള്ള പരിഷ്കരണങ്ങളും കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകളും കൊണ്ടുവരാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. മുരളി പെരുനെല്ലി: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ആധുനിക പഠനത്തിനുവേണ്ടി സർക്കാരെടുക്കുന്ന പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. അതിലുള്ള അരിശമാണ് പ്രതിപക്ഷത്തിന്റെ ഇവിടെക്കണ്ട കലാപരിപാടികൾ. പഠന നിലവാരം മെച്ചപ്പെടുത്തുമ്പോൾ പഠനാന്തരീക്ഷം വളരെ പ്രധാനപ്പെട്ട ഘടകമാണ്. പഠനമുറിയൊക്കെ നിർമ്മിച്ചു കൊടുക്കുന്നുണ്ട്. ലക്ഷംവീട് കോളനികളിൽ രണ്ട് വീടുകൾ ഒരുമിച്ചുള്ള സംവിധാനങ്ങളുണ്ട്. അത്തരം വീടുകളിലിരുന്നുള്ള പഠനം അത്ര മെച്ചപ്പെട്ടതായിരിക്കില്ല. പട്ടികജാതി വിഭാഗങ്ങളുടെ ഇത്തരം വീടുകളെ ഒറ്റവീടുകളാക്കി മാറ്റി പഠന മുറിയടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ലക്ഷംവീട് കോളനികളിൽ എസ്.സി. വിഭാഗങ്ങൾ മാത്രമല്ല എല്ലാ വിഭാഗം ജനങ്ങളും താമസിക്കുന്നുണ്ട്. അതിൽ എസ്.സി. വിഭാഗത്തിന് മാത്രമായി പ്രത്യേകം വീടുകൾ നിർമ്മിച്ചുകൊടുക്കാൻ പ്രയാസമുണ്ട്. എന്നാൽ നമ്മുടെ വിവിധ ഭരണ വകുപ്പുകളായ ലോക്കൽ ബോഡീസ്, ഹൗസിംഗ് ബോർഡ് തുടങ്ങിയവയെല്ലാം ചേർന്നുകൊണ്ട് ഒരു പുതിയ പദ്ധതി നടപ്പാക്കും. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനുള്ള പദ്ധതികൾ ലോക്കൽ ബോഡികൾ തന്നെ പല സ്ഥലത്തും നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാ ഇരട്ട വീടുകളും ഒറ്റ വീടുകളാക്കി മാറ്റി മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കിക്കൊടുക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. നിലവിൽ ഏതാനും പ്രദേശങ്ങളിലെ ലക്ഷംവീട് കോളനികളിൽ മാത്രമാണ് ഇരട്ട വീടുകളുള്ളത്. അവശേഷിക്കുന്ന ഇരട്ട വീടുകൾ കൂടി ഒറ്റ വീടുകളാക്കി മാറ്റി കുട്ടികളുടെ പഠന സൗകര്യമുൾപ്പെടെ പലതരത്തിലുള്ള പ്രശ്നങ്ങളും പരിഹരിക്കാനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യാപക നിയമനം പലപ്പോഴും കരാറടിസ്ഥാനത്തിലാണ് നടത്തുന്നത്. സ്ഥിര നിയമനം കിട്ടാത്തതുകൊണ്ടുതന്നെ അപൂർവ്വം ചിലരെങ്കിലും താൽക്കാലിക ജോലിയാണെന്ന മാനസികാവസ്ഥയിൽ വിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എം.ആർ.എസ്.-ൽ സ്ഥിര അദ്ധ്യാപക നിയമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയുമോ;

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ എം.ആർ.എസ്-കളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ സ്ഥിരം അദ്ധ്യാപകരെയാണ് നിയമിച്ചു കൊണ്ടിരിക്കുന്നത്. അപൂർവ്വം സന്ദർഭത്തിൽ മാത്രമാണ് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നത്. ഡെപ്യൂട്ടേഷനിൽ വിവിധ പ്രദേശങ്ങളിലേയ്ക്ക് വരുന്നതിനുവേണ്ടി മാത്രമാണ് പ്രസ്തുത സ്കൂളുകളെ അദ്ധ്യാപകർ തെരഞ്ഞെടുത്തുകൊണ്ടിരിക്കുന്നത്. അതല്ലാതെ കുറച്ചുകൂടി പ്രതിബദ്ധതയോടെ കുട്ടികളെ കൂടുതൽ നന്നായി മെച്ചപ്പെടുത്തിയെടുക്കാൻ കഴിയുന്ന അദ്ധ്യാപകരെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ എത്തിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മിക്കവാറും ട്രാൻസ്ഫർ കിട്ടാൻ വേണ്ടിയാണ് ഡെപ്യൂട്ടേഷനിൽ വരുന്നത്. എല്ലാവരും അങ്ങനെയാണെന്ന് തെറ്റിദ്ധരിക്കരുത്. എന്നാൽ ബഹുഭൂരിപക്ഷവും ട്രാൻസ്ഫർ ലഭിക്കാനായി മാത്രമാണ് വിദ്യാഭ്യാസ വകുപ്പിൽനിന്നും എം.ആർ.എസ്.-ലേയ്ക്ക് ഡെപ്യൂട്ടേഷനിൽ വന്നുകൊണ്ടിരിക്കുന്നത്. കുട്ടികളോടും ഈ സ്ഥാപനത്തോടും കുറേക്കൂടി പ്രതിബദ്ധതയുള്ള അദ്ധ്യാപകർ അവിടെ വരേണ്ടത് അത്യാവശ്യമാണ്. ബഹുമാനപ്പെട്ട മെമ്പർ കരാറടിസ്ഥാനത്തിലുള്ള നിയമനം ചൂണ്ടിക്കാണിച്ചു. മോശമായിട്ടല്ല, നല്ല രീതിയിൽത്തന്നെ ഡെയ്‌ലി വേജസിലെ അദ്ധ്യാപകരും ക്ലാസെടുക്കുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടപ്പിലാക്കുന്നത്. എന്നാൽ പൊതുവായി കോഴ്സുകൾ കഴിഞ്ഞിറങ്ങുന്നവർക്ക് ഏത് തൊഴിലാണ് അന്വേഷിക്കേണ്ടത്; എവിടെയാണ് തൊഴിലവസരങ്ങൾ ലഭ്യമാകുന്നത് എന്നിവയെ സംബന്ധിച്ച് അക്കാദമിക് രംഗവും തൊഴിൽ രംഗവും തമ്മിലൊരു ലിങ്കേജിന്റെ അഭാവമുണ്ട്. ഈ ലിങ്കേജ് വളരെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ സംവരണം അവരെ ഒരുപാട് ശാക്തീകരിക്കുന്നുണ്ട്. എന്നാൽ സംവരണമില്ലാത്ത, ഇന്ത്യയിലും പുറത്തുമുള്ള സ്വകാര്യ മേഖലകളിലെ തൊഴിലവസരങ്ങളിൽ ഈ കുട്ടികൾക്ക് തൊഴിൽ ലഭിക്കാൻ ഉറപ്പുവരുത്തുന്ന സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. വ്യത്യസ്ത രീതിയിലുള്ള പഠനം കഴിഞ്ഞിറങ്ങുന്നവർക്ക് തുടർന്ന് വ്യത്യസ്ത മേഖലകളിലേയ്ക്ക് പോകാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനായി ബൃഹത്തായ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ഒട്ടേറെ പദ്ധതികൾ ഇപ്പോൾ നടപ്പാക്കുന്നുണ്ടെങ്കിലും അവയെയെല്ലാം ഏകീകരിച്ചുകൊണ്ട് പഠനം കഴിഞ്ഞ് പുറത്തുവരുന്ന കുട്ടികൾക്ക് ജോലിയിൽ പ്രവേശിക്കാനും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ അവരെ പ്രാപ്തരാക്കുന്നതിനും ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആ പദ്ധതി പൂർണ്ണതയിലെത്തിയിട്ടില്ല. അതിനുള്ള ശ്രമം നടക്കുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പട്ടികവർഗ്ഗത്തിൽപ്പെട്ട 'ഉള്ളാടർ' സമുദായക്കാർ അവരുടെ സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തുപോയി താമസിക്കുന്നതുമൂലം ഊരുക്കൂട്ടത്തിൽനിന്നോ, പഞ്ചായത്തിൽനിന്നോ പട്ടികവർഗ്ഗക്കാർക്ക് സാധാരണ ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കാത്ത വിഷയമുണ്ട്. പല പഞ്ചായത്തുകളിലും അത്തരം ആളുകളുണ്ട്. പ്രസ്തുത വിഷയം അഭിസംബോധന ചെയ്യുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കുന്നുണ്ടോ;

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വാസ്തവമാണ്. ചില സ്ഥലത്തെങ്കിലും അവർ നാടോടികളെ പ്പോലെയാണ് ജീവിക്കുന്നത്. എന്നാൽ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കി അതത് സ്ഥലങ്ങളിൽത്തന്നെ താമസിക്കാൻ ഇപ്പോൾ അവർ തയ്യാറാണ്. 'ഉള്ളാടർ'

സമുദായത്തിൽനിന്നും ആദ്യമായി പി.എച്ച്.ഡി. എടുത്ത ഒരു കുട്ടി കേരള യൂണിവേഴ്സിറ്റിയിലുണ്ടെന്ന കാര്യം ഏറെ അഭിമാനത്തോടുകൂടി പറയാൻ കഴിയും. ആ കുട്ടി പൊളിറ്റിക്കൽ സയൻസിലാണ് ഡോക്ടറേറ്റ് നേടിയത്. തീർച്ചയായും ആ വിഭാഗം ഇപ്പോൾ ശ്രദ്ധിക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. പ്രസ്തുത വിഭാഗത്തിന്റെ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അവരെ സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും കൂടുതൽ ഉയർത്തിയെടുക്കാനുള്ള നിലപാടാണ് സ്വീകരിക്കുന്നത്.

## വിദ്യാവനം പദ്ധതി

3 (*183) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. എസ് സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിദ്യാലയങ്ങളിൽ സ്വാഭാവിക വനങ്ങളോട് സാദൃശ്യമുള്ള ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുന്ന വിദ്യാവനം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും പ്രകൃതിയുടെയും പ്രാധാന്യം മനസ്സിലാക്കുന്നതിന് സഹായകമാകുന്ന ഈ പദ്ധതി പരിഷ്കരിച്ച് പൊതുജന പങ്കാളിത്തത്തോടെ സംസ്ഥാനമാകെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മാതൃകാപരമായി വൃക്ഷ പരിപാലനം നടത്തുന്ന വിദ്യാലയങ്ങൾക്ക് സംസ്ഥാന തലത്തിൽ അവാർഡ് നൽകുവാൻ പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ ഇതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കൈവശമുള്ള ഭൂമിയിൽ ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) പ്രവർത്തന പുരോഗതി വിലയിരുത്താൻ കാലമായിട്ടില്ല. ടി പദ്ധതി 2020-21 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്.

(ബി) ഈ പദ്ധതി ഇപ്പോൾ വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി & ഡി) പരിഗണനയിലുണ്ട്.

(ഇ) സ്ഥാപന വനവത്കരണ പരിപാടി 1980 മുതൽ വനം വകുപ്പ് നടപ്പിലാക്കിവരികയാണ്. ഇത് ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. സി. സി. മുകുന്ദനുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സർ, കോവിഡ് മഹാമാരിയെത്തുടർന്ന് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഈ പുതിയ പദ്ധതി എവിടെയെങ്കിലും ആരംഭിച്ച് അതിന്റെ മോണിറ്ററിംഗ് നടക്കുന്നുണ്ടാകുമെന്നാണ് കരുതുന്നത്. ഈ പദ്ധതിക്കായി വനംവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രസ്തുത പദ്ധതിയുടെ ഉപാധികളിലൊന്ന് ഏറ്റവും ചുരുങ്ങിയത് അഞ്ച് സെന്റ് സ്ഥലമെങ്കിലും ആവശ്യമായി വരുന്നുണ്ടെന്നതാണ്. എന്നാൽ ഇതിന് വകുപ്പ് നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. പ്രസ്തുത പദ്ധതിക്ക് രണ്ട് ലക്ഷം രൂപവരെ നൽകിവരുന്നുണ്ട്. ഫോറസ്ട്രി ക്ലബ്ബുകളുടെ ഉത്തരവാദിത്തത്തിലായിരിക്കും ഇത്തരം സ്ഥാപനങ്ങളുടെ പരിപാലനം.

ശ്രീ. ഇ. കെ. വിജയൻ: സർ, വന്യജീവികളുടെ വർദ്ധനവ് വലിയ തോതിലായിരിക്കുന്ന ഇക്കാലത്ത് ആനയും പന്നിയും കുരങ്ങും നാട്ടിലേയ്ക്കിറങ്ങി വലിയതോതിൽ കൃഷി നശിപ്പിക്കുകയാണ്. നേരത്തെ വളരെ കുറച്ച് മൃഗങ്ങൾ മാത്രമായിരുന്നു വന്നിരുന്നതെങ്കിൽ ഇപ്പോൾ പ്രകടനങ്ങൾ വരുന്നതു പോലെയാണ് വന്യജീവികൾ വന്നുകൊണ്ടിരിക്കുന്നത്. പന്നികൾ നാൽപ്പതും അമ്പതും കിലോമീറ്റർ ദൂരത്തേയ്ക്ക് കൂട്ടമായി എത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന് ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ അവസാനിപ്പിക്കാനാവശ്യമായ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പലപ്പോഴായി സഭയിൽ മിക്കവാറും എല്ലാ മെമ്പർമാരും ഉന്നയിച്ചിട്ടുള്ള ഗുരുതരമായൊരു പ്രശ്നമായതിനാൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുതന്നെ വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ മനുഷ്യജീവനും കൃഷിയും സംരക്ഷിക്കേണ്ടത് കടമയാണെന്ന് തന്നെയാണ് സർക്കാർ കാണുന്നത്. അതിന്റെ ഭാഗമായി ഒരു വിദഗ്ദ്ധ സമിതി

രൂപീകരിച്ച് പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുന്ന തരത്തിൽ വിശദമായ പദ്ധതിരേഖ സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. അതോടൊപ്പംതന്നെ ഇപ്പോൾ നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. നഷ്ടപരിഹാരവും നഷ്ടം കണക്കാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള തുകയും വളരെ തുച്ഛമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നത് കൃഷി വകുപ്പാണ്. അതിനായി കൃഷി വകുപ്പിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് അക്കാര്യം ചെയ്യുന്നതിന് എത്രത്തോളം കഴിയുമെന്നത് സംബന്ധിച്ച് വിശദമായ ആലോചന നടത്തേണ്ടതുണ്ട്. എന്തായാലും ഈ മേഖലയിൽ സജീവ ശ്രദ്ധ വേണമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, വനവത്കരണ പ്രവർത്തനങ്ങൾപോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് വനസംരക്ഷണ പ്രവർത്തനങ്ങളും. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ധാരാളം തൊഴിലാളികളുണ്ട്. അവരിൽ മസ്ദൂർ വാച്ചർമാരുണ്ട്, ഫയർ വാച്ചർമാരുണ്ട്. ഇവർക്ക് നിലവിൽ ശമ്പള കുടിശ്ശിക നൽകാനുണ്ട്. കോവിഡ് കാലത്ത് അവരുടെ ഉപജീവനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഹരിക്കുന്നതിന് ശമ്പള കുടിശ്ശിക അടിയന്തരമായി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സഭയിൽ ചൂണ്ടിക്കാണിച്ചതുപോലെ ഈ മേഖലയിൽ, പ്രത്യേകിച്ച് കാഷ്വൽ വർക്കർമാരായി നിശ്ചയിച്ചിട്ടുള്ള പലർക്കും കഴിഞ്ഞ ഒരു കൊല്ലമായി പ്രതിഫലമൊന്നും നൽകുന്നില്ല. അതിന്റെ ഫലമായി ആ മേഖലയിൽ ജീവിക്കുന്നവർ വലിയ പ്രതിസന്ധിയിലാണ്. അവർക്ക് ശമ്പളം നൽകേണ്ട എന്നൊരു ആഗ്രഹംകൊണ്ടല്ല കൊടുക്കാതിരുന്നത്, കൊടുക്കണമെന്ന് തന്നെയാണ് ആഗ്രഹം; പക്ഷെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. വനം വികസന കോർപ്പറേഷനും വനം വകുപ്പിനും കഴിഞ്ഞ രണ്ടുവർഷങ്ങളിൽ നൽകിയിരുന്ന അലോട്ട്മെന്റിനേക്കാൾ കുറഞ്ഞ അലോട്ട്മെന്റാണ് ഈ ഘട്ടത്തിൽ നൽകിയിട്ടുള്ളത്. പൊതുവേയുള്ള സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടായിരിക്കാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ രൂപത്തിലുള്ളൊരു നിലപാടെടുക്കാൻ നിർബന്ധിതനായത്. എന്നിരുന്നാലും കുറേക്കൂടി സഹായങ്ങൾ നൽകുന്ന കാര്യത്തിൽ അദ്ദേഹവുമായി

സംസാരിച്ച് ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് തീർച്ചയായും ഈ മേഖലയിൽ ജീവിക്കുന്ന പാവപ്പെട്ട തൊഴിലാളികളെ രക്ഷിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, റോഡ് വികസനവുമായും മറ്റ് പലതരം വികസനങ്ങളുമായും ബന്ധപ്പെട്ട് വലിയ തോതിൽ മരങ്ങൾ മുറിച്ചുമാറ്റപ്പെടുമ്പോൾ പകരമായി കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വനംവകുപ്പ് പ്രത്യേകമായി പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പൊതു ആവശ്യങ്ങൾക്കായി മരം മുറിക്കേണ്ടിവരുമെന്നത് വസ്തുതയാണ്. അതിൽനിന്നും ഒഴിഞ്ഞുമാറാൻ സാധിക്കില്ല. അങ്ങനെ മരം മുറിച്ചുമാറ്റപ്പെടുമ്പോൾ അത്രയും മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. പക്ഷെ അത് പ്രാരംഭ ഘട്ടത്തിലെ ആരംഭശൂരത്വമെന്ന നിലയിൽ നിന്നുപോയിരിക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർബന്ധമായും നിയമത്തിന്റെ ആനുകൂല്യം കിട്ടുന്നതിനുവേണ്ടി ഒരു മരത്തിനുപകരം മറ്റൊരു മരം വച്ചുപിടിപ്പിക്കുകയും അതിന്റെ പരിപാലനത്തിന്റെ ചുമതല ബന്ധപ്പെട്ടവരിൽ നിക്ഷിപ്തമാക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു മാറ്റം ഈ മേഖലയിലുണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. വന സംരക്ഷണം തന്നെയാണ് സർക്കാരിന്റെ പ്രഥമ കർത്തവ്യമായി കരുതുന്നത്.

ശ്രീമതി സി. കെ. ആശ: സർ, പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനവത്കരണ പ്രവർത്തനങ്ങൾക്കായി, വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. അതിന്റെയെല്ലാം സംരക്ഷണത്തെ ക്കുറിച്ചും പരിപാലനത്തെക്കുറിച്ചും വകുപ്പിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്തുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി വനമഹോത്സവത്തിന്റെ കാലത്തും പരിസ്ഥിതി സംരക്ഷണത്തിന്റെ കാലത്തും ലക്ഷക്കണക്കിന് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. പക്ഷെ പിന്നെ ആരും അത് തിരിഞ്ഞുനോക്കുന്നില്ല. അങ്ങനെയൊരു അനാസ്ഥ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. അതിനുപകരമായി ചോദ്യത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ചുമതലാബോധത്തോടുകൂടി അവയെ പരിപാലിക്കുവാൻ കഴിയുന്ന മേഖല കണ്ടെത്തി അവർക്ക് മരം വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകണം. അതിന്റെ ഭാഗമായാണ് വിദ്യാവനങ്ങൾ ആരംഭിച്ചിട്ടുള്ളത്, അത്

പരിപാലിക്കുന്നുണ്ട്. മൂന്ന് വർഷമെങ്കിലും പ്രായമായ വിദ്യാവനങ്ങൾ സംബന്ധിച്ച് ഒരു സോഷ്യൽ ഓഡിറ്റ് നടത്തി ആ ഓഡിറ്റിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് സംസ്ഥാന തലത്തിൽ അവാർഡുകൾ നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സ്ഥാപന വനവത്കരണവുമായി ബന്ധപ്പെട്ട് അതത് സ്ഥാപനങ്ങൾക്കായിരിക്കും അതിന്റെ ഉത്തരവാദിത്തം. പല സ്ഥാപനങ്ങളും ഇപ്പോൾ മുന്നോട്ടുവന്നിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ വനവത്കരണബോധം, പ്രകൃതി സംരക്ഷണബോധം എന്നിവ പൊതു ജനങ്ങളിലുണ്ടാക്കാൻ ഇത്തരം പരിപാടികൾ സഹായിക്കുന്നുണ്ട്. അത് ബോധവത്കരണത്തിന് വേണ്ടിവരുന്ന ചെലവായി കണക്കാക്കുകയാണ് നല്ലതെന്നാണ് തോന്നുന്നത്. അത് വ്യർത്ഥമായിപ്പോകുന്ന ഒരു ചെലവായി കണക്കാക്കരുത്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, വിദ്യാവനത്തെ സംബന്ധിച്ചാണ് ചോദ്യങ്ങൾ ഉന്നയിക്കുന്നത്. ജപ്പാനിലെ പരിസ്ഥിതി ശാസ്ത്രജ്ഞനായ ശ്രീ. അകിറ മിയാവാക്കിയാണ് (Akira Miyawaki) ഇത്തരമൊരു ആശയം രൂപപ്പെടുത്തിയത്. "മിയാവാക്കി" വനങ്ങൾ എന്നാണ് ഇത് അറിയപ്പെടുന്നത്. മേൽത്തട്ടിലെ മണ്ണ് മാറ്റി അവിടെ ചകിരിച്ചോറും ആട്ടിൻകാഷ്ഠവും അടക്കമുള്ള മിശ്രിതമിട്ട്, ഇടതൂർന്ന മരങ്ങൾ വളരുന്ന രീതിയിൽ രൂപപ്പെടുത്തിയെടുക്കണം. മതിയായ തുക വച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഉപചോദ്യത്തിന് ഉത്തരം നൽകിയപ്പോൾ സൂചിപ്പിച്ചത്. പക്ഷേ ഒരു കാരണവശാലും ഈ പദ്ധതി ആരംഭിച്ചശേഷം പണമില്ലാത്തതിന്റെ പേരിൽ നിന്നുപോകാൻ ഇടവരാത്ത രൂപത്തിലുള്ള ഇടപെടൽ നടത്തണം. അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും നാഷണൽ സർവ്വീസ് സ്കീം പോലുള്ള സന്നദ്ധ സംഘടനകളേയും ഏകോപിപ്പിക്കണം. കോളേജുകളിൽ ബോട്ടണി ഡിപ്പാർട്ടുമെന്റിനെയുംകൂടി ഉൾപ്പെടുത്തി ഈ പദ്ധതി ഫലപ്രദമായി നടത്താൻ സാധിക്കണം. നഗരങ്ങളിൽ വനങ്ങളുണ്ടാക്കാനുള്ള ആശയം ഏറ്റവും ഫലപ്രദമാക്കാനുള്ള ഇടപെടൽ നടത്തുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അത് വളരെ പ്രസക്തമായ കാര്യമാണ്. സർക്കാരിന്റെ പണം മാത്രം ഉപയോഗിച്ച് നിർവ്വഹിക്കാൻ കഴിയുന്നതല്ലെന്ന് അദ്ദേഹത്തിന്റെ വിശദീകരണത്തിലുണ്ട്. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പെട്ട തിരുവല്ലയിലെ പ്രമുഖ കോളേജിൽ ഈ വിഭാഗങ്ങളുമായി സഹകരിച്ച് ഒരു സ്ഥാപന വനവത്കരണ പരിപാടി മാതൃകാപരമായി തുടങ്ങിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശക്തമായ ഇടപെടൽ കാരണമാണ് അതിന് സാധിച്ചത്. ഇത് മറ്റ് എം.എൽ.എ.മാരും മാതൃകയാക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വനവത്കരണ ക്യാമ്പയിന്റെ ഭാഗമായി പലയിടത്തും വൃക്ഷത്തൈകൾ വയ്ക്കുന്നുണ്ടെങ്കിലും ആരും പരിപാലിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു. എനിക്ക് ചോദിക്കാനുള്ളത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ളതും നല്ലരീതിയിൽ കൃഷി നടത്താൻ പറ്റുന്നതുമായ പറമ്പുകളിൽ ഫലവൃക്ഷങ്ങൾ വയ്ക്കാനുള്ള അനുമതി തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെടുത്തി, കുടുംബശ്രീ യൂണിറ്റുകൾക്കും പ്രാദേശികമായ ഗ്രന്ഥശാലകൾക്കും കൊടുക്കുന്ന രീതി സ്വീകരിക്കുകയും ആ ഫലവൃക്ഷങ്ങളിൽനിന്നുള്ള ആദായം അവർക്കെടുക്കാനുള്ള അനുമതി കൊടുക്കുകയും ചെയ്യണം. ഫലവൃക്ഷങ്ങളായ മാവ്, കശുമാവ്, നെല്ലി എന്നിവ വച്ചുപിടിപ്പിക്കുമ്പോൾ അതിന്റെ ആദായം അവർക്ക് കിട്ടുമെന്ന തോന്നലുണ്ടായാൽ അത് സംരക്ഷിക്കപ്പെടുകയും ചെയ്യും. അത്തരത്തിലുള്ള നിരവധി സ്ഥലങ്ങൾ കൃഷിക്കായി ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ അതുസംബന്ധിച്ച് ആലോചിക്കാൻ സാധിക്കുമോ; അതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായം ലഭ്യമാക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ വനാതിർത്തികളുമായി ബന്ധപ്പെട്ടവയാണ്. ആ പ്രദേശങ്ങളിൽ ജനങ്ങളുടെ കൂടുതൽ ഇടപെടൽ അനുവദിക്കാൻ പറ്റുമോ എന്നത് ഒറ്റവാക്കിൽ എനിക്ക് പറയാൻ കഴിയില്ല. ഒരുപാട് സങ്കീർണ്ണതകളുള്ള പ്രശ്നമാണ്. പൊതുവേ കേൾക്കുമ്പോൾ ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വാഗതാർഹ മാണെന്നാണ് തോന്നുന്നത്. അതിന്റെ സാങ്കേതികവും നയപരവും നിയമപരവുമായ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. ആൻസലൻ: സർ, വിദ്യാവനം പദ്ധതിയെ സംബന്ധിച്ച് പറയുമ്പോൾ അതിൽ നല്ല നിലയിലുള്ള ഭാവി കാഴ്ചപ്പാടുണ്ടാകുന്നില്ല. പലപ്പോഴും വ്യത്യസ്ത ദിനങ്ങളിൽ വ്യത്യസ്തമായിട്ടുള്ള മരങ്ങൾ എത്തിക്കുകയെന്ന ചടങ്ങൊഴിച്ചാൽ അതിന്റെ പരിപാലനം നടക്കുന്നില്ല. മാവ്, പ്ലാവ്, നെല്ലി, ജാമ്പ തുടങ്ങിയ വ്യത്യസ്തമായിട്ടുള്ള ഫലവൃക്ഷത്തൈകൾ കൊടുത്ത് മാറ്റം വരുത്തുവാൻവേണ്ടി അങ്ങ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പൊതുവിൽ അത് പരിപാലിക്കപ്പെടുന്നില്ല എന്ന വസ്തുത അംഗീകരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഉത്തരവാദിത്തം ഏൽപ്പിച്ചുകൊണ്ടുള്ള വനവത്കരണ പരിപാടി സർക്കാർ ആരംഭിച്ചത്. നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും ഈ പരിപാടി വിദ്യാലയങ്ങളിലാണ് തുടങ്ങിയിട്ടുള്ളത്. 2020-21 വർഷത്തിൽ 14 ജില്ലകളിലായി 21 വിദ്യാവനങ്ങളും 2021-22-ൽ 26 വിദ്യാവനങ്ങളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയൊരു മാറ്റത്തിലേയ്ക്ക് കടന്നുവരികയാണ്. വെറുതെ എവിടെയെങ്കിലും കുറേ മരങ്ങൾ നട്ടുപിടിപ്പിച്ച് സംതൃപ്തിയടയുക എന്നതിനപ്പുറത്തേയ്ക്ക് കാര്യങ്ങൾ പോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം അതുമായി ബന്ധപ്പെട്ടതാണ്. വളരെ നല്ല നിർദ്ദേശമാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്.

## മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമം

4 (*184) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക- സാമ്പത്തിക പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാനം ഉയർത്തുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) വിപണന കേന്ദ്രങ്ങളും ലാൻഡിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളായി സംയോജിപ്പിക്കാനും അവർക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ&ബി) ഉണ്ട്. മത്സ്യ അനുബന്ധ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലും സ്ഥിരവരുമാനവും ഉറപ്പുവരുത്തുന്നതിന് വിവിധ പദ്ധതികൾ സാഫ്, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും ഫിഷറീസ് വകുപ്പ് നേരിട്ടും നടപ്പിലാക്കിവരുന്നു.

സാഫ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ:

1. മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനായി 2010 മുതൽ സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് (പദ്ധതി തുകയുടെ 75%) അനുവദിക്കുന്നു.

2. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം - 2020-21 സാമ്പത്തിക വർഷത്തിൽ 432 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 149 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

3. പലിശരഹിത ചാക്രീകമൂലധന സഹായമായി വിവിധ ഗ്രൂപ്പുകൾക്ക് 25,000 രൂപ മുതൽ 75,000 രൂപ വരെയും സൂപ്പർ മാർക്കറ്റുകൾക്ക് ഒരു ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിത വായ്പയായി നൽകുന്നു.

4. കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ: മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു.

5. അഷ്ടമുടി ഫേസ്-I, അഷ്ടമുടി ഫേസ്-II പദ്ധതികൾ പ്രകാരം 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിൽ അപ്പാരൽ പാർക്ക് കൊല്ലം കുണ്ടറയിൽ പ്രവർത്തിച്ചുവരുന്നു.

6. മത്സ്യത്തൊഴിലാളി വനിതകൾക്ക് സുസ്ഥിര ജീവിത നിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യവില്പന നടത്തുന്ന വനിതകളുടെ അഞ്ചു പേരടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് അവർക്ക് കച്ചവടത്തിനാവശ്യമായ തുക ഒരു ഗ്രൂപ്പിന് 50,000 രൂപ എന്ന നിരക്കിൽ നൽകുന്നു.

7. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് 2020-21 പദ്ധതി പ്രകാരം 9 തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യ വിഭവങ്ങൾ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി 5 പേരടങ്ങുന്ന സംഘത്തെ നിയോഗിക്കുന്നു. ഈ പദ്ധതിക്ക് 75% ഗ്രാന്റ് നൽകിവരുന്നു.

8. കേരളബാങ്ക് മുഖേന ദീർഘകാല വായ്പാപദ്ധതി - നിലവിൽ 359 തീരമൈത്രി യൂണിറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽനിന്നും വായ്പ അനുവദിച്ചു.

<u>മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ:</u>

എ. ടേം വായ്പകൾ

ബി. മൈക്രോഫിനാൻസ് പദ്ധതി

സി. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പ.

ഡി. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം_

<u>മത്സ്യബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ:</u>

1. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാലുണ്ടാകുന്നരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായ പദ്ധതി

4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

5. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

6. കുടുംബ സംവിധാന പദ്ധതി

7. മാരകരോഗ ചികിത്സാ പദ്ധതി

8. ചെയർമാൻസ് റിലീഫ് ഫണ്ട്

9. ബോർഡിന്റെ പ്രത്യേക ധനസഹായം

10. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

11. വിധവാ പെൻഷൻ

12. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി കൂടാതെ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ യാത്രയ്ക്കായി സമുദ്ര സ്പെഷ്യൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മത്സ്യബോർഡിലെ രജിസ്റ്റർ ചെയ്ത മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷയുണ്ട്.

(സി) ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും മുക്തരാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുള്ളത്. സാഫ് മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 350 JLG-കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് കൊല്ലം, ആലപ്പുഴ ജില്ലകളിലായി JLG project for ensuring livelihood security of fisher women in Kerala 2.39 കോടി രൂപയുടെ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി. 5 പേരടങ്ങുന്ന JLG -യ്ക്ക് 50,000 രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1500 മത്സ്യത്തൊഴിലാളികളെ ഉൾക്കൊള്ളിച്ചുകൊണ്ട് 300 JLG-കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലായി JLG project for ensuring livelihood security of fisher women in Kerala 3.30 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മരം മുറിച്ച സംഭവത്തിൽ കർഷകർക്കെതിരെ കേസ്

5 (*181) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചുകടത്തിയ സംഭവത്തിൽ ഭൂമിയുടെ ഉടമസ്ഥരായ നിർധന കർഷകർക്കെതിരെ കേസെടുക്കാൻ വനം വകുപ്പ് നിർദ്ദേശം നൽകിയിരുന്നോ?

പട്ടയഭൂമിയിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് നിർധന കർഷകർക്കെതിരെ കേസെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ടവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) അനധികൃത മരം മുറിയിൽ കർഷകർക്കെതിരെ കേസ്സെടുക്കാതിരുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ റേഞ്ച് ഓഫീസർമാർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നോ; പ്രസ്തുത വിഷയത്തിൽ കേസ്സെടുക്കണമെന്ന് മൂന്നാർ ഡി.എഫ്.ഒ. ഉത്തരവ് ഇറക്കിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്ത മൂന്നാർ ഡിവിഷനിൽ ഇതുവരെ കേസ്സെടുത്തിട്ടില്ലാത്ത സംഭവങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥരോട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ വിശദീകരണം തേടിയിരുന്നു.

(സി) പ്രസ്തുത വിഷയത്തിൽ കർഷകരുടെ മേൽ കുറ്റം ചുമത്തി അനധികൃതമായി മരം മുറിച്ചുകടത്തിയവരെ സംരക്ഷിക്കാനുള്ള നടപടിയാണിതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) വനം വകുപ്പിന്റെ ഈ തീരുമാനത്തിനെതിരെ കർഷക സംഘടനകളും ഹൈറേഞ്ച് കർഷക സംരക്ഷണ സമിതിയും പ്രക്ഷോഭം ആരംഭിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രാദേശികതലത്തിൽ വാർത്തകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## മരം മുറി സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

6 (*185) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പുറത്തിറക്കിയ ഉത്തരവിനെത്തുടർന്ന് നടന്ന മരം മുറി സംബന്ധിച്ച് വനം വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മരംമുറിക്ക് കൂട്ടുനിന്നതായി പറയപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണമെന്ന് റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) സമർപ്പിച്ചിരുന്നു. ആഭ്യന്തര വകുപ്പിന്റെ 11-6-2021-ലെ ജി.ഒ. (ആർ.ടി) നമ്പർ 1634/2021/ആഭ്യന്തരം പ്രകാരം മരംമുറിയുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുന്നതിനായി സർക്കാർ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പിന്റെ 1-7-2021-ലെ ജി.ഒ.(ആർ.ടി) നമ്പർ 1852/2021/ആഭ്യന്തരം പ്രകാരം മരം മുറിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടുകളെല്ലാംതന്നെ സർക്കാർ ചുമതലപ്പെടുത്തിയ പ്രസ്തുത സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറിയിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി

7 (*186) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി 39405 വീടുകൾ അനുവദിക്കുകയും അതിൽ 30069 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് . വിശദാംശം അനുബന്ധം * (1) ആയി ചേർത്തിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന പുനരുദ്ധാരണം, പഠനമുറി എന്നീ പദ്ധതികളിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

വകുപ്പ് നിലവിൽ ഭവന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നവർക്ക് ഭവന പൂർത്തീകരണ പദ്ധതി പ്രകാരം 2020-21 വർഷം 10000 വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം അനുവദിച്ചതിൽ 9535 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. അതിൽ 1673 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഠനമുറി പദ്ധതി പ്രകാരം 2017-18 മുതൽ നാളിതുവരെ 25096 പഠനമുറികൾ അനുവദിച്ചിട്ടുണ്ട്. അതിൽ 17643 പഠനമുറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിശദാംശം അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. കൂടാതെ നടപ്പുവർഷം 5000 പുതിയ പഠനമുറികൾ നിർമ്മിക്കുന്നതിന് ജില്ലകൾക്ക് ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ പദ്ധതിപ്രകാരം മുൻഗണനാ ക്രമത്തിൽ ഘട്ടംഘട്ടമായി ധനസഹായം അനുവദിക്കുന്നു. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്ത, ഭവനനിർമ്മാണ ധനസഹായത്തിന് അർഹരായവരെക്കൂടി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം 21749 ഭൂരഹിത/ ഭവനരഹിത കുടുംബങ്ങളെയും 34970 ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങളെയും ലൈഫ് മിഷൻ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണത്തിനായി കേന്ദ്ര സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ.യിൽ മാത്രമാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്.

**ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത**

8 (*187) ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ?

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി 2020-ൽ വിളംബരം ചെയ്ത മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് 2021-ൽ പുനർവിളംബരം ചെയ്യുകയും ആയതിന്റെ കരട് ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്. കൂടാതെ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യഫെഡ്, സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തരം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ

പ്രവർത്തിക്കുന്നു. മത്സ്യഫെഡിന്റെ ' തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് ഗുണമേന്മയോടെ എത്തിക്കുന്നതിന് 'അന്തിപച്ച' എന്ന നാമധേയത്തിൽ തിരുവനന്തപുരത്ത് 3-ഉം, കൊല്ലം ശക്തികുളങ്ങര കോമൺ പ്രീപ്രോസസ്സിംഗ് സെന്റർ കേന്ദ്രീകരിച്ച് 5-ഉം എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഓരോന്ന് വീതവും ഇപ്രകാരം ആകെ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. ഗുണമേന്മയുള്ളതും വൃത്തിയുള്ളതും വിഷരഹിതവുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്ക് എന്ന പദ്ധതി സാഫ് മുഖേന നടപ്പാക്കിവരുന്നു. സി.ഐ.എഫ്.ടി.യുമായി ചേർന്ന് നിർമ്മിച്ച ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ കൊണ്ട് വൃത്തിയുള്ളതും ഗുണമേന്മയുള്ളതുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള 20 കിയോസ്കുകളിൽ 16 കിയോസ്കുകൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി നൽകിക്കഴിഞ്ഞു. കൂടാതെ കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ കൂടി വിതരണം ചെയ്യുന്നു. സംസ്ഥാനത്ത് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചുവരുന്നു. ഇതിനോടകം തന്നെ കേന്ദ്ര/സംസ്ഥാന സർക്കാർ ധനസഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചുകഴിഞ്ഞു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 63.51 കോടി രൂപയുടെ 25 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതോടൊപ്പം 26 മത്സ്യമാർക്കറ്റുകൾകൂടി സ്ഥാപിക്കുന്നതിനായി പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള മത്സ്യവിപണന ശാലകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ചില്ലറ വിൽപ്പനകൾക്കായി ഫിഷറീസ് വകുപ്പ് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

മത്സ്യത്തിൽ മായം ചേർക്കൽ, രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുക, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവിൽപ്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും

ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവിൽപ്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട്. കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള മത്സ്യവിപണന ശാലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക് എന്ന പദ്ധതി സാഫ് മുഖാന്തരം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി ചിൽ റൂം സംവിധാനത്തോടുകൂടിയ ആധുനിക ശുചിത്വപൂർണ്ണ മത്സ്യമാർക്കറ്റുകൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിച്ചുവരുന്നു. കൊല്ലം അഴീക്കൽ തുറമുഖത്ത് 280 ലക്ഷം രൂപ ചെലവിൽ 30 ടൺ പ്രതിദിന ശേഷിയുള്ള ഐസ് പ്ലാന്റ് കം കോൾഡ് സ്റ്റോറേജ് പദ്ധതി നടപ്പാക്കി. ചില്ലറ വിൽപ്പനകൾക്കായി ഫിഷറീസ് വകുപ്പ് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഓൺലൈൻ മത്സ്യവ്യാപാരത്തിന് മത്സ്യഫെഡിന്റെ മൊബൈൽ ആപ്പ് സഹായകരമാണ്.

## മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി

9 (*188) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകൾക്ക് ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ, സി.എൻ.ജി., എൽ.എൻ.ജി. തുടങ്ങിയ ഇന്ധനങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുവാൻ മുൻകയ്യെടുക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

സി.എൻ.ജി., എൽ.എൻ.ജി. ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ നിലവിൽ ഉപയോഗിച്ചുവരുന്നില്ല. ഡീസൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രവത്കൃത

യാനങ്ങൾക്ക് കേന്ദ്രസർക്കാർ സഹായത്താൽ ഡീസൽ സബ്സിഡി അനുവദിച്ചിരുന്നെങ്കിലും തുടർന്ന് കേന്ദ്രസർക്കാർ സബ്സിഡി ബി.പി.എൽ. വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയതിനാൽ കേരളത്തിലെ യാന ഉടമകൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നില്ല.

(ബി) മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും ഉല്പാദന ച്ചെലവിനനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

റോഡ് സെസ് ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണയിലില്ല. കുറഞ്ഞ നിരക്കിൽ ആവശ്യത്തിന് മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര പെട്രോളിയം മന്ത്രിയുമായി ചർച്ച നടത്തുകയും മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. അതനുസരിച്ച് 2018 മുതൽ ഫിഷറീസ് ആവശ്യങ്ങൾക്ക് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള Non subsidized PDS മണ്ണെണ്ണ സംസ്ഥാനത്ത് കൂടുതലായി ലഭ്യമാകുന്നുണ്ട്. സിവിൽ സപ്ലൈസ് മുഖേനയാണ് ടി മണ്ണെണ്ണ വിതരണം ചെയ്തുവരുന്നത്. എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ലിറ്ററിന് 45 രൂപ നിരക്കിലാണ് നിലവിൽ നോൺ സബ്സിഡി പി.ഡി.എസ് മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നത്. 10 hp വരെ 129 ലിറ്റർ 10-ന് മുകളിൽ 15 hp വരെ 136 ലിറ്റർ 15 hp-യ്ക്ക് മുകളിൽ 180 ലിറ്റർ കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ ആവശ്യാനുസരണം മത്സ്യഫെഡ് മുഖേന മണ്ണെണ്ണ ലഭ്യമാക്കുന്നതിനായി അംഗീകൃത മണ്ണെണ്ണ മൊത്ത വിതരണക്കാരുമായും ഓയിൽ കമ്പനികളുമായും ചർച്ച നടത്തിവരുന്നു.

(സി) മത്സ്യബന്ധന ബോട്ടുകൾക്ക് സംസ്ഥാന സർക്കാർ മണ്ണെണ്ണ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യഫെഡ് മുഖേന നൽകി വരുന്നുണ്ട്. സബ്സിഡി തുക ഡി. ബി. റ്റി ആയി ഗുണഭോക്താവിന് നൽകി വരുന്നു. 10 hp വരെ 140 ലിറ്റർ 10-ന് മുകളിൽ 15 hp വരെ 150 ലിറ്റർ 15 hp-യ്ക്ക് മുകളിൽ 190 ലിറ്റർ 2021-22 വർഷ ബഡ്ജറ്റിൽ 56.25 കോടി രൂപ മണ്ണെണ്ണ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്.

## കുട്ടനാട് പാക്കേജ്

10 (*189) ശ്രീമതി ദെലീമ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിന്റെ അനന്തരഫലമായി കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നത് സൃഷ്ടിച്ച ആഘാതംമൂലം ജനജീവിതം ദുരിതത്തിലാക്കിയിരിക്കുന്നത് പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

2018-ലെ പ്രളയത്തിന്റെ അനന്തരഫലമായി കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നത് പരിഹരിക്കുന്നതിനുവേണ്ടി തോടുകളിലെയും നീർച്ചാലുകളിലെയും എക്കലും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ പ്ലാൻ ഫണ്ടിലും NABARD-ലും SDRF പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. കൂടാതെ അപ്പർ കുട്ടനാട്, കുട്ടനാട് മേഖലകളിലുള്ള ജല സ്രോതസ്സുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുള്ള ലീഡിംഗ് ചാനലിന് ആഴം കൂട്ടി പ്രളയ ജലത്തെ കടലിലേയ്ക്ക് ഒഴുക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. തോട്ടപ്പള്ളിയിലെ ലീഡിംഗ് ചാനലിന്റെ പാർശ്വസംരക്ഷണത്തിനുവേണ്ടി 70 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് താഴ്ഭാഗത്ത് 350 മീറ്റർ വീതിയിൽ പൊഴി മുറിച്ച് കടലിലേയ്ക്കുള്ള നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്.

(ബി) കേരള പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ തടസ്സരഹിതമായ നീരൊഴുക്ക് സാധ്യമാക്കാൻ പദ്ധതിയുണ്ടോ?

2018-ലെ പ്രളയാനന്തരം കേരള സർക്കാർ ആവിഷ്കരിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി റൂം ഫോർ റിവർ പദ്ധതിയിൽ തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനൽ നവീകരണം, എ.സി കനാലിന്റെ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവയും കുട്ടനാട് പാക്കേജ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. തോട്ടപ്പള്ളി പുഴയിലൂടെ അധിക പ്രളയജലത്തെ കടലിലേയ്ക്ക് ഒഴുക്കിവിടുക.
2. തോട്ടപ്പള്ളി പൊഴിമുഖത്ത് മണ്ണടിഞ്ഞ് പൊഴിമുഖം അടയുന്നത് തടയുക.
3. ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ 2-ഉം 3-ഉം ഘട്ടങ്ങൾ നടപ്പിലാക്കുക.

4. പ്രളയജലം കുട്ടനാട്ടിലേയ്ക്ക് കടക്കാതെ തോട്ടപ്പള്ളി ലീഡിംഗ് ചാനലിലൂടെ തിരിച്ച് വിടുക. തന്മൂലമുണ്ടാകുന്ന അധികജലം സുരക്ഷിതമായി കടന്നുപോകുന്നതിന് ലീഡിംഗ് ചാനലിന്റെ പാർശ്വഭിത്തിയുടെ ഉയരം കൂട്ടുക. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ IIT-യെ ചുമതലപ്പെടുത്തുകയും 1-3-2021-ൽ ധാരണാപത്രത്തിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനത്തിനായി 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വർഷത്തേയ്ക്കാണ് ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുള്ളത്. പ്രാരംഭപഠനം ചെന്നൈ IIT ആരംഭിച്ചു കഴിഞ്ഞു. അവരിൽനിന്നും വിശദമായ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

(സി) പ്രളയത്തിൽ വേമ്പനാട് കായലിൽ അടിഞ്ഞ എക്കലും ചെളിയും കായലിന്റെ ജലസംഭരണശേഷി കുറച്ചത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

വേമ്പനാട് കായലിലെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനഃസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നടപ്പാക്കിയ പദ്ധതിയാണ് 'വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം'. ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ടുശ്ശേരി, അരുക്കുറ്റി തുടങ്ങിയ 9 പഞ്ചായത്തുകളിലെ കായലിലേയും കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലേയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട പഞ്ചായത്തുകൾ പ്രൊപ്പോസലുകൾ നൽകുകയും ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 50,71,721 രൂപ (അമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുമുണ്ട്.

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും അറിയിക്കാമോ?

2019-20 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 32 കോടി രൂപയുടെ 19 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2020-21 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി ഷെയർ ഡെബിറ്റ് ഉൾപ്പെടെ 17.40 കോടി രൂപയും നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഷെയർ ഡെബിറ്റ് ഉൾപ്പെടെ 29.10 കോടി രൂപയും പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്കീമിൽ 42 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതിൽ 17 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ 7 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. അതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ബാക്കി പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുകയും ചെയ്യുന്നു. 2021-22 ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ 24.7 കോടി രൂപയും നബാർഡിൽ 23.89 കോടി രൂപയും ഇക്കാര്യത്തിനായി വകയിരുത്തിയിട്ടുണ്ട്. അതിൽ പ്ലാൻ സ്കീമിൽ 38 പ്രവൃത്തികളും നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ 5 പ്രവൃത്തികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളിലായി 593 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 511 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി

11 (*190) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

• വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

• നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.

• ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

• കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

• സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

• മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

• കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

• വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

• കാട്ടുപന്നികൾ ജനവാസമേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരുക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ. 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

• വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ. (കൈ)നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

• വന്യജീവി ആക്രമണംമൂലം ജീവഹാനി, പരുക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

• വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

• മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാനതലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് വനാതിർത്തികളിൽ ഫെൻസിംഗ് നടത്തുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ വനമേഖലകളിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന സ്ഥലങ്ങളിൽ ആയത് ലഘൂകരിക്കുന്നതിന്റെ ഭാഗമായി റെയിൽ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, സൗരോർജ്ജവേലി, ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് എന്നീ പദ്ധതികൾ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി സർക്കാർ അംഗീകരിച്ച പദ്ധതി വനം വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) എങ്കിൽ പ്രസ്തുത ഫെൻസിംഗുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനും എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്ന തെന്നറിയിക്കാമോ?

കിഫ്ബി പദ്ധതി പ്രകാരം ചെയ്തിട്ടുള്ള സോളാർ ഫെൻസിംഗ് പ്രവൃത്തികൾക്കാവശ്യമായ സംരക്ഷണ, പരിപാലന പ്രവൃത്തികൾ ബന്ധപ്പെട്ട വനം ഡിവിഷനുകളുടെ നേതൃത്വത്തിൽ തദ്ദേശവാസികളുടെ സഹകരണ ത്തോടെയും പങ്കാളിത്തത്തോടെയും ചെയ്തുവരുന്നുണ്ട്.

(ഡി) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പദ്ധതി തയ്യാറാക്കിവരുന്നു.

### മൈക്രോ ഇറിഗേഷൻ പദ്ധതി

12 (*191) ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ജലസേചനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് വിവിധ പ്ലാൻ പദ്ധതികളിൽ 2021-22 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. വിവിധ പ്ലാൻ പദ്ധതികൾ എല്ലാ ജില്ലകളിലും ആവിഷ്കരിച്ചിട്ടുണ്ട്. ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിക്ക് കീഴിൽ എം.വി.ഐ.പി, പാമ്പാർ എന്നീ പദ്ധതികളിൽ ജലസേചനം വ്യാപിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിക്ക് കീഴിൽ ജലസേചനം വ്യാപിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) ജല ഉപയോഗം ക്രമീകരിക്കുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതി എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ജല ഉപയോഗം ക്രമീകരിക്കുന്നതിന് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ജലത്തിന്റെ ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. 28/05/2021-ലെ കേരള അസംബ്ലിയിൽ ബഹു.ഗവർണർ നടത്തിയ പ്രസംഗത്തിൽ മുൻ മന്ത്രി ശ്രീ.കെ.എം.മാണിയുടെ സ്മരണാർത്ഥം "കെ.എം.മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചർ ആൻഡ് പോളിസി റിസേർച്ചിന്റെ (എൻ.സി.എ.പി.) പഠനം അനുസരിച്ച് കേരളത്തിൽ ഏകദേശം 2.70 ലക്ഷം ഹെക്ടർ പ്രദേശത്ത് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ആയക്കെട്ടുകൾ പരിശോധിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കർഷകരുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു. നിലവിൽ പാലക്കാട് ജില്ലയിലെ എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ മുതലായ പഞ്ചായത്തുകളിൽ റീബിൽഡ് കേരള ഇനിഷ്യറ്റീവ്, സംസ്ഥാന ഫണ്ട് എന്നിവ ഉപയോഗിച്ച് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്നു. കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളിൽ മൂങ്കിൽമട, വലിയേരി നവിതൻകുളം, കരടിപ്പാറ എന്നീ പദ്ധതികൾ ടെണ്ടർ ചെയ്ത് കരാർ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ മൂങ്കിൽമട കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ഏകദേശം 40 ശതമാനത്തോളവും കരടിപ്പാറ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ഏകദേശം 84 ശതമാനത്തോളവും പൂർത്തിയായിട്ടുണ്ട്. മറ്റ് പദ്ധതികളായ വലിയേരി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി, നവിതൻകുളം കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി എന്നിവയുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ അതിച്ചാൽ-മുണ്ടൻകൊല്ലിയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ കുന്നംകാട്ടുപതിയിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കുന്നംകാട്ടുപതി - ചിറ്റൂർ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലെ സിവിൽ പ്രവൃത്തികൾക്കുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി എറണാകുളം, കോഴിക്കോട്, കാസർഗോഡ്, തൃശ്ശൂർ, വയനാട്, ഇടുക്കി എന്നീ ജില്ലകളിലായി 11.86 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടത്തിലാണ്.

## മരം മുറി സംബന്ധിച്ച വനം വകുപ്പിന്റെ നിലപാട്

13 (*192) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാമെന്ന് വ്യക്തമാക്കി 11-3-2020-ന് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ അവ്യക്തതയുണ്ടെന്ന നിലപാട് വനം വകുപ്പ് സ്വീകരിച്ചിരുന്നോ; വ്യക്തമാക്കുമോ?

സ്വീകരിച്ചിരുന്നു. 11-3-2020-ലെ റവന്യൂ വകുപ്പിന്റെ പരിപത്രം അവ്യക്തതയുള്ളതാണെന്നും ബഹു. വനം, റവന്യൂ വകുപ്പ് മന്ത്രിതല സംയുക്ത യോഗനടപടിക്കുറിപ്പുകൾക്ക് അനുസൃതമല്ലായെന്നും അത് നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും ചൂണ്ടിക്കാണിച്ചിരുന്നു.

(ബി) ഈ നിലപാട് വനം വകുപ്പ് കൺസർവേറ്റർ റവന്യൂ വകുപ്പിനെ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ?

11-3-2020-ലെ റവന്യൂ വകുപ്പിന്റെ പരിപത്രം നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് പി.സി.സി.എഫ് (ഫോറസ്റ്റ് മാനേജ്മെന്റ്) അറിയിച്ചിട്ടുള്ള വിവരം റവന്യൂ വകുപ്പിനെ അറിയിച്ചിരുന്നു.

## കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി

14 (*193) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല വിപുലപ്പെടുത്തിയും ഉത്പാദനച്ചെലവ് കുറച്ചും വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വിതരണ ശൃംഖലയെ വിവിധ ഡി.എം.എ.കൾ (District Metered Area) ആക്കി തിരിച്ച് ബൾക്ക് മീറ്റർ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുക, ജലച്ചോർച്ച നിയന്ത്രണത്തിലാക്കുക, വിതരണ ശൃംഖല വ്യാപിപ്പിക്കുക, പരമാവധി ഗാർഹിക കണക്ഷനുകൾ നൽകുക എന്നിവ വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലെ വിതരണം കാര്യക്ഷമമാക്കുന്നതിനും സഹായിക്കും. വരുമാനരഹിത ജലത്തിന്റെ അളവ് നിലവിൽ 40 മുതൽ 50 ശതമാനം വരെയെന്നുള്ളത് 20 ശതമാനമാക്കി കുറയ്ക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) എ. ഡി. ബി. സഹായത്തോടെ നടപ്പിലാക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി ഏതെല്ലാം നഗരങ്ങളിലാണ് നടപ്പിലാക്കുന്നതെന്നറിയിക്കുമോ; പ്രസ്തുത പദ്ധതി കൂടുതൽ നഗരങ്ങളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ എ.ഡി.ബി. സഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. വിദേശ സഹായത്തോടെ നടപ്പിലാക്കേണ്ട പദ്ധതിയായതിനാൽ ഇത് കൂടുതൽ നഗരങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് സ്വമേധയാ തീരുമാനമെടുക്കുവാൻ സാധിക്കുകയില്ല. കേന്ദ്രസർക്കാർ മുഖാന്തരമാണ് സഹായത്തിനായി എ.ഡി.ബി.യെ സമീപിക്കേണ്ടത്. ആയതിന്റെ സാധ്യത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

എ.ഡി.ബി. സഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള വിതരണശൃംഖല ശക്തിപ്പെടുത്തി വിപുലീകരിച്ച് 24x7 മുടങ്ങാതെ കുടിവെള്ളം നൽകുന്നതിനും തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ പഴയ ജല ശുദ്ധീകരണശാലകൾ നവീകരിക്കുന്നതിനുമായി 70:30 എന്ന അനുപാതത്തിൽ 1757.7 കോടി രൂപ വായ്പയായും 753.3 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും 2511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

## പാമ്പുപിടുത്തക്കാർക്ക് ലൈസൻസ്

15 (*194) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായ രീതിയിൽ വിഷപ്പാമ്പുകളെ പിടികൂടുകയും സൂക്ഷിക്കുകയും ചെയ്യുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാമ്പുപിടിത്തക്കാരായ ചില സന്നദ്ധ പ്രവർത്തകർ വേണ്ടത്ര സുരക്ഷാ മുൻകരുതലില്ലാതെ പാമ്പുകളെ പിടികൂടി അപകടകരമായ രീതിയിൽ അവയെ കൈകാര്യം ചെയ്യുന്നതും പൊതുജന മധ്യത്തിലും മാധ്യമങ്ങളിലും പ്രദർശിപ്പിക്കുന്നതായും കണ്ടിട്ടുണ്ട്.

(ബി) മനുഷ്യജീവന് ഭീഷണിയാകുന്ന ഇവയെ പിടികൂടി വനംവകുപ്പിന് കൈമാറുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ജനവാസ മേഖലയിലെത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്ന പ്രക്രിയ കൃത്യവും ഉത്തരവാദിത്തപരവുമായ ഒന്നാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി കേരള വനം വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരള വനം വകുപ്പ് നൽകുന്ന പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പാമ്പുപിടുത്തക്കാർക്ക് മാത്രമേ ജനവാസ മേഖലയിൽ കാണുന്ന പാമ്പുകളെ പിടിക്കുന്നതിന് അനുവാദമുള്ളൂ.

(സി) പാമ്പുപിടുത്തക്കാർക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് 2 ഘട്ടങ്ങളിലായി വനം വകുപ്പ് പരിശീലനം നൽകുകയും ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ സർട്ടിഫൈഡ് പാമ്പുപിടുത്തക്കാരായി അംഗീകരിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11 പ്രകാരം അതത് ജില്ലകളിലെ സാമൂഹ്യ വനവത്കരണം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് നിയമാനുസൃതം പാമ്പുകളെ

പിടിക്കുന്നതിന് അനുമതിയുണ്ട്. ഈ സർട്ടിഫിക്കറ്റിന് 5 വർഷത്തെ കാലാവധിയാണുള്ളത്. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ച പാമ്പുപിടുത്തക്കാർ ഏതെങ്കിലും നിയമവിരുദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടുകയോ സ്വയം പിന്മാറുന്നതിന് അപേക്ഷിക്കുകയോ ചെയ്യുന്ന പക്ഷം അവരുടെ സർട്ടിഫിക്കറ്റ് റദ്ദാക്കാൻ അസി. ഫോറസ്റ്റ് കൺസർവേറ്റർക്ക് (സാമൂഹ്യ വനവത്കരണ വിഭാഗം) അധികാരം ഉണ്ടായിരിക്കുന്നതാണ്. 21 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് മാത്രമേ പാമ്പ് പിടുത്തക്കാരാകുന്നതിന് അർഹതയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട 539 വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകിയതിൽ 318 പേരും പൊതുജനങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചതിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 614 പേർക്ക് പരിശീലനം നൽകിയതിൽ 506 പേരും അടക്കം ആകെ 824 പേർ സർട്ടിഫിക്കറ്റിന് അർഹത നേടിയിട്ടുണ്ട്.

## സാംസ്കാരിക രംഗം ശക്തിപ്പെടുത്താൻ നടപടി

16 (*195) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ ഐക്യം ദുർബലപ്പെടുത്തുവാനുള്ള പ്രവർത്തനം തീവ്രമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നതിന് സാംസ്കാരിക രംഗം ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പരിപാടി സാംസ്കാരികകാര്യ വകുപ്പ് തയ്യാറാക്കിവരികയാണ്. സ്ത്രീസമത്വം, സ്ത്രീസുരക്ഷ തുടങ്ങിയ വിഷയങ്ങളിലെ പ്രചരണ പരിപാടികൾക്കായി ' സമം' എന്ന പേരിൽ ഒരു പരിപാടി ഇതിനകം ആരംഭിച്ചുകഴിഞ്ഞു. വിവിധ യുവജനക്ഷേമ ഏജൻസികളെയും യുവജന സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പ്രചരണ പരിപാടി തയ്യാറാക്കി വരികയാണ്. സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുവെ ജാതി-മത വ്യവസ്ഥകൾക്കതീതമായതും സാമൂഹ്യ ഐക്യത്തിൽ ഊന്നിയതുമാണ്. കേരളത്തിലെ 14 ജില്ലകളിലും

സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു സുപ്രധാന പദ്ധതി സർക്കാർ നടപ്പിലാക്കിവരികയാണ്. ജാതി-മത ഭേദമന്യേ കേരളത്തിന്റെ സാമൂഹിക ഐക്യത്തിനും നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും നിലകൊണ്ട 14 നവോത്ഥാന നായകരുടെ നാമധേയമാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾക്ക് നൽകിയിട്ടുള്ളത്. സാംസ്കാരിക ഡയറക്ടറേറ്റ് മുഖേന 38 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കലാ-സാംസ്കാരിക മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രശസ്തരായ കലാകാരന്മാരുടെ നാമധേയത്തിലുള്ളതും അതത് പ്രദേശത്തെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവയുമാണ്. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ദ്ധരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും പൈതൃകത്തെ സംരക്ഷിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് റൂറൽ ആർട്ട് ഹബ്ബ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ വ്യത്യസ്തങ്ങളായ പാരമ്പര്യ കരകൗശല രൂപങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേരളത്തിലെ കലാ-സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 47 കലാരൂപങ്ങളിൽ കലാപരിശീലനം നൽകിവരുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ നാടൻ കലാരൂപങ്ങളും വിവിധ പാരമ്പര്യ കലകളും ഉൾപ്പെടുന്നുണ്ട്. സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന ഇത്തരം പദ്ധതികളിലൂടെ സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നതിനും സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിനും സാധ്യമാകുന്നുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പയ്യന്നൂർ, തവനൂർ, പാലക്കാട്, വൈക്കം, വെങ്ങാനൂർ എന്നീ അഞ്ച് പ്രധാന കേന്ദ്രങ്ങളിൽ മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികാചരണ പരിപാടിയായ 'രക്തസാക്ഷ്യം' ആചരിക്കുകയും ഉന്നത നിലവാരത്തിലുള്ള രക്തസാക്ഷ്യം സുവനീർ പ്രസിദ്ധീകരിക്കുകയും ചെയ്തു. സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിന് നവോത്ഥാന/മാനവിക ആശയങ്ങൾ ഉൾക്കൊള്ളുന്ന കവിതകൾ കേരള നടനത്തിൽ ചിട്ടപ്പെടുത്തി നവമാധ്യമങ്ങളിലൂടെയും സാംസ്കാരിക വേദിയിലൂടെയും അവതരിപ്പിച്ചുവരുന്നു. ശ്രീനാരായണ ഗുരുവിന്റെ “ ദൈവദശകം” , കുമാരനാശാന്റെ “ ചണ്ഡാല ഭിക്ഷുകി” , ഒ.എൻ.വി.-യുടെ ¨പെങ്ങൾ¨ എന്നീ കാവ്യങ്ങളുടെ രംഗാവിഷ്കാരം അവതരിപ്പിക്കുന്നതിലൂടെ സാമൂഹ്യ ഐക്യത്തിന്റെ സന്ദേശം പ്രചരിക്കുന്നുണ്ട്. സമൂഹത്തിന്റെ പുരോഗതിക്ക് ആക്കംകൂട്ടുന്ന വിധത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള കലാകൃത്തുക്കളെ ഉൾപ്പെടുത്തി കേരള ലളിതകലാ അക്കാദമി കലാക്യാമ്പുകളും എക്സിബിഷനുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച് വരുന്നു. സാമൂഹിക ഐക്യം ഊട്ടി ഉറപ്പിക്കുന്നതിനും

മതനിരപേക്ഷത ശക്തിപ്പെടുത്തുന്നതിനും നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുമുള്ള ശ്രമങ്ങൾ സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. പുസ്തക പ്രസാധനം, ഡോക്യുമെന്ററികൾ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ വിപുലമായ സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നത്. സമൂഹത്തിന്റെ അടിത്തട്ടോളം ചെല്ലുന്ന സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഇന്ത്യയുടെ മതേതരഘടനയേയും ബഹുസ്വരസംസ്കൃതിയേയും സംരക്ഷിക്കാനുള്ള ശ്രമങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമി ചരിത്രം, സംസ്കാരം, ഫോക്ലോർ എന്നീ രംഗങ്ങളിൽ ഗൗരവമേറിയ സെമിനാറുകൾ സംഘടിപ്പിക്കുകയും അതിനുതകുന്ന രീതിയിലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മലയാളം ഭാഷാ പഠനത്തിനായുള്ള കോഴ്സുകൾ, മലയാള സാഹിത്യത്തെയും സംസ്കാരത്തെയും പ്രചരിപ്പിക്കാനുള്ള റേഡിയോ മലയാളം പ്രക്ഷേപണം, ഭാഷാ അഭിമാനം വെളിവാകുന്ന തരത്തിലുള്ള സുവനീറുകൾ എന്നിവയിലൂടെ കേരളത്തിന്റെ സാംസ്കാരിക ഐക്യം മലയാളം മിഷൻ ഊട്ടിയുറപ്പിക്കുന്നു. ഒപ്പം ' പയമേ പണലി' (ഗോത്ര കലാകാരന്മാരെയും എഴുത്തുകാരെയും അവതരിപ്പിക്കുന്ന പരിപാടി), നവോത്ഥാന നാടക പരമ്പര (അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്), കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ തുടങ്ങിയവ റേഡിയോ മലയാളം പ്രക്ഷേപണം ചെയ്തു വരുന്നു. ഇതുവഴി സാമൂഹിക ഐക്യം ഉറപ്പുവരുത്തുന്നു. സമം - സ്ത്രീപക്ഷ കേരളത്തിനായി ' ഷീ റേഡിയോ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ്. ഒപ്പം ലക്ഷദ്വീപിലെ എഴുത്തുകാരനായ ഇസ്മത് ഹുസൈനുമായുള്ള അഭിമുഖം ' എഴുത്തുമുറി' എന്ന പരിപാടിയിലൂടെ റേഡിയോ മലയാളത്തിൽ സംപ്രേക്ഷണം ചെയ്തു. സാഹിത്യ നായകരുടെയും സാംസ്കാരിക പ്രവർത്തകരുടെയും അഭിപ്രായ രൂപീകരണത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനുമുള്ള സാമൂഹികവേദിയായി മലയാളം മിഷൻ മാറിയിട്ടുണ്ട്. ഒരു മാസം നീണ്ടുനിൽക്കുന്ന ' നവോത്ഥാന പ്രഭാഷണ പരമ്പരയിലൂടെ' നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കാനുള്ള ഊർജ്ജിത ശ്രമവും മലയാളം മിഷൻ നടത്തുകയാണ്. വിവിധ കലോത്സവങ്ങൾ, നാടകോത്സവങ്ങൾ, ശില്പശാലകൾ തുടങ്ങിയവ നടത്തുക, കലാ പഠനത്തിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, കലാകാര പെൻഷൻ എന്നിവ ശിപാർശ ചെയ്യുക, അതിലൂടെ കലയെയും കലാകാരന്മാരെയും സാംസ്കാരിക മണ്ഡലത്തെയും ഊർജ്ജസ്വലമാക്കി സമൂഹികപുരോഗതിക്ക് ആക്കം കൂട്ടുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമി

നിർവ്വഹിക്കുന്നുണ്ട്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലിംഗഭേദമന്യേ കലാസാംസ്കാരിക രംഗത്ത് സജീവമാക്കിക്കൊണ്ട് കേരളത്തിന്റെ നവോത്ഥാന ആശയങ്ങൾ പരിചയപ്പെടുത്തുവാൻ വിവിധ പരിപാടികൾ സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പിന് കീഴിലുള്ള കലാകാരന്മാർ സംസ്ഥാനവ്യാപകമായി നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ പാരമ്പര്യ ഗൃഹനിർമ്മാണ രീതിയും ചുമർ ചിത്രരചനയും പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആറന്മുള വാസ്തുവിദ്യാ ഗുരുകുലം നടത്തിവരുന്നത്. ചുമർ ചിത്രരചനയിൽ നവോത്ഥാന ആശയങ്ങൾ വാസ്തുവിദ്യാ ഗുരുകുലം ഉൾക്കൊള്ളിക്കുന്നുണ്ട്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സജീവമായ സാംസ്കാരിക പ്രവർത്തനങ്ങൾ സാധ്യമാക്കിക്കൊണ്ട് രാജ്യത്തിന്റെ മതേതരഘടനയേയും ബഹുസ്വര സംസ്കൃതിയേയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

(ബി) നവോത്ഥാന നായകരുടെ സ്മരണാർത്ഥം എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കാൻ കിഫ്ബി മുഖേന ആരംഭിച്ച പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം ശ്രീനാരായണഗുരു, വി. ടി. ഭട്ടതിരിപ്പാട്, സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കണ്ണൂർ ജില്ലയിൽ സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ നാലു ജില്ലകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം, ഇടുക്കി, വയനാട്, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നടത്തിവരികയാണ്.

(സി) വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സാംസ്കാരിക ഉന്നതതല സമിതി ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ?

സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ സർക്കാരിനെ ഉപദേശിക്കുവാനും കലാസാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആശയാവിഷ്കാരം നടത്തുന്നതിനും സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുന്നതിനുമായി രൂപീകരിച്ചതാണ് സാംസ്കാരിക ഉന്നതസമിതി. സാംസ്കാരിക നയം രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, നിർദ്ദേശങ്ങൾ നൽകുക, കേരളത്തിൽ അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ആവർത്തന ഗ്രാന്റിന് ശിപാർശ ചെയ്യുക, വാർഷിക ധനസഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ധനസഹായത്തുക വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്യുക എന്നിവയാണ് ഉന്നതസമിതിയുടെ പ്രവർത്തനങ്ങൾ. കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നവിധം " സാംസ്കാരിക കേരളം' എന്ന പേരിൽ വിശേഷാൽ പതിപ്പ് സാംസ്കാരിക ഉന്നത സമിതി പുറത്തിറക്കി. വിവിധ സാംസ്കാരിക സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് വൈവിധ്യമാർന്ന പരിപാടികൾ സാംസ്കാരിക ഉന്നത സമിതി സംഘടിപ്പിച്ചുവരുന്നു.

## മത്സ്യോത്പാദനത്തിലെ കുറവ്

17 (*196) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യോത്പാദനം തുടർച്ചയായി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കടൽ മത്സ്യോത്പാദനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഉൾനാടൻ മത്സ്യോത്പാദനം കൂടുന്നതായി കാണുന്നു.

(ബി) എങ്കിൽ ഇതിനുള്ള കാരണം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സമുദ്ര മത്സ്യോത്പാദനം കുറയുന്നതിനുള്ള കാരണങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിക്കുകയും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിനു ശോഷണം സംഭവിക്കുന്നുണ്ട്. ചില കാരണങ്ങൾ മനുഷ്യജന്യവും മറ്റു ചിലവ പ്രകൃതിജന്യവുമാണ്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധി വരെ കാരണമായി മാറിയിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം മത്സ്യബന്ധനം നടക്കാതിരുന്നതും മത്സ്യോത്പാദനത്തിൽ ഗണ്യമായ കുറവുവന്നിട്ടുള്ളതിന് കാരണമാണ്. അത്തരം കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉത്പാദനം കുറയുന്നത് തടയാൻ നടപടികളും സ്വീകരിച്ചുവരുന്നു. ചെറുമീനുകളെ പിടിക്കുന്നത് വിഭവശോഷണത്തിന് കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് കർശനമായി നടപ്പാക്കുകയും ചെയ്തുവരുന്നുണ്ട്. നിയമവിരുദ്ധവും റിപ്പോർട്ട് ചെയ്യാത്തതും അശാസ്ത്രീയവും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം ഇല്ലാതാക്കുന്നതിന് KMFR ആക്ട് ഭേദഗതി ചെയ്യുകയും പുതിയ KMFR റൂൾ നടപ്പിലാക്കുകയും ചെയ്തു. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടിക്കെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്.

(സി) മത്സ്യോത്പാദനം തുടർച്ചയായി കുറഞ്ഞുവരുന്നത് ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരെ പ്രതികൂലമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) മത്സ്യോത്പാദനം കുറഞ്ഞുവരുന്ന സാഹചര്യം പ്രത്യേകം പഠനവിധേയമാക്കുവാൻ വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

മത്സ്യോത്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടിലെ ക്രമക്കേട്

18 (*198) ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ടുമായി ബന്ധപ്പെട്ട് വ്യാപക ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങളിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ ഫണ്ടുമായി ബന്ധപ്പെട്ട് ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരത്ത് പട്ടികജാതി ഫണ്ട് തട്ടിപ്പ് പിടികൂടിയതിന് ശേഷം മലപ്പുറത്തും സമാനമായ രീതിയിൽ പട്ടികജാതി ഭവന ഫണ്ടിൽ നിന്നും 37.5 ലക്ഷം രൂപയുടെ തട്ടിപ്പ് നടന്നത് ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്. ക്രമക്കേടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം സസ്പെന്റ് ചെയ്യുകയും പ്രമോട്ടർമാരെ തൽസ്ഥാനത്തുനിന്ന് നീക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കൂടാതെ കഴിഞ്ഞ 10 വർഷക്കാലയളവിൽ തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്?

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഓഫീസുകളിൽ പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിച്ചിരുന്നുവെന്നത് സംബന്ധിച്ച് വകുപ്പുതല ഓഡിറ്റ്/വകുപ്പുതല വിജിലൻസ് വിഭാഗങ്ങൾ പരിശോധനകൾ നടത്തിയിരുന്നു.

ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള വിഷയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് വകയിരുത്തുന്ന ഫണ്ട് സുതാര്യവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നിരവധി പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുകളിലുള്ള നിയന്ത്രണ ഉദ്യോഗസ്ഥരുടെ മേൽനോട്ടവും പരിശോധനയുമാണ് പ്രാഥമിക സംവിധാനം. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ആനുകൂല്യം നേരിട്ടെത്തിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പൂർണ്ണമായി നടപ്പിലാക്കിയതോടെ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പ് വരുത്താനായി. വകുപ്പ് പട്ടികവർഗ്ഗ മേഖലകളിൽ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുന്നതിനും സുതാര്യമാണെന്ന് ഉറപ്പുവരുത്തുന്നതിനും ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായുള്ള ജില്ലാതല മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന്റെ ആഭ്യന്തര പരിശോധനാ സംവിധാനവും ധനകാര്യ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങളും ഈ വകുപ്പിന്റെ ഫണ്ട് വിനിയോഗം സുതാര്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ട്. ഇതിനുപുറമേ അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക കണക്ക് പരിശോധനയും കൃത്യമായി നടത്തിയിട്ടുണ്ട്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന ഓഫീസുകളിൽ കൂടുതൽ കാര്യക്ഷമമായി വകുപ്പുതല ഓഡിറ്റ് നടത്തുന്നതിനും, വീഴ്ച കണ്ടെത്തുന്ന പക്ഷം യഥാസമയം തുടർനടപടികൾ സ്വീകരിച്ച് പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെ പദ്ധതികൾ യഥായോഗ്യവും, അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭ്യമാകുന്നതെന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ഉന്നതതല പരിശോധന ബന്ധപ്പെട്ട ഓഫീസുകളിൽ നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. വകുപ്പിന്റെ ആഭ്യന്തര പരിശോധനകൾ ശക്തിപ്പെടുത്തുന്നതിനും ഡയറക്ടറേറ്റ് തലത്തിൽ വിജിലൻസ് സെൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. സോഷ്യൽ ഓഡിറ്റിംഗിന്റെ സാധ്യതകൂടി പരിശോധിച്ചുവരികയാണ്.

## ഉൾനാടൻ മത്സ്യബന്ധനം

19 (*199) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധന മേഖലയിലെ വിഭവശോഷണം കണക്കിലെടുത്തും ഉൾനാടൻ മത്സ്യമേഖലയിലെ തൊഴിൽ സാധ്യത കണക്കിലെടുത്തും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ആഴക്കടൽ മത്സ്യബന്ധന മേഖലയിലെ വിഭവശോഷണം കണക്കിലെടുത്തും ഉൾനാടൻ മത്സ്യമേഖലയിലെ തൊഴിൽ സാധ്യത കണക്കിലെടുത്തും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം പ്രോത്സാഹിപ്പിച്ച് ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതനുസരിച്ച് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ' ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം' (റാഞ്ചിംഗ് പദ്ധതി), റിസർവോയറുകളിൽ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോഗ്രാം (KRFDP)-ന്റെ ഭാഗമായി 150 ലക്ഷം രൂപയുടെ റിസർവോയർ പദ്ധതി എന്നിവ നടപ്പിലാക്കുന്നു.

(ബി) ജനപ്രിയ മത്സ്യങ്ങളുടെ കൃഷി വികസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പൊതു-സ്വകാര്യ ജലാശയങ്ങളിലെല്ലാം മത്സ്യം വളർത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. ജനപ്രിയ മത്സ്യ ഇനങ്ങൾ ഉൾപ്പെടെയുള്ളവയുടെ മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പൊതു-സ്വകാര്യ ജലാശയങ്ങളിലെല്ലാം മത്സ്യം വളർത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യകൃഷി വികസനത്തിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം 61.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു.

(സി) ഉൾനാടൻ മത്സ്യക്കൃഷിയിലെ പ്രധാന പ്രശ്നമായ ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ പദ്ധതിയുണ്ടോ; ഉത്പാദനത്തോടൊപ്പം ഉൾനാടൻ മത്സ്യവിപണി ഉറപ്പാക്കാനും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കേരളത്തിൽ മത്സ്യക്കൃഷിയുടെ പ്രധാന പരിമിതി ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ അഭാവമാണ്. മത്സ്യവിത്തുകളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷറീസ് ഫാമുകൾ, ഹാച്ചറികൾ, അക്വോറിയങ്ങൾ എന്നിവയുടെ നടപ്പ് സാമ്പത്തിക വർഷത്തെ മത്സ്യക്കുഞ്ഞുത്പാദന പ്രവത്തനങ്ങളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണമേന്മയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഹാച്ചറികളുടെ നവീകരണവും പുതിയവയുടെ നിർമ്മാണത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മത്സ്യരോഗ നിയന്ത്രണവും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധനാ രീതികൾ അവലംബിക്കുന്നതിനുമായി സംസ്ഥാനത്താദ്യമായി അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ഹാച്ചറികളുടെയും ഫാമുകളുടെയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന മത്സ്യവിത്തുകേന്ദ്രം കൊല്ലം ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചു. ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപയോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു.

## പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനം

20 (*200) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി(ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പരിപാടികൾ എന്തെല്ലാമാണ്?

സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഒ.ഇ.സി പ്രീമെട്രിക് ധനസഹായം
2. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS)
3. ഒ.ഇ.സി പോസ്റ്റ് മെട്രിക് ധനസഹായം
4. ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS)
5. ഓവർസീസ് സ്കോളർഷിപ്പ്
6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം
7. അഡ്വക്കേറ്റ് ഗ്രാന്റ്
8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾ കിറ്റിനുമുള്ള ധനസഹായം
9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം
10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം
11. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം
12. വിശ്വകർമ്മജർക്കുള്ള പെൻഷൻ
13. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി.

വിശദാംശങ്ങൾ അനുബന്ധം * ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്കായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നറിയിക്കാമോ?

പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക-വിദ്യാഭ്യാസ-സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC)-ന്റെ ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ദേശീയ മത ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC)-ന്റെ ഫണ്ടും വിനിയോഗിച്ച് മതന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ഫണ്ടുപയോഗിച്ച് ശുചീകരണ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(സി) കോർപ്പറേഷന്റെ പ്രവർത്തനം ഏകീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ടെങ്കിൽ അറിയിക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ മത ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ദേശീയ ഏജൻസികളുടെ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി ഉപഭോക്താക്കളിലെത്തിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## ഉൾനാടൻ മത്സ്യവിഭവ സംരക്ഷണം

21 (*201) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ഉപഭോഗം കൂടിവരുന്ന സാഹചര്യത്തിൽ ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനായി നിയമവിരുദ്ധ മത്സ്യബന്ധനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സംസ്ഥാന ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ സുസ്ഥിര വികസനം, മാനേജ്മെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, ഉപയോഗപ്പെടുത്തൽ എന്നിവയ്ക്കും മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യങ്ങളെയും മറ്റ് ജലജീവികളേയും ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും ആയതിനനുസരിച്ചുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളും രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) നിയമം ഓർഡിനൻസായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനായി നിയമവിരുദ്ധ മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ് നടത്തിവരുന്നു. പട്രോളിംഗ് വഴി മത്സ്യസമ്പത്തിന്റെ സുസ്ഥിരതയ്ക്ക് കോട്ടം വരുത്തുന്ന നിരോധിത മത്സ്യബന്ധന പ്രവർത്തനങ്ങൾ, പൊതുജലാശയങ്ങളിലെ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ തടയാൻ കഴിയുന്നതാണ്. ഇതിനായി പട്രോളിംഗ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. മാത്രവുമല്ല, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഊന്നി/ചീന വലകൾ നീക്കം ചെയ്യുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) മത്സ്യവിഭവങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷിത മേഖലകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കരിമീൻപോലെയുള്ള തനത് മത്സ്യങ്ങളുടെ പ്രജനനത്തിനും സംരക്ഷണത്തിനും സംരക്ഷിത മേഖലകൾ അനിവാര്യമാണ്. ജലമലിനീകരണം, ജലാശയങ്ങളിലെ മത്സ്യബന്ധന പ്രവർത്തനങ്ങൾ എന്നിവ കരിമീൻപോലെയുള്ള മത്സ്യങ്ങളുടെ മുട്ട നശിച്ചുപോകാൻ കാരണമാകുന്നു. ആയതിനാൽ 8-12 ppt ലവണത്വമുള്ളതും മിതമായ ജലമൊഴുക്കുള്ളതും 1 മീറ്റർ ആഴമുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി മത്സ്യസംരക്ഷണ മേഖലകളാക്കാവുന്നതാണ്.

ആയതനുസരിച്ച് മത്സ്യവിഭവങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷിത മേഖലകൾ സ്ഥാപിക്കുക, നശിച്ചുപോയ ആവാസ വ്യവസ്ഥകളെ പുനഃസ്ഥാപിക്കുക എന്നീ ലക്ഷ്യത്തോടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. ഇത്തരം സംരക്ഷിത മേഖലകളുടെ ഭാഗത്ത് എല്ലാ വിധത്തിലുള്ള മത്സ്യബന്ധന പ്രവർത്തനവും നിരോധിച്ചിട്ടുണ്ട്. വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി അഷ്ടമുടി, വേമ്പനാട് കായലുകളിൽ കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന 25 മത്സ്യ സംരക്ഷിത പ്രദേശങ്ങളും 25 കറുത്ത കക്ക സംരക്ഷിത പ്രദേശങ്ങളും സൃഷ്ടിച്ചുവരുന്നു.

(ഡി) ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ കണ്ടൽക്കാടുകളുടെ പ്രാധാന്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കണ്ടൽക്കാടുകൾ മത്സ്യത്തിന്റെ പ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനും സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ചെമ്മീൻ ഉൾപ്പെടെയുള്ള പലതരത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയ്ക്ക് സ്വതന്ത്രമായി വിഹരിക്കുന്നതിനും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നു. കൂടാതെ പ്രകൃതിക്ഷോഭങ്ങളിൽനിന്നും ഒരു പരിധിവരെ തീരത്തെ സംരക്ഷിക്കുകയും ചെയ്യുന്നു. വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി വേമ്പനാട്, അഷ്ടമുടി കായലുകളുടെ തീരത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനം

22 (*202) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ശരാശരി പ്രതിശീർഷ വരുമാനം സംസ്ഥാനത്തെ ശരാശരി പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമായതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവജനങ്ങളെ വികസന മുഖ്യധാരയിലെത്തിക്കുന്നതിന് പരിപാടിയുണ്ടോ?

ഉണ്ട്. വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് 'വിദ്യാതീരം' എന്ന തുടർ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ 'വിദ്യാതീരം' പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്-നും 84 പേർക്ക് ഇതര പ്രൊഫഷണൽ കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ സിവിൽ സർവ്വീസ്, ബാങ്ക് ടെസ്റ്റ്, പി.എസ്.സി കോച്ചിംഗ് എന്നിവയിൽ 357 പേർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാ തീരം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സാഫ് മുഖേന നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വ വികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന ഫിനിഷിംഗ് സ്കൂൾ, തീരനൈപുണ്യ എന്നീ പദ്ധതി പ്രകാരം ഇതുവരെ 1706 മത്സ്യത്തൊഴിലാളി യുവതികൾക്ക് പരിശീലനം നൽകുകയും ഇതിനായി ആകെ 239.91 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പരിശീലനം പൂർത്തിയാക്കിയ യുവതികൾക്ക് കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (എൻ.ഐ.ഡബ്ല്യൂ.എസ്) മുഖേന 900 പേർക്ക് പരിശീലനം നൽകി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ട്രെയിനിംഗ്

കാലാവധി 60 ദിവസമാണ്. ഇവർക്ക് ടൂറിസം, റിസോർട്ടുകൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇന്ത്യയിലും വിദേശത്തും ജോലി സാധ്യതകളുണ്ട്. ഇതുമൂലം മത്സ്യത്തൊഴിലാളി യുവജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സാധിക്കുന്നതാണ്. നിലവിൽ 612 പേരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തെല്ലാമാണ്?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും വിധേയമായിട്ടാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാൻറ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകിവരുന്നു. പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം യഥാസമയം നൽകുന്നതിന് ഇ-ഗ്രാന്റ്സ് സംവിധാനം പ്രയോജനപ്പെടുത്തുന്നു.

(സി) വിദ്യാതീരം പദ്ധതിയിലൂടെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ മികവ് കൈവരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2015-16 മുതൽ 2020-21 വരെ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 331 പേരിൽ 49 പേർക്ക് എം.ബി.ബി.എസ്-നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം വിദ്യാതീരം പദ്ധതിക്ക് 13 കോടി രൂപയും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ പദ്ധതി ഇതര ശീർഷകത്തിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## ജലസേചന പദ്ധതികൾ

23 (*203) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങളായി നിർമ്മാണം പൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

(എ&ബി) കാരാപ്പുഴ, ബാണാസുരസാഗർ, ഇടമലയാർ എന്നീ ജലസേചന പദ്ധതികളും മൂവാറ്റുപുഴ വാലി പദ്ധതിയുടെ കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെ നിർമ്മാണവും പൂർത്തീകരിക്കാനുണ്ട്. പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ മെമ്പർ ചെയർമാനായി രൂപീകരിച്ച സാങ്കേതിക കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ

24 (*204) ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തെറ്റായ നയംമൂലം സംജാതമാകുന്ന മത്സ്യലഭ്യതക്കുറവും മത്സ്യബന്ധന മേഖലയിലെയും അനുബന്ധ മേഖലയിലെയും തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി മുൻ സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ കരട് മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ 2019-മായി ബന്ധപ്പെട്ട് മുൻ സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിച്ച നിർദ്ദേശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രസ്തുത നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ദേശീയ മത്സ്യനയത്തിൽ ഉചിതമായ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ദേശീയ മത്സ്യനയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിക്കുന്ന നിർദ്ദേശങ്ങൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

(സി) കേന്ദ്രത്തിന്റെ കോർപ്പറേറ്റ്-സ്വകാര്യവത്കരണത്തിന്റെ ഫലമായി ആഴക്കടലിലെ പല മത്സ്യവിഭവങ്ങളും അമിത ചൂഷണത്തിനിരയാകുകയും സമുദ്രമേഖലയിലെ മത്സ്യബന്ധനം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നത് മത്സ്യമേഖലയിൽ വരുംനാളുകളിൽ വലിയ പ്രതിസന്ധിക്കിടയാക്കുമെന്ന് കരുതുന്നുണ്ടോ?

ആഴക്കടലിൽ വിദേശ ട്രോളറുകൾക്കും കോർപ്പറേറ്റുകളുടെ മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധനം നടത്താൻ സഹായകമായ LOP കേന്ദ്രസർക്കാർ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. ആയതിനാൽ ആഴക്കടലിലെ മത്സ്യവിഭവങ്ങളുടെ അമിത ചൂഷണം ഒരു പരിധിവരെ നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി ഫിഷറീസ് വകുപ്പും മത്സ്യഫെഡ്, മത്സ്യബോർഡ്, സാഫ് എന്നീ ഏജൻസികളും ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം* ആയി ചേർക്കുന്നു.

### ഡാമുകളിലെ മണ്ണ് നീക്കം ചെയ്യൽ

25 (*205) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ഡാമുകളിൽ മണ്ണും ചെളിയും കെട്ടിക്കിടക്കുന്നതിനാൽ സംഭരണ ശേഷിയിൽ വലിയ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കേരളത്തിലെ വിവിധ ജലസംഭരണികളുടെ സംഭരണശേഷി നിർമ്മാണ സമയത്തുണ്ടായിരുന്നതിനെക്കാളും ഏകദേശം 40% വരെ കുറവ് വന്നിട്ടുള്ളതായിട്ടാണ് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ളത്.

(ബി) എങ്കിൽ ഡാമുകളിൽനിന്ന് മണ്ണും ചെളിയും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. മംഗലം ഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നുവരുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കുകയും റീ-ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിക്കുകയും അപ്രകാരം ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള മറ്റ് ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിനാവശ്യമായി നടപടികൾ പുരോഗമിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ ഉന്നമനം

26 (*206) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എം. മണി:
ശ്രീമതി ശാന്തകുമാരി. കെ.:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ പര്യാപ്തമാണോ എന്നറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും അനുയോജ്യമായ വിവിധങ്ങളായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പദ്ധതികളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) അവിവാഹിത അമ്മമാരെ വിധവകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഇക്കാര്യത്തിൽ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) ഇത്തരം യുവതികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും സർക്കാർ സർവ്വീസ് കരസ്ഥമാക്കുന്നതിനും ആവശ്യമായ പരിശീലനവും പഠന സൗകര്യങ്ങളും സ്ഥിരമായി ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

അവിവാഹിതരായ അമ്മമാർക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## മിമി ഫിഷ് മൊബൈൽ ആപ്ലിക്കേഷൻ

27(*207) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പ് മുഖാന്തരം മത്സ്യ ഉത്പന്നങ്ങളുടെ ഓൺലൈൻ വിൽപ്പനയ്ക്കായി മിമി ഫിഷ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത ആപ്പിലൂടെ ഉത്പന്നങ്ങളെ സംബന്ധിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

തീരദേശ വികസന കോർപ്പറേഷന്റെ കൊല്ലത്തെ ഫിഷ് പ്രോസസ്സിംഗ് സെന്റർ കേന്ദ്രീകരിച്ച് മത്സ്യ ഉത്പന്നങ്ങൾ ഓൺലൈനായി പരീക്ഷണാടിസ്ഥാനത്തിൽ മൊബൈൽ ആപ്പിലൂടെ വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ആപ്പിലൂടെ അതത് ദിവസം ലഭ്യമായിട്ടുള്ള മത്സ്യത്തിന്റെ ഇനം, അവയുടെ വിലവിവര പട്ടിക, തൂക്കം, മൂല്യവർദ്ധിത നടപ്പിലാക്കിയ യൂണിറ്റിന്റെ വിശദവിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഒരു നൂതന സംരംഭം എന്ന നിലയിൽ സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൂടാതെ മേഖലയിൽ പ്രവൃത്തി പ്രാവീണ്യമുള്ള ശ്രീ. റോയി. വി. നാഗേന്ദ്രൻ, ഓപ്പറേറ്റർ ആയി നിയോഗിച്ചുകൊണ്ട് സംയുക്തമായി ഒരു വർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി കരാർ ഉടമ്പടി വച്ചിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആരംഭിക്കുന്നതെന്നും പദ്ധതിയിലൂടെ എന്തെല്ലാം മത്സ്യ ഉത്പന്നങ്ങളാണ് ഓൺലൈനായി വിൽപ്പന നടത്തുന്നതെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കൊല്ലം ജില്ല കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. അതത് ദിവസം ലഭ്യമാകുന്ന മത്സ്യങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണനം ചെയ്യാനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ വിജയസാധ്യത കണക്കിലെടുത്ത് സമീപ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) മിമി ഫിഷിലൂടെ വിതരണം ചെയ്യുന്ന ഉത്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തീരദേശ വികസന കോർപ്പറേഷന്റെ ശക്തികുളങ്ങര ആസ്ഥാനമാക്കിയുള്ള ഫിഷ് പ്രോസസ്സിംഗ് സെന്ററിൽ നിന്നാണ് നിലവിൽ ഉത്പാദിപ്പിക്കുന്നത്. പ്രസ്തുത പ്രോസസ്സിംഗ് സെന്ററുകളുടെ രൂപകൽപ്പന ICAR-CIFT-ന്റെ മാനദണ്ഡവും നിർദ്ദേശവും അനുസരിച്ചാണ് പൂർത്തീകരിച്ച് പരിപാലിക്കുന്നത്. കൂടാതെ ഉത്പാദിപ്പിക്കപ്പെടുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഗുണമേന്മ ഉടമ്പടി പ്രകാരം ICAR-CIFT-ന്റെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

(ഇ) പ്രസ്തുത പദ്ധതിയിൽ ഉത്പന്നങ്ങൾ ഓൺലൈനായി ഡെലിവറി നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന് ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ തീരദേശ വികസന കോർപ്പറേഷൻ, ICAR-CIFT, ഓപ്പറേറ്റർ എന്നിവർ സംയുക്തമായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

## ആരോപണ വിധേയനായ ഫോറസ്റ്റ് കൺസർവേറ്റർക്കെതിരെ നടപടി

28 (*208) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി സംഭവത്തിൽ ആരോപണങ്ങൾ നേരിട്ട ഫോറസ്റ്റ് കൺസർവേറ്ററെ സസ്പെൻഡ് ചെയ്യാൻ അന്വേഷണ സംഘം ശിപാർശ ചെയ്തിട്ടുണ്ടോ?

ഇല്ല.

(ബി) വയനാട്ടിൽനിന്നും മുറിച്ച് പെരുമ്പാവൂരിലേയ്ക്ക് കടത്തിയ മരങ്ങൾ പിടിച്ചെടുത്ത മേപ്പാടി റേഞ്ച് ഓഫീസറെ കുടുക്കാനും അന്വേഷണം വഴിതെറ്റിക്കാനും പ്രസ്തുത ഫോറസ്റ്റ് കൺസർവേറ്റർ ശ്രമിച്ചെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

മരംമുറി സംബന്ധിച്ച എല്ലാ വിഷയങ്ങളും സർക്കാർ നിയോഗിച്ച അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം എന്നിവർ സമഗ്രമായ അന്വേഷണം നടത്തിവരുന്നുണ്ട്. അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

## പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനത്തിന് ധനസഹായം

29 (*209) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് സംഘടിത മേഖലയിൽ ജോലി ലഭിക്കുന്നതിനായി അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നടത്തുന്നതിന് ധനസഹായ പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗങ്ങൾക്ക് സംഘടിത മേഖലയിൽ ജോലി ലഭിക്കുന്നതിനായി അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നടത്തുന്നതിന് ധനസഹായ പദ്ധതി നിലവിലില്ല. എന്നാൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ മുഖാന്തരം വിവിധ ട്രേഡുകളിൽ സാങ്കേതിക പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കുന്ന പട്ടികജാതി യുവതി-യുവാക്കൾക്ക് സംഘടിത/ അസംഘടിത മേഖലകളിൽ തൊഴിൽ ലഭിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പരിശീലന പദ്ധതികളിലൂടെ പഠനം പൂർത്തിയാക്കുന്നവർക്ക് വിദേശ രാജ്യത്തുൾപ്പെടെ തൊഴിൽ ലഭ്യമാകുന്നുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സഹായത്തോടെ പട്ടികജാതി വിഭാഗങ്ങൾക്കായി സംരംഭകത്വ വികസന പരിശീലനത്തിന് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ട്അപ് ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ട്അപ് മിഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ താഴെ പറയുന്നവയാണ്.

1) മണ്ണന്തല അംബേദ്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം.

2) പ്രത്യേകമായി തയ്യാറാക്കിയ ഇങ്കുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ.

3) പട്ടികജാതി വിഭാഗക്കാരായ സംരംഭകർക്ക് പലിശരഹിത സീഡ് ഫണ്ട്.

4) ഉത്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉത്പന്നം വികസിപ്പിക്കുന്നതിനും മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവയും ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്.

(സി) വിദേശത്ത് തൊഴിലവസരങ്ങൾ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായ പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി യുവതി-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാസംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠനം പൂർത്തിയാക്കി വിദേശത്ത് പ്ലേസ്മെന്റ് കരസ്ഥമാക്കുന്ന പട്ടികജാതി യുവജനങ്ങൾക്ക് വിസാ/യാത്രാ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിച്ചുവരുന്നു.

**ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ**

30 (*210) <u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടന്ന പ്രവർത്തനങ്ങളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ശബരിമല വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് അതുമായി ബന്ധപ്പെട്ട് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ലേ-ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയ നിലയ്ക്കലിലെ ലേ ഔട്ട് പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരം 2015-16 മുതൽ ശബരിമലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 62.73 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. വനം വകുപ്പുമായി നിലനിൽക്കുന്ന ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ യോഗങ്ങളും നടത്തിയിരുന്നു.

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഹൈ പവർ കമ്മിറ്റികൾ യഥാസമയം ചേരുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

ഹൈ പവർ കമ്മിറ്റികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം കൂടിയിട്ടുണ്ട്.

(സി) വകുപ്പുതല യോഗങ്ങളും ഹൈ പവർ കമ്മിറ്റികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേരുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വകുപ്പുതല യോഗങ്ങളും ഹൈ പവർ കമ്മിറ്റികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം നടത്തിവരുന്നുണ്ട്. ശബരിമല മഹോത്സവത്തിന് മുന്നോടിയായി മന്ത്രിതലത്തിൽ തന്നെ അനവധി യോഗങ്ങൾ നടത്തിക്കഴിഞ്ഞു.

(ഡി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി തീർത്ഥാടകർക്ക് മണ്ഡല മഹോത്സവം ആയാസരഹിതമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനും വിശ്രമം, കുടിവെള്ളമുൾപ്പെടെയുള്ള പ്രാഥമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യത്തിനും വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ ബഹുമാനപ്പെട്ട ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും ആരോഗ്യം, പൊതുമരാമത്ത്, ടൂറിസം, ഗതാഗതം, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റിനെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ യോഗങ്ങൾ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭൂരഹിതരായ പട്ടികജാതിക്കാരെ സഹായിക്കാൻ പദ്ധതി

1(2036) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതിക്കാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. കൂടാതെ ലൈഫ് പദ്ധതിയിലൂടെ പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്ക് മുൻഗണനാക്രമത്തിൽ വീടുകളും അനുവദിച്ചുവരുന്നു.

(ബി) പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

നിലവിൽ ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാർക്ക് വകുപ്പ് മുഖേന ദുർബല പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വാങ്ങാൻ ധനസഹായം നൽകിവരുന്നുണ്ട്.

## കൽപ്പറ്റയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭവനം

2(2037) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ?

2273 ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുണ്ട്.

(ബി) കഴിഞ്ഞ സർക്കാർ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആദിവാസി കുടുംബങ്ങൾക്കായി എത്ര വീടുകൾ നിർമ്മിച്ചുനൽകിയെന്ന് വ്യക്തമാക്കാമോ?

1034 പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഭവനം നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ പ്രസ്തുത നിയോജകമണ്ഡലത്തിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്വന്തമായി ഭൂമിയില്ലാത്ത 905 കുടുംബങ്ങൾ നിലവിലുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.:

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | കൽപ്പറ്റ മുനിസിപ്പാലിറ്റി | 79 |
| 2 | മേപ്പാടി | 13 |
| 3 | മൂപ്പൈനാട് | 1 |

| | | |
|---|---|---|
| 4 | കണിയാമ്പറ്റ | 289 |
| 5 | മുട്ടിൽ | 65 |
| 6 | പൊഴുതന | 17 |
| 7 | വൈത്തിരി | 2 |
| 8 | പടിഞ്ഞാറേത്തറ | 91 |
| 9 | തരിയോട് | 60 |
| 10 | കോട്ടത്തറ | 160 |
| 11 | വെങ്ങപ്പള്ളി | 128 |
| | ആകെ | 905 |

## പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ

3 (2038) <u>ശ്രീ. എ. പ്രഭാകരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിച്ചുവരുന്നത്. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങിനൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും ചില പ്രത്യേക സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങളും മറ്റ് നടപടിക്രമങ്ങളും വിശദമായി അറിയിക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ ഭവനരഹിതർ

4 (2039) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി/വർഗ്ഗ കുടുംബങ്ങളാണുള്ളത്; ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്ര; വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഭവനരഹിതരായ 568 പട്ടികജാതി കുടുംബങ്ങളും 59 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. ഭൂരഹിത/ഭവനരഹിതരായ 272 പട്ടികജാതി കുടുംബങ്ങളും 30 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്. പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| ആലത്തൂർ | 3 | - |
| എരിമയൂർ | 9 | - |
| കിഴക്കഞ്ചേരി | 22 | 3 |
| കുഴൽമന്ദം | 57 | - |
| മേലാർകോട് | 68 | - |
| തേങ്കുറിശ്ശി | 9 | - |
| വണ്ടാഴി | 104 | 27 |
| ആകെ | 272 | 30 |

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ പദ്ധതി മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

184 പട്ടികജാതി കുടുംബങ്ങളും 8 പട്ടികവർഗ്ഗ കുടുംബങ്ങളും ലൈഫ് മിഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര എസ്.സി./എസ്.റ്റി. കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുവെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

59 പട്ടികജാതി കുടുംബങ്ങളുടെയും 19 പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

| പഞ്ചായത്ത് | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| ആലത്തൂർ | 2 | - |
| എരിമയൂർ | 12 | - |
| കിഴക്കഞ്ചേരി | 5 | 17 |
| കുഴൽമന്ദം | 6 | - |
| മേലാർകോട് | 3 | - |
| തേങ്കുറിശ്ശി | 21 | - |
| വണ്ടാഴി | 10 | 2 |
| ആകെ | 59 | 19 |

**ഭവന പദ്ധതി**

5 (2040) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അനുവദിച്ച വീടുകൾ എത്ര; അതിൽ പിറവം നിയോജക മണ്ഡലത്തിൽ മാത്രം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; പണി പൂർത്തീകരിച്ചതെത്രയെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ആകെ 8764 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ പിറവം നിയോജകമണ്ഡലത്തിൽ 27 വീടുകൾ അനുവദിച്ചതിൽ 5 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങൾക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ അനുവദിച്ച വീടുകൾ എത്ര; വിശദമാക്കാമോ?

ലൈഫ് പദ്ധതിയിലല്ലാതെ വീട് അനുവദിച്ചുനൽകിയിട്ടില്ല.

(സി) നിലവിൽ പിറവം നിയോജകമണ്ഡലത്തിൽനിന്നും ഭവന നിർമ്മാണത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; നിലവിലെ സ്ഥിതി അറിയിക്കാമോ?

നിലവിൽ ഭവനനിർമ്മാണത്തിന് അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

**ഭവനനിർമ്മാണ പാക്കേജ്**

6 (2041) ശ്രീമതി ശാന്തകുമാരി. കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിപ്രകാരം എസ്.ടി. വിഭാഗക്കാർക്ക് 6 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് നൽകിവരുന്നതുപോലെ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്ക് വീട് വയ്ക്കുന്നതിന് അനുവദിക്കുന്ന തുക 6 ലക്ഷമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

2018-ലെ പ്രളയക്കെടുതിയിൽ വയനാട് ജില്ലയിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാരിൽ വീട് നിർമ്മാണത്തിന് അർഹരായിട്ടുള്ള 190 ഗുണഭോക്താക്കൾക്ക് ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ടിൽനിന്നും അനുവദിക്കുന്ന 4 ലക്ഷം രൂപയ്ക്കുപുറമെ രണ്ട് ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽ 2019-20 വർഷം വകയിരുത്തിയ തുകയിൽനിന്നും കണ്ടെത്തി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ട, സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ടിൽനിന്നും അനുവദിക്കുന്ന 4 ലക്ഷം രൂപയ്ക്കുപുറമെ രണ്ട് ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽനിന്നും അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പ്രസ്തുത പാക്കേജ് പ്രകാരം പാലക്കാട് ജില്ലയിൽ ലഭിച്ച അപേക്ഷകളുടെ കണക്ക് വ്യക്തമാക്കാമോ?

195 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

**പിറവം മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ**

7 (2042) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ 261 പട്ടികജാതി കുടുംബങ്ങളുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് പിറവം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

39 കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 222 കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ലൈഫ് മിഷൻ ഭവന പദ്ധതി

8 (2043) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 മുതൽ 2020-2021 വരെ ലൈഫ് മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

14231 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 2017-2018 മുതൽ 2020-2021 വരെ ലൈഫ് മിഷൻ പദ്ധതിപ്രകാരം എത്ര പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

182 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ

9 (2044) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഭവനരഹിതരായി കണ്ടെത്തിയ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ 5 വർഷക്കാലത്ത് ലൈഫ് പദ്ധതി മുഖേന അനുവദിച്ച പുതിയ വീടുകളുടെ എണ്ണം, ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും അനുവദിച്ച പുതിയ വീടുകളിൽ നിർമ്മാണം പൂർത്തിയാക്കിയവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ലൈഫ് പദ്ധതി**

10(2045) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം അനുവദിച്ച വീടുകളുടെയും ഭൂരഹിതർക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവരുടെയും വിശദവിവരം ലഭ്യമാക്കുമോ?

പട്ടികജാതിക്കാരായ 427 ഭവനരഹിത കുടുംബങ്ങളും 174 ഭൂരഹിത കുടുംബങ്ങളുമാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് നിലവിൽ ലൈഫ് മിഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ 233 വീടുകൾ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (ഭവനരഹിതർ) ഒരു ഗുണഭോക്താവിനെയും മൂന്നാം ഘട്ടത്തിൽ (ഭൂരഹിതർ) 4 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ടതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാനുള്ളവയും ആരംഭിക്കാനുള്ളവയും എത്ര വീതമെന്നും വിശദമാക്കുമോ?

ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്കായി അനുവദിച്ച 233 വീടുകളിൽ 5 വീടുകൾ പൂർത്തീകരിക്കുകയും 228 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലുമാണ്. ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 194 പട്ടികജാതി കുടുംബങ്ങളുടെയും ഭൂരഹിത ലിസ്റ്റിൽ ഉൾപ്പെട്ട 174 പട്ടികജാതി കുടുംബങ്ങളുടെയും വീടിന്റെ നിർമ്മാണം ആരംഭിക്കാനുണ്ട്. പട്ടികവിഭാഗക്കാർക്കായി അനുവദിച്ച വീടിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

## ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

11(2046) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ?

ഭവന രഹിതരായ 543 പട്ടികജാതി കുടുംബങ്ങളും 2 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2016 മുതൽ 94 പട്ടികജാതി കുടുംബങ്ങൾക്കും 1 പട്ടികവർഗ്ഗ കുടുംബത്തിനും ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾ

12(2047) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത എത്ര പട്ടികജാതി/വർഗ്ഗ കുടുംബങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

നിലവിൽ 76308 പട്ടികജാതി കുടുംബങ്ങളും 7930 പട്ടികവർഗ്ഗ കുടുംബങ്ങളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* കൊടുത്തിട്ടുണ്ട്.

## ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ

13(2048) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി * ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൈവശഭൂമി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൈവശഭൂമി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനുമായി വനാവകാശ നിയമം, ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

### ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ

14(2049) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര കുടുംബങ്ങൾ ലൈഫ് മിഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഭവനരഹിതരായ 222 പട്ടികജാതി കുടുംബങ്ങളുണ്ട്. ഇവരിൽ 176 കുടുംബങ്ങൾ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പ്രസ്തുത നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് ലഭ്യമായതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകാമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പ്രസ്തുത നിയോജകമണ്ഡലത്തിലെ 80 പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

### പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

15(2050) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2021 വരെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏതൊക്കെ കോളനികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി കോളനികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളനിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1. | നരിമഞ്ചക്കൽ കോളനി, ചങ്ങരോത്ത് | 26,64,254 രൂപ |
| 2 | മോയോർകുന്ന് കോളനി, കൂത്താളി | 21,89,982 രൂപ |
| 3 | വലിയപറമ്പ് കോളനി, നൊച്ചാട് | 1,00,000 രൂപ |

നരേന്ദ്രദേവ്, ആലംപാറ പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി 41,31,651 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

അനുബന്ധമായി* ചേർക്കുന്നു.

(സി) ഏതെങ്കിലും സർക്കാർ ഏജൻസികളാണോ ഈ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നതെന്നും പ്രസ്തുത ഏജൻസികൾതന്നെയാണോ പ്രവൃത്തി ചെയ്യിക്കുന്നതെന്നും വ്യക്തമാക്കാമോ?

സർക്കാർ ഏജൻസിയുമായിട്ടാണ് പട്ടികജാതി വികസന വകുപ്പ് കരാർ വയ്ക്കുന്നത്. പ്രസ്തുത ഏജൻസികൾതന്നെയാണ് പ്രവൃത്തികൾ ചെയ്യുന്നത്. അക്രഡിറ്റഡ് നോൺ ഗവൺമെന്റൽ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്. ടി ഏജൻസിതന്നെയാണ് പ്രവൃത്തി നിർവ്വഹിച്ചത്.

(ഡി) പ്രസ്തുത ഏജൻസികൾ തൃപ്തികരമായ രീതിയിൽ പ്രവൃത്തികൾ ചെയ്യിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇടനിലക്കാരായ ഇത്തരം ഏജൻസികളെ ഒഴിവാക്കി പ്രവൃത്തികൾ നേരിട്ട് ടെണ്ടർ ചെയ്യുന്ന സംവിധാനത്തിലേയ്ക്ക് മാറുമോ?

പട്ടികവർഗ്ഗ കോളനികളിലെ എല്ലാ പ്രവൃത്തികളും ഏജൻസികൾ തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏജൻസികൾ കാലതാമസം വരുത്തുന്നുണ്ട്. പട്ടികജാതി വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ നേരിട്ട് ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിന് കഴിയില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ സമഗ്ര കോളനി വികസനം

16(2051) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽനിന്നും നവീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികജാതി കോളനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* എന്നാൽ പട്ടികവർഗ്ഗ കോളനികളെ നവീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും തെരഞ്ഞെടുത്തിട്ടില്ല

## പട്ടിക വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച്

17(2052) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി തൊഴിലാളി കുടുംബങ്ങൾക്ക് ഒന്നു മുതൽ അഞ്ച് ഏക്കർവരെ ഭൂമി നൽകാൻ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ?

ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

13-ാം പഞ്ചവത്സര പദ്ധതി (2017-22) പട്ടികജാതി വികസന വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിലെ ശിപാർശ പ്രകാരം പട്ടികജാതി വിഭാഗക്കാരായ ഭൂരഹിതരായ ഓരോരുത്തർക്കും കുറഞ്ഞത് 1 ഏക്കർ മുതൽ 5 ഏക്കർവരെ ഉപജീവനത്തിനും സാമ്പത്തിക സുരക്ഷയ്ക്കും കൃഷി ചെയ്യാവുന്ന ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സാദ്ധ്യത ചൂണ്ടിക്കാണിക്കുന്നുണ്ട്. ടി വിഷയത്തിന്റെ സാദ്ധ്യത പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പട്ടിക വിഭാഗക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാൻ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ?

ശിപാർശ ചെയ്തിട്ടുണ്ട്

(ഡി) ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചു വരുന്നു.

**പട്ടികജാതി കോളനി നവീകരണ പദ്ധതികൾ**

18(2053) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കുന്ന പട്ടികജാതി കോളനി നവീകരണ പദ്ധതികൾ ഏതൊക്കെയെന്ന് അനുവദിച്ച തുക സഹിതം അറിയിക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ അഞ്ച് കോളനികളെ തെരഞ്ഞെടുക്കുകയും വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട് 1. വെള്ളൂക്കര എസ്.സി. കോളനി, 2. മീനത്തുകര എസ്.സി. കോളനി (പദ്ധതികൾക്ക് ഒരു കോടി രൂപ വീതം അനുവദിക്കുകയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്) 3. പാലയാട് എസ്.സി കോളനി, 4. തിരുത്തി എസ്.സി കോളനി (നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്) 5. മൂഴിക്കൽ ഐ.എച്ച്.ഡി.പി. കോളനി (നവീകരണത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്) കൂടാതെ പ്രളയക്കെടുതിമൂലം നാശം സംഭവിച്ച മങ്കര എസ്.സി കോളനിയുടെ പുനർനിർമ്മാണത്തിനായി 21,01,923 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എത്ര ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആകെ 235 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഏജൻസികൾ മുഖാന്തരമാണ് നിർവ്വഹണം നടത്തുന്നതെന്ന് അറിയിക്കാമോ;

(ഡി) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്ന ഏജൻസിയെ പി.എം.സി. എന്ന നിലയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രവൃത്തികളാണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത കോളനികളുടെ പദ്ധതി നിർവ്വഹണം കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രമാണ് നടത്തുന്നത്.

(ഇ) പ്രസ്തുത പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽതന്നെ നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

(ഇ&എഫ്) എല്ലാ മാസവും ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള അവലോകന യോഗവും എം.എൽ.എ അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റിയും പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

19(2054) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി കോളനികളുടെ ലിസ്റ്റ് അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത കോളനികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും നടപ്പിലാക്കേണ്ടതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമവികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാലക്കുടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

20(2055) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചാലക്കുടി മണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കോളനികളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും എന്തൊക്കെ പ്രവൃത്തികളാണ് ഈ കോളനികളിൽ നടപ്പിലാക്കുന്നതെന്നും വിശദീകരിക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി -പട്ടികവർഗ്ഗ കോളനികൾ

21(2056) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെയും ഊരുകളുടെയും എണ്ണവും ഓരോ കോളനികളിലും താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണവും പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ?

പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| ബാലുശ്ശേരി | 24 | 268 |
| നടുവണ്ണൂർ | 28 | 242 |
| ഉള്ളിയേരി | 33 | 401 |
| കോട്ടൂർ | 16 | 210 |
| ഉണ്ണികുളം | 43 | 595 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| പനങ്ങാട് | 27 | 235 |
| കൂരാച്ചുണ്ട് | 17 | 126 |
| അത്തോളി | 43 | 492 |
| കായണ്ണ | 19 | 211 |
| ആകെ | 250 | 2780 |

26 പട്ടികവർഗ്ഗ കോളനികളുണ്ട്. വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു:

(ബി) പ്രസ്തുത കോളനികളിൽ നടത്തിവരുന്ന വികസന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

2016-17-ലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരിങ്കാളിമ്മൽ പട്ടികജാതി കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനിയിൽ 33 ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. നടപ്പാത 4 എണ്ണം പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതിക്കായി കിണർ കുഴിച്ച് ടാങ്ക് വയ്ക്കാനുള്ള സ്ഥലം രജിസ്റ്റർ ചെയ്ത് പണി ആരംഭിച്ചിട്ടുണ്ട്. അംഗൻവാടിയുടെ നിർമ്മാണ പ്രവൃത്തി ആഗസ്റ്റ് അവസാനം പൂർത്തീകരിക്കുമെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. കോട്ടൂർ പഞ്ചായത്തിൽ വാർഡ് 10, പുളിയേരിപ്പൊയിൽ കോളനി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. റോഡ് മെറ്റലിട്ട് ടാർ ചെയ്യുവാനുണ്ട്. പനങ്ങാട് പഞ്ചായത്തിൽ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുവാനുണ്ട്. നടപ്പാത 2 എണ്ണം, റോഡ് നിർമ്മാണം, വാട്ടർ കണക്ഷൻ, പൊതു കിണറിന് ഗ്രിൽ ഇടൽ എന്നിവ ചെയ്യുവാനുണ്ട്. പ്രവൃത്തി ആഗസ്റ്റ് അവസാനം പൂർത്തീകരിക്കുമെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഉള്ളിയേരി ഗ്രാമപഞ്ചായത്ത് നെല്ലിക്കുന്ന് കോളനി അംബേദ്കർ ഗ്രാമം പ്രാരംഭഘട്ട മീറ്റിംഗ് 20-07-2021-ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ നടന്നിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധം -2* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി നിർമ്മാണം

22(2057) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി നിർമ്മാണത്തിനായി ഏതൊക്കെ ഫണ്ടുകൾ ഉപയോഗിക്കാമെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പുകൾ/ഏജൻസികൾ മുഖാന്തരമാണ് ഇവിടങ്ങളിൽ വഴികൾ നിർമ്മിക്കുന്ന തെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ റോഡുൾ പ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന SCSP ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് നിർവ്വഹണം നടത്തുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ മുഖാന്തരമാണ് നടപ്പാക്കിവരുന്നത്. കൂടാതെ എം.പി./എം.എൽ.എ ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്.

(ബി) കോളനിക്കുള്ളിലെ വഴിപോലെതന്നെ പ്രാധാന്യമുള്ള കോളനിയിലേയ്ക്ക് എത്തിച്ചേരുന്ന വഴിക്കും എസ്.സി. ഫണ്ട് വകയിരുത്തുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ?

പട്ടികജാതി കോളനി/സങ്കേതങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ താഴെ വിശദമാക്കുന്ന നിബന്ധനകൾ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താൻ സാധിക്കുന്നതാണ്.

(എ) വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.

(ബി) മുൻഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽനിന്ന് വകയിരുത്താവുന്നതും

ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽനിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25%-ന് താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം.

(സി) പട്ടികജാതി കോളനിയിലേക്കുള്ള പ്രധാന വഴികൾ മറ്റു സ്ഥലങ്ങളിലേയ്ക്കുകൂടി പോകുന്നതുകാരണം ടി വഴി നിർമ്മാണത്തിന് എസ്.സി. ഫണ്ട് ഉപയോഗിക്കുന്നതിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി കോളനിയിലേയ്ക്കുള്ള പ്രധാന വഴികളുടെ മാപ്പ് തയ്യാറാക്കി എസ്.സി. ഫണ്ട് വകയിരുത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരം പദ്ധതി തയ്യാറാക്കിയിട്ടില്ല.

## അംബേദ്കർ ഗ്രാമം പദ്ധതി

23(2058) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി. കോളനിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

ചെമ്പക്കാട് പട്ടികവർഗ്ഗ കോളനി 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കോളനിയിൽ പ്രത്യേക ഊരുകൂട്ടം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് തുക അനുവദിച്ചിട്ടില്ല.

(ബി) ഈ കോളനിയിൽ വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും ഇവർക്കെല്ലാം ലൈഫ് മിഷൻ പദ്ധതിയിൽ വീടിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

വീടില്ലാത്ത 36 കുടുംബങ്ങൾ ഉണ്ട്. അതിൽ 23 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീടിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ കോളനിയിൽ ഇനി എത്ര കുടുംബങ്ങൾക്ക് വീട് വേണമെന്നുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

13 കുടുംബങ്ങൾക്ക് വീട് ആവശ്യമുണ്ട്.

(ഡി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ അനുവദിച്ച തുകയിൽനിന്ന് ഈ കോളനിയിൽ വീടില്ലാത്തവർക്ക് വീട് നൽകുന്നതിന് തടസ്സമുണ്ടോ?

തടസ്സമില്ല.

(ഇ) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കോളനിയിൽ വിളിച്ചുചേർത്ത യോഗത്തിൽ ഭൂരിഭാഗം നിവാസികളും താമസസൗകര്യമുള്ള വീടാണ് വേണ്ടതെന്ന ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ തുക പൂർണ്ണമായും വീട് നൽകുന്നതിനുവേണ്ടി ഉപയോഗിക്കാൻ അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് വീട് ഉൾപ്പെടെയുള്ള കോളനിയിലെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

**കായംകുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

24(2059) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽനിന്നും പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) ഇപ്രകാരം ഓരോ പദ്ധതിക്കുമായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി* ഉള്ളടക്കം ചെയ്തിരിക്കുന്നു.

**ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

25(2060) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-17 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഏറ്റെടുത്ത കോളനികളുടെ പേരും പദ്ധതികളുടെ വിവരവും നിർവ്വഹണ ഏജൻസിയുടെ പേരും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് ദേവികുളം മണ്ഡലത്തിൽ 2016-17 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽപ്പെടുത്തി കോവിലൂർ വട്ടവട കോളനി തെരഞ്ഞെടുത്തു. എന്നാൽ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റ് പദ്ധതി മാനദണ്ഡപ്രകാരമല്ലാത്തതിനാൽ അംഗീകാരം നൽകിയിട്ടില്ലാത്തതും സ്ഥലം സംബന്ധിച്ച് തർക്കമുള്ളതിനാലും അഡ്വാൻസ് നൽകിയ തുക തിരികെ അടയ്ക്കുവാൻ നിർമ്മിതി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2019-20 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ പേരും പദ്ധതികളുടെ വിവരവും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2019-20 വർഷത്തിൽ ദേവികുളം മണ്ഡലത്തിൽനിന്നും അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല.

**ചാലക്കുടി മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം**

26(2061) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

രണ്ടുകൈ, മാരാംകോട്, പെരിങ്ങൽക്കുത്ത് എന്നീ പട്ടികവർഗ്ഗ കോളനികളെ 2017-18 സാമ്പത്തികവർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

(ബി) പ്രസ്തുത കോളനികളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും വിശദീകരിക്കുമോ?

രണ്ടുകൈ, മാരാംകോട്, പെരിങ്ങൽക്കുത്ത് കോളനികളിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരമുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) 2020-21 വർഷം തെരഞ്ഞെടുത്ത കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഏജൻസിയെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏജൻസിയുടെ പേര് വിവരം വെളിപ്പെടുത്തുമോ?

ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മങ്കടയിലെ പട്ടികജാതി കോളനികളിലെ കോവിഡ് പ്രതിരോധം

27(2062) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോവിഡ് രോഗപ്രതിരോധത്തിനും വ്യാപനം തടയുന്നതിനും വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്-19 മഹാമാരിയുടെ ഒന്നാം തരംഗത്തിൽ വകുപ്പിന്റെ നേതൃത്വത്തിൽ രോഗത്തിന്റെ തീവ്രതയെക്കുറിച്ചും രോഗം പടർന്നു പിടിക്കാതിരിക്കുന്നതിനെടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വാക്സിനേഷൻ സംബന്ധിച്ചും പട്ടികജാതി വിഭാഗക്കാർക്കിടയിൽ ബോധവത്കരണം നടത്തിയിരുന്നു. ആരോഗ്യ വകുപ്പ് തയ്യാറാക്കിയ ലഘുലേഖ എല്ലാ കുടുംബങ്ങളിലും എത്തിച്ചു. "ബ്രേക്ക് ദ ചെയിൻ" ക്യാമ്പയിനിനെക്കുറിച്ചും സാനിറ്റൈസർ, മാസ്ക് എന്നിവ ഉപയോഗിക്കേണ്ടതിന്റെയും സാമൂഹ്യ അകലം പാലിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചും പ്രൊമോട്ടർമാർ വഴി കോളനികളിലെ കുടുംബങ്ങൾക്കിടയിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളനി നിവാസികൾക്ക് ലോക്ഡൗൺ കാരണം തൊഴിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ അതിജീവനത്തിന് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പട്ടികജാതി കോളനികളിൽ കോവിഡ് മഹാമാരി കാരണം എന്തെല്ലാം പ്രയാസങ്ങളാണ് ഇനി പരിഹരിക്കാൻ ബാക്കിയുള്ളത്; അതിനായി എന്തെല്ലാം പരിഹാര നടപടികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(ബി&സി) കോവിഡ് മഹാമാരി കാരണം പല കുടുംബങ്ങളിലും തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കോവിഡ്-19-ന്റെ ആദ്യഘട്ട ലോക്ഡൗൺ കാലയളവിൽ സർക്കാർ പ്രഖ്യാപിച്ച സൗജന്യറേഷൻ, ഭക്ഷ്യ കിറ്റ് എന്നിവ എല്ലാ കുടുംബങ്ങൾക്കും ലഭ്യമായെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ചികിത്സാ സൗകര്യം, അതിദാരിദ്ര്യം അനുഭവിക്കുന്നവർക്ക് കമ്മ്യൂണിറ്റി കിച്ചൺവഴി ഭക്ഷണ ലഭ്യത എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

28(2063) <u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള കരുവൻതടം, പത്തൂർ പട്ടികജാതി കോളനികളുടെയും 2019-20-ൽ തെരഞ്ഞെടുത്തിട്ടുള്ള വെളിമുക്ക് ലക്ഷം വീട് കോളനിയുടെയും പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മണ്ഡലത്തിലെ കൂടുതൽ കോളനികൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) 2021-22 സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി ഫീസിബിളായ കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

29(2064) <u>ശ്രീ. കെ. ആൻസലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന കോളനികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഭാസ്കർ നഗർ കോളനി:</u> ഭാസ്കർ നഗർ കോളനിയിലെ അങ്കണവാടി കെട്ടിടം, റോഡ് കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, സൈഡ് വാൾ നിർമ്മാണം, 16 വീടുകളുടെ മെയിന്റനൻസ്, വോളിബോൾ കോർട്ട് നിർമ്മാണം, ഗാലറിയിലെ സൈഡ് വാൾ, വീടുകളിൽ പിടിച്ചുകയറുന്നതിന് റാമ്പ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്വാൻസ് തുകയായ 50 ലക്ഷം രൂപയാണ് ഏജൻസിക്ക് നൽകിയിട്ടുള്ളത്. ശേഷിച്ച പ്രവൃത്തിയുടെ ബിൽ ലഭ്യമായിട്ടില്ല. വോളിബോൾ കോർട്ടിലെ ലൈറ്റ്, മൂന്ന് വീടുകളിലെ മെയിന്റനൻസ് എന്നിവ ഇനി പൂർത്തീകരിക്കാനുണ്ട്. ഇവയ്ക്കായി ഏകദേശം 4.50 ലക്ഷം രൂപ + ടാക്സും വേണ്ടി വരും.

പൂഴിക്കുന്ന് കോളനി: പൂഴിക്കുന്ന് കോളനിയിലെ കോൺക്രീറ്റ് റോഡ് 90% പമ്പ് ഹൗസ്, കൾവർട്ട്, റീറ്റൈൽ വാൾ, 19 വീടുകൾ മെയിന്റനൻസ് എന്നിവ പൂർത്തീകരിച്ചു. കോൺക്രീറ്റ് 10%, ഇന്റർലോക്ക് ബോർവെൽ, 1 വീട് മെയിന്റനൻസ് എന്നിവ പൂർത്തീകരിക്കാനുണ്ട്. അഡ്വാൻസായി 50 ലക്ഷവും പാർട്ട് ബില്ലായി 30 ലക്ഷവും ചേർത്ത് ആകെ 80 ലക്ഷം രൂപ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. കോൺക്രീറ്റ് 10%, ഇന്റർലോക്ക് ബോർവെൽ, 1 വീട് മെയിന്റനൻസ് എന്നിവ പൂർത്തീകരിക്കാനുണ്ട്. ഇവ പൂർത്തീകരിക്കാൻ ഏകദേശം 10 ലക്ഷം രൂപയും + ടാക്സും വേണ്ടിവരും. ഫൈനൽ ബിൽ ഏജൻസി ലഭ്യമാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ അറയൂർ മച്ചിംഗളാകം എസ്.സി കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. 1 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ കോളനിയിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; അതിന് ചെലവായ തുക എത്ര; ഇനി പൂർത്തീകരിക്കേണ്ടത് ഏതൊക്കെയാണ്; അതിനു വരുന്ന തുക എത്ര; വിശദമാക്കാമോ?

ഭാസ്കർ നഗർ കോളനിയിലെ അങ്കണവാടി കെട്ടിടം, റോഡ് കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, സൈഡ് വാൾ നിർമ്മാണം, 16 വീടുകളുടെ മെയിന്റനൻസ്, വോളിബോൾ കോർട്ട് നിർമ്മാണം, ഗാലറിയിലെ സൈഡ് വാൾ, വീടുകളിൽ പിടിച്ചുകയറുന്നതിന് റാമ്പ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്വാൻസ് തുകയായ 50 ലക്ഷം രൂപയാണ് ഏജൻസിക്ക് നൽകിയിട്ടുള്ളത്. ശേഷിച്ച പ്രവൃത്തിയുടെ ബിൽ ലഭ്യമായിട്ടില്ല. വോളിബോൾ കോർട്ടിലെ ലൈറ്റ്, മൂന്ന് വീടുകളിലെ മെയിൻറനൻസ് എന്നിവ ഇനി പൂർത്തീകരിക്കാനുണ്ട്. ഇവയ്ക്കായി ഏകദേശം 4.50 ലക്ഷം രൂപ + ടാക്സും വേണ്ടിവരും.

(സി) കുളത്തൂർ പഞ്ചായത്തിലെ പൂഴിക്കുന്ന് കോളനിയിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്; ഓരോ പ്രവൃത്തികൾക്കും ചെലവായ തുക എത്ര; ഇനി പൂർത്തീകരിക്കേണ്ട പദ്ധതികൾ ഏതൊക്കെ; അതിനു ചെലവാക്കുന്ന തുക എത്ര; വ്യക്തമാക്കാമോ;

പൂഴിക്കുന്ന് കോളനിയിലെ കോൺക്രീറ്റ് റോഡ് 90% പമ്പ് ഹൗസ്, കൾവർട്ട്, റീറ്റൈൽ വാൾ, 19 വീടുകൾ മെയിന്റനൻസ് എന്നിവ പൂർത്തീകരിച്ചു. കോൺക്രീറ്റ് 10%, ഇന്റർലോക്ക് ബോർവെൽ, 1 വീട് മെയിന്റനൻസ് എന്നിവ

പൂർത്തീകരിക്കാനുണ്ട്. അഡ്വാൻസായി 50 ലക്ഷവും പാർട്ട് ബില്ലായി 30 ലക്ഷവും ചേർത്ത് ആകെ 80 ലക്ഷം രൂപ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. കോൺക്രീറ്റ് 10%, ഇന്റർലോക്ക് ബോർവെൽ, 1 വീട് മെയിന്റനൻസ് എന്നിവ പൂർത്തീകരിക്കാനുണ്ട്. ഇവ പൂർത്തീകരിക്കാൻ ഏകദേശം 10 ലക്ഷം രൂപയും + ടാക്സും വേണ്ടിവരും. ഫൈനൽ ബിൽ എജൻസി ലഭ്യമാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ അറയൂർ മച്ചിംഗളാകം എസ്.സി കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. 1 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) 2020-21 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ ഏതൊക്കെയാണെന്നും എത്ര തുകയാണ് ഓരോ കോളനിക്കും അനുവദിച്ചതെന്നും വിശദമാക്കാമോ?

ഭാസ്കർ നഗർ കോളനി: ഭാസ്കർ നഗർ കോളനിയിലെ അങ്കണവാടി കെട്ടിടം, റോഡ് കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, സൈഡ് വാൾ നിർമ്മാണം, 16 വീടുകളുടെ മെയിന്റനൻസ്, വോളിബോൾ കോർട്ട് നിർമ്മാണം, ഗാലറിയിലെ സൈഡ് വാൾ, വീടുകളിൽ പിടിച്ചുകയറുന്നതിന് റാമ്പ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്വാൻസ് തുകയായ 50 ലക്ഷം രൂപയാണ് ഏജൻസിക്ക് നൽകിയിട്ടുള്ളത്. ശേഷിച്ച പ്രവൃത്തിയുടെ ബിൽ ലഭ്യമായിട്ടില്ല. വോളിബോൾ കോർട്ടിലെ ലൈറ്റ്, മൂന്ന് വീടുകളിലെ മെയിന്റനൻസ് എന്നിവ ഇനി പൂർത്തീകരിക്കാനുണ്ട്. ഇവയ്ക്കായി ഏകദേശം 4.50 ലക്ഷം രൂപ + ടാക്സും വേണ്ടിവരും. പൂഴിക്കുന്ന് കോളനി - പൂഴിക്കുന്ന് കോളനിയിലെ കോൺക്രീറ്റ് റോഡ് 90% പമ്പ് ഹൗസ്, കൾവർട്ട്, റീറ്റൈൽ വാൾ, 19 വീടുകൾ മെയിന്റനൻസ് എന്നിവ പൂർത്തീകരിച്ചു. കോൺക്രീറ്റ് 10%, ഇന്റർലോക്ക് ബോർവെൽ, 1 വീട് മെയിന്റനൻസ് എന്നിവ പൂർത്തീകരിക്കാനുണ്ട്. അഡ്വാൻസായി 50 ലക്ഷവും പാർട്ട് ബില്ലായി 30 ലക്ഷവും ചേർത്ത് ആകെ 80 ലക്ഷം രൂപ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. കോൺക്രീറ്റ് 10%, ഇന്റർലോക്ക് ബോർവെൽ, 1 വീട് മെയിന്റനൻസ് എന്നിവ പൂർത്തീകരിക്കാനുണ്ട്. ഇവ പൂർത്തീകരിക്കാൻ ഏകദേശം 10 ലക്ഷം രൂപയും + ടാക്സും വേണ്ടിവരും. ഫൈനൽ ബിൽ ഏജൻസി ലഭ്യമാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ അറയൂർ മച്ചിംഗളാകം എസ്.സി കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. 1 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## നെന്മാറ മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

30(2065) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറപ്പാടം കോളനിയെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഏതെല്ലാം കോളനികളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പൂർത്തീകരിക്കാത്തവ എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

(ബി&സി) വിലയിരുത്തിയിട്ടുണ്ട്, നെന്മാറപ്പാടം കോളനിയുടെ കോൺക്രീറ്റ് റോഡ്, ഡ്രെയ്നേജ്, സൈഡ് പ്രൊട്ടക്ഷൻ, കുളം നവീകരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തോടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

## ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ പുനരുദ്ധാരണം

31(2066) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ശാന്തൻപാറ പഞ്ചായത്തിലെ പന്തടിക്കളം, ഉടുമ്പൻചോല പഞ്ചായത്തിലെ തിങ്കൾക്കാട്കുടി എന്നീ പട്ടികവർഗ്ഗ കോളനികളുടെ പുനരുദ്ധാരണാർത്ഥം ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി&സി) 2020-21 സാമ്പത്തിക വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉടുമ്പൻചോല മണ്ഡലത്തിലെ പന്തടിക്കളം, തിങ്കൾക്കാട്കുടി എന്നീ കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൂളിയാർ പഞ്ചായത്തിലെ പൂവാള എസ്.സി. കോളനി**

32(2067) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൂളിയാർ പഞ്ചായത്തിലെ പൂവാള എസ്.സി. കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത കോളനിയിൽ 18 കുടുംബങ്ങൾ താമസിച്ചുവരുന്നു.

(ബി) പ്രസ്തുത കോളനിയിലേയ്ക്കുള്ള റോഡ് എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥനായ കാറഡുക്ക ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റിസർവ് വനത്തിന്റെ നടുവിലുള്ള ഈ കോളനിയിലേയ്ക്കുള്ള റോഡ് ഊരുകൂട്ട തീരുമാനപ്രകാരം വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കി കോൺക്രീറ്റ് റോഡാക്കുന്നതിന് വകുപ്പ് തുടർനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

വനം മേഖലയിൽക്കൂടി കടന്നുപോകുന്ന റോഡായതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഓൺലൈൻ പഠനം**

33(2068) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന TSP ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

## പോസ്റ്റ്/പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സംവിധാനം

34(2069) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ താമസ-ഭക്ഷണ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ പോക്കറ്റ് മണിയായി 200 രൂപയും ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2500/- രൂപ വീതവും നൽകുന്നുണ്ട്. കൂടാതെ യൂണിഫോം, ബാഗ്, ചെരുപ്പ് തുടങ്ങിയവും അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടിയും നൽകിവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയായി 200 രൂപയും ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് 2875/- രൂപ വീതവും നിയമാനുസൃത യാത്രാബത്തയും നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾതലംവരെ പ്രതിമാസം 3000/- രൂപ നിരക്കിലും ഹൈസ്കൂൾ തലത്തിനുമുകളിൽ പ്രതിമാസം 3450/- രൂപ നിരക്കിലും മെസ്ചാർജ് അനുവദിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഭക്ഷണേതര ചെലവുകൾ വിവിധ നിരക്കുകളിൽ വകുപ്പ് നൽകിവരുന്നു. ഇതിനുപുറമേ ഭൗതിക സാഹചര്യങ്ങൾ യുണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പരിഷ്കാരങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവ നിർമ്മിക്കുക, വിദ്യാർത്ഥികളുടെ

സുരക്ഷ ഉറപ്പുവരുത്തുന്നതിന് CCTV, മിനി മാസ്റ്റ് ലൈറ്റ് എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികളുടെ എല്ലാ ഹോസ്റ്റലുകളിലും വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ഹോസ്റ്റലുകളിൽ അഗ്നി പ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി 114 ഹോസ്റ്റലുകളിൽ ബയോഹസാർഡ് സ്പിൽകിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവുവരുത്തുന്നതിനും ആഹാരം പാചകം ചെയ്യുന്നതിനുള്ള സമയം കുറയ്ക്കുന്നതിനുമായി ആദ്യഘട്ടത്തിൽ 30 ഹോസ്റ്റലുകളിൽ സ്റ്റീംബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ നിലവിൽ ഓൺലൈൻ പഠനസൗകര്യമില്ലാത്ത വിദ്യാർത്ഥികളുടെ ഓൺലൈൺ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലേക്കായി ഡിജിറ്റൽ ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഇന്റർനെറ്റ്/ഡിറ്റിഎച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യപഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡിറ്റിഎച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന മുറികളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസുകൾ വിദ്യാർതഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ടാബ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് ടാബ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) ഓൺലൈൻ/ഡിജിറ്റൽ രീതിയിലുള്ള പഠനത്തിന് തടസ്സം നേരിടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഡിജിറ്റൽ പഠന സൗകര്യങ്ങളില്ലാത്ത 43,952 വിദ്യാർത്ഥികളുടെ വിവരങ്ങൾ തുടർനടപടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സഹായങ്ങളുടെ ഫലപ്രാപ്തി

35(2070) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി സർക്കാർ നൽകുന്ന സഹായങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്

2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപന്റ് 3. 1 മുതൽ 8 വരെയുള്ളവർക്ക് 2000 രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.

4. 9, 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)

5. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്.

6. പ്രൊഫഷണൽ കോഴ്സുകളടക്കം ഉയർന്ന വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.

7. ലാപ്ടോപ്പ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
8. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾ)
9. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
10. മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.
11. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം.
12. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.
13. ബുക്ക് ബാങ്ക് സ്കീം
14. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
15. പ്രീമെട്രിക് ഹോസ്റ്റൽ
16. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
17. ഐ.റ്റി.ഐ.കൾ
18. പി.ഇ.റ്റി.സി.
19. CREST വഴി നൽകുന്ന മികവ് നേടുന്നതിനുവേണ്ടിയുള്ള പരിശീലനം
20. നഴ്സറി സ്കൂൾ
21. ICSETS മുഖേന നൽകുന്ന സിവിൽ സർവ്വീസ് പരിശീലനം.
22. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം.
23. മെഡിക്കൽ കോളേജ് പാലക്കാട്
24. പഠനമുറി
25. വിദേശ പഠനസഹായം
26. ബി.ടെക്-മെഡിക്കൽ കോച്ചിംഗ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി സർക്കാർ നൽകുന്ന സഹായങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി:- നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു. നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | എൽ.പി വിഭാഗം 1 മുതൽ 4 വരെ | 750 | 200 |
| 2 | യു.പി വിഭാഗം 5 മുതൽ 7 വരെ | 900 | 200 |
| 3 | ഹൈസ്ക്കൂൾ വിഭാഗം | 1000 | 200 |

2) പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി:- 9,10 ക്ലാസ്സുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി) 9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250 രൂപയും 1000 രൂപയും നൽകുന്നു.

3) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി:- പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾപ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു.

4) വിദേശപഠനത്തിനുള്ള ധനസഹായം:- സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

5) അന്യസംസ്ഥാന പഠനം:- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്നതിന് കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ള പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നുണ്ട്.

6) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്പ്മെന്റ് പദ്ധതി:- സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.

7) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം:- അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000 രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500, 6000 രൂപ നിരക്കിലും പ്രത്യേക പ്രോത്സാഹന സമ്മാനം നൽകിവരുന്നു.

8) മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം:- മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു.

9) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം:- +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരുമാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടു നിൽക്കുന്ന റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു.

10) <u>ലാപ്ടോപ്പ് വിതരണം</u>:- അംഗീകൃത യൂണിവേഴ്സിറ്റികൾ/സ്ഥാപനങ്ങളിൽ തെരഞ്ഞെടുത്ത കമ്പ്യൂട്ടറധിഷ്ഠിതമായ/അത്യന്താപേക്ഷിതമായ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് 2-ാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിവരുന്നു.

11) <u>സാമൂഹ്യപഠന മുറി</u>:- പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽനിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി.

12) <u>ഗോത്രബന്ധു പദ്ധതി</u> ;- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചു.

13) <u>മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>;- ഹോസ്റ്റൽ വകുപ്പിന് കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത സഹായങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നടത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൂടുതൽ കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് എത്തിക്കാനും അദ്ധ്യയന വർഷത്തിനിടയിലുണ്ടാകുന്ന കൊഴിഞ്ഞുപോക്ക് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും മികച്ച വിജയ ശതമാനമാണ് നേടാറുള്ളത്. 2020-21 അദ്ധ്യയന വർഷത്തിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 99 ശതമാനവും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 99.64 ശതമാനവും വിജയമുണ്ടായിട്ടുണ്ട്. പോസ്റ്റ് മെട്രിക് തലത്തിലും മെച്ചപ്പെട്ട വിജയ ശതമാനമുണ്ടായിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടത്തുന്ന വിവിധ പദ്ധതികളുടെ ഫലപ്രാപ്തിയെക്കുറിച്ച് നിരന്തരം വിശകലനം നടത്താറുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളെ സാമ്പത്തിക സാമൂഹിക പുരോഗതിയിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിലൂടെ നിരവധി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിനും അവസരം ലഭിച്ചിട്ടുണ്ട്. കൂടാതെ നാളിതുവരെ 7 വിദ്യാർത്ഥികൾക്ക് വിദേശപഠനം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിലെ പ്രതിസന്ധി

36(2071) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കിയ സാഹചര്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ കുട്ടികൾ നേരിടുന്ന പഠന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് മറികടക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നത്?

ഇന്റർനെറ്റ്/ഡി.ടി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC-കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.ടി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠനമുറികളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയോജിതമായി പ്രവർത്തിച്ചുകൊണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം സാദ്ധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

37(2072) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് സഹായിക്കുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്?

പട്ടികവിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന, ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾ എന്നിവ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യ പഠനമുറികൾ കൂടാതെ ഓൺലൈൻ പഠനകേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, മൾട്ടിപർപ്പസ് ലേണിംഗ് സെന്ററുകൾ മുതലായ 1354 കെട്ടിടങ്ങൾ താല്ക്കാലികമായി സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യുതി സൗകര്യമില്ലാത്ത 7 പ്രദേശങ്ങളിൽ സോളാർ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ പഠനമുറി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരുകളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ എന്നിവരുടെ സേവനം ഓൺലൈൻ പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.ടി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ റെക്കോർഡ് ചെയ്തശേഷം ആയത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. വീടുകളിൽ പഠനസൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ പഠനസൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടേയും മെന്റർ ടീച്ചർമാരുടേയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്രഭാഷയിൽ നൽകുന്നുമുണ്ട്.

(ബി) അത്തരം സഹായങ്ങൾ ലഭിക്കുന്നതിന് എങ്ങനെയാണ് അപേക്ഷിക്കേണ്ടതെന്ന് വിശദമാക്കാമോ; ഇത്തരം സഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഓൺലൈൻ പഠനത്തിനായുള്ള സഹായങ്ങൾക്കായി പ്രത്യേക അപേക്ഷകൾ വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടതില്ല. അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## സംവരണ രീതി ഉറപ്പാക്കുന്നതിനുള്ള നടപടി

38(2073) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സർവ്വീസിൽ നിയമനങ്ങൾ പരിമിത പ്പെടുത്തിയതിനാലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചതിനാലും ദേശസാത്കൃത ബാങ്കുകളിൽ സ്ഥിരം ജീവനക്കാർക്ക് പകരം കരാർ തൊഴിൽ ഏർപ്പെടുത്തിയതിനാലും ഭരണഘടന പ്രകാരം പട്ടികജാതികളിൽ പ്പെട്ടവർക്കും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്കും നൽകിയിട്ടുള്ള സംവരണം ഇല്ലാതാകുന്നത് അവരുടെ സാമൂഹ്യോന്നമനത്തിന് വിഘാതമാകുമെന്നതിനാൽ സ്ഥാപനത്തിന്റെ സ്ഥിതിയോ നിയമന രീതിയോ മാറിയാലും സംവരണ നീതി ഉറപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ?

കേന്ദ്ര സർക്കാർ സർവ്വീസിൽ നിയമനങ്ങൾ പരിമിതപ്പെടുത്തിയതിനാലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചതിനാലും ദേശസാത്കൃത ബാങ്കുകളിൽ സ്ഥിരം ജീവനക്കാർക്ക് പകരം കരാർ തൊഴിൽ ഏർപ്പെടുത്തിയതിനാലും സംവരണതത്വങ്ങളോ സംവരണരീതിയോ ഇല്ലാതാകുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുകയും വിഷയം കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്യാവുന്നതാണ്.

(ബി) എയ്ഡഡ് മേഖലയിലും സ്വകാര്യ മേഖലയിലും സംവരണം വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ ശ്രമമുണ്ടാകുമോ?

പരിശോധിക്കുന്നതാണ്.

(സി) ഇവർക്ക് സംസ്ഥാനത്തും വിദേശത്തും ആധുനിക വ്യവസായ സേവന മേഖലകളിൽ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും നൈപുണ്യ ശേഷി ഉയർത്തുന്നതിനും സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന യുവതീയുവാക്കൾക്ക് വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ വ്യവസായ മേഖലകളിൽ തൊഴിൽസാദ്ധ്യതകളുള്ള നൈപുണ്യ വികസന പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ പരിശീലനം നേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സംസ്ഥാനത്തും വിദേശത്തുമുള്ള വിവിധ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സംസ്ഥാനത്തും വിദേശത്തും ജോലി ലഭിക്കുന്നതിനുതകുന്ന പ്രത്യേക പരിശീലന പരിപാടി വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ടിഗ് ആൻഡ് ആർക് വെൽഡിംഗിൽ പരിശീലനം ലഭിച്ചവർക്കും ഹോട്ടൽ മാനേജ്മെന്റിലും, നഴ്സിംഗ് അനുബന്ധ മേഖലയിലും വിദേശത്ത് ജോലി ലഭിച്ചിട്ടുണ്ട്. ഇവർക്ക് വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയാണ് വിദേശത്ത് ജോലി ഉറപ്പാക്കിയിട്ടുള്ളത്. ഇതുപോലെ നൈപുണ്യ പരിശീലനം നൽകിയവർക്ക് 100% പ്ലേസ്മെന്റ് ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്തെ സ്വകാര്യ മേഖലയിലും പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിലവസരം ഒരുക്കിയിട്ടുണ്ട്.

## പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

39(2074) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികളേതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I* ആയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം II* ആയും പിന്നാക്ക വിഭാഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം III* ആയും ചേർക്കുന്നു.

(ബി) പിന്നാക്ക വിഭാഗത്തിലെ കുട്ടികളുടെ ഓൺലൈൻ പഠനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യ പഠനമുറികൾ കൂടാതെ ഊരുവിദ്യാകേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അംഗൻവാടികൾ, മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായവ 1354 കെട്ടിടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടിട്ടുണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത 32 പ്രദേശങ്ങളിൽ സോളാർപാനൽ സംവിധാനങ്ങൾ ഒരുക്കിനൽകിയിട്ടുണ്ട്. സാമൂഹ്യപഠനമുറി ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്/ ഡി.റ്റി.എച്ച് സംവിധാനം ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകൾ റെക്കോർഡ് ചെയ്തശേഷം ആയത് ഊരിലെ പൊതുസ്ഥലത്തെത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. വീടുകളിൽ പഠനസൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ പഠനസൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടെയും മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്രഭാഷയിൽ നൽകുന്നുണ്ട്. ഓൺലൈൻ പഠനത്തിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നില്ല.

(സി) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് വകുപ്പ് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഓൺലൈൻ പഠനം നിലവിൽ ലഭ്യമല്ലാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഓൺലൈൻ പഠനത്തിനായി പട്ടികവർഗ്ഗ കോളനികളിൽ കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ വേണ്ടിവരുന്ന ചെലവ് വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും വഹിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അനുവദനീയമായ പ്രതിമാസ ചെലവുതുക ഈ ആവശ്യങ്ങൾക്കുകൂടി നിറവേറ്റുന്നതിനായി രക്ഷിതാക്കളുടെ അക്കൗണ്ട് മുഖേന നൽകിവരുന്നുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

40(2075) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്കാണ് ഓൺലൈൻ പഠന സൗകര്യങ്ങളില്ലാത്തതെന്ന് അറിയിക്കാമോ; ഇവ ഏതെല്ലാം ആദിവാസി കോളനികളിലാണെന്ന് വിശദീകരിക്കാമോ; ഓൺലൈൻ ഉപകരണങ്ങളുടെ അഭാവമാണോ, ഇന്റർനെറ്റ്-കേബിൾ കണക്ടിവിറ്റി ഇല്ലാത്തതാണോ, വൈദ്യുതീകരണം നടക്കാത്തതാണോ ഇതിന് കാരണമെന്ന് തരംതിരിച്ച് വിശദീകരിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഗ്രൂപ്പായി പഠനം നടത്തുന്നതിനായി പഠനമുറി, താത്കാലിക പഠനകേന്ദ്രങ്ങൾ, ബദൽ സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ എന്നിവ മുഖേനയുള്ള സൗകര്യങ്ങൾ ലഭ്യമാണ്. എന്നാൽ നടപ്പുവർഷം ഇന്ററാക്ടീവ് എഡ്യൂക്കേഷന് മുൻഗണന നൽകി പഠനം നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതിനാൽ നിലവിൽ 786 വിദ്യാർത്ഥികൾക്ക് സ്വന്തം നിലയിൽ പഠന സൗകര്യങ്ങൾ കുറവായിട്ടുണ്ട്. ഇവ പ്രധാനമായും അമരമ്പലം, ചുങ്കത്തറ, എടക്കര, കരുവായി, മൂത്തേടം, പോത്തുകല്ല്, നിലമ്പൂർ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിവിധ കോളനികളിലാണ്. ഓൺലൈൻ ഉപകരണങ്ങളുടെ കുറവ്, ഇന്റർനെറ്റ് കേബിൾ കണക്ടിവിറ്റി ലഭ്യതക്കുറവ്, വൈദ്യുതി ലഭ്യതയില്ലായ്മ എന്നിവ ആയതിന് കാരണമായിട്ടുണ്ട്.

(ബി) കൈറ്റ് വഴി പൊതുവിദ്യാലയങ്ങളിൽ വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് ആദിവാസി മേഖലകളിലെ കുട്ടികൾക്ക് വിതരണം ചെയ്യാമെന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 25-06-2021-ലെ ഉത്തരവ് പ്രകാരം മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി കോളനികളിലാണ് ഇപ്രകാരം കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതെന്ന് അറിയിക്കാമോ?

കൈറ്റ് വഴി വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് വിതരണം ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടില്ല.

(സി) മണ്ഡലത്തിലെ ആദിവാസി കോളനികളിലെ അംഗൻവാടികൾ, വായനശാലകൾ, ക്ലബ്ബുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സ്മാർട്ട് ടി.വി.യും കേബിൾ കണക്ഷനും സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് ഫണ്ട് അനുവദിക്കാനാകുമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

കണക്ടിവിറ്റി ലഭ്യമല്ലാത്ത കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനാവശ്യമായ ചെലവ് വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും വഹിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടികൾ, വായന ശാലകൾ, ക്ലബ്ബുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സ്മാർട്ട് ടി.വി.യും കേബിൾ കണക്ഷനും സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## ശ്രീനാരായണഗുരു നവോത്ഥാന സ്കോളർഷിപ്പ്

41(2076) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയ ശ്രീനാരായണ ഗുരു നവോത്ഥാന സ്കോളർഷിപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ടോ?

2020-21 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ശ്രീനാരായണ ഗുരു നവോത്ഥാന സ്കോളർഷിപ്പ് എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നില്ല.

(ബി) പ്രസ്തുത സ്കോളർഷിപ്പ് നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ബാധകമല്ല.

## അപ്രന്റീസ്ഷിപ്പ് നിയമം

42(2078) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാർ കാലയളവിൽ അപ്രന്റീസ്ഷിപ്പ് നിയമം അനുസരിച്ച് പട്ടികവർഗ്ഗ യുവാക്കൾക്ക് നൽകിയ പരിശീലനത്തിന്റെ വിശദവിവരങ്ങൾ നൽകാമോ?

2011 വർഷത്തിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ക്ലറിക്കൽ തസ്തികയിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനതലത്തിൽ എഴുത്തു പരീക്ഷ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് പട്ടികയിൽനിന്നും ക്രമ പ്രകാരം 5000 രൂപ ഓണറേറിയം അനുവദിച്ച് ഒരു വർഷത്തേക്ക് സംസ്ഥാനതലത്തിൽ 76 പരിശീലനാർത്ഥികൾക്ക് നിയമനം നൽകിയിരുന്നു. 2012 വർഷം മുതൽ 140 പരിശീലനാർത്ഥികൾക്ക് നിയമനം നൽകിവരുന്നുണ്ട്. 2016 മുതൽ ഓഫീസ് മാനേജ്മെന്റ് ട്രെയിനികളുടെ ഓണറേറിയം 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനമാക്കി നൽകാമോ?

പഞ്ചായത്ത് അടിസ്ഥാനമാക്കിയ വിവരങ്ങൾ ലഭ്യമല്ല. 2011 മുതൽ 2016 വരെ ഓഫീസ് മാനേജ്മെന്റ് ട്രെയിനിയായി പരിശീലനം നൽകുന്നതിന് നിയമന ഉത്തരവ് നൽകിയവരുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംരക്ഷണം**

43(2079) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ മരണപ്പെട്ടതിനെത്തുടർന്ന് അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംരക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംരക്ഷണം നടപ്പിലാക്കുന്ന 'കൈത്താങ്ങ്' പദ്ധതി 2013-14 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

15-10-2013-ലെ സ.ഉ(എം.എസ്) നമ്പർ 82/2013/പജ.പവ.വിവ. പ്രകാരം, അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ, ഇവരെ സംരക്ഷിക്കുന്നതിനായി പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകിയിരുന്നു. 10-6-2019-ലെ സ.ഉ (എം.എസ്)നമ്പർ 36/2019/പജ.പവ.വിവ. പ്രകാരം ആയത് 1500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഇവരെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സംരക്ഷണം നടത്തുന്നയാളുടെ വിവരം, കുട്ടിയുമായുള്ള ബന്ധം സഹിതം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല ഓഫീസർമാർ കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കുന്നു. കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ ടി ധനസഹായം അനുവദിച്ചു നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഡിജിറ്റൽ പഠന പദ്ധതി

44(2080) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ചേർത്തുനിർത്തുന്നതിനും ആധുനിക ജീവിത സാഹചര്യങ്ങളുമായി അടുപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

കോവിഡ് തരംഗം തുടരുന്നതിനാൽ 2021-22 അദ്ധ്യയന വർഷം സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഡിജിറ്റൽ ക്ലാസ്സുകൾ വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്തുവരുന്നു. കൂടാതെ സാമൂഹ്യ പഠനമുറികൾ, ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ ഓൺലൈൻ ക്ലാസ്സുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത 43952 വിദ്യാർത്ഥികളുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന ഡിജിറ്റൽ പഠനോപകരണങ്ങൾ അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി കണക്ഷനില്ലാത്ത വിദ്യാർത്ഥികളുടെ വീടുകളിൽ ANERT-ന്റെ സഹായത്താൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മുൻസർക്കാർ പ്രാവർത്തികമാക്കിയ പഠനമുറികളും സാമൂഹ്യ പഠനമുറികളും ഡിജിറ്റൽ പഠനമുറികളാക്കിമാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികവർഗ്ഗ വികസന വകുപ്പ്, ഇന്റർനെറ്റ് സൗകര്യമുള്ള നിലവിലെ സാമൂഹ്യ പഠന മുറികളിൽ വെബ് ക്യാമറ ഉപയോഗിച്ച് ഓൺലൈൻ ക്ലാസ്സുകൾ കോവിഡ്-19 പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്

പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത കോളനികളുടെ വിശദാംശങ്ങൾ ഐ.ടി. വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പഠന മുറികൾ ഡിജിറ്റലാക്കുന്നതുസംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ഡിജിറ്റൽ വിദ്യാഭ്യാസത്തോടൊപ്പം പ്രസ്തുത വിദ്യാർത്ഥികൾക്ക് ക്ലാസ്മുറി പഠനവും ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുമോ?

സംസ്ഥാനത്ത് ക്ലാസ് മുറി പഠനത്തിനുള്ള സാഹചര്യമല്ല ഇപ്പോഴുള്ളത്.

**പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ**

45(2081) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കോവിഡിന്റെ ഭീഷണിയെ മറികടന്നുകൊണ്ട് പട്ടികജാതി വികസന വകുപ്പ് മുഖാന്തരം ധനസഹായ വിതരണം പൂർത്തിയാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കാമോ?

കോവിഡ് വ്യാപനത്തെത്തുടർന്ന് ലോക്ഡൗൺ കാലയളവിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് വകുപ്പിന്റെ ഡയറക്ടറേറ്റ്തലം മുതൽ ജില്ലാ, ബ്ലോക്ക് തലംവരെയുള്ള ജീവനക്കാരെ വിനിയോഗിച്ച് വകുപ്പിന്റെ സാമൂഹ്യക്ഷേമ, സാമ്പത്തിക വികസന, വിദ്യാഭ്യാസ പദ്ധതികളുടെ ആനുകൂല്യങ്ങൾ പട്ടികജാതി ഗുണഭോക്താക്കളിൽ യഥാസമയം എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ധനസഹായ വിതരണത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകുമോ?

വകുപ്പിന്റെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾക്കായി ടി സാമ്പത്തിക വർഷം നാളിതുവരെ 21113.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം നടത്തിയിട്ടുണ്ടോ?

നടത്തിയിട്ടുണ്ട്.

(ഇ) ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിനും വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുമായി ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഓൺലൈൻ പഠനസൗകര്യം ഒരുക്കുന്നതിനായി 1-ാം ക്ലാസ്സ് മുതൽ ബിരുദ-ബിരുദാനന്തര തലം വരെയുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. വിദ്യാഭ്യാസാനുകൂല്യം നൽകിയത് സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| പോസ്റ്റ് മെട്രിക് | 92677 | 93,97,53,777 |
| പ്രീമെട്രിക് എൽഎസ്ജി | 312660 | 27,71,80,800 |
| എഡ്യൂക്കേഷൻ എയ്ഡ് | 191940 | 38,38,80,000 |
| പ്രീമെട്രിക് സ്റ്റൈപ്പന്റ് | 8055 | 8,05,500 |
| ആകെ | 605332 | 160,16,20,077 |

## എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം

46(2082) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻസി സ്കൂളുകൾ എന്നിവയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II * ആയും ചേർക്കുന്നു.

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ എത്ര കുട്ടികൾ താമസിച്ച് പഠിക്കുന്നുണ്ടെന്നും കോവിഡിന്റെ സാഹചര്യത്തിൽ കുട്ടികൾ ഹോസ്റ്റലുകളിൽ താമസം തുടരുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

കോവിഡ് രണ്ടാം തരംഗത്തിന്റെ സാഹചര്യത്തിൽ ഹോസ്റ്റലുകളിൽ നിലവിൽ കുട്ടികളെ താമസിപ്പിക്കുന്നില്ല.

(സി) ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇവർക്ക് സൗകര്യമുണ്ടോയെന്നും എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ?

ഓൺലൈൻ / ഡിജിറ്റൽ പഠനത്തിന് തടസ്സം നേരിടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി ലാപ്ടോപ്പ്, ടാബ്‌ലറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം/തനത് ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 23-6-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ KITE വഴി വിദ്യാലയങ്ങൾക്ക് വിതരണം ചെയ്ത ഒരു ലക്ഷത്തോളം ലാപ്ടോപ്പുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് KITE -നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി സ്ഥാപനത്തിലെ അദ്ധ്യാപകർതന്നെ പ്രത്യേകം ക്ലാസുകൾ തയ്യാറാക്കുകയും വാട്സ്ആപ് ഗ്രൂപ്പുകൾ സൃഷ്ടിച്ച് ഓരോ വിഷയത്തിനും പ്രത്യേകം ക്ലാസുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. ലൈവായി ക്ലാസുകൾ കാണുന്നതിനായി സൗകര്യം ലഭ്യമല്ലാത്ത കുട്ടികൾക്ക് റിക്കോർഡ് ചെയ്ത് കാണാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ താമസിച്ചുപഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ താമസസ്ഥലത്തിനടുത്തുള്ള സാമൂഹ്യ പഠനമുറികൾ, മറ്റ് ഓൺലൈൻ പഠന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഓൺലൈൻ വിദ്യാഭ്യാസത്തിനായി എസ്.സി./എസ്.ടി. വിഭാഗത്തിലെ എത്ര കുട്ടികൾക്ക് സർക്കാർ ഫോണുകൾ/ടാബുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റ്/ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ 43952 വിദ്യാർത്ഥികളുടെ പട്ടിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കോച്ചിംഗ് സെന്ററുകൾ

47(2083) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എത്ര കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | ജില്ല | PETC യുടെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | മണ്ണന്തല |
| 2 | എറണാകുളം | ആലുവ |
| 3 | പാലക്കാട് | കുഴൽമന്ദം |
| 4 | കോഴിക്കോട് | കോഴിക്കോട് |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വകുപ്പിന് കീഴിൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല.

(ബി) ഓരോ കോച്ചിംഗ് സെന്ററിലും ഏതെല്ലാം വിഷയങ്ങളിലാണ് കോച്ചിംഗ് നൽകുന്നതെന്നും ഇപ്പോൾ എത്ര കുട്ടികൾവീതം പരിശീലനം നേടിവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

മണ്ണുത്തല ഗവൺമെന്റ് പ്രീ എക്സാമിനേഷൻ സെന്ററിൽ 10th/+2 level, Degree level, എഞ്ചിനീയറിംഗ്/ മെഡിക്കൽ എൻട്രൻസ്, സ്റ്റെനോഗ്രഫി (2 year), PSC, RRB, SSC, Railway, Banking എന്നിവയുമായി ബന്ധപ്പെട്ട മത്സരപരീക്ഷകൾക്ക് കോച്ചിംഗ് നടത്തിവരുന്നു. ആലുവ ഗവ. പ്രീ എക്സാമിനേഷൻ സെന്ററിൽ PSC-ഗണിതം, ഇൻഫർമേഷൻ ടെക്നോളജി, ഫിസിക്സ്, കെമിസ്ട്രി, ജ്യോഗ്രഫി, സമകാലികം, മലയാളം, ഹിസ്റ്ററി, സ്റ്റെനോഗ്രഫി, ഷോർട്ട് ഹാന്റ് മലയാളം, ഇംഗ്ലീഷ് (ലോവർ&ഹയർ) ടൈപ്പ്റൈറ്റിംഗ് എന്നിവയിൽ കോച്ചിംഗ് നൽകിവരുന്നു. 60 വിദ്യാർത്ഥികൾ പരിശീലനം നേടിവരുന്നു. കോഴിക്കോട് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ 6 മാസ ജനറൽ പി.എസ് സി കോച്ചിംഗ് കൂടാതെ 2 വർഷത്തെ സ്റ്റെനോഗ്രഫി കോഴ്സ് നടത്തിവരുന്നു. ജനറൽ പി.എസ്.സി കോച്ചിംഗിന് 72 കുട്ടികളും രണ്ട് വർഷത്തെ സ്റ്റെനോഗ്രഫി കോഴ്സിന് 18 കുട്ടികളും പഠിക്കുന്നു. കുഴൽമന്ദം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ സ്റ്റെനോഗ്രഫി കമ്പ്യൂട്ടർ കോഴ്സ്, PSC, RRB, SSC, Railway, Banking, മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് എന്നിവയിൽ കോച്ചിംഗ് നടത്തിവരുന്നു. നിലവിൽ സ്റ്റെനോഗ്രഫിയിൽ 13 വിദ്യാർത്ഥികളും കമ്പ്യൂട്ടർ കോഴ്സിന് 14 വിദ്യാർത്ഥികളും PSC കോച്ചിംഗിന് 15 വിദ്യാർത്ഥികളും ഓൺലൈനായി പരിശീലനം നടത്തിവരുന്നു.

(സി) എന്തെല്ലാം സംവിധാനങ്ങൾ ഇത്തരത്തിൽ കോച്ചിംഗ് സെന്ററുകളിലുണ്ടെന്നും ഒരു കോച്ചിംഗ് സെന്ററിന്റെ നടത്തിപ്പിന് ഒരു മാസത്തെ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ?

മണ്ണുത്തല പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ കോച്ചിംഗിനായി 28 ടൈപ്പ്റൈറ്ററുകൾ, 18 കമ്പ്യൂട്ടറുകൾ, പ്രൊജക്ടർ, ലൈബ്രറി എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആലുവ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ ഒരു മണിക്കൂറിൽ ഒരു ദിവസം 5 മണിക്കൂർ ക്ലാസ്സ്, വാരാന്ത്യത്തിലെ പരീക്ഷ, ദിനപ്പത്രങ്ങൾ, തൊഴിൽ പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി, മികച്ച ഗസ്റ്റ് അദ്ധ്യാപകരുടെ ക്ലാസ്സുകൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. കുഴൽമന്ദം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ കോച്ചിംഗിനായി 5 മലയാളം ടൈപ്പ്റൈറ്ററുകൾ, 6 ഇംഗ്ലീഷ് ടൈപ്പ്റൈറ്ററുകൾ, 6 കമ്പ്യൂട്ടറുകൾ, ഒരു പ്രിന്റർ, ഒരു ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഒരു ഡിവിഡി പ്ലേയർ, ഒരു എൽസിഡി പ്രൊജക്ടർ, നെറ്റ് സൗകര്യം എന്നിവ നിലവിലുണ്ട്. കോഴിക്കോട് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ രണ്ട് വലിയ ക്ലാസ് റൂമുകൾ, ഒരു കോൺഫറൻസ് ഹാൾ, രണ്ട് ലാബുകൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. ഒരു കോച്ചിംഗ് സെന്ററിന്റെ ഒരു മാസത്തെ നടത്തിപ്പിനായി ഏകദേശം 2 ലക്ഷം രൂപ ചെലവുവരുന്നുണ്ട്.

(ഡി) കോച്ചിംഗ് സെന്ററുകളില്ലാത്ത ജില്ലകളിൽ പുതുതായി ഇവ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം

48(2084) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭ്യമാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്/പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വകുപ്പ് മുഖേന നൽകി വരുന്നു. പ്രീമെട്രിക് ആനുകൂല്യങ്ങൾ:- ലംപ്സംഗ്രാന്റ്, പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്, പ്രതിമാസ സ്റ്റൈപന്റ്, ശ്രീ അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ്. പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾ:- ലംപ്സംഗ്രാന്റ് പ്രതിമാസ സ്റ്റൈപന്റ്, പോക്കറ്റ് മണി, കണ്ടിജൻസി ഗ്രാന്റ്, ഫെലോഷിപ്പ് പ്രോജക്ട് അലവൻസ്, ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, ABLC (Actual Boarding and Lodging Charges), സപ്ലിമെന്ററി ഫീസ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി സർക്കാർ നൽകുന്ന സഹായങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി-നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു. നിരക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 750 | 200 |
| 2 | യു.പി വിഭാഗം 5 മുതൽ 7 വരെ | 900 | 200 |
| 3 | ഹൈസ്കൂൾ വിഭാഗം | 1000 | 200 |

2. <u>പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി</u> - 9,10 ക്ലാസ്സുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി) 9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250 രൂപയും 1000 രൂപയും നൽകുന്നു.

3. <u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി</u>: പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു.

4. <u>വിദേശപഠനത്തിനുള്ള ധനസഹായം</u>: സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽപോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>അന്യസംസ്ഥാന പഠനം</u>: സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു.

6. <u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്പ്മെന്റ് പദ്ധതി</u>: സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം

ക്ലാസ്സ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.

7. <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>: അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000 രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500, 6000 രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനവും നൽകിവരുന്നു.

8. <u>മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം</u>: മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്കു താഴെ)പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു.

9. <u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം</u>- +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരുമാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടു നിൽക്കുന്ന റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു.

10. <u>ലാപ്ടോപ്പ് വിതരണം</u>- അംഗീകൃത യൂണിവേഴ്സിറ്റികൾ/സ്ഥാപനങ്ങളിൽ തെരഞ്ഞെടുത്ത കമ്പ്യൂട്ടർ അധിഷ്ഠിതമായ/അത്യന്താപേക്ഷിതമായ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് 2-ാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിവരുന്നു.

11. <u>സാമൂഹ്യപഠനമുറി</u>:- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യ പഠനമുറികൾ എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചുവരുന്നു. ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റു സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്.

12. ഗോത്രബന്ധു പദ്ധതി:- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചു.

(ബി) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 'പഠനമുറി' എന്ന പേരിൽ ആരംഭിച്ച പദ്ധതിയിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച എണ്ണം | പൂർത്തീകരിച്ച എണ്ണം | തുക |
|---|---|---|---|
| 2017-18 | 6623 | 6163 | 56,53,11,250 |
| 2018-19 | 4980 | 4396 | 120,50,10,000 |
| 2019-20 | 4993 | 3862 | 87,50,84,000 |
| 2020-21 | 8500 | 3225 | 175,19,64,127 |

ഇതിനുപുറമേ നടപ്പുവർഷം 5000 പഠനമുറികൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നടപ്പു വർഷം 10,38,97,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആകെ 250 സാമൂഹ്യപഠനമുറികൾ സ്ഥാപിച്ചിട്ടുണ്ട്. 7392 വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പഠനമുറി പദ്ധതിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് മറ്റ് ധനസഹായങ്ങൾ അനുവദിക്കുന്നില്ല.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഡിവൈസ് വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ MGLC (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ്) കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന മുറികളിലേയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളിൽ ടി സൗകര്യം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പട്ടികജാതി/വർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം

49(2085) <u>ശ്രീ. മുഹമ്മദ് മുഹസിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

(എ&ബി) 2-7-2009-ലെ സ.ഉ. (അച്ചടി) നമ്പർ 50/2009/പജപവവിവ പ്രകാരം സർക്കാർ അംഗീകൃത സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അലോട്ട്മെന്റുവഴി അഡ്മിഷൻ ലഭിച്ചിട്ടുള്ള, വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകിവരുന്നു. തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല.

## മങ്കടയിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സഹായം

50(2086) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഓൺലൈൻ പഠന സൗകര്യമില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികളുള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് പഠനസൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം സഹായം വകുപ്പ് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 308 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യമില്ലെന്ന് കണ്ടെത്തിയിരുന്നു. ടി വിദ്യാർത്ഥികൾക്ക് സ്കൂൾ അധികാരികളുമായും പി.ടി.എ.യുമായും സഹകരിച്ചുകൊണ്ട് ഓൺലൈൻ പഠനത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികളിൽ എത്ര പേർക്ക് വകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്; ആനുകൂല്യം ലഭിക്കാത്ത അർഹരായ എത്ര വിദ്യാർത്ഥികളുണ്ട്; വിശദമാക്കുമോ?

സ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികളിൽ ലംപ്സംഗ്രാന്റ് ഇനത്തിൽ 2762 പേർക്കും, പ്രൈമറി/സെക്കണ്ടറി എയ്ഡ് ഇനത്തിൽ 1366 പേർക്കും സ്പെഷ്യൽ ഇൻസെന്റീവ് ഇനത്തിൽ 304 പേർക്കും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 305 വിദ്യാർത്ഥികൾക്കും വകുപ്പിൽനിന്നും ആനുകൂല്യം നൽകിയിട്ടുണ്ട്. ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യത്തിനായി അപേക്ഷിച്ച അർഹരായ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) മങ്കട മണ്ഡലത്തിലെ അർഹരായ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും സർക്കാർ നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി ഐ.ടി.ഐ.കളുടെ പ്രവർത്തനം

51(2087) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള ഗുലാത്തി കമ്മീഷൻ റിപ്പോർട്ട് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.കളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുള്ളതും ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ശിപാർശകളിൽ ഐ.റ്റി.ഐ.കളുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ചുള്ള കാര്യങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പി.പി.പി. പദ്ധതി പ്രകാരം ആരംഭിച്ച ഐ.ടി.ഐ.കളിൽ പത്ത് വർഷം കഴിഞ്ഞിട്ടും തസ്തിക സൃഷ്ടിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.ടി.ഐ.കളുടെ നിലവാരമുയർത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച Upgradation of Goverment ITIs through Public Private Partnership (PPP) എന്ന പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ മര്യാപുരം ഐ.ടി.ഐ, പത്തനംതിട്ട ജില്ലയിലെ പന്തളം ഐ.ടി.ഐ, പാലക്കാട് ജില്ലയിലെ മംഗലം ഐ.ടി.ഐ., കോഴിക്കോട് ജില്ലയിലെ ഏലത്തൂർ ഐ.ടി.ഐ. എന്നിവയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പി.പി.പി പദ്ധതി പ്രകാരം ആരംഭിച്ച ഐ.ടി.ഐ.കളിൽ 23-8-2016-ലെ ഉ.(സാധാ) നമ്പർ 1187/16/പജ.പവ.വിവ. പ്രകാരം വിവിധ ട്രേഡുകൾ ആരംഭിക്കുന്നതിനും ആയതിലേയ്ക്കാവശ്യമായ അദ്ധ്യാപക/അനദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള താല്ക്കാലിക ക്രമീകരണം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.റ്റി.ഐ.-കളിൽ പദ്ധതി പ്രകാരമുള്ള ട്രേഡുകളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വ്യവസായിക പരിശീലന വകുപ്പിൽ എംപ്ളോയബിലിറ്റി സ്കിൽ പഠിപ്പിക്കാൻ മുഴുവൻ സമയ ഇൻസ്ട്രക്ടറെ നിയമിക്കുമ്പോൾ അതേ സിലബസ് പഠിപ്പിക്കുന്ന പട്ടികജാതി ഐ.ടി.ഐ.കളിൽ ഒരു മാസത്തേയ്ക്ക് മാത്രം ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാരത സർക്കാരിന്റെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ (DGT) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നത്. എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയം ആകെ 110 മണിക്കൂർ പഠിപ്പിക്കുന്നതിനാണ് DGT നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ടി വിഷയം പഠിപ്പിക്കാൻ ഒരു മാസത്തേയ്ക്ക് (110 മണിക്കൂർ) ഇൻസ്ട്രക്ടറെ തെരഞ്ഞെടുക്കാനും മണിക്കൂറിന് 240 രൂപ വേതനം അനുവദിക്കാനും 11-12-2019-ലെ സ.ഉ(സാധാ) നമ്പർ 1359/2019/പജ.പവ.വിവ. പ്രകാരം അനുമതി നൽകിയിട്ടുള്ളത്. DGT പ്രസ്തുത വിഷയത്തിന്റെ പരിശീലന സമയ ദൈർഘ്യം 240 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വകുപ്പിന്റെ ഐ.റ്റി.ഐ.കളിൽ പ്രസ്തുത വിഷയം 240 മണിക്കൂർ പഠിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.റ്റി.ഐ.കളിലെ ട്രേഡുകളുടെ എണ്ണം, യൂണിറ്റുകളുടെ എണ്ണം, പരിശീലനാർത്ഥികളുടെ എണ്ണം എന്നിവയുമായി വകുപ്പിന്റെ ഐ.റ്റി.ഐ.കളെ താരതമ്യം ചെയ്യുന്നത് പ്രായോഗികമല്ല. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരിഭാഗം ഐ.റ്റി.ഐ.കളിലും ഒന്നോ, രണ്ടോ ട്രേഡുകൾ മാത്രമാണുള്ളതെന്നതിനാലാണ് എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടറുടെ സേവനം ഒരു മാസത്തേയ്ക്കായി പരിമിതപ്പെടുത്തിയിട്ടുള്ളത്.

## മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ-യ്ക്ക് പുതിയ കെട്ടിടം

52(2088) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പൂർത്തീകരിക്കുവാൻ നിലവിൽ അനുവദിക്കപ്പെട്ട തുക പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ തുക അനുവദിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര ഐ.റ്റി.ഐ.യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 9-1-2019-ലെ സ.ഉ(സാധാ) നമ്പർ 13/2019/ പജ.പവ.വിവ. പ്രകാരം 2.00 കോടി രൂപ അനുവദിക്കുകയും ആയത് 3/2019 -ൽ തന്നെ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക മൂന്ന് നില കെട്ടിടനിർമ്മാണത്തിന് മതിയാവില്ലെന്നും എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണം പൂർണ്ണമായി പൂർത്തിയാക്കാൻ 1.65 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും, ടി തുക പൊതുമരാമത്ത് വകുപ്പിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചു വരുന്നു.

## ട്രൈബൽ ഹോസ്റ്റലുകൾ തുറക്കുന്നതിന് നടപടി

53(2089) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിമൂലം ട്രൈബൽ ഹോസ്റ്റലുകൾ അടച്ചതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാക്സിനേഷനിൽ മുൻഗണന നൽകി ട്രൈബൽ ഹോസ്റ്റലുകൾ തുറക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ഹോസ്റ്റലുകൾ തുറക്കുന്നത് ഉചിതമാകില്ല. എങ്കിലും തുറക്കുവാൻ തീരുമാനിക്കുന്ന സാഹചര്യത്തിൽ ഹോസ്റ്റലുകൾ പ്രവർത്തന സജ്ജമാക്കാൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകൾ

54(2090) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

16 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

(ബി) പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലുകളിൽ ആവശ്യമായ സൗകര്യങ്ങളില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹോസ്റ്റലുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യാനുസരണം കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്.

(സി) പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഹോസ്റ്റലുകളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഹോസ്റ്റലുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല വിതരണത്തിനായി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ, വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി അഗ്നി പ്രതിരോധ സംവിധാനങ്ങൾ, മിനിമാസ്റ്റ് ലൈറ്റുകൾ, സി.സി.ടി.വി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ ആവശ്യാനുസരണം കട്ടിൽ, മെത്ത എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

55(2091) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനത്തിനായി വിവിധ മത്സര പരീക്ഷകൾക്ക് അവരെ തയ്യാറാക്കുന്നതിനായുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

I. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം.

a. പ്ലസ്-ടു പഠനത്തോടൊപ്പമുള്ള എൻട്രൻസ് പരിശീലനം (2 വർഷത്തേയ്ക്ക്) ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകിവരുന്നു.

b. പ്ലസ്-ടു പഠന ശേഷമുള്ള എൻട്രൻസ് പരിശീലനം ഈ പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു.

II. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (PETC):- വകുപ്പിന് കീഴിലുള്ള 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ നിലവിൽ പ്ലസ്-ടു മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബാങ്കുകൾ എന്നിവ അപേക്ഷ ക്ഷണിക്കുന്ന വിവിധ മത്സര പരീക്ഷകളിൽ 6 മാസത്തെ കോച്ചിംഗ് ക്ലാസുകൾ സൗജന്യമായി നടത്തി വരുന്നു. കൂടാതെ 2 വർഷം ദൈർഘ്യമുള്ള സ്റ്റെനോഗ്രാഫി കോഴ്സും സൗജന്യമായി PETC-യിൽ നടത്തി വരുന്നു.

III. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ആൻഡ് ട്രെയിനിംഗ് സൊസൈറ്റി (ICSETS) :- കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ICSETS മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

IV. ലക്ഷ്യാ സ്കോളർഷിപ്പ് പദ്ധതി :- ഈ പദ്ധതി പ്രകാരം മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്ന ICSETS -ൽ പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾവഴി പരിശീലനം നൽകുന്നതിലേയ്ക്ക് ലക്ഷ്യാ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പരിശീലന പരിപാടി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിന് ഈ പദ്ധതി വഴി സഹായം നൽകിവരുന്നു.

## പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ

56(2092) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സ്വയംതൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ, 80 ശതമാനമോ അതിനു മുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവർക്ക് പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കായി സ്റ്റാർട്ട്അപ്പ് മിഷനുമായി ചേർന്ന് സ്റ്റാർട്ട്അപ്പ് ഡ്രീംസ് എന്ന പേരിലും ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ലാഭകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പിന്തുണ ലഭ്യമാക്കുന്നുണ്ടോ?

പട്ടികജാതി വികസന വകുപ്പിന്റെ സ്വയംതൊഴിൽ സബ്സിഡി പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഗുണഭോക്താവിന്റെ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മൂന്നിലൊന്ന് തുക സബ്സിഡിയായി നൽകിവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്റ്റുകൾക്ക് 75% തുക (പരമാവധി 10 ലക്ഷം രൂപ) ജില്ലാതലത്തിൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്റ്റാർട്ട്അപ്പ് മിഷനുമായി ചേർന്ന് സ്റ്റാർട്ട്അപ്പ് ഡ്രീംസ് എന്ന പേരിൽ നടപ്പിലാക്കിവരുന്ന പദ്ധതിയിലൂടെ സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സഹായത്തോടെ മികച്ച ഉത്പന്നം വികസിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

## ദേശീയ തൊഴിലുറപ്പ് ട്രൈബൽ പ്ലസ് പദ്ധതി

57(2093) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് ട്രൈബൽ പ്ലസ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. 15-7-2021-ലെ കണക്കനുസരിച്ച് 1,27,167 കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ദേശീയ തൊഴിലുറപ്പ് മിഷന്റെ 100 ദിവസത്തെ തൊഴിലുറപ്പ് കാർഡ് അനുവദിച്ചിട്ടുണ്ട്. 100 ദിവസത്തെ തൊഴിൽ ലഭിച്ചു കഴിഞ്ഞാൽ 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്ന പദ്ധതിയാണ് ട്രൈബൽ പ്ലസ്.

(ബി) ട്രൈബൽ പ്ലസ് പദ്ധതിയിൽ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ ഒരുക്കിയിട്ടുണ്ടോ; അവ എവിടെയൊക്കെയാണ് നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പട്ടികവർഗ്ഗക്കാരുള്ള എല്ലാ പഞ്ചായത്തുകളിലും ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ട്രൈബൽ പ്ലസ് പദ്ധതിയുടെ മേൽനോട്ടവും ചുമതലയും ആയതിന്റെ ശക്തമായ മോണിട്ടറിംഗ് സംവിധാനവും സംസ്ഥാനത്ത് ഏതുരീതിയിൽ നടപ്പിൽ വരുത്തുന്നുവെന്ന് വിശദമാക്കാമോ?

പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരിന് കീഴിലുള്ള ദേശീയ തൊഴിലുറപ്പ് മിഷനാണ്. നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം ട്രൈബൽ പ്ലസിന്റെ കാര്യത്തിലും തുടർന്നുവരുന്നു.

## പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ

58(2094) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ നേടുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട, തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ആൻഡ് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്ന വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയും സ്വയംതൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീ- യുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതീ- യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പി.എസ്.സി വഴി ജോലി ലഭിക്കുന്നതിനുള്ള പരിശീലനം ജില്ലാ ആസ്ഥാനങ്ങളിൽ നടന്നുവരുന്നു. ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിലവസരങ്ങൾ നേടുന്നതിനായി അവർക്ക് പ്രത്യേക നൈപുണ്യ പരിശീലനം നൽകി അവർക്ക് വിവിധ വ്യാവസായിക ഉത്പാദന കേന്ദ്രങ്ങളിൽ ജോലി ലഭ്യമാക്കുന്നു. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നവർക്ക് ആധുനിക കൃഷിരീതിയിൽ പ്രത്യേക പരിശീലനം നൽകി അവർക്ക്, കൂടുതൽ ഉത്പാദനത്തിലൂടെ സ്ഥിരവരുമാനം ഉറപ്പാക്കുന്നു. വനിതകളായ സ്ത്രീകൾക്ക് തയ്യൽ പരിശീലനം നൽകി ഗ്രൂപ്പുകളാക്കി ഉത്പാദനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പ്രത്യേക പരിശീലനവും ഒപ്പം ധനസഹായവും നൽകി, അവർക്ക് വകുപ്പിന്റെ തന്നെ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കിവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി/വർഗ്ഗ പ്രാതിനിധ്യം

59(2095) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഏറ്റവും ഒടുവിൽ അവലോകനം ചെയ്തത് എന്നാണ്; ഇതുസംബന്ധിച്ച് പൊതുമേഖല സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് നൽകാമോ?

2019 ഡിസംബറിലാണ് പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം അവസാനമായി അവലോകനം ചെയ്തത്. ഇത് സംബന്ധിച്ച് പൊതുമേഖല സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എസ്.സി./എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; നിയമന നടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനു കാരണമെന്താണ്; പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം എല്ലാ വർഷവും അവലോകനം ചെയ്യുകയും മതിയായ പ്രാതിനിധ്യം പ്രസ്തുത വിഭാഗത്തിനില്ലായെങ്കിൽ ആവശ്യമായ തസ്തികകൾ കണ്ടെത്തി ടി വിഭാഗത്തിനായി സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലവന്മാർ പ്രസ്തുത തസ്തിക സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും, പി.എസ്.സി സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള നടപടി സ്വീകരിച്ച് റിസർവ് ചെയ്ത തസ്തികകളിലേക്ക് നിയമന ശിപാർശ നൽകുകയും അതുപ്രകാരം സർക്കാർ നിയമനം നടത്തുകയുമാണ് ചെയ്തുവരുന്നത്. സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി കണ്ടെത്തിയ തസ്തികകൾ വകുപ്പുതലവന്മാർ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസവും ചില തസ്തികകളിൽ പി.എസ്.സി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുന്നതിനാലും നിയമന നടപടികൾ പൂർത്തിയാക്കുന്നതിൽ ചിലപ്പോഴൊക്കെ കാലതാമസം നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി കാലതാമസം വരുത്തുന്ന വകുപ്പുകളെയും പബ്ലിക് സർവ്വീസ് കമ്മീഷനെയും ഉൾപ്പെടുത്തി സംയുക്ത അവലോകന യോഗം വിളിച്ച് വീഴ്ചകൾ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തരമായി നിയമന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ വകുപ്പുകളും സ്പെഷ്യൽ റിക്രൂട്ട്മെന്റിന് റിസർവ് ചെയ്യുന്നതിനായി തസ്തികകൾ റിപ്പോർട്ട് ചെയ്യുമ്പോൾ തടസ്സമില്ലാതെ അടിയന്തരമായി നിയമനം നടത്തുവാൻ കഴിയുന്ന സ്ഥിരം തസ്തികകൾ മാത്രം റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി കേന്ദ്രസർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഈയിനത്തിൽ കഴിഞ്ഞ അഞ്ചു വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

പട്ടികജാതി വികസന വകുപ്പ്- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്- രക്ഷിതാക്കളുടെ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള, അംഗീകൃത സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ്/ ഡീംഡ് യൂണിവേഴ്സിറ്റികൾ/പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ/അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

2. 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് - സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത റഗുലർ/ഫുൾടൈം പട്ടികജാതി വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.

3. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് - 9 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പ്രാവീണ്യം നൽകുന്നതിനായുള്ള ഈ പദ്ധതി നിലവിൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്നില്ല. അംഗീകൃത റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിൽ ചേരുന്നതിന് സ്ഥാപനം മുഖേനയാണ് അപേക്ഷിക്കേണ്ടത്.

4. ആരോഗ്യ ഹാനിക്കിടയാക്കുന്ന സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി-ശുചീകരണ തൊഴിലാളികൾ, ആരോഗ്യ ഹാനിക്കിടയാക്കുന്ന സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്നവർ എന്നിവരുടെ ആശ്രിതർക്കാണ് ഈ സ്കോളർഷിപ്പ് നൽകിവരുന്നത്. വരുമാന പരിധി, ജാതി-മത പരിഗണന എന്നിവ ബാധകമല്ല. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി കേന്ദ്ര സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾക്കായി കഴിഞ്ഞ 5 വർഷം ലഭിച്ച തുകയുടെ വിശദാംശം അനുബന്ധം II* ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയില്ലാത്ത, വാർഷിക വരുമാനം 2.5 ലക്ഷത്തിന് താഴെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഹോസ്റ്റലിൽ താമസിച്ച് പഠനം നടത്തുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റ്, പ്രതിവർഷ ബുക്ക് അലവൻസ് എന്നിവ ചേർത്ത് 5250 രൂപയും അല്ലാത്തവർക്ക് പ്രതിവർഷം 3000 രൂപയും നൽകിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി കേന്ദ്ര സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾക്കായി കഴിഞ്ഞ 5 വർഷം ലഭിച്ച തുകയുടെ വിശദാംശം അനുബന്ധം III*ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കോവിഡ് കാലത്ത് വിദ്യാർത്ഥികൾക്ക് എന്തെല്ലാം പഠന സഹായങ്ങളാണ് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ ചെയ്തതെന്ന് വ്യക്തമാക്കാമോ; ഈ ഇനത്തിലുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയായിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക്, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് മെസ് ചാർജ്ജ്, പോക്കറ്റ് മണി എന്നിവ അനുവദിച്ചിട്ടുണ്ട്. വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയും അനുവദിച്ചുനൽകുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും, പ്രീമെട്രിക് ഹോസ്റ്റലുകളിലും എസ്.എസ്.എൽ.സി. വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 3000 രൂപയും, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് പ്രതിമാസം 3450 രൂപയും, പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് പ്രതിമാസം 3450 രൂപയും ഓൺലൈൻ പഠനത്തിനുള്ള ചെലവുകൾക്കായും, പഠനോപകരണങ്ങൾ വാങ്ങുന്നതിനും പോഷകാഹാരം ഉറപ്പു വരുത്തുന്നതിനുമായി അനുവദിച്ചുനൽകിയിട്ടുണ്ട്. ടി തുക മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് സീനിയർ സൂപ്രണ്ടുമാർ മുഖേനയും പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേനയും വിതരണം ചെയ്തിട്ടുണ്ട്. ആയതിലേക്ക് ആകെ 9,02,10,213 രൂപ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ കുട്ടികളുടെ ഭക്ഷണ ചെലവുകൾക്കായി അനുവദിക്കേണ്ടിയിരുന്ന തുകയിൽനിന്നുമാണ് മേൽ ചെലവുകൾ വഹിച്ചിരുന്നതെന്നതിനാൽ ഈ കാര്യത്തിൽ അധിക ബാദ്ധ്യത ഉണ്ടായിട്ടില്ല.

(ഇ) പട്ടികജാതി വികസന വകുപ്പിൽ ഭവനനിർമ്മാണത്തിനായി കഴിഞ്ഞ 5 വർഷം വകകൊള്ളിച്ചിരുന്ന തുകയും ലൈഫ് പദ്ധതിക്ക് കൈമാറിയ തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ; എത്ര വീടുകൾ നിർമ്മാണത്തിനായി ഏറ്റെടുത്തുവെന്നും അതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതിക്കായി വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2016 -17 - 373,67,89,030

2017 - 18 - 575,00,00,000

2018 -19 - 440,00,00,000

2019-20 - 200,00,00,000

2020-21 - 270,00,00,000

മേൽപ്രകാരം 2225-01-283-89 ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 2018-19 വർഷം 61.30 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ഇതിന് പുറമേ ലൈഫ് പദ്ധതിക്ക് നൽകുന്നതിനായി 2225-01-283-84(പി) ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2019- 20 - 400,00,00,000

2020- 21 - 300,00,00,000

മേൽപ്രകാരം വകയിരുത്തിയ തുകയിൽനിന്നും ലൈഫ് മിഷൻ ആവശ്യപ്പെട്ട പ്രകാരം 2020-21 വർഷം 245 കോടി രൂപയും ലൈഫ് മിഷൻ കൈമാറിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ ആകെ അനുവദിച്ചുനൽകിയ തുക; 2018- 19 - 61,30,00,000 2020-21 - 245,00,00,000 ആകെ- 306,30,00,000 അനുവദിച്ച വീടുകളുടെ വിവരം അനുബന്ധം IV* ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഭവനനിർമ്മാണത്തിനായി കഴിഞ്ഞ 5 വർഷം വകകൊള്ളിച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധം V* ആയി ചേർക്കുന്നു.

(എഫ്) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഭവന നിർമ്മാണ പദ്ധതിയിലെ വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റം വരുത്തിയാണ് ലൈഫ് പദ്ധതി നടപ്പാക്കിയത്; ഇതുമൂലം പട്ടിക വിഭാഗക്കാരുടെ റേഷൻ കാർഡിലെ എല്ലാ കുടുംബങ്ങൾക്കും ഭവനം ലഭിക്കാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നത് ലൈഫ് പദ്ധതിപ്രകാരമാണ്. ഇതിനായി ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഭവനരഹിതർക്ക് 4 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു. പട്ടികജാതി വികസന വകുപ്പ് നേരിട്ട് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നില്ല. ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാരിൽ "ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ മാനദണ്ഡങ്ങളിൽ ഇളവ് നൽകി 6-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1946/2019/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഭവന നിർമ്മാണ ധനസഹായം 4 ഗഡുക്കളായാണ് അനുവദിച്ചുവന്നിരുന്നത്. ലൈഫ് മിഷൻ മുഖേന നൽകുന്ന വീടുകൾക്ക് 5 ഗഡുക്കളായാണ് തുക അനുവദിച്ചു നൽകുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നായാടി സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം

60(2096) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായാടി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 2010 ജൂലൈ 14-ന് 6903/G1/10SCSTDD നമ്പറായി കേന്ദ്ര സർക്കാരിന് നൽകിയ ശിപാർശയ്ക്കുശേഷം അതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നായാടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 14-7-2010-ൽ 6903/G1/10/SCSTDD നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് നൽകിയ ശിപാർശ നിരസിച്ചതായി കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം 7-2-2013-ലെ F.No.12026/28/2009-C&LM-I നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉണ്ട്. നായാടി സമുദായത്തെക്കുറിച്ച് കിർത്താഡ്സ് നടത്തിയ പഠന റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

## തിരൂരങ്ങാടി, പരപ്പനങ്ങാടി നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക

61(2097) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരൂരങ്ങാടി, പരപ്പനങ്ങാടി നഗരസഭകളിൽ നിലവിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക ഇല്ലാത്തതിനാൽ പട്ടികജാതി വികസന പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽ സാഹചര്യത്തിൽ തിരൂരങ്ങാടി, പരപ്പനങ്ങാടി നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക

62(2098) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ വിവിധ ഓഫീസുകളിലായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളുണ്ട്; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഏതെല്ലാം ഓഫീസുകളിലാണ് നിലവിലുള്ളതെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

പ്യൂൺ ഗ്രേഡ് -2 തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്ന 9 ഒഴിവുകളിൽ, പി.എസ്.സി. ശിപാർശ ചെയ്തതനുസരിച്ച് 9 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 01-07-2021 -ന് നിലവിൽ വന്ന ഒരൊഴിവ് 23-07-2021 ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിലില്ല.

(ബി) പ്രസ്തുത തസ്തികയിൽ 31-12-2021 വരെ പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്; ഏതെല്ലാം തീയതികളിൽ എത്ര ഒഴിവുകൾ ഏതെല്ലാം ഓഫീസുകളിൽ നിലവിൽ വരുമെന്ന് അറിയിക്കുമോ; ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

31-12-2021 വരെ പ്യൂൺ ഗ്രേഡ്-2 തസ്തികയിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല.

(സി) പ്രസ്തുത സ്ഥാപനത്തിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ?

റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിലില്ല.

## വേടർകുന്ന് കോളനിക്ക് സംരക്ഷണഭിത്തി

63(2099) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വേടർ സമുദായാംഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഇലകമൺ ഗ്രാമപഞ്ചായത്തിലെ തുമ്പയിൽക്കോണം വേടർകുന്ന് കോളനിയിൽ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കോളനി സങ്കേതത്തിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നടപടികൾ പരിശോധിക്കുന്നതാണ്.

## എസ്.സി. കോർപ്പസ് ഫണ്ട്

64(2100) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. കോർപ്പസ് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25.00 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ജില്ലയിൽ നടപ്പിലാക്കണമെന്നും ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ജില്ലാതലത്തിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ചും, പദ്ധതി നിർവ്വഹണത്തിന്റെ രീതി എപ്രകാരമായിരിക്കുമെന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി സ്വീകരിച്ച നടപടിക്രമങ്ങളുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണത്തിനായി ഭരണാനുമതി നൽകുകയും ലഭ്യമായ ഫണ്ടിന്റെ ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം മുൻവർഷങ്ങളിൽ ഏറ്റെടുത്തതും അതാതു സാമ്പത്തിക വർഷങ്ങളിൽ പൂർത്തീകരിക്കാത്തതുമായ 1/3 കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പ്രവൃത്തികളിലേക്ക് ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. കൂടാതെ 25 ലക്ഷത്തിന് മുകളിലുള്ളതും 2/3 കോർപ്പസ് പദ്ധതിയിൽ ഉൾപ്പെട്ടതും മുൻവർഷങ്ങളിൽ ഏറ്റെടുത്തതുമായ സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. മേൽ പ്രവൃത്തികളെല്ലാംതന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വകുപ്പുതലത്തിൽ മോണിറ്ററിംഗ് നടത്തുകയും 31-12-2021- നകം പൂർത്തീകരിക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു; എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്; ഒരു രൂപപോലും വിനിയോഗിക്കാത്ത എത്ര പദ്ധതികളുണ്ട്; വ്യക്തമാക്കാമോ?

1/3 കോർപ്പസ് ഫണ്ട് പ്രവൃത്തികളിലേക്ക് 20.00 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ജനസംഖ്യാനുപാതികമായി തുക ജില്ലകൾക്ക് അനുവദിക്കുകയുംചെയ്തിട്ടുണ്ട്. 1/3 കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പ്രവൃത്തികളിലേയ്ക്ക് 1843.0594 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2/3 കോർപ്പസ് പദ്ധതിയിലുൾപ്പെട്ടതും മുൻവർഷങ്ങളിൽ ഏറ്റെടുത്തതുമായ സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 996.70158 ലക്ഷം രൂപയുടെ ഭരണാനുമതിനൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയുംചെയ്തു. കോർപ്പസ് ഫണ്ടിലുൾപ്പെട്ട പ്രവൃത്തികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്കാണ് തുക അനുവദിക്കുന്നത്. പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു രൂപപോലും വിനിയോഗിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) എസ്.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായമായി 2019-20, 2020-21 കാലയളവിൽ എത്ര രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു?

എസ്.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായമായി 2019-20, 2020-21 കാലയളവിൽ അനുവദിച്ച തുക അനുബന്ധമായി* ചേർക്കുന്നു.

## കാട്ടാക്കട മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

65(2101) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം I* ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അനുവദിച്ച, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളെക്കുറിച്ചും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദമാക്കാമോ?

അനുബന്ധം II* ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായം**

66(2102) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ മുതൽ നാളിതുവരെ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2016 ജൂൺ മുതൽ നാളിതുവരെ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 226 കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായവും 7814 കുടുംബങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായവും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരു കുടുംബത്തിന് ചികിത്സാ ധനസഹായവും ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

**ചികിത്സാ ധനസഹായ പദ്ധതി**

67(2103) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് മുഖാന്തരം ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന രോഗികൾക്ക് തുടർചികിത്സാർത്ഥം അനുവദിക്കുന്ന ചികിത്സാ ധനസഹായ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ?

മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി മുഖാന്തരം നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത ധനസഹായത്തിനായി അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകൾ ഹാജരാക്കണമെന്നറിയിക്കുമോ?

നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഇവയുടെ പകർപ്പുകൾ, ചികിത്സാ രേഖകൾ/ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്.

(സി) പ്രസ്തുത അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും എപ്രകാരമാണ് നൽകേണ്ടതെന്നും വിശദീകരിക്കാമോ?

ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

(ഡി) എം.എൽ.എ.-മാർ മുഖേന വകുപ്പുമന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാമോ?

എം.എൽ.എ.-മാർ മുഖേന വകുപ്പുമന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്. എം.എൽ.എ.മാരുടെ ശിപാർശ സഹിതം ലഭ്യമാകുന്ന ചികിത്സാധനസഹായ അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ടി-ഗ്രാന്റ്സ് സൈറ്റ് മുഖേന ബഹു. വകുപ്പുമന്ത്രിക്ക് അയയ്ക്കുന്നു.

(ഇ) ഒരാൾക്ക് തുടർചികിത്സാർത്ഥം പരമാവധി എത്ര രൂപവരെ അനുവദിക്കുമെന്ന് വിശദമാക്കാമോ?

പരമാവധി ഒരു ലക്ഷം രൂപ വരെ ഒരാൾക്ക് തുടർചികിത്സാർത്ഥം ആശുപത്രി മുഖാന്തരം നൽകിവരുന്നു.

## പേരാമ്പ്രയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം

68(2104) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

69(2105) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ ഇഴഞ്ഞുനീങ്ങുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏജൻസികൾക്ക് നേരിട്ട് നൽകുന്നതിന് പകരം ഇ-ടെണ്ടർ മുഖേന കരാർ നൽകുന്നത് പരിഗണിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത പൊതുമേഖല സ്ഥാപനങ്ങൾ/അക്രഡിറ്റഡ് ഏജൻസികളിൽനിന്നും താത്പര്യപത്രം കാണിച്ചാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

## ഗോത്ര ജീവിക പദ്ധതി

70(2106) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഗോത്ര ജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഗോത്രജീവിക പദ്ധതിപ്രകാരം ഏറനാട് മണ്ഡലത്തിൽപ്പെട്ട 7 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രയാളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

7 പട്ടികവർഗ്ഗ ഗുണഭോക്താക്കൾ.

(സി) ഗോത്രജീവിക പദ്ധതി മുഖേനയുള്ള സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതിപ്രകാരം പരിശീലനം ലഭിച്ച തൊഴിലിനങ്ങളുടെ അടിസ്ഥാനത്തിൽ പണിയായുധങ്ങൾ വാങ്ങുന്നതിനായി വ്യക്തിഗതമായി തുക കണക്കാക്കി തൊഴിലിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംഘങ്ങളുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ?

പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് നൈപുണ്യ വികസനവും സുസ്ഥിര ജീവനോപാധിയും ഉറപ്പു വരുത്തുക, സാമൂഹിക, സാമ്പത്തിക ശാക്തീകരണം നടപ്പാക്കുക, തൊഴിൽ സ്രോതസ്സുകൾ സൃഷ്ടിക്കുക, നിർമ്മാണ മേഖലയിലുൾപ്പെടെ പ്രായോഗിക പരിശീലനങ്ങൾ നൽകി തൊഴിൽ സേന രൂപീകരിക്കുക, തദ്ദേശീയമായ സംസ്കാരവും ആവാസവ്യവസ്ഥയും സംരക്ഷിച്ചുകൊണ്ട് മെച്ചപ്പെട്ട തൊഴിലും ജീവിതനിലവാരവും കൈവരിക്കുവാൻ പ്രാപ്തരാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## ചികിത്സാസഹായം

71(2107) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാസൗകര്യങ്ങളും ഇപ്രകാരമുള്ള ചികിത്സാസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ?

എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപവരെ ചികിത്സാച്ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ/ സ്ഥാപനങ്ങൾവഴി സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോടനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ

സ്റ്റോറുകളിൽനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽനിന്നുള്ള ലാബ്ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്തുനിന്നുള്ള സ്ഥാപനങ്ങളിൽനിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/വാഹനവാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചുനൽകുന്നു. (ചികിത്സാസഹായം അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം അനുബന്ധമായി* ചേർത്തിട്ടുണ്ട്.)

**വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

72(2108) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

1. ഇ.പി കോളനി നവീകരണം - (വർക്കല ബ്ലോക്ക്)

2. കൈപ്പടക്കോണം പുളിയറക്കോണം കോളനി നവീകരണം (കിളിമാനൂർ ബ്ലോക്ക്)

(ബി) അവയുടെ നിർമ്മാണ പുരോഗതിയും സ്വീകരിച്ചിട്ടുള്ള നടപടികളെയും സംബന്ധിച്ച വിശദവിവരം നൽകാമോ?

ഈ കോളനിയിൽ ഒന്നാം ഗഡുവായി 50 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകി. റീടെയിനിംഗ് വാൾ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൈഡ് വാൾ എന്നിവയുടെ നിർമ്മാണം, 16 വീടുകളുടെ പുനരുദ്ധാരണം എന്നിവയാണ് പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ. പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. കൈപ്പടക്കോണം പുളിയറക്കോണം കോളനിയും പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ആദ്യ ഗഡുവായി 50 ലക്ഷവും രണ്ടാം ഗഡുവായി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം, Irish Drain പുനരുദ്ധാരണം, ബോർവെൽ നിർമ്മാണം, 2 ടാങ്കുകൾ സ്ഥാപിക്കൽ, കുടിവെള്ള വിതരണം, 20 വീടുകളുടെ പുനരുദ്ധാരണം എന്നിവയായിരുന്നു പ്രവൃത്തികൾ.

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു.

**അംബേദ്കർ ഗ്രാമം പദ്ധതി**

73(2109) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം അനുവദിച്ച പദ്ധതികൾ ഏതെല്ലാം; .

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായെന്നും ബാക്കിയുള്ളവയുടെ പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

(എ&ബി) അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

**വാമനപുരം മണ്ഡലത്തിലെ പദ്ധതികൾ**

74(2110) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടത്തിയ പദ്ധതികളും പരിഷ്കാരങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1* ആയും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 ആയും ചേർക്കുന്നു.

(ബി) ഈ സർക്കാർ പുതുതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ

75(2111) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ പദ്ധതികളായ ഭൂരഹിത-ഭവനരഹിത പദ്ധതി, ഭവന പൂർത്തീകരണ ധനസഹായ പദ്ധതി, ഭവന നിർമ്മാണം (സ്പിൽ ഓവർ) പദ്ധതി, പഠനമുറി നിർമ്മാണ ധനസഹായ പദ്ധതി, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ചികിത്സാ ധനസഹായം, വാത്സല്യനിധി, ഏകവരുമാനദായകന്റെ മരണത്തെതുടർന്നുള്ള ധനസഹായം, സ്വയംതൊഴിൽ വായ്പാ പദ്ധതി, അംബേദ്കർ ഗ്രാമ പദ്ധതി, വിദ്യാഭ്യാസ പദ്ധതികളായ ഇ-ഗ്രാന്റ്സ്, ധനസഹായം, ലംപ്സം ഗ്രാന്റ്, പ്രൈമറി-സെക്കണ്ടറി എയ്ഡ്, അയ്യങ്കാളി സ്കോളർഷിപ്പ് തുടങ്ങി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ട്. ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്തവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി &സി) വിവാഹ ധനസഹായം 2021-22 വർഷത്തിൽ 69 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 30 പേർക്ക് തുക അനുവദിച്ചു. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിശ്രവിവാഹ ധനസഹായം 7 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചികിത്സാ ധനസഹായം 14 പേർക്ക് അനുവദിച്ചത് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പഠനമുറി നിർമ്മാണ ധനസഹായം, ഭൂരഹിത ധനസഹായം എന്നിവ നടപ്പുവർഷം നടപ്പിലാക്കുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായ പദ്ധതികളായ ലംപ്സംഗ്രാന്റ്, പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. അംബേദ്കർ ഗ്രാമപദ്ധതി 2019-20 വർഷം നടപ്പിലാക്കുന്നത് ചളവറ പഞ്ചായത്തിലെ ചെട്ടിത്തൊടി കോളനിയിലാണ്. പ്രസ്തുത പ്രവൃത്തി നടപ്പു സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ ഭൂരഹിതരായ ആദിവാസികൾ**

76(2112) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ഭൂരഹിതരായ എത്ര ആദിവാസി വിഭാഗക്കാർക്കാണ് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ കേന്ദ്ര വനാവകാശ നിയമം, 2006 പ്രകാരം 428 പട്ടികവർഗ്ഗക്കാർക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്രപേർക്കാണ് സ്വന്തമായി ഭൂമിയില്ലാത്തതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ നിലവിൽ സ്വന്തമായി ഭൂമി ഇല്ലാത്തവർ 222 പേരാണ്.

(സി) അപ്രകാരം ഭൂമിയില്ലാത്ത മുഴുവൻപേർക്കും ഭൂമി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് വനാവകാശ നിയമം, ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

## പട്ടികവർഗ്ഗ ഉപ പദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും സ്ഥിരം സെൽ

77(2113) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ ഉപ പദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനുമായി ജില്ലാ ആസൂത്രണ സമിതിയിൽ സ്ഥിരം സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന പട്ടികവർഗ്ഗ ഉപ പദ്ധതികൾ ഊരുകൂട്ടങ്ങൾ ചർച്ച ചെയ്ത് ജില്ലാടിസ്ഥാനത്തിൽ പരിശോധിക്കുകയും ആയത് സംസ്ഥാനതലത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. പദ്ധതി ആസൂത്രണത്തിന് ഇത്തരത്തിൽ ഒരു സ്ഥിരം സംവിധാനം നിലവിലുണ്ട്. കൂടാതെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ഒരു സമിതി നിലവിലുണ്ട്. പ്രസ്തുത സമിതി പദ്ധതിയുടെ പുരോഗതി യഥാവിധി വിലയിരുത്തിവരുന്നുണ്ട്.

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കുന്ന പദ്ധതികൾ

78(2114) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കോർപ്പറേഷന് വായ്പ നൽകുന്ന ദേശീയ ഏജൻസികൾതലത്തിൽ വിലയിരുത്തലുകൾ നടത്താറുണ്ട്.

(സി) കോവിഡ് പ്രതിസന്ധിമൂലം വായ്പാ തിരിച്ചടവിൽ കുറവു വന്നിട്ടുണ്ടോ?

2020-21 സാമ്പത്തിക വർഷത്തിൽ കോവിഡിന്റെ വ്യാപ്തി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചിരുന്നുവെങ്കിലും മുൻവർഷത്തെ അപേക്ഷിച്ച് കോർപ്പറേഷന്റെ വായ്പാ തിരിച്ചടവ് 2019-20-ൽ 438.87 കോടി രൂപയിൽനിന്നും 20.35 കോടി രൂപ വർദ്ധിച്ച് 459.22 കോടി രൂപയായി. എന്നാൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം മുതൽ തിരിച്ചടവിനത്തിൽ ഗണ്യമായ കുറവ് കോർപ്പറേഷനെ സാരമായി ബാധിച്ചു. ടി കുറവ് നികത്താനുള്ള എല്ലാ സത്വര നടപടികളും കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വായ്പാ കുടിശ്ശിക തീർക്കുന്നതിനായി എന്തെങ്കിലും ഇളവുകൾ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒരു ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായതിനാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ മൊറട്ടോറിയം പോലെയുള്ള തിരിച്ചടവ് ഇളവുകൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും ചില വായ്പകളിൽ ആയതിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഡയറക്ടർ ബോർഡിന്റെ അനുമതിക്ക് വിധേയമായി ഇളവുകൾ അനുവദിക്കാറുമുണ്ട്.

(ഇ) പ്രസ്തുത കോർപ്പറേഷൻ നടത്തുന്ന വായ്പാ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും വ്യവസ്ഥകൾ ലളിതമാക്കി പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടത്തുന്ന വായ്പാ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിച്ചും വ്യവസ്ഥകൾ ലളിതമാക്കിയും പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തെ വിജ്ഞാൻവാടികൾ

79(2115) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വിജ്ഞാൻവാടികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെ 208 വിജ്ഞാൻവാടികൾ ഉണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 24 |
| കൊല്ലം | - | 22 |
| പത്തനംതിട്ട | - | 10 |
| ആലപ്പുഴ | - | 22 |
| കോട്ടയം | - | 17 |
| ഇടുക്കി | - | 13 |
| എറണാകുളം | - | 16 |
| തൃശ്ശൂർ | - | 28 |
| പാലക്കാട് | - | 19 |
| മലപ്പുറം | - | 7 |
| കോഴിക്കോട് | - | 15 |
| വയനാട് | - | 4 |
| കണ്ണൂർ | - | 5 |
| കാസർഗോഡ് | - | 6 |

(ബി) വിജ്ഞാൻവാടികളുടെ പ്രവർത്തന ഉദ്ദേശ്യം എന്താണെന്നും ഇവിടങ്ങളിൽ നിലവിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനും ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ

സമർപ്പിക്കുന്നതിനുമായാണ് പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടികൾ ആരംഭിച്ചിട്ടുള്ളത്. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലൈബ്രറി, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ടുള്ള 500 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടത്തിൽ വിജ്ഞാൻവാടികൾ പ്രവർത്തിച്ചുവരുന്നു.

(സി) ഒരു വിജ്ഞാൻവാടിയിൽ എത്ര ജീവനക്കാരാണുള്ളതെന്നും ഇവരുടെ നിയമനം എങ്ങനെയാണെന്നും വ്യക്തമാക്കാമോ;

(ഡി) എല്ലാ വിജ്ഞാൻവാടികളിലും ആവശ്യത്തിന് ജീവനക്കാരുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ കുറവുള്ള വിജ്ഞാൻവാടികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(സി&ഡി) നിലവിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. വിജ്ഞാൻവാടികൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ പ്രൊമോട്ടർമാർക്കാണ് ഇതിന്റെ ചുമതല നൽകിയിട്ടുള്ളത്.

(ഇ) ഒരു വിജ്ഞാൻവാടിയുടെ നടത്തിപ്പിന് ഒരു മാസം എത്ര ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

വിജ്ഞാൻവാടികളുടെ നടത്തിപ്പിന് ഒരു വർഷത്തിൽ ആവർത്തന ചെലവുകൾക്കായി 30,000 രൂപ അനുവദിച്ചുവരുന്നു. മാസ ചെലവ് വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## സ്വയംതൊഴിൽ വായ്പകളുടെ സബ്സിഡി

80(2116) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺമൂലം സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന അനുവദിച്ചിരുന്ന സ്വയംതൊഴിൽ വായ്പകളുടെ തിരിച്ചടവ് പലർക്കും മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പ് മുഖേന സ്വയംതൊഴിൽ സബ്സിഡി പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കളിൽനിന്നും തിരിച്ചടവ് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വായ്പകൾ നൽകുന്നില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തിരിച്ചടവിൽ കുടിശ്ശിക വന്നാൽ വായ്പകളിന്മേൽ ലഭിക്കേണ്ട സബ്സിഡി നഷ്ടപ്പെടുമെന്നതിനാൽ പ്രസ്തുത സബ്സിഡി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സ്വയംതൊഴിൽ സബ്സിഡി പദ്ധതിപ്രകാരം വായ്പ ലഭിക്കേണ്ട ഗുണഭോക്താക്കൾ സംരംഭം ആരംഭിച്ചതായി ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡിക്കായി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർമാർ ശിപാർശ ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾക്കാണ് വായ്പയുടെ 1/3 ഭാഗം തുക നൽകുന്നത്. ശേഷിക്കുന്ന തുക മാത്രമേ ഗുണഭോക്താവിന് വായ്പായിനത്തിൽ ബാദ്ധ്യതയായുള്ളൂ. ആയതിനാൽ, ടി പദ്ധതിപ്രകാരം സംരംഭം ആരംഭിച്ച് പ്രവർത്തിച്ചുവരുന്ന ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം നഷ്ടമാകുന്നില്ല.

## പട്ടിക വർഗ്ഗക്കാർക്ക് നിയമനം

81(2117) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ഏതെല്ലാം വകുപ്പുകളിൽ പട്ടികവർഗ്ഗക്കാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ വിവിധ വകുപ്പുകളിൽ നിയമനം നൽകിയവരുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിയമനം നേടിയവർ സർവ്വീസിൽ തുടരാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇങ്ങനെ സർവ്വീസിൽനിന്നും പുറത്തുപോയവരുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; സർവ്വീസിൽനിന്നും പുറത്തു പോകാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഇത് പരിഹരിക്കുന്നതിന് ഇപ്രകാരമുണ്ടാകുന്ന വെക്കേഷൻ വേക്കൻസികൾ അതത് വകുപ്പുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ അതേ റാങ്ക് ലിസ്റ്റിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമനം നൽകുകയും ചെയ്തുവരുന്നു. റാങ്ക് ലിസ്റ്റ് നിലവിലില്ലായെങ്കിൽ വരുംവർഷങ്ങളിലെ നിയമന സാദ്ധ്യത അവലോകനം ചെയ്ത് സംവരണ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

## കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള ശിപാർശ

82(2118) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ?

ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

(ബി&സി) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കുടുംബി സമുദായത്തെ ക്കുറിച്ചുള്ള അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആയത് സംബന്ധിച്ച് കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഇല്ല.

(ഇ) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

കുടുംബി സമുദായത്തിന്റെ എത്നോഗ്രാഫി ശേഖരിച്ചിട്ടുണ്ട്. ആർക്കൈവൽ രീതിശാസ്ത്രം, എത്നോഗ്രാഫിക് രീതിശാസ്ത്രം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് പഠനം നടത്തിവരുന്നു. ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി അർദ്ധ പങ്കാളിത്ത രീതിശാസ്ത്രം അവലംബിച്ചുള്ള പഠനവും നടന്നുവരുന്നു.

## കിർത്താഡ്സിന്റെ പ്രവർത്തനം

83(2119) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിർത്താഡ്സിന്റെ പ്രവർത്തന ലക്ഷ്യങ്ങളെന്തെല്ലാമാണ്?

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കല, സംസ്കാരം, ജീവിതരീതി, വിദ്യാഭ്യാസം, മറ്റുമേഖലകളിലെ പുരോഗതി, വിഭവങ്ങളുടെ അന്യവത്കരണം, ദൈനംദിന ജീവിത പ്രശ്നങ്ങൾ, ബൗദ്ധിക സ്വത്തവകാശം എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ആസൂത്രണ രംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥൻമാർക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംസ്കാരം, ജീവിതരീതി, അവരുടെ പുരോഗതി, പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പട്ടികജാതി-പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്കും നേതാക്കൾക്കും സർക്കാരിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും ഭരണഘടന നൽകുന്ന പ്രത്യേകാവകാശങ്ങൾ, സംരക്ഷണം എന്നിവയെക്കുറിച്ച് ബോധവത്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വ പരിശീലനം നൽകുക, ആദിവാസികളുടെ ചികിത്സാ സമ്പ്രദായത്തെക്കുറിച്ച് പഠിക്കുന്നതോടൊപ്പം അവർ ഉപയോഗിച്ചുവരുന്ന പച്ചമരുന്നുകൾ തിരിച്ചറിയുവാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും പട്ടികവർഗ്ഗ യുവാക്കൾക്ക് വംശീയ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുക, വികസന പദ്ധതികൾ എത്രകണ്ട് അവർക്ക് പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തുക, അത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിലയിരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതര വിഭാഗക്കാർ നടത്തിവരുന്ന ജാതിമാറ്റ സമ്പ്രദായം അന്വേഷണ വിധേയമാക്കി, അത്തരക്കാരെ നിരുത്സാഹപ്പെടുത്തുവാനും പുറത്താക്കുവാനും പഠനങ്ങൾ നടത്തുക തുടങ്ങിയ ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങളാണ് കിർത്താഡ്സ് വകുപ്പ്

ഏറ്റെടുത്ത് നടത്തിവരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ദ്ധ്യം, പാരമ്പര്യ ജ്ഞാനം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക, ഗോത്ര ഉത്സവങ്ങൾ, ആരാധനാലയങ്ങൾ, ഭാഷകളുടെ സംരക്ഷണം, ഡോക്യുമെന്റേഷൻ തുടങ്ങിയവയും കിർത്താഡ്സിന്റെ പ്രവർത്തന മേഖലകളാണ്.

(ബി) സി.എ. ജി. റിപ്പോർട്ട്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി, പട്ടികജാതി, ഗോത്രവർഗ്ഗ കമ്മിഷന്റെ ഉത്തരവ് തുടങ്ങിയവയിൽ കിർത്താഡ്സിന്റെ വീഴ്ചകൾ ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(സി) കിർത്താഡ്സിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ക്രമക്കേടും വീഴ്ചയുമുണ്ടെന്നും സി.എ.ജി. റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായോ?

(ബി&സി) ഇല്ല. എന്നാൽ 1-4-2002 മുതൽ 30-6-2019 വരെയുള്ള കാലഘട്ടത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ, ചില പദ്ധതികൾ നടപ്പിലാക്കിയതിലുള്ള വിശദീകരണം ആരാഞ്ഞിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2002-2019 കാലഘട്ടത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വിശദീകരണം സംബന്ധിച്ച മറുപടി അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

## ഗോത്രവർഗ്ഗ-പട്ടിക വിഭാഗക്കാരുടെ സംരക്ഷണം

84(2120) ശ്രീ. പി. വി. അൻവർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാന്തരങ്ങളിൽ അധിവസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗത്തിലും മറ്റ് പട്ടിക ഗോത്രങ്ങളിലുംപെട്ടവരെ കോവിഡിന്റെയും പ്രകൃതിദുരന്തങ്ങളുടെയും സാഹചര്യത്തിൽ വനത്തിലെ ഊരുകളിൽ ഒറ്റപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

പ്രത്യേക ഗോത്രവർഗ്ഗ വിഭാഗക്കാരും മറ്റ് ദുർബല ഗോത്രവിഭാഗക്കാരും അധിവസിക്കുന്ന മേഖലകളിൽ പ്രകൃതി ദുരന്തങ്ങളിൽനിന്നും പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ ദുരന്തനിവാരണ ബോധവത്കരണ പരിപാടികൾ ഗോത്ര ഭാഷകളിൽ അതത് പ്രദേശങ്ങളിൽ നടത്തിവരുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇവർക്ക് താമസവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിന് ഫീൽഡ്തല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഇത്തരം കോളനികളുടെ വിവരങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുകയും അടിയന്തര സാഹചര്യത്തിൽ ഉടനടി ഇടപെടാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇവരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

വിദൂരങ്ങളായ കോളനികളിൽ പൊതുവിതരണ ശൃംഖല മുഖേനയുള്ള ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് എന്നിവ കൂട്ടായി വാതിൽപ്പടി റേഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുപുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി പ്രകാരം മൺസൂൺ മാസങ്ങളിലും പകർച്ചവ്യാധികളുണ്ടാകുന്ന സാഹചര്യങ്ങളിലും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നുണ്ട്.

(സി) ഇവരുടെ തനത് ഭക്ഷണരീതികൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ?

ഉണ്ട്. പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലുപരി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും 'മില്ലറ്റ് വില്ലേജ്', 'നമതു വെള്ളാമെ' തുടങ്ങിയ പാരമ്പര്യ കൃഷി പോഷണ പദ്ധതികൾ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

(ഡി) ഇവർക്ക് തനത് ഭക്ഷണത്തിനാവശ്യമായ ധാന്യങ്ങളും മറ്റും ഊരുകളോട് ചേർന്ന് കൃഷിചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

അട്ടപ്പാടിയിൽ തനത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'നമതു വെള്ളാമെ' എന്ന പേരിലും വയനാട്, ഇടുക്കി ജില്ലകളിൽ 'ഗോത്ര രശ്മി' എന്ന പേരിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## ചിറ്റാരി - കണ്ടിവാതുക്കൽ റോഡ്

85(2121) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പാർട്ട് ബിൽ തുകകളെല്ലാം കരാറുകാരന് പൂർണ്ണമായും അനുവദിച്ചുനൽകിയിട്ടും ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യാൻ കരാറുകാരനായ M/s Delcon Engineering തയ്യാറല്ലെന്ന് അന്തിമമായി അറിയിച്ചിട്ടുള്ളതിനാൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കോഴിക്കോട് റീജിയണൽ മാനേജർ ടി പ്രവൃത്തിയുടെ നിലവിലെ കരാർ റദ്ദാക്കുന്നതിനും പ്രവൃത്തി റീ ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതിനും മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ടി പ്രവൃത്തി ഉൾപ്പെടുന്ന നബാർഡ് ആർ.ഐ.ഡി.എഫ്. 20 സ്കീമിന്റെ നിലവിലെ കാലാവധി 2021 സെപ്തംബർ 30 വരെയാണ്. റീ ടെണ്ടർ നടപടി അടിയന്തരമായി സ്വീകരിക്കുന്നതിനും നിശ്ചിത തീയതിക്ക് മുമ്പുതന്നെ റോഡിന്റെ പണികൾ പൂർത്തീകരിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ്, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചികിത്സാ ധനസഹായ പദ്ധതികൾ

86(2122) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) വൃക്ക-കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ക്യാൻസർ ചികിത്സ, ഹൃദയ സംബന്ധമായ രോഗങ്ങൾ തുടങ്ങി പണച്ചെലവ് ഏറെ വഹിക്കേണ്ടി വരുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സയ്ക്കാവശ്യമായ മുഴുവൻ തുകയും നൽകുന്നതിന് പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ&ബി) മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽ പ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽതാഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം വകുപ്പിൽനിന്നും 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. കൂടാതെ ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ആശുപത്രി മുഖാന്തരം അനുവദിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം ബന്ധപ്പെട്ട ആശുപത്രിക്ക് നൽകിവരുന്നു. ടി വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പതിനെട്ട് വയസ്സിന് താഴെയുള്ള ഈ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് ചികിത്സാ സഹായത്തിനായുള്ള പ്രത്യേക പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനായി പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. 18 വയസ്സിൽ താഴെയുള്ള പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ടി വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള എല്ലാ പദ്ധതികളും പ്രായഭേദമെന്യേ നടപ്പിലാക്കിവരുന്നു.

**ട്രൈബൽ പ്ലസ് പദ്ധതി**

87(2123) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ആദിവാസികൾക്കായി നടപ്പാക്കിവരുന്ന ട്രൈബൽ പ്ലസ് പദ്ധതിയിൽ വിതരണം ചെയ്യുവാനുള്ള വേതന കുടിശ്ശികയുടെ വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ട്രൈബൽ പ്ലസ് പദ്ധതിയിൽ 2020-21 വർഷത്തിലെ കുടിശ്ശിക ഇനത്തിൽ 17.11 കോടി രൂപ അനുവദിക്കാനുണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിക്കുന്ന ശീർഷകത്തിൽനിന്നും 6-5-21-ന് 5.00 കോടി രൂപ തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് അനുവദിച്ചു. ശേഷിക്കുന്ന 12.11 കോടി രൂപയിൽ 9 കോടി രൂപ അനുവദിച്ചുകൊണ്ട് 12-7-2021-ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവായി. ശേഷിക്കുന്ന 3.11 കോടി രൂപ ധനവിനിയോഗ നിയന്ത്രണമുള്ളതിനാൽ 2021 ജൂലൈ 31-നുശേഷം മാറി നൽകുന്നതാണ്.

(ബി) വേതനം സമയബന്ധിതമായി വിതരണം ചെയ്യാത്തതുമൂലം തൊഴിലുറപ്പ് പദ്ധതിയിൽനിന്നും ആദിവാസികൾ പിന്മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ നൽകുന്നതിനുപുറമെ സംസ്ഥാന സർക്കാർ പട്ടികവർഗ്ഗക്കാർക്ക് ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ 100 ദിവസം തൊഴിൽ നൽകുന്നുണ്ട്.

(സി) എങ്കിൽ എത്രയും വേഗം കുടിശ്ശിക വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**ഗദ്ദിക പദ്ധതി**

88(2124) <u>ശ്രീ. റോജി എം. ജോൺ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങളിലെ സംരംഭകരുടെ ഉത്പന്നങ്ങൾ ഓൺലൈൻ പോർട്ടൽ മുഖേന വിറ്റഴിക്കുന്ന ഗദ്ദിക പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 200 ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ടി പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ ഭാഗമായി ഇതിനകംതന്നെ പട്ടികജാതി സംരംഭകരുടെ 235 ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്കിടയിൽ ആരോഗ്യകരമായ മത്സരം നിലനിർത്തുന്നതിന് എല്ലാ വിഭാഗങ്ങളിൽനിന്നും വ്യത്യസ്തമായ ഉത്പന്നങ്ങളാണ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുള്ളത്. ഓൺലൈൻ പ്ലാറ്റ്ഫോമിൽ എല്ലാ ഉത്പന്നങ്ങൾക്കും ഒരുപോലെ സ്വീകാര്യത ലഭിക്കാത്തതും കോവിഡ് കാലത്ത് കൂടുതൽ ഉത്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കൾ സംരംഭകർക്ക് ലഭ്യമാകാത്തതും ഓൺലൈൻ വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## സാമൂഹിക ക്ഷേമപദ്ധതികൾ

89(2125) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ സാമൂഹിക ക്ഷേമപദ്ധതികളുടെ വിശദവിവരം, പദ്ധതി തുകയും ചെലവാക്കിയ തുകയും ഉൾപ്പെടെ പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ പദ്ധതികളും ആനുകൂല്യങ്ങളും പട്ടികയായി നൽകാമോ?

(എ&ബി) വിശദ വിവരങ്ങൾ അനുബന്ധം I* ഉം II *-ഉം ആയി ചേർക്കുന്നു.

## ഇരിക്കൂർ മണ്ഡലത്തിൽ ഭവനരഹിതർക്ക് വീട്

90(2126) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ എത്ര വീടുകൾ ഭവനരഹിതർക്ക് നിർമ്മിച്ചുനൽകിയെന്ന് വെളിപ്പെടുത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 28 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി പുനരധിവാസ മിഷൻ മുഖേന 10 പേർക്കും വീട് നിർമ്മിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ഫേസ് I (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം)-ൽ ഉൾപ്പെടുത്തി 152 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ലൈഫ് മിഷന്റെ ഭാഗമായിട്ടാണോ ഇവയുടെ നിർമ്മാണം നടത്തിയതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിപ്രകാരമാണ് 28 വീടുകൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ ഫേസ് I (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം)-ൽ ഉൾപ്പെടുത്തിയാണ് 152 വീടുകൾ പൂർത്തിയാക്കിയത്.

(സി) പ്രസ്തുത കാലയളവിൽ വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിനായി എത്ര രൂപ ആകെ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണ പദ്ധതിപ്രകാരം മേൽ കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 88,95,000 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 3,01,64,768 രൂപയും അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം

91(2127) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മുഖാന്തരം എത്രപേർക്കാണ് വിവാഹ ധനസഹായം നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖാന്തരം 44661 പേർക്ക് 298,65,85,000 രൂപയും (ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം 1533 പേർക്ക് 11,83,90,000 രൂപയും (പതിനൊന്ന് കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) വിവാഹ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടികജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി 75,000 രൂപ അനുവദിക്കുന്നു. വിവാഹ ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചുവെന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം, വിവാഹ സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 1,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുക. വിവാഹം കഴിഞ്ഞ് ഒരുവർഷത്തിനുള്ളിൽ അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

92(2128) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തിവരുന്നു. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പ്രധാന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ മുഖ്യമന്ത്രി, വകുപ്പുമന്ത്രി എന്നിവരും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി പദ്ധതി സംസ്ഥാനതലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാമാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

## ട്രൈബൽ പാരാമെഡിക്ക് പദ്ധതി

93(2129) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിൽ കോവിഡ് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

നിലവിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വകുപ്പിന്റെ ഫീൽഡുതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എസ്.റ്റി. പ്രൊമോട്ടർ, ആരോഗ്യവകുപ്പ് അധികൃതർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, ആശാ വർക്കർമാർ, കുടുംബശ്രീ അനിമേറ്റർമാർ തുടങ്ങിയവരുടെ സഹായത്തോടെ നടന്നുവരുന്നുണ്ട്. ആരോഗ്യ വകുപ്പ് പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും നാളിതുവരെ 18 വയസ്സിന് മുകളിലുള്ള പട്ടികവർഗ്ഗക്കാരിൽ 1,69,909 പേർക്ക് ഒന്നാം ഡോസ് വാക്സിനും 25,873 പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന ബോധവത്കരണം നടത്തുകയും വാക്സിൻ രജിസ്ട്രേഷന് സഹായിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും മാസ്ക് വിതരണം ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൽനിന്നും നൽകിയ നോട്ടീസുകൾ, ബാനറുകൾ, ലഘുലേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ആയതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പട്ടികവർഗ്ഗക്കാരുടെ ഭാഷകളിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. കൂടാതെ ശുദ്ധജലം ദൗർലഭ്യമായ കോളനികളിൽ ആയത് ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 രോഗബാധിതരല്ലാത്ത മറ്റ് രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്കും നിത്യേന മരുന്ന് കഴിക്കുന്നവർക്കും ആവശ്യമായ മരുന്നുകൾ കൃത്യമായി എത്തിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർ, എസ്.റ്റി.

പ്രൊമോട്ടർമാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (16 എണ്ണം) കൃത്യമായ ഇടവേളകളിൽ ദുർഘട പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾപ്പെടെ പരിശോധന, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തുന്നുണ്ട്. ഇതുകൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഒ.പി. ക്ലിനിക്കുകൾ, ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. കോവിഡ്ബാധിത മേഖലകളിലും രോഗാവസ്ഥയിലുള്ളവർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് & ന്യൂട്രീഷ്യൻ സപ്പോർട്ട് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പോകുന്നതിനും മരുന്നുകൾ വാങ്ങുന്നതിനും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽനിന്നും സഹായം നൽകുന്നുണ്ട്. ചികിത്സാ സഹായം ആവശ്യമുള്ളവർക്ക് വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനപ്രകാരം വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ അടിയന്തര അറിയിപ്പുകൾ നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഗോത്രഭാഷയിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നുണ്ട്.

(ബി) ട്രൈബൽ പാരാമെഡിക്ക് പദ്ധതിയിലൂടെ നിയോഗിക്കപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ട്രൈബൽ പാരാമെഡിക്ക് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ നടപ്പിലാക്കിയിട്ടില്ല.

## പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവികസനം

94(2130) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I* ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2020-21 വർഷത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം അനുബന്ധം II* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 1,64,219 ലക്ഷം രൂപയാണ് വകയിരുത്തിയത്. ടി സാമ്പത്തിക വർഷം 1,55,350.78 ലക്ഷം രൂപ ചെലവഴിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടുത്തി ബഡ്ജറ്റ് വിഹിതമായി 635.43 കോടി രൂപ അനുവദിച്ചതിൽ 595.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (93.65%)

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതി

95(2131) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി ഇത്തരം പദ്ധതികൾ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിന് മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ സംസ്ഥാന വിഹിതത്തിന്റെ 24 ശതമാനത്തോളം തുക നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 5 വർഷത്തെ ശരാശരി പദ്ധതിച്ചെലവ് കണക്കാക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന് 86 ശതമാനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 75 ശതമാനവും തുക ചെലവഴിക്കാൻ സാധിച്ചു.

## പട്ടാമ്പി മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾ

96(2132) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഭവനരഹിതരായ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ; ഇതിൽ എത്ര പേർക്ക് സ്വന്തമായി ഭൂമിയുണ്ട്?

ഭവനരഹിതരായ 789 പട്ടികജാതി കുടുംബങ്ങളും 5 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവരിൽ എത്രപേർ ലൈഫ് മിഷൻ പദ്ധതി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

168 പട്ടികജാതി കുടുംബങ്ങളെയും കൊപ്പം പഞ്ചായത്തിലെ 4 പട്ടികവർഗ്ഗ കുടുംബങ്ങളെയും ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം |
|---|---|
| കൊപ്പം | 16 |
| കുലുക്കല്ലൂർ | 13 |
| മുതുമല | 25 |
| ഓങ്ങല്ലൂർ | 37 |
| തിരുവേഗപ്പുറം | 39 |
| വല്ലപ്പുഴ | 10 |
| വിളയൂർ | 28 |
| പട്ടാമ്പി മുൻസിപ്പാലിറ്റി | 0 |
| ആകെ | 168 |

## വാത്സല്യനിധി പദ്ധതി

97(2133) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും ചേർന്ന് നടപ്പിലാക്കുന്ന വാത്സല്യനിധി പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും ചേർന്ന് നടപ്പിലാക്കുന്ന വാത്സല്യനിധി പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിയിട്ടുണ്ടോയെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ, ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ മുഖാന്തരവും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഓഫീസുകളിൽ ഫീൽഡുതല ജോലികൾ ചെയ്യുന്ന എസ്.സി. പ്രൊമോട്ടർമാർ മുഖാന്തരവും പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ആശാവർക്കർമാർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവർ മുഖാന്തരവും വാത്സല്യനിധി പദ്ധതി സംബന്ധിച്ച് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### ഹാൻഡ് ഹോൾഡിംഗ് സെൽ

98(2134) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഹാൻഡ് ഹോൾഡിംഗ് സെൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സെല്ലിനുകീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനം വഴി എത്രയാളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ-സി) നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ ഹാൻഡ് ഹോൾഡിംഗ് സെൽ പ്രവർത്തിക്കുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാന്റുകൾ**

99(2135) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാന്റുകൾ ഏതെല്ലാമാണെന്നും എത്ര രൂപ വീതമാണെന്നും പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തരം, പ്രൊഫഷണൽ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാന്റുകൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ് /സ്റ്റൈപ്പന്റ്.
2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ലംപ്സം-ഗ്രാന്റ്/സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ചെലവ് മുതലായവ.
3. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പ്രകാരം 2,000 രൂപ വീതം.
4. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി).
5. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ്.
6. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസുൾപ്പെടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ.
7. ലാപ്ടോപ്പ് ധനസഹായം.
8. സ്റ്റെതസ്കോപ്പ് ധനസഹായം.
9. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭചെലവുകൾക്ക് ധനസഹായം.
10. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.

11. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.

12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം.

സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിലുള്ള പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നിവയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകിവരുന്ന തുക 9-1-2020-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1/2020/പജപവവിവ, പ്രകാരം നൽകുന്ന ലംപ്സംഗ്രാന്റ് നിരക്ക് ചുവടെ ചേർക്കുന്നു.

- നഴ്സറി - 500
- 1 മുതൽ 4 വരെ - 750 രൂപ
- 5 മുതൽ 8 വരെ - 900 രൂപ
- 8 മുതൽ 10 വരെ - 1000 രൂപ
- പോസ്റ്റ് മെട്രിക് തലത്തിൽ +1, +2 - 1400 രൂപ
- ബിഎ./ബിഎസ്.സി/ബികോം./ബിലിറ്റ്,ബി.എഡ്. തത്തുല്യം - 1400 രൂപ
- എംഎ./എം.എസ്.സി/എം.കോം./എം.എസ്.ഡബ്ല്യു. തത്തുല്യം - 1900 രൂപ
- പോസ്റ്റ് മെട്രിക് കോഴ്സുകൾക്കുള്ള പ്രതിമാസ സ്റ്റൈപ്പന്റുകൾ 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് - 800 രൂപ
- 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് (കിലോമീറ്റർ വ്യത്യാസമില്ലാതെ) - 900 രൂപ
- പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലനം/ഉത്പാദന പരിശീലന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് - 800 രൂപ
- വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവൺമെന്റ് സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും) - 600 രൂപ
- സംഗീത കോളേജുകളിലെ നടനഭൂഷണം കോഴ്സിന് - 600 രൂപ

(ബി) പ്രസ്തുത ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ?

9-1-2020-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1/2020/പജപവവിവ, പ്രകാരം തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഏത് അക്കാദമിക വർഷം വരെയുള്ള ഗ്രാന്റുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

2021-2022 അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു.

**പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ**

100(2136) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി രൂപീകരിച്ച് പ്രവർത്തിക്കുന്ന പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് നിലവിൽ വിദ്യാഭ്യാസ, വികസന ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും എന്തെല്ലാമാണെന്നും വിവരിക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിനുകീഴിൽ വകുപ്പ് ഡയറക്ടറേറ്റ്, ഒരു കമ്മീഷൻ, മൂന്ന് കോർപ്പറേഷനുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. അവ ഓരോന്നിന്റെയും പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങളിൽപ്പെടുന്നവരുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഏതെങ്കിലും പഠന റിപ്പോർട്ട് ലഭ്യമാണോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമല്ല.

(ഡി) പ്രവാസികളുടെ മടങ്ങിവരവും കോവിഡും പ്രകൃതിദുരന്തവും പിന്നാക്ക വിഭാഗങ്ങളിൽ സൃഷ്ടിച്ച സാമ്പത്തികാഘാതവും വിലയിരുത്തുന്നതിന് വേണ്ട പഠനം നടത്തുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ**

101(2137) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ വന്നത് എന്നാണെന്നും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഈ സ്ഥാപനം മുഖേന നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ വന്നത് 1995 ഫെബ്രുവരി 28 -നാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഈ സ്ഥാപനം സ്വയം തൊഴിൽ, വിദ്യാഭ്യാസം, മൈക്രോ ക്രെഡിറ്റ്, വിവാഹം, സുവർണ്ണശ്രീ (പലവിധ ആവശ്യങ്ങൾക്ക്), വാഹനം, വ്യക്തിഗത വായ്പകൾ എന്നിവ അനുവദിച്ചുവരുന്നു.

(ബി) ഏതൊക്കെ മേഖലകളിലാണ് കെ.എസ്.ബി.സി.ഡി.സി. മുഖേന വായ്പ അനുവദിക്കുന്നതെന്നറിയിക്കുമോ?

സ്വയം തൊഴിൽ, വിദ്യാഭ്യാസം, മൈക്രോ ക്രെഡിറ്റ്, മറ്റ് വ്യക്തിഗത വായ്പകൾ എന്നിവ അനുവദിക്കുന്നു.

(സി) കെ.എസ്.ബി.സി.ഡി.സി. നൽകുന്ന വ്യക്തിഗത വായ്പകൾ ഏതെല്ലാമെന്നും ഈ വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന വ്യക്തിഗത വായ്പകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.* സ്വയം തൊഴിൽ വായ്പകളിൽ പുതിയതായി തുടങ്ങാൻ പോകുന്ന സംരംഭങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾ മെറിറ്റ് അടിസ്ഥാനത്തിലുമാണെങ്കിൽ മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

102(2138) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിൽവന്ന അംബേദ്കർ ഗ്രാമം പദ്ധതി 2016-17 മുതൽ 2020-21 വരെ എത്ര പട്ടികജാതി സങ്കേതങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്; മേൽ സങ്കേതങ്ങളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 119 കോളനികളും 2018-19-ൽ പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 13 കോളനികളും 2019-20 കാലഘട്ടത്തിൽ 2 കോളനികളും പൂർത്തിയാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതിക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(ബി&സി) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## കടച്ചിക്കല്ലൻ സമുദായത്തെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം

103(2139) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വളരെ പിന്നാക്കാവസ്ഥയിലുള്ള കടച്ചിക്കല്ലൻ സമുദായത്തെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർതലത്തിൽ കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ള സമുദായങ്ങളെയാണ് നിലവിൽ സംസ്ഥാനത്ത് ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്. കടച്ചിക്കല്ലൻ വിഭാഗത്തെ അപ്രകാരം ശിപാർശ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി വിഭാഗത്തെ ഒ.ഇ.സി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല. മാത്രമല്ല, കൂടുതൽ സമുദായങ്ങളെ ഒ.ഇ.സി. പട്ടികയിൽ ചേർക്കുന്ന വിഷയവും ഇപ്പോൾ പരിഗണനയിലില്ല. കടച്ചിക്കല്ലൻ വിഭാഗത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി 29-6-2019-ലെ സ.ഉ.(കൈ) നമ്പർ 11/2019/പിവിവിവ, പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

## പിന്നാക്ക വികസന കോർപ്പറേഷന്റെ ഓഫീസ് കെട്ടിടം

104(2140) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണവും വാടകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം, വാടക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കോർപ്പറേഷന് ഗസ്റ്റ് ഹൗസ് നിലവിലുണ്ടോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് സ്വന്തം കെട്ടിടത്തിൽ ഗസ്റ്റ് ഹൗസില്ല. കേന്ദ്ര സർക്കാർ സ്ഥാപനമായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള പാറ്റൂർ ഇ.എം.എസ്. ഹൗസിംഗ് കോളനിയിലെ 7-ാം ബ്ലോക്കിലെ (FF-17/225)-ാം നമ്പർ ഫ്ലാറ്റ് 2017 മുതൽ കോർപ്പറേഷന്റെ ഗസ്റ്റ് ഹൗസായി ഉപയോഗിച്ചുവരുന്നു. പ്രസ്തുത ഫ്ലാറ്റിന്റെ വാടക കരാർ കാലാവധി 4-5-2021-ൽ അവസാനിച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ഗസ്റ്റ് ഹൗസ് നവീകരണത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

പെയിന്റിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ സിവിൽ മെയിന്റനൻസിനായി സംസ്ഥാന നിർമ്മിതി കേന്ദ്രംവഴി 1.52 ലക്ഷം രൂപയും എയർകണ്ടീഷനറുകൾ, ഫർണിച്ചറുകൾ മുതലായവയ്ക്കായി 1.85 ലക്ഷം രൂപയുമടക്കം മൊത്തം 3.37 ലക്ഷം രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവഴിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേവസ്വം ബോർഡുകളുടെ ഭൂമി

105(2141) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് ദേവസ്വം തിരിച്ച് വ്യക്തമാക്കുമോ?

- തിരുവിതാംകൂർ ദേവസ്വം ബോർഡ് - 1250
- കൊച്ചിൻ ദേവസ്വം ബോർഡ് - 406
- മലബാർ ദേവസ്വം ബോർഡ് - 1357
- ഗുരുവായൂർ ദേവസ്വം - 11
- കൂടൽമാണിക്യം ദേവസ്വം - 12

(ബി) സംസ്ഥാന സർക്കാരിന് കീഴിലുള്ള ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ഹെക്ടർ ഭൂമി ഉപയോഗിക്കാതെയുണ്ടെന്ന് ദേവസ്വം തിരിച്ച് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമിയിൽ ക്ഷേത്രങ്ങൾക്ക് ദൈനംദിന ആവശ്യങ്ങൾക്കുള്ള പൂക്കളും ധാന്യങ്ങളും കൃഷി ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ; ആയതിന്റെ വിശദാംശം നൽകാമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്രാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

## ക്ഷേത്രങ്ങളിൽ ഡിജിറ്റൽ സങ്കേതങ്ങൾ

106(2142) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്തജനങ്ങളെ ക്ഷേത്രങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ഡിജിറ്റൽ സങ്കേതങ്ങൾ അവതരിപ്പിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗത്തിൽ ക്ഷേത്രങ്ങളിലെ വഴിപാട്, പ്രസാദം തുടങ്ങിയ സേവനങ്ങൾ ഓൺലൈനാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ദേവസ്വം ബോർഡുകളെയും ഉൾക്കൊള്ളിച്ച് ഒരു പൊതുവായ സോഫ്റ്റ്‌വെയർ/മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ക്ഷേത്രങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി പൂജകൾ ബുക്ക് ചെയ്യുന്നതിനും ദർശനസമയം, പ്രസാദം, താമസസൗകര്യം എന്നിവ ക്രമീകരിക്കുന്നതിനും ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; തിരുപ്പതി മാതൃകയിലുള്ള ബുക്കിംഗ് സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗത്തിൽ ക്ഷേത്രങ്ങളിലെ വഴിപാട്, പ്രസാദം തുടങ്ങിയ സേവനങ്ങൾ ഓൺലൈനാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ദേവസ്വം ബോർഡുകളെയും ഉൾക്കൊള്ളിച്ച് ഒരു പൊതുവായ സോഫ്റ്റ്‌വെയർ/മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

## ചിറങ്ങരയിൽ ശബരിമല ഇടത്താവളം

107(2143) ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) ഇതിനായുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

(എ&ബി) ചിറങ്ങരയിലെ ഇടത്താവളത്തിനായി കിഫ്ബിയിൽ നിന്നും 10,75,54,900 രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള ഏജൻസിയായ എൻ.ബി.സി.സി.-യുമായി വച്ചിട്ടുള്ള കരാർ കിഫ്ബി ചട്ടങ്ങൾക്കനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശബരിമല തീർത്ഥാടനം സുഗമമാക്കാൻ നടപടി

108(2144) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമം, കുടിവെള്ളലഭ്യത, പ്രാഥമിക കർത്തവ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ആരോഗ്യം, പൊതുമരാമത്ത്, ടൂറിസം, ഗതാഗതം, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും മന്ത്രിതലത്തിൽ വിവിധ യോഗങ്ങൾ ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ ഓരോ വകുപ്പും സ്വീകരിച്ചുവരുന്നു.

(ബി) തീർത്ഥാടകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതോടൊപ്പം ശബരിമല ഇടത്താവളങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ശബരിമല ഇടത്താവളങ്ങളിലെല്ലാം മുൻവർഷങ്ങളിലെപോലെ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങളുൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേകിച്ച്, നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, ഏറ്റുമാനൂർ തുടങ്ങിയ ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെപോലെ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങളുൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, ശുകപുരം, മണിയൻകോട്, നിലയ്ക്കൽ, പമ്പ തുടങ്ങിയ സ്ഥലങ്ങളിൽ ഏറ്റവും പുതിയ സൗകര്യങ്ങളോടെ ഇടത്താവളങ്ങളൊരുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ശബരിമല വികസനം

109(2145) ശ്രീ. വി. ജോയി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ശബരിമല വികസനവുമായി ബന്ധപ്പെട്ട് സ്വദേശി ദർശൻ പദ്ധതിയിൽപ്പെട്ട ചുവടെ പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

- ശബരിമല- സന്നിധാനം
- ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ (10 യൂണിറ്റ്)
- മണ്ഡപങ്ങൾ -5 എണ്ണം
- ലാന്റ് സ്കേപ്പിംഗ് വർക്ക്, ശബരിമല
- മരക്കൂട്ടം ടോയ്‌ലെറ്റ് ബ്ലോക്ക്, ശബരിമല
- ശരംകുത്തി ഫസ്റ്റ് എയ്ഡ് ആൻഡ് ഹെൽത്ത് കിയോസ്ക്

തുടങ്ങിയവ

(ബി) 2021-ലെ മണ്ഡലകാല-മകരവിളക്ക് മഹോത്സവം കോവിഡിന്റെ സാഹചര്യത്തിലും മുടക്കംവരാതെ നടത്തുന്നതിനാവശ്യമായ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനം സംബന്ധിച്ച മുന്നൊരുക്കം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ആശുപത്രികളുടെ സൗകര്യം, RTPCR ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ എല്ലാ സംഗതികളിലും ആരോഗ്യ വകുപ്പും റവന്യൂ (ദേവസ്വം) വകുപ്പും സംയുക്തമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് 6-7-2021-ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടതും എന്നാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

മാസ്റ്റർ പ്ലാൻ പദ്ധതി പ്രദേശത്ത് ചെയ്തുവരുന്ന സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട പമ്പയിലെ ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ നിർമ്മാണം, ട്രെക്കിംഗ് പാത്ത് എൻട്രൻസ് സെക്യൂരിറ്റി ചെക്ക് വിത്ത് റൂഫ് കവറിംഗ്, ട്രെക്കിംഗ് പാത്ത് ടോയ്‌ലെറ്റ് ബിൽഡിംഗ്, ട്രെക്കിംഗ് പാത്ത് ഫസ്റ്റ് എയ്ഡ് ആൻഡ് കിയോസ്ക്ക്, സന്നിധാനം കവേർഡ് വാക്ക് വേ, സന്നിധാനം യാത്രിനിവാസ് പുണ്യദർശനം കോംപ്ലക്സ്, മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ട മെറ്റീരിയൽ റോപ് വേ നിർമ്മാണം എന്നിവയ്ക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്.

(ഡി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി വനം വകുപ്പുമായി ചർച്ച നടത്തി അടിയന്തരമായി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനം വകുപ്പുമായി ചർച്ച നടന്നുവരുന്നു.

**ശബരിമല മാസ്റ്റർപ്ലാൻ**

110(2146) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. വി. ശ്രീനിജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ശബരിമലയിൽ തീർത്ഥാടകർക്കുവേണ്ടി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ശബരിമലയിൽ തീർത്ഥാടകർക്ക് വിശ്രമം, കുടിവെള്ളലഭ്യത, പ്രാഥമികാവശ്യ നിർവ്വഹണം, ചികിത്സാസൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തിവരുന്നു.

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിരുന്ന പദ്ധതികളും അവയുടെ പുരോഗതിയും അറിയിക്കാമോ?

ശബരിമല മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പ്രധാന പദ്ധതികളും അവയുടെ നിർമ്മാണ പുരോഗതിയും ചുവടെ ചേർത്തിരിക്കുംപ്രകാരമാണ്. ശബരിമല മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള ക്യൂ കോംപ്ലക്സ്, ശബരിമലയിൽ പ്രതിദിനം 5 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ്, ഒരേ സമയം 5000 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള അന്നദാന മണ്ഡപം, 60 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്ക്, 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള 2 വാട്ടർ ടാങ്കുകൾ, തീർത്ഥാടകർക്കും ഉദ്യോഗസ്ഥർക്കും പത്ര പ്രവർത്തകർക്കും താമസിക്കുന്നതിനുള്ള ദർശനം കോംപ്ലക്സ്, ടോയ്‌ലെറ്റ് കോംപ്ലക്സ് എന്നിവ പൂർത്തീകരിച്ചു. പമ്പ അന്നദാന മണ്ഡപം, റെസ്റ്റോറന്റ് ബ്ലോക്ക്, പ്രസാദ സാധനങ്ങൾ സൂക്ഷിക്കുന്ന ഗോഡൗൺ, ടോയ്‌ലെറ്റ് ബ്ലോക്കുകൾ, സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവ പൂർത്തീകരിച്ചു. നിലയ്ക്കൽ കെ.എസ്.ആർ.ടി.സി ബസ്സുകളുടേയും തീർത്ഥാടകരുടെ വാഹനങ്ങളുടേയും പാർക്കിംഗിനുള്ള പാർക്കിംഗ് ഗ്രൗണ്ട്, ടോയ്‌ലെറ്റ് ബ്ലോക്കുകൾ, വേണ്ടത്ര ജലം സംഭരിക്കുന്നതിനുള്ള ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്കുകൾ, പിൽഗ്രിംസ് റെസ്റ്റിംഗ് ഹാൾ, കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഇന്റഗ്രേറ്റഡ് ടോയ്‌ലെറ്റ് കോംപ്ലക്സ്, വിശാലമായ വിരിപ്പന്തൽ എന്നിവ പൂർത്തീകരിച്ചു. പമ്പയിലും നിലയ്ക്കലും പ്രതിദിനം 5 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ്, നിലയ്ക്കലിൽ കൂടുതൽ പാർക്കിംഗ് സൗകര്യങ്ങൾ, ക്ലോക്ക് റൂമുകൾ, പോലീസ്, കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർ എന്നിവർക്ക് താമസിക്കാനുള്ള സൗകര്യം, കോർ ഏരിയ ഡെവലപ്പ്മെന്റ് പദ്ധതി എന്നിവയുടെ നിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരുന്നു. പമ്പ മുതൽ സന്നിധാനം വരെയുള്ള റോപ് വേ പദ്ധതിയുടെ പരിസ്ഥിതി പഠന റിപ്പോർട്ട് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ശബരിമല ഇടത്താവളങ്ങളുടെ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

## ഹരിപ്പാട് സുബ്രഹ്മണ്യക്ഷേത്ര റോഡിന്റെ പുനരുദ്ധാരണം

111(2147) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഹരിപ്പാട് സുബ്രഹ്മണ്യ ക്ഷേത്രത്തിന് ചുറ്റുമുള്ളതും ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതുമായ റോഡുകൾ തകർന്നുകിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ഹരിപ്പാട് സുബ്രഹ്മണ്യ ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡ് പുനരുദ്ധരിക്കുന്നതിന് 4,89,682 രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

112(2148) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പരിഷ്കരിച്ച വേതനം നൽകുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച പ്രൊപ്പോസലിന്മേൽ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ, ക്ഷേത്രജീവനക്കാർക്ക് 1-6-2019 മുതൽ 2000 രൂപ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്.

(സി) നിലവിലെ സാഹചര്യം കണക്കിലെടുത്ത് വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അലവൻസുകൾ നൽകുന്നതിനുവേണ്ടി സർക്കാരിൽനിന്നും അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

113(2149) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

മലബാർ ദേവസ്വം ബോർഡിന് മാത്രമാണ് സർക്കാർ നേരിട്ട് ശമ്പള പരിഷ്കരണ ശിപാർശ അംഗീകരിച്ച് നൽകുന്നത്. മലബാർ ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് 12-2-2021-ലെ GO (Ms) 57/2021/RD നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) അടഞ്ഞുകിടക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സഹായം ലഭ്യമാക്കുമോ?

കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെത്തുടർന്ന് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള, അടഞ്ഞ് കിടക്കുന്നതുൾപ്പെടെ മുഴുവൻ ക്ഷേത്രങ്ങളിലേയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പ്രത്യേക ധനസഹായമായി സർക്കാരിൽനിന്നും 20 കോടി രൂപയും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും ശമ്പളച്ചെലവിനായി 8 കോടി 20 ലക്ഷം രൂപയും ക്ഷേമനിധി ബോർഡ് വഴിയുള്ള ആശ്വാസ ധനസഹായം നൽകുന്നതിന് 1 കോടി രൂപയും മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം ലഭിക്കാത്ത ക്ഷേത്രങ്ങൾക്ക് 2020-ലെ ഓണം ഉത്സവബത്ത അനുവദിക്കുന്നതിന് 61 ലക്ഷം രൂപയും ചേർത്ത് 9 കോടി 81 ലക്ഷം രൂപ ഇതിനകംതന്നെ ചെലവഴിച്ചിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം എംപ്ലോയീസ് കോൺഗ്രസ്സ് നൽകിയ നിവേദനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ശിപാർശ തയ്യാറാക്കുന്നതിനുമുമ്പായി, ടി ആവശ്യത്തിന് മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് ചെയർമാനായി രൂപീകരിച്ച സബ്കമ്മിറ്റി, മലബാർ ദേവസ്വം എംപ്ലോയീസ് കോൺഗ്രസ് ഉൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാരുടെ വിവിധ സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുള്ളതായും പ്രസ്തുത സംഘടനകൾ നൽകിയ നിവേദനങ്ങൾ മുഖവിലയ്ക്കെടുത്തിട്ടുള്ളതായും കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്.

(ഡി) മലബാറിലെ ദേവസ്വത്തിനുകീഴിലുള്ള അയ്യായിരത്തോളം ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കാത്ത അവസരത്തിൽ ദുരിതാശ്വാസമായി സഹായധനം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട് ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിക്കാലത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്, സർക്കാരിൽനിന്നും പ്രത്യേക ധനസഹായമായി 20 കോടി രൂപയും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇതുകൂടാതെ വിവിധ ഘട്ടങ്ങളിലായി മലബാർ ദേവസ്വം ഫണ്ടിൽനിന്നും 9 കോടി 81 ലക്ഷം രൂപയും പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ക്ഷേത്രത്തിൽ വരുമാനമില്ലാത്തതുകാരണം, ശമ്പളം കൈപ്പറ്റാൻ നിർവ്വാഹമില്ലാത്ത മുഴുവൻ ക്ഷേത്രജീവനക്കാർക്കും ശമ്പള ധനസഹായം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ജീവനക്കാരുടെ കോവിഡ് കാലത്തെ ശമ്പളം

114(2150) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിലെ താഴ്ന്ന ഗ്രേഡുകളിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് പരിമിതമായിട്ടെങ്കിലും ശമ്പളം നൽകുന്നതിനായി സർക്കാരിൽനിന്നും സഹായം ലഭ്യമാക്കാൻ ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള 20 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിൽ അസസിബിൾ വരുമാനത്തിന്റെ 50% തുക ജീവനക്കാരുടെ ശമ്പളാവശ്യത്തിനായി ചെലവഴിച്ചിട്ടും തികയാതെ വരുന്ന സംഖ്യ,

സർക്കാർ ഗ്രാന്റ് വഴി മലബാർ ദേവസ്വം ബോർഡിൽനിന്നുമാണ് നൽകിവരുന്നത്. ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡ് (സാലറി) ശീർഷകത്തിൽ സർക്കാർ ഈ ആവശ്യത്തിനായി തുക നീക്കിവച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 5.1 കോടി രൂപ സർക്കാർ ഇതിനകം ബോർഡിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ 2-ാം ഗഡു തുക അനുവദിക്കുന്നതിനുള്ള ബോർഡ് കമ്മീഷണറുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള 99% ക്ഷേത്രങ്ങളും സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ കൂടുതൽ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കുന്നതിനും ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുവഴിയുള്ള സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുന്നതിനുമായി ബഡ്ജറ്റ് അലോട്ടുമെന്റിന് പുറമെ 50 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന ബോർഡ് കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോവിഡ് ആരംഭിച്ചതിനുശേഷം ഇത്തരം ജീവനക്കാർക്ക് സർക്കാർ, ബോർഡ് നൽകിയ സഹായങ്ങൾ വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ ലോക്ക്ഡൗൺ ഏർപ്പെടുത്തിയതോടെ സാമ്പത്തിക പ്രതിസന്ധിയിലായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആശ്വാസ ധനസഹായവും നൽകുന്നതിലേയ്ക്ക് വിവിധ ഘട്ടങ്ങളിലായി മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽനിന്നും 9 കോടി 81 ലക്ഷം രൂപയും സർക്കാർ ഫണ്ടിൽനിന്നും 19 കോടി രൂപയും കൂടാതെ വിരമിച്ച ക്ഷേത്രജീവനക്കാർക്ക് ക്ഷേമനിധി ബോർഡിൽനിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ 1 കോടി രൂപയും ഉൾപ്പെടെ ആകെ 29,81,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

## മലബാർ ദേവസ്വം ബോർഡ് ശമ്പള പരിഷ്കരണം

115(2151) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 12-2-2021-ലെ GO (Ms) 57/2021/RD പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) തിരുവിതാംകൂർ-കൊച്ചി ദേവസ്വങ്ങളിലേതിന് തത്തുല്യമായ വേതനം മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിൽനിന്നും വിഭിന്നമായ ഭരണ സംവിധാനമാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾക്കുള്ളത്. ഓരോ ക്ഷേത്രത്തിന്റേയും വരുമാനത്തിനനുസരിച്ച് ക്ഷേത്രങ്ങളെ ഗ്രേഡുകളാക്കി തിരിച്ചാണ് ജീവനക്കാരുടെ ശമ്പള സ്കെയിൽ നിർണ്ണയിച്ചിട്ടുള്ളത്. താഴ്ന്ന ഗ്രേഡ് മുതൽ ഉയർന്ന ഗ്രേഡ് വരെയുള്ള ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പള വർദ്ധനവ് ഉറപ്പുവരുത്തിയാണ് ശമ്പള പരിഷ്കരണ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) മലബാർ ദേവസ്വം ബോർഡ് ശമ്പളപരിഷ്കരണം സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന് നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 12-2-2021-ലെ GO (Ms)57/2021/RD പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) ശമ്പളം പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, പുതിയ ശമ്പളം നിർണ്ണയിക്കുന്നതിന് ആധാരമാക്കേണ്ട ഫിക്സേഷൻ ചട്ടങ്ങൾ, ക്ഷാമബത്ത ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ) കോവിഡ് മഹാമാരിമൂലമുള്ള സാമ്പത്തിക പ്രയാസം കാരണം നിരവധി ക്ഷേത്രങ്ങളിൽ നിത്യനിദാന ചെലവുകൾ നടത്താൻ സാധിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന ക്ഷേത്രങ്ങൾക്ക് ഗുരുവായൂർ ദേവസ്വം ബോർഡ് നൽകുന്നതുപോലെ പതിനായിരം രൂപ ധനസഹായം പ്രയാസമനുഭവിക്കുന്ന മറ്റ് ക്ഷേത്രങ്ങൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) കോവിഡ്-19 മഹാമാരിയെ തുടർന്ന്, മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. വരുമാനം കുറഞ്ഞ, നിത്യനിദാനച്ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന ക്ഷേത്രങ്ങളിൽ ആയതിന് മാത്രമായി, ഒരു ക്ഷേത്രത്തിന് 10,000 രൂപ വീതം ആകെ 77,80,000 രൂപ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം ബോർഡിന് കീഴിലുള്ള 559 ക്ഷേത്രങ്ങൾ കൈപ്പറ്റിയിട്ടുണ്ട്.

### മാടായിപ്പാറയിൽ ഫയർ സ്റ്റേഷന് സ്ഥലം

116(2152) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മാടായിപ്പാറയിൽ സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം ബോർഡിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, മാടായിപ്പാറയിൽ സ്ഥലം അനുവദിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡ് ഓഫീസിലോ ചിറയ്ക്കൽ കോവിലകം ദേവസ്വത്തിന്റെ കീഴിലുള്ള മാടായി തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിലോ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

### ക്ഷേത്രക്കുളങ്ങളുടെയും കാവുകളുടെയും സംരക്ഷണം

117(2153) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോടുചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെടുന്ന ഇത്തരം കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിക്കുമോ?

(എ&ബി) ക്ഷേത്രങ്ങളോടുചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-2022 ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച ₹9,67,85,000 രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി ₹73,51,985 രൂപ നൽകിയിട്ടുണ്ട്. കാവ്, കുളം സംരക്ഷണത്തിന്റെ ഭാഗമായി ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യത്തിൽ ചർച്ചകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഗ്രീൻ ഗ്രാസ് പദ്ധതി

118(2154) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ഗ്രീൻ ഗ്രാസ് പദ്ധതിയുടെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വനമേഖലകളുടെ പ്രാന്തപ്രദേശങ്ങളിൽ അനധികൃതമായി നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളെ ഫലപ്രദമായി നീക്കം ചെയ്ത് വനങ്ങളുടെ സ്വാഭാവിക അവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുകയെന്നതാണ് -"പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്" പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. 13-9-2018-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 406/2018/വനം പ്രകാരം വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ടാസ്ക്ഫോഴ്സ് രൂപികരിക്കുകയുണ്ടായി. ടി സർക്കാർ ഉത്തരവ് അനുസരിച്ച്, വനത്തിലൂടെ കടന്നുപോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന വനമേഖലകളെ തിരിച്ചറിഞ്ഞ്, 125-ഓളം മാലിന്യ നിക്ഷേപ സ്ഥലങ്ങളെ മാപ്പ് ചെയ്തു. 24-12-2019 -ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ506/2019/വനം പ്രകാരം മൂന്ന് വർഷത്തേയ്ക്ക് (2019-20, 2020-21, 2021-22) പദ്ധതി നടത്തിപ്പിനായി 871.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, ടൂറിസം വകുപ്പ്, പരിസ്ഥിതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2019-2020 സാമ്പത്തിക വർഷത്തിൽ 20.00 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 121.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റി അംഗങ്ങൾ, വിവിധ സ്കൂളുകളിലേയും കോളേജുകളിലേയും എൻ.എസ്.എസ്. വോളന്റിയർമാർ, എൻ.ജി.ഒ.-കൾ എന്നിവർ മുഖേന നേരത്തെ കണ്ടെത്തിയ 125-ഓളം പ്രധാന മാലിന്യ നിക്ഷേപയിടങ്ങളിലുൾപ്പെടെ റോഡുകളിലെ മാലിന്യ നിക്ഷേപം നീക്കുകയും, അവിടം വൃത്തിയാക്കി സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാർ ഡിവിഷനിലെ വനമേഖലയിൽ എക്സ്സർവ്വീസ്മെൻ സൊസൈറ്റിയുടെ സഹായത്തോടെ ആ പ്രദേശങ്ങളിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്തിട്ടുള്ളതാണ്. കൂടാതെ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സഹായത്തോടെ 125-ഓളം പോയിന്റുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുകയും വേർതിരിച്ച് നീക്കം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം വനം വകപ്പ് വനമേഖലയിൽ നിന്നും 28-2-2021 വരെ 1869 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്.

### വനമേഖലയോട് ചേർന്നുള്ള തോട്ടങ്ങളുടെ ഏറ്റെടുക്കൽ

119(2155) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയോട് ചേർന്നുകിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വനമേഖലയോട് ചേർന്നുകിടക്കുന്ന സ്വകാര്യതോട്ടങ്ങൾ ഏറ്റെടുക്കൽ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP)-ന്റെ ഭാഗമാണ്. 6 വനം ഡിവിഷനുകളിലെ 13 സ്വകാര്യ എസ്റ്റേറ്റുകളാണ് പ്രാരംഭ ഘട്ടത്തിൽ RKDP പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. അർഹമായ നഷ്ടപരിഹാരം നൽകി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇത്തരത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന തോട്ടമേഖലയുടെ അതിർത്തികൾ സംബന്ധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദേശീയ ഉദ്യാനവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ തോട്ടം മേഖല ഏറ്റെടുത്ത് വനപ്രദേശത്തോട് ചേർക്കുന്നതിന് കേന്ദ്രസർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഇല്ല.

(ഡി) ഏറ്റെടുക്കുന്ന മേഖലയിലെ തോട്ടം ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP)-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. ആയതിലേയ്ക്കായി ആകെ 385.31 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. The Kerala Forests (Vesting and Management of Ecologically Fragile Lands) Act, 2003 സെക്ഷൻ 4(1) പ്രകാരമോ, Regular Land Acquisition Act പ്രകാരമോ അർഹമായ നഷ്ടപരിഹാരം നൽകി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### വനം കയ്യേറ്റം തടയാനും ഒഴിപ്പിക്കാനും നടപടി

120(2156) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ സംസ്ഥാനത്തെ വനവിസ്തൃതി എത്ര ഹെക്ടർ ആയിരുന്നുവെന്ന് അറിയിക്കുമോ; ആയത് 2021-ൽ എത്ര ഹെക്ടർ ആണെന്ന് അറിയിക്കുമോ?

വനം വകുപ്പിന്റെ 2012-13-ലെ ഭരണ റിപ്പോർട്ട് പ്രകാരം 2011-ൽ സംസ്ഥാനത്തെ വനവിസ്തൃതി 11,30,947.54 ഹെക്ടർ (11309.4754 ച.കി.മീ) ആണ്. 2018-2019-ലെ ഭരണ റിപ്പോർട്ട് പ്രകാരം 31-3-2019-ൽ 11,52,005.8 ഹെക്ടർ (11520.058 ച.കി.മീ)ആണ്. 2021-ലെ വനവിസ്തൃതി നിലവിൽ കണക്കാക്കിയിട്ടില്ല.

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചുവെന്ന് അറിയിക്കുമോ?

കഴിഞ്ഞ സർക്കാർ കാലയളവിൽ 28-2-2020 വരെ 211.6223 ഹെക്ടർ (522.9302 ഏക്കർ) വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

(സി) വനം വകുപ്പിന്റെ കണക്കുകൾപ്രകാരം എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ടെന്ന് അറിയിക്കുമോ; കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം അറിയിക്കുമോ?

വനം വകുപ്പിന്റെ 30-6-2020 വരെയുള്ള കണക്കുകൾപ്രകാരം 5024.535 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ട്. ടി കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പൂർത്തീകരിക്കാനാകൂ.

(ഡി) കയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനം കയ്യേറ്റം തടയുന്നതിന് ചുവടെ ചേർക്കുന്ന നടപടികളാണ് പ്രധാനമായും സ്വീകരിച്ചുവരുന്നത്:-

1. വനം കയ്യേറ്റം തടയുന്നതിനായി വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.
2. പുതിയ വനം കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾത്തന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർ ക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.
3. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും സംരക്ഷണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
4. കൂടുതൽ വാഹനങ്ങളും വയർലസ്സ് സ്റ്റേഷനുകളും അത്യാധുനിക സാങ്കേതികവിദ്യകളും സംയോജിപ്പിച്ച് സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിൽ തീർപ്പാകാതെ കിടക്കുന്നുവെന്ന് അറിയിക്കുമോ?

വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് 30-6-2020-ലെ കണക്കുപ്രകാരം 261 കേസ്സുകളാണ് തീർപ്പാക്കാതെ കിടക്കുന്നത്.

(എഫ്) കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം എത്ര ഹെക്ടർ വനം കത്തി നശിച്ചുവെന്ന് അറിയിക്കുമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം 17696.05 ഹെക്ടർ വനം കത്തി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്.

## വന വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ നടപടി

121(2157) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ, ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 135.3356, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 217.06161 ഹെക്ടർ) വനനിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB-യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

## റേഞ്ച് ഓഫീസർ, ഡി.എഫ്.ഒ. തസ്തികകളിലെ ഒഴിവുകൾ

122(2158) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ റേഞ്ച് ഓഫീസർ, ഡി.എഫ്.ഒ. തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

റേഞ്ച് ഓഫീസർ തസ്തികയിൽ സയൻസ്/എഞ്ചിനീയറിംഗ് ബിരുദധാരികൾക്കായുള്ള 25-ഉം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ 6-ഉം ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്താത്തതിന്റെ കാരണം വിശദമാക്കാമോ?

റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് സയൻസ്/എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള റാങ്ക് പട്ടിക നിലവിലില്ല. കോവിഡ്-19 തീവ്രവ്യാപനത്തെ തുടർന്ന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം നടക്കുന്നതിലെ കാലതാമസവും സീനിയർ തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ കുറവുംമൂലമാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഒഴിവുകൾ നികത്തുവാൻ കഴിയാത്തത്.

(സി) സമീപകാലത്തുണ്ടായ മരംവെട്ടും ചന്ദനമര മോഷണവും കണക്കിലെടുത്ത് ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## അനധികൃത മരം മുറിയിൽ പട്ടികവർഗ്ഗക്കാരുടെ പങ്ക്

123(2159) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ അനധികൃത മരംമുറിയിൽ പട്ടികവർഗ്ഗക്കാർക്ക് എന്തെങ്കിലും വിധത്തിൽ പങ്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മരം മുറിച്ചത് വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് നിന്ന് മാത്രമാണോ അതോ പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽനിന്നാണോയെന്നുള്ള വിശദാംശങ്ങൾ നൽകാമോ?

സർക്കാർ ലാൻഡ് അസൈൻമെന്റ് പട്ടയപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ സർക്കാരിലേയ്ക്ക് റിസർവ് ചെയ്ത മരങ്ങളാണ് അനധികൃതമായി മുറിച്ചുമാറ്റിയിട്ടുള്ളത്. മേൽ ഭൂമി വനാവകാശ നിയമപ്രകാരം പതിച്ച് നൽകിയ ഭൂമിയിൽ ഉൾപ്പെടുന്നതല്ല.

## വനഭൂമിയിൽനിന്നും മുറിച്ച മരങ്ങൾ

124(2160) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനഭൂമിയിൽനിന്ന് എത്ര ഈട്ടി, കരിമരം, തേക്ക്, ചന്ദനം എന്നീ മരങ്ങൾ മുറിച്ചുമാറ്റിയെന്ന കണക്ക് ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനഭൂമിയിൽനിന്നും അനധികൃതമായി മുറിച്ചുമാറ്റിയ മരങ്ങളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മരം മുറി കേസുകൾ ഒത്തുതീർപ്പാക്കാൻ തീരുമാനം

125(2161) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പുറത്തിറക്കിയ ഉത്തരവിനെ തുടർന്ന് നടന്ന അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട കേസുകൾ ഒത്തുതീർപ്പാക്കാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത കേസുകളിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെമേൽ ബാധ്യത വരാതെ കേസുകൾ കൈകാര്യം ചെയ്യാൻ വനംവകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ സർക്കുലർ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സർക്കുലർ ഇറക്കിയിട്ടില്ല.

(സി) അനധികൃത മരംമുറിയിൽ വനംവകുപ്പിന്റെ നഷ്ടമായി കണക്കാക്കിയ പതിനഞ്ച് കോടി രൂപ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തീരുമാനിച്ചിട്ടില്ല.

## ഭൂരഹിതർക്ക് വിതരണം ചെയ്യാനുള്ള വനഭൂമി

126(2162) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ വനഭൂമി വിതരണത്തിനായി സർക്കാരിന് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ ഭൂമി ഭൂരഹിതർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

കേരളത്തിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഉൾപ്പെട്ട വനം ഡിവിഷനുകളിൽനിന്നായി 7693.2257 ഹെക്ടർ വനഭൂമിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ ഭൂമി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകിവരുന്നു. കേന്ദ്ര അനുമതി പ്രകാരം ബന്ധപ്പെട്ട വനം ഡിവിഷനുകളിൽ നിന്നും ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഇതുവരെ വിതരണം ചെയ്ത ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണ്ണാർക്കാട് വനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

127(2163) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ 1-1-1977-ന് മുമ്പ് മുതൽ വനഭൂമിയിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ സർവ്വേ നടത്തിയിട്ടുണ്ടോ?

3-8-1989-ലെ G.O(MS)655/89, 14/12/1999-ലെ G.O(MS) 510/99/RD എന്നീ ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് താലൂക്കിലെ 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റം കണ്ടെത്തുന്നതിന് വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 465 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പട്ടയം ലഭിക്കുന്നതിന് അർഹരായവരുടെ പട്ടിക ഉൾപ്പെടെ പാലക്കാട് ജില്ലാ കളക്ടർ 11-11-2020-ന് ഒലവക്കോട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്-ന് നൽകിയ ഫയലിൽ (എൻ.ആർ.എ. 5-2005/4455/9(1999/44665/9) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള തുടർനടപടികൾ യൂസർ ഏജൻസി എന്ന നിലയിൽ റവന്യൂ വകുപ്പ് മുഖേന നടന്നുവരുന്നു.

(സി) അർഹതപ്പെട്ടവർക്ക് പട്ടയം ലഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

യൂസർ ഏജൻസി എന്ന നിലയിൽ റവന്യൂ വകുപ്പ് നടപടികൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്കാണ് പട്ടയം അനുവദിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നത്.

## എറണാകുളം ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ

128(2164) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ അഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഹരിത കേരളം പദ്ധതി.
2. കടൽത്തീരങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി കാറ്റാടി നട്ടുപിടിപ്പിക്കുന്ന പദ്ധതി.
3. ഓരോ വർഷവും ജില്ലയിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാവനം പദ്ധതി നടപ്പിലാക്കുന്നുണ്ട്.
4. കോളേജുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ് നടത്തിവരുന്നുണ്ട്.
5. ഓരോ വർഷവും കാവ് സംരക്ഷണത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതയുള്ള കാവുകൾക്ക് ധനസഹായം നൽകിവരുന്നു.
6. ഓരോ വർഷവും പരിസ്ഥിതി സംരക്ഷണ മേഖലയിൽ തെരഞ്ഞെടുത്ത ഒരാൾക്ക് വനമിത്ര പുരസ്കാരം നൽകിവരുന്നു.
7. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരങ്ങൾ നട്ടുവളർത്തൽ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകിവരുന്നു.

(ബി) സ്വകാര്യ ഭൂമിയിൽ വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യ ഭൂമിയിൽ വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തിക വർഷം 30 ഗുണഭോക്താക്കൾക്ക് ആകെ 1,53,939 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ജില്ലയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| പഞ്ചായത്ത്/മുൻസിപ്പാലിറ്റി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | 2 |
| അങ്കമാലി മുനിസിപ്പാലിറ്റി | 1 |
| രായമംഗലം ഗ്രാമപഞ്ചായത്ത് | 2 |
| മാറാടി ഗ്രാമപഞ്ചായത്ത് | 5 |
| മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | 3 |
| കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | 2 |
| പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | 1 |
| ആയവന ഗ്രാമപഞ്ചായത്ത് | 2 |
| മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | 1 |
| ആലങ്ങാട് ഗ്രാമപഞ്ചായത്ത് | 2 |
| പായിപ്ര ഗ്രാമപഞ്ചായത്ത് | 1 |
| ആവോലി ഗ്രാമപഞ്ചായത്ത് | 2 |
| നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 1 |
| കുവപ്പടി ഗ്രാമപഞ്ചായത്ത് | 3 |
| മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് | 1 |
| അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | 1 |

**സാമൂഹ്യ വനവത്കരണ പദ്ധതി**

129(2165) ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വച്ചു പിടിപ്പിച്ച അക്കേഷ്യ തുടങ്ങിയ മരങ്ങൾ പരിസ്ഥിതിക്ക് ഗുണകരമല്ലാത്തതിനാൽ ഇവ നശിപ്പിച്ച് പകരം നാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതിയുണ്ടോ?

അക്കേഷ്യ തുടങ്ങിയ മരങ്ങൾക്ക് പകരം നാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കാൻ നിലവിൽ പദ്ധതികളൊന്നുംതന്നെ ഇല്ല.

(ബി) വൃക്ഷവത്കരണം വർദ്ധിപ്പിക്കുന്നതിന് സാമൂഹ്യ വനവത്കരണ പദ്ധതിയുടെ ഭാഗമായി നടുന്ന ലക്ഷക്കണക്കിന് വൃക്ഷത്തൈകളുടെ അതിജീവന നിരക്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഉത്പാദിപ്പിച്ച് വിതരണംചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2016-17-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017-18 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2018-19, 2019-20 കാലഘട്ടങ്ങളിൽ വിതരണം ചെയ്ത തൈകളുടെ അതിജീവന നിരക്കിന്റെ ശതമാനം മേൽ സൂചിപ്പിച്ചപ്രകാരം കണക്കാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) തടിയാവശ്യം നിറവേറ്റാൻ കാർഷിക വനവത്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ?

തടിയാവശ്യം നിറവേറ്റുന്നതിനായി പ്രത്യേക കാർഷിക വനവത്കരണ പരിപാടി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഹരിത കേരളം പദ്ധതി മുഖേന 2019-20 വരെ 760.63 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്. സാമൂഹിക വനവത്കരണത്തിൻകീഴിൽ നടപ്പാക്കപ്പെടുന്ന എല്ലാ പദ്ധതികളും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നവയാണ്.

## കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം

130(2166) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**സംസ്ഥാനത്തെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ മാർഗ്ഗരേഖ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?**

24-12-2016-ലെ സ.ഉ.(സാധാ) നമ്പർ 485/2016/വനം, പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകിവരികയും ചെയ്യുന്നുണ്ട്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽനിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് ടി കാവുകൾക്ക് അടുത്ത 5 വർഷത്തേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരികയും ചെയ്യുന്നു. കാവുകളിലുള്ള ജൈവവൈവിധ്യം, ജലസ്രോതസ്സ്/കുളങ്ങൾ, വിസ്തൃതി, കാവിലുള്ള വൃക്ഷങ്ങളുടെയും ജീവജാലങ്ങളുടെയും വിശദാംശങ്ങൾ എന്നിവ പരിഗണിച്ചാണ് കാവുകൾ തെരഞ്ഞെടുക്കുന്നത്.

**തീരവനം പദ്ധതി**

131(2167) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും തീരസംരക്ഷണത്തിനും മുൻസർക്കാർ നടപ്പിലാക്കിയ തീരവനം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും തീരസംരക്ഷണത്തിനുംവേണ്ടി മുൻസർക്കാർ നടപ്പിലാക്കിയ തീരവനം പദ്ധതി പരിപാലിച്ചുകൊണ്ട് സ്ഥലലഭ്യത അനുസരിച്ച് കാറ്റാടിവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളതാണ്. ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ആലപ്പുഴ മുൻസിപ്പാലിറ്റി ബീച്ച് വാർഡ് മുതൽ പുന്നപ്ര തെക്ക്പഞ്ചായത്ത് ഗലീലിയാ കടപ്പുറം വരെയുള്ള 9 കി.മീ നീളത്തിൽ 2007-ൽ തീരവനം നിർമ്മിച്ചിട്ടുള്ളതാണ്. തീരസംരക്ഷണത്തിന് ഏറെ പ്രയോജനകരമായിട്ടാണ് ടി വൃക്ഷങ്ങൾ നിൽക്കുന്നത്. നിലവിൽ ടി പ്ലാന്റേഷന്റെ പടിഞ്ഞാറ് ഭാഗത്തായി 50 മീറ്റർ വീതിയിൽ മണൽ നിക്ഷേപം ഉണ്ടായിട്ടുണ്ട്. കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2018-19 വർഷത്തിൽ ചേറ്റുകുണ്ട് കടലോരത്ത് പതിനായിരം കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ വർഷം കാസർഗോഡ് സി.പി.സി.ആർ.ഐ. കടലോരത്ത് 9000 കാറ്റാടി തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) തീരവനത്തിന്റെ പരിപാലന-സംരക്ഷണ ചുമതല ഏല്പിച്ചിരിക്കുന്നത് ആരെയാണ്?

ജനപങ്കാളിത്തത്തോടെ തീരവനസംരക്ഷണ സമിതിയും വനം വകുപ്പും സംയുക്തമായി പരിപാലിച്ചുവരുന്നു.

(സി) തീരവനം കയ്യേറ്റം നടക്കുന്നതായോ നശിപ്പിക്കപ്പെടുന്നതായോ ഉള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പദ്ധതി സംസ്ഥാനത്തെ തീരപ്രദേശങ്ങളിലാകെ വ്യാപിപ്പിക്കുന്നതിനും അവ കൃത്യമായി പരിപാലിക്കുന്നതിനുമാവശ്യമായ നടപടികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ലഭ്യമായ സ്ഥലങ്ങളിൽ തീരസംരക്ഷണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാറ്റാടി തൈകൾ വച്ചുപിടിപ്പിക്കുകയും ആയത് തീരവനസംരക്ഷണ സമിതിയും വനംവകുപ്പും സംയുക്തമായി പരിപാലിച്ചുവരികയും ചെയ്യുന്നുണ്ട്.

## ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലെ നിയമനം

132(2168) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലെ ഒഴിവുകളുടെ എണ്ണം എത്രയെന്നറിയിക്കുമോ; ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലേയ്ക്ക് മാത്രമായിട്ടല്ല പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നത്. റിസർവ് വാച്ചർ, ഡിപ്പോ വാച്ചർ, സർവ്വേ ലാസ്കർ, ടിമ്പർ സൂപ്പർവൈസർ എന്നീ തസ്തികകളിലേയ്ക്കും കൂടിയാണ് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നത്. നിലവിൽ ടി തസ്തികകളിലെല്ലാംകൂടി ആകെ ഒമ്പത് ഒഴിവുകളുണ്ട്. അതിൽ മൂന്ന് ഒഴിവുകൾ എൻ.ജെ.ഡി. ആണ്. ടി ഒഴിവുകളെല്ലാത്തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ജോലിചെയ്തുവരുന്നവർക്ക് യഥാസമയം സ്ഥാനക്കയറ്റം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത തസ്തികയിലുള്ളവർക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകുന്നില്ല. ജില്ലാടിസ്ഥാനത്തിലുണ്ടാകുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേയ്ക്ക് ടി തസ്തികകളുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ആറ് ശമ്പള സ്കെയിലിലുള്ള (ഓഫീസ് അറ്റൻഡന്റ്, വാച്ചർ തസ്തികയിൽ ഉള്ളവർ ഉൾപ്പെടെ) ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ ജില്ലാതല സംയോജിത സീനിയോരിറ്റി ലിസ്റ്റിൽനിന്നും ക്ലാർക്ക്/ടൈപ്പിസ്റ്റുമാരായി തസ്തികമാറ്റം നൽകുന്നുണ്ട്.

## അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായി വിരമിച്ച വിശ്വനാഥന്റെ പെൻഷൻ

133(2169) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ ഹെഡ് ക്വാർട്ടേഴ്സിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായി 31-7-2008-ൽ റിട്ടയർ ചെയ്ത ശ്രീ. വിശ്വനാഥന് ഇതുവരെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പെൻഷൻ ലഭിക്കാത്തതെന്ന് വിശദമാക്കാമോ;

(ബി) കയ്യും കാലും തളർന്ന് കിടപ്പിലായ ടിയാന് പെൻഷൻ ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

(എ&ബി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിൽ 31-7-2008-ന് വിരമിച്ച ശ്രീ. വിശ്വനാഥന്, പ്രൊവിഷണൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ടിയാൻ വിരമിക്കുന്ന സമയത്ത് നിരവധി അച്ചടക്ക നടപടികളും വിജിലൻസ് കേസും നിലനിന്നതിനാലാണ് മറ്റ് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കാതിരുന്നത്. ടിയാന് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

## മരങ്ങൾ നട്ടുവളർത്തുന്നതിന് ഇൻസെന്റീവ്

134(2170) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് ഇനത്തിൽ വയനാട് ജില്ലയിലെ കർഷകർക്ക് 2020-21 വർഷം സാമ്പത്തിക സഹായം നൽകിയിരുന്നോ; വിശദാംശം വ്യക്തമാക്കുമോ?

സാമ്പത്തിക സഹായം നൽകിയിട്ടില്ല.

## ഇക്കോ ടൂറിസം രംഗത്തെ തൊഴിൽ നഷ്ടം

135(2171) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർ അംഗങ്ങളായ ഇക്കോ ടൂറിസം പദ്ധതിയെ കോവിഡ് മഹാമാരി ഗുരുതരമായി ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ വരുമാന നഷ്ടം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിർത്തിവച്ചതുമൂലം തൊഴിൽ നഷ്ടമായ വനാശ്രിതരായ ആളുകൾക്ക് ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ദൈനംദിന പരിപാലനം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, വൃക്ഷത്തൈ നടീലും പരിചരണവും, വനത്തിൽനിന്നും മാലിന്യം നീക്കംചെയ്യൽ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി പരമാവധി തൊഴിൽ ഉറപ്പാക്കുന്നതിനും അതുവഴി അവരുടെ വരുമാനനഷ്ടം പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇവരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിൽ ഇക്കോടൂറിസം കേന്ദ്രങ്ങൾ അടച്ചിട്ടിരിക്കുന്നതിനാൽ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ദൈനംദിന പരിപാലനത്തിനും, മറ്റ് വനസംരക്ഷണ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തി വനാശ്രിതരായ ആളുകൾക്ക് പരമാവധി തൊഴിൽ ഉറപ്പാക്കുന്നുണ്ട്.

(ഇ) ഇരുപത് വർഷം പൂർത്തിയാക്കിയ താൽക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ഇതുസംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടില്ല.

## ആനകളുടെ മരണനിരക്ക്

136(2172) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ സംസ്ഥാനത്ത് ചരിഞ്ഞ ആനകളുടെ എണ്ണം വ്യക്തമാക്കുമോ?

2020-ൽ സംസ്ഥാനത്ത് 72 കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്നുവർഷത്തിനിടെ സംസ്ഥാനത്ത് ഇരുന്നൂറ്റി അൻപത്തിയേഴ് ആനകൾക്ക് ജീവൻ നഷ്ടമാകുകയുണ്ടായോ; ഇതിൽ സ്വാഭാവികമായി ചരിഞ്ഞതും അപകടത്തിലും സാമൂഹ്യവിരുദ്ധരാൽ കൊല്ലപ്പെട്ടതും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

കഴിഞ്ഞ മൂന്നുവർഷത്തിനിടെ സംസ്ഥാനത്ത് 280 കാട്ടാനകൾ മരിച്ചിട്ടുണ്ട്. ഇതിൽ സ്വാഭാവികമായി ചരിഞ്ഞത് 217 എണ്ണവും അപകടത്തിൽ മരണപ്പെട്ടത് 54 -ഉം സാമൂഹ്യവിരുദ്ധരാൽ മരണപ്പെട്ടത് 9 -ഉം ആണ്.

(സി) ആനകളുടെ ഈ മരണനിരക്ക് ദേശീയ ശരാശരിയിലും കൂടുതലാണോ?

ദേശീയ ശരാശരിയിലും കൂടുതലല്ല.

(ഡി) ആനകളുടെ മരണത്തിന് കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത് എന്തെല്ലാമാണ്; ഇതിൽ മരണത്തിന് ഏറ്റവും കൂടുതൽ കാരണമായിട്ടുള്ളത് എന്താണ്; ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ആനകളുടെ മരണത്തിന് കാരണമായി കണ്ടെത്തിയിട്ടുള്ളത് താഴെപ്പറയുന്ന കാരണങ്ങളാണ്.

(1) സ്വാഭാവിക മരണം (വലിയ മാംസഭോജികളുടെ ആക്രമണവും ആനകൾ തമ്മിലുള്ള കുത്തുകൂടലും, പ്രായാധിക്യവും)

(2) അപകടമരണം

(3) ആനവേട്ട

(4) ഇലക്ട്രിക് കമ്പികളിൽനിന്നുള്ള വൈദ്യുതാഘാതം.

(5) ഹെർപ്പസ് വൈറസ് ബാധമൂലമുള്ള മരണം.

സ്വാഭാവിക കാരണങ്ങളാലാണ് കാട്ടാനകൾ കൂടുതൽ ചരിയുന്നത്. മറ്റ് കാരണങ്ങളാൽ ആനകൾ ചരിയുന്നത് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വയനാട് ജില്ലയിലെ വന്യമൃഗ ശല്യം തടയാൻ പാക്കേജ്**

137(2173) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് തടയുന്നതിനും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുംവേണ്ട ഒരു സമഗ്ര പാക്കേജ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അടുത്ത 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്ന ഒരു ബൃഹത്കർമ്മ പദ്ധതി അടിയന്തരമായി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശമനുസരിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്ന് വിശദമായ ചർച്ചകൾക്കുശേഷം കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വയനാട് അടക്കമുള്ള എല്ലാ വനം ഡിവിഷനുകളും വനംവന്യജീവി സർക്കിളുകളും ടി പദ്ധതിയുടെ ഭാഗമായി വരുന്നതാണ്.

(ബി) 2016 മുതൽ 2021 വരെ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എത്ര കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചുവെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2016 മുതൽ 2021 വരെ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം കൊടുത്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അപേക്ഷകളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 1629 | 90.425 |
| 2017-18 | 1092 | 75.149 |
| 2018-19 | 1382 | 94.167 |
| 2019-20 | 711 | 60.35 |
| 2020-21 | 1205 | 108.65 |

### ശല്യജീവികളെ കൊന്നൊടുക്കുന്നതിന് അനുമതി

138(2174) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളുടെ ശല്യം നേരിടാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രശ്നബാധിതമായ വനേതര മേഖലകളിലെ കാട്ടുപന്നികളെ ശല്യജീവി (വെർമിൻ) ആയി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകിയെങ്കിലും കേന്ദ്ര സർക്കാരിന്റെ ശല്യജീവിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടില്ല. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം

ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കാട്ടുപന്നി ഉൾപ്പെടെ കൃഷി നശിപ്പിക്കുന്ന ശല്യജീവികളെ കൊന്നൊടുക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ കൊന്നൊടുക്കുന്നതിന്, അപ്രകാരം അപേക്ഷിക്കുന്ന കേസ്സുകളിൽ, വ്യവസ്ഥകൾക്ക് വിധേയമായി 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ സെക്ഷൻ 11 (1) (ബി) പ്രകാരം കൊല്ലുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം എല്ലാ ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും സംരക്ഷിത മേഖലയിലെ വൈൽഡ് ലൈഫ് വാർഡന്മാർക്കും നൽകിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള 8-3-2019-ലെ WL4-466/2011 പ്രകാരം ഉത്തരവായിട്ടുണ്ട്. 18-5-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 111/2020/വനം പ്രകാരം കാട്ടുപന്നിയെ വെടിവച്ചുകൊല്ലുന്നതിന് കാട്ടുപന്നിശല്യം രൂക്ഷമായ ഫോറസ്റ്റ് റെയ്ഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ള വനം വകുപ്പ്/പോലീസ്/മറ്റ് യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ/ വ്യക്തികൾ എന്നിവരുടെ പാനൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി പാനലിലുള്ളവരെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 11-1-2021-ലെ സ.ഉ (സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്.

(സി) കൃഷി നശിപ്പിക്കുന്ന ശല്യജീവികളെ കൊന്നൊടുക്കാൻ കർഷകർക്ക് അധികാരമുണ്ടോ; സംസ്ഥാന സർക്കാർ ശല്യജീവിയായി പ്രഖ്യാപിച്ച കാട്ടുപന്നികളെ കൊന്നൊടുക്കാൻ കൂടുതൽ കർഷകർക്ക് അനുമതി നൽകുന്നകാര്യം പരിഗണിക്കുമോ?

കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ ഉപാധികളോടെ കൊന്നൊടുക്കാൻ കർഷകർക്ക് അധികാരമുണ്ട്. നിലവിലെ ഉത്തരവിന്റെ കാലാവധി 17-5-2022 വരെയാണ്. വനേതര ഭൂമികളിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്.

## വന്യജീവി ആക്രമണം തടയാൻ നടപടി

139(2175) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനാതിർത്തി പ്രദേശങ്ങളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി വിവിധ വനപ്രദേശങ്ങളിലായി 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകളെ വിന്യസിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത സസ്യങ്ങളുടെയും, കളകളുടെയും നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെയും ചെക്ക് ഡാമുകളുടെയും നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ. 111/2020/വനം, 11-1-2021- ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവിന്റെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ)17/2018/വനം എന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലെ സ്ഥിതി വിലയിരുത്തി അടുത്ത 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്ന ഒരു ബൃഹത് കർമ്മപദ്ധതി അടിയന്തരമായി തയ്യാറാക്കുന്നതിന് പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വനം ഡിവിഷനുകളും, വനം-വന്യജീവി സർക്കിളുകളും ടി പദ്ധതിയുടെ ഭാഗമായി വരുന്നതാണ്.

**നീർനായ ശല്യം**

140(2176) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നീർനായ ശല്യം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷം ഇവയുടെ ആക്രമണംമൂലം സംഭവിച്ച അത്യാഹിതങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ ഒരു വർഷം പാലക്കാട് ജില്ലയിൽ 20 പേർക്ക് പരിക്കേൽക്കുകയും കോഴിക്കോട് ജില്ലയിൽ 20 പേർക്ക് നീർനായയുടെ കടിയേൽക്കുകയും ഉണ്ടായി.

(സി) ഇങ്ങനെ അപകടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

നിലവിൽ നീർനായയുടെ ആക്രമണംമൂലം അപകടം സംഭവിച്ചവർക്ക് 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം പ്രകാരം ഇ-ഡിസ്ട്രിക്ട് വഴി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകിവരുന്നു.

(ഡി) നീർനായ ശല്യം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയെന്നതാണ് സാധ്യമായ നടപടി. പ്രശ്നപ്രദേശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## നാദാപുരം മണ്ഡലത്തിലെ കാട്ടാന ശല്യം

141(2177) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് - കണ്ണൂർ അതിർത്തിയിലെ വനപ്രദേശത്തുനിന്ന് ആനകൾ ഇറങ്ങി നാദാപുരം നിയോജകമണ്ഡലത്തിലെ കൃഷിയിടങ്ങൾ നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കാൻ ഫെൻസിംഗ്/കിടങ്ങ് നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 3.5 കി.മീ. ഫെൻസിംഗ് നിർമ്മിച്ചിട്ടുള്ളതും ഈ സാമ്പത്തിക വർഷം 2 കി.മീ. ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) ഇല്ലെങ്കിൽ അടിയന്തര പരിഗണന നൽകി ഫെൻസിംഗ്/കിടങ്ങ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**കോതമംഗലം മണ്ഡലത്തിലെ രൂക്ഷമായ വന്യമൃഗ ശല്യം**

142(2178) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി, കീരംപാറ, കവളങ്ങാട് തുടങ്ങിയ പഞ്ചായത്തുകളിലെ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തുകളിൽ വന്യജീവി ആക്രമണംമൂലം നാശംസംഭവിച്ച് നഷ്ടപരിഹാരത്തിനായി അപേക്ഷ ലഭിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കോട്ടപ്പടി, കുട്ടമ്പുഴ, പിണ്ടിമന എന്നീ പഞ്ചായത്തുകളിൽ വന്യമൃഗശല്യം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

| പഞ്ചായത്ത് /മുൻസിപ്പാലിറ്റി | 2018-19 | | 2019-20 | | 2020-21 | |
|---|---|---|---|---|---|---|
| | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക |
| കോതമംഗലം | 3 | 64077 | 6 | 49406 | 3 | 73153 |
| കോട്ടപ്പടി | 196 | 1490638 | 189 | 1618603 | 105 | 50245 |
| കുട്ടമ്പുഴ | 133 | 679983 | 159 | 1031367 | 207 | 376917 |
| പല്ലാരിമംഗലം | 1 | 79534 | 0 | 0 | 0 | 0 |
| പിണ്ടിമന | 20 | 105968 | 58 | 220590 | 27 | 13880 |
| വരാപ്പെട്ടി | 1 | 440 | 0 | 0 | 0 | 0 |
| കീരമ്പാറ | 0 | 0 | 3 | 0 | 5 | 0 |

(ബി) ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾമൂലമുള്ള കൃഷി നാശവും വളർത്തുമൃഗങ്ങൾക്ക് നേരെയുള്ള ആക്രമണവും തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക്

തുരത്തുന്നതിനായി വിവിധ വനപ്രദേശങ്ങളിലായി 13 സ്ഥിരം / താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകളെ വിന്യസിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത സസ്യങ്ങളുടെയും, കളകളുടെയും നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെയും ചെക്ക് ഡാമുകളുടെയും നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ. 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവിന്റെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന

ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ)17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി റെയിൽ ഫെൻസിംഗും ട്രഞ്ചും ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അടുത്ത 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്ന ഒരു ബൃഹത് കർമ്മ പദ്ധതി അടിയന്തരമായി തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതി തയ്യാറാക്കുന്നതിനായി പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വനം ഡിവിഷനുകളും, വനം-വന്യജീവി സർക്കിളുകളും ടി പദ്ധതിയുടെ ഭാഗമായി വരുന്നതാണ്.

### ദേവികുളം മണ്ഡലത്തിലെ വന്യമൃഗ ആക്രമണം

143(2179) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ദേവികുളം നിയോജകമണ്ഡലത്തിൽ മൂന്നാർ, മറയൂർ, മാങ്കുളം, മൂന്നാർ വൈൽഡ് ലൈഫ് എന്നീ 4 വനം ഡിവിഷനുകളാണ് നിലവിലുള്ളത്. ഈ 4 വനം ഡിവിഷനുകളിലും സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>മൂന്നാർ ഡിവിഷൻ</u>:- 39.17 കി.മീറ്റർ സൗരോർജ്ജവേലിയും 9.25 കി.മീറ്റർ കിടങ്ങും പ്രശ്നബാധിത മേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാണ്. വന്യജീവികളുടെ സഞ്ചാരപാത അറിയുന്നതിനും അവയെ കാട്ടിലേയ്ക്ക് തുരത്തി ഓടിക്കുന്നതിനും കാട്ടാനയുടെ ശല്യം കൂടുതലായി അനുഭവപ്പെടുന്ന ദേവികുളം,

ചിന്നക്കനാൽ, ബോഡിമെട്ട് എന്നീ മേഖലകളിൽ സ്ഥിരമായി വാച്ചർമാരെ നിയോഗിച്ചുവരുന്നുണ്ട്. ആനകളുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ആനകൾ ജനവാസ മേഖലയിൽ ഇറങ്ങുമ്പോൾ അവയെ തുരത്തുവാനായി റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. മൂന്നാർ ഡിവിഷനിലെ വിവിധ റെയ്ഞ്ചുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലമുണ്ടായ മരണം, വിളനാശം, കന്നുകാലികളുടെ ജീവഹാനി എന്നിവയ്ക്ക് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 191 അപേക്ഷകൾ ലഭിക്കുകയും നഷ്ടപരിഹാരമായി 67,82,599 രൂപ അനുവദിച്ചിട്ടുള്ളതുമാണ്.

2. <u>മറയൂർ ഡിവിഷൻ</u>:- മറയൂർ ചന്ദന ഡിവിഷനിൽ മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിനായി 21.40 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിനായി മറയൂർ, കാന്തല്ലൂർ എന്നീ റെയ്ഞ്ചുകളിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും ആയത് പ്രവർത്തിച്ചു വരുന്നതുമാണ്. കാടിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനായി പ്രത്യേകം വന്യമൃഗനിരീക്ഷണ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. മേൽപ്രകാരമുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിനായി സാൻഡൽ സ്ട്രൈക്കിംഗ് ഫോഴ്സ് കം റാപ്പിഡ് റെസ്പോൺസ് ടീം എന്ന ഒരു പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്. 20-7-2021 വരെയുള്ള കഴിഞ്ഞ അഞ്ച് വർഷത്തേയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി 575 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അയതിലേയ്ക്ക് 3926864 രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ളതുമാണ്.

3. <u>മാങ്കുളം ഡിവിഷൻ</u>:- മാങ്കുളം ഡിവിഷന്റെ വിവിധ ഭാഗങ്ങളിലെ വനാതിർത്തികളിലായി നാളിതുവരെ ആകെ 32.40 കിലോമീറ്റർ സൗരോർജ്ജവേലിയാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിൽ 2018-19 വർഷത്തിൽ 1.4 കി.മി.- ഉം 2019-20 വർഷത്തിൽ 200 മീറ്ററും 2020-21 വർഷത്തിൽ 17.1 മീറ്ററും ആണ് നിർമ്മിച്ചിട്ടുള്ളത്. നിലവിലുള്ള വേലികൾ 2018-19 വർഷത്തിൽ 3.200 കിലോ മീറ്ററും 2019-20 വർഷത്തിൽ 2.5 കി.മീറ്ററും 2020-2021 വർഷത്തിൽ 1.65 കിലോ മീറ്ററും മെയിന്റനൻസ് നടത്തിയിട്ടുണ്ട്. വേലികൾ ഉപയോഗരഹിതമാകുന്നത് തടയാൻ കഴിഞ്ഞ വർഷം മുതൽ സൗരോർജ്ജ വേലി പരിപാലനത്തിന് ദിവസവേതന വാച്ചർമാരെ നിയോഗിച്ച് വേലിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ പുതിയതായി ആനക്കുളം റെയ്ഞ്ചിലെ കവിതക്കാട് ഭാഗത്ത് 1 കി.മീ.- ഉം, മാങ്കുളം റെയ്ഞ്ചിലെ

വിരിഞ്ഞപാറ ഭാഗത്ത് 1.5 കി.മീറ്ററും പുതിയ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. നവീന ആശയമായ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് മാങ്കുളം ഡിവിഷനിൽ ആനക്കുളത്ത് 1.2 കി.മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ വിവിധ പ്രദേശങ്ങളിലായി 1.618 കി.മീ ട്രഞ്ചും പ്രവർത്തനക്ഷമമാണ്. കാട്ടുമൃഗങ്ങൾ ജനവാസമേഖലയിൽ ഇറങ്ങുന്ന വേളയിൽ പ്രദേശത്തെ നിവാസികളുടെ സഹകരണത്തോടെ ജീവനക്കാരും, വാച്ചർമാരും ചേർന്ന് മൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കാറുണ്ട്. കൂടാതെ മൃഗങ്ങൾക്ക് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി വനത്തിനുള്ളിലെ കുളങ്ങളുടെയും ചെക്ക് ഡാമുകളുടേയും നവീകരണം നടത്തി വരുന്നു. ഇത്തരത്തിൽ 2019-2020 വർഷത്തിൽ 2 കുളങ്ങളും 2 ചെക്ക് ഡാമുകളും 2020-2021-ൽ രണ്ട് ചെക്ക്ഡാമുകളും വൃത്തിയാക്കി ജലസംഭരണം ഉറപ്പാക്കിയിട്ടുണ്ട്. വന്യമൃഗങ്ങൾമൂലം കൃഷി നാശം സംഭവിച്ച സംഭവങ്ങളിൽ കർഷകർക്ക് 2015-16 വർഷത്തിൽ 3,33,596 രൂപയും, 2016-2017 വർഷത്തിൽ 1,74,371 രൂപയും 2017-18 വർഷത്തിൽ 5,69,279 രൂപയും 2018-19 വർഷത്തിൽ 17,09,880 രൂപയും 2019-20 വർഷത്തിൽ 1,50,649 രൂപയും 2020-21 വർഷത്തിൽ 16,96,856 രൂപയും 2021-2022 വർഷത്തിൽ നാളിതുവരെ 5,01,432 രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

4. <u>മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ</u>:- മൂന്നാർ വന്യജീവി ഡിവിഷനുകീഴിൽ വരുന്ന സംരക്ഷിത പ്രദേശങ്ങളിലെ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി സോളാർ പവർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രെഞ്ച്, സ്റ്റോൺ വാൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും ആയവ കാലാകാലങ്ങളിൽ പരിപാലിച്ച് വരുന്നതുമാണ്. ജീവനക്കാരുടെയും വാച്ചർമാരുടെയും ഇ.ഡി.സി. അംഗങ്ങളുടെയും സഹകരണത്തോടെ വനാതിർത്തികളിൽ പട്രോളിംഗ് നടത്തി പ്രശ്നകാരികളായ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവികൾക്ക് കാട്ടിൽ വെള്ളം ലഭ്യമാക്കാൻ നിലവിലുള്ള കുളങ്ങൾ, ചെക്ക്ഡാം എന്നിവ അറ്റകുറ്റപ്പണി നടത്തുകയും ചെയ്തിട്ടുണ്ട്. വന്യജീവികൾക്ക് കുടിവെള്ളം നൽകുന്നതിലേയ്ക്ക് ചിന്നാർ വന്യജീവി സങ്കേതത്തിൽ കൂടുതൽ ജലദൗർലഭ്യം നേരിടുന്ന ഭാഗങ്ങളിൽ കുളങ്ങൾ, ചെക്ക്ഡാം എന്നിവയിൽ വാഹനങ്ങളിൽ ജലം എത്തിച്ചുവരുന്നുണ്ട്. കൂടാതെ നാട്ടിലിറങ്ങുന്ന ആനകളുടെ സഞ്ചാരം തദ്ദേശവാസികളെ എസ്.എം.എസ്. വഴി അറിയിക്കുന്നതിന് മൂന്നാറിലെ വിവിധ പ്രദേശങ്ങളിൽ എലിഫന്റ് അലർട്ട് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം മരണം, പരിക്ക്, കൃഷിനാശം എന്നിവ സംഭവിച്ചവർക്ക് 2016-17 മുതൽ 2020-21 വരെ വർഷം 23,33,475 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

## കാട്ടാന ശല്യം തടയാൻ നടപടി

144(2180) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ശാന്തൻപാറ, രാജകുമാരി ദേവികുളം മണ്ഡലത്തിലെ ചിന്നക്കനാൽ, ബൈസൺ വാലി പഞ്ചായത്തുകളിൽ കാട്ടാനശല്യം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടാനകൾ കൃഷി സ്ഥലങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് ഇപ്പോൾ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്?

കമ്മ്യൂണിറ്റി ബെയ്സ്ഡ് എസ്.എം.എസ്. അലർട്ട് സിസ്റ്റം, എലിഫന്റ് ട്രാക്കർമാർ, വാച്ചർമാർ, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവരുടെ സേവനം, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ എന്നിവ നടത്തിയിട്ടുണ്ട്. ജനജാഗ്രതാ സമിതികൾ കൃത്യമായി കൂടുകയും ടി വിഷയങ്ങൾ സമിതികളിൽ ചർച്ച ചെയ്തിട്ടുള്ളതും ജനങ്ങളുടെ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള പ്ലാവ്, മാവ്, മരച്ചീനി മറ്റ് ഫലവൃക്ഷങ്ങൾ എന്നിവ വനാതിർത്തിയോട് ചേർന്ന് കൃഷി ചെയ്യുന്നതിനെതിരെ കർഷകർക്ക് ബോധവത്കരണം നടത്തിവരുന്നുണ്ട്. കൂടാതെ സൗരോർജ്ജവേലികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കാട്ടാനകൾ ജനവാസ മേഖലകളിൽ എത്തുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

കാട്ടാനയുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 13

സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാനതലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്.

### വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം

145(2181) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണത്തിലും പാമ്പുകളുടെ ദംശനത്താലും ഗുരുതരമായ പരിക്ക് പറ്റുന്നവർക്കും മരണമടയുന്നവർക്കും ഏതെല്ലാം രീതിയിലുള്ള നഷ്ടപരിഹാരമാണ് വനം വകുപ്പ് നൽകുന്നതെന്ന് അറിയിക്കാമോ?

5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാതുക മുഴുവനായും നൽകിവരുന്നുണ്ട്.

**മലമ്പുഴ മണ്ഡലത്തിലെ വന്യജീവി ആക്രമണങ്ങൾ**

146(2182) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വന്യമൃഗശല്യമുള്ള വനവുമായി അതിര് പങ്കിടുന്ന സ്ഥലങ്ങളിൽ 106.67 കി.മീ. സൗരോർജ്ജ വേലിയും 4 കി.മീ. ആനപ്രതിരോധ കിടങ്ങുകളും 6 കി.മീ. തൂക്ക് സൗരോർജ്ജ വേലിയും പണികഴിപ്പിച്ചിട്ടുണ്ട്. 270 മീറ്റർ ആന പ്രതിരോധ മതിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം ആനക്കൽ ഭാഗത്ത് 7.50 കി.മീ. സൗരോർജ്ജ വേലി നിർമ്മാണത്തിനായി 15 ലക്ഷം രൂപയും വാളയാർ, ഒലവക്കോട് റെയിഞ്ചുകളിലെ 24 കി.മീ. സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണിക്കായി 24 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ജനവാസമേഖലയിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി ഒലവക്കോട്, മുണ്ടൂര്, കൊട്ടേക്കാട് എന്നിവിടങ്ങളിൽ ദ്രുതകർമ്മ സേനയുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. ജനവാസമേഖലയിലിറങ്ങുന്ന കാട്ടാനകളെ തിരിച്ച്

കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനായി 2 കുങ്കി ആനകളുടെ സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയുന്നതിനായി എസ്.എം.എസ് മുഖാന്തരമുള്ള ഏർളി വാണിംഗ് സംവിധാനം വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രശ്നബാധിത മേഖലകളിൽ ഫീൽഡ് സ്റ്റാഫിന്റെയും വാച്ചർമാരുടെയും സേവനമുപയോഗിച്ച് പകലും രാത്രിയുമായി പട്രോളിംഗ് നടത്തിവരുന്നുണ്ട്. ജനങ്ങൾക്കും ജീവനക്കാർക്കും കാട്ടാനകളുടെ നീക്കങ്ങൾ അറിയുന്നതിനും മറ്റുമായി ജീവനക്കാരും വാച്ചർമാരും വനാതിർത്തിയിൽ താമസിക്കുന്നവരും പ്രാദേശിക ജനപ്രതിനിധികളും, കൃഷിക്കാരും ഉൾപ്പെടുന്ന വാട്സ്ആപ്പ് കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് 8-1-2015-ലെ സർക്കാർ ഉത്തരവ് (കൈ) 2/2015/വനത്തിൽ പറയുന്ന നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവയുണ്ടാകുന്നവർക്ക് 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) 17/2018/വനത്തിൽ പറയുംപ്രകാരവും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെയും കൃഷിയിടങ്ങളെയും സംരക്ഷിക്കുന്നതിന് ശാശ്വത സംവിധാനം എന്ന നിലയിൽ റെയിൽ ഫെൻസിംഗ് സംവിധാനം ഒരുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

റെയിൽ ഫെൻസിംഗ് സംവിധാനം വളരെ ചെലവേറിയതാണ്. ഇതുകൊണ്ട് വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയില്ല. നിലവിൽ മലമ്പുഴ മണ്ഡലത്തിൽ റെയിൽ ഫെൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടില്ല.

## വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശം

147(2183) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. രാജ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ വരുത്തുന്ന നാശനഷ്ടം വർദ്ധിക്കുന്നതിനാൽ ആയത് പരിഹരിക്കാൻ കിഫ്ബി മുഖേന നടത്തുന്ന വന്യജീവി-മനുഷ്യ സംഘർഷ ലഘൂകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി റെയിൽ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, സൗരോർജ്ജവേലി, ക്രാഷ് ഗാർഡ് സ്റ്റിൽ റോപ് ഫെൻസിംഗ് എന്നീ പദ്ധതികൾ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFBI) ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി സർക്കാർ അംഗീകരിച്ച പദ്ധതി വനംവകുപ്പ് നടപ്പിലാക്കിവരുന്നു. മേൽപ്രവൃത്തികൾക്കായി ഒന്നാം ഘട്ടത്തിൽ പുനലൂർ, തിരുവനന്തപുരം, തെന്മല, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളുടെ കീഴിൽ 182.70 ലക്ഷം രൂപ ചെലവിൽ 101.50 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് ജോലികളും വയനാട് വന്യജീവി ഡിവിഷനുകീഴിൽ 57.40 ലക്ഷം രൂപ ചെലവിൽ 0.41 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിലും, 1500 ലക്ഷം രൂപ ചെലവിൽ 10 കി.മീ. ദൂരത്തിൽ റെയിൽ ഫെൻസിംഗ് ജോലികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാംഘട്ടത്തിൽ പുനലൂർ, തിരുവനന്തപുരം, തെന്മല, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 246.06 ലക്ഷം രൂപ ചെലവിൽ 136.70 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് ജോലികളും, നിലമ്പൂർ സൗത്ത്, സൗത്ത് വയനാട്, നോർത്ത് വയനാട്, വയനാട് വന്യജീവി എന്നീ വനം ഡിവിഷനുകളുടെ കീഴിൽ 2400 ലക്ഷം രൂപ ചെലവിൽ 48 കി.മീ. ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗും, പാലക്കാട് വനം ഡിവിഷനുകീഴിൽ 45.00 ലക്ഷം രൂപ ചെലവിൽ 0.31 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിലിന്റെ നിർമ്മാണ പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ആന, കടുവ, പുലി തുടങ്ങിയ വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് എന്തെല്ലാം രക്ഷാമാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്?

ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും രക്ഷ നേടുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 13 സ്ഥിരം/

താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാനതലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്.

(സി) വനത്തിനുള്ളിൽ കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത വർദ്ധിപ്പിച്ചും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്കിറങ്ങുന്നത് ഒഴിവാക്കാൻ പദ്ധതിയുണ്ടോ?

പദ്ധതിയുണ്ട്. വനത്തിനുള്ളിൽ കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിലൂടെയും, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിലൂടെയും വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും.

## എരുമേലി പഞ്ചായത്തിലെ സൗരവേലി നിർമ്മാണം

148(2184) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ കാട്ടാനക്കൂട്ടം കൃഷി നശിപ്പിക്കുന്നത് തടയാൻ വൈദ്യുത വേലികൾ ഇല്ലാത്ത ഭാഗത്ത് സൗരവേലികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അവശേഷിക്കുന്ന പ്രശ്നബാധിത ഭാഗങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജനജാഗ്രതാ സമിതികളുടെ ശിപാർശകളും ഉൾപ്പെടുത്തി സൗരോർജ്ജ വേലികൾ ഘട്ടംഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. നിലവിൽ 2016-17 കാലയളവ് മുതൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കൊപ്പം-മാങ്ങാപ്പേട്ട, പാണനിലാവ്-എരുത്വാപുഴ, എരുത്വാപ്പുഴ- എലിവാലിക്കര, എലിവാലിക്കര-കൊപ്പം, കാളകെട്ടി-കീരിത്തോട്, കീരിത്തോട്-എലിവാലിക്കര, മാങ്ങാപ്പേട്ട-504 കോളനി, 504 കോളവി-കാരിശ്ശേരി, പാണനിലാവ്- എരുത്വാപ്പുഴ, 2016 തേക്ക് തോട്ടം, 2015 തേക്ക് തോട്ടം എന്നീ പ്രദേശങ്ങളിൽ ആകെ 53.8 കി.മീ. ദൂരത്തിൽ സൗരോർജ്ജ വേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കണ്ടങ്കയം-10 ഏക്കർ-മൈനാക്കുളം, കൊമ്പുകുത്തി സെറ്റിൽമെന്റ് ഭാഗം എന്നിവിടങ്ങളിൽ ആകെ 10 കി.മീ ദൂരത്തിൽ 2019-20-ൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്.

(ബി) മണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ മാങ്ങാപ്പേട്ട പ്രദേശത്ത് ശേഷിക്കുന്ന 2 കി.മീ. ഭാഗത്ത് വൈദ്യുതിവേലി സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

കോരുത്തോട് ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ മാങ്ങാപേട്ട പ്രദേശത്ത് 2 കി.മീ. ഭാഗത്ത് സൗരോർജ്ജവേലി നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാട്ടാനകളുടെ സഞ്ചാരത്തിന് ഇടനാഴികൾ

149(2185) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ നാട്ടിലിറങ്ങാനുള്ള കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

പഠനം നടത്തി വരുന്നുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) സംസ്ഥാനത്ത് കാട്ടാനകളുടെ പരമ്പരാഗത സഞ്ചാര മാർഗ്ഗങ്ങൾക്ക് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ?

ഉണ്ടായിട്ടുണ്ട്. ഇത് ലഘൂകരിക്കുന്നതിനായി 2017-ൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇൻഡ്യയും വിവിധ എൻ.ജി.ഒ.-കളും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും (MoEF) ചേർന്ന് കേരളത്തിൽ 7 എലിഫന്റ് ഇടനാഴികൾ (Elephant Corridor) കണ്ടെത്തിയിട്ടുണ്ട്. ഈ ഇടനാഴികളുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഇടനാഴിയുടെ പേര് | ഇടനാഴി ഉൾപ്പെടുന്ന ജില്ലകൾ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കൊട്ടിയൂർ-പേര്യാ | കണ്ണൂർ-വയനാട് | കണ്ണൂർ ജില്ലയിലെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു. |
| 2 | ബേഗൂർ-ബ്രഹ്മഗിരി | വയനാട് | ഏറ്റെടുത്തു |
| 3 | നിലമ്പൂർ അപ്പൻകാപ്പ് | മലപ്പുറം | ഏറ്റെടുത്തു |
| 4 | പേര്യാ(പക്രന്താളം) | വയനാട് | സ്ഥലം ഏറ്റെടുക്കണം |
| 5 | തിരുനെല്ലി-കുദ്രാകോട് | വയനാട് | ഏറ്റെടുത്തു |
| 6 | നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം | മലപ്പുറം | ഏറ്റെടുത്തു |
| 7 | മുതുമലയ്- നിലമ്പൂർ ഒ' വാലി വഴി | മലപ്പുറം | ഏറ്റെടുത്തു |

(സി) കാട്ടാനകൾക്ക് തടസ്സം കൂടാതെ സഞ്ചരിക്കാൻ കഴിയുംവിധം ഇടനാഴികൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം (ബി)-യിൽ നടപടികൾ വിശദമാക്കിയിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ വന്യമൃഗ ശല്യം

150(2186) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലിറങ്ങി കൃഷി-സ്വത്ത്-ആൾ നാശം വരുത്തുന്നതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായി, മൂത്തേടം, ചുങ്കത്തറ, അമരമ്പലം, എടക്കര, പോത്തുകൽ, വഴിക്കടവ് എന്നീ പഞ്ചായത്തുകളിലും നിലമ്പൂർ മുൻസിപ്പാലിറ്റിയിലുമാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലിറങ്ങുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ ജനവാസ മേഖലയിൽ വന്യമൃഗശല്യം സംബന്ധിച്ച് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; വന്യമൃഗങ്ങളുണ്ടാക്കിയ നാശനഷ്ടത്തിന്റെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

2016-17 മുതൽ 2020-2021 വരെ 589 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ജനവാസ മേഖലയിൽ വന്യമൃഗശല്യം സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകല്ല്, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി ധനാനുമതി നൽകിയ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് രണ്ട് വർഷമായിട്ടും ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇതുസംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ അവസ്ഥയും ടി ഫയൽ ഏത് കാര്യാലയത്തിലാണെന്നും ഇൻവാർഡ് രജിസ്റ്റർ പ്രകാരം ഈ ഫയൽ മേൽ കാര്യാലയത്തിൽ എന്നാണ് എത്തിയതെന്നും അറിയിക്കാമോ?

വഴിക്കടവ്, മൂത്തേടം, പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ (അമരമ്പലം), കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് Crash Guard Rope Fencing ചെയ്യുന്നതിന് 2 കോടി രൂപ വിലയിരുത്തിയിരുന്നു. എന്നാൽ ആയതിനായുള്ള ഫണ്ട് ലഭ്യമായിരുന്നില്ല. 22-7-2019-ൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വന്യമൃഗശല്യം ഏറ്റവും രൂക്ഷമായ തമ്പാൻപൊട്ടി മുതൽ

ആനമറിവരെയുള്ള 5 കി.മീ. നീളം Crash Guard Rope Fencing നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പിന് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചു. ഇതിനുപുറമേ 3-8-2019-ൽ മൂത്തേടം ഗ്രാമപഞ്ചായത്തിൽ വന്യമൃഗശല്യം കൂടുതലുള്ള 1,2,3,4,5,6,7,8,9 വാർഡുകളിലെ വനാതിർത്തികളിൽ ഇടുക്കി ജില്ലയിലെ മാങ്കുളം മോഡൽ Crash Guard Rope Fencing സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മറ്റൊരു കത്തും ലഭിക്കുകയുണ്ടായി. ടി പദ്ധതിക്കാവശ്യമായ ഫണ്ട് ഇതുവരെയും ലഭ്യമായിട്ടില്ല. എന്നിരുന്നാലും അടങ്കൽ തയ്യാറാക്കി അംഗീകാരത്തിനായി നിലമ്പൂർ നോർത്ത് ഡിവിഷനിൽനിന്നും 22-6-2021-ന് പാലക്കാട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയിട്ടുണ്ട്. ഫെൻസ് നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള അടങ്കൽ തുക 4.785 കോടി രൂപയാണ്. ഫെൻസ് പ്രൊപ്പോസ് ചെയ്തിട്ടുള്ള വഴിക്കടവ് പഞ്ചായത്തിലെ ആനമറി മുതൽ തമ്പാൻപൊട്ടിവരെയുള്ള 5 കിലോമീറ്റർ ദൂരം മുഴുവനായി ഫെൻസ് ചെയ്താൽ മാത്രമേ ഇതുകൊണ്ടുള്ള പൂർണ്ണ ഉപയോഗം ലഭിക്കുകയുള്ളൂയെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നിർവ്വഹിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; ടി പദ്ധതി വനംവകുപ്പ് ഉപേക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ ടി പദ്ധതി നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. ടി പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

## മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ശല്യം

151(2187) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവിശല്യംമൂലം വ്യാപകമായി കൃഷിനാശം സംഭവിച്ച മണ്ണാർക്കാട് മണ്ഡലത്തിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാന, കാട്ടുപന്നി എന്നിവയുടെ ആക്രമണംമൂലം തെങ്ങ്, വാഴ, കവുങ്ങ്, റബ്ബർ മുതലായ കൃഷികൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. കഴിഞ്ഞ 3 വർഷം മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണത്തിൽ നാശം സംഭവിച്ചതിന് ലഭിച്ച അപേക്ഷയുടെ കണക്കും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത്/ മുൻസിപ്പാലിറ്റി | 2018-19 | | 2019-20 | | 2020-21 | |
|---|---|---|---|---|---|---|
| | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക |
| മണ്ണാർക്കാട് | 13 | 1.95 | 24 | 0.43 | 32 | - |
| അഗളി | 94 | 10.06 | 99 | 6.62 | 54 | - |
| അലനല്ലൂർ | 43 | 5.42 | 42 | 3.48 | 14 | 0.09 |
| കോട്ടോപ്പാടം | 82 | 11.15 | 108 | 6.69 | 188 | 0.29 |
| കുമരംപുത്തൂർ | 2 | - | 1 | - | 6 | - |
| തെൻകര | - | - | - | - | - | - |
| പുഡൂർ | 45 | 6.78 | 34 | 1.79 | 34 | - |
| ഷോളയൂർ | 30 | 3.51 | 343.97 | 3.97 | 45 | - |
| ആകെ | 309 | 38.84 | 342 | 22.98 | 363 | 0.38 |

(ബി) കഴിഞ്ഞ 5 വർഷം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പ് നൽകിയ നഷ്ടപരിഹാരത്തുകയുടെ കണക്ക് ലഭ്യമാക്കുമോ?

കൃഷി നാശം സംഭവിച്ചതിന് കഴിഞ്ഞ 5 വർഷത്തിൽ മണ്ണാർക്കാട് ഡിവിഷനിൽ 1030 അപേക്ഷകൾ ലഭിക്കുകയും ആയതിൽ 121.04 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2016-17 | 26.19 |
| 2 | 2017-18 | 8.32 |
| 3 | 2018-19 | 38.74 |
| 4 | 2019-20 | 14.19 |
| 5 | 2020-21 | 33.60 |
| | ആകെ | 121.04 |

(സി) ഈ മേഖലയിൽ വന്യമൃഗങ്ങൾമൂലം കൃഷിനാശം ഒഴിവാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ 67.45 കി.മീ. സൗരോർജ്ജവേലി, 7.44 കി.മീ. ആനപ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങുന്ന ആനകളെ തിരികെ വനത്തിലേയ്ക്ക് അയയ്ക്കുന്നതിന് മണ്ണാർക്കാട് റേഞ്ചിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീമും, അഗളി റേഞ്ചിൽ ഒരു താത്കാലിക എലിഫന്റ് കുങ്കി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. ഇവരെ സഹായിക്കുന്നതിന് 17 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

152(2188) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അമേരിക്കൻപാറ, മണിപ്പാറ എന്നീ പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലം നിരവധി കർഷകർക്ക് വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ അമേരിക്കൻപാറ, മണിപ്പാറ എന്നീ പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലം 5 ആടുകൾക്ക് മരണം സംഭവിച്ചതായും ഒരു ആടിന് പരിക്കുപറ്റിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണംമൂലം ദുരന്തം നേരിട്ട കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിന്റെ പരിധിയിൽ വന്യജീവി ആക്രമണംമൂലം ദുരന്തം നേരിട്ട കർഷകർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ആകെ 49.81 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

വന്യജീവി ആക്രമണം തടയുന്നതിന് ഇരിക്കൂർ മണ്ഡലം ഉൾപ്പെട്ട തളിപ്പറമ്പ് റേഞ്ചിൽ 38.94 കി.മീ സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് സംരക്ഷണ വിഭാഗം ജീവനക്കാരുടെയും വാച്ചർമാരുടെയും പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനതലത്തിൽ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ടി പദ്ധതിയിൻകീഴിൽ ഇരിക്കൂർ മണ്ഡലത്തിലെയും പ്രശ്നബാധിത പ്രദേശങ്ങൾ ഉൾപ്പെട്ടുവരുന്നതാണ്.

## വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് സഹായം

153(2189) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും കൃഷിനാശം സംഭവിച്ച കർഷകർക്കും സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുന്നത് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്നറിയിക്കുമോ?

2020-21 സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും മരണം സംഭവിച്ചവർക്കും 72,85,281, രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(സി) ഈ ഇനത്തിൽ ജില്ലയിൽ കുടിശ്ശിക എന്തെങ്കിലും നൽകാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നൽകാനുണ്ട്. കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണംമൂലം മരണപ്പെട്ട 12 പേരുടെ ആശ്രിതർക്ക് 15,00,000 രൂപയും, പരിക്ക് പറ്റിയ 44 പേർക്ക് 12,00,000 രൂപയും, കൃഷിനാശം സംഭവിച്ച 276 അപേക്ഷകർക്ക് 16,50,000 രൂപയും കുടിശ്ശികയായി നൽകാനുണ്ട്.

(ഡി) വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇപ്പോൾ നൽകിവരുന്ന തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ)17/2018/വനം എന്ന ഉത്തരവുപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം ഇന്ത്യയിൽത്തന്നെ ഏറ്റവും ഉയർന്ന നിരക്കിലുള്ളതാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരം 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവ് പ്രകാരമാണ്. ഈ നിരക്ക് ഉയർത്തണമെന്ന് വിവിധ കർഷക സംഘടനകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കൃഷി വകുപ്പുമായി ചേർന്ന് ഒരു ഏകീകൃത സംവിധാനം കൊണ്ടുവരുന്നതിനും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ ജലസംരക്ഷണ പ്രവൃത്തികൾ

154(2190) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ ജലസംരക്ഷണ പ്രവൃത്തികൾ ഏതെല്ലാം; അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ ജലസംരക്ഷണ പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ

155(2191) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുവാൻവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള നേര്യമംഗലം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനോട് ചേർന്ന് പമ്പ്ഹൗസ് സ്ഥാപിച്ച് 50 എച്ച്.പി. മോട്ടോർ ഉപയോഗിച്ച് ജലം പമ്പ് ചെയ്ത് പൈപ്പിലൂടെ 1.50 കി.മീ. ദൂരം എത്തിച്ചശേഷം നിലവിലുള്ള പേരക്കുത്ത് തോടിലൂടെയും കോതമംഗലം പുഴയിലൂടെയും ഒഴുക്കി കോഴിപ്പിള്ളി പമ്പ് ഹൗസിൽ എത്തിക്കുന്നതായിരുന്നു ആവോലിച്ചാൽ പദ്ധതി. എന്നാൽ പിന്നീട് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മുഖാന്തരം കോതമംഗലം പുഴയിൽ ആവശ്യത്തിന് വെള്ളം ലഭിച്ചതിനാൽ തുടക്കത്തിൽത്തന്നെ ടി പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്. നിലവിൽ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണത്തിനായി 10.70 കോടി രൂപയുടെ ഡി.പി.ആർ. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ പുനർസമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി യഥാക്രമം 3.86, 4.65, 1.04 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) പദ്ധതിയുടെ അടങ്കൽ തുക 10 കോടി രൂപയ്ക്കുംമുകളിലായതിനാൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ പുനഃസമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി പദ്ധതി പുനഃസമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഇ) പുനഃസമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായുള്ള പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും അടിയന്തരമായി ലഭ്യമാക്കി, തീരുമാനമെടുത്ത് പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-എഫ്), ഉണ്ട്. പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് യഥാക്രമം 3.57, 4.65, 1.00 കോടി രൂപയും കെ.എസ്.ഇ.ബി. ചാർജ്ജായ 4.00 ലക്ഷം രൂപയും ജി.എസ്.റ്റി ഉൾപ്പെടെ 10.70 കോടി രൂപയുടെ ഡി.പി.ആർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലജീവൻ പദ്ധതി

156(2192) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി നടപ്പാക്കുന്നതിന് 2019-20, 2020-21 വർഷങ്ങളിൽ കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചു?

ജല ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് 2019-20 സാമ്പത്തിക വർഷം 101.29 കോടി രൂപയും, 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചു.

(ബി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ ഈ കാലയളവിൽ എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതമായ 101.29 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതമായ 303.18 കോടി രൂപയും നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

## രണ്ടാം കുട്ടനാട് പാക്കേജ്

157(2193) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ജലവിഭവ വകുപ്പുമുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടൽ, എ.സി കനാൽ നവീകരണം, പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) വെള്ളക്കെട്ടുമൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ പര്യാപ്തമായ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ?

വെള്ളക്കെട്ടുമൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ Plan fund, NABARD പദ്ധതികൾ, SDRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളുടെയും നീർച്ചാലുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശികതലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിച്ച് മുന്നോട്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(സി) പ്രസ്തുത പാക്കേജിന് അനുവദിക്കുന്ന തുക സമയബന്ധിതമായി ചെലവഴിച്ച് കുട്ടനാട്ടിലെ ജനങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വെള്ളക്കെട്ടുമൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ Plan fund, NABARD പദ്ധതികൾ SDRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളുടെയും നീർച്ചാലുകളുടെയും പുനരുദ്ധാരണ

പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശികതലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളിലിടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

## കാർഷിക ജലസേചന പദ്ധതി

158(2194) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കയ്യൂർ-ചീമേനി, ചെറുവത്തൂർ, പടന്ന, പീലിക്കോട് പഞ്ചായത്തുകളിൽപ്പെടുന്ന നാലിലംകണ്ടം മുതൽ എടച്ചാക്കൈ വരെയുള്ള 618 ഹെക്ടർ പ്രദേശത്ത് കൃഷിസ്ഥലങ്ങളുടെയും ജലസ്രോതസ്സുകളുടെയും പ്രാഥമിക വിവരശേഖരണവും സർവ്വേ നടപടിയും കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും പ്രദേശത്തെ വിവിധ പാടശേഖര സമിതികളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയും കാർഷിക രംഗത്തുള്ള പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് ഉദ്ദേശം 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## വൻകിട ജലസേചന വിഭാഗം പ്രവൃത്തികൾ

159(2195) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

**ജലജീവൻ മിഷൻ പദ്ധതി**

160(2196) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന പഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പഞ്ചായത്തുകളിൽ എത്ര ഉപഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ചെറുകുന്ന്, ചെറുതാഴം, ഏഴോം, കല്യാശ്ശേരി, കണ്ണപുരം, മാടായി, മാട്ടൂൽ, കുഞ്ഞിമംഗലം, കടന്നപ്പള്ളി-പനപ്പുഴ, പട്ടുവം എന്നീ പഞ്ചായത്തുകൾക്കായി 43,369 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ 18,235 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

**ഭാരതപ്പുഴയുടെ സംരക്ഷണം**

161(2197) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും അതിലേയ്ക്ക് വന്നുചേരുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) ഭാരതപ്പുഴയിലെ കൂടുതൽ മലിനീകരിക്കപ്പെട്ട ഭാഗമായി വിലയിരുത്തിയിട്ടുള്ള തിരൂർ-പൊന്നാനി ഭാഗത്തെ മാലിന്യ ലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടാമ്പി മുനിസിപ്പൽ പ്രദേശത്തെ മാലിന്യ ലഘൂകരണംകൂടി കണക്കിലെടുത്താണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനും വിവിധ ഏജൻസികളുടെ/വകുപ്പുകളുടെ പ്രവർത്തനം ആവശ്യമാണ്. നദിയിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് നീർത്തടാധിഷ്ഠിത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശാസ്ത്രീയമായി നിർവ്വഹിക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി" - യുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭാരതപ്പുഴയുടെ സംരക്ഷണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## ചാലിയാർ നദീതട അതോറിറ്റി

162(2198) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ നാലാമത്തെ വലിയ നദിയായ ചാലിയാർ പുഴയുടെ കേരളത്തിലെ വൃഷ്ടിപ്രദേശം 2535 ചതുരശ്ര കിലോമീറ്ററാണ്. ബേപ്പൂർ നദിയെന്നും ചാലിയാർ പുഴ അറിയപ്പെടുന്നു. ചാലിയാർ പുഴ നിലവിൽ നേരിടുന്ന മാലിന്യ പ്രശ്നം നദിയോടുചേർന്ന ചെറുപട്ടണങ്ങളിൽനിന്നും റോഡിനോടുചേർന്ന ഓടകളിൽ നിന്നും എത്തിച്ചേരുന്ന മാലിന്യമാണ്. കൂടാതെ, നദിയുടെ വൃഷ്ടിപ്രദേശത്തെ ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും കാർഷികാവശ്യങ്ങൾക്കുപയോഗിക്കുന്ന രാസകീടനാശിനി/രാസവളം എന്നിവയിൽനിന്ന് എത്തിച്ചേരുന്ന അവശിഷ്ടങ്ങളും നദിയുടെ ജലഗുണനിലവാരത്തെ ബാധിക്കുന്നതായി കാണുന്നു. നദിയിലേയ്ക്ക് എത്തിച്ചേരുന്ന മാലിന്യം സംസ്കരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ നദീജലം കൂടുതൽ ശുദ്ധിയുള്ളതാക്കി മാറ്റാൻ കഴിയും.

(ബി) ചാലിയാർ നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ എല്ലാ നദികളുടേയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് കേരള റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറായിട്ടുണ്ട്. ഇക്കാരണത്താൽ ചാലിയാർ നദിക്ക് മാത്രമായി ഒരു അതോറിറ്റി രൂപീകരണത്തിന്റെ ആവശ്യം നിലവിലില്ല.

## അമരവിള പുല്ലാമലയിലെ നെയ്യാർ ബണ്ട്

163(2199) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ പ്രളയത്തിൽ തകർന്ന നെയ്യാർ ബണ്ട് നിർമ്മാണത്തിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബണ്ടിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം അറിയിക്കാമോ;

(സി) ബണ്ടിന്റെ പുനർനിർമ്മാണത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചപറ്റിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വീഴ്ച വരുത്തിയവരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കുമെന്നും വിശദമാക്കാമോ;

(ഡി) ബണ്ടിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ-ഡി) നെയ്യാറ്റിൻകര താലൂക്കിൽ അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് പുനഃനിർമ്മിക്കുന്നതിന്റെ പ്രാരംഭ പടിയായി പുല്ലാമല ബണ്ട് പ്രദേശത്ത് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലേയ്ക്കായി 24,000/- രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് 6 മീറ്റർ ഉയരത്തിൽ ഗാബിയോൺ ബോക്സ് ഉപയോഗിച്ചാണ് ബണ്ട് പുനഃനിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിരുന്നത്. ആയതിലേയ്ക്ക് തയ്യാറാക്കിയ ഡിസൈൻ പ്രസ്തുത സ്ഥലത്ത് പര്യാപ്തമാണോയെന്ന് പരിശോധിക്കുന്നതിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടെ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഡിസൈൻ അന്തിമ തീരുമാനമാക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ട സൈറ്റ് സംബന്ധമായ അധിക വിവരങ്ങളും ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാവുന്നതും സാങ്കേതികാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### കോട്ടക്കൽ പുഴ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

164(2200) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽനിന്നും 2020 ജനുവരി മുതൽ നാളിതുവരെ ലഭിച്ച പുഴ സംരക്ഷണ ഭിത്തിയുമായി ബന്ധപ്പെട്ട നിവേദനങ്ങൾ എത്ര; ഇതിൽ എത്ര എണ്ണം പരിശോധിച്ചു; അറിയിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽനിന്നും 2020 ജനുവരി മുതൽ നാളിതുവരെ പുഴ സംരക്ഷണ ഭിത്തിയുമായി ബന്ധപ്പെട്ട് 6 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച നിവേദനങ്ങളെല്ലാം തന്നെ പരിശോധിച്ചിട്ടുണ്ട്.

(ബി) ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എത്ര; ഇതിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചു; വ്യക്തമാക്കുമോ?

ഇവയിൽ 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 4 എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ഭരണാനുമതി നൽകിയത്; ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ ഓഫീസിലുള്ള എസ്റ്റിമേറ്റുകൾ ഏതെല്ലാം; അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തികൾക്കെല്ലാം എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിൽ ഇതുസംബന്ധിച്ച എസ്റ്റിമേറ്റുകൾ ഒന്നുംതന്നെ ശേഷിക്കുന്നില്ല.

### പാർവ്വതി പുത്തനാറും ആക്കുളം കായലും

165(2201) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതി പുത്തനാർ ശുചീകരിച്ചുവെങ്കിലും പോളയും പായലും മാലിന്യങ്ങളും വീണ്ടും വന്നുനിറയുന്ന അവസ്ഥയ്ക്ക് പരിഹാരമായി സ്ഥിരം ശുചീകരണ സംവിധാനം പരിഗണനയിലുണ്ടോ?

പാർവ്വതി പുത്തനാറിൽ പോളയുടെ വർദ്ധനവിന്റെ തോതനുസരിച്ച് അവ മാറ്റുന്നതിനുവേണ്ടി ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റ് കരാറടിസ്ഥാനത്തിൽ പോള മാറ്റുവാനുള്ള ക്രമീകരണങ്ങൾ ഈ സാമ്പത്തിക വർഷം മുതൽ നടത്തുവാനുദ്ദേശിക്കുന്നുണ്ട്.

(ബി) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആക്കുളം കായൽ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് "റെജുവിനേഷൻ ഓഫ് ആക്കുളം ലേക്ക് & ഇറ്റ്സ് വാട്ടർഷെഡ് റീ ബിൽഡിംഗ് കേരള ദി സസ്റ്റെയിനബിൾ വേ" എന്ന പദ്ധതിക്ക് 185.23 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിനായി 7-2-2020-ൽ 64.13 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയുടെ SPV-യായി WAPCOS-നെയാണ് തെരഞ്ഞെടുത്തത്. ആക്കുളം കായലും അനുബന്ധ തോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്കുതകുന്ന രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. DBOT മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ടെണ്ടർ ചെയ്യുകയും 3 ഏജൻസികൾ ടെണ്ടറിൽ പങ്കെടുക്കുകയുമുണ്ടായി. അതിൽനിന്ന് ശ്രീ. അവന്തികാ കോൺട്രാക്ടേഴ്സ് (ഐ) ലിമിറ്റഡ്, ഹൈദരബാദ് എന്ന ഏജൻസി ക്വാളിഫൈ ചെയ്തു. എന്നാൽ കിഫ്ബി അംഗീകരിച്ച തുകയിൽ കൂടുതലാണ് ഫിനാൻഷ്യൽ ബിഡിൽ ക്വാളിഫൈ ചെയ്ത ഏജൻസി ക്വാട്ട് ചെയ്തിരിക്കുന്നത്. തുടർന്ന് 22-7-2021-ൽ ടി ഏജൻസിയുമായി റേറ്റ് നെഗോസിയേഷൻ നടത്തുകയുണ്ടായി. ടി ഏജൻസി ക്വാട്ട് ചെയ്ത തുക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾക്കനുസരിച്ച് പുനഃക്രമീകരിച്ച് SPV-ക്ക് നൽകാമെന്ന് യോഗത്തിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ജലാശയങ്ങൾക്ക് കുറുകെവരുന്ന പാലങ്ങളിൽ കമ്പിവേലി കെട്ടുന്ന പ്രവൃത്തി നടന്നുവരുന്നു. ഇതോടൊപ്പംതന്നെ ചവർ നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണെന്ന ബോർഡും കമ്പിവേലിയിൽ സ്ഥാപിച്ചിട്ടുണ്ട്. മൂന്നാറ്റുമുക്ക് പാലത്തിൽനിന്നും പാർവ്വതി പുത്തനാറിലേയ്ക്ക് മാലിന്യ നിക്ഷേപം തടയുന്നതിനായി പാലത്തിന്റെ ഇരുവശങ്ങളിലും chain linked fencing ചെയ്യുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. പുത്തനാറിന്റെ തീരത്തോട് ചേർന്നിരിക്കുന്ന ചില വീടുകളിൽനിന്നും മാലിന്യം ഒഴുകുന്നത് ശ്രദ്ധയിൽപ്പെടുകയും തുടർന്ന് ഇവർക്ക് നോട്ടീസ് നൽകുകയും ചെയ്തു. പാർവ്വതി പുത്തനാറിന്റെ വീതി 35 മീറ്ററായി നവീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം കനാലിന്റെ വശങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിനായി chain linked fencing ചെയ്യാവുന്നതാണ്. മാത്രമല്ല മാലിന്യം വലിച്ചെറിയാതിരിക്കുവാൻ ജനങ്ങളെ ബോധവത്കരിക്കുകയും കൂടാതെ പലഭാഗത്തും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിൽ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. കുടിവെള്ള സ്രോതസ്സുകളായ ജലാശയങ്ങളിൽ മാലിന്യം

നിക്ഷേപിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വർഷകാലങ്ങളിൽ സ്രോതസ്സുകളിലേയ്ക്ക് മലിനജലം ഒഴുകിയെത്താതിരിക്കാൻ താല്ക്കാലിക മൺ ബണ്ടുകൾ സ്ഥാപിച്ചും ഓടകളിലൂടെ എത്തുന്ന മലിനജലത്തിന്റെ പ്രവാഹ ദിശ മാറ്റിവിട്ടും നിലവിലുള്ള ഇൻഫിൽട്രേഷൻ ഗ്യാലറികൾ ശുചീകരിച്ചും സ്രോതസ്സുകൾ വേലികെട്ടി തിരിച്ചും മാലിന്യ നിക്ഷേപത്തിനെതിരെ പോസ്റ്റർ പതിച്ചും മൈക്ക് അനൗൺസ്‌മെന്റ് നടത്തിയും സ്രോതസ്സുകളുടെ പരിസരത്തിൽ മലിനീകരണ നിയന്ത്രണ ബോർഡുകൾ സ്ഥാപിച്ചും കൂടാതെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## തൂണേരി-വേറ്റുമ്മൽ ടെയിലെൻഡ് പദ്ധതി

166(2202) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള തൂണേരി-വേറ്റുമ്മൽ ടെയിലെൻഡ് പദ്ധതിയുടെ പ്രവർത്തനക്ഷമതയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ തൂണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്ത് നിന്നാണ് ടെയിലെൻഡ് ഡിസ്ട്രിബ്യൂട്ടറി കനാൽ ആരംഭിക്കുന്നത്. പ്രസ്തുത കനാലിനുവേണ്ടി ചെയിനേജ് 4/250 കിലോമീറ്റർ ദൂരംവരെ സ്ഥലം ഏറ്റെടുത്ത് ചെയിനേജ് 2/000 കിലോമീറ്റർവരെ കനാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കരിങ്കൽ ഫ്ളൂം തകർന്നിട്ടുള്ളതിനാൽ അതിലൂടെ ജലവിതരണം സാധ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ കനാൽ പല സ്ഥലങ്ങളിലും പൊട്ടിപ്പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനർനിർമ്മിക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്. കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്ത്, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കനാൽ പുനർനിർമ്മിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി കായപ്പനച്ചിവരെ നീട്ടാൻവേണ്ടി ഏറ്റെടുത്ത സ്ഥലം പലതും കയ്യേറിയതിനാൽ ആയത് തിരിച്ചുപിടിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്തശേഷം കയ്യേറ്റമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത ഭാഗങ്ങൾ തിരിച്ചുപിടിക്കാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതി പൂർത്തീകരണത്തിനുവേണ്ടി എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

പദ്ധതി പൂർത്തീകരണത്തിനുവേണ്ടി ബഹുമാനപ്പെട്ട നാദാപുരം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് സ്ഥലം സന്ദർശിക്കുകയും കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്യുവാനും കനാൽ പുനർനിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിഴിഞ്ഞം-ചൊവ്വര ബ്രാഞ്ച് കനാലുകൾ

167(2203) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ചാനൽ സബ്ഡിവിഷനിൽപ്പെട്ട വിഴിഞ്ഞം ബ്രാഞ്ച്, ചൊവ്വര ബ്രാഞ്ച് എന്നീ കനാലുകളിലേയ്ക്ക് വെള്ളം തുറന്നുവിടുന്നതിൽ വിവേചനപരമായ സമീപനം കാണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മറ്റുബ്രാഞ്ചുകളിൽ വെള്ളം തുറന്നുവിടുന്നതിന് തുല്യമായ പരിഗണന ഈ കനാലുകൾക്കും നൽകാൻ നിർദ്ദേശം നൽകുമോ?

വിവേചനപരമായ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിഴിഞ്ഞം ബ്രാഞ്ചിൽ 9,100-mw മീറ്ററിൽ ജലസേചന വകുപ്പിന്റെ അനുമതിയില്ലാതെ നേമം ബ്ലോക്ക് ബണ്ട് ഇടിച്ചുതാഴ്ത്തിയതിനാൽ ജലസേചനത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. ആർ.ബി മെയിൻ കനാലിൽ ചെളി അടിഞ്ഞുകൂടി കിടക്കുന്നതിനാൽ ചൊവ്വര ബ്രാഞ്ച് കനാലിൽ കൂടിയുള്ള ജലസേചനത്തിന് ഭാഗികമായി തടസ്സം നേരിട്ടിട്ടുണ്ട്. ചെളി നീക്കം ചെയ്യാൻ എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കിവരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിലെ കനാൽ റോഡുകൾ

168(2204) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം കനാൽ റോഡുകൾ നവീകരിക്കുന്നതിനാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

അനുബന്ധമായി * ചേർക്കുന്നു.

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമോ?

നവീകരണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എ. സി. കനാൽ നവീകരണം

169(2205) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ - ചങ്ങനാശ്ശേരി (എ.സി.) കനാലിലെ പോള നീക്കി ആഴം കൂട്ടി ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ആലപ്പുഴ - ചങ്ങനാശ്ശേരി (എ.സി.) കനാലിലെ 3.5 കിലോമീറ്ററിൽ പോള നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ എ.സി. കനാലിന്റെ ഒന്നാംകര മുതൽ പള്ളാത്തുരുത്തിവരെ വിശദമായ സർവ്വേ നടത്തി ആഴവും വീതിയും കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഹൈഡ്രോ ഡൈനാമിക് സ്റ്റഡി നടത്തുന്നതിനുവേണ്ടി ഐ.ഐ.റ്റി. മദ്രാസ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എ.സി. കനാൽ ബണ്ടിൽ താമസിക്കുന്നവരെ സംരക്ഷിച്ചുകൊണ്ട് എ.സി. കനാൽ പരിഷ്കരണം സാധ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

## ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മാണം

170(2206) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ, പ്രളയത്തിൽ തകർന്ന പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത ഡാമിന്റെ പുനർനിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മലമ്പുഴ മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാമിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പദ്ധതി പ്രദേശവും ആയക്കെട്ട് പ്രദേശവും പരിശോധിച്ച് ഏകദേശം 325 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നറിയിക്കാമോ?

വിശദമായ പദ്ധതി രേഖ ലഭിച്ചതിനുശേഷം ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഡാമുകളിലെ മാലിന്യം നീക്കംചെയ്യൽ

171(2207) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന മാലിന്യങ്ങളും ചെളിയും മണലും പോളയും നീക്കം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അനുബന്ധം -1* ആയി ചേർത്തിരിക്കുന്നു.

(ബി) ഡാമുകളിലും ചെറുകിട ജലസേചന പദ്ധതി പ്രദേശങ്ങളിലും പോള നീക്കം ചെയ്യാനാവശ്യമായ വീഡ് കട്ടറുകൾ ജലവിഭവ വകുപ്പിന് കീഴിൽ ഇല്ലാത്തതിനാലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഒരു വീഡ് ഹാർവെസ്റ്റർ മെഷീൻ ഉപയോഗിച്ച് ജലാശയങ്ങളിലെ പോള നീക്കം ചെയ്തുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ വീഡ് ഹാർവെസ്റ്ററുകൾ വാങ്ങി പോള നീക്കം ചെയ്യുന്ന പ്രവൃത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

(സി) ഡാമുകളിലെ ചെളിയും മണലും എക്കലും നീക്കം ചെയ്യുവാനും ഡാമിന്റെ സംഭരണശേഷി കൂട്ടുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിനായി തുടർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അനുബന്ധം-2 *ആയി ചേർത്തിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാടിക്കൽ ചിത്രമൂല ചെക്ക്ഡാം നിർമ്മാണം

172(2208) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പാടിക്കൽ ചിത്രമൂല ചെക്ക്ഡാം നിർമ്മാണത്തിന്റെ പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചെക്ക്ഡാം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വരദൂർ തോടിന് കുറുകെ പാടിക്കര ചിത്രമൂലയിൽ ഒരു ചെക്ക്ഡാം നിർമ്മിക്കുന്നതിനുവേണ്ടിയായിരുന്ന പദ്ധതി ആവിഷ്കരിച്ചിരുന്നത്. എന്നാൽ 2018, 2019 വർഷങ്ങളിലെ പ്രളയത്തിനുശേഷം ഇൻവെസ്റ്റിഗേഷൻ നടത്തിയപ്പോൾ പുഴയുടെ ബെഡ് ലെവൽ താഴ്ന്നതായി കാണപ്പെട്ടു. നിലവിൽ ഇവിടെയുള്ള വാട്ടർ ലെവൽ പ്രൊപ്പോസ് ചെയ്ത ചെക്ക്ഡാമിന്റെ ഉയരത്തിനെക്കാൾ കൂടുതലായതിനാൽ ഇവിടെ ചെക്ക്ഡാം നിർമ്മിച്ചാൽ മുങ്ങിപ്പോകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇവിടെ വി.സി.ബി. നിർമ്മിക്കുന്നതാണ് ഉചിതമെന്ന് കാണുന്നു. പാടശേഖരസമിതിയും ഇവിടെ വി.സി.ബി.-യോടൊപ്പം ട്രാക്ടർവേയും നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽസ്ഥലത്ത് വി.സി.ബി-കം-ട്രാക്ടർവേ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നെങ്കിലും ലഭ്യമായ പ്രൊപ്പോസലിൽ ട്രാക്ടർവേ നിർമ്മാണംകൂടി ഉൾപ്പെട്ടതിനാൽ ആയതിന്റെ ഡിസൈൻ ഉൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നാമ്പ്രാണി ചെക്ക്ഡാം ചോർച്ച

173(2209) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയിലെ നാമ്പ്രാണി ചെക്ക്ഡാം ചോർച്ച പരിഹരിക്കുന്നതിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ച പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരമായ പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കടലുണ്ടിപ്പുഴയ്ക്ക് കുറുകെ മലപ്പുറം അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 1995-ൽ നിർമ്മാണം പൂർത്തിയാക്കിയതാണ് നാമ്പ്രാണി ചെക്ക്ഡാം.

അശാസ്ത്രീയമായ മണലെടുപ്പുമൂലം ചെക്ക്ഡാമിന് ചെറിയ ചോർച്ചയുണ്ടാകാൻ സാധ്യതയുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി 160 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് 2017-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ മലപ്പുറം നഗരത്തിലെ വർദ്ധിച്ചുവരുന്ന ജലഉപഭോഗം, തടയണയുടെ കാലപ്പഴക്കം എന്നീ വസ്തുതകൾ കണക്കിലെടുത്ത് പുതിയ ഒരു റഗുലേറ്റർ നിർമ്മിക്കുന്നതാണ് പ്രായോഗികമെന്ന നിഗമനത്തിലെത്തിച്ചേർന്നതിനാൽ ഭരണാനുമതി അടക്കമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നാമ്പ്രാണി കടവിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതി ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് നഗരസഭ 15.77 കോടി രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിവരുന്നു.

### മൂന്നാർ കോളനി തോട് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

174(2210) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വഴി 2019/8626/റ്റി.എ. നമ്പരായി 2021-22 എഫ്.ഡി. വർക്ക് പ്രയോറിറ്റി ലിസ്റ്റിലുൾപ്പെട്ട മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും അനുസരിച്ച് സാമ്പത്തികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### ബണ്ട് റോഡ് നിർമ്മാണം

175(2211) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡയുടെ ഫണ്ട് വകയിരുത്തിയിട്ടുള്ളതും ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വല്ലാർപാടം ദ്വീപിന് ചുറ്റും സംരക്ഷണ ഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും സംബന്ധിച്ച പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പദ്ധതി പൂർത്തിയാക്കുന്നതിൽ എന്തുകൊണ്ട് കാലതാമസം നേരിടുന്നുവെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(എ-ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡയുടെ ഫണ്ട് വകയിരുത്തിയിട്ടുള്ളതും ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വല്ലാർപാടം ദ്വീപിന് ചുറ്റും സംരക്ഷണഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും സംബന്ധിച്ച പദ്ധതിക്കായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 13-2-2012-ൽ G.O(Rt)No.443/2012/ LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം 17.14 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്). അതിൽ 5.04 കോടി രൂപയുള്ള പ്രവൃത്തികൾ മൈനർ ഇറിഗേഷൻ വിഭാഗം മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 12.10 കോടി രൂപയുടെ പ്രവൃത്തികൾ ഇറിഗേഷൻ ഡിവിഷൻ എറണാകുളത്തിന്റെ കീഴിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് Soil Investigation നടത്തിയതിന്റെ അടിസ്ഥാനത്തിൽ Foundation design തയ്യാറാക്കിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകാവൂയെന്ന് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 14.80 ലക്ഷം രൂപയുള്ള Soil Investigation Estimate തയ്യാറാക്കി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. Soil Investigation Report ലഭിച്ചാൽ മാത്രമേ Revised Estimate തയ്യാറാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ.

**കോവളം മണ്ഡലത്തിലെ തോടുകൾ**

176(2212) ശ്രീ. എം വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മഴക്കാലത്തും ബണ്ട് പൊട്ടിയും കരകവിഞ്ഞും വെള്ളം കയറി അടിക്കടി കൃഷിക്കും വീടുകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയാനായി കല്ലിയൂർ പഞ്ചായത്തിലെ കന്നുകാലിച്ചാൽ 6 മാസത്തിലൊരിക്കൽ വൃത്തിയാക്കുകയും പണ്ടാരക്കരി പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം നടത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഴക്കാലങ്ങളിൽ ബണ്ട് പൊട്ടിയും കരകവിഞ്ഞും വെള്ളം കയറി അടിക്കടി കൃഷിക്കും വീടുകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയുന്നതിനായി പണ്ടാരക്കരി പാടശേഖരത്തിന്റെ പുറം ബണ്ട് ബലപ്പെടുത്തൽ, കന്നുകാലിച്ചാലിൽ ചെളി അടിഞ്ഞുകൂടിക്കിടക്കുന്നത് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് 794 ലക്ഷം രൂപ അടങ്കൽ വരുന്ന " Reclamation of Vellayani Padashekharam from upstream of confluence of Kayal and Pallichal Thodu Cherubalamandan Thiruthal Padashekharam foot bridge to Madhupalam in Kalliyoor Panchayath and Thiruvananthapuram Corporation" എന്ന പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി സർക്കാരിൽ പരിശോധിച്ചുവരുന്നു. കന്നുകാലിച്ചാൽ വൃത്തിയാക്കുന്ന പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വർഷംതോറും നിർവ്വഹിച്ചുവരുന്നുണ്ട്.

(ബി) തലയൽ തോടിന്റെ തേമ്പാമുട്ടം മുതൽ പൊളിഞ്ഞുപോയ ഭാഗത്തും അന്തിയൂർ തോടിന്റെ ബണ്ട് പൊളിഞ്ഞ ഭാഗത്തും പാർശ്വഭിത്തികൾ നിർമ്മിക്കുന്നതിനും ഗംഗയാർ തോടിന്റെ മുക്കോല ഭാഗത്ത് ബണ്ടുയർത്തുകയും പൊളിഞ്ഞഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ?

NABARD RIDF-XXVI-ൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി തലയൽ തോടിന്റെ സംരക്ഷണത്തിനുള്ള 130 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിയുടെ ഡി.പി.ആർ. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചെങ്കിലും ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 5 കോടിയിൽ താഴെയായതിനാൽ നബാർഡ് ട്രാഞ്ചെ 26-ൽ ശിപാർശ ചെയ്യാൻ കഴിഞ്ഞില്ല. ഗംഗയാർ തോടിന്റെ മുക്കോല ഭാഗത്ത് ബണ്ട് ഉയർത്തുന്നതിനും പൊളിഞ്ഞ ഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) കോട്ടുകാൽ വലിയ തോട്ടിലെ ചെളി നീക്കുകയും തലയൽ തോട്, അന്തിയൂർ തോട് എന്നിവ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കോട്ടുകാൽ വലിയ തോട്ടിലെ ചെളി നീക്കം ചെയ്യുന്നതിനും തലയൽ തോട്, അന്തിയൂർ തോട് എന്നിവ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുന്നതിനുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**കടൽത്തീര സംരക്ഷണം**

177(2213) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടൽത്തീര സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ തീരസംരക്ഷണത്തിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളിൽ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളെ അടിയന്തരമായും ശാശ്വതമായും സംരക്ഷിക്കാനാവശ്യമായ നടപടികൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ 5,300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1,500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344.20 കോടി രൂപ) വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തെരഞ്ഞെടുത്ത രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളായ കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നിവിടങ്ങളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 2711-103-02-99-00-00 (Non Plan) എന്ന ശീർഷകത്തിൽ സംസ്ഥാനമൊട്ടാകെയുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 6.582 കോടി രൂപയും 4711-103-02-99-00-00 (Plan) എന്ന ശീർഷകത്തിൽ 2.40 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത നോൺപ്ലാൻ ഫണ്ടിൽനിന്നും കാലവർഷത്തിന് മുന്നോടിയായി അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി തീരദേശ ജില്ലകൾക്ക് 20 ലക്ഷം രൂപ വീതം നോൺപ്ലാൻ ഫണ്ടിൽനിന്നും അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ ചെല്ലാനത്തെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രതിരോധ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും തിരുവനന്തപുരത്തെ വലിയതുറയിലെ

അടിയന്തര പ്രവൃത്തികൾക്കായി 59.45 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി രൂക്ഷമായ കടലാക്രമണം നേരിടുന്ന ചെല്ലാനം പ്രദേശം ഉൾപ്പെടുന്ന എറണാകുളം ജില്ലയ്ക്ക് 2 കോടി രൂപയും മറ്റുതീരദേശ ജില്ലകൾക്ക് 1 കോടി രൂപ വീതവും 25-5-2021-ലെ G.O(Rt) No.296/2021/WRD നമ്പർ ഉത്തരവുപ്രകാരം അനുവദിക്കുകയുണ്ടായി. പ്രസ്തുത തുകകൾ ഉപയോഗിച്ച് ചാക്കിൽ മണ്ണ് നിറച്ചും ആവശ്യമായ സ്ഥലങ്ങളിൽ കല്ല് ഉപയോഗിച്ചുള്ള താല്ക്കാലിക കടൽഭിത്തി നിർമ്മാണംവഴി വിവിധ തീരദേശ ജില്ലകളിലെ കടൽത്തീരം അടിയന്തരമായി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) കടൽഭിത്തി നിർമ്മാണത്തിന് പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്, പൂനെ/ഐ.ഐ.ടി. മദ്രാസ് മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ സംരക്ഷിക്കപ്പെടേണ്ട തീരപ്രദേശത്തിന്റെ ദൈർഘ്യം കൂടുതലായതിനാലും കല്ലിന്റെ ലഭ്യതക്കുറവും കാരണം കല്ലിന് ബദലായി മറ്റ് സാങ്കേതികമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മേയ് 24, 25 തീയതികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും നേതൃത്വത്തിൽ നടന്ന യോഗങ്ങളിൽ കടലാക്രമണ പ്രതിരോധം ഈ മന്ത്രിസഭയുടെ പ്രഥമ പരിഗണനയിലുള്ള വിഷയമാണെന്ന് പ്രഖ്യാപിക്കുകയും ടെട്രാപോഡ് പോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാനും തീരുമാനിച്ചു. ഇതിനെത്തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ച് 344.20 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടലാക്രമണം ഏറ്റവും രൂക്ഷമായ മറ്റ് പ്രദേശങ്ങളിൽ തീരത്തിന്റെ ഘടനയ്ക്കനുസൃതമായി തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ) മുഖേന പഠനം

നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പഠന പ്രകാരമുള്ള നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രാപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതികവിദ്യകളും മറ്റു soft solution-നുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുള്ള ഡ്രെഡ്ജിംഗ് പദ്ധതി**

178(2214) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുള്ള ഡ്രെഡ്ജിംഗ് പദ്ധതി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

തോട്ടപ്പള്ളിയിൽ വീയപുരം മുതൽ സ്പിൽവേവരെയുള്ള പ്രദേശം ഡ്രെഡ്ജ് ചെയ്യുന്ന മണൽ നിക്ഷേപിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം പദ്ധതി പ്രദേശത്ത് പരിമിതമായതിനാൽ എടുക്കുന്ന മണൽ നീക്കം ചെയ്തതിനുശേഷം മാത്രമേ പദ്ധതി തുടരാൻ സാധിക്കുന്നുള്ളൂ. ഇത് പദ്ധതിയുടെ നടത്തിപ്പിന് കാലതാമസം നേരിടുന്നതിനുള്ള ഒരു പ്രധാന കാരണമാണ്. കൂടാതെ ഇടവിട്ടുണ്ടാകുന്ന കോവിഡ് നിയന്ത്രണങ്ങൾ പദ്ധതിയുടെ നടത്തിപ്പിന് തടസ്സമാകുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നാണ് തുടങ്ങിയതെന്നും ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ?

19-2-2020-ൽ ആരംഭിച്ചു. അടങ്കൽ തുക (താല്പര്യപത്രം) 11,90,77,180 രൂപയാണ്. പൂർത്തീകരണ കാലാവധി 14-9-2021-വരെ ദീർഘിപ്പിച്ചുനൽകണമെന്ന് കോൺട്രാക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ ഡ്രെഡ്ജറുകളുപയോഗിച്ച് ഈ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; ഇതുവരെ പൂർത്തിയാക്കിയ ഈ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

താല്പര്യപത്രപ്രകാരം 3 ലക്ഷത്തോളം ഘനമീറ്റർ മണൽ സ്വന്തം ചെലവിൽ മണ്ണിന്റെ വിലയും മറ്റുനികുതികളും നൽകി നീക്കം ചെയ്യുന്നതിനായിരുന്നു കരാർ. എന്നാൽ ഇതുവരെ 20,000 ഘനമീറ്റർ മണൽ മാത്രമേ നീക്കം ചെയ്തിട്ടുള്ളൂ. കൂടാതെ മഴമൂലമുണ്ടായിട്ടുള്ള വെള്ളപ്പൊക്കം കാരണം പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലാണ്. കൂടുതൽ ഡ്രെഡ്ജറുകളെത്തിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം**

179(2215) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ നവീകരണവും ലീഡിംഗ് ചാനലിന്റെ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണവും നടപ്പിലാക്കുന്നതിലൂടെ സ്പിൽവേയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണവും കുട്ടനാട്ടിലെ ജലസ്രോതസ്സുകളുടെ നവീകരണവും.
3. വേമ്പനാട് തണ്ണീർത്തട വ്യവസ്ഥ സംബന്ധിച്ച് പ്രാഥമിക പഠനം നടത്തുക.
4. എ.സി കനാലിന്റെ 2, 3 ഘട്ടങ്ങൾ നടപ്പിലാക്കുക.
5. തണ്ണീർമുക്കം ബണ്ടിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിശദമായ പഠനം നടത്തുക.

**എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

180(2216) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ?

എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് 8-9-2020-ലാണ്.

(ബി) ഈ പ്രവൃത്തിയുടെ കരാർ ലഭിച്ചത് ആർക്കാണ്?

ഈ പ്രവൃത്തിയുടെ കരാർ ലഭിച്ചത് ശ്രീ. കെ. എം. ജോർജ്ജ് കുട്ടി, കാവികുന്നേൽ വീട്, കുന്നേക്കൽ. പി.ഒ, മൂവാറ്റുപുഴ എന്നിവർക്കാണ്.

(സി) പ്രസ്തുത പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഗ്രിമെന്റ് വച്ച പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്ത കരാറുകാരനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാത്തതിനാൽ കരാറുകാരന് നിരവധി തവണ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ ഉടമ്പടി പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ടുള്ള നോട്ടീസും നൽകിയിട്ടുണ്ട്.

(ഡി) ഇത് ആരംഭിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഉടമ്പടി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പമ്പ് ഹൗസ് നിർമ്മാണം, സിസ്റ്റേൻ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, പാർശ്വഭിത്തി നിർമ്മാണം എന്നിവയാണ്. ഇവയിൽ പമ്പ് ഹൗസ് നിർമ്മാണം ഒഴികെ മറ്റുപ്രവൃത്തികൾ ചെയ്യുന്നതിന് കരാറുകാരന് തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽ പ്രവൃത്തിയുടെ പമ്പ് ഹൗസ് നിർമ്മാണം നടത്തേണ്ട സ്ഥലം പുഴയുടെ പുറമ്പോക്ക് ഭൂമിയാണ്. ഈ സ്ഥലം സ്വകാര്യ വ്യക്തിയുടെ സ്ഥലവുമായി അതിർത്തി പങ്കിടുന്നുണ്ട്. ആയതിനാൽ അതിർത്തി കൃത്യമായി നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. അതിർത്തി കൃത്യമായി നിർണ്ണയിച്ചുകിട്ടുന്നതിനു വേണ്ടി വില്ലേജ് ഓഫീസറോടും താലൂക്ക് സർവ്വെയറോടും അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും രേഖാമൂലം ആവശ്യപ്പെട്ടിരിക്കുകയാണ്. നിലവിൽ അതിര് നിർണ്ണയിച്ച് കിട്ടിയിട്ടില്ല.

## ഉളിയംകടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

181(2217) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉളിയംകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഐ.ഡി.ആർ.ബി.-യിൽ അയച്ച ഡീറ്റെയിൽസ് ഉപയോഗിച്ച് ഡിസൈൻ പൂർത്തീകരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെട്ട ഈ പ്രവൃത്തിയുടെ ഡി.പി.ആർ. 2021 ജൂലൈ മാസംതന്നെ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ കവ്വായി പുഴയ്ക്ക് കുറുകെ ഉളിയംകടവിൽ വിഭാവനം ചെയ്തിട്ടുള്ള റഗുലേറ്റർ -കം- ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് ഐ.ഡി.ആർ.ബി. ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ട ഡിസൈൻ ലഭ്യമായാലുടൻതന്നെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊല്ലം മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

182(2218) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20, 2020-21 കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20, 2020-21 കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| നമ്പർ | വർഷം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 2019-20 | കൊല്ലം കോർപ്പറേഷനിൽ അറുന്നൂറ്റി മംഗലം കുളത്തിന്റെ പുനരുദ്ധാരണവും ലീഡിംഗ് ചാനലിന്റെ നിർമ്മാണവും | 25.00 | പ്രവൃത്തി സ്ഥലം വയൽ പ്രദേശമായതിനാൽ ശക്തമായ മഴമൂലം വെള്ളക്കെട്ട് രൂപം കൊണ്ടിരിക്കുന്നതിനാൽ 5% പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചത്. |

| | | | | |
|---|---|---|---|---|
| 2 | 2019-20 | കൊല്ലം കോർപ്പറേഷനിൽ കരുവാഴത്തു കുളത്തിന്റെ പുനരുദ്ധാരണവും സംരക്ഷണ ഭിത്തി നിർമ്മാണവും | 10.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | 2020-21 | തൃക്കരുവാ പഞ്ചായത്തിൽ തോട്ടുവയൽ തോടിനു കുറുകെ വി.സി.ബി. നിർമ്മാണവും വേലിക്കെട്ട് ഏലായുടമ ജലസേചന സൗകര്യം മെച്ചപ്പെടുത്തലും | 18.00 | പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 22% പൂർത്തീകരിച്ചു. |
| 4 | 2020-21 | തൃക്കരുവാ പഞ്ചായത്തിൽ കടപ്പാൻചിറ ഏലായിലെ ലീഡിംഗ് ചാനലിന്റെ നിർമ്മാണവും നടപ്പാത ഒരുക്കലും | 13.00 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ജല സംരക്ഷണ പ്രവൃത്തികൾ

183(2219) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർത്തട സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവാസൂത്രണത്തിന് ഏറ്റവും അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടങ്ങൾ. ഇക്കാര്യം കണക്കിലെടുത്ത് ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി വിവിധ ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് സംരക്ഷിക്കുക, തോടുകൾ/പുഴകൾ എന്നിവിടങ്ങളിൽ തടയണകൾ/വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിക്കുക, തോടുകളിലും മറ്റുജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവ്വഹിച്ചുവരുന്നത്. കൂടാതെ സംയോജിത നീർത്തടാസൂത്രണ പദ്ധതിയുടെ ഭാഗമായി ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്.

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾക്കായി മൈനർ ഇറിഗേഷൻവഴി സമർപ്പിക്കപ്പെട്ട പദ്ധതിയുടെ (ഫയൽ നമ്പർ M13/15/2021/WRD) നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ എന്തൊക്കെയാണ്; ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന "വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി" എന്ന സംയോജിത നീർത്തട പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ "RIDF-Integrated Water Conservation Project for Kattakada Legislative Assembly Constituency" എന്ന പദ്ധതി നബാർഡ് നിരാകരിച്ച പദ്ധതികളിൽപ്പെടുന്നുവെന്ന് 19-04-2021-ലെ NB (Kerala)/SPD/121/RIDF-40(A)/2021-22 കത്ത് പ്രകാരം NABARD അറിയിക്കുകയും പ്രസ്തുത വിവരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറെ 15-7-2021-ലെ സർക്കാർ കത്ത് നമ്പർ എം.ഐ 3/ 15/2021/ജവിവ പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുതുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

### റാന്നിയിലെ ഇറിഗേഷൻ പ്രോജക്ടുകൾ

184(2220) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച ഇറിഗേഷൻ പ്രോജക്ടുകൾ (മൈനർ/മേജർ) ഏതൊക്കെയാണെന്ന് ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാക്കിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദവിവരം പ്രോജക്ട് സ്റ്റാറ്റസ് സഹിതം ലഭ്യമാക്കാമോ?

(എ-സി) ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ വിഭാഗം, ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും എന്നിവ മുഖേന റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച ഇറിഗേഷൻ പ്രോജക്ടുകൾ (മൈനർ/മേജർ) സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**മലപ്പുറം മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

185(2221) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദീകരിക്കാമോ?

(എ&ബി) ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു. മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കടലുണ്ടി നദിയുടെ വലതുകര മഞ്ചേരി നിയോജകമണ്ഡലവും ഇടതുകര മലപ്പുറം നിയോജകമണ്ഡലവുമാണ്. 12.80 കോടി രൂപ ഭരണാനുമതി നൽകിയ ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ പ്രദേശത്ത് ജലസേചനം, കുടിവെള്ള ലഭ്യത എന്നിവയിൽ വർദ്ധനവും 600 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതിയിലൂടെ ജലസേചനം ഉറപ്പുവരുത്താനും സാധിക്കും. 70 മീറ്റർ നീളവും 5 മീറ്റർ ഉയരവുമുള്ള റെഗുലേറ്ററാണ് പദ്ധതിയിലുള്ളത്. കൂടാതെ ഇടതുകരയിൽ 52 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയും വലതുകരയിൽ 52.5 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയുമാണ് നൽകുന്നത്. ഏകദേശം 55 ശതമാനത്തോളം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കുകയും അബട്മെന്റ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഇടതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ആകെയുള്ള നാല് തൂണുകളിൽ രണ്ടെണ്ണം 7 മീറ്റർ ഉയരത്തിലും രണ്ടെണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവൃത്തികളിലുൾപ്പെട്ട നാല് വിയറിൽ (weir) രണ്ട് എണ്ണം സിൽ ലെവൽ വരെയും മറ്റുരണ്ടെണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2022 മാർച്ച് മാസത്തോടെ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയിൽ പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മലപ്പുറം മണ്ഡലത്തിൽ പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

## കുണ്ടറ നിയോജകമണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

186(2222) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നെടുമ്പന പഞ്ചായത്തിലെ പള്ളിമൺ തോടിന് താഴ്ഭാഗത്തായി പള്ളിമൺ പമ്പ് ഹൗസിന്റെ ഇടിഞ്ഞുപോയ വശങ്ങളുടെ സംരക്ഷണം എന്ന പ്രവൃത്തി നടന്നുവരുന്നു. ടി പ്രവൃത്തിയുടെ 40% പൂർത്തീകരിച്ചിട്ടുണ്ട്. അടങ്കൽ തുക Rs.12,00,000.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ നടന്നുവരുന്നതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## കുറ്റ്യാടി മണ്ഡലത്തിലെ പദ്ധതികൾ

187(2223) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന, ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന, ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം ജലസേചനം ചെയ്യാൻ സാധിച്ച കൃഷി ഭൂമിയുടെ വിസ്തൃതി എത്രയെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം മുഖേന 2722.686 ഹെക്ടർ കൃഷി ഭൂമി ജലസേചനം നടത്താൻ സാധിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിലെ വിവിധ കനാലുകൾ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്നത്, പ്രദേശവും തുകയും തിരിച്ച് വ്യക്തമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ കനാലുകൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ പ്രദേശവും തുകയും തിരിച്ച് ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1). KyIP-Mansoon Preparedness-2021-22-Removal of silt between ch.2/400 to 2/600 km of Maniyur branch canal – Villiapally Panchayath – Rs.45,000 (Location- Kolathur).

2). KyIP-Mansoon Preparedness-2021-22-Removal of silt between ch.1/600 to 1/800 km of Chemmarathur distributary canal – Thiruvallur Panchayath – (Location- Chemmarathur) Rs.15,000

3). Rectification of canal between ch:0/700 km to 1/500 km in Ayanchery distributary canal (5 Lakh)- Velom Panchayath- (Location- Theekkuni)

4). KyIP-ACP(Plan) 2021-22-Rectification of canal between ch:21/900 km to 22/500 km and reconstruction of RCC well for under tunnel at ch:21/900 km in RBMC- 14 Lakh (Location-Vattoli)

5). KyIP-ACP(Plan) 2021-22-Rectification of canal between ch:30/500 km to 31/000 km in RBMC- 6 Lakh. (Location: Kaniyankandi)

6). SDRF - KyIP-SDRF- Rectification works Maniyur Branch canal between ch:0/865 km to 1/085 km (11 scheme)- Villiapally Panchayath- 15 lakhs (Location : Villiapally)

(ഡി) ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് എത്ര വി.സി.ബി.-കൾ നിലവിൽ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നറിയിക്കാമോ; തകരാറുള്ള വി.സി.ബി.-കൾ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് നാല് വി.സി.ബി.-കൾ നിലവിൽ പ്രവർത്തനക്ഷമമാണ്. തകരാറിലുള്ള വി.സി.ബി.-കളുടെ പുനരുദ്ധാരണത്തിന് പ്ലാൻ സ്കീമിൽ Repair and Maintenance of M.I.Structures എന്ന ശീർഷകത്തിലും നോൺ പ്ലാൻ സ്കീമിലെ ശീർഷകങ്ങളിലും ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

(ഇ) മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിനുകീഴിലെ ഭൂരിഭാഗം അക്വാഡക്ടുകളും തകരാറിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അക്വാഡക്ടുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.കെ.ഐ. സ്കീമുകളിൽ ഉൾപ്പെടുത്തിക്കൊണ്ട് KYIP-RKI-2019-20 Restoration of Aqueduct between ch: 0/000 km to 0/250 km of Mudappilavil Distributory (Phase - I) എന്ന പ്രവൃത്തിക്ക് 29 ലക്ഷം രൂപ വകയിരുത്തുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് അക്വാഡക്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

### കോട്ടയ്ക്കൽ മണ്ഡലത്തിലെ പദ്ധതികൾ

188(2224) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പ് 2020, 2021 വർഷങ്ങളിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ അംഗീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### വാഴാനി ഇറിഗേഷൻ കോമ്പൗണ്ടിന്റെ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

189(2225) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഴാനി ഇറിഗേഷൻ കോമ്പൗണ്ടിൽ കൺവെൻഷൻ സെന്റർ നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചിട്ടും സ്ഥലം ജലസേചന വകുപ്പ് വിട്ടുനൽകാത്തതിന്റെ കാരണം വിശദീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഴാനി ഡാം പ്രദേശത്ത് ആറ്റൂർ വില്ലേജിൽ 121/1 സർവ്വേ നമ്പറിൽ എം.എൽ.എ.-എ.ഡി.എഫ്. പ്രകാരം പൊതുമരാമത്ത് വകുപ്പ് മുഖേന പണിയുവാൻ നിശ്ചയിച്ച കൺവൻഷൻ സെന്റർ പണിയുവാനുള്ള അനുമതി നൽകുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരം 24-9-2018-ലെ G.O(Rt) No.830/2016/WRD നമ്പർ സർക്കാർ ഉത്തരവുപ്രകാരം കൺവൻഷൻ സെന്ററിൽ നിന്നുള്ള വരുമാനം പങ്കുവയ്ക്കുന്നതുസംബന്ധിച്ച് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് അതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുശേഷം മാത്രമേ ഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

## വാട്ടർ അതോറിറ്റി സബ് ഡിവിഷൻ ഓഫീസുകൾ

190(2226) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകൾ നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് സബ്ഡിവിഷൻ ഓഫീസുകൾ ആരംഭിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഓഫീസുകൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് നിലവിലുണ്ട്. വെള്ളരിക്കുണ്ട് താലൂക്കിൽ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസ് പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വാട്ടർ അതോറിറ്റിയിൽ കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കാസർഗോഡ് സബ്ഡിവിഷന്റെ പരിധിയിലും വെള്ളരിക്കുണ്ട് താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കാഞ്ഞങ്ങാട് സബ്ഡിവിഷന്റെ പരിധിയിലുമാണ് ഉൾപ്പെടുന്നത്. ജല അതോറിറ്റിയുടെ കാര്യാലയങ്ങൾ ജലവിതരണ പദ്ധതി പ്രവർത്തനങ്ങളുടെ ആവശ്യകത അനുസരിച്ചാണ് നിശ്ചയിക്കുന്നത്, താലൂക്ക് അടിസ്ഥാനത്തിലല്ല. സാങ്കേതിക ആവശ്യകതകൾ കണക്കിലെടുക്കുമ്പോൾ ജല അതോറിറ്റിക്ക് ഇപ്പോൾ പുതിയ കാര്യാലയങ്ങൾ തുടങ്ങേണ്ട ആവശ്യകത നിലവിലില്ല.

## വാട്ടർ അതോറിറ്റിയിലെ കരാറുകാർ

191(2227) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ എത്ര കരാറുകാർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

1652 കരാറുകാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1*ൽ ചേർക്കുന്നു.

(ബി) ഈ കരാറുകാർക്ക് നിർണ്ണയിച്ചുകൊടുക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നുമുള്ള ടെണ്ടറുകളിൽ താഴെപ്പറയും പ്രകാരം പങ്കെടുക്കാവുന്നതാണ്.

എ-ക്ലാസ് കരാറുകാരന് പരിധിയില്ലാതെ എല്ലാ പ്രവൃത്തികളും ചെയ്യാവുന്നതാണ്. ബി- ക്ലാസ് കരാറുകാരന് 2.5 കോടിവരെയുള്ള പ്രവൃത്തികൾ ചെയ്യാവുന്നതാണ്. സി- ക്ലാസ് കരാറുകാരന് 1 കോടി വരെയുള്ള പ്രവൃത്തികൾ ചെയ്യാവുന്നതാണ്. ഡി -ക്ലാസ് കരാറുകാരന് 25 ലക്ഷം വരെയുള്ള പ്രവൃത്തികൾ ചെയ്യാവുന്നതാണ്.

(സി) വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാൻ ഒരു കരാറുകാരനുവേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ ചട്ടങ്ങൾ, PWD മാനുവൽ 2012 പ്രകാരമാണ് കരാറുകാർക്ക് രജിസ്റ്റർ ചെയ്യുവാനുള്ള യോഗ്യതകൾ നിർണ്ണയിക്കുന്നത്. കൂടാതെ സി, ഡി എന്നീ കാറ്റഗറികളുള്ള രജിസ്ട്രേഷനുകൾക്ക് 29-01-2021-ലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമങ്ങളനുസരിച്ച് ചില ഇളവുകൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത നടപടിക്രമങ്ങളുടെ പകർപ്പ് അനുബന്ധം -3* ആയി ചേർത്തിട്ടുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് ബിൽത്തുക നൽകുന്നതിൽ കുടിശ്ശിക ഉണ്ടോയെന്നും എത്രയാണ് കുടിശ്ശികയെന്നും എത്ര കാലമായി ഏതെല്ലാം കരാറുകാർക്കാണ് കുടിശ്ശിക ഉള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് ബിൽത്തുക നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം കരാറുകാർക്ക് ഏപ്രിൽ 2019 മുതലും നബാർഡ് സ്കീം കരാറുകാർക്ക് ജനുവരി 2021 മുതലും ഓപ്പറേഷൻസ് & മെയിന്റനൻസ് കരാറുകാർക്ക് ജൂൺ 2020 മുതലും ആസ്തി വികസന ഫണ്ട് സ്കീം കരാറുകാർക്ക് മേയ് 2020 മുതലുമുള്ള ബില്ലുകൾ കുടിശ്ശികയിലാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2* -ൽ ചേർത്തിരിക്കുന്നു.

(ഇ) കുടിശ്ശിക ഉണ്ടെങ്കിൽ എപ്പോൾ കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക തീർപ്പാക്കാൻ കഴിയുന്നതാണ്.

## കോങ്ങാട് ജലസേചന വകുപ്പ് സ്ഥലം കൈമാറുന്നതിന് നടപടി

192(2228) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കരിമ്പ പഞ്ചായത്തിൽ റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

കോങ്ങാട് മണ്ഡലത്തിലെ കരിമ്പ പഞ്ചായത്തിൽ റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട്, ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറുന്നതിന് സർക്കാർതലത്തിൽ അനുമതി ആവശ്യമാണ്. ആയതിനാൽ സ്ഥലം ആവശ്യമുള്ള വകുപ്പ് പ്രസ്തുതതലത്തിൽ നടപടിക്കുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നുംതന്നെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല.

## അതിതീവ്ര കടലാക്രമണം

193(2229) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിതീവ്ര കടലാക്രമണം ഉണ്ടാകുന്ന ഏതെല്ലാം സ്ഥലങ്ങളെയാണ് ഹോട്ട് സ്പോട്ട് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിതീവ്ര കടലാക്രമണം നേരിടുന്ന താഴെപ്പറയുന്ന സ്ഥലങ്ങളാണ് (അനുബന്ധമായി ചേർത്തിരിക്കുന്നു)* ഹോട്ട്സ്പോട്ട് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധത്തിന് എന്തുസംവിധാനം ഒരുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്; വിശദീകരിക്കുമോ?

(ബി&സി) പ്രസ്തുത പ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പഠനം നടത്തുന്നതിനുവേണ്ടിയുള്ള കരട് കരാർ NCCR ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കരട് അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന, 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതായ 5,300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1,500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മേല്പറഞ്ഞ 10 ഹോട്സ്പോട്ടുകളിൽ ഒന്നായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ടെട്രാപോഡ് ഉപയോഗിച്ച് ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344.20 കോടി രൂപ) വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. മറ്റുതെരഞ്ഞെടുത്ത പ്രദേശങ്ങളിൽ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, (എൻ.സി.സി.ആർ) മുഖേന പഠനം നടത്തി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂഗർഭ ജലശോഷണം**

194 (2230) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂഗർഭജലത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017 മാർച്ച് വരെയുള്ള ഭൂജല വിഭവ നിർണ്ണയ കമ്മിറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ആകെ ഭൂജല സമ്പത്ത് 5211.75 ദശലക്ഷം ക്യൂബിക് മീറ്ററാണ്. 2013 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജലസമ്പത്ത് 5651.63 ദശലക്ഷം ക്യൂബിക് മീറ്റർ ആയിരുന്നു. 439.88 ദശലക്ഷം ക്യൂബിക് മീറ്ററിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2020 മാർച്ച് വരെയുള്ള ഭൂജലവിഭവ നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭൂഗർഭജലം അപകടകരമായ നിലയിൽ താഴുന്നതിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് മഴയുടെ ലഭ്യതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഭൂഗർഭ ജലവിതാനത്തിൽ മാറ്റങ്ങൾ സംഭവിക്കാറുണ്ട്. ഭൂജലവകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനം എല്ലാ മാസവും ശേഖരിച്ച് പഠന വിധേയമാക്കി വരുന്നു. 2021 ഏപ്രിൽ മാസത്തിലെ ഭൂജലവിതാനം, ദശാബ്ദ ശരാശരിയുമായി (2011-2020) താരതമ്യം ചെയ്തപ്പോൾ തുറന്ന കിണറുകളിൽ 26%വും, കുഴൽ കിണറുകളിൽ 43%വും, 31% ട്യൂബ് വെല്ലുകളിലും ജലവിതാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 50% കിണറുകളിലും ജലവിതാനത്തിലെ കുറവ് 0.5 മീറ്ററിന് താഴെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) ബഹുനില കെട്ടിടങ്ങളുടെയും ഫ്ലാറ്റുകളുടെയും വലിയ തോതിലുള്ള ഭൂഗർഭ ജലോപയോഗംമൂലം ഭൂഗർഭ ജലനിരപ്പ് കുറയുന്നതായി ഏതെങ്കിലും പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബഹുനില കെട്ടിടങ്ങളുടെയും ഫ്ലാറ്റുകളുടെയും വലിയ തോതിലുള്ള ഭൂഗർഭജല ഉപയോഗംമൂലം ഭൂഗർഭ ജലനിരപ്പ് കുറയുന്നതുമായി ബന്ധപ്പെട്ട് ഭൂജലവകുപ്പ് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ 2017 മാർച്ചിൽ പ്രസിദ്ധീകരിച്ച ഭൂജല എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വിവിധ ആവശ്യങ്ങൾക്കുള്ള വാർഷിക ഭൂജല ഉപഭോഗം ചുവടെ ചേർക്കുന്നു.

ഗാർഹികം-1.44 ബില്യൺ ക്യൂബിക് മീറ്റർ, കൃഷി-1.22 ബില്യൺ ക്യൂബിക് മീറ്റർ, വ്യാവസായികം-0.014 ബില്യൺ ക്യൂബിക് മീറ്റർ. സംസ്ഥാന ഭൂജല അതോറിറ്റി അംഗീകരിച്ച ഭൂജല ഉപഭോഗത്തിനുള്ള മാർഗ്ഗരേഖ പ്രകാരം, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭൂജല ഉപഭോഗത്തിന് ശാസ്ത്രീയ പരിശോധനകൾ നടത്തി ജില്ലാതല അവലോകന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂജല അതോറിറ്റിയാണ് അന്തിമ നിരാക്ഷേപപത്രം നൽകി വരുന്നത്.

(ഡി) വൻതോതിലുള്ള ഉപഭോഗംമൂലമുണ്ടാകുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭൂജല ഉപഭോഗംമൂലമുണ്ടാകുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു. കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, ഹാന്റ് പമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഹ്രസ്വകാല പദ്ധതികളായി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ 4 കോടി രൂപ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്ക് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 266 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 51 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഭൂജലസംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം 10 കോടി രൂപ വിവിധ ഭൂജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്ലാൻഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ റീചാർജ്ജ് പിറ്റ്/ കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൻകീഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. 1000 പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പ് ഈ വർഷം ലക്ഷ്യമിടുന്നു. 119 പദ്ധതികൾക്ക് 268 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതുവരെ 23 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയിൽ പ്രധാനമായും ചെറുകിട കുടിവെള്ള പദ്ധതികളാണ് ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് പ്രതിദിനം ആളോഹരി 70 ലിറ്റർ ലഭിക്കുന്ന പ്രകാരമാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ജലനിധി പദ്ധതിയുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾവഴിയായതിനാൽ വൻതോതിലുള്ള ഉപഭോഗത്തിന് സാദ്ധ്യതയില്ല. ജല സംരക്ഷണത്തിനായി ജലനിധി പദ്ധതിയിൽ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിയിട്ടുണ്ട്. നിലവിൽ KRWSA-യുടെ ഭാഗമായ മഴകേന്ദ്രം വഴി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting) എന്നീ പ്രവർത്തനങ്ങളും നടപ്പാക്കുന്നുണ്ട്.

## ഭൂഗർഭ ജലത്തിന്റെ അളവ്

195(2231) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിനെപ്പറ്റി ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലവിഭവശേഷി തിട്ടപ്പെടുത്തി 3 വർഷത്തിലൊരിക്കൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നത് വാർഷികമായി സംപോഷണം ചെയ്യപ്പെടുന്ന ഭൂജലത്തിൽനിന്നും എത്ര അളവ് ഭൂജലം ഉപയോഗിക്കുന്നുവെന്നതിനെ അടിസ്ഥാനമാക്കിയാണ്. 2017 മാർച്ച് 31-ന് പ്രസിദ്ധീകരിച്ച GEC റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാനത്തെ ആകെ ഭൂജല സമ്പത്ത് 5211.75 ദശലക്ഷം ക്യൂബിക് മീറ്ററാണ്. ടി റിപ്പോർട്ടിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളെ, അമിത ചൂഷിതം (over exploited), സന്നിദ്ധാവസ്ഥ (critical), അർദ്ധ സന്നിദ്ധാവസ്ഥ (semi critical), സുരക്ഷിതം (safe) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. കൂടാതെ സമാന ഹൈഡ്രോജിയോളജിയുള്ള സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ, 1 ടൗൺ ഷിപ്പ് എന്നിവയെക്കൂടി സമീപ ബ്ലോക്കുകളോട് കൂട്ടിച്ചേർത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1* - ൽ ഉള്ളടക്കം ചെയ്യുന്നു.

(ബി) ഭൂഗർഭ ജലത്തിന്റെ അളവ് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

സംസ്ഥാനത്ത് സുസ്ഥിര ഭൂജല വികസനം നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഭൂഗർഭ ജലത്തിന്റെ അളവ് സംരക്ഷിക്കുന്നതിനായി ' ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല വകുപ്പ് അവലംബിച്ചുവരുന്നു. തുറന്ന കിണർ/റീ ചാർജ്ജ് പിറ്റ്/കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൻകീഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. ജലനിധി പദ്ധതിയിൽ ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

196(2232) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മുഖേന അരൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ 24525 വീടുകൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിലേയ്ക്കായി 2,899.40 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 10572 കുടിവെള്ള കണക്ഷനുകൾ ജലജീവൻ പദ്ധതിയിൽ നൽകിയിട്ടുണ്ട്. അരൂക്കുറ്റി, പള്ളിപ്പുറം, പെരുമ്പളം, പാണാവള്ളി എന്നീ പഞ്ചായത്തുകൾക്കായുള്ള ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 2021-22-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും എഴുപുന്ന, കുത്തിയതോട്, അരൂർ, തുറവൂർ, പട്ടണക്കാട് എന്നിവിടങ്ങളിൽ 11.95 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ നിക്ഷേപ പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) ആരംഭിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) അരൂക്കുറ്റി, പള്ളിപ്പുറം, പെരുമ്പളം, പാണാവള്ളി എന്നീ പഞ്ചായത്തുകൾക്കായുള്ള ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 2021-22-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി നൽകിയിട്ടില്ല. ഇക്കാരണത്താൽ ഈ പ്രവൃത്തി ആരംഭിച്ചിട്ടില്ല. സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ

197(2233) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിലമ്പൂർ മണ്ഡലത്തിലെ ജല ജീവൻ മിഷൻ

198(2234) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതെന്നും ഈ പദ്ധതികളുടെ നിർവ്വഹണത്തിന് കണക്കാക്കിയ മതിപ്പുതുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്നും എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് പദ്ധതിവഴി നൽകാനാകുകയെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ&ബി) നിലമ്പൂർ മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനായി 592.10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളെല്ലാംതന്നെ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളാണ്. നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) മേൽപദ്ധതികൾക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പദ്ധതിക്ക് ഇതുവരെയും അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കരുളായി, മൂത്തേടം, അമരമ്പലം, എടക്കര, വഴിക്കടവ്, പോത്തുകല്ല്, ചുങ്കത്തറ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും അവയുടെ പ്രതികണക്ഷൻ ചെലവ് ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ വളരെ കൂടുതലായിരുന്നു. അതിനാൽ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം പരിഷ്കരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(ഡി) ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ പദ്ധതിയോട് വിമുഖത കാണിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ പഞ്ചായത്തുകളൊന്നുംതന്നെ പദ്ധതിയോട് വിമുഖത കാണിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അപ്പെക്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി മേൽപദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കമ്മിറ്റി അടുത്ത യോഗം ചേരുന്നത് എന്നാണെന്ന് അറിയിക്കാമോ;

ഇല്ല. ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം തയ്യാറാക്കുന്ന പുതിയ പദ്ധതികൾക്കാണ് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം നൽകുന്നത്. പഞ്ചായത്തുകളുടെ റസല്യൂഷനും, ഡി.ഡബ്ല്യൂ.എസ്.എം. അംഗീകാരവും ലഭിക്കുന്നമുറയ്ക്ക് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി പദ്ധതികൾ പരിഗണിക്കുന്നതാണ്. സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ യോഗം ചേരുന്നത്.

(എഫ്) ജല ജീവൻ മിഷൻ പ്രകാരമുള്ള പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനാണ് ജലജീവൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## തൃക്കരിപ്പൂർ ജലജീവൻ മിഷൻ പദ്ധതി

199(2235) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുവേണ്ട എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി സ്ഥലലഭ്യത ഉറപ്പാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും എത്രകുടുംബങ്ങൾക്ക് പദ്ധതിവഴി ശുദ്ധജലം ലഭിക്കുമെന്നും വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് 30,142 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിവഴി തൃക്കരിപ്പൂർ മണ്ഡലത്തിലെ 20,305 കുടുംബങ്ങൾക്കും സമീപ പ്രദേശമായ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ-ആലപ്പടമ്പ പഞ്ചായത്തുകളിലെ 10,705 കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതാണ്.

**പിറവം മണ്ഡലത്തിലെ പദ്ധതികൾ**

200(2236) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയതെന്നറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിൽ ജലസേചന വകുപ്പിനുകീഴിൽ "SDRF - Irrigation Division, Ernakulam - Protection works to the right bank of Muvattupuzha river in division No. 23 of Piravom Municipality downstream of Thottamattathil kadavu" എന്ന 25 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കും പദ്ധതി വിഭാഗം 2 കാര്യാലയത്തിനുകീഴിൽ 26 പ്രവൃത്തികൾക്കായി 129.10 ലക്ഷം രൂപയുടെയും ജല അതോറിറ്റിക്കുകീഴിൽ 3 പ്രവൃത്തികൾക്കായി 68 ലക്ഷം രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ജല അതോറിറ്റി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ജല ജീവൻ പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗാർഹിക കണക്ഷനുകൾ മണ്ഡലത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിലേയ്ക്ക് എത്ര രൂപ ചെലവായെന്ന് അറിയിക്കുമോ?

ജലജീവൻ പദ്ധതി പ്രകാരം 9 പഞ്ചായത്തുകളിലായി ഇതുവരെ 3416 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആകെ 9131 കണക്ഷനുകൾ നൽകുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതുവരെ 2,63,98,790 രൂപ ചെലവായിട്ടുണ്ട്.

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; അതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൈനർ ഇറിഗേഷന് കീഴിൽ നബാർഡിൽ ഉൾക്കൊള്ളിക്കുന്നതിനായി 4.17 കോടി രൂപയുടെ അടങ്കൽ തുകയുള്ള ആമ്പല്ലൂർ കീച്ചേരി ബണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള ഡി.പി.ആർ പരിഗണനയിലാണ്. ഇതുകൂടാതെ മൂവാറ്റുപുഴ നദിയുടെ വിവിധ പ്രദേശങ്ങളിൽ തീരസംരക്ഷണത്തിനായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും മുൻഗണനാക്രമവും അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. കേരള ജല അതോറിറ്റി മുഖേന 2024-ാം ആണ്ടോടുകൂടി എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് എസ്റ്റിമേറ്റ് തുക (കോടി) കുടിവെള്ള കണക്ഷനുകളുടെ എണ്ണം ആമ്പല്ലൂർ, എടക്കാട്ടു വയൽ, 109.36 11705 മണീട്, മുളന്തുരുത്തി രാമമംഗലം, പാമ്പാക്കുട 91.85 3544 ഇലഞ്ഞി 32.7 1379 തിരുമാറാടി 43.9 2714 ചോറ്റാനിക്കര 6.17 2360.

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

201(2237) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കേരള ജല അതോറിറ്റി കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) തൃക്കരുവ, പനയം, പെരിനാട്, മൺട്രോതുരുത്ത് പഞ്ചായത്തുകൾക്കു കൂടി പ്രയോജനപ്രദമാകുന്ന വിധത്തിൽ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തൃക്കരുവ, പനയം, പെരിനാട്, മൺട്രോതുരുത്ത് പഞ്ചായത്തുകളെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 110.96 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് District Water And Sanitation Mission (DWSM) അനുമതി ലഭിച്ചശേഷം State Level Scheme Sanctioning Committee (SLSSC)-യുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മട്ടന്നൂർ-ഇരിട്ടി കുടിവെള്ള പദ്ധതി

202(2238) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ-ഇരിട്ടി കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി - ഒന്നാം ഘട്ടത്തിന് 76.6 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 4 പാക്കേജുകളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാക്കേജ്-1 -വെളിയമ്പ്രയിൽ കിണറും പമ്പ് ഹൗസും മറ്റനുബന്ധ ഘടകങ്ങളും പൈപ്പ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തി. പാക്കേജ്-2-ചാവശ്ശേരി പറമ്പിൽ 42 MLD ജലശുദ്ധീകരണശാലയും 34 ലക്ഷം ലിറ്റർ, 21 ലക്ഷം ലിറ്റർ ടാങ്കുകൾ നിർമ്മിക്കുന്ന പ്രവൃത്തി. പാക്കേജ്-3- മട്ടന്നൂർ കൊതേരിയിൽ 15 ലക്ഷം ലിറ്റർ ടാങ്കും അനുബന്ധ പൈപ്പ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ ഇതിനകം പൂർത്തിയായിട്ടുണ്ട്. പാക്കേജ്-4- ന്റെ ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂളിന് സമീപം 15 ലക്ഷം ലിറ്റർ ഉപരിതല സംഭരണി, മട്ടന്നൂർ മഞ്ചകുന്നിൽ 3 ലക്ഷം ലിറ്റർ ജല സംഭരണിയും അനുബന്ധ പൈപ്പ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിക്കുന്നു. ഈ പ്രവൃത്തികൾകൂടി പൂർത്തീകരിച്ച് മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി - ഒന്നാം ഘട്ടത്തിന്റെ എല്ലാ പ്രവൃത്തികളും 2022 മേയ് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ മട്ടന്നൂർ നഗരസഭാതിർത്തിയിൽപ്പെടുന്ന എത്ര ഗുണഭോക്താക്കളുണ്ടെന്നും പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പദ്ധതി പ്രകാരം മട്ടന്നൂർ നഗരസഭയിൽ ഉദ്ദേശം 49,083 ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാൻ സാധിക്കും. മട്ടന്നൂർ-ഇരിട്ടി ശുദ്ധജല പദ്ധതിയുടെ രണ്ടാം ഘട്ടമായ വിതരണ ശൃംഖലയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി സർക്കാരിന്റെ പരിഗണനയിലാണ്.

## ജല ജീവൻ മിഷനും തദ്ദേശസ്ഥാപനങ്ങളും

203(2239) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിലെ കുടിവെള്ള പദ്ധതിയായ ജല ജീവൻ മിഷനുമായി കരാറിലേർപ്പെടുന്നതിന് തദ്ദേശസ്ഥാപനങ്ങൾ വിമുഖത കാണിക്കുന്ന സാഹചര്യം നിലവിലുണ്ടോ?

ജല ജീവൻ മിഷനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില പഞ്ചായത്തുകൾ കൂടുതൽ സംശയനിവാരണം ആവശ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി കണക്ഷനുകൾ നൽകുമ്പോഴുള്ള വിഹിതം ഉൾപ്പെടെ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് തദ്ദേശസ്ഥാപനങ്ങൾ ചെയ്തുകൊടുക്കേണ്ടിവരുന്നത്?

ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ളിലെ കുടിവെള്ള വിതരണവും മറ്റുകാര്യങ്ങളും ഗ്രാമ ജലശുചിത്വ കമ്മിറ്റിയുടെ നേതൃത്വത്തിലായിരിക്കും നടത്തുന്നത്. പദ്ധതിയുടെ നിർവ്വഹണത്തിൽ ഓരോ പദ്ധതിക്കും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. ഇതിനുപുറമെ സംസ്ഥാനത്ത് പദ്ധതിച്ചെലവിന്റെ 15% ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലലഭ്യത ഉറപ്പാക്കുക, ജനപങ്കാളിത്തം ഉറപ്പാക്കുക, പദ്ധതി നിർവ്വഹണത്തിൽ പ്രാദേശികമായി നേരിടേണ്ടിവരുന്ന തടസ്സങ്ങൾ പരിഹരിക്കുക, പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുക തുടങ്ങിയവയും ബന്ധപ്പെട്ട പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്.

(സി) ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഉപഭോക്താക്കളിൽനിന്ന് വെള്ളക്കരം പിരിക്കേണ്ട ചുമതല തദ്ദേശസ്ഥാപനങ്ങളിൽ വന്നുചേരുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) കൂടാതെ ജലവിതരണം, പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിലായിരിക്കുമോ നടപ്പാക്കുകയെന്ന് അറിയിക്കാമോ?

(സി&ഡി) ജലജീവൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ളിലെ കുടിവെള്ള വിതരണവും തുടർപരിപാലനവും വാട്ടർ ചാർജ്ജ് കളക്ഷനും ഗ്രാമപഞ്ചായത്ത് ജല ശുചിത്വകമ്മിറ്റിയുടെ നേതൃത്വത്തിലായിരിക്കണം നടത്തേണ്ടത്. പദ്ധതികളുടെ തുടർപരിപാലനവുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പ്രകാരം കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ഒപ്പുവയ്ക്കുന്ന കരാറിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഇ) പദ്ധതി നടത്തിപ്പ് സംബന്ധിച്ച തദ്ദേശസ്ഥാപനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി, പദ്ധതിയുടെ മിഷൻ ഡയറക്ടറായ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുമായി ചർച്ചകൾ നടത്തുകയുണ്ടായി. പദ്ധതിയുടെ മാർഗ്ഗരേഖ ഉൾപ്പെടുത്തിയ കൈപുസ്തകം എല്ലാ പഞ്ചായത്തുകളിലും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി, പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പദ്ധതിയെപ്പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ വാട്ടർ അതോറിറ്റി ട്രെയിനിംഗ് സെന്റർ, ജലനിധി, കില തുടങ്ങിയ സ്ഥാപനങ്ങൾവഴി തുടർന്നും നടത്തിവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുവാനായി നിർവ്വഹണ സഹായ ഏജൻസികളെയും തെരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്.

## ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ

204(2240) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നാണ് ഈ പദ്ധതി ആവിഷ്കരിച്ചതെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷത്തിലാണ് ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ 21.42 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 2020-21 സാമ്പത്തിക വർഷം 404464 കുടിവെള്ള കണക്ഷനുകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷം നൽകുവാൻ ശേഷിക്കുന്ന കണക്ഷനുകൾ കൂടി ഉൾപ്പെടുത്തി 29.37 ലക്ഷം കുടിവെള്ള കണക്ഷനുകൾ ജല ജീവൻ പദ്ധതിയിൽ നൽകുവാനാണ് 2021-22 സാമ്പത്തികവർഷം ലക്ഷ്യമിട്ടിട്ടുള്ളത്. 2021-22 വർഷത്തിൽ 24-7-2021-ലെ കണക്കനുസരിച്ച് 211547 കുടിവെള്ള കണക്ഷനുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. പരമാവധി കണക്ഷനുകൾ നൽകുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; എങ്കിൽ പദ്ധതിയിൽ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം, തദ്ദേശസ്ഥാപനവിഹിതം, ഗുണഭോക്തൃവിഹിതം എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ജല ജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 15% വിഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനമാണ് വഹിക്കേണ്ടത്. വില്ലേജ് ഇൻഫ്രാസ്ട്രക്ച്ചർ നടപ്പിലാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനം ഉപഭോക്തൃ വിഹിതമായും ഉറപ്പാക്കേണ്ടതുണ്ട്.

(സി) ഈ പദ്ധതി ഗ്രാമീണമേഖലകൾക്കായി മാത്രമുള്ളതാണോ; എങ്കിൽ നഗരമേഖലകളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജല ജീവൻ പദ്ധതി ഗ്രാമീണമേഖലയ്ക്ക് മാത്രമുള്ളതാണ്. നഗരമേഖലയ്ക്കായി നിലവിൽ കിഫ്ബി, അമൃത്, സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയിലൂടെ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമെ തദ്ദേശഭരണസ്ഥാപങ്ങളുടെ ഡെപ്പോസിറ്റ്, എം.പി/ എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾവഴിയും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

**ഉടുമ്പൻചോല ജല ജീവൻ മിഷൻ പദ്ധതികൾ**

205(2241) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷം 21.42 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 2020-21 സാമ്പത്തിക വർഷം 404464 കുടിവെള്ള കണക്ഷനുകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷം

നൽകുവാൻ ശേഷിക്കുന്ന കണക്ഷനുകൾകൂടി ഉൾപ്പെടുത്തി 29.37 ലക്ഷം കുടിവെള്ള കണക്ഷനുകൾ ജല ജീവൻ പദ്ധതിയിൽ നൽകുവാനാണ് 2021-22 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുള്ളത്. 2021-22 വർഷത്തിൽ 24-7-2021-ലെ കണക്കനുസരിച്ച് 211547 കുടിവെള്ള കണക്ഷനുകൾ നൽകി കഴിഞ്ഞിട്ടുണ്ട്. കണക്ഷനുകൾ നൽകുവാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ഉടുമ്പൻചോല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രയോജനപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉടുമ്പൻചോല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ജല ജീവൻ പദ്ധതി പ്രയോജനപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ ഈ മിഷന്റെ കീഴിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

നിലവിലുള്ള കുടിവെള്ള പദ്ധതികളിലെ ജലലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കി അനുയോജ്യമായ പദ്ധതികളിൽനിന്നും ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ജലനിധി പദ്ധതി പൂർണ്ണമായും ഭാഗികമായും നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ ഈ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുക; വിശദമാക്കാമോ?

ജലനിധി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ നിലവിലുള്ള പദ്ധതികൾക്ക് മതിയായ സ്രോതസ് ലഭ്യമാണെങ്കിൽ അതിൽനിന്നും കണക്ഷനുകൾ നൽകിയും മതിയായ സ്രോതസ്സുകളില്ലാത്ത സ്ഥലങ്ങളിൽ അധിക സ്രോതസ് നിർമ്മിച്ചോ വാട്ടർ അതോറിറ്റിയിൽനിന്നും ബൾക്ക് വാട്ടർ വാങ്ങി പദ്ധതിയുടെ ടാങ്കിൽ എത്തിച്ചുകൊണ്ടോ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണ്.

**മണ്ണാർക്കാട് മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ**

206(2242) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖേന എത്ര തുകയുടെ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖേന 1,961.104 ലക്ഷം രൂപയുടെ പ്രവൃത്തികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം (1)* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖേന കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖേന ആകെ 188 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം (2)* ആയി ചേർക്കുന്നു.

**കൽപ്പറ്റ മണ്ഡലത്തിലെ ജല ജീവൻ മിഷൻ**

207(2243) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ജല ജീവൻ മിഷൻ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മൂപ്പൈനാട്, മുട്ടിൽ, പടിഞ്ഞാറേത്തറ, തരിയോട്, വേങ്ങാപ്പള്ളി, വൈത്തിരി, കണിയാമ്പറ്റ, പൊഴുതന, കോട്ടത്തറ എന്നീ പഞ്ചായത്തുകൾക്കായി 4470 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. നിലവിൽ 3087 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധം 1* ആയിചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ രണ്ടാംഘട്ടത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറേത്തറ, കണിയാമ്പറ്റ, മേപ്പാടി, മൂപ്പൈനാട്, വൈത്തിരി, തരിയോട്, പൊഴുതന, കോട്ടത്തറ, വേങ്ങാപ്പള്ളി എന്നീ പഞ്ചായത്തുകൾക്കായി 39843 കുടിവെള്ള കണക്ഷനുകൾകൂടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിശദവിവരം അനുബന്ധം 2* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മിഷന് വകയിരുത്തിയിട്ടുള്ള ആകെ തുക എത്രയാണെന്നും പദ്ധതികൾ പൂർണ്ണമായും എന്ന് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ജല ജീവൻ മിഷൻ പദ്ധതികൾക്ക് അതാത് വർഷമാണ് തുക വകയിരുത്തുന്നത്. ജല ജീവൻ മിഷൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ സംയുക്തമായാണ് നടപ്പിലാക്കുന്നത്. 2019-20 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ ജല ജീവൻ പദ്ധതികളുടെ നടത്തിപ്പിന് 101.29 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. ഈ തുകയ്ക്കാനുപാതികമായ തുക സംസ്ഥാന സർക്കാരും അനുവദിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 1,804.59 കോടി രൂപയാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ആദ്യഗഡുവായ 451.14 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. ആനുപാതികമായ സംസ്ഥാന സർക്കാർ വിഹിതവും ചേർത്ത് 902.29 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 2020-21-ൽ 963.60 ലക്ഷം രൂപയുടെ ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2024-ഓടുകൂടി ഗ്രാമീണമേഖലയിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നത്.

**നന്നമ്പ്ര പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി**

208(2244) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിനായുള്ള കുടിവെള്ള പദ്ധതിക്ക് 67.83 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നുവെങ്കിലും സിംഗിൾ വില്ലേജ് പദ്ധതിക്ക് നിഷ്കർഷിച്ചിട്ടുള്ള പരമാവധി 25,000 രൂപ എന്ന ജല ജീവൻ മിഷൻ മാനദണ്ഡമനുസരിച്ച് പ്രസ്തുത പ്രവൃത്തി പ്രായോഗികമല്ലാത്തതിനാൽ, മറ്റേതെങ്കിലും ഫണ്ടിംഗ് സ്രോതസ്സിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ന്യൂമാഹി കുടിവെള്ള പദ്ധതി

209(2245) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി മണ്ഡലത്തിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ന്യൂമാഹി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തിൽ ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കായി 20% ബഡ്ജറ്റ് വിഹിതമായി അടങ്കൽ തുക 100 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഈ തുക പ്രസ്തുത പഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് പര്യാപ്തമല്ല. അതിനാൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ന്യൂമാഹി പഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

## ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി

210(2246) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ളപദ്ധതി 3 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ്-1 - നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണശാല, പമ്പിംഗ് മെയിനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണവും വിവിധ പ്രവൃത്തികളും

പുരോഗമിച്ചുവരുന്നു. പാക്കേജ് -1 ന്റെ 47% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പാക്കേജ്-2 - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആവശ്യമായ പൈപ്പുകൾ ഭാഗികമായി വിതരണം ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പാക്കേജ് -3 5-5-2021-ന് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഉത്തരവ് നൽകുകയും പമ്പ് സെറ്റുകളും ട്രാൻസ്ഫോമറുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

2022 മേയ് 31-നകം പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

### ജലഗുണനിലവാര പരിശോധന

211(2247) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിലുള്ള ലാബുകളിൽ എൻ.എ.ബി.എൽ.-ന്റെ അംഗീകാരമുള്ളത് ഏതിനെല്ലാമാണെന്ന് അറിയിക്കാമോ?

എറണാകുളം നെട്ടൂരിൽ സ്ഥിതിചെയ്യുന്ന സംസ്ഥാന ലാബായ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, കൊല്ലം, തിരുവല്ല, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന 8 ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ ഉൾപ്പെടെ 9 ലാബുകൾക്കാണ് നിലവിൽ എൻ.എ.ബി.എൽ.-ന്റെ അംഗീകാരമുള്ളത്.

(സി) 2021-2022 കാലയളവിൽ എൻ.എ.ബി.എൽ.-ന്റെ അക്രെഡിറ്റേഷനു വേണ്ടി അപേക്ഷ സമർപ്പിച്ച ലാബുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

2021-2022 കാലയളവിൽ നാളിതുവരെ എൻ.എ.ബി.എൽ.-ന്റെ അക്രെഡിറ്റേഷനുവേണ്ടി അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല

(ഡി) കൂടുതൽ ലാബുകൾക്ക് അക്രെഡിറ്റേഷൻ എടുക്കുന്നതിനും മുഴുവൻ ലാബുകളെയും ആധുനികവത്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ജല ജീവൻ മിഷൻ 2021-22 പദ്ധതിയിൽപ്പെടുത്തി 6 ജില്ലാ ലാബുകൾ, 32 സബ് ജില്ലാ ലാബുകൾ, ജല ശുദ്ധീകരണശാലകളിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത 37 ലാബുകൾ എന്നിവയുൾപ്പെടെ ആകെ 75 ലാബുകളെ ആധുനികവത്കരിച്ചു. ഇവയ്ക്ക് എൻ.എ.ബി.എൽ.-ന്റെ അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഗാർഹിക-ഗാർഹികേതര കണക്ഷനുകൾ**

212(2248) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ എത്ര ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള വാട്ടർ അതോറിറ്റി 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ നൽകിയിട്ടുള്ള ഗാർഹിക-ഗാർഹികേതര കണക്ഷനുകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 2016-17, 2017-18, 2018-19, 2019-20, 2020-21 കാലയളവിൽ നൽകിയ ഗാർഹിക-ഗാർഹികേതര കണക്ഷനുകളുടെ എണ്ണം താരതമ്യേന കുറഞ്ഞുവരുന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

കേരളത്തിലുണ്ടായ പ്രളയം, കോവിഡ് (ഒന്ന് രണ്ട് തരംഗങ്ങൾ), മഹാമാരി എന്നിവ കാരണം പുതിയ വാണിജ്യ-കച്ചവട വ്യാവസായിക സ്ഥാപനങ്ങൾ ആരംഭിക്കാത്തത് ഗാർഹികേതര കണക്ഷനുകൾ കുറയാൻ കാരണമായി. പുതിയ വീടുകളുടെ നിർമ്മാണത്തിലുണ്ടായ കുറവ് കാരണം ഗാർഹിക കണക്ഷനുകളിലും കുറവ് വന്നിട്ടുണ്ട്. മാത്രവുമല്ല നിലവിലുള്ള വാണിജ്യ-കച്ചവട വ്യാവസായിക സ്ഥാപനങ്ങൾ പലതും തുറക്കാത്തത് കാരണം ഗാർഹികേതര കണക്ഷനുകളിലെ ഉപഭോഗം ഗണ്യമായി കുറയുകയും അതിനോടനുബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ വരുമാനത്തിലും ഗണ്യമായ കുറവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഗാർഹിക-ഗാർഹികേതര കണക്ഷനുകൾ ആവശ്യപ്പെടുന്ന മുറയ്ക്കുതന്നെ നൽകിവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുടിവെള്ള പദ്ധതികൾ

213(2249) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കേരള വാട്ടർ അതോറിറ്റി, ജലനിധി എന്നിവ മുഖേന നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ എ.ഡി.ബി. ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 മുടങ്ങാതെ കുടിവെള്ളം നൽകുന്നതിനായി 2,511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുവേണ്ട പ്രാരംഭനടപടികൾ നടന്നുവരുന്നു. സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം മുടങ്ങാതെ ലഭ്യമാക്കുന്നതിനായി നിലവിലുള്ള പദ്ധതികളുടെ പൂർണ്ണമായശേഷി ഉപയോഗപ്പെടുത്തിയും സാദ്ധ്യമായ ഇടങ്ങളിൽ പുനരുദ്ധാരണം നടത്തി ശേഷിവർദ്ധിപ്പിച്ചും ജലവിതരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുടിവെള്ള പദ്ധതികൾ അപര്യാപ്തമായ മേഖലകളിലേയ്ക്ക് പുതിയ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. കൂടാതെ അമൃത്, കിഫ്ബി, ആർ.കെ.ഐ., സ്റ്റേറ്റ് പ്ലാൻ, ജല ജീവൻ മിഷൻ പദ്ധതികൾ, എം.എൽ.എ/എം.പി ഫണ്ട് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്, നബാർഡ്, മൈനോറിറ്റി തുടങ്ങിയ ഫണ്ടുകളുപയോഗിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ച സ്ഥലങ്ങളിൽ ശുദ്ധവും തടസ്സം കൂടാതെയുമുള്ള ജലം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ച സ്ഥലങ്ങളിൽ ശുദ്ധവും തടസ്സം കൂടാതെയുമുള്ള ജലം നൽകുന്നതിന് താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖലയിലെ ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങളിൽ തുല്യജലലഭ്യത ഉറപ്പാക്കുന്നതിനായി വാൽവുകൾ ഘടിപ്പിച്ച് ക്രമീകരണം നടത്തിയും വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പുകളുടെയും മോട്ടോറുകളുടേയും കപ്പാസിറ്റി

വർദ്ധിപ്പിച്ചും പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും വാൽവ് സ്ഥാപിച്ചും കുഴൽകിണർ പദ്ധതികൾ പുനരുദ്ധരിച്ചും തടയണകൾ നിർമ്മിച്ച് സ്രോതസ്സിന്റെ ജലലഭ്യത ഉയർത്തിയും പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ നടത്തിയും ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പദ്ധതികളുടെ പൂർണ്ണശേഷി ഉറപ്പാക്കി ജലവിതരണം സുഗമമായി നടത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ KSEB തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കിയും വൈദ്യുതി തടസ്സം ഒഴിവാക്കിയും കുടിവെള്ളം തടസ്സം കൂടാതെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലനിധി പദ്ധതിയിലും മറ്റുപദ്ധതികളിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചതും സാമൂഹ്യ ഉടമസ്ഥതയിൽ ഗുണഭോക്താക്കൾതന്നെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്നതുമായ കുടിവെള്ള സ്കീമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുംവേണ്ടി സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുള്ള പദ്ധതിയാണ് സുസ്ഥിരത പദ്ധതി. കെ.ആർ.ഡബ്ല്യൂ.എസ്.എ. മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി ആകെ 1300 കുടിവെള്ള പദ്ധതികൾക്കായി 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ തുടർനടത്തിപ്പ് നിയമാവലി അംഗീകരിച്ച ഗുണഭോക്തൃ സമിതികളുടെ 968 സ്കീമുകൾ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഏറ്റെടുക്കുകയും 366 പദ്ധതികൾ പുനരുദ്ധീകരിച്ച് ജലവിതരണം സുഗമമാക്കുകയും ചെയ്തു. ബാക്കിയുള്ള കുടിവെള്ള പദ്ധതികളിലെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുകയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 339 കുടിവെള്ള പദ്ധതികൾകൂടി നവീകരിക്കുന്നതിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പൈപ്പ് ലൈൻ ഇടയ്ക്കിടെ പൊട്ടുന്നത് ശാസ്ത്രീയമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ കാലപ്പഴക്കംചെന്ന വിതരണ പൈപ്പുകൾ സമയബന്ധിതമായി KWA പൈപ്പ് പോളിസി നിർദ്ദേശിക്കുന്ന പ്രകാരമുള്ള പൈപ്പുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുക, പൈപ്പ്ലൈനുകളിലെ മർദ്ദം രേഖപ്പെടുത്തുന്ന മീറ്ററുകൾ സ്ഥാപിച്ച് മർദ്ദം ശരിയായ രീതിയിൽ ക്രമീകരിക്കുക, ക്വിക്ക് റിലീസ്, ഫ്ലോ കൺട്രോൾ വാൽവുകൾ സ്ഥാപിക്കുക, റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ പൈപ്പുകൾക്ക് മതിയായ സംരക്ഷണം ഉറപ്പാക്കുക, പൈപ്പ് പ്രീ ഡെലിവറി ഇൻസ്പെക്ഷൻ കുറ്റമറ്റതാക്കുക, SCADA പോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക, പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക, നൂതന സംവിധാനമായ GPS പോലുള്ളവ

ഉപയോഗപ്പെടുത്തി വിതരണ മേഖല തരംതിരിച്ച് ജലവിതരണം നടത്തുക എന്നീ നടപടികളിലൂടെ പൈപ്പ്ലൈൻ ഇടയ്ക്കിടെ പൊട്ടുന്നത് ശാസ്ത്രീയമായി പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പ്, പരിപാലനം തുടങ്ങിയ പ്രവൃത്തികൾ അതാത് ഗുണഭോക്തൃ സമിതികൾ നേരിട്ടാണ് ചെയ്യുന്നത്. പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന മെയിന്റനൻസ്, ലീക്കേജ് തുടങ്ങിയ പ്രശ്നങ്ങൾ സമിതികൾതന്നെ പരിഹരിക്കുകയാണ് ചെയ്യുന്നത്. ജലനിധി പദ്ധതികളിൽ പല കാരണങ്ങളാലും പ്രവർത്തനരഹിതമായതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് അവയെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി കേരള സർക്കാർ സാമൂഹിക കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് (sustainability support to community managed water supply scheme). ഇതിൽപ്പെടുത്തി കേടുപാടുകൾ സംഭവിച്ച പൈപ്പുലൈനുകളും മറ്റുഘടകങ്ങളും മാറ്റി പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

### മഞ്ചേശ്വരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

214(2250) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും അടുത്തകാലത്ത് പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

(എ&ബി) ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിലെ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1*ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ ഭരണാനുമതി നൽകിയ എല്ലാ പദ്ധതികളും പുരോഗമിച്ചുവരുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. എസ്.ടി.ഡി.ഡി-എൻമകജെ പഞ്ചായത്തിലെ പാണ്ടിഗയ എസ്.ടി. കോളനി കുടിവെള്ള പദ്ധതി - ഭരണാനുമതി തുക 44.60 ലക്ഷം രൂപ.

2. ഡെപ്പോസിറ്റ് പ്രവൃത്തി-മംഗൽപാടി പഞ്ചായത്തിലെ ഒളയത്തിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ - ഭരണാനുമതി തുക 12 ലക്ഷം രൂപ.

3. കെഡിപി-ഉപ്പള കുടിവെള്ള പദ്ധതി വിപുലീകരണം - ഭരണാനുമതി തുക 500 ലക്ഷം രൂപ.

4. സ്റ്റേറ്റ് പ്ലാൻ 2020-21 – വോർക്കാടി പഞ്ചായത്തിലെ വോർക്കാടി കുടിവെള്ള പദ്ധതി വിപുലീകരണം, ആനക്കല്ല് തടയണ അറ്റകുറ്റപ്പണി - ഭരണാനുമതി തുക 100 ലക്ഷം രൂപ.

5. സ്റ്റേറ്റ് പ്ലാൻ 2020-21 - വിവിധ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിലേയ്ക്കുള്ള ലാബ് ഉപകരണങ്ങളുടെ വിതരണം - ഭരണാനുമതി തുക 6.20 ലക്ഷം രൂപ.

6. ജല ജീവൻ മിഷൻ- കുമ്പള ഗ്രാമപഞ്ചായത്ത് - 1986 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 495 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

7. ജല ജീവൻ മിഷൻ - എൻമകജെ ഗ്രാമപഞ്ചായത്ത് - 3500 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 960 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

8. ജല ജീവൻ മിഷൻ - മംഗൽപാടി ഗ്രാമപഞ്ചായത്ത് - 5240 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 1,115 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

9. ജല ജീവൻ മിഷൻ - മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് - 4400 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 1,090 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

10. ജല ജീവൻ മിഷൻ - വോർക്കാടി ഗ്രാമപഞ്ചായത്ത് - 3313 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 929 ലക്ഷം രൂപഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) മണ്ഡലത്തിൽ ഭരണാനുമതിക്കായി സമർപ്പിച്ച ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാരിന്റെ പരിഗണനയിലുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു. 2021-22-ൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. 1. ജല ജീവൻ മിഷൻ - പുത്തിഗെ ഗ്രാമപഞ്ചായത്ത് - ടാപ്പ് കണഷനുകളുടെ എണ്ണം - 4752, എസ്റ്റിമേറ്റ് തുക 4,529 ലക്ഷം രൂപ.

2. ജല ജീവൻ മിഷൻ - എൻമകജെ ഗ്രാമപഞ്ചായത്ത് - ടാപ്പ് കണഷനുകളുടെ എണ്ണം - 1746, എസ്റ്റിമേറ്റ് തുക 754 ലക്ഷം രൂപ.

3. ജല ജീവൻ മിഷൻ - വോർക്കാടി ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 2120, എസ്റ്റിമേറ്റ് തുക 932 ലക്ഷം രൂപ.

4. ജല ജീവൻ മിഷൻ - മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 2586, എസ്റ്റിമേറ്റ് തുക 1,311 ലക്ഷം രൂപ.

5. ജല ജീവൻ മിഷൻ - കുമ്പള ഗ്രാമ പഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 6340, എസ്റ്റിമേറ്റ് തുക 5,735 ലക്ഷം രൂപ.

6. ജല ജീവൻ മിഷൻ - മംഗൽപാടി ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 3581, എസ്റ്റിമേറ്റ് തുക 3,239 ലക്ഷം രൂപ.

## ഹരിത കേരള മിഷന്റെ ജലസംരക്ഷണ പദ്ധതി

215(2251) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ജല സംരക്ഷണ ഉപമിഷന്റെ ഭാഗമായി ജലവിഭവ വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത്; ആയതിലേയ്ക്ക് നാളിതുവരെയായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി" പ്രവർത്തനങ്ങൾ സംയോജിത നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ സംയോജിത നീർത്തട പ്ലാനും ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട മാസ്റ്റർ പ്ലാനും തയ്യാറാക്കുന്ന പ്രവർത്തനമാണ് പൂർത്തിയാക്കിയത്. റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽനിന്ന് താഴേയ്ക്ക്)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമീപനം സ്വീകരിച്ചുകൊണ്ട് നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളിൽ, കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, കുളങ്ങൾ/ചിറകളുടെ സംരക്ഷണം, തോടുകൾ/ നീർച്ചാലുകളുടെ സംരക്ഷണവും നീരൊഴുക്ക് സുഗമമാക്കലും, ഭൂജലപോഷണം വർദ്ധിപ്പിക്കുന്നതിനും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുമായി തടയണകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്കായി സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് നാളിതുവരെയായി 1,589.43 ലക്ഷം രൂപ (ഹരിത കേരളം ശീർഷകത്തിൽ നിന്നും) ചെലവഴിച്ചിട്ടുണ്ട്. ഹരിതകേരളം ക്ലാസ്സ് -I, ഹരിതകേരളം ക്ലാസ്സ്-II, റിനവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് എന്നീ മൂന്ന് ശീർഷകങ്ങളിലാണ് മേൽപ്പറഞ്ഞ 1,589.43 ലക്ഷം രൂപ വിനിയോഗിക്കപ്പെട്ടത്.

(ബി) പുതിയ എന്തെല്ലാം പദ്ധതികളാണ് ജലസംരക്ഷണ ഉപമിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ജലസംരക്ഷണം, ഭൂജലപോഷണം, ജലസ്രോതസ്സുകൾ ശുചിയാക്കൽ, പ്രതിശീർഷ ജലലഭ്യത വർദ്ധിപ്പിക്കൽ, കാലാവസ്ഥാമാറ്റം കൊണ്ട് ജലവിഭവ മേഖലയിലുണ്ടാകുന്ന ആഘാതം കുറയ്ക്കുംവിധമുള്ള പ്രവർത്തനങ്ങൾ, തോടുകൾ/പുഴകൾ എന്നിവയിലെ നീരൊഴുക്ക് സ്ഥായിയാക്കുംവിധമുള്ള പ്രവൃത്തികൾ എന്നിവയോടൊപ്പം നിർവ്വഹിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരം ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് രേഖപ്പെടുത്തുന്ന പ്രവർത്തനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറായിട്ടുണ്ട്. സാങ്കേതിക സമിതികളുടെ സഹായത്തോടെ അവ കൂടുതൽ മൂർത്തമാക്കി നിർവ്വഹണ പ്ലാൻ തയ്യാറാക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ അവയുടെ നിർവ്വഹണം നടത്താനുമാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതികൾ ശാസ്ത്രീയമായി, സാങ്കേതിക തികവോടെ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സംവിധാനവും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ഡാറ്റയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഹരിതകേരളം മിഷൻ വഴി സാധ്യമാക്കാനാകും. തദ്ദേശഭരണ സ്ഥാപനതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും ജിയോ റഫറൻസ് ചെയ്ത വിവരങ്ങൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും റിപ്പോർട്ടായി തയ്യാറാക്കുന്നതിനും സഹായകരമായി. ഹരിതകേരളം മിഷൻ വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ " ഹരിതദൃഷ്ടി" ഉപയോഗപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ എന്നിവയിൽനിന്നും കൃത്യമായ റിപ്പോർട്ടുകൾ ശേഖരിക്കാനാകും. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ഗുണഫലം സംസ്ഥാനതലത്തിൽ പരിശോധിക്കാൻ സാധിക്കും.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച മാപ്പത്തോൺ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ നീർച്ചാലുകളും ജലസ്രോതസ്സുകളും മറ്റുപൊതുആസ്തികളും ഡിജിറ്റൽ മാപ്പിലേയ്ക്ക് അടയാളപ്പെടുത്തുന്ന പ്രവർത്തനവും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ നീർച്ചാലുകളിൽ നടക്കുന്ന പ്രവർത്തനങ്ങളും ഈ മാപ്പുകളിൽ രേഖപ്പെടുത്താൻ കഴിയും. ജിയോ റഫറൻസിംഗ് ചെയ്ത് രേഖപ്പെടുത്തുന്ന ഈ വിവരങ്ങൾ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നതാണ്.

## ഏറനാട് മണ്ഡലത്തിലെ മൈനോറിറ്റി കുടിവെള്ള പദ്ധതി

216(2252) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനോറിറ്റി കുടിവെള്ള പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ?

മൈനോരിറ്റി കുടിവെള്ള പദ്ധതി എന്നൊരു പദ്ധതി വാട്ടർ അതോറിറ്റിക്കില്ല. മൈനോരിറ്റി വെൽഫയർ ഡിപ്പാർട്ടുമെന്റ് മുഖേന ഭരണാനുമതി നൽകിയ തുക ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി* ചേർക്കുന്നു.

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് കൃത്യമായ മോണിറ്ററിംഗ് നടത്താത്തതാണ് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്തതിന് കാരണമെന്ന കാര്യം ഗൗരവമായി കണ്ട് ഈ പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ കുടിവെള്ള പദ്ധതികളും കൃത്യമായ മോണിറ്ററിംഗ് നടത്താനായി PASK എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. കാലതാമസം നേരിട്ട പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരാറുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമം

217(2253) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ തീരപ്രദേശങ്ങളിൽ വിവിധ പദ്ധതികളിൽനിന്ന് ജലവിതരണം നടത്തിവരുന്നുണ്ട്.

(ബി) നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകൾക്കായി പ്രത്യേക കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ലെന്ന കാര്യം പരിശോധിക്കുകയുണ്ടായോ?

നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകളിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിൽ നിലവിലുള്ള ജലവിതരണ ശൃംഖലയിൽ ആവശ്യമായ ശുദ്ധജലം നിലവിൽ ഉറപ്പാക്കുന്നുണ്ട്. തിരുവനന്തപുരത്തെ തീരദേശ മേഖലയെ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ കുടിവെള്ള വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതി, കോർപ്പറേഷന്റെ ഡെപ്പോസിറ്റ് പ്രവൃത്തി എന്നിവയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല വിപുലീകരിക്കുന്ന പ്രവൃത്തികളും നടന്നുവരുന്നു.

2. കൊല്ലം ജില്ലയിലെ തീരദേശ മേഖലയിൽ നിലവിലുള്ള ജലവിതരണ ശൃംഖലയിൽ ആവശ്യമായ ശുദ്ധജലം നിലവിൽ ഉറപ്പാക്കുന്നുണ്ട്. കൊല്ലം കോർപ്പറേഷനിലെ തീരദേശ മേഖലകളായ ഇരവിപുരം ശക്തികുളങ്ങര QWSS പദ്ധതിയിൽ ഉൾപ്പെടുത്തിയും മയ്യനാട് തീരദേശ മേഖലയിലും പരവൂർ മുനിസിപ്പാലിറ്റിയിലും ജിക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയുമാണ് കുടിവെള്ള വിതരണം നടത്തിവരുന്നത്.

3. ആലപ്പുഴ ജില്ലയിൽ ചേർത്തല നഗരസഭയിൽ ജപ്പാൻ ധനസഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതി നിലവിലുണ്ട്. ആലപ്പുഴ നഗരസഭയിൽ ആലപ്പുഴ കുടിവെള്ള പദ്ധതി നിലവിലുണ്ട്. ആയതിന്റെ നവീകരണവും വിപുലീകരണവും അമൃത്, കിഫ്ബി എന്നീ പദ്ധതികൾവഴി നടപ്പിലാക്കുന്നു. ഹരിപ്പാട് നഗരസഭയിൽ കുഴൽക്കിണർ സ്കീമുകൾ നിലവിലുണ്ട്. കായംകുളം നഗരസഭയിൽ കായംകുളം, ആറാട്ടുപുഴ എന്നീ പദ്ധതികൾ നിലവിലുണ്ട്.

4. തൃശ്ശൂർ ജില്ലയിലെ തീരപ്രദേശങ്ങളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ജലവിതരണം നടത്തിവരുന്നു.

5. മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ നഗരമേഖലകൾ ഉൾപ്പെടുന്ന തീരദേശ മേഖലകളിലെ കുടിവെള്ളക്ഷാമം ജലജീവൻ മിഷൻ (അർബൻ) പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്.

(സി) എങ്കിൽ നഗര മേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകളിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

1. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകളിൽ മറ്റുള്ള കുടിവെള്ള പദ്ധതികളിൽനിന്നുള്ള കുടിവെള്ളം ലഭ്യമാകുന്നതിനാൽ പ്രസ്തുത സ്ഥലങ്ങളിലേയ്ക്കായി ഒരു പ്രത്യേക കുടിവെള്ള പദ്ധതി ആവിഷ്കരിക്കേണ്ട ആവശ്യകത നിലവിലില്ല. എറണാകുളം ജില്ലയിലെ ചില ഒറ്റപ്പെട്ട തീരദേശ മേഖലകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2. മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജലജീവൻ മിഷൻ (അർബൻ) പദ്ധതി നടപ്പിലാക്കുന്നതോടുകൂടി നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

## ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ പദ്ധതി

218(2254) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികളെക്കുറിച്ചും അവയുടെ പുരോഗതിയെക്കുറിച്ചും അറിയിക്കാമോ?

ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 4,453.743 കോടി രൂപയുടെ 71 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 4,046.123 കോടി രൂപയുടെ 60 കുടിവെള്ള പദ്ധതികളും 407.62 കോടി രൂപയുടെ 11 സർക്കിളുകളിലെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ വൻകിട പദ്ധതികളിൽ പ്രധാന നഗരങ്ങളിലെ ബദൽ കുടിവെള്ള സംവിധാനം, കുടിവെള്ള പദ്ധതികളുടെ വിപുലീകരണം, വിതരണശൃംഖലകളുടെ ശാക്തീകരണം എന്നിവ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ പട്ടികയും പുരോഗതിയും അനുബന്ധം* ആയി ചേർക്കുന്നു.

(ബി) കാലപ്പഴക്കംമൂലമുള്ള ചോർച്ചകൊണ്ട് ജലവിതരണത്തിൽ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ കിഫ്ബി മുഖേന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാൻ പദ്ധതിയുണ്ടോ?

2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 11 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവൃത്തികൾക്ക് 407.62 കോടി രൂപയുടെ കിഫ്ബി ധനസഹായ അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 11 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) തലസ്ഥാനം ഉൾപ്പെടെ പ്രധാന നഗരങ്ങളിൽ സദാസമയവും കുടിവെള്ളം ലഭ്യമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

എ.ഡി.ബി. ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തി വിപുലീകരിച്ച് 24x7 കുടിവെള്ളം മുടങ്ങാതെ നൽകുന്നതിനും തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ പഴയ ജലശുദ്ധീകരണ ശാലകൾ നവീകരിക്കുന്നതിനുംവേണ്ട പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബാംഗ്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിന്റെ പഠന റിപ്പോർട്ട്

219(2255) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയം മനുഷ്യ നിർമ്മിതമായിരുന്നുവെന്ന ബാംഗ്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിന്റെ പഠന റിപ്പോർട്ടിലെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയം നിയന്ത്രിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഡാമുകളിലുണ്ടായിട്ടും അത് പാലിക്കാതിരുന്നതും മുൻകരുതൽ സ്വീകരിക്കാതിരുന്നതുമാണ് പ്രളയം അതിരൂക്ഷമാക്കിയതെന്ന പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിലെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) പ്രസ്തുത റിപ്പോർട്ട് ജലവിഭവ വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) ജലവിഭവ വകുപ്പിന്റെ മേൽനോട്ടത്തിലുള്ള എല്ലാ ഡാമുകൾക്കും റൂൾ കർവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

കേന്ദ്ര ജലകമ്മീഷൻ മാനദണ്ഡപ്രകാരം 200 MCM-ൽ അധികം സംഭരണശേഷിയുള്ള ഡാമുകൾക്കാണ് പ്രളയ നിയന്ത്രണം മുൻനിർത്തിയുള്ള അപ്പർ റൂൾ കർവ് തയ്യാറാക്കി ഡാം പ്രവർത്തനം അതിനനുസൃതമായി ക്രമീകരിക്കേണ്ടതായിട്ടുള്ളത്. അതിൻപ്രകാരം ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന കല്ലട, മലമ്പുഴ എന്നീ ഡാമുകൾക്ക് അപ്പർ റൂൾ കർവിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. 200 MCM -ൽ താഴെ സംഭരണശേഷിയുള്ള നെയ്യാർ, ചിമ്മിനി, പീച്ചി, വാഴാനി, കാഞ്ഞിരപ്പുഴ, മംഗലം, വാളയാർ, മീങ്കര, ചുള്ളിയാർ, കുറ്റ്യാടി, പോത്തുണ്ടി എന്നീ ഡാമുകൾക്കും പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനാവശ്യമായ കൺസർവേഷൻ റൂൾ കർവ് കരട് തയ്യാറാക്കിയിട്ടുണ്ട്. മലങ്കര, ശിരുവാണി, കാരാപ്പുഴ ഡാമുകൾക്ക് വിവിധ സാങ്കേതിക കാരണങ്ങളാൽ റൂൾ കർവുകൾ പ്രായോഗികമല്ലാത്തതിനാൽ ആയത് തയ്യാറാക്കിയിട്ടില്ല.

## വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക

220(2256) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്; അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച 2019-20-ലെ വാർഷിക അക്കൗണ്ട്സ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഇതുവരെയുള്ള സഞ്ചിത നഷ്ടം 3,492.98 കോടി രൂപയാണ്.

(ബി) വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര?

വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശിക ഇനത്തിൽ 30-06-2021 വരെ 2,150.24 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. പിരിഞ്ഞുകിട്ടാനുള്ള തുകയിൽ ഭൂരിഭാഗവും പിഴയും പിഴപ്പലിശയുമാണ്. വെള്ളക്കരം ഇനത്തിൽ പിരിച്ചെടുക്കുവാനുള്ള തുക താരതമ്യേന കുറവാണ്.

(സി) ഗാർഹിക പൈപ്പ് കണക്ഷനുകളിൽ എത്രയെണ്ണം മീറ്ററുകൾ പ്രവർത്തിക്കാത്തവയാണെന്നാണ് കരുതുന്നത്; ഇതുമൂലം പ്രതിവർഷം എത്ര രൂപയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടാവുന്നത്?

ഗാർഹിക പൈപ്പ് കണക്ഷനുകളിൽ 71,421 എണ്ണം മീറ്ററുകൾ പ്രവർത്തിക്കാത്തവയാണ്. ഇത്തരം കണക്ഷനുകൾ മീറ്റർ മാറ്റി സ്ഥാപിക്കാത്ത കാലയളവിലേയ്ക്ക് അവസാന മൂന്ന് റീഡിംഗുകളുടെ ശരാശരിയും സർചാർജ്ജും (മീറ്റർ പ്രവർത്തനക്ഷമമായ കാലയളവിലെ അവസാന വാട്ടർ ചാർജ്ജിന്റെ 25% ആദ്യമാസവും 50% തുടർന്നുള്ള രണ്ടു മാസങ്ങളിലും പിന്നീടുള്ള മാസങ്ങളിൽ 100% -വുമാണ് സർചാർജ്ജ്) കൂടെ ചേർത്ത് ബില്ല് ചെയ്യുന്നുണ്ട്. ആയതിനാൽ വലിയ തോതിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ല .

(ഡി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നത്; ഇതുമൂലം പ്രതിവർഷം എത്ര തുകയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടാവുന്നത്; അറിയിക്കുമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ,

മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ നഷ്ടം (ഭൗതിക നഷ്ടം) 20-25% വരെയാണ്. ഇതുമൂലം പ്രതിവർഷം ഏകദേശം 200 കോടിയോളം രൂപയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്നത്.

(ഇ) ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കിയും അടിക്കടിയുള്ള പൈപ്പ് പൊട്ടൽ ഒഴിവാക്കിയും വാട്ടർ അതോറിറ്റിയെ ലാഭത്തിലാക്കാനുമായി സർക്കാർ എന്തൊക്കെ നൂതനമായ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. കൂടാതെ കുടിവെള്ളം പാഴാകുന്നത് തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 144.76 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജല ചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഇതിൽ 112.59 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി വഴി 382.64 കോടി രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾ പ്പെടുത്തിയും വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ഇതുകൂടാതെ എ.ഡി.ബി.- യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന് കേന്ദ്രസർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്റ്റ് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലച്ചോർച്ച ദേശീയ ബെഞ്ച്മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

## കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡം

221(2257) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ സ്ഥലംമാറ്റ മാനദണ്ഡം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്നതിനെതിരെ ഏതെങ്കിലും കാറ്റഗറി സംഘടന പരാതി സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഘടനയുടെ പേരുവിവരം നൽകാമോ?

ബാധകമല്ല

(സി) സ്ഥലംമാറ്റ മാനദണ്ഡത്തിലെ സുതാര്യതക്കുറവ് പരിഹരിക്കണമെന്നാവശ്യപ്പെട്ട് കെ.ഡബ്ല്യു.എ.-യിലെ ഓഫീസർമാരുടെ അംഗീകൃത സംഘടനയായ എ.കെ.ഡബ്ല്യൂ.എ.ഒ. സമർപ്പിച്ചിട്ടുള്ള നിവേദനത്തിന് നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ജനറൽ ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. വിവിധ സംഘടനകളിൽനിന്നും ജീവനക്കാരിൽനിന്നും ലഭിച്ച നിവേദനങ്ങൾ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരികയാണ്. ആയതിനാൽ പ്രസ്തുത നിവേദനത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഒരു മാസത്തിൽക്കുറവ് മാത്രം സ്വന്തം ജില്ലവിട്ട് ജോലി ചെയ്തിട്ടുള്ള എത്ര എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കെ.ഡബ്ല്യു.എ. ഹെഡ് ഓഫീസിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കാമോ?

കെ.ഡബ്ല്യു.എ. ഹെഡ് ഓഫീസിൽ ആരുംതന്നെയില്ല.

(ഇ) മാനദണ്ഡത്തിന് വിരുദ്ധമായി ചില ഓഫീസർമാർ തിരുവനന്തപുരത്ത് സ്ഥിരമായി തുടരുന്നതിന് മാറ്റം വരുത്താൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

മാനദണ്ഡങ്ങൾക്കും അനുവദനീയമായ ഇളവുകൾക്കും അനുസൃതമായി സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

## കെ.ഡബ്ല്യൂ.എ.-യിലെ സ്ഥലംമാറ്റ മാനദണ്ഡം

222(2258) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ജഭപവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരമുള്ള സ്ഥലംമാറ്റ മാനദണ്ഡം ഓൺലൈൻ വഴി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ?

ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന ഓൺലൈൻ സ്ഥലംമാറ്റ മാനദണ്ഡം വഴി പ്രസിദ്ധീകരിച്ച സിസ്റ്റം ജനറേറ്റഡ് ലിസ്റ്റും ഡി.ഡി.എഫ്.എസ്. പ്രകാരമുള്ള എല്ലാ തസ്തികകളുടെ ലിസ്റ്റും നൽകാമോ?

പ്രസ്തുത ലിസ്റ്റുകൾ ഏറ്റവും ചുരുക്കിയ വിവരങ്ങൾ സഹിതം കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ജി-സ്പാർക്ക് വഴിയുള്ള സ്ഥലംമാറ്റ മാനദണ്ഡം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുമ്പോൾ തിരുവനന്തപുരത്ത് സ്റ്റേഷൻ പരിധി 5 കിലോമീറ്ററായി ചുരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സർക്കാർ ഉത്തരവിനനുസൃതമായിട്ടുള്ളതാണോ; വ്യക്തമാക്കാമോ?

ഉണ്ട്. സർക്കാർ ഉത്തരവിലെ 15 KM എന്ന സ്റ്റേഷൻ പരിധി അതോറിറ്റിയിൽ നടപ്പിലാക്കിയാൽ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന് അംഗീകൃത സംഘടനകളുടെ പ്രതിനിധികൾ കേരള വാട്ടർ അതോറിറ്റിയിൽ പൊതുസ്ഥലം മാറ്റം നടപ്പാക്കുന്നതിനായി 26-03-2018-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ അറിയിച്ചിരുന്നു. ഈ ആവശ്യം അംഗീകരിച്ചുകൊണ്ടാണ് ദൂരപരിധി 15 കിലോമീറ്ററിൽനിന്ന് 5 കിലോമീറ്ററായി ചുരുക്കി നിശ്ചയിച്ചത്. ഇത് സംസ്ഥാനമൊട്ടാകെ ഒരുപോലെയാണ് നടപ്പിലാക്കിയത്.

## കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡം

223(2259) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലംമാറ്റത്തിന് മാനദണ്ഡം നിലവിലുണ്ടോ?

കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലം മാറ്റം നടത്തുന്നതിന് സർക്കാർ ഉത്തരവുകളും അതിന്മേൽ പ്രതിപാദിച്ചിട്ടുള്ള ഇളവുകളും മാനദണ്ഡങ്ങളുമുണ്ട്.

(ബി) അഞ്ച് വർഷത്തിലധികമായി ഒരു ജില്ലയിലും മൂന്ന് വർഷത്തിലധികമായി ഒരു സീറ്റിൽ ജോലി ചെയ്യുന്ന എത്ര ഓഫീസർമാർ തിരുവനന്തപുരം ജില്ലയിലെ പ്രസ്തുത ഓഫീസുകളിലുണ്ട്?

അഞ്ച് വർഷത്തിലധികമായി ഒരു ജില്ലയിലും മൂന്ന് വർഷത്തിലധികമായി ഒരു സീറ്റിലും ജോലി ചെയ്യുന്ന 1301 ഓഫീസർമാർ തിരുവനന്തപുരം ജില്ലയിലെ ഓഫീസുകളിലുണ്ട്.

(സി) കേരള സർക്കാർ പൊതുസ്ഥലംമാറ്റത്തിനായി ഇറക്കിയിട്ടുള്ള ഉത്തരവിലെ ഏതെല്ലാം വ്യവസ്ഥകളാണ് കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കാത്തത്; അറിയിക്കുമോ?

പൊതുസ്ഥലം മാറ്റത്തിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും കേരള വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കിവരുന്നു.

(ഡി) അപ്രകാരമുള്ള തീരുമാനമെടുക്കാൻ ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നറിയിക്കുമോ?

ബാധകമല്ല.

## കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

224(2260) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിൽ മതിയായ എണ്ണം ജീവനക്കാരില്ലാത്തതിനാൽ അവിടങ്ങളിലെ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഫീൽഡുതലത്തിലുള്ള ഓഫീസർമാരുടെ എണ്ണക്കുറവ് പരിഹരിക്കുന്നതിന് കേന്ദ്ര ഓഫീസുകളിൽനിന്നും തസ്തിക ഷിഫ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഫീൽഡുതലത്തിലുള്ള ഓഫീസർമാരുടെ എണ്ണക്കുറവ് പരിഹരിക്കുന്നതിനുള്ള അഭ്യർത്ഥനകൾ ബന്ധപ്പെട്ട ഓഫീസുകളിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് തസ്തിക ഷിഫ്റ്റ് ചെയ്യുന്നകാര്യമുൾപ്പെടെ പരിശോധിക്കുന്നതാണ്.

(സി) സെക്ഷൻ ഓഫീസ് മുതൽ എം.ഡി. വരെ കേരള വാട്ടർ അതോറിറ്റിയിൽ എത്ര തലങ്ങളിലാണ് ഓഫീസുകളുള്ളതെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസ് മുതൽ എം.ഡി. വരെ കേരള വാട്ടർ അതോറിറ്റിയിൽ 6 തലങ്ങളിലുള്ള ഓഫീസുകളുണ്ട്.

(ഡി) ഇക്കാരണത്താൽ, തീരുമാനമെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കുവാൻ ഓഫീസ് തലങ്ങളുടെ എണ്ണം കുറയ്ക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഓഫീസ് തലങ്ങളുടെ എണ്ണം കുറയ്ക്കുന്നത് പരിശോധിക്കുന്നതിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയിലെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും അവയുടെ പുനഃക്രമീകരണം സംബന്ധിച്ചുമുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശത്തിന്മേൽ ഇതുസംബന്ധിച്ച് വിശദമായ ഒരു വർക്ക് സ്റ്റഡി, ഒരു പ്രൊഫഷണൽ ഏജൻസി മുഖേന നടത്തി സർക്കാരിൽ റിപ്പോർട്ട് സർപ്പിക്കുവാൻ 22-02-2020-ലെ WS-C2/174/2019-WRD നമ്പർ സർക്കാർ കത്തിലൂടെ കേരള വാട്ടർ അതോറിറ്റി എം.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ഇതിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയും.

## കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ

225(2261) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ 2021 ഡിസംബറോടെ നടക്കേണ്ട പ്രൊമോഷനുകൾ ഏതൊക്കെയാണെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മറ്റിയുടെ 2021-ലെ ഗസറ്റ് വിജ്ഞാപനങ്ങൾ ലഭ്യമാക്കാമോ?

സമയബന്ധിതമായ പ്രൊമോഷൻ എന്നത് ഒരു അവകാശമല്ല, വകുപ്പിന്റെ ആവശ്യങ്ങൾക്കനുസരിച്ചാണ് പ്രൊമോഷൻ ചട്ടപ്രകാരം നൽകിവരുന്നത്. ഗസറ്റ് വിജ്ഞാപനങ്ങളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 2021 ഡിസംബറോടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

   a) വിരമിക്കൽ ഒഴിവുകൾ - 8

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ

   a) വിരമിക്കൽ ഒഴിവുകൾ - 9

3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

   a) വിരമിക്കൽ ഒഴിവുകൾ - 4

(സി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താൻ നടപടിയെടുക്കുമോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവുകൾ നികത്തുന്ന കാര്യം പരിശോധിക്കുമോ?

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിലവിലുള്ള 4 ഒഴിവുകൾ KPSC-ലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. KPSC-യിൽനിന്നും Non Availability Certificate ലഭിച്ചാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഒഴിവുകൾ നികത്തുന്ന കാര്യം പരിഗണിക്കാൻ കഴിയും.

## പൈപ്പുകളുടെ നവീകരണ പ്രവൃത്തികൾ

226(2262) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഡബ്ല്യു.എസ്.എസ്. പ്രകാരം 2018-ൽ ഭരണാനുമതി ലഭിച്ച വടക്കാഞ്ചേരിയിലും സമീപ പഞ്ചായത്തുകളിലുമുള്ള പഴയതും തകരാറിലായതുമായ പൈപ്പുകളുടെ നവീകരണ പ്രവൃത്തികൾക്കായി 5 കോടി രൂപ അനുവദിച്ചിരുന്നതിൽനിന്ന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സി.ഡബ്ല്യു.എസ്.എസ്. പ്രകാരം വടക്കാഞ്ചേരിക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള പദ്ധതിയുടെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി 2018-ൽ നൽകിയിട്ടില്ല. എന്നാൽ ടി പദ്ധതിക്ക് 5 കോടി രൂപയുടെ ഭരണാനുമതി 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി നൽകിയിരുന്നു. ഇതുവരെ 2,55,72,192 രൂപ ഈ പ്രവൃത്തിക്ക് ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ?

ഭാഗികമായി പൂർത്തീകരിച്ചു.

(സി) ഇല്ലെങ്കിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് 24-11-2016-ൽ പ്രവർത്തനാനുമതി നൽകുകയും 06-1-2017-ൽ കരാറുകാരൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവൃത്തിയിൽ 10.10 കിലോമീറ്റർ നീളത്തിൽ വിവിധ വ്യാസമുള്ള DI/PVC പൈപ്പുകൾ സ്ഥാപിക്കേണ്ടിയിരുന്നു. ആയതിൽ 7.457 കി.മീ. നീളത്തിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് പി.ഡബ്ല്യു.ഡി. ആവശ്യപ്പെട്ടപ്രകാരം 13-10-2017-ൽ ഒടുക്കിയിരുന്നു. എന്നാൽ അഡീഷണൽ റോഡ് റീസ്റ്റോറേഷൻ ചാർജ്ജായി 45,33,339 രൂപ ആവശ്യപ്പെടുകയും അതുപ്രകാരം 17-10-2020-ൽ പ്രസ്തുത തുക ഈ ഇനത്തിൽ പി.ഡബ്ല്യൂ.ഡി.-യിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ചെയ്യുവാനുള്ള സമയപരിധി നീണ്ടുപോയതിനാൽ കരാറുകാരന്റെ സമയപരിധി കഴിഞ്ഞെന്നും പഴയ റേറ്റിൽ പണി പൂർത്തിയാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും അധിക തുക നൽകണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ട അധിക തുക നൽകാൻ സാധിക്കാത്തതിനാൽ 28-05-2021-ൽ കരാർ റദ്ദുചെയ്തു. ബാക്കി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി**

227(2263) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട, കൊല്ലങ്കോട്, വടവന്നൂർ, എലവഞ്ചേരി, പല്ലശ്ശന എന്നീ പഞ്ചായത്തുകളിലെ കാർഷിക മേഖലയ്ക്കും കുടിവെള്ള പ്രശ്നത്തിനും ശാശ്വത പരിഹാരം കാണുന്നതിനുള്ള സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) മീങ്കര, ചുള്ളിയാർ ജലസംഭരണികൾ ജലക്ഷാമം നേരിടുന്നതിനാൽ പ്രസ്തുത സംഭരണികളുടെ കാര്യക്ഷമതയും സാധ്യതയും അടിസ്ഥാനമാക്കി നെല്ലിയാമ്പതി കുന്നുകളിലെ വെള്ളച്ചാട്ടത്തിനെയും ജലസംഭരണികളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു ഡൈവേർഷൻ സ്കീം നിർമ്മിക്കാനാണ് സീതാർകുണ്ട് ഡൈവേർഷൻ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പീച്ചിയുടെ നേതൃത്വത്തിൽ സാദ്ധ്യതാ പഠനം തുടങ്ങിയിട്ടുണ്ട്.

## കുണ്ടറ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

228(2264) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് വിവരം നൽകാമോ?

വിശദ വിവരം അനുബന്ധം-2* ആയി ചേർത്തിരിക്കുന്നു.

## കാട്ടാക്കട മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

229(2265) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ അനുമതി സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ എന്തൊക്കെയാണെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജകമണ്ഡലത്തിൽപ്പെട്ട വിളപ്പിൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് വിളപ്പിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി. ഈ പദ്ധതിക്കായി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 16 കോടി രൂപയുടെ ഭരണാനുമതി 31-03-2016-ൽ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ കരമനയാറ്റിലെ കാവടിക്കടവിൽ ഒരു പുതിയ കിണറും പമ്പ് ഹൗസും, റാ വാട്ടർ പമ്പിംഗ് മെയിൻ, 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി കരമനയാറ്റിൽ 2 മീറ്റർ ഉയരത്തിൽ ഒരു തടയണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളെ ആറായി തിരിച്ച് കരാറുകൾ നൽകുകയും അവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ്. അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചീലപ്പാറയിൽ 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം, 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം, കരമനയാറ്റിനോട് ചേർന്ന് കാവടിക്കടവിൽ 9.0 മീറ്റർ വ്യാസമുള്ള കിണറും പമ്പ്ഹൗസും നിർമ്മിക്കൽ, കാവടിക്കടവിലെ പമ്പ്ഹൗസ് മുതൽ ചീലപ്പാറയിലെ ജലശുദ്ധീകരണശാലവരെ 400 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ - ജലശുദ്ധീകരണശാലയുടെയും ജലസംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കിണറിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

2. കരമനയാറ്റിൽ കാവടിക്കടവിൽ തടയണയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് .

3. ചീലപ്പാറയിലെ ജലശുദ്ധീകരണശാല മുതൽ പേയാട് ജംഗ്ഷൻ വരെ 300 മി.മീ. വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ, കാവിൻപുറം മുതൽ കൊല്ലംകോടുവരെയും, നുലിയോടിലെ ഉപരിതലജലസംഭരണി വരെയുമുള്ള എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

4. ചീലപ്പാറയിലെ ജലശുദ്ധീകരണശാല മുതൽ കാവിൻപുറംവരെ 300 മി.മീ. വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ പുരോഗമിക്കുന്നു.

5. ജലശുദ്ധീകരണശാലയിലും, റാ വാട്ടർ പമ്പ് ഹൗസിലും ട്രാൻസ്ഫോർമറുകളും അനുബന്ധ ഘടകങ്ങളും സ്ഥാപിക്കൽ എന്നിവയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

6. ജലശുദ്ധീകരണശാലയിലും, റാ വാട്ടർ പമ്പ് ഹൗസിലും പമ്പ്സെറ്റുകളും അനുബന്ധ ഘടകങ്ങളും സ്ഥാപിക്കൽ എന്നിവയ്ക്ക് പമ്പുകൾ എത്തിച്ചിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇവ സ്ഥാപിക്കാനാവും. കോവിഡ്-19 മഹാമാരിയുടെ കടന്നുവരവും

അതിനെത്തുടർന്നുള്ള നിയന്ത്രണങ്ങളും പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് റോഡ് പുനഃസ്ഥാപന തുക ലഭ്യമാകാനെടുത്ത കാലതാമസം കാരണം പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നതിനും കാലതാമസമെടുത്തു. പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി 2022 മേയ് മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിളവൂർക്കൽ, പള്ളിച്ചൽ, ബാലരാമപുരം കുടിവെള്ള പദ്ധതിയുടെ അനുമതി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കാമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജകമണ്ഡലത്തിലുൾപ്പെട്ട പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും കോവളം നിയോജക മണ്ഡലത്തിലുൾപ്പെട്ട ബാലരാമപുരം പഞ്ചായത്തിനും ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി 2008-ൽ ആരംഭിച്ച പദ്ധതിയാണ് പള്ളിച്ചൽ, വിളവൂർക്കൽ, ബാലരാമപുരം സമഗ്ര ശുദ്ധജല വിതരണ പദ്ധതി. ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് ചൂഴാറ്റുകോട്ട ജലശുദ്ധീകരണശാലയിൽനിന്ന് ശുദ്ധജലം പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജലസംഭരണികളിലെത്തിച്ച് നിലവിലുള്ള ജലവിതരണ ശൃംഖല വഴി ജലവിതരണം നടത്തിയിരുന്നു. വിളവൂർക്കൽ, പള്ളിച്ചൽ പഞ്ചായത്ത് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി നബാർഡിൽനിന്നും 10.24 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് 4.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയും 4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതലജലസംഭരണിയും നിർമ്മിച്ച് ചൂഴാറ്റുകോട്ടയിലെ ജലശുദ്ധീകരണശാലയിൽനിന്നുള്ള ശുദ്ധജലം നേരത്തേതന്നെ സ്ഥാപിച്ചിട്ടുള്ള പമ്പിംഗ് മെയിനിലൂടെ ഭൂതല-ഉപരിതല ജലസംഭരണികളിലെത്തിച്ച് അവിടെനിന്നും പുതുതായി 16 കിലോമീറ്റർ ദൈർഘ്യത്തിൽ സ്ഥാപിച്ച 400 മി.മീ. മുതൽ 90 മി.മീ. വരെ വ്യാസമുള്ള ജലവിതരണ ശൃംഖലകൾ വഴി വിളവൂർക്കൽ പഞ്ചായത്തിൽ വിതരണം ചെയ്തുവരുന്നു. അതുപോലെ പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ 8.7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി നിർമ്മിച്ച് ചൂഴാറ്റുകോട്ടയിലെ ജലശുദ്ധീകരണശാലയിൽനിന്നുള്ള ശുദ്ധജലം നേരത്തേതന്നെ സ്ഥാപിച്ചിട്ടുള്ള പമ്പിംഗ് മെയിനിലൂടെ ഭൂതല ജലസംഭരണിയിലെത്തിച്ച് നിലവിൽ 29 കി.മീ. ദൈർഘ്യത്തിൽ സ്ഥാപിച്ചിട്ടുള്ള 400 മി.മീ. മുതൽ 90 മി.മീ. വരെ വ്യാസമുള്ള ജല

വിതരണ ശൃംഖലവഴി പള്ളിച്ചൽ പഞ്ചായത്തിലും വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ടി ജലസംഭരണിയിലേയ്ക്ക് ജലമെത്തിക്കുന്നതിനുള്ള മൊട്ടമൂടിലെ ജലസംഭരണിയുടെ നിർമ്മാണം സിവിൽ കേസ് കാരണം മുടങ്ങിയതിനാൽ ശുദ്ധജലമെത്തിക്കാനായിട്ടില്ല. ഇതിനുപകരം പെരുമ്പഴുതൂരിൽ നിന്നും പൂവടയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിന് 6.30 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പുതിയ പദ്ധതി വിഭാവനം ചെയ്യുകയും ജലജീവൻ മിഷനിലുൾപ്പെടുത്തി നെയ്യാറ്റിൻകര ഡിവിഷന് കീഴിൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. പൂവട ജലസംഭരണിയിലേയ്ക്കുള്ള വഴിക്കും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള സ്ഥലം ലഭ്യമായിട്ടില്ല. ടി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂവടയിലെ ജലസംഭരണിയിൽ ശുദ്ധജലമെത്തിച്ച് പള്ളിച്ചൽ പഞ്ചായത്തിൽ വിതരണം ചെയ്യാനാകും.

## പാലക്കാട് നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതി

230(2266) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് നിയോജകമണ്ഡലത്തിൽ ജല ജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഏതെല്ലാം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് നിയോജകമണ്ഡലത്തിൽ ജല ജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പാലക്കാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കണ്ണാടി, മധൂർ, പിറായിരി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാവുന്നതാണ്.

## ഫിഷറീസ് ടൂറിസം സാധ്യതകൾ

231(2267) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യവികസനത്തിന് വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യഫെഡിന്റെ ഞാറയ്ക്കൽ, മാലിപ്പുറം അക്വാടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനും റിപ്പോർട്ടും തയ്യാറാക്കുന്നതിന് GITPAC International (Great India Tourism Planners and Consultant - A Division of Airtravel Enterprise India) എന്ന കൺസൾട്ടന്റിന് കരാർ നൽകിയിട്ടുണ്ട്. ഇതിന്റെ അന്തിമ DPR (Detailed Project Report) ലഭ്യമായിട്ടില്ല. തെന്മലയിലുള്ള മത്സ്യഫെഡിന്റെ അക്വേറിയം, ടൂറിസം വകുപ്പുമായി യോജിച്ച് (തെന്മല ഇക്കോ ടൂറിസം) വികസിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ട്.

**അഴീക്കൽ ഗവൺമെന്റ് ഫിഷറീസ് സ്കൂളിൽ പുതിയ കോഴ്സുകൾ**

232(2268) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ അഴീക്കൽ ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ വി.എച്ച്.എസ്.ഇ. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഫിഷ് പ്രോസസിംഗ്, ഹാച്ചറി എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കോഴ്സുകൾ അനുവദിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ&ബി) ജി.ആർ.എഫ്.ടി.എച്ച്.എസ്.-കളിൽ VHSE ഹയർ സെക്കണ്ടറി അടക്കമുള്ള കോഴ്സുകൾ ആരംഭിക്കുന്നത് ഫിഷറീസ് വകുപ്പ് മുഖേനയല്ല.

(സി) നിലവിലുള്ള ലാബ് സംവിധാനവും അദ്ധ്യാപകരേയും ഉപയോഗിച്ചുകൊണ്ട് സി.എം.എഫ്.ആർ.ഐ., കെ.യു.എഫ്.ഒ.എസ്. എന്നീ യൂണിവേഴ്സിറ്റികളുടെ സർട്ടിഫിക്കറ്റ് കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പുതിയ കോഴ്സുകൾ അനുവദിക്കുന്നത് ഫിഷറീസ് വകുപ്പ് മുഖേനയല്ലാത്തതിനാൽ ബാധകമല്ല.

## അക്വാട്ടിക് ആനിമൽ ഹെൽത്ത് ലബോറട്ടറികൾ

233(2269) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലബോറട്ടറികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. എറണാകുളം ജില്ലയിൽ തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററും, തിരുവനന്തപുരം ജില്ലയിലെ ഓടയം, പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, മലപ്പുറം ജില്ലയിലെ ഉണ്ണിയാൽ, പാലക്കാട് ജില്ലയിലെ മലമ്പുഴ, കോഴിക്കോട് ജില്ലയിലെ വെള്ളയിൽ, വയനാട് ജില്ലയിലെ തളിപ്പുഴ എന്നിവിടങ്ങളിലായി പ്രാദേശിക അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകളും ഉൾപ്പെടെ 9 എണ്ണം സ്ഥാപിച്ച് ആയതിലേയ്ക്കുവേണ്ട ഉപകരണങ്ങളും അനുബന്ധസാമഗ്രികളും ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## മത്സ്യമേഖലയിലെ പദ്ധതികളുടെ ധനവിനിയോഗം

234(2270) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യമേഖലയിലെ പദ്ധതികളുടെ ധനവിനിയോഗവും പ്രഖ്യാപിത ഭൗതിക നേട്ടങ്ങളും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് പദ്ധതി ആസൂത്രണത്തിൽ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മത്സ്യമേഖലയിലെ പദ്ധതികളുടെ ധനവിനിയോഗവും പ്രഖ്യാപിത ഭൗതിക നേട്ടങ്ങളും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യം നിലവിൽ ഉണ്ടായിട്ടില്ല.

## കൊല്ലം മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രവൃത്തികൾ

235(2271) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### റോഡുകളുടെ പുനരുദ്ധാരണം

236(2272) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ 2016-2021 ജൂലൈവരെയുള്ള കാലയളവിൽ വിവിധ റോഡുകളുടെ പുനരുദ്ധാരണത്തിന് മത്സ്യബന്ധന വകുപ്പിൽനിന്നും അനുവദിച്ച തുകയുടെ വിശദവിവരവും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

### കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകൾ

237(2273) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ചതും പ്രവൃത്തി നടന്നുവരുന്നതുമായ തീരദേശ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കുമോ?

(എ & ബി) മറുപടി അനുബന്ധമായി* ചേർത്തിരിക്കുന്നു.

### മായം ചേർത്ത മത്സ്യ വില്പന തടയാൻ നടപടി

238(2274) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിൽ മായം ചേർത്ത് വില്പന നടത്തുന്നവരെ പിടികൂടുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകളും നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന സ്പോട്ടിൽ വച്ചുതന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) വികസിപ്പിച്ച പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് Hi-Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉത്പാദിപ്പിക്കുന്നുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നു. ടി ലാബുകളിൽ മത്സ്യത്തിലെ ഫോർമാലിൻ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph coupled with Mass Spectrophotometer (GCMS MS), High Performance Liquid Chromatograph (HPLC)എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തിവരുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായിബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183).

(ബി) ഫിഷറീസ് കൺട്രോൾ റൂമുകളിൽനിന്നും പൊതുവായ എന്തെല്ലാം സഹായങ്ങളാണ് പൊതുജനങ്ങൾക്കും മത്സ്യബന്ധന തൊഴിലാളികൾക്കും ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ കടൽരക്ഷാ പ്രവർത്തനം അടിയന്തരമായി സംഘടിപ്പിക്കുക, ആവശ്യമെങ്കിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെകൂടി സഹായം തേടി രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുകയെന്നതാണ് കൺട്രോൾ റൂമുകളുടെ പ്രധാന ചുമതല. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുക, സി.സി.ടി.വി ക്യാമറകൾ ഘടിപ്പിച്ചിട്ടുള്ള ഹാർബറുകളുടെ നിരീക്ഷണം, വെസ്സൽ ട്രാക്കിംഗ്/എ.ഐ.എസ്. സംവിധാനം ഘടിപ്പിച്ചിട്ടുള്ള യാനങ്ങളെ നിരീക്ഷിക്കൽ എന്നിവയും കൺട്രോൾ റൂമുകളിലൂടെ സാധ്യമാകും.

## മത്സ്യത്തിൽ മായം

239(2275) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റുകളിൽ വില്പനയ്ക്കെത്തുന്ന മത്സ്യത്തിൽ മായം കലർത്തുന്നത് കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതരസംസ്ഥാനത്തുനിന്നും മറ്റുരാജ്യത്തുനിന്നും ഇറക്കുമതി ചെയ്യുന്ന മത്സ്യങ്ങൾ പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്?

(എ&ബി) മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന സ്പോട്ടിൽ വച്ചുതന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology)-മായി ചേർന്ന് പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉത്പാദനം സാദ്ധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നു. ടി ലാബുകളിൽ മത്സ്യത്തിലെ ഫോർമാലിൻ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph coupled with Mass Spectrophotometer (GCMS MS), High Performance Liquid Chromatograph (HPLC)എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തിവരുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ

ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 1652 പരിശോധനകൾ നടത്തുകയും 407 മത്സ്യ സാമ്പിളുകൾ ശേഖരിക്കുകയും 128 നോട്ടീസ് നൽകുകയും 16 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 502.3 കിലോഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും കൂടാതെ ഫോർമാലിൻ/ അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് 247 കിലോഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 407 സാമ്പിളുകളിൽ 298 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 26 മത്സ്യ സാമ്പിളുകൾ ഭക്ഷ്യയോഗ്യമല്ലായെന്ന് ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ മത്സ്യവിപണന കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരുന്ന മത്സ്യത്തിൽ ഐസിന്റെയും മത്സ്യത്തിന്റെയും അളവ് 1:1 എന്ന അനുപാതത്തിൽ കുറവായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്കും ഭക്ഷ്യസുരക്ഷാ വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183). അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി ചെക്പോസ്റ്റുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യ മൊത്തവില്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

## ഗുണനിലവാരമുള്ള മത്സ്യങ്ങൾ

240(2276) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള മത്സ്യങ്ങളും മത്സ്യഉല്പന്നങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ്സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. രാസവസ്തുക്കൾ ചേർത്ത് മത്സ്യവില്പന സ്പോട്ടിൽ വച്ചുതന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി Hi-Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉത്പാദനം സാദ്ധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ഫിഷറീസ് ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183). കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോടെ ആധുനികരീതിയിലുള്ള മത്സ്യവിപണനശാലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക് എന്ന പദ്ധതി സാഫ് മുഖാന്തരം നടപ്പിലാക്കി വരുന്നു. ഗുണനിലവാരമുള്ള മത്സ്യങ്ങളും മത്സ്യ ഉല്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനമൊട്ടാകെ ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല തന്നെ സ്ഥാപിച്ചുവരുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളിൽനിന്നും നേരിട്ടും ഗുണമേന്മയുള്ള മത്സ്യം സംഭരിച്ച് വൃത്തിയാക്കി ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ധനസഹായത്തോടെ 47 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. കൂടാതെ മത്സ്യഫെഡിന്റെ

തീരത്തിൽനിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നതിന് 'അന്തിപച്ച' എന്ന നാമധേയത്തിൽ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. കൂടാതെ സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്ന് 53 ഫ്രാഞ്ചൈസി ഫിഷ്ബൂത്തുകളും പ്രവർത്തിക്കുന്നു. മത്സ്യഫെഡിന്റെ റെഡി റ്റു കുക്ക് ഉത്പന്നങ്ങളായി ചിൽഡ് & ഡ്രസ്ഡ് മത്സ്യങ്ങൾ, മത്സ്യ സമോസ, മത്സ്യകട്‌ലറ്റ് എന്നിവ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കൂടാതെ റെഡി റ്റു ഈറ്റ് ഉത്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, നെത്തോലി പീര, മത്തി പീര വിപണിയിൽ എത്തിച്ചിട്ടുണ്ട്. ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് ഫ്രൈ മസാല, ചില്ലി ഫിഷ് കറിക്കൂട്ട്, തേങ്ങ ചേർത്ത മത്സ്യക്കറിക്കൂട്ട് എന്നിവയും 'മത്സ്യഫെഡ് ഈറ്റ്സ്' & 'മത്സ്യഫെഡ് ട്രീറ്റ്സ്' എന്ന പേരിൽ ഫിഷ്മാർട്ടുകൾ വഴിയും ഫ്രാഞ്ചൈസി മാർട്ടുകൾ വഴിയും വിപണനം ചെയ്തുവരുന്നു. ശീഥീകരിച്ച മത്സ്യത്തിന്റെയും ചെമ്മീൻ തോടിൽനിന്നുള്ള കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തുന്നു.

(ബി) മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കുന്ന പദ്ധതിയിൽ സംസ്ഥാനത്ത് എത്ര മാർക്കറ്റുകൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കുന്ന പദ്ധതിയിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാളിതുവരെ 38 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖേന അഞ്ചൽ, ഓച്ചിറ, അരൂർ എന്നീ മത്സ്യമാർക്കറ്റുകൾ നവീകരിച്ചിട്ടുണ്ട്.

(സി) ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനും അവയുടെ വിപണനത്തിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി സർക്കാർ മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് കൊണ്ടുവരികയും ആയതിന്റെ കരട് ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

241(2277) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ നവീകരണം സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ അംഗീകാരം നൽകുന്ന മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി നിർവ്വഹണ പ്രവൃത്തികൾ ടി ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുകയും ചെയ്യുന്നു. നിർമ്മാണ നവീകരണ പ്രവൃത്തികൾക്കാവശ്യമായ തുക കേന്ദ്ര/സംസ്ഥാന സർക്കാർ/ നബാർഡ് ധനസഹായത്തോടെ ലഭ്യമാകുന്നു.

(ബി) മത്സ്യമാർക്കറ്റുകൾ നവീകരിക്കാനും ആധുനികവത്കരിക്കാനും നടപടി സ്വീകരിക്കുമോ;

(സി) പാതി വഴിയിൽ നിലച്ചുപോയ മാർക്കറ്റുകളുടെ നവീകരണ പദ്ധതികൾ പൂർത്തീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) സ്വീകരിക്കുന്നുണ്ട്. ഭരണാനുമതി നൽകിയ മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖാന്തരം നടപ്പിലാക്കിവരുന്നു.

(ഡി) മാർക്കറ്റുകളുടെ മുടങ്ങിക്കിടക്കുന്ന പണി പൂർത്തീകരിച്ച് വഴിവാണിഭക്കാരെ മാർക്കറ്റുകളിൽ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

മത്സ്യമാർക്കറ്റുകൾ നവീകരിച്ചുവരുന്നുണ്ട്. വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് സ്വീകരിക്കേണ്ടത്.

## രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യവിൽപ്പന

242(2278) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യവില്പന തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ്സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന തത്സമയംതന്നെ കണ്ടെത്തുന്നതിന് CIFT(Central Institute of Fisheries Technology) വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് Hi-Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉത്പാദിപ്പിക്കുന്നുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നു. ടി ലാബുകളിൽ മത്സ്യത്തിലെ ഫോർമാലിൻ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph coupled with Mass Spectrophotometer (GCMS MS), High Performance Liquid Chromatograph (HPLC) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തിവരുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183).

(ബി) തദ്ദേശ സ്ഥാപനങ്ങൾ വഴി ഇത്തരം വിൽപ്പന തടയുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

നിലവിലില്ല.

(സി) അന്യസംസ്ഥാനത്തുനിന്നും വരുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക് പോസ്റ്റുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വില്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കംചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

(ഡി) മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്; വടകര താലൂക്കിൽ ഇതുസംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത താലൂക്കിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യവിൽപ്പന സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട്; വിശദവിവരങ്ങൾ അറിയിക്കാമോ?

(ഡി&ഇ) സംസ്ഥാനത്തുടനീളം ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യഫെഡ്, സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തരം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. മത്സ്യഫെഡിന്റെ "തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് " എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് ഗുണമേന്മയോടെ എത്തിക്കുന്നതിന് 'അന്തിപച്ച "എന്ന നാമധേയത്തിൽ തിരുവനന്തപുരത്ത്

3-ഉം കൊല്ലം ശക്തികുളങ്ങര കോമൺ പ്രീപ്രോസസ്സിംഗ് സെന്റർ കേന്ദ്രീകരിച്ച് 5-ഉം എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഓരോന്ന് വീതവും, ഇപ്രകാരം ആകെ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. ഗുണമേന്മയുള്ളതും വൃത്തിയുള്ളതും വിഷരഹിതവുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക് എന്ന പദ്ധതി സാഫ് മുഖേന നടപ്പാക്കി വരുന്നു. സി.ഐ.എഫ്.ടി.-യുമായി ചേർന്ന് നിർമ്മിച്ച ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾകൊണ്ട് വൃത്തിയുള്ളതും ഗുണമേന്മയുള്ളതുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള 20 കിയോസ്കുകളിൽ 16 കിയോസ്കുകൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി നൽകിക്കഴിഞ്ഞു. കൂടാതെ കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾകൂടി വിതരണം ചെയ്യുന്നു. സംസ്ഥാനത്ത് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചുവരുന്നു. ഇതിനോടകംതന്നെ കേന്ദ്ര/സംസ്ഥാന സർക്കാർ ധനസഹായത്തോടെ 39 ആധുനിക മത്സ്യ മാർക്കറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചുകഴിഞ്ഞു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 63.51 കോടി രൂപയുടെ 25 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതോടൊപ്പം 26 മത്സ്യമാർക്കറ്റുകൾകൂടി സ്ഥാപിക്കുന്നതിനായി പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്ഥാപിച്ചുവരുന്ന ആധുനിക മത്സ്യമാർക്കറ്റുകളിൽ മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ചിൽ റൂം സംവിധാനം ഒരുക്കുന്നുണ്ട്. കൊല്ലം അഴീക്കൽ ഉറമുഖത്ത് 280 ലക്ഷം രൂപ ചെലവിൽ 30 ടൺ പ്രതിദിനശേഷിയുള്ള ഐസ് പ്ലാന്റ് കം കോൾഡ് സ്റ്റോറേജ് പദ്ധതി നടപ്പാക്കി. മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് വടകര താലൂക്കിൽ പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യവില്പന സംബന്ധിച്ച് വടകര താലൂക്കിൽ ഒരു കേസ് നിലവിലുണ്ട്. വടകര താലൂക്കിൽനിന്നും പരിശോധനയുടെ ഭാഗമായി ശേഖരിച്ച മത്സ്യം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബിൽനിന്നും unsafe ആയി പരിശോധനാഫലം ലഭിച്ചതിനാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## സീഫുഡ് റസ്റ്റോറന്റ്

243(2280) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സീഫുഡ് റസ്റ്റോറന്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു സമുദ്ര-ഭക്ഷ്യ-സംസ്കരണ യൂണിറ്റും വിപണന ഔട്ട്‌ലെറ്റും ആരംഭിക്കുന്നതിനായി 4 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കോവളം ആഴാംകുളത്ത് ഒരു സീ ഫുഡ് റസ്റ്റോറന്റും വിപണന ഔട്ട്‌ലെറ്റും സ്ഥാപിക്കുന്നതിനായി 63.22 ലക്ഷം രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തു. നിലവിൽ പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ കൊല്ലം ജില്ലയിലും ഇത്തരത്തിലൊരു സീഫുഡ് റസ്റ്റോറന്റ് സ്ഥാപിക്കുന്നതിന് 207 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിൽനിന്നും സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് റസ്റ്റോറന്റ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ മുഴുവൻ തീരദേശങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

## ആധുനിക മത്സ്യ മാർക്കറ്റുകൾ

244(2281) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യമാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിലെ പുത്തൻചന്ത മത്സ്യമാർക്കറ്റ്, പുന്നമൂട് മത്സ്യമാർക്കറ്റ് എന്നിവയാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ?

ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പുത്തൻചന്ത മത്സ്യമാർക്കറ്റ് നിർമ്മാണം | 215.38 |
| 2 | പുന്നമൂട് മത്സ്യമാർക്കറ്റ് നിർമ്മാണം | 378.63 |

(സി) ഓരോന്നിന്റെയും നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഓരോന്നിന്റെയും നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പുത്തൻചന്ത മത്സ്യ മാർക്കറ്റ് നിർമ്മാണം | 215.38 | ഡിമോളിഷൻ പൂർത്തീകരിച്ചു. റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 2 | പുന്നമൂട് മത്സ്യ മാർക്കറ്റ് നിർമ്മാണം | 378.63 | LSGD, LSGI, KIIFB എന്നിവർ ചേർന്ന് റവന്യൂ ഷെയറിംഗിനായി Tripartrite agreement-ൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തി നടപ്പാക്കുന്നതിന് കെ.എസ്.സി.എ.ഡി.സി.-യും നടപടി സ്വീകരിച്ചുവരുന്നു. |

(ഡി) പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## അലങ്കാരമത്സ്യങ്ങളുടെ ഉത്പാദനവും വിപണനവും

245(2282) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശീതജല-ശുദ്ധജല-സമുദ്രജല അലങ്കാര മത്സ്യങ്ങളുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉത്പാദനവും വിപണനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

ശീതജല-ശുദ്ധജല-സമുദ്രജല അലങ്കാര മത്സ്യങ്ങളുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉത്പാദനവും വിപണനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രൊഫ. റിജി ജോൺ, ഡീൻ, ഫിഷറീസ്, കുഫോസ്, കൊച്ചി അംഗമായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾ

246(2283) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനമുള്ള മത്സ്യത്തൊഴിലാളികൾ എത്രയെന്നും ഇവരിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളായി എത്ര കുടുംബങ്ങളുണ്ടെന്നും വ്യക്തമാക്കുമോ?

2020-ലെ കണക്കുകൾ പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ മത്സ്യത്തൊഴിലാളികൾ 2,40,211 ആണ്. ഇതിൽ കടൽ മത്സ്യത്തൊഴിലാളികൾ 1,89,200-ഉം ഉൾനാടൻ മത്സ്യ ത്തൊഴിലാളികൾ 51,011-ഉം ആണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. എന്നാൽ FIMS ഡേറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജലപരിഷ്കരണനയം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണത്തിന്റെ കരട് നിയമം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് വിഘാതമാകുന്ന ഇതരസംസ്ഥാന മത്സ്യബന്ധന ബോട്ടുകളെ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് ലൈസൻസ് നിജപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ടിന്റെയും ബന്ധപ്പെട്ട റൂളിന്റെയും അടിസ്ഥാനത്തിൽ അന്യസംസ്ഥാന ബോട്ടുകൾക്ക് കേരള തീരത്ത് പ്രവേശിക്കുന്നതിനും ഹാർബർ സൗകര്യം ഉപയോഗിക്കുന്നതിനും 25000 രൂപ പെർമിറ്റ് ഫീസും ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ട് പ്രകാരം കൊല്ലങ്കോട് മുതൽ പരവൂർ പൊഴിക്കരവരെ 30 മീറ്റർ ആഴത്തിലും പരവൂർ പൊഴിക്കര മുതൽ ബങ്കാര മഞ്ചേശ്വരംവരെ 20 മീറ്റർ ആഴത്തിലും മെക്കനൈസ്ഡ് ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കുന്നതിനായി കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും അതനുസരിച്ച് പുതുക്കിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 2018 സെപ്തംബർ 1 മുതലാണ് പുതിയ ചട്ടങ്ങൾ നിലവിൽവന്നത്. ആയതുപ്രകാരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## രാജ്യത്തെ ആഴക്കടൽ മത്സ്യബന്ധനം

247(2284) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആഴക്കടൽ മത്സ്യബന്ധനത്തിന് ആഗോള കുത്തകകൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയതിനെത്തുടർന്നുണ്ടായ അശാസ്ത്രീയ മത്സ്യബന്ധനംമൂലവും പാരിസ്ഥിതിക പ്രശ്നങ്ങളാലും സംസ്ഥാനത്തിന്റെ മത്സ്യലഭ്യതയിലുണ്ടായിട്ടുള്ള കുറവ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

മത്സ്യലഭ്യതയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2011-2021 കാലയളവിലുള്ള മത്സ്യലഭ്യതയുടെ വിശദാംശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിവിധ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മത്സ്യലഭ്യതയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) മുൻ സർക്കാരിന്റെ കാലത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു?

മുൻ സർക്കാരിന്റെ കാലത്ത് ഉൾനാടൻ മത്സ്യകൃഷിയിലൂടെ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം നൂതന മത്സ്യകൃഷി, ബ്ലൂ റവല്യൂഷൻ പദ്ധതി, മത്സ്യസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം, ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കടൽ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള കൃത്രിമപ്പാര് പദ്ധതി തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. പൂവാർ, പുതിയതുറ മത്സ്യഗ്രാമങ്ങളിൽ റീഫ് സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം ആരംഭിച്ച 140 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ ഈ സർക്കാർ തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്.

**തീരദേശ സംരക്ഷണം**

248(2285) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കടലാക്രമണം നേരിടുന്ന മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ പ്രദേശങ്ങളിൽ ഇക്കൊല്ലമുണ്ടായ നാശനഷ്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ പ്രദേശങ്ങളിൽ കടൽഭിത്തി തകർന്ന് രൂക്ഷമായ കടലാക്രമണം നിമിത്തമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് ഫിഷറീസ് വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) പ്രസ്തുത പഞ്ചായത്തിലെ തീരദേശം സംരക്ഷിക്കാനായി എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

തീരദേശം സംരക്ഷിക്കുന്നതിനുള്ള കടൽഭിത്തി നിർമ്മാണം ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കിവരുന്നത്.

**കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിന് സാമ്പത്തിക സഹായം**

249(2286) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ മത്സ്യത്തൊഴിലാളികളുടെ ബോട്ട് നഷ്ടപ്പെട്ടാൽ എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നിലവിൽ ഫിഷറീസ് വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കടൽക്ഷോഭത്തിൽ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപാധികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് SDRF, CMDRF എന്നിവിടങ്ങളിൽനിന്നാണ് ധനസഹായം നൽകിവരുന്നത്. 2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്ക് (ഹള്ളിനും, എഞ്ചിനും) ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾക്ക് നഷ്ടം സംഭവിച്ചാൽ ബന്ധപ്പെട്ട ജില്ലയിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ യാനത്തിനുണ്ടായ നഷ്ടം വിലയിരുത്തി നൽകുന്ന റിപ്പോർട്ടിന്റെയും ഇൻഷ്വറൻസ് ഇൻസ്പെക്ടറുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇൻഷ്വർ ചെയ്തിട്ടുള്ളതുമായ യാനങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ബി) കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിനെത്തുടർന്ന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീ. വർഗ്ഗീസ് ബാബു, ഫോർട്ട് കൊച്ചിയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, 19-2-2020-ലെ ബി3/113/2020/മഠവ. എന്ന നമ്പരിലുള്ള ഫയലിന്മേൽ എന്തുനടപടിയാണ് ഫിഷറീസ് വകുപ്പ് ഇതുവരെ സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിനെത്തുടർന്ന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീ. വർഗ്ഗീസ് ബാബു, ഫോർട്ട് കൊച്ചിയുടെ നിവേദനത്തിന്മേൽ ഫിഷറീസ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ

250(2287) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കിഫ്ബിയുടെ സഹായത്തോടെ കായംകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പിൽനിന്നും നല്കിയ ലിസ്റ്റ് പ്രകാരം അന്തിമ ലിസ്റ്റിൽ കായംകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തി ഉൾപ്പെടാത്തതിനാൽ ടി പ്രവൃത്തി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

## മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

251(2288) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## മത്സ്യവിളകൾക്ക് ഇൻഷ്വറൻസ്

252(2289) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യവിളകളുടെ സംരക്ഷണത്തിനായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ നടപ്പിലാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിൽ ഉൾപ്പെടുത്തി മത്സ്യവിളകളുടെ സംരക്ഷണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം മത്സ്യകൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ടെണ്ടറുകൾ ക്ഷണിച്ചെങ്കിലും, ടെണ്ടറുകൾ ഒന്നും ലഭ്യമായില്ല. പ്രസ്തുത സാഹചര്യത്തിൽ കൃഷി വകുപ്പ് നടപ്പാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പുനർഗേഹം പദ്ധതി**

253(2290) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം വീട് മാറിതാമസിക്കുന്നതിലേയ്ക്കായി കൊയിലാണ്ടി മണ്ഡലം പരിധിയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കുമോ?

കൊയിലാണ്ടി മണ്ഡലം പരിധിയിൽനിന്നും 95 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എത്രപേർക്ക് പണം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച 12 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 5 പേർക്ക് ഭൂമിയും വീടും വാങ്ങുന്നതിനും 7 പേർക്ക് ഭൂമി വാങ്ങുന്നതിനും. ഇതിൽ ഒരാൾക്ക് ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു സഹായവും നൽകിയിട്ടുണ്ട്.

(സി) എത്ര പേരുടെ അപേക്ഷയാണ് പണം അനുവദിക്കാനാവാതെ തീർപ്പാവാതിരിക്കുന്നത്; ആയതിന് തടസ്സങ്ങളുണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

83 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ധനസഹായം അനുവദിക്കുന്നതാണ്.

(ഡി) ആവശ്യത്തിന് ഭൂമി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുട്ടത്തറ ഫ്ലാറ്റ് മാതൃകയിൽ ഫിഷറീസ് വകുപ്പുതന്നെ ഭൂമി ഏറ്റെടുത്ത് ഈ പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്കും ഫ്ളാറ്റിലേയ്ക്ക് മാറി താമസിക്കുന്നതിന് ഗുണഭോക്താക്കൾ സന്നദ്ധത അറിയിക്കുന്നമുറയ്ക്കും ഫ്ളാറ്റ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ**

254(2291) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. കെ. വി. സുമേഷ്:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരോ ഭൂരഹിത ഭവനരഹിതരോ ആയി ഉണ്ടെന്ന് കണക്കാക്കാനായി സർവ്വേ നടത്തിയിരുന്നോ; വിശദാംശം നൽകുമോ?

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിതരും ഭവനരഹിതരുമായിരുന്നു.

(ബി) സമുദ്രതീരത്ത് വേലിയേറ്റ പരിധിയിൽനിന്ന് അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി അംഗീകരിച്ച പദ്ധതിയാണ് പുനർഗേഹം. പദ്ധതി അടങ്കൽ 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയ്ക്ക് അന്തിമ

അംഗീകാരം നൽകുന്നത് ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റിയാണ്. ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്ന് പരിശോധിച്ച് ഭൂമിയുടെ വില കമ്പോള വിലയുമായി താരതമ്യം ചെയ്ത് ആ പ്രദേശത്തെ മാർക്കറ്റ് വിലയേക്കാൾ അധികരിച്ചിട്ടില്ലെന്ന് IDT ഉറപ്പുവരുത്തി DLMC അംഗീകാരത്തോടെയാണ് ധനസഹായം അനുവദിക്കുന്നത്.

(സി) പുനർഗേഹം പദ്ധതി പ്രകാരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; ഇനി എത്ര കുടുംബങ്ങളെക്കൂടി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

18685 കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ടത്. 10307 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും 7697 പേർ മാറി താമസിക്കുവാൻ സമ്മതം അറിയിക്കുകയും ചെയ്തതിൽ 1596 പേർ ഭൂമി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ശേഷിക്കുന്നവരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്.

## പുനർഗേഹം പദ്ധതി

255(2292) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനർഗേഹം പദ്ധതി പ്രകാരം തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന എത്ര മത്സ്യത്തൊഴിലാളികൾക്ക് 2020-21 സാമ്പത്തിക വർഷം വസ്തു വാങ്ങി വീട് വയ്ക്കുവാൻ സഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം 1338 ഗുണഭോക്താക്കൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുള്ളതും 845 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ ഒന്നാം ഗഡുവും 415 പേർക്ക് രണ്ടാം ഗഡുവും 172 പേർക്ക് അവസാന ഗഡു ആനുകൂല്യവും അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സാങ്കേതിക മികവുള്ള വീടുകൾ

256(2293) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന ആറ് ലക്ഷം രൂപ പര്യാപ്തമല്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ മുൻകയ്യെടുക്കുമോ?

മത്സ്യത്തൊഴിലാളികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന അതേ മാതൃകയിൽ 4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിന് ലൈഫ് മിഷൻ മുഖേന ധനസഹായം അനുവദിക്കുന്നത്. പുനർഗേഹം പദ്ധതിയിൽ ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിന് 10 ലക്ഷം രൂപയാണ് ധനസഹായം. പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ വരെയാണ് ഭൂമി വിലയായി അനുവദിക്കുന്നത്. ഭൂമി 6 ലക്ഷം രൂപയിൽ കുറവ് തുകയ്ക്ക് കണ്ടെത്താൻ കഴിയുന്നപക്ഷം ബാക്കി തുകകൂടി ഭവന നിർമ്മാണത്തിന് അനുവദിക്കുന്നുണ്ട്.

(ബി) കടൽക്ഷോഭവും ഉപ്പുകലർന്ന കാറ്റും കാരണം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് പെട്ടെന്ന് കേടുപാടുകൾ സംഭവിക്കുന്നതിനാൽ കൂടുതൽ സാങ്കേതിക മികവുള്ള വീടുകൾ വച്ചുനൽകാൻ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പുനർഗേഹം പദ്ധതി പ്രകാരം സാങ്കേതിക മികവുള്ള മികച്ച കെട്ടിട സമുച്ചയങ്ങളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിച്ചുനൽകുന്നത്. ഇതിനകം മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ വച്ചുനൽകുകയും 1174 ഫ്ളാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(സി) മത്സ്യത്തൊഴിലാളികൾക്ക് ശൗചാലയങ്ങൾ നിർമ്മിക്കുവാനായി പ്രത്യേക പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ ശൗചാലയങ്ങളോടുകൂടിയ ഭവനങ്ങളാണ് നിലവിൽ നിർമ്മിച്ചുനൽകുന്നത്.

**തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ**

257(2294) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള ഏതെല്ലാം പ്രവൃത്തികളാണ് കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

തീരദേശ വികസന കോർപ്പറേഷൻ മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**തീരദേശവികസന കോർപ്പറേഷൻ**

258(2295) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡല പരിധിയിൽ തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം അറിയിക്കുമോ?

(എ&ബി) കൊല്ലം നിയോജകമണ്ഡലപരിധിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കിഫ്ബി പദ്ധതികൾ | പദ്ധതി അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗവ.ടൗൺ, യു.പി.സ്കൂൾ, കച്ചേരി മുക്ക് കൊല്ലം | 95.519 | പദ്ധതി പ്രാരംഭഘട്ടത്തിൽ |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| 2 | തങ്കശ്ശേരി മത്സ്യമാർക്കറ്റ് നിർമ്മാണം | 214.77 | ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർദർഘാസ് ക്ഷണിക്കുന്നതാണ്. |
| 3 | കടപ്പാക്കട മത്സ്യമാർക്കറ്റ് നിർമ്മാണം | 150.09 | കൊല്ലം കോർപ്പറേഷൻ ധനസഹായം |
| 4 | ക്യൂ.എസ്.എസ്.കോളനിയിൽ 65 വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണം | 650.00 36 | ഫ്ലാറ്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |

**മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങളിൽ പരിശീലനം**

259(2296) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങളിൽ പരിശീലനം നൽകുന്നതിന് എസ്.എ.എഫ്.(സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ) പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സംരംഭങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ സാഫ് മുഖേന നടത്തുന്നുണ്ട്. തീരമൈത്രി യൂണിറ്റുകൾക്ക്, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിവിധതരം പരിശീലനങ്ങൾ നൽകിവരുന്നു. തീരമൈത്രി പദ്ധതിയെക്കുറിച്ചും പദ്ധതിയുടെ വിവിധ ഘടകങ്ങളെക്കുറിച്ചും അറിവുനൽകുന്ന ഒരു ദിവസത്തെ Sensitization Programme, കൂടാതെ പദ്ധതിയിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആരംഭിക്കുന്നതിനുമുമ്പായി വ്യക്തിത്വ വികസനം, വിവിധ പദ്ധതികളുടെ സുസ്ഥിരമായ നിലനിൽപ്പ്, ഗ്രൂപ്പ് അംഗങ്ങളുടെ കൂട്ടുത്തരവാദിത്വം, മെച്ചപ്പെട്ട ബിസിനസ്സ് നടത്തുന്നതിനായുള്ള കസ്റ്റമർ റിലേഷൻഷിപ്പ് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് 3 ദിവസം നീണ്ടുനിൽക്കുന്ന Residential Achievement Motivation Training, കൂടാതെ സംരംഭം എങ്ങനെ മുന്നോട്ടുനയിക്കണം, കൂടുതൽ ഇടപാടുകാരെ എങ്ങനെ കണ്ടെത്താം, സംരംഭം

ഏതെല്ലാം രീതിയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാം, സംരംഭത്തിന്റെ പദ്ധതിരേഖ എങ്ങനെ തയ്യാറാക്കാം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള രണ്ട് ദിവസത്തെ Management Training, ഒരു ദിവസത്തെ Orientation Programme, സംരംഭത്തിന്റെ നാൾവഴി (Daybook), ലെഡ്ജർ, മിനിറ്റ്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നതിനുമായി 2 ദിവസം നീണ്ടുനിൽക്കുന്ന Book Keeping & Accounting Training, ബിസിനസ്സിൽ പിന്നോക്കംനില്ക്കുന്ന ഗ്രൂപ്പുകളെ ഉയർത്തിക്കൊണ്ടുവരുന്നതിനും ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രവർത്തന മികവ്, മോട്ടിവേഷൻ എന്നിവ നൽകുന്നതിനുമായി മൂന്ന് ദിവസത്തെ Residential Intervention Training Programme, ഒരു ദിവസത്തെ Awareness Training, വിവിധതരം സ്കിൽ ട്രെയിനിംഗുകൾ എന്നിവ സാഫ് യൂണിറ്റുകൾക്കായി നടത്തുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ വിതരണം**

260(2297) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ് :
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൗട്ടെ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾക്ക് ദുരന്തനിവാരണ അതോറിറ്റി പ്രഖ്യാപിച്ച സഹായങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത സഹായങ്ങൾ എന്നത്തേയ്ക്ക് വിതരണം ചെയ്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ടൗട്ടെ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെത്തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറ് ദിവസത്തേയ്ക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപയുടെ ധനസഹായം ജില്ലകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യത്തൊഴിലാളികൾക്കും 84,531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ടി തുക വിതരണം ചെയ്തു വരുന്നു.

(സി) മത്സ്യത്തൊളിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിയിൽ അടച്ച തുക നൽകിയിട്ടില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) ഉണ്ടെങ്കിൽ തുക ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സമ്പാദ്യ സമാശ്വാസപദ്ധതി പ്രകാരം 2021 മെയ്, ജൂൺ മാസങ്ങളിലായി കടലോര മത്സ്യത്തൊഴിലാളികൾക്ക് ഒന്നാംഗഡു ഗുണഭോക്തൃ വിഹിതവും രണ്ടാംഗഡു സംസ്ഥാന വിഹിതവും അനുവദിച്ചുനൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഒന്നാം ഗഡു ഗുണഭോക്തൃ വിഹിതം ജൂലൈ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാംഗഡു സംസ്ഥാന വിഹിതം ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്യുന്നതാണ്. കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ടിൽനിന്നും മൂന്നാം ഗഡു നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനം**

261(2298) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ പശ്ചാത്തല സൗകര്യവികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പദ്ധതികളെക്കുറിച്ച് വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് തീരദേശ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ടി പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി പുനർഗേഹം പദ്ധതി നടപ്പിലാക്കിവരുന്നു. മേൽ പദ്ധതിക്ക് 2450 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇതിൽ 1,398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാണ് കണ്ടെത്തുന്നത്. ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10307 ഗുണഭോക്താക്കളിൽ 7692 പേർ മാറി താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളതും ഇതിൽ 2129 പേരുടെ ഭൂമി വില അംഗീകരിച്ചിട്ടുള്ളതുമാണ്. 1596 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1109 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 368 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി നിർമ്മാണ പൂർത്തീകരണം അന്തിമ ഘട്ടത്തിലെത്തിയതും നിർമ്മാണ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നതും ഭരണാനുമതി ലഭിച്ച് നിർമ്മാണം നടക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളിലേയ്ക്കുമായി 1174 ഗുണഭോക്താക്കളെക്കൂടി പുനർഗേഹം പദ്ധതി പ്രകാരം പുനരധിവസിപ്പിക്കാൻ സാധിക്കും.

(സി) പ്രകൃതിക്ഷോഭത്തിൽ വീടും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം ടൗട്ടെ ചുഴലിക്കാറ്റിലും കടൽക്ഷോഭത്തിലും 186 വീടുകൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നു. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. മത്സ്യബന്ധന ഉപകരണങ്ങളുടെയും മത്സ്യകൃഷി ഫാമുകളുടെയും നഷ്ടം SDRF മാനദണ്ഡ പ്രകാരം കണക്കാക്കി 140.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി ദുരന്തനിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്.

## തീരമേഖലാ പരിപാലന പദ്ധതി

262(2299) ശ്രീ. സി. ആർ. മഹേഷ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ സി. ആർ. ഇസെഡ്. വിജ്ഞാപനമനുസരിച്ചുള്ള തീരമേഖലാ പരിപാലന പദ്ധതി അന്തിമമാക്കാൻ കാലതാമസം ഉണ്ടാകുന്നുണ്ടോ; അതിന്റെ കാരണം വിശദമാക്കാമോ;

(ബി) പദ്ധതി തയാറാക്കുന്നതിൽ പ്രധാനപ്പെട്ട ഘട്ടമായ പൊതു അദാലത്ത് നടത്തുന്നതിൽ ആശയക്കുഴപ്പം നിലനിൽക്കുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിജ്ഞാപനമനുസരിച്ചുള്ള തീരമേഖലാ പരിപാലന പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ നൽകാമോ?

(എ-സി) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുമ്പത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ദ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021-ന് സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## സംയോജിത മത്സ്യകൃഷി

263(2300) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭകർക്ക് സംയോജിത മത്സ്യകൃഷിയിൽ ആവശ്യമായ സാങ്കേതികപരിജ്ഞാനവും പരിശീലനവും നൽകുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

സംരംഭകർക്ക് മറ്റ് കൃഷി രീതികളോടൊപ്പം മത്സ്യകൃഷിയും ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതികപരിജ്ഞാനവും പരിശീലനവും നൽകിവരുന്നുണ്ട്. ഇതിനായി Kerala University of Fisheries and Ocean Science (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ ഉന്നത വിദഗ്ദ്ധർ, ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർ എന്നിവരുടെ സഹായത്തോടെ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകിവരുന്നുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ കടബാധ്യത**

264(2301) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ മത്സ്യത്തൊഴിലാളികളും അനുഭവിക്കുന്ന വലിയ കഷ്ടത പരിഗണിച്ച് മത്സ്യഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നും എടുത്ത ലോണുകളിൽ, അർഹതപ്പെട്ടവർക്ക് ആവശ്യമായ ഇളവുകൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ മത്സ്യ ത്തൊഴിലാളികൾക്കുംവേണ്ടി മത്സ്യഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ലോൺ ഡിസ്ട്രസ്സ് റിലീഫ് പദ്ധതി എന്നീ പദ്ധതികൾപ്രകാരം അർഹരായവർക്ക് ആവശ്യമായ ഇളവുകൾ നൽകിവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ജീവിത പ്രതിസന്ധി പഠിച്ച് പരിഹരിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന തുക**

265(2302) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനായി ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കാൻ സാധിക്കാതെ വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും വികസനത്തിനായി ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര ശതമാനം വീതം കഴിഞ്ഞ അഞ്ചുവർഷം ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(എ&ബി) മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും വികസനത്തിനായി കഴിഞ്ഞ അഞ്ചുവർഷം ധനകാര്യ കമ്മീഷൻ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) മത്സ്യത്തൊഴിലാളിക്ഷേമത്തിന് അനുവദിക്കുന്ന തുക ചെലവഴിക്കാതെ ലാപ്സാകുന്ന സാഹചര്യമുണ്ടെങ്കിൽ അതിന് ഉത്തരവാദികളാകുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി ക്ഷേമത്തിന് അനുവദിക്കുന്ന തുക ചെലവഴിക്കാതെ ലാപ്സാകുന്ന സാഹചര്യമില്ല.

## തീരദേശ പരിപാലന പദ്ധതികൾ

266(2303) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ് :
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തീരദേശ പരിപാലനത്തിനായി വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പന്ത്രണ്ടായിരം കോടിയോളം രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിരുന്നോ; എങ്കിൽ ഏതൊക്കെ പദ്ധതികളുടെ രൂപരേഖയാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ?

(എ &ബി) മുൻ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പിന് തീരദേശ പരിപാലനത്തിനായി 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ 1321.21 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1258.52 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. തുടരെ ഉണ്ടാകുന്ന കടലാക്രമണത്തിൽനിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായുള്ള തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽനിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ NABARD RIDF XXVI-ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്രമായ പദ്ധതി നിലവിൽ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) തുടരെയുണ്ടാകുന്ന കടലാക്രമണത്തിൽനിന്നും തീരദേശത്തെ സംരക്ഷിക്കാൻ സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകാമോ?

കിഫ്ബി ധനസഹായത്തോടെ തെരഞ്ഞെടുത്ത തീരപ്രദേശങ്ങളിൽ ചുവടെ പറയുന്ന തീരസംരക്ഷണ പ്രവൃത്തികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

## ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

267(2304) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതികാനുമതി, കരാർ വച്ച തീയതി, നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## കായലിനടിത്തട്ടിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ

268(2305) ശ്രീ. പി. പി. ചിത്തരഞ്ജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തൊഴിലാളികളുടെ സഹായത്തോടെ കായലിനടിത്തട്ടിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഉണ്ട്. വേമ്പനാട് കായലിലെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കംചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സംകൂടാതെ പുന:സ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നടപ്പാക്കിയ പദ്ധതിയാണ് 'വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം'. അതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ, പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ടുശ്ശേരി, അരുക്കുറ്റി തുടങ്ങിയ 9 പഞ്ചായത്തുകളിലെ കായലിലേയും കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലേയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട പഞ്ചായത്തുകൾ പ്രൊപ്പോസലുകൾ നൽകിയതനുസരിച്ച് ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 50,71,721 രൂപ (അമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ വേമ്പനാട് ക്ലീനിംഗ് പദ്ധതിക്കായി ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കായൽ സംരക്ഷിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നതിന് ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വേമ്പനാട് കായൽപ്രദേശമുൾപ്പെടുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ എം.പി.-മാർ, എം.എൽഎ.-മാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, ഫിഷറീസ്, ജലസേചനം, തദ്ദേശഭരണ സ്ഥാപനം, കൃഷി തുടങ്ങിയ വകുപ്പുകളിലെ ജില്ലാ ഓഫീസർമാരെ ഉൾപ്പെടുത്തി 3-7-2021-ൽ സർക്കാർതലത്തിൽ ഒരു യോഗം ചേർന്നു. യോഗത്തിൽ ബ്ലോക്ക്/പഞ്ചായത്ത്/വാർഡ് തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ രൂപീകരണ പ്രവർത്തനം പ്രാദേശിക തലത്തിൽ നടന്നുവരുന്നു.

## തീരദേശ പരിപാലന പദ്ധതി

269(2306) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 -ലെ സി. ആർ. ഇസെഡ്. വിജ്ഞാപനമനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതി 2020-ൽ തയ്യാറാകേണ്ടതായിരുന്നെങ്കിലും മാപ്പിംഗ് ഉൾപ്പെടെയുള്ള നടപടികൾ വൈകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ മാനദണ്ഡങ്ങളനുസരിച്ച് വീടുവയ്ക്കാൻ കാത്തിരിക്കുന്ന ആയിരക്കണക്കിന് ജനങ്ങൾക്ക് പ്രസ്തുത വിജ്ഞാപനമനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതി വൈകുന്നതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

(എ-സി) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്നമുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനംവഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുമ്പത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ദ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇതിൽ ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021-ന് സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## ബ്ലൂ എക്കോണമി

270(2307) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ബ്ലൂ എക്കോണമി കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഏതെല്ലാം തരത്തിൽ ബാധിക്കും; വിശദമാക്കാമോ;

(ബി) പ്രസ്തുത നയത്തിനെതിരെ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ&ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ബ്ലൂ എക്കോണമി സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

## ഉൾനാടൻ മത്സ്യ കൃഷി

271(2308) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) മത്സ്യകൃഷി നടത്തുന്ന കർഷകർക്ക് ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങൾ, വിപണി, വായ്പ എന്നിവ ഒരുക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മത്സ്യകൃഷി നടത്തുന്ന കർഷകർക്ക് ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങൾ, വിപണി, വായ്പ എന്നിവ ഒരുക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്.

## ഉൾനാടൻ മത്സ്യബന്ധനം

272(2309) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളെ മത്സ്യോത്പാദനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാരനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൂഞ്ഞാർ മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി

273(2310) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യക്കൃഷി പദ്ധതിയിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മീനച്ചിലാർ, മണിമലയാർ, പമ്പ തുടങ്ങിയ നദികൾ കടന്നുപോകുന്ന പ്രസ്തുത മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷിയുടെ സാദ്ധ്യത കണക്കിലെടുത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കി വരുന്നുണ്ട്.

**ഉൾനാടൻ മത്സ്യകൃഷി**

274(2311) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിക്ക് സാധ്യതയുള്ള ജല സംഭരണികളേയും പൊതുജലാശയങ്ങളേയും കണ്ടെത്തി പ്രയോജനപ്പെടുത്തുവാൻ സാങ്കേതിക സർവ്വേ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് 33291 ഹെക്ടർ വിസ്തീർണ്ണമുള്ള 47 ജലസംഭരണികളാണുള്ളത്. അതിൽ ഉൾനാടൻ മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള 27,661 ഹെക്ടർ വിസ്തീർണ്ണമുള്ള 40 ജലസംഭരണികളിൽ മത്സ്യകൃഷി നടത്താമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ എട്ട് റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട എന്റമിക് കാർപ്പ്, എന്റമിക് കാറ്റ് ഫിഷ്, കുയിൽ മത്സ്യം, വരാൽ, കരിമീൻ, കറൂപ്പ് തുടങ്ങിയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ 8 റിസർവോയറുകളിലായി മേൽപ്പറഞ്ഞ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന 27,45,230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനാണ് പദ്ധതിയിടുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി 22 റിസർവോയറുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂടിലെ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ RKI പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ബാണാസുരസാഗർ അണക്കെട്ടിൽ 320 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കൂടുകൃഷി പദ്ധതി

നടപ്പിലാക്കിവരുന്നു. ഉൾനാടൻ മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങളും കണ്ടെത്തിയിട്ടുണ്ട്. ആയതനുസരിച്ച് 8057.6 ഹെക്ടർ വിസ്തീർണ്ണമുള്ള 64291 ശുദ്ധജലകുളങ്ങളും 2420 ഹെക്ടർ വിസ്തീർണ്ണമുള്ള 2771 ഓരുജല കുളങ്ങളുമുണ്ട്. ഇതിൽ 5074 ഹെക്ടർ വിസ്തീർണ്ണമുള്ള 46369 ശുദ്ധജല കുളങ്ങളിലും 1120 ഹെക്ടർ വിസ്തീർണ്ണമുള്ള 1549 ഓരുജല കുളങ്ങളിലും ഇതിനകം മത്സ്യക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യക്കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്ന 49077 ഹെക്ടർ വിസ്തീർണ്ണമുള്ള 1012 ശുദ്ധജല പാടശേഖരങ്ങളും 5237 ഹെക്ടർ വിസ്തീർണ്ണമുള്ള 908 ഓരുജലപാടശേഖരങ്ങളും ഉണ്ട്. ഇതിൽ 13300 ഹെക്ടർ വിസ്തീർണ്ണമുള്ള 211 ശുദ്ധജലപാട ശേഖരങ്ങളിലും 2295 ഹെക്ടർ വിസ്തീർണ്ണമുള്ള 381 ഓരുജല പാടശേഖരങ്ങളിലും ഇതിനകം മത്സ്യക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളിലെ അനുയോജ്യമായ പ്രദേശങ്ങളിൽ 6159 യൂണിറ്റ് കൂടിലെ മത്സ്യകൃഷി, 11275 യൂണിറ്റ് കല്ലുമ്മേക്കായ/കടൽമുരിങ്ങ കൃഷി എന്നിവ നടപ്പിലാക്കാൻ കഴിയുന്നതാണ്. ഇത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുയോജ്യമായ സ്ഥലങ്ങളിൽ 1842 ഓരുജലകൂട്ട മത്സ്യകൃഷിയും 1353 യൂണിറ്റ് കല്ലുമ്മേക്കായ കൃഷിയും നടപ്പിലാക്കിയിരുന്നു. "എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം" എന്ന കാമ്പയിന്റെ ഭാഗമായി മേൽ പ്രസ്താവിച്ച രീതിയിൽ കണ്ടെത്തിയ മുഴുവൻ ജലാശയങ്ങളിലും അടുത്ത മൂന്നുവർഷംകൊണ്ട് മത്സ്യക്കൃഷി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ

275(2312) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ കാലയളവിൽ വരുമാനം നിലച്ച സാധാരണക്കാർ വ്യാപകമായി വീടുകളോടനുബന്ധിച്ച് മത്സ്യക്കൃഷി ആരംഭിച്ചിട്ടുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന ഇത് പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജൈവഗൃഹം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പ് മുഖേനയാണ് വിതരണം ചെയ്യുന്നത്.

## മത്സ്യവിത്ത് ഉത്പാദന കേന്ദ്രങ്ങൾ

276(2313) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമേഖലയിൽ മത്സ്യവിത്ത് ഉത്പാദനത്തിനുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണ്; ഇവിടെ പ്രതിവർഷം ശരാശരി എത്ര മത്സ്യവിത്ത് ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്; മത്സ്യവിത്ത് ഉത്പാദനം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും വകുപ്പിന് കീഴിലുള്ള അഡാക്കിന്റെയും മത്സ്യഫെഡിന്റെയും കുഫോസിന്റെയും മത്സ്യവിത്ത് ഉത്പാദന കേന്ദ്രങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ഉൾനാടൻ മത്സ്യകൃഷി

277(2314) ശ്രീ. പി. വി. ശ്രീനിജിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് നൽകുന്ന ശാസ്ത്രീയ പരിശീലനത്തിന്റെയും സാമ്പത്തിക സഹായത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം, പ്രധാനമന്ത്രി മത്സ്യ സമ്പദ്‌യോജന (PMMSY) എന്നീ പദ്ധതികളിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യ കർഷകർക്ക് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പരിശീലനം നൽകിവരുന്നു. ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ സിസ്റ്റം, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള നൂതന മത്സ്യക്കൃഷിരീതികൾ ഉൾപ്പെടെയുള്ള വിവിധ മത്സ്യക്കൃഷി രീതികൾക്ക് Kerala University of Fisheries and Ocean Science (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധർ, ഫിഷറീസ് വകുപ്പിലെ ടെക്നിക്കൽ വിദഗ്ദ്ധർ തുടങ്ങിയവരുടെ സഹായത്തോടെ ഗുണഭോക്താക്കളായ കർഷകർക്ക് കോവിഡ് സാഹചര്യത്തിൽ ഓൺലൈനായി പരിശീലനം നൽകിവരുന്നുണ്ട്. ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ അനുബന്ധം1 ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉൾനാടൻ മത്സ്യക്കൃഷിക്കായി എറണാകുളം ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യക്കൃഷിക്കായി എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം 2* ആയി ചേർക്കുന്നു.

**ഉൾനാടൻ മത്സ്യകൃഷി**

278(2315) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ എത്ര ശതമാനം മത്സ്യക്കൃഷിക്കായി പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ മേഖലയിലെ സാദ്ധ്യതകൾ പൂർണ്ണമായും വിനിയോഗിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം' എന്ന ക്യാമ്പയിന്റെ ഭാഗമായി ശേഷിക്കുന്ന 2983 ഹെക്ടർ വിസ്തീർണ്ണമുള്ള 17922 ശുദ്ധജലകുളങ്ങളിലും 1300 ഹെക്ടർ വിസ്തീർണ്ണമുള്ള 1222 ഓരുജല കുളങ്ങളിലും 35777 ഹെക്ടർ വിസ്തീർണ്ണമുള്ള 801 ശുദ്ധജല പാടശേഖരങ്ങളിലും 2942 ഹെക്ടർ വിസ്തീർണ്ണമുള്ള 527 ഓരുജല പാടശേഖരങ്ങളിലും അടുത്ത 3 വർഷംകൊണ്ട് പുതുതായി മത്സ്യക്കൃഷി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സുഭിക്ഷ കേരളം പദ്ധതി**

279(2316) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷകേരളം പദ്ധതി മുഖേന മത്സ്യക്കൃഷിയിൽ ഉത്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയതുവഴി കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ മത്സ്യക്കൃഷിയിലൂടെയുള്ള മത്സ്യോത്പാദനം 25,087 മെട്രിക് ടണ്ണിൽ നിന്നും 34,987 മെട്രിക് ടണ്ണായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉത്പാദിപ്പിക്കുന്ന മത്സ്യം വിറ്റഴിക്കാൻ പ്രയാസം നേരിടുന്നുവെന്ന പരാതി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

**മലമ്പുഴ അക്വേറിയം**

280(2317) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പിന് കീഴിലുള്ള മലമ്പുഴ അക്വേറിയം ആധുനിക നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പദ്ധതി തയ്യാറാക്കിയിട്ടില്ല.

**കുണ്ടറ മണ്ഡലത്തിലെ പ്രവൃത്തികൾ**

281(2318) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ?

കുണ്ടറ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖാന്തരം നടത്തിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധം 1* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവർ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെൻറ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നീ വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

**വേമ്പനാട് കായലിലെ ശുദ്ധീകരണം**

282(2319) ശ്രീമതി ദെലീമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായലിലെ പോള, പായൽ നീക്കം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വേമ്പനാട് കായലിന്റെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, ആവാസ വ്യവസ്ഥ നിലനിർത്തി ജലത്തിന്റെ ഒഴുക്ക് തടസ്സം കൂടാതെ പുനഃസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ പദ്ധതിയാണ് " വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം." 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ, പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ടുശ്ശേരി തുടങ്ങിയ 9 പഞ്ചായത്തുകളിൽ 50,71,721 രൂപയും കായൽ പോള നീക്കം ചെയ്യുന്നതിന് 6,60,000 രൂപയും അനുവദിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കൈനകരി, മണ്ണഞ്ചേരി, മുഹമ്മ, പള്ളിപ്പുറം, തണ്ണീർമുക്കം, അരൂർ എന്നിവിടങ്ങളിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘങ്ങളിലെ ഇരുപത്തിയഞ്ച് മത്സ്യത്തൊഴിലാളികളെ വീതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ പ്രവൃത്തിക്കായി 2021-2022 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വേമ്പനാട് കായൽ ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നായ പോള പായൽ, മൺതിട്ടകൾ എന്നിവ നീക്കം ചെയ്ത് കായലിനെ സംരക്ഷിച്ച് കായലിന്റെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനും ആവാസവ്യവസ്ഥ നിലനിർത്തുന്നതിനുമുള്ള നടപടിയുടെ ആദ്യഘട്ടമായി വേമ്പനാട് കായൽ പ്രദേശ പരിധിയിലെ ബഹുമാനപ്പെട്ട എം.പി.-മാർ, ബഹുമാനപ്പെട്ട എംഎൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലാകളക്ടർ, കൃഷി, ജലസേചനം, പഞ്ചായത്ത്, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി സർക്കാർതലത്തിൽ യോഗം നടത്തിയിരുന്നു. കോർഡിനേഷൻ കമ്മിറ്റികൾ, ജനകീയ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പോളപായലിന്റെ വരവുമൂലം ഊന്നിവലകൾക്കും മറ്റ് മത്സ്യബന്ധന ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചതിന് സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

ഇല്ല

(സി) ഊന്നിവലകളുടെയും മറ്റും നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടില്ല.

## റ്റി.എം. ചിറ പാലം

283(2320) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം, കരുനാഗപ്പള്ളി മണ്ഡലങ്ങളിലെ തീരദേശവാസികളുടെ ചിരകാല സ്വപ്നമായ റ്റി.എം. ചിറ പാലം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ക്ലാപ്പന പഞ്ചായത്തിലെ ഒന്നാം വാർഡായ ആയിരംതെങ്ങിനേയും കായംകുളം നിയോജകമണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ

ഉൾപ്പെട്ട റ്റി. എം. ചിറ ദ്വീപിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 10 മീറ്റർ സ്പാനുള്ള റ്റി. എം. ചിറ ആയിരംതെങ്ങ് പാലം നിർമ്മിക്കുന്നതിന് നബാർഡ് RIDF XIX പദ്ധതിയിലുൾപ്പെടുത്തി 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ സമയത്ത് പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിൽനിന്നും ഏറ്റെടുത്ത് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറാമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പുനൽകിയിരുന്നു. എന്നാൽ നിലവിലുള്ള നടവഴി അപ്രോച്ച് ആയി ഉപയോഗിച്ചാൽ ഫിഷറീസ് വകുപ്പ് അധീനതയിലുള്ള ഫാം രണ്ടായി മുറിഞ്ഞുപോകും എന്നതിനാൽ ഫിഷറീസ് വകുപ്പിൽനിന്ന് അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ RIDF XIX-ലെ പദ്ധതി നടപ്പാക്കുന്നതിന് കഴിഞ്ഞില്ല. RIDF XIX-ന്റെ കാലാവധി 2019-ൽ അവസാനിച്ചു.

(സി) റ്റി.എം. ചിറ പാലം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വരുംവർഷങ്ങളിൽ ഈ പ്രദേശത്ത് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### ഹാർബർ നിർമ്മാണത്തിലെ അപാകതകൾ

284(2321) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണം മുതലപ്പൊഴി ഉൾപ്പെടെയുള്ള അഴിമുഖങ്ങളിൽ മണൽത്തിട്ടകൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മണൽത്തിട്ടകൾ യഥാസമയം ഡ്രഡ്ജ് ചെയ്ത് നീക്കാത്തതിനാൽ അവ മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം തടസ്സപ്പെടുത്തുന്നത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. മെസേഴ്സ് അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കൊണ്ടുപോകുന്നതിനായി മുതലപ്പൊഴിയിൽ ലോഡ്ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി ഉണ്ടാക്കിയ ധാരണാപത്രം പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പ്രവേശന കവാടം, അപ്രോച്ച് ചാനൽ എന്നിവിടങ്ങളിൽ അഞ്ച് മീറ്ററും, ഹാർബർ ബേസിനിൽ മൂന്ന് മീറ്ററും ആഴം വരത്തക്കവിധത്തിൽ മെസേഴ്സ് അദാനി പോർട്ട്സ് മുഖേന ഡ്രഡ്ജിംഗ് നടത്തി ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തീരപ്രദേശത്ത് അശാസ്ത്രീയമായ രീതിയിൽ നിർമ്മാണം നടത്തിയതിന്റെ ഫലമായി തീരശോഷണം ഉൾപ്പെടെയുള്ള വിവിധ പ്രതിസന്ധികൾ നേരിടുന്ന തുറമുഖങ്ങളിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ച് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചെന്നൈ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കെ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് തീരശോഷണം നടക്കുന്ന വടക്ക് ഭാഗത്ത് സാൻഡ് ബൈപ്പാസിംഗ് നടത്തി നിക്ഷേപിക്കുന്നതിന് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## ചെത്തി ഹാർബർ നിർമ്മാണം

285(2322) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെത്തി ഹാർബർ നിർമ്മാണത്തിന്റെ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി KIIFB-യിൽ ഉൾപ്പെടുത്തി 97.43 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകി. കരാറുകാരനുമായി KSCADC കരാറിൽ ഏർപ്പെട്ടശേഷം അടിയന്തരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മുതലപ്പൊഴി തുറമുഖത്തെ അപകടമരണങ്ങൾ

286(2323) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി തുറമുഖത്ത് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ എത്ര തൊഴിലാളികൾ മരണപ്പെട്ടു?

മുതലപ്പൊഴി തുറമുഖത്ത് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗത്വമുള്ള 26 മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ദുരന്തത്തിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. മൺസൂൺ കാലയളവിൽ ശക്തമായ കാറ്റിലും തിരയിളക്കത്തിലും മണ്ണ് അടിയുന്നതുമൂലം മത്സ്യബന്ധന യാനങ്ങൾക്ക് അപകടങ്ങൾ സംഭവിക്കുന്നതായി പരാതികൾ ഉയർന്നതിനെത്തുടർന്ന് മെസേഴ്സ് അദാനി പോർട്ട്സ് ഉണ്ടാക്കിയ ധാരണാ പത്രപ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പ്രവേശന കവാടം, അപ്രോച്ച് ചാനൽ എന്നിവിടങ്ങളിൽ അഞ്ച് മീറ്ററും, ഹാർബർ ബേസിനിൽ മൂന്ന് മീറ്ററും ആഴം വരത്തക്കവിധത്തിൽ മെസേഴ്സ് അദാനി പോർട്ട്സ് മുഖേന ഡ്രഡ്ജിംഗ് നടത്തി ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കെ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് തീരശോഷണം നടക്കുന്ന വടക്കുഭാഗത്ത് സാൻഡ് ബൈപ്പാസിംഗ് നടത്തി നിക്ഷേപിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണം

287(2324) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണത്തിന് എത്ര രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരുന്നത്?

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന നടത്തുന്നില്ല. എന്നാൽ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 1802.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 478 മീറ്റർ തെക്കെപുലിമുട്ട്, 145 മീറ്റർ വടക്കെപുലിമുട്ട്, ലേലപ്പുര, വാർഫ്, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തിയാക്കി 28-2-2011-ൽ ഹാർബർ കമ്മീഷൻ ചെയ്യുകയുണ്ടായി. പിന്നീട് എൻ.എഫ്.ഡി.ബി പദ്ധതിയിലുൾപ്പെടുത്തി തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി 138 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പഴയ ലേല ഹാളിന്റെയും റിപ്പയർ ഷെഡിന്റെയും നവീകരണം, ഹാർബർ ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തി നിർമ്മിച്ച ലേലപ്പുരയുടെ പടിഞ്ഞാറ് ഭാഗത്ത് കയറ്റുമതി ലക്ഷ്യമിടുന്ന മത്സ്യം കൈകാര്യം ചെയ്യുന്നതിനുമുള്ള സൗകര്യം, പാർക്കിംഗ് സെന്ററിന്റെയും ഓടയുടെയും നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ളത്. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിനായി ഓഖി പാക്കേജിൽ ഉൾപ്പെടുത്തി നൽകിയ 13.38 കോടി രൂപയുടെ ഭരണാനുമതിയിൽ പുലിമുട്ടിന്റെ സംരക്ഷണത്തിനായുള്ള അറ്റകുറ്റ പ്രവൃത്തികളും മണലടിയുന്ന പ്രവണത കുറയ്ക്കുന്നതിനുമായി പ്രധാന പുലിമുട്ടിൽനിന്നും 250 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനുള്ള ഇനവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിച്ചത്; നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; നിർമ്മാണ കാലാവധി എത്ര വർഷമാണ്; നിർമ്മാണ പുരോഗതി വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതിയുടെ നിർമ്മാണം 18-7-2019-ൽ ആരംഭിച്ചു. ഈ പ്രവൃത്തിയിലുൾപ്പെട്ട തെക്കെ പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരവേ ക്വാറി നിയന്ത്രണംമൂലവും കോവിഡ് നിയന്ത്രണങ്ങൾമൂലവും പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. പ്രവൃത്തിയുടെ കാലാവധി ഒരു വർഷമാണ്. ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലവിലുള്ള പുലിമുട്ടിന്റെ സംരക്ഷണ പ്രവൃത്തികൾ 70 മീറ്റർ വരെയും പുതുതായി 410 മീറ്റർ നീളത്തിൽ പുലിമുട്ടിന്റെ നിർമ്മാണവും ഇതുവരെ ചെയ്തിട്ടുണ്ട്.

(സി) അശാസ്ത്രീയമായ നിർമ്മാണംമൂലം പോർട്ടിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുന്നില്ലെന്ന മത്സ്യമേഖലയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തോട്ടപ്പള്ളി ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പ്രവർത്തനക്ഷമമാക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ പൂനെ CWPRS എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഇപ്പോഴുള്ള തെക്കെപുലിമുട്ടിന്റെ നീളം 420 മീറ്റർ വർദ്ധിപ്പിക്കുന്നതിനും വടക്കെപുലിമുട്ടിൽനിന്നും 300 മീറ്റർ വടക്കോട്ട് മാറി 436 നീളത്തിൽ മറ്റൊരു പുലിമുട്ട് നിർമ്മിക്കുവാനും ശിപാർശ ചെയ്യുകയുണ്ടായി. മേൽപദ്ധതി ഓഖി പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ഇതോടൊപ്പം ബേസിനിൽ അടിഞ്ഞുകൂടിയ മണ്ണ് ഡ്രഡ്ജ് ചെയ്ത് മിനറൽസ് വേർതിരിച്ചെടുക്കുന്നതിന് IREL-ന് അനുമതി നൽകിയിട്ടുണ്ട്. IREL മണ്ണ് ഡ്രഡ്ജ് ചെയ്തുനീക്കുന്ന സാഹചര്യത്തിൽ ഹാർബർ ഭാഗികമായി പ്രവർത്തനക്ഷമമായിട്ടുണ്ട്.

## തീരശോഷണം പ്രതിരോധിക്കാൻ നടപടികൾ

288(2325) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരശോഷണം വർദ്ധിക്കുന്നതായ സ്ഥിതിവിശേഷം പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഫിഷറീസ് വകുപ്പുമുഖേന പഠനവിധേയമാക്കിയിട്ടില്ല. എന്നാൽ ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് അംഗീകൃത ഏജൻസികൾ മുഖേന മാതൃകാപഠനം നടത്താറുണ്ട്. ഇതിൽ ഹാർബർ നിർമ്മിതിമൂലം ഹാർബറിനോട് ചേർന്നുള്ള പ്രദേശത്തെ തീരശോഷണവും പഠന വിധേയമാക്കാറുണ്ട്.

(ബി) തുറമുഖങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യനിർമ്മിതികൾ തീരശോഷണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. തുറമുഖങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യ നിർമ്മിതികൾമൂലം തീരശോഷണത്തിന്റെ തോത് വർദ്ധിപ്പിക്കുമോയെന്നത് സംബന്ധിച്ച് വിശദമായ പഠനങ്ങളിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ.

(സി) തീരശോഷണം വർദ്ധിക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വിവിധ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ ജൈവ കവചം വച്ചു പിടിപ്പിക്കുന്നതും പരിഗണനയിലാണ്.

**കടലാക്രമണം**

289(2326) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കടലാക്രമണം നേരിടുന്നതിന് ഏതൊക്കെ പ്രവൃത്തികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്?

കടലാക്രമണം തടയുന്നതിനായി മംഗൽപ്പാടി പഞ്ചായത്തിലെ മുസോഡി കടപ്പുറം മുതൽ മണിമുണ്ടകടപ്പുറം വരെയുള്ള 3.82 കി.മീറ്റർ നീളം വരുന്ന തീരത്ത് 17 ഗ്രോയിനുകളുടെ നിർമ്മാണം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചുവരുന്നു.

(ബി) കടൽഭിത്തി നിർമ്മാണം എവിടെയൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത്; കടൽഭിത്തി നിർമ്മിക്കേണ്ട പ്രദേശങ്ങൾ ഏതൊക്കെയാണ്; ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കടൽക്ഷോഭം തടയാനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന മഞ്ചേശ്വരം മണ്ഡലത്തിൽ തീരദേശ മേഖലകളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി-ഡി) കടൽഭിത്തികളുടെ നിർമ്മാണവും പരിപാലനവും ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കുന്നത്.

(ഇ) പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ പുരോഗമിക്കുന്ന ഗ്രോയിനുകളുടെ നിർമ്മാണം അനുകൂല കാലാവസ്ഥയിൽ 2022 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കുണ്ടറ മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

290(2327) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നതെന്ന് അറിയിക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് തീരദേശ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (എ)* -യിൽ ചേർത്തിരിക്കുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവ തരംതിരിച്ച് വിശദമാക്കാമോ?

വിശദാംശം അനുബന്ധം (ബി)* -യിൽ ചേർത്തിരിക്കുന്നു.

## കേരള ഫിഷറീസ് സർവ്വകലാശാല ഡീൻ തസ്തിക

291(2328) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവ്വകലാശാല ഡീൻ (ഫിഷറീസ്) തസ്തിക സൃഷ്ടിച്ചിരുന്നോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് അനുബന്ധ ചട്ടങ്ങൾ നിലവിലുണ്ടോ; ചട്ടങ്ങൾ ലംഘിച്ച് പ്രസ്തുത തസ്തികയിൽ വൈസ് ചാൻസലറുടെ ഭാര്യയെ നിയമിച്ചിരുന്നോ?

ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവ്വകലാശാലയിൽ ഡീൻ (ഫിഷറീസ്) തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) ഇന്റർവ്യൂവിൽ വൈസ് ചാൻസലർ പങ്കെടുത്തുവോയെന്നും ആരാണ് അദ്ധ്യക്ഷത വഹിച്ചതെന്നും അറിയിക്കുമോ; സർവ്വകലാശാല ചട്ടമനുസരിച്ച് ഫിഷറീസ് വൈസ് ചാൻസലർ അല്ലാതെ മറ്റൊരാൾ കമ്മിറ്റിയിൽ അദ്ധ്യക്ഷത വഹിച്ചത് നിയമാനുസൃതമാണോ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്റർവ്യൂവിൽ കുഫോസ് വൈസ് ചാൻസലർ പങ്കെടുത്തിരുന്നില്ല. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല വൈസ് ചാൻസലറാണ് അദ്ധ്യക്ഷത വഹിച്ചത്. കുഫോസ് വൈസ് ചാൻസലറുടെ ഭാര്യ അപേക്ഷകയായതിനാൽ, കുഫോസ് വൈസ് ചാൻസലറിനുപകരം മറ്റൊരു വൈസ് ചാൻസലറാണ് അദ്ധ്യക്ഷനായത്.

### തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണം

292(2329) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ പയ്യന്നൂരിൽ നിർമ്മിക്കുന്ന തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പയ്യന്നൂർ പുതിയ ബസ്സ്റ്റാന്റിന് സമീപം നിർമ്മിക്കുന്ന തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ ജോലികൾ 35% പൂർത്തിയായിട്ടുണ്ട്. രണ്ടുനിലകളുടെ കോൺക്രീറ്റിംഗ് പൂർത്തിയായി. മൂന്നാമത്തെയും അവസാനത്തേതുമായ നിലയുടെ നിർമ്മാണം നടന്നുവരുന്നു.

(ബി) നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

2021 ഡിസംബർ മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

### ഒളവണ്ണയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ

293(2330) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിന് കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

പദ്ധതി ഭൂമിയുടെ സാമൂഹ്യാഘാത പഠനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സെക്ഷൻ 11(1), 19(1) എന്നീ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ പദ്ധതി ഭൂമിയുടെ വിശദമായ മൂല്യനിർണ്ണയം നടന്നുവരികയാണ്.

(സി) പ്രസ്തുത സ്ഥലം, ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണോ അതോ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരമാണോ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2013-ലെ ഭൂമി ഏറ്റെടുക്കൽ ചട്ടപ്രകാരം (RFCTLARR Act) ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## യുവാക്കളുടെ കലാസൃഷ്ടികൾക്കായി വെബ്സൈറ്റ്/ആപ്പ്

294(2331) ശ്രീ. പ്രമോദ് നാരായൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ യുവകലാകാരന്മാർക്ക് അവരുടെ കലാസൃഷ്ടികൾ (കഥ, കവിത, തിരക്കഥ, പെയിന്റിംഗ് തുടങ്ങിയവ) ആധികാരികമായി പ്രദർശിപ്പിക്കുവാൻ ആവശ്യമായ സ്വതന്ത്ര പ്ലാറ്റ്ഫോമിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭാവിയിൽ ഇത്തരം കലാകാരന്മാരുടെ നിലവാരമുള്ള കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനുവേണ്ടി ദേശീയ നിലവാരമുള്ള വെബ് സൈറ്റ്/സ്വതന്ത്ര ആപ്പ് സാംസ്കാരിക വകുപ്പിന് കീഴിൽ ആരംഭിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇതിനായി ബന്ധപ്പെട്ട അക്കാദമികൾ അവസരമൊരുക്കുന്നുണ്ട്. ഇത് കൂടുതൽ വിപുലമാക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## സഹോദരൻ അയ്യപ്പൻ സ്മാരകം

295(2332) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം വില്ലേജിൽ ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപത്തായി, സഹോദരൻ അയ്യപ്പൻ മിശ്രഭോജനം നടത്തിയതിന്റെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട് മിശ്രഭോജൻ സ്മാരക നിർമ്മാണത്തിനായി എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ റീ-സർവ്വേ നമ്പർ 95/15-ൽ ഉൾപ്പെട്ട മൂന്നുസെന്റ് സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിക്ക് അനുമതി നൽകിക്കൊണ്ടും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക 5452-01-800-84-Muziris Heritage & Spice Route (Plan) എന്ന ശീർഷകത്തിൽനിന്ന് വഹിക്കേണ്ടതാണെന്ന് പരാമർശിച്ചുകൊണ്ടും 6-12-2017-ലെ സ. ഉ. (സാധാ) നമ്പർ. 589/2017/ടൂറിസം പ്രകാരം സർക്കാരിലെ വിനോദ-സഞ്ചാര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള പൊന്നുംവില നടപടികളുടെ ഭാഗമായി അന്തിമ വിജ്ഞാപനം 2020 നവംബർ മാസം 2 തീയതിയിൽ എറണാകുളം ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിനെ തുടർന്നുള്ള ഡ്രാഫ്റ്റ് അവാർഡ് 25-6-2021-ൽ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും ഭൂ-ഉടമയ്ക്ക് അവാർഡ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

(ബി) ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പിലെ A2/12/2015 നമ്പർ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

തനതു ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങുന്നതിന് അനുമതിയാവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്‌ലോർ വില്ലേജ്

296(2333) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ തെയ്യം കലയുടെ കുലപതി മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണൻ പെരുവണ്ണാനും ഉചിതമായ സ്മാരകമെന്ന നിലയിൽ കൊടക്കാട് കേന്ദ്രീകരിച്ചൊരു ഫോക്‌ലോർ വില്ലേജിനായി 5 കോടി രൂപയുടെ 20% തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഫോക്‌ലോർ അക്കാദമി മുഖാന്തരം ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടികൾ ഉണ്ടാകുമോ?

കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിൽ കണ്ണപ്പെരുവണ്ണാൻ സ്മാരക കലാഗ്രാമം സ്ഥാപിക്കുന്നതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ 13-10-2017-ലെ സ.ഉ. (സാധാ) നമ്പർ 597/2017/സാം.കാ.വ ഉത്തരവ് പ്രകാരം കേരള ഫോക്‌ലോർ അക്കാദമിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ശ്രീ. കണ്ണപ്പെരുവണ്ണാൻ സ്മാരകം പണിയുന്നതിന് കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിലെ 298/പാർട്ട് സർവ്വേ നമ്പറിലുള്ള പുറമ്പോക്ക് ഭൂമിയിൽനിന്നും അക്കാദമിക്ക് സ്ഥലം അനുവദിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും സ്ഥലം അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് കേരള ഫോക്‌ലോർ അക്കാദമി മുഖാന്തരം പദ്ധതി നടപ്പിലാക്കുന്നതാണ്.

**മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി**

297(2334) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്; കഴിഞ്ഞ സാമ്പത്തിക വർഷം ഈ അക്കാദമി എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്?

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് അവരുടെ ദൈനംദിന ചെലവുകൾക്ക് പദ്ധതിയേതര വിഹിതവും വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതവും വർഷാവർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ അക്കാദമിക്ക് കോഴിക്കോട് നാദാപുരത്ത് ഉപകേന്ദ്രം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(1) 2020-21 സാമ്പത്തിക വർഷത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിവിധ കലാസാംസ്കാരിക പരിപാടികൾ, രചനകൾ ഉൾപ്പെടെ കലാമത്സരങ്ങൾ, സാംസ്കാരിക വകുപ്പ് നിർദ്ദേശിച്ച ദിനാചരണങ്ങൾ, അക്കാദമിയുടെ വാർഷിക പരിപാടിയായ വൈദ്യർ മഹോത്സവം എന്നിവ അക്കാദമി സംഘടിപ്പിച്ചു.

(2) പ്രാചീന അറബി, മലയാളം ഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്ക് ലിപ്യന്തരണം ചെയ്ത് പ്രസിദ്ധീകരിച്ചു.

(3) വൈദ്യർ അക്കാദമിയുടെ പേരിൽ നവമാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നിവയും യൂട്യൂബ് ചാനലായി വൈദ്യർ ടി വി (Vaidyartv) ആരംഭിക്കുകയും ഈ ചാനലിൽ അക്കാദമിയുടെ 200-ലധികം വീഡിയോസ് അപ്‌ലോഡ് ചെയ്യുകയും ചെയ്തു.

(4) വൈദ്യർ അക്കാദമിയുടെ കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു.

(5) അറബിമലയാളം റിസർച്ച് ആൻഡ് റഫറൻസ് ലൈബ്രറി, ഓഡിയോ വിഷ്വൽ തിയേറ്റർ, ഇൻഡോർ, ഓപ്പൺ എയർ ഓഡിറ്റോറിയങ്ങൾ, വിവിധ ഫോട്ടോഗാലറികൾ, പുരാരേഖ ഗാലറി, ചരിത്രസാംസ്കാരിക മ്യൂസിയം- ഒന്നാം ഘട്ടം, റിക്കാർഡിംഗ് സ്റ്റുഡിയോ, മ്യൂസിക്കൽ ആർക്കൈവ്സ്, പുസ്തകപ്രസാധനം, പുസ്തക വില്പനശാല, യുജിസി കെയർ ലിസ്റ്റിലുള്ള ഗവേഷണ ജേണൽ (ഇശൽ പൈതൃകം), മാപ്പിളപ്പാട്ട്, മാപ്പിളകലാ പരിശീലനങ്ങൾ, മാനവീയം വേദി തുടങ്ങിയ പ്രവർത്തനങ്ങൾ അക്കാദമി കേന്ദ്രമായി നടക്കുന്നുണ്ട്.

(ബി) ഈ കലാ അക്കാദമിയുടെ പി.എസ്.റ്റി.ബി. അക്കൗണ്ടിൽ നിന്നും സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് സർക്കാർ തുക പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇത്തരത്തിൽ പിൻവലിച്ചത്; സർക്കാരിന്റെ എന്തെല്ലാം ആവശ്യങ്ങൾ നിറവേറ്റാനാണ് സാംസ്കാരിക വകുപ്പ് തുക തിരികെ നൽകിയത്;

(സി) ഇത്തരത്തിൽ ഈ കലാ അക്കാദമിയുടെ അക്കൗണ്ടിൽനിന്ന് തുക സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കുവേണ്ടി നൽകേണ്ടി വരുന്നത് സ്ഥാപനത്തിന്റെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് വിഘാതം ഉണ്ടാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രം കെട്ടിടത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ച തുകയായ ഒരു കോടി രൂപയിൽ നിന്നുമാണ് 34,60,295 (മുപ്പത്തിനാലു ലക്ഷത്തി അറുപതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ) 2020-21 സാമ്പത്തിക വർഷാവസാനം അക്കാദമിയുടെ പി.എസ്.റ്റി.ബി. അക്കൗണ്ടിൽനിന്നും സർക്കാർ പിൻവലിച്ചത്. പ്രസ്തുത നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നതിനിടയിൽ കോവിഡ്-19 അനുബന്ധ ലോക്ഡൗൺ ഉൾപ്പടെയുള്ള പ്രതിസന്ധികൾ കടന്നുവന്നതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കാനായില്ല. അതിനാൽ സാമ്പത്തിക വർഷാവസാനം പ്രസ്തുത നിർമ്മാണച്ചുമതലയുള്ള സ്ഥാപനത്തിന് ബിൽ തുക നൽകാനാകാത്തതാണ് 2020-21 സാമ്പത്തിക വർഷാവസാനം ടി

തുക തിരിച്ചുപിടിക്കുന്ന സാഹചര്യമുണ്ടായത്. ഈ ഘട്ടത്തിലും നിർമ്മാണ പ്രവൃത്തി പുരോഗമിച്ചതിനാൽ അക്കാദമിയുടെ പ്രവർത്തനത്തിന് ഈ തിരിച്ചുപിടിക്കൽ വിഘാതമായിട്ടില്ല. കൂടാതെ സർക്കാർ തിരിച്ചുപിടിച്ച തുക 15-7-2021-ലെ സ.ഉ.(സാധാ) നമ്പർ 266/2021 പ്രകാരം റീ-ഫണ്ട് ചെയ്ത് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അക്കാദമിയുടെ ദൈനംദിന പ്രവർത്തനത്തിന് ഒരുതരത്തിലും വിഘാതം ഉണ്ടായിട്ടില്ല.

## റാന്നി മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ

298(2335) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം, ഭരണാനുമതിയുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ റാന്നി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി റാന്നിയിൽ 4 കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ റാന്നി ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കലാകാരന്മാർക്ക് 10,000 രൂപ വീതം സാംസ്കാരിക വകുപ്പിൽനിന്നും 5000 രൂപാ വീതം തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നൽകിവരുന്നു. (പദ്ധതി ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.) റാന്നി ഫാസ് എന്ന പേരിലുള്ള ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ചലച്ചിത്രമേളയ്ക്കുവേണ്ടി സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതിയുടെ ഭാഗമായി 2016, 2017, 2018, 2019 വർഷങ്ങളിൽ ചലച്ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. സ്കൂൾ ടാക്കീസ് എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലും ഈ വർഷങ്ങളിൽ ഈ നിയോജകമണ്ഡലത്തിൽ ചലച്ചിത്രപ്രദർശനം നടത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കുവാൻ സാധിക്കാത്തവ ഉണ്ടെങ്കിൽ കാരണസഹിതം വിശദമാക്കാമോ?

പ്രസക്തമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തെയ്യം കലാ അക്കാദമി

299(2336) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിച്ച തെയ്യം കലാ അക്കാദമി ആസ്ഥാനമാക്കി അക്കാഡമിയുടെ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(എ&ബി) 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ തെയ്യംകലാ അക്കാദമി സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ചൊക്ലി ഗ്രാമപഞ്ചായത്തിനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. തെയ്യംകലാ അക്കാദമി സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ ചൊക്ലി ഗ്രാമപഞ്ചായത്തിന് അനുവദിച്ചുനൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തെയ്യം കലാ അക്കാദമി തലശ്ശേരി ചൊക്ലി നിടുമ്പ്രം മുത്തപ്പൻ മഠപ്പുരയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. തെയ്യം, തിറ, തെയ്യത്തിൽനിന്നും പ്രചോദനമുൾക്കൊണ്ട ഇതര കലകൾ എന്നിവയുടെ പ്രചാരണം, സംരക്ഷണം, ഗവേഷണം, ടി കലകൾക്ക് ദേശീയ-അന്തർദ്ദേശീയതലത്തിൽ പ്രചാരണം നൽകുക, പൈതൃക കലകൾക്ക് യുനെസ്കോപോലുള്ള സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കുക, ഹെരിറ്റേജ് കലാരൂപങ്ങൾക്ക് അന്തർദ്ദേശീയ വിനിമയ കേന്ദ്രമുണ്ടാക്കുക, ടി രംഗത്തുള്ള കലാകാരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുക, തെയ്യം ആർട്ട് ഗാലറി, തെയ്യം വില്ലേജ് എന്നിവ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളാണ് തെയ്യം കലാ അക്കാദമിയിലൂടെ കൈവരിക്കുവാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നത്. കൂടാതെ, വിദേശികളായ സഹൃദയർക്ക് കളരിപ്പയറ്റ്, വംശീയ ചികിത്സ എന്നിവ പഠിക്കുവാനും സർട്ടിഫിക്കറ്റ് കോഴ്സ് ഉൾപ്പെടെ നൽകുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാനുമായി തെയ്യം കലാ അക്കാദമിയെ സെന്റർ ഫോർ ടാൻജിബിൾ ആന്റ് ഇൻടാൻജിബിൾ ഹെരിറ്റേജാക്കുന്നതിനുള്ള സാധ്യതയും ചൊക്ലി ഗ്രാമപഞ്ചായത്ത് പരിശോധിച്ച് വരുന്നു.

## മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമി

300(2337) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിലുള്ള കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിക്ക് നടപ്പുവർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ച തുക മുൻവർഷത്തെ ഒരു കോടി രൂപയിൽനിന്ന് 25 ലക്ഷമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഒട്ടേറെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അക്കാദമിക്ക്, മുൻ വർഷത്തെപ്പോലെ പണം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിഗണനയിലാണ്.

## കേരളത്തിലെ കലാകാരൻമാരുടെ തൊഴിൽ നഷ്ടം

301(2338) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉത്സവ സീസണുകളിൽ തിറ, തെയ്യം തുടങ്ങിയ അനുഷ്ഠാനകലകളിലേർപ്പെട്ടിരുന്ന കലാകാരന്മാരും ചെണ്ട, തിമില തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിച്ചിരുന്ന കലാകാരന്മാരും കോവിഡ് കാലത്ത് ജോലി നഷ്ടമായി ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് കോവിഡ് പരിഗണിച്ച് ഏതെങ്കിലും തരത്തിലുള്ള ആശ്വാസ ധനസഹായം നിലവിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതുവരെയും സഹായം നൽകിയിട്ടില്ലെങ്കിൽ ആയത് നൽകുവാനുള്ള നടപടികൾ സർക്കാർ ആലോചിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000

കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തെയ്യം, തിറ, ചെണ്ട, തിമില തുടങ്ങിയ കലാകാരന്മാർക്കും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. സാംസ്കാരികവകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെപോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ തെയ്യം, തിറ, ചെണ്ട, തിമില കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ തെയ്യം, തിറ തുടങ്ങിയ കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു.

### സാംസ്കാരിക സംഘടനകൾക്ക് ഫണ്ട്

302(2339) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സാംസ്കാരിക സംഘടനകൾക്കാണ് ആവർത്തന ഫണ്ടും അനാവർത്തന ഫണ്ടും അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഓരോ സംഘടനയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾക്ക്/സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത സംഘടനകൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ പകർപ്പ് നൽകാമോ?

പ്രസ്തുത സംഘടനകൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള കലാമണ്ഡലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്

303(2340) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പിത സർവ്വകലാശാലയായ കേരള കലാമണ്ഡലത്തിൽ 8-ാം ക്ലാസ് മുതൽ എം.ഫിൽ. വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ജനറൽ, എസ്.സി., എസ്.ടി., ഒ.ഇ.സി. എന്ന രീതിയിൽ തരം തിരിച്ച് ലഭ്യമാക്കാമോ?

ജനറൽ വിദ്യാർത്ഥികൾ : 273, എസ്.സി : 79,

എസ്.ടി. : 2, ഒ.ഇ.സി. : 19, ആകെ : 373

(ബി) ഇതിൽ ഏതെല്ലാം വിഭാഗക്കാർക്ക് എത്ര രൂപ സ്റ്റൈപന്റ് ഇനത്തിൽ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ജനറൽ വിദ്യാർത്ഥികൾക്ക് : 1250 രൂപ (കലാമണ്ഡലം സ്റ്റൈപന്റ്) എസ്.സി., എസ്.ടി. & ഒ.ഇ സി (8 മുതൽ 10 വരെ ക്ലാസ്സ്) : 1,500 രൂപ എസ്.സി., എസ്.ടി. & ഒ.ഇ.സി (+1 മുതൽ എം.എ വരെ) : 3,500 രൂപ എം. ഫിൽ : 23,250 രൂപ

(സി) വരുമാന പരിധി നോക്കാതെ കലാമണ്ഡലത്തിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്റ്റൈപന്റ് ലഭ്യമാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

2020-21 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സ്റ്റൈപന്റ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

ഇല്ല.

(ഇ) ഇല്ലെങ്കിൽ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ?

പ്രസക്തമല്ല.

## രാജാ രവിവർമ്മക്ക് സ്മാരകം

304(2341) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജാ രവിവർമ്മക്ക് സ്മാരകം നിർമ്മിക്കാൻ സാംസ്കാരിക വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

രാജാ രവിവർമ്മയുടെ ജന്മദേശമായ കിളിമാനൂരിൽ കേരള ലളിതകലാ അക്കാദമിയുടെകീഴിൽ രാജാ രവിവർമ്മ സ്മാരകനിലയം പ്രവർത്തിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് കലാകാരന്മാർക്ക് താമസിച്ച് ചിത്രം വരയ്ക്കുന്നതിനായി ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

## കലാഭവൻ മണിക്ക് സ്മാരകം

305(2342) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലാഭവൻ മണിക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്മാരകം നിർമ്മിക്കുന്നത് എവിടെയാണെന്നും നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ചാലക്കുടിയിൽ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് ചാലക്കുടി താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ 438/4-ൽ 20 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി തൃശ്ശൂർ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. സ്മാരക നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്ലാൻ പ്രകാരം ആകെ എസ്റ്റിമേറ്റ് തുക മൂന്നുകോടി രൂപയുടെ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും, ഇക്കാര്യത്തിന് ഒരു കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുന്നതും സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

## കക്കാട് കലാമണ്ഡലത്തിന്റെ പഠന കളരി ആരംഭിക്കാൻ നടപടി

306(2343) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലം പിറവിയെടുത്ത സ്ഥലമെന്ന പ്രാധാന്യം കണക്കിലെടുത്ത് കുന്നംകുളത്തെ കക്കാട് കലാമണ്ഡലത്തിന്റെ ഒരു പഠന കളരി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

(ബി) ഇക്കാര്യത്തിൽ കലാമണ്ഡലം ഭരണസമിതി ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(ബി&സി) കഥകളിക്കും മോഹിനിയാട്ടത്തിനും സമാനമായ പാരമ്പര്യ കലകൾക്കും നവജീവൻ നൽകിയ മഹാകവി വള്ളത്തോളും അദ്ദേഹത്തിന്റെ സന്തതസഹചാരി മുകുന്ദരാജയും 1930-ൽ കലാമണ്ഡലം സ്ഥാപിച്ചത് കുന്നംകുളത്തിനടുത്ത് കക്കാട് കാരണവപ്പാടിന്റെ മാപ്പാട്ടിലാണ്. കുന്നംകുളം കേന്ദ്രമാക്കി മുകുന്ദരാജയ്ക്ക് അർഹമായ സ്മാരകം നിർമ്മിക്കുന്നതിന് കലാമണ്ഡലം ഭരണസമിതി പദ്ധതിയിട്ടിട്ടുണ്ട്. ഇതിനായി ഒരേക്കറിൽ കുറയാത്ത ഭൂമി ഏറ്റെടുക്കുന്നതിനും സ്മാരകം നിർമ്മിക്കുന്നതിനുമായി കലാമണ്ഡലത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## കലാകാരന്മാർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമും ധനസഹായവും

307(2344) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതു വേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് പരിപാടികൾ നടത്താൻ കഴിയാതെ ജീവിതമാർഗ്ഗം വഴിമുട്ടിയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കലാകാരന്മാർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ഒരുക്കിയും ധനസഹായം നൽകിയുമുള്ള പരിപാടികൾക്ക് സാംസ്കാരിക വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാസമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി 'മഴമിഴി' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന

സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളെയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380-ഓളം സംഘങ്ങളിലായി 3500-ൽപ്പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമവേദിയും നൽകുവാൻ ഇതുവഴി സാധിക്കും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർദ്ധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാഡമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിത കലാ അക്കാഡമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000 രൂപ വീതം ഓണറേറിയവും ക്യാൻവാസും നിറങ്ങൾക്കായി 2000 രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"-ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1000 രൂപ വീതം പ്രതിഫലവും നൽകിവരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

### കലാകാരൻമാർക്ക് ക്ഷേമ പെൻഷൻ

308(2345) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര ക്ഷേമപെൻഷനുകൾക്കുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

സാംസ്കാരിക വകുപ്പ് മുഖേന അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ ധനസഹായം/കലാകാരപെൻഷൻ അനുവദിച്ചു വരുന്നത് 11-8-2017-ലെ സ.ഉ.(കൈ)21/2017/സാം.കാ.വ. സർക്കാർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിച്ചവരും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ളവരുമായ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാര പെൻഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്നമുറയ്ക്ക് ആയതിൽ ന്യൂനതകളുള്ള അപേക്ഷകരെ മാറ്റി നിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് തുടങ്ങുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ, സർക്കാർ ഫണ്ടിൽനിന്നുള്ള ക്ഷേമ പെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്.

(ബി) അവശ കലാകാരൻമാർക്കുള്ള ക്ഷേമ പെൻഷൻ പലർക്കും ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദുരിതത്തിലായ കലാകാരൻമാർക്കുള്ള സഹായം**

309(2346) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് വളരെയധികം ദുരിതത്തിലായ കലാകാരന്മാർക്ക് സഹായത്തിനായി സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) വേദികൾ നഷ്ടമാകുകയും ജീവിതമാർഗ്ഗം നഷ്ടമാകുകയും ചെയ്ത കലാകാരന്മാരുടെ ആശ്വാസത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ

ചെലവഴിച്ച് പ്രതിമാസം 1000 രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1000 രൂപാ വീതം ആകെ 290.5 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുകയെന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യുട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും, പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ മേഖലയിൽ പുതിയ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറ് കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമെച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പതുദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

310(2347) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ദെലീമ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമ വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ?

ഐ.എഫ്.എഫ്.കെ.-യിലെ മലയാള സിനിമകളുടെ എണ്ണം 9-ൽനിന്ന് 14 ആയി ഉയർത്താനും അതിൽ ആറ് നവാഗത സംവിധായകരുടെ ചിത്രങ്ങൾ ഉൾപ്പെടുത്താനും തീരുമാനിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഐ.എഫ്.എഫ്.കെ.-യിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന മലയാള സിനിമകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചു. ഇതുപ്രകാരം റിലീസ് ചെയ്യാത്ത സിനിമകൾക്ക് മൂന്നുലക്ഷം രൂപ ഗ്രാന്റായി ലഭിക്കും. റിലീസ് ചെയ്ത സിനിമകൾക്ക് 2 ലക്ഷം രൂപയും ലഭിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.എഫ്.എഫ്.കെ.-യുടെ 21 മുതൽ 25 വരെയുള്ള പതിപ്പുകൾ വളരെ മികച്ച രീതിയിൽ നടത്തി. 25-ാമത് ഐ.എഫ്.എഫ്.കെ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് തിരുവനന്തപുരം, എറണാകുളം, തലശ്ശേരി, പാലക്കാട് എന്നീ നാലിടങ്ങളിലായി നടത്തി. നീതിപൂർവ്വകമായ വിധിനിർണ്ണയത്തിലൂടെ 2016, 2017, 2018, 2019 വർഷങ്ങളിലെ സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണ്ണയവും വിതരണവും മുടക്കമില്ലാതെ നിർവ്വഹിച്ചു. ചലച്ചിത്ര സംഘടനകളുമായി നിരന്തരം ആശയവിനിമയം നടത്തി അവരുടെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരമാർഗ്ഗങ്ങൾ തേടി. ചലച്ചിത്ര അക്കാദമി മുഖേന അവശകലാകാരന്മാർക്ക് പെൻഷനും ചികിൽസാധനസഹായവും അനുവദിച്ചു. കോവിഡ് കാലത്ത് ഉപജീവനമാർഗ്ഗം വഴിമുട്ടിയ സിനിമ, ടി.വി രംഗത്തെ 2364 കലാകാരന്മാർക്ക് 2000 രൂപ വീതം സമാശ്വാസ ധനസഹായം നൽകി. ചലച്ചിത്ര അക്കാദമിക്ക് കഴക്കൂട്ടത്ത് കിൻഫ്ര പാർക്കിൽ സത്യൻ സ്മാരകമായി ആസ്ഥാനമന്ദിരം നിർമ്മിച്ചു. ചലച്ചിത്ര അക്കാദമി ആസ്ഥാനമായി 'സിഫ്ര' എന്ന പേരിൽ ഒരു ഗവേഷണ സ്ഥാപനം ആരംഭിച്ചു. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമാ വ്യവസായത്തിന്റെ പുരോഗതിക്കായി ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 67.16 കോടി രൂപയുടെ പദ്ധതിക്ക്

അംഗീകാരം നൽകി. വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ 2019-20-ലെ ബഡ്ജറ്റിൽ വനിതകളുടെ സംവിധാനത്തിൽ 2 ഫീച്ചർ ഫിലിം നിർമ്മിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തി. ഇതിൽ ഒരു ചിത്രം പ്രദർശനത്തിന് തയ്യാറായിട്ടുണ്ട്. മറ്റൊന്ന് ചിത്രീകരണം പൂർത്തിയാക്കി പ്രദർശനത്തിന് തയ്യാറായിവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വനിതാ സംവിധായകരുടെ രണ്ടുസിനിമകളും പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സംവിധായകരുടെ രണ്ടുസിനിമകളും നിർമ്മിക്കുവാൻ 6 കോടി രൂപ വകയിരുത്തുകയും ഈ ചിത്രങ്ങളുടെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനം പുരോഗമിച്ചുവരുകയും ചെയ്യുന്നു. കോർപ്പറേഷന്റെ തിയേറ്ററുകൾ ആധുനികവത്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ തിയേറ്റർ നിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു.

(ബി) മലയാള സിനിമാ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതിയുടെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉള്ളതെന്ന് വെളിപ്പെടുത്താമോ?

(സി&ഡി) പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ചുവടെ പറയുന്ന ശിപാർശകളാണ് പ്രധാനമായും നൽകിയിട്ടുള്ളത്.

1. സിനിമ മേഖലയിലെ തർക്ക പരിഹാരങ്ങൾക്കായി ഒരു നിയമനിർമ്മാണം നടത്തുക.

2. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ.

3. സിനിമാ മേഖലയിലെ ലിംഗ സമത്വം/നീതിയെപ്പറ്റി ബോധവത്കരിക്കാനുള്ള നിർബന്ധിത ഓൺലൈൻ പരിശീലനം.

4. സിനിമയിൽ സ്ത്രീപക്ഷവീക്ഷണങ്ങൾ ഉൾക്കൊള്ളിക്കാനുള്ള നടപടികൾ.

5. സമഗ്രമായ സിനിമാനയം.

6. സ്ത്രീകൾ നിർമ്മിക്കുന്ന സിനിമകൾക്കായുള്ള കൂടുതൽ ധനസഹായം.

7. സ്ത്രീകൾക്ക് സിനിമാ നിർമ്മാണത്തിന് വായ്പ നൽകുന്നതിനുള്ള ഏകജാലക സംവിധാനം.

8. എല്ലാ താലൂക്കുകളിലും തിയേറ്ററുകൾ ഉറപ്പാക്കൽ.

9. സ്ത്രീകൾ നിർമ്മിക്കുന്ന/സംവിധാനം ചെയ്യുന്ന സിനിമകൾക്ക് സംസ്ഥാന അവാർഡുകൾ.

10. സിനിമാ മേഖലയിലെ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം.

11. സിനിമാ ടെക്നീഷ്യൻ മേഖലയിൽ കൂടുതൽ സ്ത്രീകളെ ഉൾപ്പെടുത്തൽ.

12. സിനിമാമേഖലയിൽ സ്ത്രീകൾക്ക് പ്രസവാവധി / ആനുകൂല്യങ്ങൾ.

13. സിനിമയിൽ സ്ത്രീകളെ ഗുണപരമായി ചിത്രീകരിക്കൽ / അധികാര സ്ഥാനത്തുള്ള സ്ത്രീകളെ ചിത്രീകരിക്കാൻ നടപടി.

14. സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കാൻ കൂടുതൽ തിയേറ്റർ സൗകര്യങ്ങൾ.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയവ മുഖേന മുൻപറഞ്ഞ ശിപാർശകളിൽ നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-7-2021-ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതുപ്രകാരം ഈ കാര്യത്തിൽ സർക്കാർ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മലയാളം മിഷന്റെ പ്രവർത്തനം

311(2348) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിൽ മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച മലയാളം മിഷന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

'എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം' എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന്

അവസരം ലഭ്യമാക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മലയാളം മിഷൻ. പഠന പ്രവർത്തനങ്ങൾ മാതൃഭാഷാ പഠനത്തിനായി കണിക്കൊന്ന (സർട്ടിഫിക്കറ്റ് കോഴ്സ്), സൂര്യകാന്തി (ഡിപ്ലോമ കോഴ്സ്), ആമ്പൽ (ഹയർ ഡിപ്ലോമ കോഴ്സ്), നീലക്കുറിഞ്ഞി (സീനിയർ ഹയർ ഡിപ്ലോമ കോഴ്സ്) എന്നീ കോഴ്സുകൾ നടത്തുന്നു. ഇതിൽ നീലക്കുറിഞ്ഞി കോഴ്സിന് പൊതുവിദ്യാഭ്യാസത്തിലെ പത്താം ക്ലാസ് മലയാളത്തിന് തുല്യതയുണ്ട്. 2021-ൽ ആദ്യ ബാച്ച് പരീക്ഷ നടത്താനുള്ള തയ്യാറെടുപ്പിലാണ്. ഇന്ത്യയ്ക്ക് പുറത്തൊരു രാജ്യം ഒരു ചാപ്റ്ററെന്ന നിലയിലും, ഇന്ത്യയിൽ ഒരു സംസ്ഥാനം ഒരു ചാപ്റ്ററെന്ന നിലയിലും ചാപ്റ്ററിന് താഴെ മേഖലകളും മേഖലകൾക്ക് താഴെ പഠന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഇപ്പോൾ ഇന്ത്യയ്ക്ക് പുറത്ത് 43 രാജ്യങ്ങളിലും ഇന്ത്യയിൽ 24 സംസ്ഥാനങ്ങളിലുമായി 50,000-ത്തോളം പഠിതാക്കളുമായി മലയാള ഭാഷാ പഠനം മലയാളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. അതാതിടങ്ങളിൽനിന്നും സ്വയംസന്നദ്ധരായി വരുന്നവരാണ് മലയാളം മിഷന്റെ അദ്ധ്യാപകർ. അവർക്ക് പരിശീലനം നൽകിയാണ് യോഗ്യതയുള്ളവരാക്കുന്നത്. 6500-ലധികം അദ്ധ്യാപകർ ലോകത്തെമ്പാടും പ്രവർത്തിക്കുന്നു. അദ്ധ്യാപകർക്ക് ഒരുതരത്തിലുമുള്ള പ്രതിഫലവും നൽകുന്നില്ല. ഇന്ത്യയ്ക്കകത്തുള്ള പഠനകേന്ദ്രങ്ങൾക്ക് 2018 മുതൽ വർഷത്തിൽ 3000 രൂപ നൽകുന്നുണ്ട്. 2020-21 മുതൽ 5000 രൂപയായി പഠനകേന്ദ്രങ്ങൾക്കുള്ള സഹായം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

മറ്റ് പ്രവർത്തനങ്ങൾ-

ഭൂമിമലയാളം വാർത്താപത്രിക: മലയാളം മിഷൻ പ്രവർത്തനങ്ങൾ ലോക മലയാളി സമൂഹത്തിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2019 ജനുവരി മുതൽ ഭൂമിമലയാളം വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നു. പൂക്കാലം വെബ് മാഗസിൻ മലയാളം മിഷന്റെ പാഠ്യപദ്ധതിക്ക് പിന്തുണയായി പഠിതാക്കളെയും അദ്ധ്യാപകരെയും കൂടുതൽ സർഗ്ഗാത്മക കഴിവുള്ളവരായി മാറ്റുകയും ചെയ്യുകയെന്ന ലക്ഷ്യമാണ് വെബ് മാഗസിനുള്ളത്. വിവിധ കോഴ്സുകൾക്കാവശ്യമായ മെറ്റീരിയൽസ്, ഭാഷാ സാംസ്കാരിക വിഷയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇതിന്റെ ഉള്ളടക്കമാണ്.

റേഡിയോ മലയാളം: ലോകമലയാളി സമൂഹത്തിന് മുഴുവനും മലയാളം മിഷന്റെ പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ഭാഷയും വിവിധ സാഹിത്യരൂപങ്ങളും എല്ലാ മലയാളികളിലേയ്ക്കും പരിചിതമാക്കുന്നത് ലക്ഷ്യമാക്കി ഇന്റർനെറ്റ് റേഡിയോ 2019 ഫെബ്രുവരി മുതൽ പ്രവർത്തിക്കുന്നു. സാധാരണഗതിയിൽ 5-6 ലക്ഷം ശ്രോതാക്കളും വിശേഷാവസരങ്ങളിൽ 10-12 ലക്ഷം ശ്രോതാക്കളും ഈ

റേഡിയോയുമുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെയും നോർക്കയുടെയും സ്പോൺസേർഡ് പരിപാടികളും പ്രക്ഷേപണം ചെയ്തുവരുന്നു. മലയാളം മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് 2021 ഫെബ്രുവരി 21 (ലോക മാതൃഭാഷാദിനം)-ന് ഉദ്ഘാടനം ചെയ്തു ഈ കോഴ്സിൽ ഇതിനോടകം 500-ലധികം പഠിതാക്കൾ മലയാളം പഠിക്കുന്നു. സി-ഡിറ്റാണ് സാങ്കേതിക നിർവ്വഹണം നടത്തുന്നത്. ഒരു പ്രൊജക്ട് അസിസ്റ്റന്റ് ഇതിനായി പ്രവർത്തിക്കുന്നു.

<u>സുവനീർ ഷോപ്പ്</u>: മലയാള ഭാഷയും സാഹിത്യവും സുവനീറുകളാക്കുകയെന്ന സങ്കൽപ്പത്തിൽ ആരംഭിച്ച സുവനീർഷോപ്പിന് ഇതിനോടകം വലിയ അംഗീകാരം നേടാനായിട്ടുണ്ട്.

<u>ലൈബ്രറി</u>: നിലവിൽ 300-ലധികം ലൈബ്രറികൾ ഇന്ത്യയിലും വിദേശത്തുമായി പ്രവർത്തിക്കുന്നു. പ്രളയകാല പ്രവർത്തനങ്ങളായ ചങ്ങാതിക്കൂട്ടുകവഴി മലയാളം മിഷൻ പഠിതാക്കൾ 29 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകി.

കോവിഡ് കാല പ്രവർത്തനങ്ങൾ- 2019 ഫെബ്രുവരി അവസാനം മുതൽ 23 ചാപ്റ്ററുകളിൽ കോവിഡ് ഹെൽപ്പ് ഡസ്കുകൾ ആരംഭിച്ചു. മലയാളം മിഷന്റെ പഠനങ്ങൾ ഉൾപ്പെടെ എല്ലാ സേവനങ്ങളും ഓൺലൈനാക്കി.

<u>മാതൃഭാഷാ പ്രതിഭാ പുരസ്കാരം:</u> മലയാള ഭാഷയെ ആധുനീകരിക്കുന്നതിനും സാങ്കേതികവിദ്യ കരസ്ഥമാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളിലെ മികവിന് 2019 മുതൽ മാതൃഭാഷാ പ്രതിഭാ പുരസ്കാരം നൽകിവരുന്നു. 50,000 രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് പുരസ്കാരം.

<u>സാംസ്കാരിക പരിപാടികൾ:</u> വിവിധ സംസ്ഥാനങ്ങളിലും രാജ്യങ്ങളിലുമായി നടക്കുന്ന കലാസാംസ്കാരിക പരിപാടികളിൽ മലയാളം മിഷൻ നേതൃത്വം നൽകുകയും പങ്കാളികളാവുകയും ചെയ്യുന്നുണ്ട്. കേരള സർക്കാരും വിവിധ വകുപ്പുകളും കേരളത്തിനുപുറത്ത് സംഘടിപ്പിക്കുന്ന സാംസ്കാരിക വിനിമയ പരിപാടികളിലും കലാസാംസ്കാരിക പ്രവർത്തനങ്ങളിലും മലയാളം മിഷൻ മുഖ്യപങ്കാളിത്തം വഹിക്കുന്നു. 2018-ലും 2020-ലും ലോക കേരളസഭയുടെയും അതിന്റെ അനുബന്ധ പരിപാടികളുടെയും മുഖ്യ സംഘാടകരായി. സാംസ്കാരിക വകുപ്പ് ആവിഷ്കരിക്കുന്ന സമം- 'സ്ത്രീനീതിക്കായി സാംസ്കാരിക മുന്നേറ്റം' പരിപാടിയിൽ പ്രധാന പങ്കാളിത്തം നിർവ്വഹിക്കുന്നു.

(ബി) പ്രസ്തുത മിഷന്റെ പ്രവർത്തനംമൂലം സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്?

പ്രവാസി മലയാളികൾക്ക് കേരളത്തിനോടും കേരള സംസ്കാരത്തോടും ഏറെ ചേർന്നുനിൽക്കുവാനും ഭാഷാപഠനത്തിനുമുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതുമൂലം പുറംകേരളത്തിനും അകംകേരളത്തിനുമിടയിൽ മാതൃഭാഷകൊണ്ട് ഊഷ്മളവും വൈകാരികവുമായ അഗാധമായ അടുപ്പം വളർത്താൻ മലയാളം മിഷൻ പ്രവർത്തനംകൊണ്ട് സാദ്ധ്യമാകുന്നുണ്ട്. ഇപ്രകാരം ആഗോള മലയാളി സമൂഹത്തെ രൂപീകരിച്ചെടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. കോവിഡ് കാലത്ത് ഹെൽപ്പ് ഡസ്കുകൾ ആരംഭിക്കുകയും ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് സഹായമെത്തിക്കുകയും ചെയ്തു. ഭാഷയ്ക്കുവേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ ഇന്റർനെറ്റ് റേഡിയോ ആയ റേഡിയോ മലയാളത്തിലൂടെ ഭാഷാസംബന്ധിയായ പരിപാടികൾ സംപ്രേക്ഷണം ചെയ്തുവരുന്നു. ഇതുമൂലം കോവിഡ് കാലത്ത് വഴിമുട്ടി നിൽക്കുന്ന കലാകാരന്മാർക്ക് റേഡിയോ മലയാളത്തിലൂടെ ചെറിയ തോതിലുള്ള വരുമാനം ലഭ്യമാക്കിവരുന്നു. 2018-ലെ പ്രളയ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 29 ലക്ഷം രൂപ സംഭാവന നൽകി.

(സി) മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായുണ്ടാകുന്ന പ്രതിമാസ ചെലവുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

| Sl.No. | Particulars | Amount |
|---|---|---|
| 1 | Salary/Wages | 7,00,000 |
| 2 | Electricity Charges | 12,367 |
| 3 | Telephone / Internet Charges | 1,000 |
| 4 | Office Rent | 82,507 |
| 5 | Imprest account | 5,000 |
| 6 | Printing charges, courier charges, other office expenses | 57,500 |
| | TOTAL | 8,58,374 |

(ഡി) മിഷനിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ നിയമന രീതി, തെരഞ്ഞെടുക്കുന്ന രീതി, തസ്തികകൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

1) ഡയറക്ടർ - സർക്കാർ നേരിട്ടുനിയമിക്കുന്നതാണ്. രജിസ്ട്രാർ - ഡയറക്ടർ, അനുയോജ്യ പദവിയിലുള്ളൊരു ഓഫീസറെ, ബോർഡിന്റെ അംഗീകാരത്തോടുകൂടി കരാർ അടിസ്ഥാനത്തിലോ മറ്റ് വിധത്തിലോ രജിസ്ട്രാറായി നിയമിക്കുന്നു. ഫിനാൻസ് ഓഫീസർ (ഡെപ്യൂട്ടേഷൻ), ഭാഷാദ്ധ്യാപകൻ (ഡെപ്യൂട്ടേഷൻ), അസിസ്റ്റന്റ് (ഡെപ്യൂട്ടേഷൻ).

2) കരാർ നിയമനം-1. ഗ്രാഫിക് ഡിസൈനർ 2. ലെഔട്ട് ആർട്ടിസ്റ്റ് 3. അക്കൗണ്ടന്റ് 4. പി.ആർ.ഒ. 5. റേഡിയോ ഹെഡ് 6. പ്രൊജക്റ്റ് അസിസ്റ്റന്റ് (ബി.എം.ഒ.ഒ.സി.)

3) ദിവസ വേതനം 1. ഓഫീസ് അറ്റൻഡന്റ് 2. ഡി.റ്റി.പി. ഓപ്പറേറ്റർ 3. ന്യൂസ് എഡിറ്റർ - ഭൂമിമലയാളം 4. പ്രോജക്റ്റ് അസിസ്റ്റന്റ് - റേഡിയോ മലയാളം- 5. പ്രോജക്റ്റ് അസിസ്റ്റന്റ് - സുവനീർ ഷോപ്പ് 6. സൗണ്ട് എഞ്ചിനീയർ - റേഡിയോ മലയാളം 7. ഡ്രൈവർ 8. സ്വീപ്പർ

(ഇ) മിഷൻ മേധാവിയുടെ നിയമന രീതിയും അനുവദിക്കുന്ന മറ്റ് സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മിഷൻ മേധാവിയെ സർക്കാർ നേരിട്ടാണ് നിയമിക്കുന്നത്. നിലവിലുള്ള മിഷൻ മേധാവിക്ക്, പുന:നിയമന വേതനം തീരുമാനിക്കുന്നതുവരെ 50,000/-രൂപ പ്രതിമാസ വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മിഷൻ ഡയറക്ടർ എന്ന നിലയിൽ ഔദ്യോഗിക വാഹനം, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

## സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

312(2349) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന സമ്പ്രദായമുൾപ്പെടെ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സമൂഹത്തെ ബോധവത്കരിക്കുന്നതിനായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ?

ഉണ്ട്. സ്ത്രീ സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശ സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമങ്ങളെ പ്രതിരോധിക്കുന്നതിനും സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം എന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം

ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും, വിശേഷിച്ച് ആശയാവിഷ്ക്കാരങ്ങൾ നടപ്പാക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത് ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവത്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) വിവിധ സാംസ്കാരിക സംഘങ്ങളെ കൂട്ടിയോജിപ്പിച്ചും വിവിധ സംഘടനകളുടെ സഹായത്തോടെയും ദീർഘകാലം നീണ്ടുനിൽക്കുന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സ്ത്രീ സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശ സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റമെന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും, വിശേഷിച്ച് ആശയാവിഷ്ക്കാരങ്ങൾ നടപ്പാക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത്ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിനുകീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവത്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്.

## കലാകാരന്മാർക്ക് പെൻഷൻ

313(2350) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സാംസ്കാരിക വകുപ്പുമുഖേന അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ ധനസഹായം/കലാകാരപെൻഷൻ അനുവദിച്ചു വരുന്നത് 11-8-2017-ലെ സ.ഉ.(കൈ)നമ്പർ 21/2017/സാം.കാ.വ. പ്രകാരമുള്ള ഉത്തരവിലെ മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിച്ചവരും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ളവരുമായ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാര പെൻഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്നമുറയ്ക്ക് ആയതിൽ ന്യൂനതകളുള്ള അപേക്ഷകരെ മാറ്റിനിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ടുചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് തുടങ്ങുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽനിന്നുള്ള ക്ഷേമപെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്.

(ബി) സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് കലാകാര പെൻഷന് അപേക്ഷിക്കാൻ കഴിയുമോ?

മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ/സർക്കാർ ഫണ്ടിൽനിന്നുള്ള ക്ഷേമപെൻഷനോ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കലാകാരപെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ തനത് ഫണ്ടിൽനിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും കലാകാര പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(സി) ഏത് തീയതിവരെ ലഭിച്ച അപേക്ഷകളിലാണ് തീരുമാനം എടുത്തതെന്ന് വ്യക്തമാക്കാമോ?

കൃത്യമായ രേഖകൾ ഹാജരാക്കിയ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള അവസാനത്തെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 22-2-2021 ലാണ്.

## യുവജനക്ഷേമത്തിനായി പദ്ധതികൾ

314(2351) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ് നടപ്പിലാക്കുന്നത്; ഇനം തിരിച്ച് വ്യക്തമാക്കാമോ?

യുവജനക്ഷേമത്തിനായി കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) കേരളോത്സവം - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പംതന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാ-കായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരമൊരുക്കുകയെന്ന മഹത്തായ ലക്ഷ്യമാണിതിനുള്ളത്.

2) യൂത്ത് ക്ലബ്ബുകൾ (5 വിഭാഗം) : (1) കാർഷിക ക്ലബ്ബുകളുടെ രൂപീകരണം: യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബ് വീതം യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിക്കുന്നു. ഈ ക്ലബ്ബുകൾക്ക് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി വിവിധ പദ്ധതികൾ തയ്യാറാക്കുകയും ആയത് നടപ്പാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. (2) യുവതീ ക്ലബ്ബുകളുടെ രൂപീകരണം: യുവതീശാക്തീകരണത്തിന്റെ ഭാഗമായി ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ ഒന്ന്, കോർപ്പറേഷനിൽ രണ്ട് എന്നിങ്ങനെ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും യുവജനക്ഷേമ ബോർഡ് നേരിട്ട് യുവതീ ക്ലബ്ബുകൾ രൂപീകരിക്കുന്നു. യുവതീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. (3) ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകളുടെ രൂപീകരണം: ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി യുവജനക്ഷേമ ബോർഡ് നേരിട്ട് ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു. (4) ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകളുടെ രൂപീകരണം: ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു ട്രാൻസ്ജെൻഡർ ക്ലബ്ബ് എന്ന നിലയിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു.

(5) യൂത്ത്-യുവാ ക്ലബ്ബുകൾക്ക് ധനസഹായം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ-യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത്-യുവാ ക്ലബ്ബുകളിലൂടെ നടത്തിവരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളും സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

3) കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് : പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജനപങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സേനയാണ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്.

4) പരിശീലന പദ്ധതികൾ : (1) പരീക്ഷാ പരിശീലന പദ്ധതി സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ അവർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്.

5) ജൻഡർ പദ്ധതികൾ യുവതികൾക്കായി എൽ.ഇ.ഡി. ബൾബ് നിർമ്മാണം യുവതികളെ സ്വയം തൊഴിൽ പര്യാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ അവർക്കായി എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനം നൽകുന്നു. ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം-സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യമായും സാമ്പത്തികമായും സ്വയംപര്യാപ്തരാക്കുന്നതിനുമായി സെമിനാറുകൾ, കലാ-കായിക പരിപാടികൾ, സ്വയംതൊഴിൽ പരിശീലനങ്ങൾ തുടങ്ങിയ വിവിധതരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

6) കലയും സംസ്കാരവും: (1) ഷോർട്ട് ഫിലിം ഫെസ്റ്റിവൽ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സാമൂഹ്യനന്മ ലക്ഷ്യംവച്ചുകൊണ്ട് പ്രധാനപ്പെട്ട 3 വിഷയങ്ങളെ ആസ്പദമാക്കി ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. (2) യുവ സാഹിത്യ ക്യാമ്പ് തുടക്കക്കാരായ യുവ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവ സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുന്നു. (3) മണിനാദം (കലാഭവൻ മണി മെമ്മോറിയൽ നാടൻ പാട്ട് മത്സരം) പ്രശസ്ത ചലച്ചിത്ര നടനും നാടൻപാട്ട് കലാകാരനുമായ കലാഭവൻ മണിയുടെ സ്മരണയ്ക്കായി എല്ലാ വർഷവും അദ്ദേഹത്തിന്റെ ചരമദിനമായ മാർച്ച് 6-ന് തൃശ്ശൂർ ചാലക്കുടിയിൽവച്ച് 'മണിനാദം' എന്ന പേരിൽ നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നു.

7) മറ്റ് യുവജന വികസന പരിപാടികൾ : (1) യൂത്ത് അവാർഡ് വിവിധതലങ്ങളിൽ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച യുവപ്രതിഭകളെ സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു. (2) യുവ മാധ്യമ ക്യാമ്പ് സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും, യുവമാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി യുവജനക്ഷേമ ബോർഡ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നു. (3) ദിനാചരണങ്ങൾ ദേശീയ - അന്തർദ്ദേശീയ യുവജനദിനാഘോഷങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും സംഘടിപ്പിക്കുന്നത്. കൂടാതെ പരിസ്ഥിതി ദിനാചരണം, ലഹരിവിമുക്ത ദിനാചരണം, മറ്റ് പ്രധാനപ്പെട്ട ദിനങ്ങൾ എന്നിവയും ആചരിക്കുന്നു. (4) ഇതര സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പരിപാടികൾ- കേരളത്തിലെ യുവജനങ്ങളുടെ കലാ-കായിക-വിദ്യാഭ്യാസ-സാംസ്കാരിക കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ തുടങ്ങിയവയുമായി സഹകരിച്ച് സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. (5) പ്രചരണവും പൊതുജനസമ്പർക്കവും യുവജനക്ഷേമ രംഗത്ത് ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള സ്ഥാപനമാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്. ജില്ലാ യുവജനകേന്ദ്രങ്ങൾ, സാഹസിക അക്കാദമികൾ ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളുമെല്ലാം വൈവിധ്യമാർന്ന പദ്ധതികൾ യുവജന വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങൾ, നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ യുവജനങ്ങളിലേയ്ക്കെത്തിക്കുന്നു. (6) ഫോട്ടോഗ്രാഫി അവാർഡ് യുവജനങ്ങളിൽ ഫോട്ടോഗ്രാഫിയുടെ അനന്തസാധ്യതകളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്ന യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായി യുവാക്കൾക്ക് ഫോട്ടോഗ്രാഫി അവാർഡുകൾ നൽകുന്നു.

8) അഡ്വഞ്ചർ അക്കാഡമി: (1) നാഷണൽ അഡ്വഞ്ചർ അക്കാഡമി-ദേവികുളം-നിർമ്മാണ പ്രവർത്തനങ്ങൾ, ഇടുക്കി ജില്ലയിലെ ദേവികുളത്താണ് ദേശീയ അഡ്വഞ്ചർ അക്കാഡമി സ്ഥിതിചെയ്യുന്നത്. യുവജനങ്ങൾക്കിടയിൽ സാഹസിക കായിക വിനോദങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുക, അവരുടെ

കായികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിന് സാഹസിക കായിക വിനോദങ്ങൾ ഉപയോഗപ്പെടുത്തുക, സാഹസിക ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിൽ യുവാക്കളുടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുക, സ്കൂൾ-കോളേജ് ക്ലബ്ബുകൾ മുതലായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. (2) സാഹസിക പ്രവർത്തനങ്ങൾ നാഷണൽ അഡ്വഞ്ചർ അക്കാഡമിയുടെ ഒരു ഉപകേന്ദ്രം കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിൽ പ്രവർത്തിക്കുന്നുണ്ട്. ഈ അക്കാഡമിയിലൂടെ നിരവധി സാഹസിക പ്രവർത്തനങ്ങളും ട്രെയിനിംഗുകളും സംഘടിപ്പിച്ചുവരുന്നു.

9) <u>യുവശക്തി</u>: (1) യൂത്ത് കോ-ഓർഡിനേറ്റർമാർക്കുള്ള ഓണറേറിയം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിലും പ്രാദേശികതലങ്ങളിലും സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളെ സംഘടിപ്പിച്ച് സാമൂഹ്യ വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, കേരളോത്സവം ഉൾപ്പെടെയുള്ള പരിപാടികളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിക്കുക, ഗ്രാമസഭകളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർബാങ്ക് ഉൾപ്പെടെയുള്ള വിവിധ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഉത്തരവാദിത്തങ്ങളാണ്. പ്രതിമാസം ഓണറേറിയം വ്യവസ്ഥയിലാണ് യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നത്.

(ബി) വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ നല്ല പ്രകടനം കാഴ്ചവയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; കോഴ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

പരീക്ഷാ പരിശീലന പദ്ധതി സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നതവിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ അവർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. ബോർഡ് നടപ്പിലാക്കുന്ന പരീക്ഷാ പരിശീലന പദ്ധതികൾ ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ നടപ്പാക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്സ്റൂമും യുവജനക്ഷേമ ബോർഡിന്റെ കുടപ്പനക്കുന്നിലുള്ള ആസ്ഥാന മന്ദിരത്തിൽ പ്രവർത്തനമാരംഭിച്ചു. ഓൺലൈൻ മുഖാന്തരം ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ബോർഡിന്റെ ഔദ്യോഗിക ഫേയ്സ് ബുക്ക് പേജ് വഴിയും പരിശീലന ക്ലാസ്സുകൾ നൽകാനാണ്

ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പി.എസ്.സി, യു.പി.എസ്.സി, റയിൽവേ, സിവിൽ സർവ്വീസ് തുടങ്ങിയ മത്സരപരീക്ഷകൾക്കും കരിയർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും ഓൺലൈൻ മുഖാന്തരം പരിശീലനം നൽകുന്നു. യൂട്യൂബ് ചാനൽ വഴി 9000-ത്തിൽപ്പരം പേർക്കും ഫേയ്സ് ബുക്ക് പേജ് വഴി 16000- ത്തിൽപ്പരം പേർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(സി) ബോർഡ് നടത്തുന്ന കോഴ്സുകൾ കോഴിക്കോട് ജില്ലയിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രായപരിധി, യോഗ്യത എന്നിവ വ്യക്തമാക്കാമോ?

യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളെല്ലാം ജില്ലാ യുവജനകേന്ദ്രങ്ങൾ വഴിയാണ് നടപ്പിലാക്കിവരുന്നത്. ബോർഡ് നടത്തുന്ന കോഴ്സുകൾ കോഴിക്കോട് ജില്ലയിൽ നിലവിലില്ല.

(ഡി) കലാ-കായിക മേഖലയിൽ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

കലാ-കായിക മേഖലയിൽ യുവജനക്ഷേമ ബോർഡ് കേരളോത്സവം പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്.

(ഇ) കോവിഡ് കാരണം ഓൺലൈൻ കോഴ്സുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ?

2021-22 സാമ്പത്തിക വർഷം പി.എസ്.സി, യു.പി.എസ്.സി. പരീക്ഷാ പരിശീലനങ്ങൾ ഓൺലൈനായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## യൂത്ത് കോ-ഓർഡിനേറ്റർമാർക്കുള്ള വേതനം

315(2352) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിനുകീഴിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമാർക്കുള്ള വേതനം കഴിഞ്ഞ ആറു മാസമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമറിയിച്ച യൂത്ത് കോ-ഓർഡിനേറ്റർമാർക്കുള്ള വേതനം സമയബന്ധിതമായി വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് 2020 ഡിസംബർ മാസം വരെയുള്ള ഓണറേറിയം 2021 ഫെബ്രുവരി മാസമാണ് അനുവദിച്ചത്. കുടിശ്ശിക വേതനം വിതരണം ചെയ്യുന്നതിനുള്ള ധനാനുമതി നൽകാനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഏറ്റവും കുറഞ്ഞ വേതനം പറ്റുന്ന ഇവർക്ക് കാലാനുസൃതമായി ഓണറേറിയം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

### യുവജന ക്ഷേമ ബോർഡിലെ അംഗങ്ങളുടെ ശമ്പളം

316(2353) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡിന്റെ അംഗങ്ങൾക്കും ഭാരവാഹികൾക്കുമായി ശമ്പള ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡിന്റെ അംഗങ്ങൾക്കും ഭാരവാഹികൾക്കുമായി ശമ്പള ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

### യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

317(2354) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തങ്ങൾക്കായി എത്ര തുക നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ 1791 ലക്ഷം രൂപയും നോൺ-പ്ലാൻ ഇനത്തിൽ 35,05,000 രൂപയും വകയിരുത്തിയിരുന്നു. പദ്ധതിയേതര ഇനത്തിൽ 26,28,750 രൂപയും പദ്ധതി ഇനത്തിൽ 6,19,665 രൂപയുമാണ് നാളിതുവരെ അനുവദിച്ചു നൽകിയിട്ടുള്ളത്.

## മങ്കട മണ്ഡലത്തിലെ യുവജനക്ഷേമ വകുപ്പ് പദ്ധതികൾ

318(2355) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നും വിശദമാക്കുമോ?

യുവജനക്ഷേമത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) കേരളോത്സവം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പംതന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരമൊരുക്കുകയെന്ന മഹത്തായ ലക്ഷ്യമാണിതിനുള്ളത്.

2) യൂത്ത് ക്ലബ്ബുകൾ: (5 വിഭാഗം) (1) കാർഷിക ക്ലബ്ബുകളുടെ രൂപീകരണം യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബ് വീതം യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിക്കുന്നു. ഈ ക്ലബ്ബുകൾക്ക് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി വിവിധ പദ്ധതികൾ തയ്യാറാക്കുകയും ആയത് നടപ്പാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. (2) യുവതീ ക്ലബ്ബുകളുടെ രൂപീകരണം യുവതീശാക്തീകരണത്തിന്റെ ഭാഗമായി ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ ഒന്ന്, കോർപ്പറേഷനിൽ രണ്ട് എന്നിങ്ങനെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും യുവജനക്ഷേമ ബോർഡ് നേരിട്ട് യുവതീ ക്ലബ്ബുകൾ രൂപീകരിക്കുന്നു. യുവതീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. (3) ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകളുടെ രൂപീകരണം ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി യുവജനക്ഷേമ ബോർഡ് നേരിട്ട് ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു. (4) ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകളുടെ രൂപീകരണം ട്രാൻജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു ട്രാൻസ് ജെൻഡർ ക്ലബ്ബ് എന്ന നിരക്കിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു. (5) യൂത്ത്-യുവാക്ലബ്ബുകൾക്ക് ധനസഹായം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻ നിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത്-യുവാ ക്ലബ്ബുകളിലൂടെ നടത്തിവരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളും സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

3) കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്: പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജനപങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സേനയാണ് കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്.

4) പരിശീലന പദ്ധതികൾ: (1) പരീക്ഷാ പരിശീലന പദ്ധതി സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ അവർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്.

5) ജൻഡർ പദ്ധതികൾ: യുവതികൾക്കായി എൽ.ഇ.ഡി ബൾബ് നിർമ്മാണം യുവതികളെ സ്വയംതൊഴിൽ പര്യാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ അവർക്കായി എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനം നൽകുന്നു. ട്രാൻസ് ജെൻഡേഴ്സ് ശാക്തീകരണം സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യമായും സാമ്പത്തികമായും സ്വയംപര്യാപ്തരാക്കുന്നതിനുമായി സെമിനാറുകൾ, കലാ-കായിക പരിപാടികൾ, സ്വയംതൊഴിൽ പരിശീലനങ്ങൾ തുടങ്ങിയ വിവിധതരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

6) കലയും സംസ്കാരവും: (1) ഷോർട്ട് ഫിലിം ഫെസ്റ്റിവൽ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സാമൂഹ്യനന്മ ലക്ഷ്യം വച്ചുകൊണ്ട് പ്രധാനപ്പെട്ട 3 വിഷയങ്ങളെ ആസ്പദമാക്കി ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. (2) യുവ സാഹിത്യ ക്യാമ്പ് തുടക്കക്കാരായ യുവ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവ സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുന്നു. (3) മണിനാദം (കലാഭവൻ മണി മെമ്മോറിയൽ നാടൻ പാട്ട് മത്സരം) പ്രശസ്ത ചലച്ചിത്ര നടനും നാടൻ പാട്ട് കലാകാരനുമായ കലാഭവൻ മണിയുടെ സ്മരണയ്ക്കായി എല്ലാ വർഷവും അദ്ദേഹത്തിന്റെ ചരമദിനമായ മാർച്ച് 6-ന് തൃശ്ശൂർ ചാലക്കുടിയിൽ വച്ച് മണിനാദം എന്ന പേരിൽ നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നു.

7) മറ്റ് യുവജന വികസന പരിപാടികൾ: (1) യൂത്ത് അവാർഡ് വിവിധതലങ്ങളിൽ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച യുവപ്രതിഭകളെ സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു. (2) യുവ മാധ്യമ ക്യാമ്പ് സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും, യുവമാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി യുവജനക്ഷേമ ബോർഡ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നു. (3) ദിനാചരണങ്ങൾ ദേശീയ അന്തർദേശീയ യുവജനദിനാഘോഷങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും സംഘടിപ്പിക്കുന്നത്. കൂടാതെ പരിസ്ഥിതി ദിനാചരണം, ലഹരിവിമുക്ത ദിനാചരണം, മറ്റ് പ്രധാനപ്പെട്ട ദിനങ്ങൾ എന്നിവയും ആചരിക്കുന്നു. (4) ഇതര സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പരിപാടികൾ കേരളത്തിലെ യുവജനങ്ങളുടെ കലാ-കായിക-വിദ്യാഭ്യാസ-സാംസ്കാരിക കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഇതര ഏജൻസികൾ തുടങ്ങിയവയുമായി സഹകരിച്ച് സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. (5) പ്രചരണവും പൊതുജനസമ്പർക്കവും യുവജനക്ഷേമ രംഗത്ത് ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള സ്ഥാപനമാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്. ജില്ലാ യുവജനകേന്ദ്രങ്ങൾ, സാഹസിക അക്കാദമികൾ ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളുമെല്ലാം വൈവിദ്ധ്യമാർന്ന പദ്ധതികൾ യുവജന വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങൾ, നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ യുവജനങ്ങളിലേയ്ക്കെത്തിക്കുന്നു. (6) ഫോട്ടോഗ്രാഫി അവാർഡ് യുവജനങ്ങളിൽ ഫോട്ടോഗ്രാഫിയുടെ അനന്തസാധ്യതകളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്ന യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായി യുവാക്കൾക്ക് ഫോട്ടോഗ്രാഫി അവാർഡുകൾ നൽകുന്നു.

8) അഡ്വഞ്ചർ അക്കാഡമി: (1) നാഷണൽ അഡ്വഞ്ചർ അക്കാഡമി - ദേവികുളം- നിർമ്മാണ പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിലെ ദേവികുളത്താണ് ദേശീയ അഡ്വഞ്ചർ അക്കാഡമി സ്ഥിതി ചെയ്യുന്നത്. യുവജനങ്ങൾക്കിടയിൽ സാഹസിക കായിക വിനോദങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുക, അവരുടെ കായികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിന് സാഹസിക കായിക വിനോദങ്ങൾ ഉപയോഗപ്പെടുത്തുക, സാഹസിക ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിൽ യുവാക്കളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, സ്കൂൾ, കോളേജ് ക്ലബ്ബുകൾ മുതലായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. (2) സാഹസിക പ്രവർത്തനങ്ങൾ നാഷണൽ അഡ്വഞ്ചർ അക്കാഡമിയുടെ ഒരു ഉപകേന്ദ്രം കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിൽ പ്രവർത്തിക്കുന്നുണ്ട്. ഈ അക്കാഡമിയിലൂടെ നിരവധി സാഹസിക പ്രവർത്തനങ്ങളും ട്രെയിനിംഗുകളും സംഘടിപ്പിച്ചുവരുന്നു.

9) യുവശക്തി: (1) യൂത്ത് കോ-ഓർഡിനേറ്റർമാർക്കുള്ള ഓണറേറിയം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിലും പ്രാദേശികതലങ്ങളിലും സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളെ സംഘടിപ്പിച്ച് സാമൂഹ്യ വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, കേരളോത്സവം ഉൾപ്പെടെയുള്ള പരിപാടികളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിക്കുക, ഗ്രാമസഭകളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്കുൾപ്പെടെയുള്ള വിവിധ തൊഴിൽ അധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഉത്തരവാദിത്തങ്ങളാണ്. പ്രതിമാസം ഓണറേറിയം വ്യവസ്ഥയിലാണ് യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നത്. കേരള സംസ്ഥാന യുവജന കമ്മീഷൻ മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡുസുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ, ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും, ദേശീയ സെമിനാർ, ജില്ലാതല സെമിനാർ/സിമ്പോസിയം/ശില്പശാല, യൂത്ത് ഐക്കൺ അവാർഡ്, പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം, 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, ദേശീയ യുവജന ദിനാഘോഷം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ 2016 മുതൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തിയ യുവജനക്ഷേമ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. കേരളോത്സവം, അഞ്ച് യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തി, നാല് യൂത്ത് ക്ലബ്ബുകൾ വഴി പി.എസ്.സി പരീക്ഷാ പരിശീലനം നടത്തി, അഞ്ച് ക്ലബ്ബുകൾ വഴി ലോക കപ്പ് ഫുട്ബോൾ മത്സരം ബിഗ് സ്ക്രീനിൽ കാണാൻ അവസരം ഒരുക്കി, ജില്ലാതല സെവൻസ് ഫുട്ബോൾ മത്സരം മങ്കട മണ്ഡലത്തിൽ വച്ച് നടത്തി, 2021 വർഷത്തിൽ മങ്കട നിയോജകമണ്ഡലതല സ്പീക്ക് യംഗ് പ്രോഗ്രാം നടത്തി, യുവജനങ്ങളുടെ സേവനം ഉപയോഗപ്പെടുത്താൻ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ച് പരിശീലനം നൽകി, പ്രളയ ദുരിതാശ്വാസം, മഴക്കാലപൂർവ്വ ശുചീകരണം, കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ എല്ലാ പഞ്ചായത്തിലും നടത്തി, ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വൃക്ഷത്തൈ ഉത്പാദന മത്സരം, ഫലവൃക്ഷത്തൈ നടീൽ

ചലഞ്ച്, പരിസ്ഥിതി ദിനാചരണം എന്നിവ നടത്തി, പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങളെ സംഘടിപ്പിച്ച് യുവ ക്ലബ്ബുകൾ ആരംഭിച്ചു, കലാഭവൻ മണി സ്മാരക നാടൻ പാട്ടുമത്സരത്തിൽ മങ്കട മണ്ഡലത്തിൽ നിന്നുള്ള യുവാ ക്ലബ്ബ് വിജയികളാവുകയും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു, മങ്കട മണ്ഡലത്തിൽ ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് യുവാ ക്ലബ്ബിന്റെ നേതൃത്വത്തിൽ നവോത്ഥാന സദസ്സ് നടത്തി.

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ വകുപ്പുവഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും പ്രോഗ്രാമുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഡയറക്ടർ ബോർഡ് നിലവിൽ വരുന്ന മുറയ്ക്ക് നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച പരിശോധനകൾ നടത്തി തീരുമാനിക്കുന്നതാണ്.

## യുവജന ട്രെയിനിംഗ് സെന്റർ

319(2356) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണവും കുറയ്ക്കുന്നതിനായി യുവജനങ്ങളെ ബോധവത്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ഓരോ ജില്ലയിലും ഒരു ട്രെയിനിംഗ് സെന്റർ വീതം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) യുവജനങ്ങളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കിത്തീർക്കുന്നതിന് പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

യുവജനങ്ങളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കിത്തീർക്കുന്നതിന് പാഠ്യപദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള അക്കാദമിക സ്വാതന്ത്ര്യം അതത് സർവ്വകലാശാലകളിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും സാമൂഹിക പ്രതിബദ്ധത ലക്ഷ്യമാക്കിക്കൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കാരങ്ങൾ സംസ്ഥാനത്തെ കോളേജുകളിലെയും സർവ്വകലാശാലകളിലെയും യു.ജി/പി.ജി കരിക്കുലം പരിഷ്കാരത്തിലൂടെ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2077, 2279 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II ശ്രദ്ധ ക്ഷണിക്കൽ

### പുനരുദ്ധാരണ പാക്കേജ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിരവധി മേഖലകളിൽ ജനങ്ങൾ അനുഭവിക്കുന്ന വിഷമങ്ങൾ നിയമസഭാതലത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. കേരള ഗവൺമെന്റ് ജനങ്ങളെ സംരക്ഷിക്കാനുള്ള പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ടും അവർക്കാവശ്യമായ പിന്തുണ നൽകിക്കൊണ്ടും വലിയ തോതിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. അതേസമയം ഈ വിഷയത്തിൽ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ് ജനങ്ങൾ അനുഭവിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് സഹായങ്ങളെല്ലാം ചെയ്യുമ്പോഴും ഇനിയും അവരെ സഹായിക്കേണ്ടതായിട്ടുണ്ടെന്നാണ് നമ്മുടെ നാട്ടിലെ സ്ഥിതിഗതികളിൽനിന്നും വ്യക്തമാകുന്നത്. പ്രധാനമായും ചെറുകിട പരമ്പരാഗത തൊഴിൽമേഖല വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കേരളത്തിൽ രണ്ട് ലക്ഷത്തിലേറെ തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. കൈത്തറി മേഖലയിൽ ഇരുപത്തയ്യായിരത്തിലധികവും കയർ മേഖലയിൽ നാൽപ്പതിനായിരത്തിലധികവും കരകൗശല മേഖലയിൽ മുപ്പതിനായിരത്തിലധികവും കശുവണ്ടി മേഖലയിൽ ഇരുപത്തയ്യായിരത്തിലധികവും ഖാദി, ബീഡി തുടങ്ങിയ മേഖലകളിലെല്ലാം കൂടി മുപ്പതിനായിരത്തിലേറെയും തൊഴിലാളികളുണ്ട്. മൺപാത്ര നിർമ്മാണ മേഖലയിൽ എണ്ണായിരം തൊഴിലാളികളുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇത്തരത്തിലുള്ള പരമ്പരാഗത തൊഴിലാളികളെ കൂടാതെതന്നെ മറ്റ് അനുബന്ധ മേഖലകളിൽ ചെറിയ തൊഴിലുകൾ ചെയ്ത് ജീവിക്കുന്ന നിരവധി ആളുകൾ കേരളത്തിലുണ്ട്. അതിൽ ലൈറ്റ് ആൻഡ് സൗണ്ട്സ് മേഖല പ്രധാനപ്പെട്ടൊരു ഘടകമാണ്. വിവാഹങ്ങൾക്കും ആഘോഷങ്ങൾക്കുമെല്ലാം ഉപകരണങ്ങൾ വാടകയ്ക്ക് കൊടുത്ത് ജീവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികൾ പട്ടിണിയിലാകുന്നുവെന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

സർക്കാർ നൽകുന്ന ഭക്ഷ്യ കിറ്റുകളുള്ളതുകൊണ്ട് അക്ഷരാർത്ഥത്തിൽ പട്ടിണിയില്ലെങ്കിലും ബാങ്ക് ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാതെയും കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകളും മറ്റ് ചെലവുകളും നിർവ്വഹിക്കാൻ കഴിയാതെയും വലിയതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഇപ്പോൾ ഉത്സവങ്ങളും ആഘോഷങ്ങളും ഇല്ലാത്തതിനാൽ അമ്പലങ്ങളിലെ വാദ്യമേളക്കാരായ തൊഴിലാളികളുടെ സ്ഥിതിയും വളരെ ദയനീയമാണ്. ഇക്കൂട്ടത്തിൽപ്പെടുന്ന തെയ്യം കലാകാരന്മാർക്കും യാതൊരു തരത്തിലുമുള്ള വരുമാനവുമില്ല. ഇത്തരത്തിലുള്ള നിരവധി മേഖലകളുണ്ട്. ഞാൻ എല്ലാം പേരെടുത്ത് പറയുന്നില്ല, സൈക്കിൾ വാടകയ്ക്ക് കൊടുക്കുന്ന ഷോപ്പുകൾവരെ അടച്ചിടുകയാണ്. അതിന്റെ ഫലമായി അവിടങ്ങളിലെ തൊഴിലാളികൾ പട്ടിണിയിലാണ്. അവർക്കൊന്നും ഇതല്ലാതെ മറ്റൊരു വരുമാന മാർഗ്ഗവുമില്ല. ഗവൺമെന്റിന്റെ ശ്രദ്ധ അടിയന്തരമായി പതിയേണ്ട കാര്യമാണിത്. ഇവരിൽ ചില തൊഴിലാളികൾക്ക് താൽക്കാലികാശ്വാസമായി ബന്ധപ്പെട്ട ക്ഷേമനിധികളിൽനിന്നും ആയിരം രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ അവരുടെ തുടർച്ചയായ ജീവിതച്ചെലവ് നിർവ്വഹിക്കാൻ അതുകൊണ്ടുമാത്രം സാധിക്കില്ല. സർക്കാർ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളിൽ ഏർപ്പെട്ടവർക്ക് ആശ്വാസ നടപടികൾ ഒരു പാക്കേജായി പ്രഖ്യാപിച്ചിട്ടുണ്ട്. അത് വലിയ അനുഗ്രഹമാണ്. അവർക്ക് പലിശയില്ലാത്ത വായ്പയും ചില സപ്പോർട്ടുകളും നൽകിയിട്ടുണ്ട്. ഏകദേശം അതുപോലെയുള്ള പാക്കേജുകൾ ഈ പാവപ്പെട്ട തൊഴിലാളികൾക്കുകൂടി പ്രഖ്യാപിക്കണമെന്ന വിഷയത്തിലേയ്ക്കാണ് ഞാൻ സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നത്. അവർക്ക് പലിശരഹിത വായ്പയോ അല്ലെങ്കിൽ വളരെ ചെറിയ പലിശയ്ക്ക് വായ്പ നൽകുകയോ ചെയ്യണം. അവരുടെ ഉത്പന്നങ്ങൾക്ക് വിപണി സൗകര്യമൊരുക്കാൻ സഹായിക്കുകയും സൈക്കിൾ ഷോപ്പുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ജോലിയില്ലാത്ത സമയത്ത് അവരെ സംരക്ഷിക്കാനാവശ്യമായ നടപടികൾ പ്രഖ്യാപിക്കുകയും കൈത്തറി തൊഴിലാളികൾക്ക് തൊഴിലെടുക്കാനുള്ള അവസരം പുനഃസ്ഥാപിക്കുന്നതോടൊപ്പം അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി സൗകര്യം ഒരുക്കുകയും ചെയ്യണം. ഗവൺമെന്റ് സ്ഥാപനങ്ങളിൽ ഖാദി-കൈത്തറി മേഖലകളിൽനിന്നുള്ള തുണികൾ നേരിട്ട് ഏറ്റെടുക്കാൻ ചില സംവിധാനങ്ങൾ ഒരുക്കിയിരുന്നു. അതുപോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ഓണം അടുത്തുവരുന്ന സമയത്ത് സാധാരണഗതിയിൽ തൊഴിലെടുത്ത് പണം സമ്പാദിക്കാൻ കഴിയുന്ന അവസ്ഥ കോവിഡ് മഹാമാരി ഇല്ലാതാക്കിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയെ ആശ്രയിച്ച്

ജീവിക്കുന്ന തൊഴിലാളികളുടെ ജീവനും ജീവിതവും സംരക്ഷിക്കാൻവേണ്ടി പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അത് വിവിധ മേഖലകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ളതുമാണ്. അതിൽ ഖാദി മേഖലയിലെ 12500 തൊഴിലാളികൾക്കായി മിനിമം വേതന പദ്ധതി പ്രകാരം 22 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് ബാധിച്ച തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും 2000 രൂപവീതം നൽകുന്നുണ്ട്. എല്ലാ ഖാദി-ഗ്രാമ വ്യവസായ തൊഴിലാളികൾക്കും 1000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. 2020-ലെ ഓണക്കാലത്ത് സർക്കാർ അനുവദിച്ച ഉത്സവബത്തയായ 1500 രൂപയ്ക്ക് പുറമെ 250 രൂപ അധികമായി തൊഴിലാളികൾക്ക് നൽകി. ഖാദി ക്ഷേമനിധി ബോർഡിൽനിന്നും 1000 രൂപ വീതം രണ്ട് പ്രാവശ്യം അനുവദിച്ചിട്ടുണ്ട്. അതുപോലെ കൈത്തറി മേഖലയിലെ നൂൽക്ഷാമം തൊഴിൽ കുറയ്ക്കുന്നൊരു സാഹചര്യമുണ്ടായിരുന്നു. സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി അതിന് പരിഹാരം കാണുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റിന് പുറമെ 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിട്ടുണ്ട്. മുഴുവൻ നെയ്ത്ത് തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡുകൾവഴി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പാക്കേജിന് അംഗീകാരം നൽകി. അതിന് 74.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ദിനേശ് ബീഡി സംഘത്തിൽ ആകെയുള്ള നാലായിരം തൊഴിലാളികൾക്ക് രണ്ട് വർഷത്തിനുള്ളിൽ 2,59,668 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതുപോലെ കൂലിയിനത്തിൽ 7.73 കോടി രൂപയുടെ വരുമാനനഷ്ടം സംഭവിച്ചുവെന്നതും വസ്തുതയാണ്. ഈ പ്രതിസന്ധിയിൽ ബീഡി തൊഴിലാളികളുടെ ഉന്നമനത്തിനായി ദിനേശ് ബീഡി സംഘം സമർപ്പിച്ച പദ്ധതികൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങളെല്ലാം പരിശോധിക്കാം. ഓണത്തോടനുബന്ധിച്ച് 5000 രൂപയുടെ ഖാദി തുണിത്തരങ്ങൾ 2999 രൂപയ്ക്ക് വിൽക്കുന്ന സ്കീം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഇതിന്റെ പ്രചാരകരാകണം.

ഓണക്കാലത്ത് കൈത്തറിയുടെ ഒരു ചലഞ്ച് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പരമാവധി കൈത്തറി ഉത്പന്നങ്ങൾ വാങ്ങിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ എല്ലാ നിയമസഭാംഗങ്ങളും പങ്കാളികളാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഖാദി-കൈത്തറി മേഖലകളിലുള്ള തൊഴിലാളികളുടെ കൂലി കുടിശ്ശികയും നിലനിൽക്കുന്നുണ്ട്. അതുപോലെ ഖാദി മേഖലയിൽ നേരത്തേ പ്രഖ്യാപിച്ചിരുന്ന 30 ശതമാനം റിബേറ്റ് 10 ശതമാനം വർദ്ധിപ്പിച്ചുകൊടുത്താൽ വലിയ ഉപകാരമായിരിക്കും. കൂലിക്കുടിശ്ശിക നൽകുന്നതിനും റിബേറ്റ് വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കൂലിക്കുടിശ്ശികയെന്നുള്ളത് യഥാർത്ഥത്തിൽ കൂലിക്കൊപ്പം ഗവൺമെന്റ് നൽകുന്ന ഒരു ഭാഗമാണ്. അതിൽ കുടിശ്ശികയുടെ ഒരു ഭാഗം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ അവശേഷിക്കുന്ന കുടിശ്ശികകൂടി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിബേറ്റിന്റെ കാര്യം പരിശോധിക്കുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## III സബ്മിഷൻ

(1) സ്പെഷ്യൽ ഫീസ് ഒഴിവാക്കുന്നതിന് നടപടി

ഡോ. കെ. ടി. ജലീൽ: സർ, കോവിഡിനെത്തുടർന്ന് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 2020-21 അദ്ധ്യയനവർഷത്തെ ക്ലാസ്സുകൾ ഓൺലൈൻ മുഖേനയാണ് നടന്നത്. സ്പോർട്സ്, കലോത്സവം, ലൈബ്രറി ഉപയോഗം, ലാബുകളുടെ ഉപയോഗം ഇവയൊന്നും കഴിഞ്ഞവർഷം നടന്നിട്ടില്ല. ഇതിന്റെ വെളിച്ചത്തിലാണ് 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഫീസ് ഈടാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചത്. എന്നാൽ 2020-21 വർഷത്തിൽ പ്ലസ് ടു പൂർത്തിയാക്കി പുറത്തുപോകുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇപ്പോഴും അവ്യക്തത നിലനിൽക്കുകയാണ്. പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികളിൽനിന്ന് ഫീസ് ഈടാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഇതുമൂലം ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കിടയിൽ വലിയ ആശയക്കുഴപ്പമാണ് ഉണ്ടായിരിക്കുന്നത്. പല പ്രാവശ്യം അധികൃതരെ പ്രിൻസിപ്പൽമാർ ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും വ്യക്തമായൊരു മറുപടി ലഭ്യമായിട്ടില്ല. തൽസ്ഥിതി തുടരണമെന്നാണ് DGE (Director of General Education)

നൽകിയിട്ടുള്ള മറുപടി. ഇത് രണ്ടുവിധത്തിലും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. പ്രവേശന സമയത്താണ് വിദ്യാർത്ഥികളിൽനിന്ന് ഫീസ് ഈടാക്കുന്നത്. കഴിഞ്ഞവർഷം ഓൺലൈനായി പ്രവേശനം നടന്നതിനാൽ പല വിദ്യാർത്ഥികളും തങ്ങൾ പഠിക്കുന്ന സ്കൂളുകൾ കണ്ടിട്ടുപോലുമില്ല. രണ്ടാംവർഷ പ്ലസ് ടു വിദ്യാർത്ഥികൾ പരീക്ഷ എഴുതാനല്ലാതെ സ്കൂളുകളിൽ വന്നിട്ടുമില്ല. ഇത്തരമൊരു സാഹചര്യത്തിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഫീസ് ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കിയതു പോലെ 2020-21 അദ്ധ്യയന വർഷം പ്ലസ് ടു പൂർത്തിയാക്കിയ വിദ്യാർത്ഥികളെയും ഫീസ് ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കി ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതല്ലെങ്കിൽ നിർബന്ധമായും ഫീസ് ഈടാക്കണമെന്ന് രേഖാമൂലം പ്രിൻസിപ്പൽമാരെ അറിയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാൻ തയ്യാറാകണമെന്നും അപേക്ഷിക്കുന്നു. പ്ലസ് ടു റിസൾട്ട് പുറത്തുവന്ന സാഹചര്യത്തിൽ സർട്ടിഫിക്കറ്റുകൾ നൽകുന്ന സമയമാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ നിശബ്ദത പാലിക്കണം.

ഡോ. കെ. ടി. ജലീൽ: ഫീസ് കളക്ട് ചെയ്യേണ്ട സമയത്ത് ക്ലിപ്തമായൊരു സർക്കാർ ഉത്തരവില്ലെങ്കിൽ അത് സംഘർഷങ്ങൾക്ക് ഇടയാക്കിയേക്കും. ഇക്കാര്യത്തിൽ അടിയന്തര നടപടികളുണ്ടാകണം. ഒന്നുകിൽ ഫീസ് പിരിക്കണമെന്ന് കണിശമായി പറയുക അതല്ലെങ്കിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഫീസിൽനിന്ന് ഒഴിവാക്കിയതുപോലെ 2020-21 അദ്ധ്യയന വർഷം പ്ലസ് ടു പൂർത്തിയാക്കിയവരെയും ഫീസ് നൽകുന്നതിൽനിന്നും ഒഴിവാക്കുക. ഇതിൽ ഏതെങ്കിലും ഒരു കാര്യം അടിയന്തരമായി ചെയ്യണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. 2020-21 അക്കാദമിക വർഷത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ ഔദ്യോഗികമായി തുറന്ന് പ്രവർത്തിക്കുകയോ വിദ്യാർത്ഥികൾക്ക് ഹാജർ നിർബന്ധമാക്കുകയോ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഹൈസ്കൂളുകളിൽനിന്ന് വ്യത്യസ്തമായി ചില ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ രണ്ടാംവർഷ വിദ്യാർത്ഥികളിൽനിന്നും സ്പെഷ്യൽ ഫീസ് പിരിക്കുന്നതായി അറിവ് കിട്ടിയിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ സ്പെഷ്യൽ ഫീസ് കോവിഡ് കാലം പരിഗണിച്ച് സർക്കാർ വേണ്ടെന്നുവച്ചതുപോലെ പ്ലസ് ടു വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസും വേണ്ടെന്നുവയ്ക്കുന്നതിനെപ്പറ്റി ഗവൺമെന്റ്

പരിശോധിക്കുന്നുണ്ട്. 2020-21 അദ്ധ്യയന വർഷത്തിൽ രണ്ടാംവർഷ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽനിന്നും ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുക സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ് ഫയൽ പുട്ട്അപ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ തീരുമാനം വന്നാലുടൻതന്നെ അതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(2) ചുരം റോഡ് വികസനം

ശ്രീ. ഇ. കെ. വിജയൻ: സർ, വളരെ പ്രധാനപ്പെട്ട ചുരം റോഡിന്റെ കാര്യമാണ് ഇവിടെ ഉന്നയിക്കുന്നത്. കോഴിക്കോട് ജില്ലയെ വയനാട് ജില്ലയുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ് കുറ്റ്യാടി-പക്രംതളം ചുരം റോഡ്. രണ്ട് ജില്ലകളെ ബന്ധിപ്പിക്കുന്നുവെന്ന് മാത്രമല്ല, കഴിഞ്ഞ പ്രളയകാലത്ത് താമരശ്ശേരി ചുരം തകർന്ന് വയനാട് ഒറ്റപ്പെട്ടുപോയപ്പോൾ വയനാട്ടുകാർക്ക് ഏക ആശ്രയം ഈ ചുരമായിരുന്നു. ഏകദേശം 16 കിലോമീറ്ററാണ് ഈ റോഡുള്ളത്. വയനാട് ഭാഗത്തെ റോഡ് ഇന്ന് പൂർണ്ണമായും കുറ്റമറ്റ രീതിയിൽ ബി.എം.&ബി.സി. ചെയ്ത് നന്നാക്കി കഴിഞ്ഞിട്ടുണ്ട്. ആയിരക്കണക്കിന് വാഹനങ്ങളും പതിനായിരക്കണക്കിന് യാത്രക്കാരും യാത്ര ചെയ്യുന്ന റോഡാണിത്. കോഴിക്കോട് - ബാംഗ്ലൂർ റോഡ്, വടകര-ബാംഗ്ലൂർ റോഡ് എന്നാണ് ഇത് യഥാർത്ഥത്തിൽ അറിയപ്പെടുന്നത്. ചുരത്തിന്റെ ഭാഗത്ത് 15 മീറ്റർ വരെ സ്ഥലം സൗജന്യമായി നൽകാൻ സന്നദ്ധരാണെന്നാണ് ജനങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ ഇനി നിർമ്മിക്കേണ്ട പ്രധാനപ്പെട്ട റോഡെന്ന പരിഗണന വച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഈ റോഡിന്റെ പ്രവർത്തനമാരംഭിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും എല്ലാവിധ സഹായങ്ങളും ഉണ്ടാകണം. അതോടൊപ്പം ജനങ്ങളുടെ സഹകരണം ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവിടെയൊരു യോഗം ചേരുന്നത് നല്ലതായിരിക്കും. അതിനുകൂടി ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധത പ്രകടിപ്പിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട നാദാപുരം അംഗം ഇ. കെ. വിജയൻ ഉന്നയിച്ചത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. മലബാറിലെ പ്രധാനപ്പെട്ട അന്തർ സംസ്ഥാന പാതയാണ് കുറ്റ്യാടി-പക്രംതളം-മാനന്തവാടി റോഡ്. കോഴിക്കോട്-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും ബാംഗ്ലൂർ, മൈസൂർ എന്നിവിടങ്ങളിലേയ്ക്ക്

എത്തിപ്പെടാനുള്ള രണ്ട് റോഡുകളിലൊന്നുമാണ് ഈ റോഡ്. ഈ റോഡിന്റെ ആകെ നീളം 48 കിലോമീറ്ററാണ്. അതിൽ കുറ്റ്യാടി മുതൽ പക്രംതളം വരെയുള്ള 16 കിലോമീറ്റർ റോഡ് കോഴിക്കോട് നിരത്ത് വിഭാഗത്തിന് കീഴിലും പക്രംതളം മുതൽ മാനന്തവാടിവരെയുള്ള 32 കിലോമീറ്റർ റോഡ് വയനാട് നിരത്ത് വിഭാഗത്തിന് കീഴിലുമാണ് വരുന്നത്. ഈ റോഡ് മുഴുവനായും ബി.എം.&ബി.സി. നിലവാരത്തിലുയർത്തിയിട്ടുണ്ട്. തൊട്ടിൽപ്പാലം മുതൽ നിരവിൽപ്പുഴ വരെയുള്ള 17 കിലോമീറ്റർ ഭാഗം ചുരം റോഡായാണ് വരുന്നത്. പന്ത്രണ്ടോളം ഹെയർപിൻ വളവുകൾ വരുന്ന ഈ ഭാഗം അന്തർ സംസ്ഥാന ട്രക്കുകളുടെയും മറ്റ് വാഹനങ്ങളുടെയും സുഗമമായ നീക്കത്തിന് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നിലവിൽ എം.ഡി.ആർ. (മേജർ ഡിസ്ട്രിക്ട് റോഡ്) കാറ്റഗറിയിലുള്ള ഈ റോഡിന് 15 മീറ്റർ വീതിയിൽ സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാണെന്നാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷന്റെ ഭാഗമായി ചൂണ്ടിക്കാട്ടിയിട്ടുള്ളത്. സ്ഥലം സൗജന്യമായി വിട്ടുകിട്ടുകയാണെങ്കിൽ നിലവിലുള്ള വളവുകളെല്ലാം സ്റ്റാന്റേർഡൈസ് ചെയ്ത് വീതി കൂട്ടി പുനർനിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിനായി വിശദമായ പഠനവും രൂപകൽപ്പനയും ആവശ്യമായി വരും. ഇത് ടൂറിസവുമായി ബന്ധപ്പെടുത്താവുന്നതാണ്. കാരണം ടൂറിസം വകുപ്പ് Unexplored Destinations-ൽ പ്രധാനമായി കണ്ടെത്തിയിട്ടുള്ള ഒരു പ്രദേശം വയനാടാണ്. വയനാട്ടിലേയ്ക്കുള്ള പ്രധാന മാർഗ്ഗമാണിത്. ആ നിലയിൽ നേരിട്ട് അവിടെ സന്ദർശനം നടത്തി യോഗം ചേരുന്ന കാര്യം ആലോചിക്കുന്നതാണ്.

(3) കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

ശ്രീ. ഐ. ബി. സതീഷ്: സർ, മലയോര താലൂക്ക് ആസ്ഥാനമായ കാട്ടാക്കടയിലെ ഏക കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസുകളുടെ കുറവുകാരണം ഉണ്ടായിട്ടുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷൻ. കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 84 ഷെഡ്യൂളുകളും 90 ബസുകളുമാണ് ഉണ്ടായിരുന്നത്. 2018-ലെ ഷെഡ്യൂൾ പരിഷ്കരണംവഴി 64 ഷെഡ്യൂളുകളും 50 ഓർഡിനറി സർവ്വീസുകളും 14 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 31 ബസുകൾ പാർക്കിംഗ് എന്നപേരിൽ ഒതുക്കിയിട്ട് സർവ്വീസ് നടത്തുന്നില്ല. നിലവിലുള്ള 40 ബസുകളിൽ 3 സൂപ്പർ

ഫാസ്റ്റുകളും 10 ഫാസ്റ്റ് പാസഞ്ചറുകളും 21 ഓർഡിനറി സർവ്വീസുകളും മാത്രമാണുള്ളത്. ഒരു ദിവസം ശരാശരി ഓപ്പറേറ്റ് ചെയ്യുന്നത് 32 ഷെഡ്യൂളുകളാണ്. മലയോരപ്രദേശമായ കാട്ടാക്കടയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തരമായി കൂടുതൽ ബസുകൾ അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യം പരിഹരിക്കപ്പെട്ടിട്ടുണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കെ.എസ്.ആർ.ടി.സി. ആകെയുള്ള 6185 ബസുകൾ വിവിധ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തികച്ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ ഇപ്പോൾ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിനാവശ്യമായ 3800 ബസുകളും കൂടാതെ 12 ശതമാനം സ്പെയർ ബസുകളുമടക്കം 4280 ബസുകൾ സജ്ജമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള ബസുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിൽ മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. കോവിഡ് - 19 മഹാമാരിക്കുമുമ്പ് 2020 ജനുവരിയിൽ കെ.എസ്.ആർ.ടി.സി. പരമാവധി 4800 സർവ്വീസുകളാണ് നടത്തിയിരുന്നത്. ഇപ്പോൾ ശരാശരി 3300 ബസുകൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. സമീപഭാവിയിലും 3800-ൽ കൂടുതൽ ബസുകൾ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത ഇപ്പോൾ കാണുന്നില്ല. അങ്ങനെ നോക്കുമ്പോൾ സ്പെയർ ബസുകളടക്കം 4250 ബസുകൾ മതിയാകും. സർവ്വീസ് നടത്തുന്നതിനായി ആവശ്യത്തിലധികം ബസുകൾ ഡിപ്പോയിൽ സജീവമായി നിലനിർത്തിയാൽ ബസുകളുടെ ഇൻഷ്വറൻസ്, സി.എഫ്. ടെസ്റ്റ് എന്നിവ പുതുക്കേണ്ടതായും ടയർ, ബാറ്ററി തുടങ്ങിയ സ്പെയറുകൾ വാങ്ങേണ്ടതായും വരും. ആയതിനാലാണ് സർവ്വീസിന് ആവശ്യമുള്ളത് മാത്രം നിലനിർത്തി ബാക്കി ബസുകൾ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റി പുന:ക്രമീകരിച്ചിരിക്കുന്നത്. ഇതുകാരണം സർവ്വീസ് മുടങ്ങാതിരിക്കാനുള്ള നടപടികൾ പരമാവധി സ്വീകരിച്ചിട്ടുണ്ട്. ചില യൂണിറ്റുകളിൽ ബസുകൾ അധികമായി നിലനിർത്തുമ്പോൾ മറ്റുചില യൂണിറ്റുകളിൽ ബസുകൾ ലഭ്യമില്ലാതെ സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യമുണ്ട്. ആയത് ഒഴിവാക്കുന്നതിനായി യൂണിറ്റ് തലത്തിൽ നിഷ്ക്രിയമായും അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുമായി നിർത്തിയിട്ടിരുന്ന ബസുകൾ ജില്ലാതല സംവിധാനത്തിലേയ്ക്ക് മാറ്റുന്നതുവഴി കൂടുതൽ കാര്യക്ഷമമായും ഗുണപരമായും അവ ഉപയോഗിക്കാൻ കഴിയും. കാട്ടാക്കട ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകൾ പ്രകാരം 31 ഓർഡിനറി ബസുകളും 12 ഫാസ്റ്റ് പാസഞ്ചർ ബസുകളും 3 സൂപ്പർ ഫാസ്റ്റ്

ബസുകളുമാണ് ആവശ്യമുള്ളത്. 27 ഓർഡിനറി ബസുകളും 10 ഫാസ്റ്റ് പാസഞ്ചർ ബസുകളും 3 സൂപ്പർ ഫാസ്റ്റ് ബസുകളുമാണ് നിലവിലുള്ളത്. കുറവുള്ള 2 ഫാസ്റ്റ് പാസഞ്ചർ ബസുകളും 4 ഓർഡിനറി ബസുകളും ഡിസ്ട്രിക്ട് കോമൺ പൂളിൽനിന്നും അനുവദിച്ചുനൽകുന്നതിനുള്ള നടപടി ഇന്നലെത്തന്നെ സ്വീകരിച്ചു. ബസുകളില്ലാതെ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഒഴിവാക്കിയിട്ടുണ്ട്. നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ചെറുകിട വ്യാപാരി-വ്യവസായികൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് അനിവാര്യമായി കൈക്കൊള്ളേണ്ടിവന്ന ലോക്ക്ഡൗണും മറ്റ് നടപടികളും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ട്. ചെറുകിട വ്യാപാരികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ പ്രത്യേകിച്ച് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഘട്ടംഘട്ടമായി ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കോവിഡ് വ്യാപന നിരക്ക് വിലയിരുത്തി ലഘൂകരിക്കുന്നുണ്ടെങ്കിലും ചെറുകിടക്കാർക്ക് സാമ്പത്തികാശ്വാസ നടപടികൾ എത്തിക്കേണ്ടതുണ്ടെന്ന് സംസ്ഥാന സർക്കാർ കരുതുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ട് ഘട്ടങ്ങളിലും സമാശ്വാസ പാക്കേജുകൾ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിരുന്നു. ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുകയും വായ്പകൾക്ക് പലിശയിളവ് നൽകുകയും ചെയ്യുന്ന നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ചിരുന്നു.

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ അനുബന്ധ പാക്കേജ് പ്രഖ്യാപിക്കുകയാണ്. ഇതിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽനിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനംവരെ സംസ്ഥാന സർക്കാർ ആറ് മാസത്തേയ്ക്ക് വഹിക്കുന്നതാണ്. ആകെ 2,000 കോടി രൂപ വലിപ്പമുള്ള വായ്പാ പദ്ധതിക്കുള്ള പിശയിളവാണിത്. ഒരു ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനമുണ്ടാകണമെന്ന് ലക്ഷ്യമിടുന്നു. ആഗസ്റ്റ് ഒന്നുമുതൽ എടുക്കുന്ന വായ്പകൾക്ക് ഈ പലിശയിളവ് ബാധകമാക്കാവുന്നതാണ്.

അതിനോടൊപ്പം സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേയ്ക്ക് ഒഴിവാക്കുകയാണ്. ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് (എം.എസ്.എം.ഇ.) കെട്ടിട നികുതി ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേയ്ക്ക് ഒഴിവാക്കുകയാണ്. ഈ സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും സർക്കാർ വാടകയും ഒഴിവാക്കുന്നതാണ്.

കെ.എസ്.എഫ്.ഇ.

കോവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലായവർക്ക് ആശ്വാസം നൽകുന്നതിനായി കെ.എസ്.എഫ്.ഇ. വിവിധ പദ്ധതികൾ നടപ്പിലാക്കും. 20-01-2021 മുതൽ ഡീഫാൾട്ടായ കെ.എസ്.എഫ്.ഇ. നൽകിയ എല്ലാ ലോണുകളുടെയും പിഴപലിശ സെപ്റ്റംബർ 30 വരെ ഒഴിവാക്കി നൽകും. ചിട്ടിയുടെ കുടിശ്ശികക്കാർക്ക് കാലാവധി അനുസരിച്ച് സെപ്റ്റംബർ 30 വരെയുള്ള അമ്പത് മുതൽ നൂറ് ശതമാനം വരെ പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 20-01-2021 മുതൽ ഡീഫാൾട്ടായ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 30-09-2021 വരെ ചിട്ടി പിടിച്ച ചിറ്റാളന്മാർക്ക് ഡിവിഡന്റ് നഷ്ടപ്പെടില്ല. കോവിഡ് ബാധിച്ച കുടുംബങ്ങൾക്ക് നൽകുന്ന അഞ്ച് ശതമാനം പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെ നൽകുന്ന ലോണിന്റെ കാലാവധിയും 30-09-2021 വരെ നീട്ടുന്നു.

കെ.എഫ്.സി.

കോവിഡ് പശ്ചാത്തലത്തിൽ വ്യവസായ പുനരുജ്ജീവനത്തിനായി കെ.എഫ്.സി. വഴി മൂന്ന് പദ്ധതികൾ പ്രഖ്യാപിക്കുകയാണ്. ജൂലൈയിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് പുറമെയാണിത്.

സ്റ്റാർട്ടപ്പ് കേരള പദ്ധതി

ഒരു കോടി രൂപ വരെ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്ന 'സ്റ്റാർട്ടപ്പ് കേരള' വായ്പാ പദ്ധതിക്കായി കെ.എഫ്.സി. 50 കോടി രൂപ മാറ്റിവയ്ക്കും.

വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതി

സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്ന പ്രത്യേക വായ്പാ പദ്ധതി. 20 കോടി രൂപ വരെ ഒരു സംരംഭത്തിന് അനുവദിക്കുന്ന ഈ പദ്ധതിയിൽ 500 കോടി രൂപ മാറ്റിവയ്ക്കും.

മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി രണ്ടാം ഭാഗം

നിലവിലെ മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയെ പുനരാവിഷ്കരിക്കും. ഒരു കോടി രൂപ വരെ 5% പലിശയിൽ വായ്പ നൽകുന്ന ഈ പദ്ധതിയിൽ ഒരു വർഷം 500 സംരംഭം എന്ന കണക്കിൽ അടുത്ത അഞ്ച് വർഷംകൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കും. 50 വയസ്സിൽ താഴെയുള്ള യുവസംരംഭകർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. വർഷംതോറും 2000 പുതുസംരംഭകരെ കണ്ടെത്തി അവർക്കുവേണ്ട പരിശീലനം നൽകി അതിൽ പ്രാപ്തരായവരെ കണ്ടെത്തിയാണ് വായ്പ അനുവദിക്കുക. നിലവിൽ കോവിഡ്-19-ന്റെ രണ്ടാം തരംഗംമൂലം തുടരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ മേഖലകളിലുള്ള യൂണിറ്റുകളെ സഹായിക്കുന്നതിനായി വിവിധ നടപടികൾ കെ.എഫ്.സി. കൈക്കൊണ്ടുവരുന്നു.

ഒരുവർഷത്തെ മൊറട്ടോറിയം

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കും. മുതൽ തുകയ്ക്ക് 1-7-2021-ൽ തുടങ്ങി ഒരു വർഷത്തേയ്ക്കാണ് അവധി. 820 വായ്പകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

വായ്പകളുടെ പുനഃക്രമീകരണം

സംരംഭകരുടെ നിലവിലുള്ള വായ്പകൾ റിസർവ് ബാങ്ക് (RBI) മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി നിഷ്ക്രിയ ആസ്തിയാകാതെ പുനഃക്രമീകരണം ചെയ്ത് നൽകുന്നതുമാണ്. ഇതിനായി ചാർജ്ജുകളോ അധിക പലിശയോ ഈടാക്കുന്നതല്ല. 3000-ത്തോളം വായ്പകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

കെ.എഫ്.സി. സംരംഭങ്ങൾക്ക് 20% അധിക വായ്പ

കോവിഡിന്റെ രണ്ടാം തരംഗത്തിൽ വീണ്ടും പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്കും സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതുപോലെ 20 ശതമാനംകൂടി അധിക വായ്പ വീണ്ടും അനുവദിക്കും. അതായത് കഴിഞ്ഞ വർഷം അനുവദിച്ച 20 ശതമാനം ഉൾപ്പെടെ 40 ശതമാനം അധിക വായ്പ. ബാങ്കുകളെപ്പോലെ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി

ലഭിക്കാത്തതിനാൽ കെ.എഫ്.സി. സ്വന്തം നിലയ്ക്കാണ് ഈ പദ്ധതി രൂപീകരിച്ചത്. പദ്ധതിയിൽ മുതൽ തിരിച്ചടവിന് 24 മാസത്തെ സാവകാശം നൽകും. എന്നാൽ ഈ കാലയളവിലും പലിശ അടയ്ക്കേണ്ടതിനാൽ വായ്പയിൽനിന്നും ഇത് തിരിച്ചടയ്ക്കുവാനുള്ള സൗകര്യവും ഈ പദ്ധതിയിലുണ്ട്. 400 സംരംഭങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കും. കെ.എഫ്.സി. ഇതിനായി 450 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്കുള്ള സഹായം

കോവിഡ് രോഗവ്യാപനം തടയാനും രോഗികൾക്ക് ആശ്വാസം നൽകുവാനും സഹായിക്കുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കായി ഉദാരവ്യവസ്ഥയിൽ പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മേഖലകൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. 50 ലക്ഷം രൂപ വരെയുള്ള വായ്പകൾ മുഖ്യമന്ത്രിയുടെ സംരംഭകത്വ പദ്ധതിയിലുൾപ്പെടുത്തി 7% പലിശയിലാണ് നൽകുന്നത്. 5 വർഷമായിരിക്കും വായ്പാ കാലാവധി. കൂടുതൽ തുകയുടെ ലോണുകളിൽ 50 ലക്ഷം രൂപ വരെ 7 ശതമാനത്തിലും അതിന് മുകളിൽ റേറ്റിംഗ് അടിസ്ഥാനമാക്കിയുമാണ് പലിശ ഈടാക്കുന്നത്. 10 വർഷംവരെ തിരിച്ചടവ് കാലാവധിയുണ്ട്. 50 സംരംഭങ്ങൾക്കായി 100 കോടി രൂപ ഇതിനായി മാറ്റിവയ്ക്കും.

പലിശയിളവ്

പലിശ നിരക്ക് കുറച്ച് ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി. വൻ ഇളവ് വരുത്തി. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽനിന്നും 10.5 ശതമാനമായി കുറഞ്ഞു. റേറ്റിംഗ് അടിസ്ഥാനമാക്കിയാണ് പലിശ നിർണ്ണയിക്കുന്നത്. കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലൈ 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ വർഷം പോളിസി മാറ്റങ്ങളെത്തുടർന്ന് ഈടാക്കിയ അധിക പലിശ ഇടപാടുകാർക്ക് തിരികെ നൽകും.

ഇതിനെല്ലാം പുറമെയാണ് രണ്ടുമാസത്തെ ക്ഷേമ പെൻഷൻ ആഗസ്റ്റ് മാസം ഒരുമിച്ച് നൽകുന്നത്. ഇതുവഴി 1700 കോടി രൂപ ജനങ്ങളുടെ കയ്യിൽ നേരിട്ടെത്തും. ഇതിനുപുറമെ ഓണത്തിന് അനുവദിക്കുന്ന സ്പെഷ്യൽ ഭക്ഷ്യകിറ്റിന് 526 കോടി രൂപ ചെലവാക്കും.

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(i) പുതിയ വിദ്യാഭ്യാസ നയ രൂപീകരണം

ശ്രീ. എം. വിജിൻ: സർ, "വിജ്ഞാനം പകർന്ന് നൽകുന്നതോടൊപ്പം ജ്ഞാനനിർമ്മിതികൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻവേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണിശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്. പൊതുലിസ്റ്റിൽപ്പെടുന്ന (കൺകറന്റ് ലിസ്റ്റ്) വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയ രൂപീകരണം അനിവാര്യമായും സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലങ്കഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരുന്നതാകണം. ദൗർഭാഗ്യവശാൽ ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്ര സർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്. രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും പിന്നാക്ക ജാതികളിലുംപെട്ട പാർശ്വവത്കൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവത്കൃതരെ മുഖ്യധാരയിൽനിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താല്ക്കാലിക

കരാറടിസ്ഥാനത്തിലാക്കുന്നത് ദീർഘകാല അദ്ധ്യാപന പരിചയത്തിലൂടെയും നിരന്തര ഗവേഷണത്തിലൂടെയും സ്വയംനവീകരണ പ്രക്രിയയിലൂടെയും മികവിന്റെ പാത കൈവരിക്കുന്നതിന് വിഘാതമാണ്. ഇത് അദ്ധ്യാപന, ഗവേഷണ നിലവാരം ഇടിച്ചുതാഴ്ത്താൻ വഴിവയ്ക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന നിലവിലെ ദേശീയ വിദ്യാഭ്യാസ നയം 2020, പിൻവലിച്ച് വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ രാഷ്ട്രതാൽപര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിജിൻ: സർ, ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്താണ് മനുഷ്യവിഭവശേഷി. വിദ്യാഭ്യാസ സമ്പ്രദായം ശക്തമാക്കുന്നതിലൂടെ മാത്രമേ അത് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ നമുക്ക് സാധ്യമാകുകയുള്ളൂ. ദരിദ്ര-ധനിക, ജാതി-മത-ലിംഗ പരിഗണനകളില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്നതിലൂടെ മാത്രമേ രാജ്യത്തിന്റെ സാമൂഹിക പുരോഗതി സാധ്യമാകുകയുള്ളൂ. വിദ്യാഭ്യാസം എന്നത് വരാനിരിക്കുന്ന തലമുറകളെയും രാജ്യത്തെയാകെയും സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ഒരു പ്രക്രിയകൂടിയാണ്. ഓരോ വ്യക്തിയിലും അന്തർലീനമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും വിദ്യാഭ്യാസം സഹായകരമാകുന്നുണ്ട്. കുട്ടികളെ സാമൂഹ്യമായും ക്രിയാത്മകമായും ബന്ധിപ്പിച്ച് സമൂഹത്തിനുകൂടി ഉതകുന്ന വ്യക്തികളാക്കി പരിവർത്തനം ചെയ്യാനും കഴിയുന്നതാകണം നമ്മുടെ രാജ്യത്തിന്റെ വിദ്യാഭ്യാസ നയം. വിദ്യാഭ്യാസം ദരിദ്രന്റെ ആയുധം കൂടിയാണ്. അതുകൊണ്ടാണ് വിശക്കുന്ന മനുഷ്യനോട് പുസ്തകം കയ്യിലെടുക്കാൻ 'ബെർടോൾട്ട് ബ്രെഹ്ത്' (Bertolt Brecht) ആവശ്യപ്പെട്ടത്. സാമൂഹ്യനീതി ഉറപ്പാക്കാൻ അത്യന്താപേക്ഷിതമായ ഒരു ഘടകം കൂടിയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തെ ആശയങ്ങളുടെ മണ്ഡലമാക്കുന്നതിൽ നാം പരാജയപ്പെട്ടാൽ രാജ്യപുരോഗതിക്കാവശ്യമായ ആശയങ്ങൾക്ക് നമുക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടതായിവരും. നീണ്ട 34 വർഷങ്ങൾക്കുശേഷം 29-07-2020-ലാണ് ഒരു പുതിയ ദേശീയ വിദ്യാഭ്യാസ നയം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. അതായത് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതിനും കൃത്യം ഒരു വർഷം മുമ്പ്. ഇന്ത്യൻ പാർലമെന്റ് പോലും ചർച്ച ചെയ്യാതെ ഈ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു പത്രസമ്മേളനത്തിലൂടെയാണ് കേന്ദ്ര സർക്കാർ അത് പ്രഖ്യാപിച്ചത്. നമ്മുടെ രാജ്യത്തെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന ഒരു വിഷയത്തെ കേന്ദ്ര സർക്കാർ അവതരിപ്പിച്ചത് എത്ര അപകടകരമായ

രീതിയിലാണെന്ന് നമുക്ക് ഇതിലൂടെ കാണാൻ സാധിക്കും. സ്വതന്ത്ര ഇന്ത്യയിലെ ഒന്നാം വിദ്യാഭ്യാസ നയം 1968-ൽ കോത്താരി കമ്മീഷൻ റിപ്പോട്ടിന്റെ അടിസ്ഥാനത്തിലാണ് രൂപീകരിക്കപ്പെട്ടത്. ശാസ്ത്ര സാങ്കേതികവിദ്യകൾക്ക് പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസത്തിലൂടെ നമ്മുടെ രാജ്യം നേരിടുന്ന പ്രധാന പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ഒന്നാം ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ലോകത്തെമ്പാടും സാമൂഹിക -സാമ്പത്തിക ഘടനയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് രണ്ടാമത്തെ ദേശീയ വിദ്യാഭ്യാസ നയം 1986-ൽ നിലവിൽ വരുന്നത്. പ്രസ്തുത നയം പിന്നീട് ആചാര്യ രാമമൂർത്തി കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് 1992-ൽ പരിഷ്കരിക്കുകയുണ്ടായി. ഇപ്പോൾ പ്രഖ്യാപിച്ചത് മൂന്നാമത്തെ വിദ്യാഭ്യാസ നയമാണ്. ഇതിന് മുന്നോടിയായി കേന്ദ്ര ഗവൺമെന്റ് ടി. എസ്. ആർ. സുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുകയും 2016 മേയ് മാസം അതിന്റെ റിപ്പോർട്ട് നൽകുകയും ചെയ്തു. അതിനുശേഷം ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ മറ്റൊരു സമിതിയെ ഇക്കാര്യത്തിനായി കേന്ദ്ര ഗവൺമെന്റ് നിയോഗിക്കുകയും ചെയ്തിരുന്നു. സമ്പന്നനും ദരിദ്രനും ഒരുപോലെ പ്രാപ്യമായ സൗജന്യവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം നൽകുന്ന ഒന്നായിരുന്നു 1968-ലെ വിദ്യാഭ്യാസ നയം. പൊതുവായ സ്കൂൾ സംവിധാനമെന്ന നിർദ്ദേശം 1968-ലെ ഒന്നാം വിദ്യാഭ്യാസ നയത്തെ ശ്രദ്ധേയമാക്കി എന്ന് നമുക്കറിയാം. അന്ന് വിദ്യാഭ്യാസം സംസ്ഥാന വിഷയത്തിലായിരുന്നു. എന്നാൽ 1976-ൽ 42-ാമത് ഭരണഘടനാ ഭേദഗതിയിലൂടെ വിദ്യാഭ്യാസം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും സംയുക്ത അധികാരമുള്ള കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റി. ആഗോളീകരണത്തിന്റെയും നവഉദാരീകരണത്തിന്റെയും പ്രാരംഭ സൂചനകൾ കണ്ടുതുടങ്ങിയ എൺപതുകളിലാണ് അതിന്റെ അലയൊലികൾതന്നെ പ്രകടമാക്കിക്കൊണ്ട് രണ്ടാം വിദ്യാഭ്യാസ നയം 1986-ൽ രൂപീകരിക്കുന്നത്. അത് സ്കൂൾ വിദ്യാഭ്യാസത്തിലടക്കം സ്വകാര്യ മൂലധനവും വിദേശ മൂലധനവും കടന്നുവരാൻ വഴിയൊരുക്കിയെങ്കിലും ജനാധിപത്യം, മതനിരപേക്ഷത, തുല്യത തുടങ്ങിയ ഭരണഘടനാ മൂല്യങ്ങളെ അംഗീകരിക്കുന്നതായിരുന്നു. അത് രാജ്യത്തിന്റെ ഫെഡറൽ സംവിധാനങ്ങളെ വലിയ തോതിൽ ഉൾക്കൊള്ളുന്നതുമായിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ മൂന്നാമതായി പ്രഖ്യാപിച്ച പുതിയ വിദ്യാഭ്യാസ നയം തികച്ചും കേന്ദ്രീകൃതമായ ഒന്നാണ്. വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ പേരിൽ വാസ്തവത്തിൽ മറ്റുചില അജണ്ടകളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിപ്പോരുന്നത്. ഫെഡറലിസം ഇല്ലാതാക്കുന്നതും വർഗ്ഗീയതയുടെ വേരുകൾ അങ്കണവാടി

പ്രായത്തിലുള്ള നമ്മുടെ കൊച്ചുമക്കളിലേയ്ക്കുകൂടി നീളുന്നതുമാണ് ഈ നയരേഖ എന്നതാണ് അതിന്റെ ഉള്ളടക്കങ്ങളിലൂടെ വായിച്ചുപോയാൽ നമുക്ക് മനസ്സിലാകുന്നത്. പ്രീ-പ്രൈമറി എല്ലാവർക്കും ലഭ്യമാക്കൽ, തൊഴിൽ പഠനം, സെമസ്റ്റർ രീതി, അദ്ധ്യാപക പരിശീലനം മെച്ചപ്പെടുത്തൽ, ത്രിഭാഷാ പദ്ധതികൾ, വിദേശ സർവ്വകലാശാലകളെ കൊണ്ടുവരൽ, കോളേജുകളുടെയും സർവ്വകലാശാലകളുടെയും ഗുണനിലവാരമുയർത്തൽ എന്നിങ്ങനെ ഒറ്റ വായനയിൽ മൂന്നാം വിദ്യാഭ്യാസ നയത്തിലെ നിരവധി വാഗ്ദാനങ്ങൾ ഒരുപക്ഷെ സ്വീകാര്യമാണെന്ന് തോന്നുന്ന വിധത്തിൽ നയരേഖാ സമിതി അതിന് പ്രത്യേക ശ്രദ്ധ കൊടുത്തിട്ടുണ്ട്. എന്നാൽ അതൊക്കെ ആളുകളുടെ കണ്ണിൽ പൊടിയിടാനുള്ള വിദ്യകൾ മാത്രമാണെന്നും അതിന്റെ മറവിൽ നിരവധി ചതിക്കുഴികൾ ഒരുക്കിവച്ചിട്ടുണ്ടെന്നും പരിശോധിക്കാൻ സൂക്ഷ്മവും നിശിതവും വിമർശനാത്മകവുമായ പരിശോധനതന്നെ നാം പ്രത്യേകമായി ഈ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നടത്തേണ്ടിവരും. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ നയത്തിലെ പ്രധാന നിർദ്ദേശങ്ങളിലൊന്ന് സ്കൂൾ ഘടനയാണ്. സമയപരിമിതിമൂലം ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ 3-8 വയസ്സുവരെ ഫൗണ്ടേഷൻ, 8-11 വരെ പ്രിപ്പറേറ്ററി, 11-14 മിഡിൽ ഘട്ടം, 14-18 വരെ സെക്കണ്ടറി ഘട്ടം എന്നിങ്ങനെയാണുള്ളത്. പ്രീ-സ്കൂൾ ഘട്ടത്തെ നിലവിലുള്ള വിദ്യാഭ്യാസ ഘടനയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും അതിന്റെ മനഃശാസ്ത്രമോ ബോധശാസ്ത്രമോ ആയ അടിത്തറ എന്താണെന്ന് ഈ നയത്തിൽ എവിടെയും വ്യക്തമാക്കുന്നില്ല. അതോടൊപ്പംതന്നെ പ്രത്യേക സെക്ഷൻ 3-ൽ വിദ്യാഭ്യാസത്തെക്കുറിച്ചും സ്കൂൾ ഘടനയെക്കുറിച്ചുമെല്ലാം പറയുന്നുണ്ടെങ്കിൽപ്പോലും കുട്ടികളുടെ അവകാശമായി വിദ്യാഭ്യാസം എവിടെയും ഈ നയത്തിൽ സൂചിപ്പിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകുമ്പോൾ സ്കൂൾ വിദ്യാഭ്യാസത്തെ നിർദ്ദേശക തത്വത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. ഭരണഘടന രൂപീകരിച്ച് പത്ത് വർഷത്തിനകം എല്ലാ കുട്ടികൾക്കും എലമെന്ററി വിദ്യാഭ്യാസം ഉറപ്പാക്കണമെന്ന് വിഭാവന ചെയ്തിരുന്നെങ്കിലും അത് നടപ്പിലാക്കപ്പെട്ടിട്ടില്ല. ഇതിനെത്തുടർന്നാണ് സാമൂഹിക സമ്മർദ്ദങ്ങളും സുപ്രീംകോടതി വിധികളും 86-ാം ഭരണഘടനാ ഭേദഗതിയിലേയ്ക്ക് നയിച്ചത്. ഈ ഭേദഗതി പ്രകാരം എലമെന്ററി വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായിമാറി, ഭരണഘടനയിൽ 21 A കൂട്ടിച്ചേർത്തു. അനുച്ഛേദം 45, 51 എന്നിവ ഭേദഗതി വരുത്തി, 2009-ൽ അത് പാർലമെന്റ് പാസ്സാക്കി. 2010-ൽ നിയമം പ്രാബല്യത്തിൽവന്നു. ഇതുപ്രകാരം എലമെന്ററി വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറി. ആ അവകാശം സംരക്ഷിക്കേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. ആ കടമയിൽനിന്ന്

പിൻവാങ്ങുന്നതിലേയ്ക്കാണ് ഈ നയത്തിലെ സെക്ഷൻ 3 വഴിതുറക്കുന്നത്. 3 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം അവകാശമായി കാണുന്നതിനു പകരം ഈ നയത്തിൽ പല മാർഗ്ഗങ്ങളിലൂടെ സ്കൂൾ പ്രാപ്യത ലഭ്യമാക്കും എന്നതിലേയ്ക്ക് പരിമിതപ്പെടുത്തുകയാണ് ചെയ്തത്. അതോടൊപ്പംതന്നെ 30 കുട്ടികളില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടാൻ ഈ നയം നിർദ്ദേശിച്ചിരിക്കുന്നു എന്നത് നാം വളരെ ഗൗരവത്തോടെയാണ് കാണേണ്ടത്. ഇന്ത്യയിലെ 40% സ്കൂളുകളും അത്തരത്തിൽ അടച്ചുപൂട്ടേണ്ടി വരുമെന്നതാണ് വാസ്തവം. രാജ്യത്തെ 60% ഗ്രാമങ്ങളിൽനിന്ന് സ്കൂളുകൾ ഇതോടുകൂടി ഇല്ലാതാകാൻ പോകുകയാണ്. പാവപ്പെട്ടവന്റെ വിദ്യാഭ്യാസം ഇവിടെ നിഷേധിക്കപ്പെടുകയാണ്. പണമുള്ളവർ മാത്രം പഠിച്ചാൽ മതിയെന്ന നയത്തിലേയ്ക്ക് ഈ തീരുമാനപ്രകാരം എത്തുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പുതിയ നയം ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നു, സ്കൂൾ വിദ്യാഭ്യാസത്തെ കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് മാറ്റുന്നു. നാഷണൽ ടെസ്റ്റിംഗ് ഏജൻസി, നാഷണൽ അസസ്മെന്റ് സെന്റർ, നാഷണൽ കമ്മിറ്റി ഫോർ ഇന്റഗ്രേഷൻ ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ്, നാഷണൽ എഡ്യൂക്കേഷൻ ടെക്നോളജി ഫോറം എന്നീ ഏജൻസികൾവഴി അമിത കേന്ദ്രീകരണത്തിനും ഉദ്യോഗസ്ഥവത്കരണത്തിനും പരവതാനി വിരിക്കുന്ന ഒരു നയമായി ഈ വിദ്യാഭ്യാസ നയം മാറുകയാണ്. ഇത് വ്യാപകമായ നിലയിലുള്ള അഴിമതിയിലേയ്ക്ക് രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ മാറ്റുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ദേശീയ ടെക്സ്റ്റ്ബുക്കിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല, വർഗ്ഗീയ അജണ്ടയിലേയ്ക്ക് കൊണ്ടുപോകുന്ന നയമാണ് അതിലൂടെ കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഈ രാജ്യത്തെ ഓരോ സംസ്ഥാനങ്ങൾക്കും ഭൂമിശാസ്ത്രവും സംസ്കാരികവും ഭാഷാപരവുമായ വൈവിദ്ധ്യമുണ്ടെന്ന് നമുക്കറിയാം. വൈവിദ്ധ്യമുള്ള നാട്ടിൽ ഒരു കേന്ദ്രീകൃത പാഠ്യപദ്ധതിക്ക് ഈ വിദ്യാഭ്യാസ നയം ഊന്നൽകൊടുക്കുന്നു എന്നത് ഗൗരവത്തോടെ കാണണം. ത്രിഭാഷാ പദ്ധതിയെക്കുറിച്ച് പറയുന്നുണ്ട്, സംസ്കൃതത്തെ ഒരു പ്രധാന ഭാഷയാക്കി, ഇന്ത്യയിലെ രണ്ടാം ഭാഷയാക്കി കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം ഇതിൽ നമുക്ക് വായിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും തകർത്തുകൊണ്ടാണ് ഈ വിദ്യാഭ്യാസ നയം മുന്നോട്ടുവച്ചിട്ടുള്ളത്. മെഡിക്കൽ, നിയമം എന്നിവയൊഴികെയുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ രൂപീകരിക്കണമെന്ന് പറയുന്നു. ഇത് യു.ജി.സി.യേക്കാൾ കേന്ദ്രീകൃതമായൊരു സംവിധാനമാണ്. ഒരു മാനദണ്ഡവുമില്ലാതെ സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണത്തിന്റെയും അതിരുകൾ ഈ കമ്മീഷൻ തന്നെ തീരുമാനിക്കുന്നു. പുതിയ കോഴ്സുകൾ കൊണ്ടുവരുന്നതുമുതൽ

ഗവേഷണ മേഖലവരെ കമ്മീഷന്റെ ഇടപെടൽ ശക്തമാകുമെന്നുള്ളതാണ് നാം ഇതിലൂടെ വായിച്ചെടുക്കേണ്ടത്. സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം, യോഗ്യത, അനദ്ധ്യാപക ജീവനക്കാരുടെ അനുപാതം തുടങ്ങി നിയമനവും യോഗ്യതയും പോലും തീരുമാനിക്കാനുള്ള അധികാരം ഈ കമ്മീഷനിൽ നിക്ഷിപ്തമാകുകയാണ്. പുതിയ വിദ്യാഭ്യാസ നയത്തിലൂടെ വിദ്യാഭ്യാസത്തിന്റെ പൂർണ്ണ നിയന്ത്രണവും നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്ര സർക്കാരിലെത്തുകയാണ്. വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഭരണകൂടത്തിന്റെ പിൻമാറ്റം ഈ നയം വിഭാവന ചെയ്യുന്നുണ്ട്. കോളേജുകളുടെ അഫിലിയേഷൻ അവസാനിപ്പിക്കാനുള്ള ശ്രമം അതിനുള്ള ഒരു മാർഗ്ഗമാണ്.

കോളേജുകളുടെ മുന്നിൽ ഈ നയം മൂന്ന് ഉപാധികളാണ് മുന്നോട്ടുവയ്ക്കുന്നത്. ഒന്ന്, സ്വയംഭരണ സ്ഥാപനമായി കോളേജുകൾ മാറുക. രണ്ട്, സർവ്വകലാശാലകളുടെ ഭാഗമാകുക. അതുമല്ലെങ്കിൽ മൂന്നാമത്, സർവ്വകലാശാല തന്നെയായി മാറുകയെന്നാണ് പറയുന്നത്. നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിലെ സ്ഥാപനങ്ങൾ പരിശോധിച്ചാൽ, ഇരുപത് വർഷങ്ങൾക്കുള്ളിൽ ബഹുഭൂരിപക്ഷം വരുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ടിവരികയോ ഇല്ലാതാകാൻ പോകുകയോ ചെയ്യുമെന്നതാണ് വസ്തുത. നമ്മുടെ കോളേജുകളിൽ മഹാഭൂരിപക്ഷവും നിലവാരം കുറഞ്ഞതാണ്. കുടിപ്പള്ളിക്കൂടത്തിന്റെ നിലവാരംപോലുമില്ലാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ട്. എങ്ങനെ ഇത്തരം സ്ഥാപനങ്ങൾ സ്വന്തം കാലിൽനിന്ന് പ്രവർത്തിക്കും? എങ്ങനെ ഇവ സർവ്വകലാശാലയാകും? ഇവിടെയാണ് ഇതിന്റെ മറ്റൊരു അജണ്ട കാണുന്നത്. ഈ നയം വരുന്നതോടെ കോർപ്പറേറ്റുകളും വിദേശ സർവ്വകലാശാലകളും നമ്മുടെ വിദ്യാഭ്യാസ രംഗത്ത് സജീവമാകും. വിപണി താൽപ്പര്യത്തിനനുസരിച്ച് കോഴ്സുകളുണ്ടാകും. ഫീസ് നിർണ്ണയിക്കാനും അദ്ധ്യാപകരുടെ ശമ്പളം നിർണ്ണയിക്കാനും സ്ഥാപന ഉടമകൾക്ക് അധികാരം ലഭിക്കുന്നതോടുകൂടി നമ്മുടെ രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല പൂർണ്ണമായി കച്ചവടമായി മാറും. സർക്കാർ സ്ഥാപനത്തിലെ പല കോഴ്സുകളും ഏറ്റെടുത്ത് നടത്താൻ സ്വകാര്യ ഏജൻസികൾക്ക് അവസരമൊരുക്കുമെന്ന് ഈ നയത്തിൽത്തന്നെ കൃത്യമായി പറയുന്നുണ്ട്. എത്ര അപകടകരമായ തീരുമാനമാണ് ഇതിലൂടെ കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നത്? അതോടൊപ്പം നമ്മുടെ രാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് സംവരണഘടന ഉറപ്പുനൽകുന്നുണ്ട്. സമയ പരിമിതിമൂലം അതിന്റെ മറ്റ് കണക്കുകൾ ഞാൻ പറയുന്നില്ല. പക്ഷെ ഈ നയത്തിൽ ഒരിടത്തും സംവരണത്തെക്കുറിച്ച് ഒരക്ഷരംപോലും പറയാൻ കേന്ദ്ര ഗവൺമെന്റ്

തയ്യാറാകുന്നില്ല. യു.ജി.സി. എന്ന ഒരു സംവിധാനത്തെത്തന്നെ ഇല്ലാതാക്കുകയാണ്. നിലവിൽ ഹയർ എഡ്യൂക്കേഷൻ ഗ്രാന്റ് കമ്മീഷനാണ് വരാൻ പോകുന്നത്. ഈ കമ്മീഷന്റെ നിലവാരം മാത്രമാണ് നോക്കുന്നത്. ഗ്രാന്റ് അനുവദിക്കാതെ എങ്ങനെയാണ് ഒരു സ്ഥാപനത്തെ മുന്നോട്ടുകൊണ്ടുപോകാനും അതിന്റെ നിലവാരം ഉയർത്താനും സാധിക്കുക? 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്, ഒരു ഭാഷ, ഒരു റേഷൻ കാർഡ്' അതാണ് നരേന്ദ്ര മോദി സർക്കാരിന്റെ മുദ്രാവാക്യം. അത് രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽക്കൂടി കൊണ്ടുവരാൻ പോകുന്നു. പാഠ്യപദ്ധതി/കരിക്കുലം അവർ തന്നെ തീരുമാനിക്കുന്നു. സർവ്വകലാശാലകൾക്ക് സിലബസ്സും മറ്റ് കാര്യങ്ങളും തീരുമാനിക്കാനുള്ള അവകാശമില്ലാതാകുന്നു. ദേശീയ ശാസ്ത്ര കോൺഗ്രസ് പോലെയുള്ള വേദികളിൽ മിത്തുകളും ഐതിഹ്യങ്ങളും പുരാണങ്ങളും ശാസ്ത്ര പുരോഗതിക്കായി അവതരിപ്പിക്കാൻ മടികാണിക്കാത്തവരാണ് കേന്ദ്രം ഭരിക്കുന്നത്. ഹിന്ദു രാഷ്ട്രീയവാദമെന്ന് പറയുന്നതുപോലെ ഹിന്ദുത്വ വിദ്യാഭ്യാസ നയവും ഹിന്ദുത്വ സാംസ്കാരിക നയവും കൊണ്ടുവരാനാണ് കേന്ദ്രം ഇതിലൂടെ ശ്രമിക്കുന്നത്. ഇപ്പോൾ സർവ്വകലാശാലകളുടെ സിലബസ്സും സ്കീമുകളും വ്യത്യാസമാണ്. എന്തുകൊണ്ടാണ് വ്യത്യസ്തത വന്നതെന്ന് നമുക്കെല്ലാം തന്നെ അറിയാം. സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും വൈവിധ്യം അറിവിന്റെ മേഖലകളിൽ പ്രതിഫലിപ്പിക്കുന്നതിനുവേണ്ടിയാണ് യൂണിവേഴ്സിറ്റികളിൽ സിലബസ്സുകൾ തയ്യാറാക്കുന്നത്. എന്നാൽ ഇത് നഷ്ടപ്പെടുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. എം. വിജിൻ:</u> സർ, ഞാൻ വിശദീകരിക്കുന്നില്ല. ദേശീയ മെന്റർ മിഷൻ സ്ഥാപിക്കുന്നു. അതിലൂടെ സംഘപരിവാർ ശക്തികൾ വിദ്യാഭ്യാസ മേഖലകളിലേയ്ക്ക് കടന്നുവരാനുള്ള ശ്രമമാണ് നടത്തുന്നത്. പ്രൊഫ. പ്രഭാത് പട്നായിക് ഡിഗ്രി നാല് വർഷമാക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഡിഗ്രിയിൽ ഗവേഷണംകൂടി കൊണ്ടുവരണമെന്നാണ് പറയുന്നത്. പക്ഷെ എന്തുകൊണ്ട് നാല് വർഷമാക്കുന്നുവെന്ന് വ്യക്തമാക്കുന്നില്ല. ഡിഗ്രി നാല് വർഷമാക്കുമ്പോൾ ഒന്നാം വർഷം കൊഴിഞ്ഞുപോയാലും രണ്ടാം വർഷം കൊഴിഞ്ഞുപോയാലും ഡിപ്ലോമ സർട്ടിഫിക്കറ്റും മറ്റും വിതരണം ചെയ്യുമെന്നാണ് ഇതിൽ പറയുന്നത്. ഡിഗ്രി പൂർത്തീകരിക്കണമെന്നുപോലും ഈ നയത്തിൽ പറയുന്നില്ല. പകുതിയിൽവച്ച് പഠനം അവസാനിപ്പിക്കണമെന്നാണ് ഇത് വായിച്ചെടുത്താൽ നമുക്ക് മനസ്സിലാകുകയെന്ന് പ്രൊഫ. പ്രഭാത് പട്നായിക് അദ്ദേഹത്തിന്റെ ലേഖനത്തിൽ പറയുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. മറ്റ് പ്രമേയങ്ങളുമുണ്ട്.

ശ്രീ. എം. വിജിൻ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. ജി.ഡി.പി.-യുടെ ആറ് ശതമാനം ചെലവഴിക്കാൻ കേന്ദ്രവും സംസ്ഥാനവും വിഹിതം വഹിക്കണമെന്നാണ് പറയുന്നത്. ഇതെന്ത് പരിഹാസ്യമായ രീതിയാണ്? സിലബസ്സ് ഞങ്ങൾ തീരുമാനിക്കും, ഞങ്ങളിൽ കേന്ദ്രീകരിക്കും, എല്ലാം ഞങ്ങൾ ചെയ്യും, പക്ഷെ പണം സംസ്ഥാന സർക്കാർ നൽകണമെന്നതിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. പൊതുലിസ്റ്റിൽപ്പെടുന്ന വിദ്യാഭ്യാസ നയം രൂപീകരിക്കാൻ സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും ചർച്ച ചെയ്ത് പോകണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണം, വരേണ്യവത്കരണം, വാണിജ്യവത്കരണം, വർഗ്ഗീയവത്കരണം ഇതാണ് പുതിയ വിദ്യാഭ്യാസ നയത്തിന്റെ അടിത്തറ. മഹത്തായ പാരമ്പര്യമുള്ള രാജ്യത്തിന്റെ വിദ്യാഭ്യാസ രംഗത്തെ തകർക്കുന്ന, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുന്ന ദേശീയ വിദ്യാഭ്യാസ നയം പിൻവലിച്ച് വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ രാഷ്ട്രതാൽപ്പര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

(ഭേദഗതി നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സഭയിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതികളൊന്നും അവതരിപ്പിച്ചില്ല.)

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെ എതിർത്തുകൊണ്ട് ബഹുമാനപ്പെട്ട കല്ല്യാശ്ശേരി അംഗം അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. യഥാർത്ഥത്തിൽ അക്കാഡമിക് സർവ്വാധിപത്യത്തിന്റെ ഉയർന്ന രൂപമാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം. ഈ രാജ്യത്ത് സംഘപരിവാർ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലം മുതൽ രാജ്യത്തിന്റെ എല്ലാ ജനാധിപത്യമൂല്യങ്ങളെയും അട്ടിമറിച്ചുകൊണ്ടാണ് ഇവിടെ നയം നിയമമായി മാറിക്കൊണ്ടിരിക്കുന്നത്. 1976-ലെ നിയമ ഭേദഗതിയിലൂടെ വിദ്യാഭ്യാസ മേഖലയെ കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ശ്രീ. നരേന്ദ്ര മോദിയുടെ ഭരണകാലത്ത് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാഭ്യാസ മേഖലയിലെ തീരുമാനങ്ങൾ കൈക്കൊള്ളുന്ന സന്ദർഭത്തിൽ സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകളുടെ അഭിപ്രായ സമന്വയത്തോടുകൂടിയല്ല കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത്. ഇത് ആർ.എസ്.എസ്.-ന്റെ അജണ്ടയാണ്. ഒന്നാം

നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്ന ഘട്ടം മുതലാണ് നാം അനുവർത്തിച്ചുപോന്ന എല്ലാ ജനാധിപത്യമൂല്യങ്ങളെയും തകർത്തുകൊണ്ട് രാജ്യത്തെ മുന്നോട്ടുനയിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തെതന്നെ മാറ്റിയെഴുതുകയെന്നതാണ് ആർ.എസ്.എസ്. അധികാരത്തിൽ വന്നപ്പോൾ ആദ്യം നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി ചരിത്ര ഗവേഷണ കൗൺസിലിനെ പിരിച്ചുവിട്ട് പ്രൊഫ. യെല്ലപ്രഗദ സുദർശൻ റാവു (Prof. Yellapragada Sudershan Rao)-നെപ്പോലെ ചരിത്ര ഗവേഷണ കൗൺസിലിന്റെ തലപ്പത്തിരുന്ന ആളിനെ മാറ്റി ആർ.എസ്.എസ്.-ന്റെ പ്രചാരകരെ നിയമിക്കാൻ സംഘപരിവാറിന്റെ നേതൃത്വവും ബി.ജെ.പി. ഗവൺമെന്റും തയ്യാറായി. അതിന്റെ ഭാഗമായാണ് ഇന്ത്യയുടെ ചരിത്രം മാറുന്നത്. ഇന്ത്യയുടെ ചരിത്രം മാറ്റിയെഴുതുകയാണ്. സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെയും വലിയ സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയുമെല്ലാം ചരിത്രമാണ് രാജ്യത്തിന്റെ ചരിത്രമെന്നാണ് നാം പഠിച്ചിട്ടുള്ളത്. മഹാത്മാഗാന്ധി, ഡോ. ബി. ആർ. അംബേദ്കർ എന്നിവരെപ്പോലെയുള്ള മഹാരഥന്മാരായ രാജ്യത്തിന്റെ ശില്പികളായി നാം അംഗീകരിക്കുന്ന വ്യക്തികളുടെ ചരിത്രത്തെയെല്ലാം മാറ്റിക്കൊണ്ട് രാജ്യത്തിന്റെ ചരിത്രം കേവലം ചില മതങ്ങളുടെ പൗരാണികമായ ചരിത്രം മാത്രമാക്കി ചുരുക്കിയെഴുതുകയാണ് ചരിത്ര ഗവേഷണ കൗൺസിലിലൂടെ ആർ.എസ്.എസ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയ്ക്കകത്ത് കേന്ദ്രീകൃതമായി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമാകുന്ന വിധത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ മേഖലയെ വിഭാവന ചെയ്യുകയെന്നുള്ളതാണ് പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അവർ നടപ്പിലാക്കുന്നത്. നമ്മുടെ രാജ്യം എല്ലാത്തരത്തിലും വിവിധങ്ങളായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നവരുടേതാണ്. നമ്മുടെ രാജ്യം ബഹുസ്വരതയുടേതാണ്. ശരിയായ രീതിയിൽ കാര്യങ്ങൾ വിശകലനം ചെയ്ത് സ്വതന്ത്രമായ അഭിപ്രായം പറയാനുള്ള അവകാശങ്ങൾ ഓരോ പൗരനുമുള്ള രാജ്യമാണ് നമ്മുടേത്. എന്നാൽ ആ രാജ്യത്തിനകത്ത് കേന്ദ്ര സർക്കാർ തീരുമാനിക്കുന്നതുപ്രകാരം എല്ലാ കാര്യങ്ങളും നടക്കണമെന്നുള്ള തീരുമാനങ്ങളും ഇടപെടലുകളും നടത്തിക്കൊണ്ടാണ് ആർ.എസ്.എസ്.-ന്റെ ഗവൺമെന്റ് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നത്. വർഷങ്ങൾക്കുശേഷമുള്ള ഇന്ത്യ എങ്ങനെയായിരിക്കണമെന്നാണ് ആർ.എസ്.എസ്. വിഭാവന ചെയ്യുന്നത്. വിദ്യാഭാരതിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ മേഖലയെ മാറ്റുന്നു. ആർ.എസ്.എസ്. നിശ്ചയിക്കുന്ന അജണ്ടയനുസരിച്ച് വിദ്യാർത്ഥികൾ പഠിക്കണമെന്ന സ്ഥിതിയിലേയ്ക്ക് നമ്മുടെ രാജ്യം മാറിക്കൊണ്ടിരിക്കുകയാണ്. പുതിയ വിദ്യാഭ്യാസ നയത്തിലൂടെ അവർ ആവിഷ്കരിക്കുന്ന വിദ്യാഭ്യാസ നയം രാജ്യത്തിന്റെ മണ്ണിൽ അടിച്ചേൽപ്പിക്കുക

എന്ന നിലയിലേയ്ക്കുള്ള ഇടപെടലുകളാണ് ആർ.എസ്.എസ്-ന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പുതിയ വിദ്യാഭ്യാസ നയം വർണ്ണക്കടലാസിൽ പൊതിഞ്ഞ വിഷമാണ്. കാണുമ്പോൾ ആകർഷണീയമെന്ന് തോന്നും എന്നാൽ അപകടം പതിയിരിക്കുന്നതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ വിദ്യാഭ്യാസ നയമാണ് ഇന്നിവിടെ വിഭാവന ചെയ്യപ്പെട്ട പുതിയ ദേശീയ വിദ്യാഭ്യാസ നയം. ഇത് അംഗീകരിക്കപ്പെടുന്നത് ഒരു തരത്തിലുമുള്ള ജനാധിപത്യപരമായ ചർച്ചകളുമില്ലാതെയാണ്. രാജ്യസഭയിലോ ലോക്സഭയിലോ ചർച്ചകളോ അഭിപ്രായ സമന്വയങ്ങളോ വിശകലനങ്ങളോ വാദ പ്രതിവാദങ്ങളോ ഇല്ലാതെ, ഈ രാജ്യത്തിന്റെ ജനാധിപത്യ വേദികളിലെ കാര്യക്ഷമമായ ചർച്ചയ്ക്ക് വിധേയമാക്കാതെ അംഗീകരിക്കപ്പെടുന്ന വിധത്തിലേയ്ക്കാണ് പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കപ്പെടുന്നത്. ഇത് തീർച്ചയായും വലിയ അപകടം നമ്മുടെ രാജ്യത്ത് സൃഷ്ടിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. 65 പേജുകളുള്ള പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഡ്രാഫ്റ്റിൽ, ഇന്ത്യൻ വിദ്യാഭ്യാസ മേഖലയെ അടിമുടി മാറ്റിമറിക്കുകയാണ്. ഇന്ത്യൻ വിദ്യാഭ്യാസ മേഖല ആർജ്ജിച്ചെടുത്ത എല്ലാ മൂല്യങ്ങളെയും തകർക്കുന്നതാണ് പുതിയ നയമെന്നുള്ളത് നമുക്കെല്ലാവർക്കും അറിവുള്ളതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, വിദ്യാഭ്യാസമെന്നത് തൊഴിൽ മാത്രമല്ല അതിനപ്പുറം അത് ഉൾക്കൊള്ളുന്ന മറ്റനേകം തലങ്ങളുണ്ട്. ശാസ്ത്രീയ ജനാധിപത്യ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ മനസ്സിലുണ്ട്. നമ്മൾ ഉൾക്കൊണ്ടിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ രീതി അതായിരുന്നു. അതിന്റെ വിദൂര സാധ്യതകളെപ്പോലും ഇല്ലാതാക്കിക്കൊണ്ടാണ് പുതിയ വിദ്യാഭ്യാസനയം മുന്നോട്ടുപോകുന്നത്. ആർ.എസ്.എസ്.-ന്റെ അജണ്ടയോടൊപ്പം കൂട്ടിവായിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം വേൾഡ് ബാങ്കിന്റെ വലിയൊരു ഇടപെടൽ ഇക്കാര്യത്തിലുണ്ടെന്നതാണ്. ഡി.പി.ഇ.പി., സർവ്വശിക്ഷാ അഭിയാൻ, ഇപ്പോൾ നടപ്പിലാക്കാൻ പോകുന്ന സമഗ്രമായ വിദ്യാഭ്യാസ സമ്പ്രദായം ഇതിലെല്ലാം വേൾഡ് ബാങ്കിന്റെ ഇടപെടലുണ്ട്. വേൾഡ് ബാങ്ക് ഉൾപ്പെടെയുള്ള ഏജൻസികളുടെ ഇടപെടലിൽ, നമ്മൾ അനുവർത്തിച്ച സാമൂഹ്യപരമായ നിരവധി നല്ല ചിന്തകളെയും വിദ്യാഭ്യാസത്തിന്റെ നല്ല കാഴ്ചപ്പാടുകളെയും ബോധപൂർവ്വം ഇല്ലാതാക്കിക്കൊണ്ട് തൊഴിലധിഷ്ഠിത സമ്പ്രദായത്തിന്റെ മാത്രം മേലങ്കിയിട്ടുകൊണ്ട്, സാർവ്വത്രിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നന്മകളെ പൂർണ്ണമായി തിരസ്കരിക്കാനും തമസ്കരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമം ഈ നയത്തിന്റെ ഒരു ഭാഗമല്ലേ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, തീർച്ചയായും അങ്ങ് പറഞ്ഞത് ശരിയാണ്. വിദ്യാഭ്യാസത്തിന്റെ വൈവിധ്യത്തെയും ശാസ്ത്രീയതയേയും തകർക്കുന്നതിനാണ് പുതിയ വിദ്യാഭ്യാസനയം ലക്ഷ്യമിടുന്നത്. ഈ നയം നടപ്പിലാകുമ്പോൾ വിദ്യാഭ്യാസ മേഖലയിലെ സമ്പൂർണ്ണമായ കാവിവത്കരണം യാഥാർത്ഥ്യമാകും. വിദ്യാഭ്യാസമേഖലയിൽ സമ്പൂർണ്ണമായ വാണിജ്യവത്കരണം നടപ്പിലാക്കുന്ന വിധത്തിലാണ് ഈ നയം രൂപീകരിച്ചിട്ടുള്ളത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന 85 ശതമാനം വരുന്നവരെ വിദ്യാഭ്യാസ മണ്ഡലത്തിൽനിന്നും പൂർണ്ണമായും മാറ്റുന്നതാണ് പുതിയ വിദ്യാഭ്യാസ നയം. ഇനിയുള്ള നാളുകളിൽ ആദിവാസി-ദളിത്-പിന്നോക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസമെന്നത് വെറും സ്വപ്നമായി അവശേഷിക്കുന്ന സാഹചര്യത്തിലേയ്ക്ക് ഈ വിദ്യാഭ്യാസ നയം വഴിതെളിക്കുന്നു. ഈ നയത്തിലൂടെ സ്കൂൾ സമുച്ചയങ്ങൾ എന്ന നിലയിലുള്ള ആശയം ഉയർന്നുവരികയാണ്. ഗ്രാമീണ സ്കൂളുകൾ ഇല്ലാതാകുകയും അർബൻ മേഖലകളിലെ സ്കൂൾ സമുച്ചയങ്ങളിലേയ്ക്ക് വിദ്യാഭ്യാസ മേഖല മാറുകയും ചെയ്യും. ഗ്രാമഗ്രാമാന്തരങ്ങളിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും കർഷകത്തൊഴിലാളികളുടെയും മക്കൾ ആശ്രയിച്ചിരുന്ന ഗ്രാമീണ സ്കൂളുകൾ അടച്ചുപൂട്ടപ്പെടുകയും നഗരകേന്ദ്രങ്ങളിലെ സ്കൂൾ സമുച്ചയങ്ങളിലേയ്ക്ക് പൊതുവിദ്യാഭ്യാസം കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് പുതിയ വിദ്യാഭ്യാസ നയം നമ്മളെ എത്തിക്കുകയാണ്. ജോലിക്കാരെ സൃഷ്ടിക്കാനുള്ള വിദ്യാഭ്യാസ നയമാണിത്. പ്രാഥമിക വിദ്യാഭ്യാസ കാലത്ത് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകി ജോലിക്കാരാക്കി മാറ്റുകയെന്നുള്ള ലക്ഷ്യത്തോടെയാണ് ഈ വിദ്യാഭ്യാസ നയം മുന്നോട്ടുപോകുന്നത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ ആരും എതിർക്കുന്നില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമെന്നത് തൊഴിലിനുവേണ്ടി മാത്രമാണ് വിദ്യാഭ്യാസം എന്ന നിലയിലല്ല നാം ഉദ്ദേശിക്കുന്നത്. ബാലവേല നിരോധന നിയമം ഉൾപ്പെടെ നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത്, ജോലിക്കാരെ സൃഷ്ടിക്കുക, തൊഴിലെന്ന ലക്ഷ്യത്തോടുകൂടി മാത്രം വിദ്യാഭ്യാസത്തെ നോക്കിക്കാണുകയെന്നത് യഥാർത്ഥത്തിൽ നമുക്ക് അംഗീകരിക്കാൻ കഴിയുന്നതല്ല. വിദ്യാഭ്യാസ മേഖലയിൽ വിശാലമായ തലത്തിൽ/ആഴത്തിൽ നാം ആഗ്രഹിക്കുന്ന വിധത്തിലേയ്ക്ക് വിദ്യാഭ്യാസ രംഗത്തിന്റെ പരമോന്നതമായ ഘട്ടങ്ങളിലേയ്ക്കെല്ലാം പഠനത്തിലൂടെ മുന്നേറാൻ സാധിക്കുന്ന സ്ഥിതിയാണ് രാജ്യത്തുണ്ടാകേണ്ടത്. വിദ്യാഭ്യാസം ലക്ഷ്യമിടുന്നത് കേവലം ജോലി ലഭിക്കുകയെന്നതിന് മാത്രമല്ലെന്ന കാര്യം ഈ ഘട്ടത്തിൽ പ്രത്യേകമായി ഓർക്കേണ്ടതുണ്ട്. വ്യാജ സർവ്വകലാശാലകൾ ഉയർന്നു വരുന്നു. സർവ്വകലാശാലകളെന്ന മഹത്തായ സങ്കല്പവും സർവ്വകലാശാലകളിൽ ജനാധിപത്യ വേദികളും ഇല്ലാതാകുന്നു. സർവ്വകലാശാലയുടെ ജനാധിപത്യ

സ്വഭാവം തകർക്കപ്പെടുന്നു. സ്ഥിര അദ്ധ്യാപകരില്ലാത്ത താല്ക്കാലികമായ/ കോൺട്രാക്ട് വ്യവസ്ഥയിലുള്ള അദ്ധ്യാപകരുള്ള വിദ്യാഭ്യാസ സമ്പ്രദായമായി, ഈ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖല രൂപപ്പെട്ടുവരുന്നു. ഈ നയം നടപ്പിലാകുന്നതോടെ ഇന്ത്യയാകെ മാറുകയാണ്. ശരിയായ മാറ്റത്തിലേയ്ക്കല്ല, തെറ്റായ അപകടം നിറഞ്ഞ സാഹചര്യങ്ങളിലേയ്ക്കാണ് ഇന്ത്യ മാറുന്നത്. രാജ്യം അപകടം നിറഞ്ഞ സാഹചര്യങ്ങളിലേയ്ക്ക് മാറുമ്പോൾ രാജ്യത്തെ എട്ട് കോടിയോളം വരുന്ന യുവാക്കൾക്ക് വിദ്യാഭ്യാസം നിഷേധിക്കുന്ന രാജ്യമായി നമ്മുടെ രാജ്യം മാറുന്നുവെന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണമായ സ്വകാര്യവത്കരണവും വാണിജ്യവത്കരണവും നടപ്പിലാക്കുന്ന രാജ്യമായി നമ്മുടെ രാജ്യം മാറുന്നുവെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. ഈ വിദ്യാഭ്യാസ നയം നടപ്പിലാകുന്ന ഘട്ടംമുതൽ വിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായി വർഗ്ഗീയവത്കരിക്കുന്ന രാജ്യമായി നമ്മുടെ രാജ്യം മാറിക്കൊണ്ടിരിക്കും. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഇ-ഗ്രാന്റുകളും ഫെലോഷിപ്പുകളും വെട്ടിക്കുറയ്ക്കുന്ന രാജ്യമായി നമ്മുടെ രാജ്യം മാറിക്കൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ സംബന്ധിയായ എല്ലാ കൗൺസിലുകളും ഇല്ലാതാക്കുകയും പിരിച്ചുവിടുകയും ചെയ്യുന്നു. ജനാധിപത്യ സ്വഭാവത്തിലുള്ള ഒരു പ്രവർത്തനവുമില്ലാത്ത വിദ്യാഭ്യാസ മേഖലയെ വിഭാവന ചെയ്യുന്ന വിദ്യാഭ്യാസ രംഗമായി നമ്മുടെ രാജ്യത്തിന്റെ വിഭ്യാഭ്യാസ രംഗം മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ജി.ഡി.പി.യുടെ വെറും 0.62 ശതമാനം മാത്രമാണ് ഇപ്പോൾ വിദ്യാഭ്യാസ രംഗത്തിനുവേണ്ടി നീക്കിവയ്ക്കുന്നത്. ആ നിലയിൽ വിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായി തകർക്കുന്ന, നാം ആർജ്ജിച്ചുപോന്ന വിദ്യാഭ്യാസ മൂല്യങ്ങളെ തകർക്കുന്ന, വിദ്യാഭ്യാസ മേഖല സ്വകാര്യവത്കരിക്കുകയും കച്ചവടവത്കരിക്കുകയും വർഗ്ഗീയവത്കരിക്കുകയും ചെയ്യുന്ന തെറ്റായ നിലയിലേയ്ക്കുള്ള ഇടപെടലിലേയ്ക്കാണ് ഇന്ത്യൻ സാഹചര്യം ഇന്ന് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. 1857 മുതൽ നിലനിന്ന അഫിലിയേഷൻ സമ്പ്രദായം ഇല്ലാതാകുകയാണ്. സമ്പൂർണ്ണമായി തകിടം മറിയുന്ന വിദ്യാഭ്യാസ മേഖലയെ ശരിയായ വിധത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ, രാജ്യത്തിന്റെ ജനാധിപത്യ മനസ്സുള്ള വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ താല്പര്യമുള്ള എല്ലാവരും ഒറ്റക്കെട്ടായി അണിനിരക്കേണ്ട സാഹചര്യമാണ് രാജ്യത്ത് സംജാതമായിട്ടുള്ളത്. സർവ്വതലവും തകർക്കുന്ന വർഗ്ഗീയവത്കരണത്തിനും സ്വകാര്യവത്കരണത്തിനും ലക്ഷ്യം വയ്ക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെ എതിർത്തുകൊണ്ട് കല്ല്യാശ്ശേരി അംഗം ശ്രീ. എം. വിജിൻ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ച് നരേന്ദ്ര മോദി സർക്കാരിന്റെ കാഴ്ചപ്പാടുകൾ വിശദീകരിക്കുന്ന 'ദേശീയ വിദ്യാഭ്യാസ നയം 2020' എന്ന നയരേഖ ഇന്ത്യൻ സാമൂഹ്യ സാഹചര്യങ്ങളിൽ, വിശേഷിച്ച് കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ സൃഷ്ടിക്കാനിടയുള്ള പ്രതിഫലനങ്ങളെക്കുറിച്ച് ജെ.എൻ.യു. അദ്ധ്യാപകനും വിദ്യാഭ്യാസ വിചക്ഷണനും മുൻ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനുമായിരുന്ന പ്രൊഫസർ പ്രഭാത് പട്നായിക് അദ്ധ്യക്ഷനായിട്ടുള്ള പ്രത്യേക സമിതിയെ നിയോഗിച്ച് വിശദമായൊരു പഠനം കേരള സർക്കാർ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സംഘടനകളും വിദ്യാഭ്യാസ വിചക്ഷണരും ഈ രേഖ സംബന്ധിച്ച് നിരവധി പഠനങ്ങളും അഭിപ്രായ പ്രകടനങ്ങളും ഇതിനോടകം നടത്തിയിട്ടുണ്ട്. ഈ രേഖ നടപ്പിലായാൽ സൃഷ്ടിക്കാനിടയുള്ള ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഇതിനകം വിപുലമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കേരളം പോലെ വിദ്യാഭ്യാസ മേഖലയ്ക്ക് വിപുലമായ ജനാധിപത്യ ഉള്ളടക്കവും ജനകീയമായ പ്രവർത്തനശൈലിയുമുള്ള സംസ്ഥാനത്ത് പ്രസ്തുത നയരേഖയുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമായാൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങളുടെ ഗുണദോഷങ്ങൾ ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. ഈ വിദ്യാഭ്യാസ നയത്തിന്റെ കരട് സാമൂഹ്യ ചർച്ചകൾക്കുവേണ്ടി കേന്ദ്ര മാനവവിഭവ വികസന മന്ത്രാലയം പുറത്തുവിട്ടപ്പോൾ പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ സഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കിയിരുന്നു. ദേശീയ വിദ്യാഭ്യാസ നയം 2020 ഉണ്ടാക്കിയേക്കാവുന്ന പ്രതിലോമകരമായ ഫലങ്ങളെ സംബന്ധിച്ച് കേരളീയ സമൂഹത്തിലുണ്ടായ ആശങ്കകളും ഉത്കണ്ഠകളും ഇപ്പോഴും തുടരുകയാണ്. വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന ഒരു ദേശീയ നയരേഖ മുൻകാല വിദ്യാഭ്യാസ നയങ്ങളുടെ ജയപരാജയങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ട്, ഈ രംഗത്ത് സമകാലിക ആവശ്യങ്ങളെ ജനാധിപത്യപരമായ അഭിലാഷങ്ങളുടേയും ഭരണഘടനാ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ അഭിസംബോധന ചെയ്യാനുതകുന്ന ദർശനവും നയസമീപനങ്ങളുമാണ് മുന്നോട്ടുവയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഒട്ടുംതന്നെ ജനാധിപത്യപരമല്ലാത്ത അസമത്വ ജഡിലവും ശ്രേണീകൃതവുമായ അധികാര ഘടന നിലനിന്നിരുന്ന, ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള ഭൂതകാലപ്പെരുമയിൽ അഭിരമിച്ചുകൊണ്ട് അത്തരമൊരു ഘടനയാണ് ഇന്ത്യൻ സമൂഹത്തിന് അഭികാമ്യമെന്ന നിലയിലാണ് ദേശീയ വിദ്യാഭ്യാസ നയം അതിന്റെ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്.

11.00 am]

വിദ്യാഭ്യാസ മേഖലയുടെ മൂലക്കല്ലുകളാകേണ്ട പ്രാപ്യത, തുല്യത, ഗുണമേന്മ എന്ന ത്രിത്വം ഒരു വിദ്യാഭ്യാസ നയരേഖയിലൂടെ കേന്ദ്രത്തിലുണ്ടാകേണ്ടതാണ്. എന്നാൽ, പ്രാപ്യതയും തുല്യതയും സാമൂഹ്യനീതിയും സംബന്ധിച്ച ആലോചനകൾ ഈ നയരേഖയിൽ പ്രകടമായ വിധത്തിൽ പരാമർശിക്കപ്പെട്ടില്ലെന്നത് അങ്ങേയറ്റം ആശങ്കാജനകമാണ്. അമിതമായ കേന്ദ്രീകരണ പരിശ്രമങ്ങളിലൂടെ വിദ്യാഭ്യാസരംഗത്ത് വാണിജ്യവത്കരണം, വരേണ്യവത്കരണം, വർഗ്ഗീയവത്കരണം എന്നീ പ്രതിലോമ പ്രവണതകൾ ശക്തിപ്പെടുത്താനാണ് ഈ നയരേഖ ലക്ഷ്യം വയ്ക്കുന്നത്. അത് തീർത്തും നിർഭാഗ്യകരവും നിരാശാജനകവുമാണ്. മാത്രമല്ല, മതനിരപേക്ഷതയെന്ന ഭരണഘടനാ മൂല്യത്തെ സംബന്ധിച്ച് ഈ നയരേഖ തീർത്തും മൗനം പാലിക്കുന്നുവെന്നത് അത്യന്തം അപലപനീയമാണ്. ഇന്ത്യയുടെ സാംസ്കാരിക സമൃദ്ധ വൈജാത്യങ്ങളെയും വൈവിദ്ധ്യങ്ങളെയും ഈ നയരേഖ അവഗണിക്കുകയാണ്. ബഹുസ്വരതയേയും വ്യത്യസ്തകളെയും കുറിച്ച് അജ്ഞത നടിക്കുകയാണ്. ദേശീയത സംബന്ധിച്ച വികല വ്യാഖ്യാനങ്ങളാണ് ഈ നയത്തിന്റെ അന്തർധാരയായി പ്രവർത്തിക്കുന്നത്. രാജ്യത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് വിഘാതമാകുന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും ഈ നയരേഖയ്ക്ക് കഴിഞ്ഞിട്ടില്ല. സ്വാശ്രയ സ്ഥാപനങ്ങളുടെ വരവോടെ വിദ്യാഭ്യാസത്തിന് ചെലവേറുകയും നേരത്തെ വിഭാവന ചെയ്തിട്ടുള്ള നിർബന്ധിത വിദ്യാഭ്യാസ ലക്ഷ്യത്തിലെത്താൻ കഴിയാതെ കുട്ടികൾ കൊഴിഞ്ഞുപോകുന്ന പ്രശ്നം രൂക്ഷമാകുകയുമാണ്. വിജ്ഞാന വിരുദ്ധ മനോഭാവത്തിനും വിഭാഗീയതയ്ക്കും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളുടെ അടിച്ചമർത്തലിനും സാന്ദ്രതയേറി വരുന്ന രാജ്യത്തെ സമകാലിക രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലത്തിൽ ശാസ്ത്രീയ മനോഭാവവും പൗരബോധവും ക്ഷയിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. 2035-ഓടെ ഉന്നത വിദ്യാഭ്യാസരംഗത്ത് മാത്രം Gross Enrolment Ratio 50 ശതമാനമാക്കണമെന്ന് നിർദ്ദേശിക്കുന്ന ഈ നയരേഖയിൽ ഇതിനായി പൊതുഖജനാവിൽനിന്ന് പണം ചെലവഴിക്കണമെന്ന് പറയുന്നതേയില്ല. വിദ്യാഭ്യാസത്തെ വിപണിയുടെ ദയാദാക്ഷിണ്യത്തിന് എറിഞ്ഞുകൊടുത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉദാത്ത ലക്ഷ്യങ്ങളോടെയുള്ള സ്വകാര്യ നിക്ഷേപങ്ങളുണ്ടാകുമെന്ന വിഫല പ്രതീക്ഷ മുന്നോട്ടുവയ്ക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. അഫിലിയേറ്റിംഗ് സർവ്വകലാശാലകൾ പാടില്ലെന്ന നിർദ്ദേശവും അപകടം പിടിച്ചതാണ്. ഈ നിർദ്ദേശം നടപ്പായാൽ ധനവിഭവവും മനുഷ്യവിഭവവും പങ്കുവയ്ക്കാനുള്ള സാധ്യതകളാണ് ഇല്ലാതാകുന്നത്.

സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങൾക്കും ഗ്രാമീണ ജനതയ്ക്കും വിദൂര പ്രദേശ നിവാസികൾക്കും ഉന്നതവിദ്യാഭ്യാസം അപ്രാപ്യമാകുകയും ചെയ്യും. വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ഭരണഘടന വിഭാവന ചെയ്തിട്ടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ അധികാരത്തിന് പുല്ലുവിലയാണ് കരട് രേഖയിൽ നൽകിയിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ ഭരണഘടന ഉറപ്പാക്കിയിരിക്കുന്ന അധികാരങ്ങളും പ്രാമുഖ്യവും കവർന്നെടുക്കാനും കേന്ദ്രത്തിന് സർവ്വ അധികാരങ്ങളും ചാർത്തിനൽകാനുമുള്ള ശ്രമങ്ങൾ നയരേഖയിലുടനീളം കാണാം. സാമൂഹ്യനീതി, പ്രാപ്യത, ജനാധിപത്യക്രമങ്ങൾ തുടങ്ങിയ വിദ്യാഭ്യാസ സങ്കൽപ്പങ്ങൾ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് ഈ രേഖയിൽ കാണാൻ കഴിയുന്നത്. കാലിക പ്രസക്തിയില്ലാത്ത വേദവിശ്വാസ സംഹിതയുമായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തെ കൂട്ടിക്കെട്ടി വിമർശന വിചാരം, സ്വാതന്ത്ര്യ ചിന്ത, ഭരണഘടനാ തത്വങ്ങൾ തുടങ്ങിയവയെ തളർത്തിയിടാനുള്ള ആസൂത്രിത ശ്രമവും ദർശിക്കാൻ കഴിയും. വേദകാല പൗരാണികതയിലും ചില പുരാണഗ്രന്ഥങ്ങളിലും അഭിരമിച്ചുകൊണ്ട് രാജ്യത്തിന്റെ സാംസ്കാരിക വൈവിദ്ധ്യത്തെയും വൈജ്ഞാനിക പരിണാമ ചരിത്രത്തെയും അവഗണിക്കാനുള്ള തത്രപ്പാടും സുവ്യക്തമാണ്. ഗവേഷണ വിഷയങ്ങളും പ്രോജക്ടുകളും കണ്ടെത്താനും അംഗീകരിക്കാനും ഫണ്ട് ചെയ്യാനുമുള്ള അധികാരം തികച്ചും കേന്ദ്രീകൃത സ്വഭാവമുള്ള നാഷണൽ റിസർച്ച് ഫൗണ്ടേഷന് മാത്രമായി പതിച്ചുനൽകിക്കൊണ്ട് ഭരണഘടന ഉറപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത സമീപനവും സമ്പ്രദായവും ഇല്ലായ്മ ചെയ്യാനാണ് മറ്റൊരു കുത്സിത ശ്രമം.

ദേശീയ വിദ്യാഭ്യാസ നയം 2020 ദേശീയ സാക്ഷരതാ മിഷന്റെ ജയപരാജയങ്ങൾ വിലയിരുത്തുകയോ സാക്ഷരതാ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിന് സ്ഥായിയായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതിക്കാവശ്യമായ വിഹിതം ബഡ്ജറ്റിൽ നീക്കിവയ്ക്കേണ്ടതിനെക്കുറിച്ച് പരാമർശമില്ല. പോഷകാഹാര ദൗർലഭ്യത്തെക്കുറിച്ച് നയരേഖ മൗനം പാലിക്കുന്നു. ത്രിഭാഷാ സമ്പ്രദായം പ്രൈമറി തലത്തിൽ നടപ്പാക്കാൻ തുടങ്ങിയാൽ അത് കുട്ടികളുടെ പഠനഭാരം വർദ്ധിപ്പിക്കും. സെക്കണ്ടറി തലത്തിൽ മാത്രമെ ത്രിഭാഷ രീതി ആരംഭിക്കാവൂ. പ്രൈമറി തലത്തിൽ പ്രാധാന്യം മാതൃഭാഷയ്ക്കായിരിക്കണം. സംസ്കൃതത്തിന് നൽകുന്ന അമിതപ്രാധാന്യവും ആശങ്കകൾ ഉളവാക്കുന്നു. സർക്കാർ സ്കൂളുകളുടെയും സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളുടെയും ശോച്യാവസ്ഥയെക്കുറിച്ച് നയരേഖ മൗനം പാലിക്കുകയാണ് ചെയ്തത്. പുതിയ വിദ്യാഭ്യാസ നയ സമീപനത്തിന്റെ സാമൂഹിക പ്രതിബദ്ധത ചോദ്യം ചെയ്യപ്പെടേണ്ടിയിരിക്കുന്നതിന്

ഉദാഹരണമാണിത്. ദരിദ്രരും ദുർബല ജനവിഭാഗങ്ങളും ആശ്രയിക്കുന്ന സർക്കാർ സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ ആസൂത്രിതമായ ശ്രമമുണ്ടാകില്ലെങ്കിൽ പ്രൈമറി/സെക്കണ്ടറി തലങ്ങളിൽ സമതയും പ്രാപ്യതയും എങ്ങനെയാണ് ഉറപ്പാക്കാൻ കഴിയുക? വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സെക്ഷൻ 12(C) ഭേദഗതി ചെയ്ത് പ്രതികൂല സാഹചര്യങ്ങളിലുള്ളവർക്ക് നൽകിയിട്ടുള്ള 25 ശതമാനം സംവരണം ഇല്ലാതാക്കാനുള്ള നീക്കം അപലപനീയമാണ്. പിന്നാക്കവിഭാഗങ്ങളിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നിഷേധിക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കാനാകില്ല. നയരേഖയിൽ പരാമർശിച്ചിട്ടുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സങ്കൽപ്പം ബോധപൂർവ്വം തെരഞ്ഞെടുക്കുന്ന ചില ആശയങ്ങൾക്ക് മാത്രം പ്രാമുഖ്യം നൽകുന്നതാണ്. ആധുനിക ജനാധിപത്യ മതേതര മൂല്യങ്ങൾ അവഗണിച്ചിരിക്കുന്നതായാണ് കാണുന്നത്. ഇന്ത്യൻ ഭരണഘടനയ്ക്കും ഭരണഘടനാദത്തമായ മൂല്യങ്ങൾക്കും ഈ നയരേഖയിലെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിൽ അവഗണന തന്നെയാണ്. ശാരീരികവും മാനസികവുമായ പരിമിതികൾ നേരിടുന്ന കുട്ടികളുടെയും കൗമാരക്കാരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നിരവധി കാര്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള Rights of Persons with Disabilities Act ദേശീയ വിദ്യാഭ്യാസ നയരേഖ തയ്യാറാക്കിയവർ കണക്കിലെടുത്തിട്ടുള്ളതായി കാണുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡറുകൾ തുടങ്ങിയ പാർശ്വവത്കൃത വിഭാഗങ്ങളുടെ പങ്കാളിത്തവും ശാക്തീകരണവും ഈ നയരേഖ സ്രഷ്ടാക്കൾക്ക് വിഷയമേ ആയിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നയരേഖയിലുൾപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങൾ പരിശോധിക്കുമ്പോൾ ഫെഡറൽ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ് കാണാൻ കഴിയുന്നത്. വികേന്ദ്രീകൃത സമീപനത്തിന് പ്രാമുഖ്യമുള്ള ഫെഡറൽ തത്വങ്ങളാണ് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നതെങ്കിൽ സർവ്വവും കേന്ദ്രീകൃതമാക്കാനുള്ള ഉൽക്കടമായ അഭിവാഞ്ഛയാണ് വിദ്യാഭ്യാസ നയരേഖയിൽ കാണാൻ കഴിയുന്നത്. വിദ്യാഭ്യാസ രംഗത്തെ പൊതുമുതൽമുടക്ക് വർദ്ധിപ്പിക്കണമെന്നും 2035-ഓടെ Gross Enrolment Ratio അൻപത് ശതമാനമാക്കണമെന്നും ഒഴുക്കൻമട്ടിൽ പറയുന്നുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ മുൻകാല വികല സമീപനങ്ങളുണ്ടാക്കിയിട്ടുള്ള ആഘാതങ്ങളെക്കുറിച്ച് മൗനം പാലിക്കുന്നു. തീരുമാനങ്ങൾ കൈക്കൊള്ളുന്ന കാര്യത്തിൽ അദ്ധ്യാപകർക്കും അക്കാദമിക സമൂഹത്തിനുമുള്ള പങ്ക് പരിമിതപ്പെടുത്തുന്ന ഈ നയരേഖ ജനാധിപത്യ സ്വഭാവമുള്ള സ്റ്റാറ്റ്യൂട്ടറി സമിതികൾക്ക് പകരം കോർപ്പറേറ്റ്

ശൈലിയിലുള്ള ബോർഡ് ഓഫ് ഗവർണേഴ്സ് എന്ന ഭരണ സംവിധാനമാണ് ശിപാർശ ചെയ്തിരിക്കുന്നത്. സമത, സാമൂഹ്യനീതി, അക്കാദമിക ഭദ്രത തുടങ്ങിയവയെ ഈ സമീപനം പ്രതികൂലമായി ബാധിക്കുന്നു. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും സമാനമായ പ്രവർത്തനമാണ് നടത്തിവരുന്നതെന്ന ലളിതയുക്തിയുടെ അടിസ്ഥാനത്തിൽ ഇവയ്ക്ക് ഒരേതരം നിയന്ത്രണ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, ജനാധിപത്യ അധിഷ്ഠിത ഭരണക്രമവും സാമൂഹ്യ പ്രതിബദ്ധതയും പ്രാദേശിക ആവശ്യങ്ങൾ കണ്ടറിഞ്ഞുള്ള പ്രവർത്തനവും ഉന്നതവിദ്യാഭ്യാസ രംഗത്തെ പൊതുസ്ഥാപനങ്ങളെ സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നു. സമത്വത്തിനും സാമൂഹിക നീതിക്കും പ്രാപ്യതയ്ക്കും പ്രാധാന്യം നൽകുന്ന നമ്മുടെ പൊതുസ്ഥാപനങ്ങളെയും സ്വകാര്യസ്ഥാപനങ്ങളെയും സ്വാശ്രയസ്ഥാപനങ്ങളെയും ഒരേ റെഗുലേറ്ററി മാനദണ്ഡങ്ങൾ പ്രകാരം നിയന്ത്രിക്കാനുള്ള രേഖയിലെ നീക്കം സ്വീകാര്യമല്ല. യു.ജി.സി.-ക്ക് പകരം ഉന്നതവിദ്യാഭ്യാസ കമ്മീഷനെ പ്രതിഷ്ഠിക്കുമ്പോൾ പല ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അസ്തിത്വം ഇല്ലാതാകുന്നു. പിന്നാക്ക പ്രദേശങ്ങളിലും വിദൂര ജില്ലകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പരിഗണനയുണ്ടാകണമെന്ന നിർദ്ദേശം രേഖയിലുണ്ട്. അസന്തുലിതമായ പ്രാദേശിക വികസനത്തിനുള്ള കാരണം ഭൗതികമായ അപ്രാപ്യത മാത്രമല്ലെന്നതാണ് വസ്തുത. മതം, ജാതി, വർഗ്ഗം, ലിംഗം, ശാരീരികമായ പരിമിതികൾ തുടങ്ങി നിരവധി ഘടകങ്ങളും പ്രാപ്യതയെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകങ്ങളാണ്. പ്രാപ്യതയെ മേൽഘടകങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് മനസ്സിലാക്കാൻ ഈ രേഖ ശ്രമിച്ചിട്ടില്ല. വിദ്യാർത്ഥി പ്രവേശനത്തെക്കുറിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിന് സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ പ്രാപ്യത പ്രശ്നത്തെക്കുറിച്ചും രേഖയിൽ പരാമർശമില്ല. ബഹുവൈജ്ഞാനിക സമ്മിശ്രരീതിയിൽ തങ്ങളുടെ പഠനമാർഗ്ഗങ്ങളും കോഴ്സുകളും തെരഞ്ഞെടുക്കാൻ അവസരം നൽകുന്ന ലിബറൽ ആർട്സ് സമീപനത്തിന്റെ ഭാഗമായി ആ സമ്പ്രദായം നടപ്പിലാക്കാനാവശ്യമായ അക്കാദമിക-സാംസ്കാരിക പരിസരം സജ്ജമാക്കിയാലേ പഠിതാക്കളുടെ കഴിവുകൾ പൂർണ്ണാർത്ഥത്തിൽ വികസിപ്പിച്ചെടുക്കാൻ കഴിയൂ. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ കെല്പുള്ള പൂർണ്ണമായും വികസിച്ച റെസിഡൻഷ്യൽ സർവ്വകലാശാലകളിൽ ഒരുപക്ഷെ ഈ സമ്പ്രദായം വിജയിക്കുന്നുണ്ടാകും. നമ്മുടെ രാജ്യത്തെ സർവ്വകലാശാലകളിലേയും കോളേജുകളിലേയും സ്ഥിതി ഇത്തരത്തിലുള്ളതല്ല. ലിബറൽ ആർട്സ് സമ്പ്രദായം പഠനത്തിന്റെ ഗൗരവവും

സത്തയും നഷ്ടപ്പെടുത്തുമെന്നും പകുതിവെന്ത ആശയങ്ങളുമായി വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്ന സ്ഥിതി സൃഷ്ടിക്കുമെന്നും ഭയപ്പെടുന്നു. അദ്ധ്യാപകരുടെയും ഗവേഷകരുടെയും സ്വയംഭരണാവകാശങ്ങൾ പരിമിതപ്പെടുത്താനും സ്ഥാപനങ്ങളെ ബ്യൂറോക്രാറ്റുകൾക്ക് പ്രാമുഖ്യവും മേൽക്കയ്യുമുള്ള ബോർഡ് ഓഫ് ഗവർണർമാരുടെയും ഇൻസ്റ്റിറ്റ്യൂഷണൽ ലീഡർമാരുടെയും ഭരണത്തിൻ കീഴിലാക്കാനുമാണ് രേഖയിലെ ശിപാർശ. തീരുമാനങ്ങൾ കൈക്കൊള്ളേണ്ട സമിതികളിലൊന്നും തന്നെ അദ്ധ്യാപക പ്രാതിനിധ്യം വിഭാവന ചെയ്യപ്പെട്ടിട്ടില്ല. കേന്ദ്രീകൃത സ്വഭാവമുള്ള നാഷണൽ റിസർച്ച് ഫൗണ്ടേഷൻ സ്ഥാപിച്ച് ഗവേഷണ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനുള്ള ശിപാർശ കരട് നയരേഖ മുന്നോട്ടുവയ്ക്കുന്നു. 'രാഷ്ട്രീയ ശിക്ഷാ ആയോഗ്'-ന്റെ കീഴിലുള്ള അപ്പെക്സ് ഏജൻസിയായിട്ടാണ് എൻ.ആർ.എഫ്. (നാഷണൽ റിസർച്ച് ഫൗണ്ടേഷൻ) വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്. മേഖലാ കൗൺസിലുകൾ വഴിയും വിഷയ നിർണ്ണയ സമിതികൾ വഴിയും എൻ.ആർ.എഫ്. ഗവേഷണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ഫണ്ട് നൽകുകയും ചെയ്യണമെന്നാണ് നിർദ്ദേശം. ഇതിലൂടെ ഗവേഷണ പ്രവർത്തനങ്ങളുടെ വിഷയവും മുൻഗണനാക്രമവും നിർണ്ണയിക്കാനുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവകാശമാണ് കവർന്നെടുക്കപ്പെടുന്നത്. വ്യവസായ വാണിജ്യ മേഖലകളുടെ ഇംഗിതത്തിനും ആവശ്യത്തിനുമനുസരിച്ച് മാത്രമെ ഗവേഷണ പ്രവർത്തനങ്ങൾ നടക്കേണ്ടതുള്ളൂവെന്ന സമീപനം സ്വീകാര്യമല്ല. വ്യക്തിനിഷ്ഠമായ മേൽനോട്ടവും ലക്ഷ്യനിർണ്ണയവുമാണ് ഗവേഷണത്തിന്റെ കാതൽ. നിയമനങ്ങളും സേവന-വേതന വ്യവസ്ഥകളും അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കുന്ന തലത്തിലാകണം. ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള അദ്ധ്യാപകരുടെയും ഗവേഷകരുടെയും അനദ്ധ്യാപകരുടെയും കഴിവുകൾക്കും മനോവീര്യത്തിനും ശോഷണം വരുത്തുന്ന ശിപാർശകളാണ് ഈ നയരേഖയിലുള്ളത്. സ്ഥിരനിയമനങ്ങളുടെ പരിമിതപ്പെടുത്തൽ, ഹ്രസ്വകാല കരാർ നിയമനങ്ങൾ, പെൻഷനിലും റിട്ടയർമെന്റ് ആനുകൂല്യങ്ങളിലും കുറവുവരുത്താനുള്ള നിർദ്ദേശങ്ങൾ, സമയബന്ധിത കരിയർ പുരോഗതി നിർത്തലാക്കാനുള്ള ശിപാർശ, അക്കാദമിക തീരുമാനങ്ങൾ കൈക്കൊള്ളുവാനും അധികാരം പരിമിതപ്പെടുത്തുവാനുമുള്ള നീക്കം തുടങ്ങി അദ്ധ്യാപകവൃത്തി അനാകർഷകമാക്കാനുള്ള നിരവധി നിർദ്ദേശങ്ങളാണ് രേഖയിലുള്ളത്. അക്കാദമിക രംഗത്തെ കോർപ്പറേറ്റുവത്കരണമാണ് ഇതിന്റെ ഭാഗമായി നടപ്പാക്കപ്പെടുന്നതെന്നതാണ് വസ്തുത. ആൺകുട്ടികളോടും പുരുഷന്മാരോടും ട്രാൻസ്ജെൻഡറുകളോടുമൊക്കെ കാട്ടേണ്ട കരുതലിന്റെയും ശ്രദ്ധയുടെയും കൂടി ഭാഗമായി നടപ്പാക്കേണ്ട ലിംഗനീതി വിഷയങ്ങൾ പ്രത്യേകിച്ച്, പെൺകുട്ടികളുടെ

വിദ്യാഭ്യാസ മേഖലയിലെ പങ്കാളിത്തം, സയൻസ് ആൻഡ് ടെക്നോളജി, എൻജിനീയറിംഗ്, കണക്കടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഗവേഷണം തുടങ്ങിയ മേഖലകളിലെ സ്ത്രീ പങ്കാളിത്തം എന്നിവയെ സംബന്ധിച്ച് ഒന്നും തന്നെ ഈ നയരേഖ സംസാരിക്കുന്നില്ല; തികഞ്ഞ മൗനം പാലിക്കുകയാണ്. ICT (Information and Communications Technology)-യും ഡിജിറ്റൽ ഓൺലൈൻ പഠനം എന്നിവയ്ക്കൊക്കെത്തന്നെ ക്ലാസ്റൂം അടിസ്ഥാനമാക്കിയുള്ള ബോധന പഠന പ്രക്രിയയ്ക്ക് പകരമാകാനുള്ള ശേഷി ഓൺലൈൻ കോഴ്സുകൾക്ക് ഇന്ത്യയിലുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ അതിനെ സംബന്ധിച്ച് വിശദമായ പഠനമാണ് നാം മുന്നോട്ടുവയ്ക്കേണ്ടത്. ഡിജിറ്റൽ സാങ്കേതികവിദ്യയും ഇന്ററാക്ടീവ് മൾട്ടി മീഡിയ സാധ്യതകളും പുതിയ മേഖലകൾ തുറന്നുതരുന്നുവെന്ന കാര്യം വാസ്തവമാണ്; എന്നാൽ നിരന്തര സമ്പർക്കത്തിലൂടെ ക്ലാസ് മുറികളിൽ നടക്കുന്ന പഠനബോധന പ്രക്രിയയ്ക്ക് ഒരിക്കലും അത് പകരമാകില്ല. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വേണ്ട പരിഗണന നൽകാതെ വ്യവസായ വാണിജ്യനിക്ഷേപ താല്പര്യങ്ങൾക്കാണ് ഈ നയരേഖയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഈ നയരേഖയിലെ കുറ്റകരമായ മൗനങ്ങളും അഭാവങ്ങളും വൈരുദ്ധ്യങ്ങളും തുറന്നുകാട്ടപ്പെടേണ്ടതാണ്. ഇപ്പോഴത്തെ നിലയിലുള്ള ദേശീയ വിദ്യാഭ്യാസ നയരേഖ തള്ളിക്കളയാനും പൗരസമൂഹവുമായി പ്രത്യേകിച്ച്, അക്കാദമിക സമൂഹവുമായി ആലോചനകൾ നടത്തി പുതിയ നയരേഖ രൂപപ്പെടുത്താനും കേന്ദ്രത്തെ പ്രേരിപ്പിക്കുകയാണ് വേണ്ടത്. കേരള സർക്കാരാകട്ടെ, ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്രവും സമൂലവുമായ പരിഷ്കാരങ്ങൾക്ക് ലക്ഷ്യമിടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇതിനകം നിരവധി തവണ വ്യക്തമാക്കിയതുപോലെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ലോക സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന വിധത്തിൽ ഒരു നവവൈജ്ഞാനിക സമൂഹസൃഷ്ടിക്കാവശ്യമായ വിധത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ സജ്ജമാക്കുവാൻ നാം പ്രതിജ്ഞാബദ്ധമാണ്. വിവര വിസ്ഫോടനത്തിന്റെ യുഗത്തിൽ നവീനമായ ശാസ്ത്രസാങ്കേതിക മേഖലകളിലേയ്ക്ക് അന്വേഷണാത്മക മനോഭാവത്തോടെ വിദ്യാർത്ഥികളെ നയിക്കാനുതകുംവിധമുള്ള പ്രവർത്തനങ്ങൾക്കാണ് നാം നേതൃത്വം കൊടുക്കുന്നത്. ലോകോത്തര നിലവാരത്തിലുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കിയെടുത്തുകൊണ്ട് സാമൂഹ്യനീതിയും ഗുണമേന്മയും ഒരേ സമയം ഉറപ്പുവരുത്തുക എന്ന കടമ നാം ഏറ്റെടുക്കുകയാണ്. ബഹുമാനപ്പെട്ട അംഗം എം. വിജിൻ അവതരിപ്പിച്ച പ്രമേയത്തിൽ ഉന്നയിച്ച കാര്യങ്ങളോട് സർക്കാരിന് പൊതുവെ യോജിപ്പാണുള്ളത്. എന്നാൽ ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് കൂടുതൽ സമഗ്രവും വിശദവും സർവ്വതലസ്പർശിയുമായ ഒരു പരിശോധനയും

അവതരണവുമാണ് സഭയിൽ നടത്തേണ്ടത്. ഈ നയം സംബന്ധിച്ച പഠനങ്ങളും വിമർശനങ്ങളും നിഗമനങ്ങളും ലഭ്യമായ അവസരങ്ങളിലെല്ലാം കേന്ദ്ര സർക്കാരിനെ അറിയിച്ചുപോരുന്നുണ്ട്. ഈ നയത്തിന്റെ പ്രതിലോമകരമായ അംശങ്ങളെക്കുറിച്ചും വിപരീതവും ഋണാത്മകവുമായ വശങ്ങളെ സംബന്ധിച്ചും എല്ലാ വിശദാംശങ്ങളോടും കൂടിയ ഒരു സമീപനരേഖ സർക്കാരിന്റെ ഭാഗത്തുനിന്നുതന്നെ ഉണ്ടാകുമെന്നുള്ളതിനാൽ ഈ പ്രമേയം ഈ സന്ദർഭത്തിൽ ആവശ്യമില്ലാത്തതാണെന്നാണ് അഭിപ്രായം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രതിലോമ അംശങ്ങൾ ഭാഗികമായി മാത്രം പരാമർശിക്കുന്ന ഈ പ്രമേയം പ്രസ് ചെയ്യേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട അംഗത്തോട് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വിജിൻ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ii) സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ കടന്നുകയറ്റം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, "ഭരണഘടനയിലെ 7-ാം പട്ടിക 32-ാം ഇനപ്രകാരം സഹകരണം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ മാത്രം വരുന്ന വിഷയമാണ്. കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവത്കരണ നയത്തിന്റെ ഫലമായി ലയനം വഴിയും നേരിട്ടുള്ള സ്വകാര്യവത്കരണം വഴിയും പൊതുമേഖലാ ബാങ്കുകളുടെ സേവനം സാധാരണക്കാർക്ക്, വിശേഷിച്ച് ഗ്രാമവാസികൾക്ക്, അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകരുടെയും കാർഷിക മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പൊതുവിൽ ദരിദ്രജന വിഭാഗങ്ങളുടെയാകെ ആശ്രയമായ സഹകരണ മേഖലയിൽ കേന്ദ്രസർക്കാരിന്റെ ഭരണഘടനാതീതമായ ഇടപെടൽ സഹകാരികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. ബഹു. സുപ്രീംകോടതിതന്നെ സഹകരണരംഗത്ത് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഭരണഘടനാതീതമെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പുതുതായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് വൈദ്യനാഥൻ കമ്മിറ്റി മുതൽ നടത്തിയ അധികാര ദുർവിനിയോഗം ആവർത്തിക്കുന്നതിനാണെന്ന് സംശയിക്കപ്പെടുമ്പോൾ സഹകരണം പൊതു പട്ടികയിലേയ്ക്ക് (കൺകറന്റ് ലിസ്റ്റ്) മാറ്റാൻ നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സഹകാരികളുടെയും പൊതുജനങ്ങളുടെയാകെയും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു.

സംസ്ഥാനത്തെ സഹകരണമേഖല കേവലം പണമിടപാട്ട സ്ഥാപനമല്ല. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിട്ടാൽ ദാരിദ്ര്യവും പട്ടിണിയുമില്ലാതാക്കാമെന്ന ആഗോള കാഴ്ചപ്പാടിനനുസൃതമായി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് കേവലം വായ്പ ഇടപാട് മാത്രമല്ല, പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനം, സ്ത്രീശാക്തീകരണത്തിന്റെ അടിത്തറയായ സാമ്പത്തിക സ്വയംപര്യാപ്തത ആർജ്ജിക്കാൻ വഴിതെളിക്കൽ, കൃഷിയെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കൽ, കാർഷികോല്പന്നങ്ങളുടെ വിപണനം, പൊതുവിപണിയിലെ വിലനിയന്ത്രണം തുടങ്ങി ജനജീവിതത്തിലെ സമസ്തമേഖലയിലും ജനോപകാരപ്രദമായി പ്രവർത്തിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണച്ചുമതല, കെ.എസ്.ആർ.ടി.സി.-യിൽനിന്ന് വിരമിച്ചവർക്ക് വേണ്ടിവരുന്ന തുക വായ്പയായി നല്കുക, ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ 'മുറ്റത്തെ മുല്ല', പ്രളയത്തിൽ ഭവനരഹിതരായവർക്ക് 'കെയർഹോം' പദ്ധതിയിലൂടെ സൗജന്യമായി വീട് നിർമ്മിച്ചുനൽകുക, ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിതമായി വായ്പ നല്കുക, 'സുഭിക്ഷകേരളം', മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി, പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ തുടങ്ങി എല്ലാ മേഖലകളിലും സഹകരണ സ്ഥാപനങ്ങൾ മികച്ച ഇടപെടൽ നടത്തുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികാഭിലാഷങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് സഹകരണരംഗത്ത് കേന്ദ്രസർക്കാർ കടന്നുകയറ്റത്തിന് നടത്തുന്ന ശ്രമത്തിൽനിന്നും പിന്തിരിയണ മെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തിന്റെ സാമ്പത്തിക സുസ്ഥിരത തകർക്കുന്ന, എല്ലാ സംസ്ഥാനങ്ങളുടെയും സുസ്ഥിരത തകർക്കുന്ന ഫെഡറൽ ഭരണഘടനയ്ക്ക് വിരുദ്ധമായിട്ടുള്ള നടപടിക്രമങ്ങളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവത്കരണ നയത്തിന്റെ പ്രതിഫലനം തന്നെയാണ് ഇപ്പോൾ നടത്തുന്ന പരിശ്രമങ്ങളെന്ന് നമുക്ക് പറയാൻ സാധിക്കും. ബാങ്കുകളുടെ ലയനംവഴിയും ബാങ്കുകളുടെ

മുൻഗണനാക്രമം മാറ്റിക്കൊണ്ടും നാഷണലൈസ്ഡ് ബാങ്കുകളെയും മറ്റ് ബാങ്കുകളെയും അവരുടെ ഇംഗിതത്തിനനുസരിച്ച് മാറ്റിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് സഹകരണമേഖലയെ നശിപ്പിക്കാനുള്ള പ്രധാനപ്പെട്ട കടന്നു കയറ്റത്തിന് കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നത്. ഇത് സഹകരണമേഖലയോട് മാത്രമുള്ള ഒരു കടന്നുകയറ്റമാണെന്ന് പറയാൻ സാധിക്കില്ല. നമ്മുടെ രാജ്യത്തിന്റെ കാർഷിക മേഖലയെത്തന്നെ വരുതിയിലാക്കാനുള്ള വൻകിട കോർപ്പറേറ്റുകളുടെ ഗൂഢാലോചനയുടെ ഭാഗംകൂടിയാണ് സഹകരണ മേഖലയിലേയ്ക്ക് ഇപ്പോൾ നടത്തുന്ന കടന്നുകയറ്റമെന്ന് കാണാൻ സാധിക്കും.

കേന്ദ്ര ഗവൺമെന്റ് ഒരു പ്രത്യേക വകുപ്പുതന്നെ രൂപീകരിച്ചുകൊണ്ട് സഹകരണമേഖലയെ പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ വരുതിയിലാക്കാൻ ശ്രമിക്കുകയാണ്. ഇപ്പോൾ നരേന്ദ്രമോദി ഗവൺമെന്റിന്റെ മന്ത്രിസഭ പുതുക്കി നിശ്ചയിക്കുന്ന ഘട്ടത്തിൽ ഒരു പുതിയ വകുപ്പ് സഹകരണമേഖലയെ കൈകാര്യം ചെയ്യുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുകയാണ്. എന്നാലിത് കേവലമായിട്ടുള്ള ഒരു വകുപ്പു രൂപീകരണം മാത്രമല്ല; ഇന്ത്യയിൽ ആറു ലക്ഷത്തിലേറെ സഹകരണ പ്രസ്ഥാനങ്ങളുണ്ട്. അതിൽ മഹാഭൂരിപക്ഷവും സംസ്ഥാന ഗവൺമെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. വളരെ ചുരുങ്ങിയ എണ്ണം സംഘങ്ങൾ മാത്രമേ സംസ്ഥാനാന്തര പരിധിയിലുള്ളൂ. സംസ്ഥാനാന്തര പരിധിയിലുള്ള സംഘങ്ങ ളൊഴികെ ബാക്കിയെല്ലാം ഭരണഘടനയുടെ 7-ാം പട്ടികയിലെ 32-ാം ഇനപ്രകാരം സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ വരുന്നു. ഇതിനെ പൊതു/കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റാനാവശ്യമായ തുടക്കമാണ് ഇപ്പോൾ കൈക്കൊണ്ടിട്ടുള്ളതെന്ന് നമ്മൾ ഉറപ്പായും വിശ്വസിക്കണം. സഹകരണ മാരണ നിയമങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി നേരത്തെതന്നെ വൈദ്യനാഥൻ കമ്മിറ്റി രൂപീകരിച്ചതു മുതലുള്ള കാര്യങ്ങൾ നമുക്കെല്ലാവർക്കും നന്നായി അറിയാം. അതിപ്പോൾ കൂടുതൽ കരുത്തോടെയും ദുഷ്ടലാക്കോടെയും വിനിയോഗിക്കുന്നു. യഥാർത്ഥത്തിൽ കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്തുതന്നെ ഈ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. 2012-ൽ യു.പി.എ. ഗവൺമെന്റ് 97-ാം ഭരണഘടനാ ഭേദഗതിയോടുകൂടി ഈ വിഭാഗത്തിൽ 9(b) എന്ന ഭാഗം കൂടി കൂട്ടിച്ചേർത്തുകൊണ്ട്, അതിൽ ചില പരാതികൾ ലഭ്യമായി എന്നുപറഞ്ഞുകൊണ്ടാണ് സഹകരണ മാരണ നടപടികൾക്ക് തുടക്കം കുറിക്കുന്നത്. സഹകരണ മേഖലയിൽ പ്രൊഫഷണലിസമില്ല, ചില തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നു എന്നെല്ലാമുള്ള ചില പരാതികളുടെ അടിസ്ഥാനത്തിൽ ഈ ഭാഗത്ത് നേരിട്ട് കേന്ദ്രത്തിന് ഇടപെടാൻ കഴിയുന്ന ചില കാര്യങ്ങൾ കൂടി

കൂട്ടിച്ചേർത്തിരിക്കുകയാണ്. ഏതുകാര്യങ്ങളുടേയും നടത്തിപ്പിൽ ചിലപ്പോൾ ചില പരാതികളുണ്ടാകും. അതെല്ലാം പരിഹരിച്ചുപോകുന്നതിന് ഒട്ടും പ്രയാസമുള്ള കാര്യമല്ല. പക്ഷേ അങ്ങനെയൊരു അടിസ്ഥാനം ചൂണ്ടിക്കാണിച്ചുകൊണ്ട് വലിയതോതിൽ സംസ്ഥാനങ്ങളുടെ അധികാരത്തിൽ കടന്നുകയറാനുള്ള നടപടി സ്വീകരിക്കുന്നത് ഇന്ത്യൻ ഫെഡറൽ ഭരണഘടനയുടെ തത്വത്തിന് ഒരിക്കലും യോജിക്കാത്തതാണ്. നമ്മുടെ രാജ്യം അഭിമാനിക്കുന്നത്, നമ്മുടെ ഡെമോക്രസി, നമ്മുടെ ഫെഡറൽ സംവിധാനം, വൈവിദ്ധ്യങ്ങളുടേയും കൂട്ടായ്മയുടെയും ഭാഗമായിട്ടാണ് കരുത്തോടെ നിലനിൽക്കുന്നതെന്നാണ്. സംസ്ഥാനങ്ങളുടെ യൂണിയനാണ് കേന്ദ്രം. ഒരു ഫെഡറൽ ഭരണ സംവിധാനം ശക്തമായ സംസ്ഥാനങ്ങൾ കൂടി ഉണ്ടാകുമ്പോൾ മാത്രം സാധിക്കുന്നതാണ്. സംസ്ഥാനങ്ങളെ ദുർബലമാക്കി, നോക്കുകുത്തിയാക്കി എല്ലാം കേന്ദ്രഗവൺമെന്റിന്റെ പരിധിയിൽകൊണ്ടുവരാനുള്ളൊരു നീക്കം വളരെ പെട്ടെന്ന് രാജ്യം ക്ഷയിച്ചുപോകുന്നതിനും ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യത്തിലേയ്ക്കാണ് കടക്കുക. രാജ്യത്തിന്റെ തൊഴിലില്ലായ്മയും പട്ടിണിയും പരിഹരിക്കാൻ വലിയതോതിൽ സഹായിച്ചിട്ടുള്ള ഒന്നാണ് സഹകരണ സ്ഥാപനങ്ങൾ. ലോകത്താകെ സഹകരണ പ്രസ്ഥാനം ശ്രദ്ധിക്കപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ 19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്തു തന്നെ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ലോകം ചിന്തിച്ചുതുടങ്ങിയിരുന്നു. ഇംഗ്ലണ്ടിൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റോബർട്ട് ഓവനാണ് റോക്ക്ഡെയ്ൽ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് സഹകരണ സംവിധാനങ്ങൾക്ക് തുടക്കം കുറിച്ചത്. പല രാജ്യങ്ങളിലും ഇപ്പോൾ ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേരളമാണ് ശാസ്ത്രീയമായ സഹകരണ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. ഇത് വലിയതോതിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജനം ഇല്ലായ്മ ചെയ്യുന്നതിനും ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മാതൃകയിൽ അല്ലെങ്കിൽ സ്വമേധയാ താല്പര്യപ്പെട്ടുകൊണ്ട് നിരവധി സംസ്ഥാനങ്ങൾ സഹകരണ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. എന്നാൽ കേരളത്തിലാണ് മനുഷ്യന്റെ ജീവിത പ്രശ്നങ്ങൾ സഹകരണ പ്രസ്ഥാനത്തിലൂടെ വളരെ കൃത്യമായി പരിഹരിക്കപ്പെട്ടിട്ടുള്ളതെന്ന് നന്നായി അറിയുന്നതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തിനുനേരെയുള്ള ആക്രമണമായി ഇതിനെ കാണാൻ സാധിക്കും. കേരളത്തിൽ സഹകരണ രജിസ്ട്രാറുടെ നേതൃത്വത്തിൽ 14602 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ,

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവ ഈ സഹകരണ സംഘങ്ങളിൽ ഉൾപ്പെടുന്നവയാണ്. സ്ത്രീകളുടെ ഉന്നമനത്തിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുമെല്ലാം നടത്തുന്ന സാമൂഹിക സേവന തൽപ്പരമായിട്ടുള്ള പ്രവർത്തനങ്ങൾ വളരെ വലുതാണ്. സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന ലാഭം മൂലധന നീക്കിയിരിപ്പ് മാത്രമല്ല സാമൂഹിക സേവന രംഗത്തുകൂടി വിനിയോഗിക്കാൻ ഉപയോഗപ്പെടുത്തുന്നു എന്നുള്ളതുകൊണ്ടാണ് ചെറുകിട കാർഷിക സംഘങ്ങൾക്കും സ്ത്രീകൾക്കുമെല്ലാം കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് കാർഷിക മേഖലയിലും ചെറുകിട വ്യവസായ മേഖലയിലുമൊക്കെ പ്രവർത്തിക്കാൻ സാധിക്കുന്നത്. നമ്മുടെ നാട്ടിലെ ജനങ്ങളുടെയിടയിൽ മിതവ്യയം ശീലമാക്കുകയും സമ്പാദ്യശീലം വളർത്തിയെടുക്കുകയും ചെയ്യുന്നതിൽ സഹകരണ സംഘങ്ങൾക്ക് വലിയ പങ്കാളിത്തമാണുള്ളത്. എല്ലാം നശിച്ചുപോയെന്ന് തോന്നുന്ന ജീവിത സാഹചര്യത്തിൽ നിരാശപ്പെടാതെ, ആത്മഹത്യയിലേയ്ക്ക് നീങ്ങാതെ പിടിച്ചുനിൽക്കാൻ, നാട്ടിലെ ജനങ്ങളെ സഹായിക്കാൻ സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. മാത്രമല്ല ഒരുപാട് ആളുകൾക്ക് തൊഴിലവസരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇതൊരു വൻകിട കോർപ്പറേറ്റുകളുടെ ബിസിനസ്സ് പോലെയല്ല. വൻകിട ബാങ്കുകൾ ലാഭാധിഷ്ഠിതമായി നടത്തുന്ന ഇടപാടുകൾപോലെയുമല്ല. സഹകരണ സംഘങ്ങളുടെ നേട്ടം ഓരോ കുടുംബത്തിന്റേയും ജീവിതമായി പ്രതിഫലിക്കുകയാണ്. സഹകരണ സ്ഥാപനങ്ങളിലും അനുബന്ധ തൊഴിൽദാതാവായി പ്രവർത്തിക്കുന്ന തൊഴിലവസരങ്ങളിലുമെല്ലാം ചേർന്നു കൊണ്ട് ഒരുപാട് കുടുംബങ്ങൾ കേരളത്തിൽ ജീവിക്കുകയാണ്. അതിനെ തകർക്കുന്നതിനുവേണ്ടിയാണ് പുതിയ സഹകരണ വകുപ്പ് രൂപീകരിച്ചുകൊണ്ട് ഒരു പുതിയ നീക്കത്തിന് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ഇന്ത്യാ രാജ്യത്തുതന്നെ, രാസവള ഉത്പാദനം 26.5 ശതമാനം കൂട്ടായ്മയിലൂടെ നടത്തുന്നതായി കാണാൻ സാധിക്കുന്നുണ്ട്. വൻകിട സഹകരണ സംഘങ്ങൾ ആ രീതിയിൽ പ്രവർത്തിക്കുന്നു. പഞ്ചസാര ഉത്പാദനത്തിന്റെ 45 ശതമാനം സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതായി കാണുന്നുണ്ട്. മറ്റ് കോർപ്പറേറ്റുകളുടെ വൻകിട വ്യവസായത്തെക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ സഹകരണ സംഘങ്ങളിൽ ലഭ്യമാകുന്നുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയുടെ നട്ടെല്ലായി സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇതിനാണ് വലിയ തോതിൽ ബുദ്ധിമുട്ടുണ്ടാകുക, ദേശസാത്കൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളുമെല്ലാം സാധാരണക്കാരിൽ നിന്ന് പിൻവാങ്ങിയിരിക്കുകയാണ്. കാർഷിക വായ്പകളും ചെറുകിട വായ്പകളും നിഷേധിച്ചുകൊണ്ട് തീർത്തും അവർ സാധാരണക്കാരിൽനിന്ന് പിൻവാങ്ങുകയും

വൻകിടക്കാർക്കുള്ള വൻകിട വായ്പകളുടെ അടിസ്ഥാനത്തിൽ മാത്രം നിലനിൽക്കുകയും ചെയ്യുന്ന സംഘങ്ങളായി ബാങ്കുകൾ മാറുമ്പോൾ സാധാരണക്കാരന്റെ ആശ്രയം സഹകരണ പ്രസ്ഥാനം തന്നെയാണ്. കാർഷിക മേഖലയിൽ ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളും ഏറെ ആശ്രയിക്കുന്നത് സഹകരണ സംഘങ്ങളെയാണെന്നത് നരേന്ദ്ര മോദി ഗവൺമെന്റിന് നന്നായിട്ടറിയാം. അതുകൊണ്ടുതന്നെയാണ് പുതിയ സഹകരണ വകുപ്പ് രൂപീകരിച്ച് എല്ലാ സഹകരണ സംഘങ്ങളേയും ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിനുകീഴിൽ കൊണ്ടുവരണമെന്ന് പറയുന്നത്. ഇപ്പോൾ ബാങ്കിംഗ് മേഖലയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യക്ക് നിയന്ത്രണമുണ്ട്. അതുകൊണ്ട് സാമ്പത്തികമായിട്ടുള്ള അത്തരം കാര്യങ്ങളിൽ ഇടപെടാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് സ്വതവെതന്നെ കഴിയും. എന്നാൽ സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ്, അതിന്റെ നടത്തിപ്പ്, നാട്ടിലുള്ള ഇടപെടൽ ഇതിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ഇടപെടാൻ ഇപ്പോൾ കഴിയില്ല. അതുംകൂടി കൈക്കലാക്കിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളെ കവരുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വമ്പിച്ച മുന്നേറ്റം കേരളത്തിലെ സഹകരണ മേഖലയിലുണ്ടായി. കേരളാ ബാങ്കിന്റെ രൂപീകരണംതന്നെ അതാണ്. പലരും നടക്കില്ലെന്ന് നിരവധി തവണ പറഞ്ഞിട്ടും കേരള ഗവൺമെന്റിന്റെ ഇച്ഛാശക്തിമൂലം ആർ.ബി.ഐ.-യുടെ സമ്മതം വാങ്ങിക്കൊണ്ട് കേരള ബാങ്ക് രൂപീകരിക്കാൻ നമുക്ക് കഴിഞ്ഞു. വലിയ തോതിൽ പ്രളയവും മറ്റ് ദുരിതങ്ങളുമെല്ലാം ഉണ്ടാകുമ്പോൾ സഹകരണ പ്രസ്ഥാനം കേരളത്തെ നിവർന്നുനിൽക്കുന്നതിന് സഹായിക്കുകയുണ്ടായി. 'മുറ്റത്തെ മുല്ല്' പോലുള്ള ചെറുകിടവായ്പാ പദ്ധതികൾ സാധാരണക്കാരിൽ എത്തിക്കാൻ വളരെയേറെ സഹായകമായിരുന്നു. പ്രളയത്തിൽ എല്ലാം നശിച്ചുപോയവർക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള 'കെയർ ഹോം' പദ്ധതി പ്രകാരം കുഞ്ഞുവീടുകളാണെങ്കിലും മനോഹരമായി നിർമ്മിച്ചുകൊണ്ട് പുനരധിവാസം നടപ്പാക്കുന്നതിൽ കേരളത്തിന്റെ സഹകരണ പ്രസ്ഥാനം മുന്നണിയിൽ ഉണ്ടായിരുന്നു. പലിശരഹിത വായ്പ നൽകിക്കൊണ്ട് ആപത്തുകാലത്ത് രക്ഷിക്കുന്നതിനും സഹകരണ പ്രസ്ഥാനം രംഗത്തുണ്ടായിരുന്നു. ഇപ്പോഴത്തെ പുതിയ തീരുമാനമനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നീക്കങ്ങൾ സഹകരണ ബാങ്കുകളെ ഏതുബാങ്കുമായും ലയിപ്പിക്കാൻ സാധിക്കുമെന്നാണ്. അങ്ങനെ ലയിപ്പിക്കുമ്പോൾ സഹകരണ പ്രസ്ഥാനത്തിന്റെ ആസ്തിയും നടത്തിപ്പുമെല്ലാം അവരിൽനിന്ന് വേർപെട്ടു പോകുന്നുവെന്നുള്ളതാണ്. പാവപ്പെട്ട ജനങ്ങൾ തുച്ഛമായ സമ്പാദ്യങ്ങൾ നിക്ഷേപിച്ച് ഉണ്ടാക്കിയിട്ടുള്ള വമ്പിച്ച ആസ്തി അവർക്ക് തോന്നുന്ന

ഏതുബാങ്കുമായും ലയിപ്പിക്കാമെന്നുവച്ചാൽ ആ പണം വൻകിട കോർപ്പറേറ്റുകൾക്ക് അമ്മാനമാടാനുള്ളതാക്കി മാറ്റുന്നുവെന്നതാണ് അപകടകരമായിട്ടുള്ള അവസ്ഥ. അതുകൊണ്ട് റിസർവ് ബാങ്ക് വിചാരിച്ചാൽ ഏത് സഹകരണ സംഘത്തിനെതിരെയും നടപടിയെടുക്കാമെന്നുള്ളൊരു വ്യവസ്ഥയും ഇതിന്റെ ഭാഗമായി വരുകയാണ്. രാജ്യത്തെ സഹകരണ പ്രസ്ഥാനത്തെ ഇത് പൂർണ്ണമായും തകർക്കുമെന്നുള്ളതിനാൽ ഇത് അവസാനിപ്പിക്കുന്നതിനായി നമ്മൾ ഒരുമിച്ച് പോരാട്ടം നടത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനാന്തര പരിധിയുള്ള സംഘങ്ങളുടെ പ്രവർത്തനത്തിൽ നിയന്ത്രണമാകാം. എന്നാൽ ഇത് സംസ്ഥാന ലിസ്റ്റിലാണ്. ഒരിക്കലും കൺകറന്റ് ലിസ്റ്റിൽപ്പെടുത്തേണ്ടതില്ല. എല്ലാ വിഷയങ്ങളും കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണെങ്കിൽ പിന്നെ സംസ്ഥാനങ്ങളുടെ നിലനിൽപ്പുതന്നെ ഇല്ലാതാകും. ശക്തമായ സംസ്ഥാനങ്ങൾ ഇല്ലാതെ വന്നാൽ ഈ രാജ്യം എങ്ങനെയാണ് സംസ്ഥാനങ്ങളുടെ യൂണിയനായി, നമ്മുടെ യൂണിയൻ ഗവൺമെന്റായി, ജനാധിപത്യ ഗവൺമെന്റായി നിലനിൽക്കുക? അതുകൊണ്ട് ഇന്ത്യൻ ഭരണഘടനയ്ക്ക്, സുസ്ഥിരതയ്ക്ക് എതിരായിട്ടുള്ള ശക്തമായ കടന്നാക്രമണമാണിത്. ഇന്ത്യൻ ജനതയിൽ equality ഇല്ലാതാക്കാനും പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള വ്യത്യാസം വളരെയേറെ വർദ്ധിപ്പിച്ച് ഒരു ഡിവിഷനുണ്ടാക്കാൻ സഹായിക്കുന്ന വലിയ തെറ്റായിട്ടുള്ള പ്രവർത്തനമാണിത് എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി വി. എൻ. വാസവന്റെ നേതൃത്വത്തിൽ എല്ലാവരെയും വിളിച്ചുചേർത്തുകൊണ്ട് ഈ മാരണ നിയമങ്ങൾക്കെതിരെ/ നീക്കത്തിനെതിരെ ശക്തമായി പ്രതികരിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. അത് തുടരണം. അതോടൊപ്പം സഹകരണ രംഗത്തേയ്ക്കുള്ള കേന്ദ്രസർക്കാരിന്റെ കടന്നുകയറ്റം അവസാനിപ്പിച്ച് കേരളത്തെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. അതുകൊണ്ട് ഈ ശ്രമത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് സഭ ഒന്നടങ്കം ആവശ്യപ്പെടണമെന്ന പ്രമേയമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. അതുകൊണ്ട് ഭേദഗതികളൊന്നും തന്നെയില്ല.

ശ്രീ. വി. ജോയി: സർ, സഹകരണ മേഖലയിൽ കേന്ദ്രസർക്കാരിന്റെ ഇടപെടലിനെതിരായി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിന് ഒരു വലിയ ചരിത്രമുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ 1904-ൽ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്ട് ഇന്ത്യയിൽ നിലവിൽവന്നു. അത് ബ്രിട്ടീഷുകാരുടെ

കാലത്താണ്. മിതവ്യയത്തെ പ്രോത്സാഹിപ്പിക്കാനും പരസ്പര സഹായം നടപ്പിലാക്കാനും കാർഷികരംഗത്ത് സഹകരണം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 1904-ൽ ഈ നിയമം ആദ്യമായി വന്നത്. അതിനുശേഷം അതിനെ പരിഷ്ക്കരിച്ചുകൊണ്ടുള്ള 1912-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലൂടെയാണ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ഫോർമേഷൻ നിലവിൽവരുന്നത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സൂചിപ്പിച്ചതുപോലെ സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നമ്മുടെ ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂളിൽ സെക്കൻഡ് ലിസ്റ്റിൽ 32-ാം എൻട്രിയായി സഹകരണം സ്റ്റേറ്റ് സബ്ജക്ട് ആക്കി മാറ്റുകയുണ്ടായി. പിന്നീടുവന്ന സർക്കാരുകളെല്ലാം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്ന നിലപാടുകളാണ് സ്വീകരിച്ചത്. 1955-ലെ തിരു-കൊച്ചി സഹകരണ ആക്ട്, മദിരാശി സഹകരണ ആക്ട് എന്നിവ രണ്ടും കൂട്ടിച്ചേർത്തുകൊണ്ട് സമഗ്രമായൊരു നിയമം കേരള നിയമസഭയിൽ വരുന്നത് 1969-ലാണ്. യഥാർത്ഥത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടാണ് സഹകരണ രംഗത്തെ സമഗ്രമായിട്ടുള്ള ഒരു പ്രധാനപ്പെട്ട ആക്ട്. 1969-നുശേഷം കേരളത്തിൽ ഏതാണ്ട് 24 പ്രാവശ്യം ഈ ആക്ടിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും അതാത് കാലത്തെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും വേണ്ടിയുള്ള നിലപാടുകളാണ് ഈ ഭേദഗതികളിൽ ഭൂരിഭാഗവും വരുത്തിയിട്ടുള്ളത്. എന്നാൽ, സഹകരണ മേഖല അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമെന്ന നിലയിൽ ഇന്ത്യൻ പാർലമെന്റ് 2011-ൽ 97-ാമത് ഭരണഘടനാ ഭേദഗതി കൊണ്ടുവരികയുണ്ടായി. ഇത് 2012-ൽ ഇന്ത്യൻ പ്രസിഡന്റ് ഒപ്പുവയ്ക്കുകയും പ്രാബല്യത്തിൽ വരികയും ചെയ്തു. ഈ ആക്ടിന്റെ ഭാഗമായിത്തന്നെ 2012-ൽ പ്രാബല്യത്തിൽ വന്നെങ്കിലും അതാത് സംസ്ഥാനങ്ങളിൽ ആവശ്യമായിട്ടുള്ള നിയമ ഭേദഗതി വരുത്താൻ ഒരു വർഷത്തെ കാലയളവ് നൽകിയിരുന്നു. അതനുസരിച്ച് 2013-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അർദ്ധരാത്രിവരെ സഭ സമ്മേളിച്ച് സഹകരണ നിയമ ഭേദഗതി നടപ്പിലാക്കിയത് നമുക്ക് നന്നായി അറിയാവുന്നതാണ്. എന്തുകൊണ്ടാണ് കേന്ദ്രസർക്കാർ സഹകരണ മേഖലയെ കൈവയ്ക്കാൻ നോക്കുന്നത് എന്നതിനെ സംബന്ധിച്ച് പരിശോധിക്കപ്പെടേണ്ടതാണ്. രാജ്യവ്യാപകമായി സഹകരണ സ്ഥാപനങ്ങളിൽ നാല് ലക്ഷം കോടി രൂപയ്ക്കും അഞ്ചുലക്ഷം കോടി രൂപയ്ക്കും ഇടയിൽ നിക്ഷേപം ഇന്നുണ്ട്. ഇതിനെ ഏതെങ്കിലും രൂപത്തിൽ വരുതിയിലാക്കുകയാണ് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ ലക്ഷ്യം. സഹകരണം ഏഴാമത്തെ ഷെഡ്യൂളിലെ 32-ാം എൻട്രിയുടെ ഭാഗമായി സംസ്ഥാന

വിഷയമായതിനാൽ കേന്ദ്രസർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് ഒരു വളഞ്ഞ വഴി കേന്ദ്രസർക്കാർ സ്വീകരിച്ചു. ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതി ചെയ്തുകൊണ്ടാണ് സഹകരണ മേഖലയിലേയ്ക്ക് കടന്നുകയറാനുള്ള നടപടി കേന്ദ്രസർക്കാർ സ്വീകരിച്ചത്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും 1961-ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 80P പ്രകാരമുള്ള ഇളവ് ലഭിച്ചിരുന്നു. ഈ ഇളവ് ഇല്ലാതാക്കുകയാണ് ലക്ഷ്യം. അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് കേന്ദ്രസർക്കാർ ആദ്യം ആവിഷ്കരിച്ചത്. 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി വരുത്തി നാലാം ഉപവകുപ്പ് കൂട്ടിച്ചേർത്തുകൊണ്ടാണ് കേരളത്തിലെ ക്രെഡിറ്റ് മേഖലയിലെ സഹകരണ ബാങ്കുകളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇവർ ഏറ്റെടുത്തത്. ഇത് 2007-ൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. ഇതുകൂടാതെ ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത സെക്ഷൻ 194N 2019 മുതൽ പ്രാബല്യത്തിൽ വന്നു. 194N എന്നുപറഞ്ഞാൽ ഒരു സാമ്പത്തിക വർഷം ഒരു കോടിരൂപയിലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നപക്ഷം രണ്ട് ശതമാനം TDS പിടിക്കുമെന്നുള്ളതാണ്. കേരള നിയമസഭ 21-11-2019-ൽ ഈ വിഷയങ്ങളിന്മേൽ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളത് ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. കേരളത്തിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് 80P-യുടെ ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ വന്നു. ഇപ്പോൾ പ്രാഥമിക സംഘങ്ങൾ നൽകിയ കേസ്സിന്റെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതി നമുക്ക് അനുകൂലമായ ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. 194N നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു കോടിരൂപയിലധികം ട്രാൻസാക്ഷൻ വന്നാൽ, അതിനെതിരായിട്ടും നിരവധി കേസ്സുകൾ ഇന്ന് ഹൈക്കോടതിയിലുണ്ട്. സ്റ്റേ അനുവദിച്ച് നിലനിൽക്കുകയാണ്. ഇതിനെല്ലാം പുറമേ 2020 മാർച്ച് 3-ന് കേന്ദ്ര സർക്കാർ ബാങ്കിംഗ് നിയമ ഭേദഗതി ബിൽ അവതരിപ്പിച്ച് പാസ്സാക്കി. 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് പാർട്ട് V-ൽ പറഞ്ഞിരുന്ന വ്യവസ്ഥകളിൽ 7 (1) എന്ന വ്യവസ്ഥകൂടി ചേർത്തു. ആ ചേർത്തതെന്താണ്? ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ പേരിനോട് ചേർക്കാൻ പാടില്ല. ഇത് ബി.ആർ. ആക്ടിന്റെ സെക്ഷൻ 3-ൽ സബ്സ്റ്റിറ്റ്യൂട്ടായി ഉൾപ്പെടുത്തുകയും ചെയ്തു. ഇത് ഇപ്പോൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് കേരളത്തിന്റെ ചീഫ് സെക്രട്ടറിക്ക് കേന്ദ്രസർക്കാർ കത്തയച്ചിരിക്കുകയാണ്. പ്രാഥമിക സഹകരണ സംഘങ്ങളിൽ ബാങ്ക് എന്നോ, ബാങ്കർ എന്നോ, ബാങ്കിംഗ് എന്നോ ഉള്ള പദങ്ങൾ ഉപയോഗിക്കാൻ പാടില്ലായെന്ന കർശനമായ നിലപാട്

ഇപ്പോൾ കേന്ദ്രസർക്കാർ സ്വീകരിക്കുകയും ചീഫ് സെക്രട്ടറിക്ക് കത്ത് വരികയും ചെയ്തിരിക്കുകയാണ്. 2020-ലെ ബാങ്കിംഗ് നിയമ ഭേദഗതി ബില്ലിലെ 36 (3)(A) വ്യവസ്ഥ കൂട്ടിച്ചേർത്തത് സംസ്ഥാനത്തിന്റെ അധികാരങ്ങൾക്കുമേലുള്ള കടന്നുകയറ്റമാണ്. സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ മേൽ പതുക്കെപ്പതുക്കെ കടന്നുകൊണ്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. നേരത്തെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിക്കാനുള്ള അധികാരം മാത്രമാണ് കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരുന്നത്. മൾട്ടി സ്റ്റേറ്റ് എന്നുപറയുമ്പോൾ രണ്ട് സ്റ്റേറ്റുകളിൽ അംഗങ്ങളായിട്ടുള്ള സഹകരണ ബാങ്കുകളാണ്. എന്നാൽ കൂട്ടിച്ചേർത്ത 36 (3)(A) വ്യവസ്ഥപ്രകാരം സംസ്ഥാന സഹകരണ രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്ന ഭരണപരമായ അധികാരം കൂടെ കേന്ദ്രസർക്കാർ റിസർവ് ബാങ്കിലൂടെ കൈവശപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ബിൽ പ്രകാരം എല്ലാ സഹകരണ അർബൻ ഭരണസമിതികളെയും പിരിച്ചുവിട്ട് വേണമെങ്കിൽ അഡ്മിനിസ്ട്രേറ്ററെ വയ്ക്കാനുള്ള നിലപാട് ഇക്കാര്യത്തിൽ വ്യക്തമാണ്. ഇതിന് ആധാരമായി പറയുന്നത് പഞ്ചാബ്, മഹാരാഷ്ട്ര കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നടന്ന സാമ്പത്തിക തിരിമറിയാണ്. പക്ഷെ, അതിന്റെ വെളിച്ചത്തിൽ മറ്റ് സഹകരണ സ്ഥാപനങ്ങളെ വരുതിയിലാക്കുകയാണ് ലക്ഷ്യം. ഇപ്പോൾ പുതിയ സഹകരണ മന്ത്രാലയം ബി.ജെ.പി. സർക്കാർ കൊണ്ടുവന്നിരിക്കുകയാണ്. 2021 ജൂലൈ 6-ന് പുതിയ മന്ത്രിയെ പ്രഖ്യാപിക്കുകയും വകുപ്പ് പ്രഖ്യാപിക്കുകയും ചെയ്തു. സഹകരണ മേഖലയെ കൈപ്പിടിയിലൊതുക്കാൻ ധാരാളം നിയമനിർമ്മാണം കൊണ്ടുവന്നിട്ടും വലിയ രക്ഷയില്ല. നോട്ട് നിരോധനത്തിന്റെ മറവിൽ സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ നോക്കിയ കാര്യം നമുക്കറിയാം. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി അവിടെ മുഴുവൻ കള്ളപ്പണമാണെന്ന് വരുത്തിത്തീർക്കാനുള്ള വലിയ ശ്രമം ബി.ജെ.പി. സർക്കാർ നടത്തി. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി മുണ്ട് മടക്കിക്കുത്തി കേരളത്തിലെ മന്ത്രിമാരേയും എല്ലാ രാഷ്ട്രീയപ്പാർട്ടി നേതാക്കന്മാരെയും സംഘടിപ്പിച്ച് റിസർവ് ബാങ്കിന്റെ മുന്നിൽപ്പോയി സമരം ചെയ്യുന്ന സാഹചര്യം വന്നു. കള്ളപ്പണമാണെന്ന വ്യാപകമായ പ്രചരണം വന്നപ്പോൾ സഹകരണ ബാങ്കുകളിൽനിന്ന് പണം പിൻവലിക്കുന്ന ആളുകളുടെ എണ്ണം കൂടി. ആ സമയത്ത് നിങ്ങളുടെ ഡെപ്പോസിറ്റുകൾക്ക് സർക്കാർ ഗ്യാരന്റി പ്രഖ്യാപിക്കുന്നുവെന്നാണ് കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്. അതോടുകൂടി അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ആദായ നികുതി വകുപ്പിനെ ഉപയോഗിച്ച് ധാരാളം റെയ്ഡുകൾ നടത്തി ഇല്ലാത്ത കഥകൾ പ്രചരിപ്പിച്ചു. ഇതിനിടെ 2011-ൽ

പാർലമെന്റ് പാസ്സാക്കിയ 97-ാം ഭേദഗതിയിലെ ചില ഭാഗങ്ങൾ ഗുജറാത്ത് ഹൈക്കോടതി സ്റ്റേ ചെയ്യുകയും അതിനെതിരെ അറ്റോർണി ജനറൽ അപ്പീൽ പോകുകയും സുപ്രീംകോടതി ഗുജറാത്ത് കോടതിയുടെ കണ്ടെത്തലിനെ ന്യായീകരിക്കുകയും ചെയ്തുകൊണ്ടുള്ള വിധിയും വന്നു. മൾട്ടിസ്റ്റേറ്റ് സൊസൈറ്റികൾക്കുമാത്രം ബാധകമാക്കിക്കൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഇക്കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞത്. രാജ്യത്ത് 1050 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും 56 അർബൻ ബാങ്കുകളുമുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിന് നമുക്ക് തടസ്സമില്ല. പക്ഷേ, ഇതിന്റെയെല്ലാം ഭാഗമായി കേരളത്തിൽ 17 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ വന്നിട്ടുണ്ടെന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. ഇത് വന്നാലുണ്ടാകുന്ന പ്രശ്നം, കേരളത്തിലെവിടെയും അല്ലെങ്കിൽ സ്റ്റേറ്റുകളിലെവിടെയും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖകൾ ആരംഭിക്കാൻ കഴിയുമെന്നതാണ്. സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനങ്ങളെ ബാധിക്കുന്ന തരത്തിലാണ് കാര്യങ്ങൾ വരുന്നത്. ഏതാണ്ട് നാലര - അഞ്ച് ലക്ഷം കോടി രൂപയുടെ നിക്ഷേപം നമ്മുടെ രാജ്യത്തുണ്ട്. ഇതിൽ കേരളത്തിലാണ് ഏറ്റവും കൂടുതൽ സഹകരണ നിക്ഷേപമുള്ളത്. അത് ഏതാണ്ട് രണ്ട് ലക്ഷത്തോളം കോടി രൂപ വരും. ഇവിടെ പ്രാഥമിക സഹകരണ ബാങ്കുകളിലെ ക്രെഡിറ്റ് മേഖലയിലെ PACS-നുമാത്രം 1,12,000 കോടി രൂപ ഡെപ്പോസിറ്റുണ്ട്. കേരള ബാങ്കിൽ 66731 കോടി രൂപയുണ്ട്. അതുപോലെ മലപ്പുറം ബാങ്ക് ഇതുമായി ചേർന്നിട്ടില്ലെങ്കിലും അവർക്കും 4158 കോടി രൂപയുടെ ഡെപ്പോസിറ്റുണ്ട്. ഇതെല്ലാംകൂടി ഏതാണ്ട് 2 ലക്ഷം കോടി രൂപയുടെ ഡെപ്പോസിറ്റ് കേരളത്തിലുണ്ട്. ഇതിനെയാണ് കണ്ണുനടുന്നത്. ഞാൻ PACS-ന്റെ ഭാരവാഹിയായിരുന്ന അവസരത്തിൽ ഈ പ്രശ്നങ്ങൾ വന്നപ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലിയെ കാണാൻ ഒരു നിവേദക സംഘത്തോടൊപ്പം പോയി നിവേദനം കൊടുത്തു. അദ്ദേഹം അത് ഇനിഷ്യൽ ചെയ്ത് അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക് കൊടുത്തു. ഞങ്ങൾ പിന്നീട് അദ്ദേഹവുമായി സംസാരിച്ചപ്പോൾ പറഞ്ഞത് ആദായനികുതി വകുപ്പ് ഞങ്ങളോട് പറഞ്ഞിരിക്കുന്നത് കേരളത്തിലെ സഹകരണ ബാങ്കുകളെ പിടിച്ചാൽ 2000 കോടി രൂപ ടാക്സ് കിട്ടും എന്നാണ്. ഈ നിയമ ഭേദഗതിയിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ പിടിച്ചാൽ 2000 കോടി രൂപ ഇപ്പോൾ കിട്ടും. ഭാവിയിൽ 6000 കോടി രൂപ ടാക്സിനത്തിൽ ലഭിക്കുമെന്നുള്ളതാണ്. ഇത് വലിയ പ്രശ്നമാണ്. യഥാർത്ഥത്തിൽ കേരളത്തിലാണ് രണ്ട് ലക്ഷം കോടി രൂപയുടെ നിക്ഷേപമുള്ളത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സൂചിപ്പിച്ചതുപോലെ എല്ലാ മേഖലയിലും സഹകരണ പ്രസ്ഥാനം ഉയർന്നുനിൽക്കുകയാണ്.

മഹാരാഷ്ട്രയിൽ 96 ലക്ഷം രൂപയും ഗുജറാത്തിൽ 35 ലക്ഷം രൂപയും മദ്ധ്യപ്രദേശിൽ 20 ലക്ഷം രൂപയും മാത്രമേ നിക്ഷേപമുള്ളൂ. ഇതാണ് പൊതുസ്ഥിതി. ആശുപത്രികളും മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും മറ്റ് പൊതുസ്ഥാപനങ്ങളുമടക്കം നന്നായി കൊണ്ടുപോകുന്ന കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ഏതെങ്കിലും വിധത്തിൽ കടന്നാക്രമിച്ച് ഈ പ്രസ്ഥാനത്തെ തകർത്ത് കുറേ പൈസ കൈക്കലാക്കാനുള്ള ശ്രമമാണ് ഇന്നത്തെ ബി.ജെ.പി. സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിനെതിരെയുള്ള വലിയ വികാരം, കേരളത്തെ സംബന്ധിച്ചിടത്തോളം ബി.ജെ.പി. ഒഴികെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും കഴിഞ്ഞ കാലങ്ങളിലെല്ലാം ഈ ഉദ്യമത്തിന് കൂടെനിന്നവരാണ്. ഈ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതാണ്. സഹകരണ മേഖല സ്റ്റേറ്റ് വിഷയമാണ്. അതിൽ കടന്നുകയറി ഇന്ത്യയ്ക്കാകെ ഒരുപക്ഷേ ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള നിരവധി പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള ശ്രമങ്ങളെ അങ്ങേയറ്റം ജാഗ്രതയോടെ നാം എതിർക്കേണ്ട സമയമാണെന്നുമാത്രം ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ടും ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായം അഭ്യർത്ഥിച്ചുകൊണ്ടും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തിന്റെ ഉള്ളടക്കത്തോടും ശ്രീ. വി. ജോയി ചർച്ചയിലൂടെ മുന്നോട്ടുവച്ച ക്രിയാത്മകമായ നിർദ്ദേശങ്ങളോടും അതിന്റെ സ്പിരിറ്റിനോടും ഞാൻ യോജിക്കുന്നു. ഇതിലുപരി കുറേക്കൂടി സമഗ്രമായ രൂപത്തിൽ ഈ പ്രശ്നത്തെ സമീപിച്ച് നിയമപരവും ജനാധിപത്യപരവുമായ ഉള്ളടക്കത്തോടുകൂടി ഇതിനെ നേരിടേണ്ടതായിട്ടുണ്ട്. അതുകൊണ്ട് സർവ്വകക്ഷി യോഗം വിളിക്കുന്നതിനും ഈ പ്രശ്നത്തെ നിയമപരമായി നേരിടുന്നതിനുള്ള നീക്കങ്ങൾ നടത്തുന്നതിനുമെല്ലാം ഗവൺമെന്റ് സമഗ്രമായ രൂപത്തിൽ മുന്നോട്ടു വരാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ പ്രമേയത്തിന്റെ ഇന്നത്തെ അവതരണവും അതോടൊപ്പം അതിൽവന്ന നിർദ്ദേശങ്ങളുമുൾപ്പെടെ അംഗീകരിക്കേണ്ടതില്ലെന്ന ആമുഖത്തോടെ ചില വിഷയങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

സംസ്ഥാനത്തെ സഹകരണ മേഖല കേവലം പണമിടപാട് സ്ഥാപനമെന്നതിലുപരി സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തെ നയിക്കാനുതകുന്ന തരത്തിൽ സമഗ്ര മേഖലയിലും വ്യാപിച്ചുകിടക്കുന്ന ഒരു പ്രസ്ഥാനമാണ്. ഇതിന് വിപുലമായ ജനകീയാടിത്തറയും ജനാധിപത്യപരമായ

ഉള്ളടക്കവുമുണ്ട്. സംസ്ഥാനത്തെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം, ഗ്രാമീണ മേഖലയെ ബ്ലേഡ് പലിശക്കാരിൽനിന്ന് രക്ഷിക്കുന്ന നിലയിലേയ്ക്കുള്ള 'മുറ്റത്തെ മുല്ല' ലഘു ഗ്രാമീണ വായ്പാ പദ്ധതി, പ്രളയബാധിതർക്ക് സൗജന്യമായി ഭവനം നിർമ്മിച്ച് നൽകുന്ന 'കെയർ ഹോം' പദ്ധതി, ഓൺലൈൻ പഠനത്തിന് പാവപ്പെട്ട കുട്ടികൾക്ക് ഫോൺ ലഭ്യമാക്കുന്നതിനുള്ള പലിശരഹിത വായ്പാ പദ്ധതിയായ 'വിദ്യാ തരംഗിണി' തുടങ്ങി അനവധി സാമൂഹ്യസേവനങ്ങളിൽ സഹകരണ പ്രസ്ഥാനം അതിന്റെ വ്യക്തമായ കയ്യൊപ്പുചാർത്തി മുന്നോട്ടുനീങ്ങുകയാണ്. എന്നാൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ നിയമഭേദഗതികൾ സംസ്ഥാന സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് 1-ലെ എൻട്രി നമ്പർ 45-ൽ ബാങ്കിംഗ് ഒരു യൂണിയൻ വിഷയമാണ്. അതുപോലെ ഏഴാം പട്ടികയിലെ ലിസ്റ്റ് 2-ലെ എൻട്രി നമ്പർ 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. സംസ്ഥാന സഹകരണ ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളും ബാങ്കിംഗ് ബിസിനസ് നടത്തുന്നതിൽ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ വരുത്തുന്ന ഭേദഗതി നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. സെക്ഷൻ 3-ൽ വരുത്തിയ ഭേദഗതി സംസ്ഥാനത്തെ പ്രാഥമിക വായ്പാ സംഘങ്ങൾക്ക് ബാധകമല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ ബാങ്ക്, ബാങ്കിംഗ് എന്നീ പേരുകൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർക്കുന്നതിന് വിലക്കുണ്ട്. തന്മൂലം ഇപ്പോൾ അവർ നൽകിവരുന്ന ചെക്കുപോലെയുള്ള സൗകര്യങ്ങൾ നമുക്ക് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാതെ വരും. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം സഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ.-യുടെ അനുമതി വാങ്ങിയശേഷം പബ്ലിക് ഇഷ്യൂസ്, പ്രൈവറ്റ് പ്ലേസ്മെന്റ്, പ്രിഫറൻസ് ഷെയർ ഇഷ്യൂ എന്നിവ നടത്താവുന്നതാണ്. മാത്രമല്ല അംഗത്വം സറണ്ടർ ചെയ്യാനും കഴിയില്ല. സെക്ഷൻ 36AA-യിലെ ഭേദഗതിയിലൂടെ ഭരണസമിതിക്കെതിരെ നടപടി സ്വീകരിക്കാൻ ആർ.ബി.ഐ.-യ്ക്ക് അധികാരം ലഭിക്കുന്നുണ്ട്. സെക്ഷൻ 56-ലെ ഭേദഗതിയിലൂടെ ബാങ്കിന്റെ ബൈലാ റദ്ദാക്കാൻ ആർ.ബി.ഐ.-യ്ക്ക് അനുവാദം ലഭിക്കുന്നു. കൂടാതെ Banking Regulation Act-ലെ സെക്ഷൻ 10, 20, 24, 45A എന്നിവയിലെ ഭേദഗതികൾ സഹകരണ മേഖലയിൽ ആർ.ബി.ഐ.-യുടെ ഇടപെടൽ അരക്കിട്ടുറപ്പിക്കുന്നതാണ്. കേന്ദ്ര സർക്കാർ ഇൻകം ടാക്സ് നിയമത്തിൽ വരുത്തിയ 94M ഭേദഗതിയിൽ സഹകരണ സ്ഥാപനങ്ങൾക്ക് ഇൻകം ടാക്സ് നോട്ടീസ് നൽകുന്നത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് വിഘാതം

സൃഷ്ടിക്കുന്നു. 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ 9B - The Co-operative Societies എന്ന ഭേദഗതി സുപ്രീംകോടതി ഭാഗീകമായി റദ്ദാക്കിയെങ്കിലും ടി ഭേദഗതിയിലെ വ്യവസ്ഥകൾ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ബാധകമാണെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. തന്മൂലം ടി വ്യവസ്ഥകൾക്ക് വിധേയമായി കൂടുതൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാനത്ത് വരുന്ന സാഹചര്യമുണ്ടാകും. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതുമൂലം സഹകരണസംഘം നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥയുണ്ടാകും. സംസ്ഥാനത്തെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി ഗവൺമെന്റ് ഇതിനകം ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2013-ലെ നിയമ ഭേദഗതിയിലൂടെ ഭരണഘടന 9-ൽ ഉൾപ്പെടുത്തിയ വ്യവസ്ഥകൾ സംസ്ഥാന സഹകരണ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. സഹകരണ പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ എല്ലാവിധ നടപടികളും ഗവൺമെന്റ് സ്വീകരിക്കുകയും സർവ്വകക്ഷിയോഗം വിളിച്ച് നിയമപരവും ജനാധിപത്യപരവുമായി ഈ പ്രശ്നത്തെ നേരിടുന്നതിന് ഗവൺമെന്റ് സമഗ്രമായി ഇടപെടുന്നതാണ്. അതുകൊണ്ട് ഈ പ്രമേയം പ്രസ് ചെയ്യേണ്ടതില്ലെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് മാസം 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.50-ന് പിരിഞ്ഞു.)

# അനുബന്ധം

നക്ഷത്രചിഹ്നമിട്ട 1(182)-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവിന്റെ ഉത്തരത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി അനുബന്ധമായി നൽകിയ മറുപടി

1. സാമൂഹ്യപഠനമുറി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി.

2. ഗോത്രബന്ധു

സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു.

3. സമഗ്ര ആദിവാസി സാക്ഷരത പദ്ധതി

4. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

5. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

6. സ്കോളർഷിപ്പുകൾ / ഗ്രാന്റുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു.

7. കേന്ദ്രാവിഷ്കൃത പദ്ധതി- കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഗ്രാന്റ് എന്നീ ഇനങ്ങളിൽ ധനസഹായം നൽകിവരുന്നു.

8. പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം

9. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി.

10. ലാപ്ടോപ്പ് വിതരണം

11. വിദേശപഠനത്തിനുള്ള ധനസഹായം

12. നൈപുണ്യ വികസന പദ്ധതി

13. കരിയർ ഗൈഡൻസ് ജോബ് ഫെയർ

14. സെന്റർ ഫോർ സ്കിൽ എക്സലൻസ് (തിരുവനന്തപുരം) എന്ന സ്ഥാപനം മുഖേന പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഇൻഫർമേഷൻ ടെക്നോളജിയിൽ തൊഴിൽ പരിശീലനം നൽകിവരുന്നു.

സംസ്ഥാനത്തെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മികച്ച ആധുനിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
- MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം.
- മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം.
- ലാപ്ടോപ്പിനായുള്ള ധനസഹായം.
- ബുക്ക് ബാങ്ക് പദ്ധതി.
- വിദേശത്തും ഇതര സംസ്ഥാനങ്ങളിലും പഠിക്കുന്നവർക്കുള്ള പഠന സഹായം.
- മെഡിക്കൽ/എഞ്ചിനീയറിംഗ്/സിവിൽ സർവ്വീസ് എൻട്രൻസ് കോച്ചിംഗിനുള്ള സൗജന്യപരിശീലനം/ധനസഹായം.
- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻസ് ട്രെയിനിംഗ് സൊസൈറ്റിയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ജേർണലിസം ഡിപ്ലോമ കോഴ്സ് നടത്തിവരുന്നു.
- സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നതിനായി 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
- മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രാരംഭ പരീക്ഷയിലെ ആദ്യ റാങ്ക് ജേതാക്കൾക്കുള്ള സ്വർണ്ണ മെഡൽ.
- സ്വാശ്രയ സ്ഥാപനത്തിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം.